# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 6, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 188 - നമ്പർ 6

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 6, ബുധൻ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരം

**II ധനകാര്യം**

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള
ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള
ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന XV – പൊതുമരാമത്ത് ...

ധനാഭ്യർത്ഥന XL – തുറമുഖങ്ങൾ ...

ധനാഭ്യർത്ഥന XLII – വിനോദസഞ്ചാരം ...

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 06, ബുധൻ

---

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 6

---

നിയമസഭ 2022 ജൂലൈ മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരം**

<u>മി. സ്പീക്കർ</u>: ഓർഡർ....ഓർഡർ... ചോദ്യം നമ്പർ (*151)

(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) ഭരണഘടനയെ അവഹേളിച്ചുവെന്നാരോപിച്ച് രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചോദ്യോത്തരവേള ആരംഭിച്ചയുടൻ പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തി അവരവരുടെ സീറ്റുകളിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. ഡി. സതീശൻ)</u>: സർ, ഭരണഘടനാലംഘനം നടത്തിയ ഒരു മന്ത്രി, സഭയിലുള്ള സാഹചര്യത്തിൽ ഞങ്ങൾ നൽകിയിട്ടുള്ള റൂൾ 50 അനുസരിച്ചുള്ള നോട്ടീസ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ:</u> സാധാരണ നടപടിക്രമപ്രകാരം ചോദ്യോത്തരവേളയ്ക്കുശേഷമാണല്ലോ റൂൾ 50 അനുസരിച്ചുള്ള നോട്ടീസ് പരിഗണിക്കാറുള്ളത്. സഭാനടപടികൾ തടസ്സപ്പെടുത്തരുത്. ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങ് ചോദ്യം ഉന്നയിക്കുന്നുണ്ടോ? ബഹുമാനപ്പെട്ട ആരോഗ്യ-

വനിത-ശിശുവികസന വകുപ്പുമന്ത്രി.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം ചോദ്യം ഉന്നയിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതിനുശേഷമാണ് ബഹുമാനപ്പെട്ട അംഗം ചോദ്യം ഉന്നയിക്കുന്നത്.

(ബഹുമാന്യരായ അംഗങ്ങൾ ചോദ്യം ഉന്നയിക്കാത്തതിനാൽ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

ചോദ്യം നമ്പർ (*152) ഡോ. മാത്യു കുഴൽനാടൻ, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. എ. പി. അനിൽ കുമാർ ചോദ്യം ഉന്നയിക്കുന്നുണ്ടോ?

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പി. ഉബൈദുള്ള, ശ്രീ. അബ്ദുൽ ഹമീദ് പി., ശ്രീ. ടി. വി. ഇബ്രാഹിം ചോദ്യം ഉന്നയിക്കുന്നുണ്ടോ?

പ്രതിപക്ഷാംഗങ്ങൾ സീറ്റിലിരിക്കണം, സഭാനടപടികളുമായി സഹകരിക്കണം. .....(ബഹളം).....

(ബഹുമാന്യരായ അംഗങ്ങൾ ചോദ്യം ഉന്നയിക്കാത്തതിനാൽ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

ചോദ്യം നമ്പർ (*153), ശ്രീ. പി. പി. സുമോദ്.......

സംസ്ഥാനത്തിന് പൊതുജനാരോഗ്യ രംഗത്ത് ദേശീയ പുരസ്കാരം

(*153) ശ്രീ. പി. പി. സുമോദ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാമാരിയുടെ പ്രതിസന്ധിയെ അതിജീവിക്കാൻ ഏർപ്പെടുത്തിയ സുശക്തമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ടോ;

(ബി) രാജ്യത്ത് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയ ഏറ്റവും കൂടുതൽ ആശുപത്രികളുള്ള സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ എത്ര ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ബാക്കിയുള്ള ആശുപത്രികളെക്കൂടി എൻ.ക്യു.എ.എസ്. നിലവാരത്തിലെത്തിക്കുന്നതിന് നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) തീർച്ചയായും സഹായകരമായിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ കോവിഡ് രോഗബാധ കേരളത്തിൽ റിപ്പോർട്ട് ചെയ്ത നാൾമുതൽ (2020 ജനുവരി 30) കേരളത്തിലെ ആരോഗ്യ സംവിധാനം കാര്യക്ഷമമായ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗിയുമായി സമ്പർക്കത്തിൽ വന്നിട്ടുള്ള എല്ലാവരെയും പരിശോധനയ്ക്ക് വിധേയരാക്കുകയും രോഗബാധ സ്ഥിരീകരിച്ചവർക്ക് ശരിയായ ചികിത്സ ഉറപ്പാക്കുകയും ചെയ്തിരുന്നു. .....(ബഹളം)..... ഇവരുമായി സമ്പർക്കത്തിലേർപ്പെട്ട എല്ലാവരെയും യഥാസമയം കണ്ടെത്തി നിരീക്ഷണത്തിൽ വയ്ക്കുകയും രോഗലക്ഷണങ്ങൾ പ്രകടമായവരെ പരിശോധിച്ച് ചികിത്സ ഉറപ്പാക്കുകയും ചെയ്തിരുന്നു. ഇതിനാവശ്യമായ പരിശോധനാ സംവിധാനവും ചികിത്സാ സംവിധാനവും കേരളത്തിൽ തുടക്കംമുതൽതന്നെ ഉറപ്പാക്കിയിരുന്നു. ആരോഗ്യപ്രവർത്തകർക്ക്

ആവശ്യമായ വിവിധ പരിശീലനങ്ങളും എല്ലാ തലങ്ങളിലും ഊർജ്ജിതമായിത്തന്നെ നടപ്പിലാക്കിയിരുന്നു. .....(ബഹളം)..... +

<u>മി. സ്പീക്കർ</u>: ബഹുമാന്യരായ അംഗങ്ങൾ സീറ്റിലിരിക്കണം..... (ബഹളം)..... സഭയിൽ നടപടിക്രമം പാലിക്കണം. പ്ലക്കാർഡുകൾ ഉയർത്തിപ്പിടിക്കുന്നത് സഭാചട്ടങ്ങൾക്കെതിരാണ്. സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസകരമായ സാഹചര്യത്തിൽ ചോദ്യോത്തരവേളയുടെ ബാക്കിഭാഗവും ശൂന്യവേളയും റദ്ദാക്കുന്നു. മറ്റു നടപടികളിലേയ്ക്ക് കടക്കുന്നു. .....(ബഹളം).....+

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ വന്നുനിന്ന് പ്ലക്കാർഡുകൾ ഉയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിയതിനെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ മറ്റു നടപടികളിലേയ്ക്ക് കടന്നു. പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ഭരണപക്ഷാംഗങ്ങൾ നടുത്തളത്തിന് സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

## 9.05 a.m.

## II ധനകാര്യം

\+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർക്കുന്നു.

\+ ചോദ്യോത്തരവേളയും ശൂന്യവേളയും റദ്ദ് ചെയ്തതുകൊണ്ട് അവശേഷിക്കുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. .....(ബഹളം).....

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-2023 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XV | പൊതുമരാമത്ത് | 1257,43,94,000 | 831,30,39,000 | 2514,87,89,000 | 1662,60,77,000 | 4177,48,66,000 |
| XL | തുറമുഖങ്ങൾ | 20,49,84,000 | 23,07,66,000 | 40,99,67,000 | 46,15,34,000 | 87,15,01,000 |
| XLII | വിനോദസഞ്ചാരം | 81,05,26,000 | 61,89,33,000 | 162,10,52,000 | 123,78,68,000 | 285,89,20,000 |

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾക്ക് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ അവതരിപ്പിച്ചില്ല.)

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.07-ന് പിരിഞ്ഞു.)

**അനുബന്ധം**

<u>നക്ഷത്രചിഹ്നമിട്ട 153-ാം നമ്പർ ചോദ്യത്തിന്റെ 'എ' മുതൽ 'സി' വരെയുള്ള പിരിവുകൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ ഉത്തരങ്ങൾ</u>

(എ) (തുടർച്ച).... പ്രാഥമികാരോഗ്യ തലത്തിൽ വാർഡുതല സംവിധാനങ്ങൾ ശക്തമാക്കി വാർഡ് മെമ്പർ ചെയർപേഴ്സണായും JPHN, JHI കൺവീനർമാരായും ആശാപ്രവർത്തകരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ ഊർജ്ജിതമാക്കിയ സംവിധാനം കോവിഡിന്റെ പ്രതിരോധ പ്രവർത്തനത്തെ ശക്തിപ്പെടുത്തുകയുണ്ടായിട്ടുണ്ട്. കോവിഡ് രോഗികൾക്ക് ചികിത്സയ്ക്കായി രോഗലക്ഷണങ്ങൾക്കനുസരിച്ച് ഡി.സി.സി-കൾ, സി.എഫ്.എൽ.റ്റി.സി-കൾ, സി.എസ്.എൽ.റ്റി.സി-കൾ, കോവിഡ് ആശുപത്രികൾ എന്നിങ്ങനെ ചികിത്സാ കേന്ദ്രങ്ങൾ ക്രമീകരിച്ചു. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്കാവശ്യമായ ബോധവത്കരണ സന്ദേശങ്ങളും ബോധവത്കരണ ക്യാമ്പയിനുകളും നടപ്പിലാക്കിയതുവഴി കേരളത്തിലെ രോഗാതുരതയും മരണവും ഒരു പരിധിവരെ കുറയ്ക്കാനായിട്ടുണ്ട്. രോഗീപരിചരണ രംഗത്ത് ആശുപത്രികളിൽ ഓക്സിജൻ സൗകര്യങ്ങളും തീവ്രപരിചരണ സംവിധാനങ്ങളും വെന്റിലേറ്ററുകളും ഉൾപ്പെടെ കോവിഡ്

മഹാമാരിയെ അതിജീവിക്കുവാൻ വളരെയധികം സൗകര്യങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. പൊതു-സ്വകാര്യ മേഖലയിലെ നിർദ്ദിഷ്ട ലാബുകളിൽ സാമ്പിൾ പരിശോധനാ സൗകര്യങ്ങൾ സജ്ജീകരിച്ചു. കോവിഡ് വാക്സിനേഷൻ 2021 ജനുവരി മാസം മുതൽതന്നെ കാര്യക്ഷമമായി നടപ്പിലാക്കുകയുണ്ടായി. രോഗബാധിതർക്കും അവരുടെ ബന്ധുക്കൾക്കും ആവശ്യമായ മാനസിക പിന്തുണയും ഉറപ്പാക്കിയിരുന്നു. ദിശയുടെ കാൾ സെന്ററുകളും സംശയ നിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുകയുണ്ടായി. കൂടാതെ പ്രകടമായ രോഗലക്ഷണങ്ങൾ ഇല്ലാത്തവരെയും ചെറിയ രീതിയിൽ രോഗലക്ഷണങ്ങൾ ഉള്ളവരെയും വീടുകളിൽത്തന്നെ നിരീക്ഷിച്ച് ചികിത്സിക്കുവാനും സാധിച്ചിരുന്നു. ഇതിനായി വിവിധ സ്പെഷ്യലിസ്റ്റുകളുടെ സേവനം ടെലിമെഡിസിൻ സംവിധാനം വഴി എല്ലാ ജില്ലകളിലും ഉറപ്പാക്കിയിരുന്നു. കോവിഡിന്റെ മൂന്ന് ഘട്ടങ്ങളിൽ ഒരു ഘട്ടത്തിൽപോലും കേരളത്തിലെ ചികിത്സാ സംവിധാനം സമ്മർദ്ദത്തിലായിട്ടില്ല എന്നുള്ളത് ശ്രദ്ധേയമാണ്. ഇപ്രകാരം കോവിഡ് മഹാമാരിയെ പ്രതിരോധിക്കാൻ സംസ്ഥാനത്ത് നടപ്പിലാക്കിയ വിപുലമായ ആരോഗ്യ പരിപാലന സംവിധാനംമൂലം കോവിഡ് മാത്രമല്ല നിപപോലുള്ള മാരകമായ പല പകർച്ചവ്യാധികളെയും പ്രകൃതി ദുരന്തങ്ങൾമൂലമുണ്ടാകുന്ന

പ്രതിസന്ധികളെയും യഥാവിധി തരണം ചെയ്യാൻ കേരളത്തിന്റെ ആരോഗ്യ സംവിധാനം സുശക്തമാണ്.

(ബി) ലോക രോഗീസുരക്ഷാ ദിനത്തിന്റെ (International Patient Safety Day, 17th സെപ്റ്റംബർ 2021) ഭാഗമായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച 'രോഗീ സുരക്ഷാ സപ്താഹ് വാരാഘോഷത്തിന്റെ ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ ആശുപത്രികളുള്ള സംസ്ഥാനങ്ങൾക്കുള്ള പുരസ്കാരം പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹമായി. ദേശീയ തലത്തിൽ എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ കേരളം ഒന്നാം സ്ഥാനത്തിന് അർഹമായി. എൻ.ക്യു.എ.എസ് അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിലും കേരളത്തിന് അംഗീകാരം ലഭിച്ചു. കേരളത്തിലെ 145 സർക്കാർ ആശുപത്രികൾക്ക് ഇതുവരെ എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചു. അതിൽ 4 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 8 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 38 നഗര

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 91 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര ആരോഗ്യ മന്ത്രാലയം ആരോഗ്യമേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി രാജ്യത്തെ എല്ലാ സർക്കാർ ആശുപത്രികളുടെയും നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അഥവാ എൻ.ക്യൂ.എ.എസ്. അന്തർദ്ദേശീയ നിലവാര നിർണ്ണയ ഏജൻസിയായ ISQua (The International Society for Quality in Health Care)-യുടെ അംഗീകാരമുള്ള പുരസ്കാരമാണ് എൻ.ക്യൂ.എ.എസ്. സർവീസ് പ്രൊവിഷൻ, പേഷ്യന്റ് റൈറ്റ്, ഇൻപുട്സ്, സപ്പോർട്ട് സർവീസസ്, ക്ലിനിക്കൽ കെയർ, ഇൻഫെക്ഷൻ കൺട്രോൾ, ക്വാളിറ്റി മാനേജ്മെന്റ്, ഔട്ട്കം എന്നീ 8 വിഭാഗങ്ങളായി ആറായിരത്തി അഞ്ഞൂറോളം സൂചകങ്ങൾ വിലയിരുത്തിയാണ് എൻ.ക്യൂ.എ.എസ്. അംഗീകാരം നൽകുന്നത്. സംസ്ഥാനത്ത് നടത്തിവരുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിക്കൊണ്ടിരിക്കുകയാണ്. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും എൻ.ക്യൂ.എ.എസ്. അംഗീകാരം നേടിയെടുക്കുകയാണ്

സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 276 സർക്കാർ ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരം നേടുകയെന്ന ലക്ഷ്യത്തോടെയാണ് ആരോഗ്യ വകുപ്പ് പ്രവർത്തിച്ചുവരുന്നത്.

**അനുബന്ധം**

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പി.പി.ഇ. കിറ്റ് വാങ്ങിയ നടപടി

2(*151) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നടത്തിയ കോവിഡ്കാല പർച്ചേസുകൾക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം സർക്കാരിന്റെ അംഗീകാരം ആവശ്യമായിരുന്നോ എന്ന് വ്യക്തമാക്കാമോ?

രാജ്യവ്യാപകമായി Notified Disaster ആയി കോവിഡ് മഹാമാരിയെ പ്രഖ്യാപിച്ച അടിയന്തര സാഹചര്യത്തിൽ, കോവിഡ് അതിവ്യാപന സാധ്യത മുന്നിൽ കണ്ട് ചീഫ് സെക്രട്ടറി ചെയർമാനായ സ്റ്റേറ്റ് ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ 28.03.2020-ലെ യോഗതീരുമാനം, 04.04.2020-ലെ സ.ഉ(സാധാ)നം. 09/2020/എസ്.പി.ഡി.,

12.06.2020-ലെ സ.ഉ(സാധാ)നം. 12/2020/എസ്.പി.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കെ.എം.എസ്.സി.എൽ., നടത്തിയ കോവിഡ്കാല പർച്ചേസുകൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളിലുള്ള ഇളവുകൾ പ്രകാരമായിരുന്നു.

(ബി) കോവിഡ് കാലത്ത് ഉയർന്ന നിരക്കിൽ സാൻ ഫാർമ എന്ന സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങിയതിന് മുഖ്യമന്ത്രിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ;

&

(സി) സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കാനായി മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സമർപ്പിച്ച നോട്ട് ഫയലിൽ പി.പി.ഇ. കിറ്റിന്റെ വിലയിൽ വലിയ അന്തരം ഉണ്ടായിട്ടും ഇത് പരിശോധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

കോവിഡ് വ്യാപനം രൂക്ഷമാകുമെന്ന് വിലയിരുത്തി കോവിഡ് പ്രതിരോധ സാമഗ്രികൾ സംഭരിക്കുന്നതുൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ അനിവാര്യമായിരുന്നു. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള

പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുവാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ടി വിഷയം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് പരിശോധിക്കുകയും ആവശ്യമെങ്കിൽ അമ്പത് ശതമാനം മുൻകൂർതുക നൽകി ഒരേ സമയം വിവിധ വിതരണക്കാരിൽനിന്ന് സംഭരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ. കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ. കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 2 മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് കെ.എം.എസ്.സി.എൽ-നെ ചുമതലപ്പെടുത്തുകയും ചെയ്തു. കോവിഡ് രൂക്ഷമായ ഘട്ടത്തിൽ കെ.എം.എസ്.സി.എൽ. സംഭരിച്ച കോവിഡ് പ്രതിരോധ സാമഗ്രികളുടെ സംഭരണ നടപടി സർക്കാർ സാധൂകരിച്ച് നൽകിയിട്ടുള്ളതാണ്.

## <u>സിൽവർ ലൈൻ പദ്ധതി</u>

3(*152)<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. അബ്ദുൽ ഹമീദ് പി:</u>

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതി ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച നയം വ്യക്തമാക്കാമോ; സാമൂഹിക, പാരിസ്ഥിതികാഘാത പഠനങ്ങളോ വ്യക്തമായ പദ്ധതി രേഖയോ നിയമപരമായി പാലിക്കേണ്ട നടപടിക്രമങ്ങളോ ഇല്ലാതെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പാക്കാനുള്ള നീക്കം പുന:പരിശോധിക്കുമോ?

ഇല്ല. സിൽവർലൈൻ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിഗണനയ്ക്കും സർപ്പിച്ചിരുന്നു. തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുവാൻ സാധിക്കുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഏറ്റെടുക്കൽ നടപടിക്രമങ്ങൾ തുടങ്ങുന്നതിനും വേഗത്തിലാക്കുന്നതിനും ബഹു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ 15.01.2022-ലെ കത്തും ലഭിച്ചിരുന്നു. ഇതനുസരിച്ച്

സാമൂഹികാഘാത പഠനം ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് പദ്ധതിക്കായി നടത്തിയ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് കെ-റെയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തിവരികയാണ്. സാമൂഹികാഘാത പഠനം പുരോഗമിച്ചുവരുന്നു.

(ബി) കെ-റെയിൽ അധികൃതർ സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; പദ്ധതിക്കായി ഏതെങ്കിലും ഏജൻസികളിൽ നിന്നോ മറ്റോ വായ്പകൾ സ്വീകരിച്ചിട്ടുണ്ടോ?

സിൽവർലൈൻ പദ്ധതിയുടെ ഡി.പി.ആർ. കെ.ആർ.ഡി.സി.എൽ-ന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗീകരിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരിക. ഡി.പി.ആർ. പ്രകാരം ബഹുമുഖ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് 33,700 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി എ.ഡി.ബി., ജൈക്ക,

എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യൂ. എന്നിവരെ കേന്ദ്ര ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് വഴി സമീപിക്കുകയും വിശദ പദ്ധതി റിപ്പോർട്ട് നീതി ആയോഗിനൽപ്പെടെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടുള്ളതായി പറയപ്പെടുന്ന ജനങ്ങളുടെ ആശങ്കയകറ്റാൻ സർക്കാർ തയ്യാറാകുമോ?

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉയർന്ന നഷ്ടപരിഹാരം ഉറപ്പാക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന എല്ലാവിധ സംശയങ്ങളും ദൂരീകരിക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ ജനസമക്ഷം പരിപാടി സംഘടിപ്പിച്ചിരുന്നു. പദ്ധതിയെക്കുറിച്ചുയർന്ന സംശയങ്ങൾക്ക് വ്യക്തമായ മറുപടി പരിപാടിയിൽ നൽകുകയുണ്ടായി. അതുകൂടാതെ സംവാദം എന്ന പേരിൽ പദ്ധതിയുടെ സാങ്കേതിക വിശദാംശങ്ങൾ പൊതുജനങ്ങൾക്കായി ചർച്ച ചെയ്യുകയുണ്ടായി. ജനസമക്ഷം പരിപാടിയുടെ തുടർച്ചയായി സാമൂഹ്യ മാധ്യമങ്ങളിൽക്കൂടി ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ ഓൺലൈൻ-ജനസമക്ഷം എന്ന പരിപാടി കെ-റെയിൽ ഇപ്പോൾ നടത്തി വരികയാണ്. എം.എൽ.എ-മാർക്ക് പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് കെ-റെയിൽ

പ്രസന്റേഷനും നടത്തിയിട്ടുണ്ട്. ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് ജനപിന്തുണയോടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## നവകേരളം കർമ്മ പദ്ധതി

4(*154) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഐ. ബി. സതീഷ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി സമഗ്ര സാമൂഹിക വികസനം ലക്ഷ്യമാക്കി കഴിഞ്ഞ സർക്കാർ ആവിഷ്ക്കരിച്ച് പ്രാവർത്തികമാക്കിയ നാല് വികസന മിഷനുകൾ ഏകോപിപ്പിച്ച് വിപുലീകൃത രീതിയിൽ നവകേരളം കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ കർമ്മ പദ്ധതിയുടെ മുൻഗണന മേഖലകൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, കേരള പുനർനിർമ്മാണ പദ്ധതി എന്നിവ ഉൾപ്പെടുത്തിയാണ്

നവകേരളം കർമ്മപദ്ധതി-II-ന് രൂപം നൽകിയിട്ടുള്ളത്. ഈ കർമ്മപദ്ധതിയുടെ മുൻഗണനാ മേഖലകൾ താഴെപ്പറയുന്നവയാണ്:

*ഭവനരഹിതരായ കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള വീടുകൾ നൽകാനും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലക്ഷ്യമിടുന്ന ലൈഫ് മിഷൻ.

*ജനസൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വികസിപ്പിച്ച് സമകാലിക ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്ത്രീകളുടെയും പ്രായാധിക്യമുള്ളവരുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ലക്ഷ്യമിടുന്ന ആർദ്രം മിഷൻ.

*ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുകയും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ള വിദ്യാകിരണം.

*ശുചിത്വം-മാലിന്യ സംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം, മാലിന്യമുക്ത പരിസ്ഥിതി ഉറപ്പാക്കുക തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള ഹരിത കേരളം മിഷൻ.

*ആർ.കെ.ഐ.-ദുരന്താഘാത പ്രതിരോധ ശേഷിക്കുള്ള പശ്ചാത്തല സൗകര്യമൊരുക്കലാണ് ലക്ഷ്യമിടുന്നത്.

(സി) നവകേരളം കർമ്മ പദ്ധതി II-ന്റെ മാർഗ്ഗരേഖ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

11.02.2022-ലെ സ.ഉ.(അച്ചടി) നം. 1/2022/പി.ഐ.ഇ. & എം.ഡി ഉത്തരവ് അനുസരിച്ച് നവകേരളം കർമ്മപദ്ധതി-II-ന്റെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. നാല് വികസന മിഷനുകളുടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും നിലവിലുള്ള പ്രവർത്തനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ മിഷനുകളുടെ പ്രവർത്തനങ്ങൾക്ക് തുടർച്ച സൃഷ്ടിക്കുന്നതിനും സഹായകരമായ രീതിയിലുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളാണ് മാർഗ്ഗരേഖയിലുള്ളത്. മിഷനുകളുടെ പ്രവർത്തന

സമീപനം, പൊതു ലക്ഷ്യങ്ങൾ, സംയോജന സാദ്ധ്യതകൾ, ക്യാമ്പയിനുകൾ, മോണിറ്ററിംഗ് സംവിധാനം എന്നിവ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് ഏകോപിത രൂപം നൽകാൻ സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

നവകേരളം കർമ്മപദ്ധതി II-ന്റെ പ്രവർത്തനങ്ങൾക്കായി 87 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 3.9.2021-ലെ നവകേരളം കർമ്മപദ്ധതി II-ന്റെ കോ-ഓർഡിനേറ്ററായി ഡോ. ടി. എൻ. സീമയെ നിയമിച്ചിട്ടുണ്ട്. കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ഏകീകൃത സംവിധാനം പ്രവർത്തിച്ചു വരുന്നു.

## സിൽവർ ലൈൻ പദ്ധതി

5(*155) ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ സിൽവർ ലൈൻ പദ്ധതിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുമെന്ന മുൻ നിലപാടിൽനിന്നും സർക്കാർ പിന്നോട്ട് പോയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) ഡി.പി.ആർ. സമർപ്പിച്ച് രണ്ട് വർഷം പിന്നിടുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുമതി വേഗത്തിലാക്കണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറി റെയിൽവെ ബോർഡ് ചെയർമാന് കത്തെഴുതിയിരുന്നോ; എങ്കിൽ പ്രസ്തുത കത്തിന് കേന്ദ്ര സർക്കാർ മറുപടി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പദ്ധതിക്കുള്ള അനുമതി വേഗത്തിലാക്കണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാന് 2.6.2022-ന് കത്തെഴുതിയിരുന്നു. ആയതിന് റെയിൽവെ ബോർഡിൽനിന്നും ഇതുവരെ മറുപടി ലഭ്യമായിട്ടില്ല.

## കൈക്കൂലിയും അഴിമതിയും ഇല്ലാതാക്കാൻ നടപടി

6(*156)ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിലുണ്ടെങ്കിലും അർഹതപ്പെട്ട സേവനം ലഭിക്കുന്നതിന് പൊതുജനങ്ങൾ പലപ്പോഴും കൈക്കൂലി കൊടുക്കേണ്ടി വരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനും അഴിമതി കുറയ്ക്കുന്നതിനുമായി സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലെയും സേവനങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അതേ സമയം സർക്കാർ സേവനം ലഭ്യമാക്കുന്നതിനായി പൊതുജനങ്ങളിൽനിന്നും കൈക്കൂലി ആവശ്യപ്പെടുന്നത് സംബന്ധിച്ച് പരാതികൾ ലഭ്യമായാൽ അവയുടെ സ്വഭാവമനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രഹസ്യാന്വേഷണം/സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും തെളിവുകളുടെ

അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. പൊതുരംഗത്തെ അഴിമതിയോട് സർക്കാരിന് പൂർണ്ണ അക്ഷമ പുലർത്തുന്ന സമീപനമാണുള്ളത്.

(ബി) കൈക്കൂലി വാങ്ങുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമല്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഇല്ല. അഴിമതിയും കൈക്കൂലിയും തടയുന്നതിന് വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അഴിമതിയെ പ്രതിരോധിക്കുന്നതിനാവശ്യമായ പരിശീലനം കാലാകാലങ്ങളിൽ നൽകിവരുന്നു. കുറ്റാരോപിതർക്കെതിരെയുള്ള പ്രോസിക്യൂഷൻ നടപടികൾ വേഗത്തിലാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) കൈക്കൂലിയും അഴിമതിയും പൂർണ്ണമായി ഇല്ലാതാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഇന്ത്യയിൽ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. എന്നാൽ എല്ലാ തലത്തിലുമുള്ള അഴിമതികളും ഇല്ലാതാക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അഴിമതിരഹിത ഭരണസംവിധാനം കൊണ്ടുവരുന്നതിനായി സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. അഴിമതി ഇല്ലാതാക്കുന്നതിനായി സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാക്കാനും നടപടിക്രമങ്ങൾ ലഘൂകരിക്കാൻ പല സർട്ടിഫിക്കറ്റുകൾ ഒഴിവാക്കാനും നടപടിയായിട്ടുണ്ട്. സേവനങ്ങൾ മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്ന എം-സേവന പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. സേവനങ്ങൾക്കായി പൊതുജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടേയും പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം നടപ്പാക്കിവരികയാണ്. ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ മുൻനിർത്തി ചട്ടപരിഷ്കരണത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

അഴിമതിരഹിത സദ്ഭരണം ഉറപ്പുവരുത്തുന്നതിനായി നാലാം ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കി വരികയാണ്. അഴിമതി ഇല്ലാതാക്കുന്നതിന് നിയമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

മദ്യവിരുദ്ധ പ്രചാരണം ശക്തിപ്പെടുത്തൽ

7(*157) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. എം. മണി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബാരോഗ്യ സർവ്വേ പ്രകാരം കേരളത്തിലെ മദ്യപരുടെ എണ്ണം 2015-16 വർഷം മുപ്പത്തിയേഴ് ശതമാനമായിരുന്നത് 2020-21-ൽ ഇരുപത്തിയാറ് ശതമാനമായി കുറഞ്ഞെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ?

2015-16 വർഷം നടത്തിയ ദേശീയ കുടുംബാരോഗ്യ സർവേ പ്രകാരം കേരളത്തിലെ 15-നും 49-നും ഇടയ്ക്ക് പ്രായമുള്ള 1.6% സ്ത്രീകളും 37% പുരുഷന്മാരും മദ്യം ഉപയോഗിക്കുന്നതായി കണ്ടെത്തിയിരുന്നു. 2019-21

വർഷത്തെ ദേശീയ കുടുംബാരോഗ്യ സർവേ പ്രകാരം കേരളത്തിലെ 15-നും 49-നും ഇടയ്ക്ക് പ്രായമുള്ള 26% പുരുഷന്മാരും 0.3% സ്ത്രീകളും മദ്യം കഴിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യ വില്പനയിൽ 2011-16 വരെയുള്ള കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 2016-21 കാലയളവിൽ 112.51 ലക്ഷം കെയ്സുകളുടെ കുറവുണ്ടായെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത വിദേശമദ്യ വില്പനയിൽ 2011-16 വരെയുള്ള കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 2016-21 കാലയളവിൽ 112.51 ലക്ഷം കെയ്സുകളുടെ കുറവ് വന്നിട്ടുണ്ട്.

(സി) മദ്യവിരുദ്ധ പ്രചാരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വീര്യം കൂടിയ മദ്യത്തിന് പകരം കാർഷികോല്പന്നങ്ങളിൽ നിന്നുള്ള വീര്യം കുറഞ്ഞ മദ്യം ലഭ്യമാക്കുന്നതിനും പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

കേരളീയ സമൂഹത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കമരുന്നിന്റെയും പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി

രൂപീകരിച്ച വിമുക്തി മിഷൻ മുഖേന വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് ഉണർവ് നൽകുന്നതിനും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് കൃത്യമായ വിപണിയും ന്യായവിലയും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ധാന്യങ്ങൾ ഒഴികെയുള്ള പഴവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉല്പാദിപ്പിക്കുന്നതിന് ചെറുകിട യൂണിറ്റുകൾക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

8(*158) ശ്രീ. കെ.പി.മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

&

(ബി) പൊതുവിതരണ സംവിധാനത്തിലൂടെ കൂടുതൽ ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളുടെ അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ഗ്രാമീണ മേഖലകളിലെ റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻ കടയിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾക്ക് പുറമേ സ്മാർട്ട് റേഷൻകാർഡുകളുടെ സഹായത്തോടെ 5000 രൂപ വരെയുള്ള ബാങ്കിംഗ് ഇടപാടുകൾ, സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബരി ബ്രാൻഡ് ഉത്പന്നങ്ങൾ,

സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവ റേഷൻകടകളിലൂടെ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. റേഷൻകടകളിലൂടെ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ എത്തിക്കുവാൻ കഴിയുമെന്നതിന് പുറമേ റേഷൻ വ്യാപാരികൾക്ക് അധിക വരുമാനം കണ്ടെത്തുവാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുന്നു. RFP മുഖേന തെരഞ്ഞെടുക്കുന്ന ദേശസാത്കൃത ബാങ്കിന്റെയും ബാങ്കിന് റേഷൻ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തിന്റേയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച ചർച്ചകൾ അന്തിമഘട്ടത്തിലാണ്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയിലേയ്ക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്.

1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട ആയിരിക്കണം.

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ മുന്നോട്ടുവരുന്ന റേഷൻ വ്യാപാരികളെയാണ് പരിഗണിക്കുന്നത്.

3. റേഷൻകടകളുടെ 2 കി.മീ. ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത ഗ്രാമീണ മേഖലയിലെ റേഷൻകടകൾക്ക് മുൻഗണന നൽകും.

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിനുവേണ്ടി സ്വമേധയാ തയ്യാറായി 837 ലൈസൻസികൾ വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടമെന്ന നിലയിൽ എല്ലാ ജില്ലയിൽനിന്നും കുറഞ്ഞത് 5 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കൂടാതെ 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി/വില്പനവിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു.

(സി) പൊതുവിതരണ സംവിധാനത്തിലൂടെ കൂടുതൽ ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ നൽകുന്നതോടൊപ്പം അർഹരായ കൂടുതൽ പേർക്ക് ബി.പി.എൽ. കാർഡുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഓരോ മാസവും വിതരണത്തിനുമുൻപ് എഫ്.സി.ഐ.-യിൽനിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ. അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജിയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം നടത്തുന്നത്. ഗുണനിലവാരം പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കർശനമായ ഗുണനിലവാര പരിശോധനകൾക്കുശേഷം സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി സി.എം.ആർ. അരി, ശബരി ബ്രാൻഡ് സബ്സിഡി ഉത്പന്നങ്ങൾ എന്നിവയും വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് കേന്ദ്രസർക്കാർ നിശ്ചയിച്ച മുൻഗണനാ വിഭാഗത്തിൽ (എ.എ.വൈ+പി.എച്ച്.എച്ച്.) ഉൾപ്പെടുന്നവരുടെ എണ്ണം 15480040 ആണ്. താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ മുൻഗണനാ റേഷൻകാർഡുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ പരിശോധന നടത്തി മുപ്പതോ  അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന അനർഹരായ

കാർഡുടമകളെ കണ്ടെത്തിയും സ്വമേധയാ സറണ്ടർ ചെയ്യുന്നതിലൂടെയും ലഭിക്കുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തി വരുന്നു. കൂടാതെ ഗുരുതരമായ ശാരീരിക-മാനസിക പ്രശ്നമുള്ള അംഗങ്ങൾ ഉൾപ്പെട്ട കുടുംബങ്ങളെ 27.10.2020-ലെ സ.ഉ.(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിനായി "Operation Yellow" എന്ന പരിപാടി ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ടി പരിപാടി നടപ്പിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ വിവരങ്ങൾ സർക്കാരിനെ അറിയിക്കാവുന്നതാണ്.

## ഗോതമ്പ് വിഹിതം വെട്ടിക്കുറച്ച നടപടി

9(*159) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. അബ്ദുൽ ഹമീദ് പി:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഗോതമ്പ് വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ഏതെല്ലാം വിഭാഗത്തിലുള്ള കാർഡ് ഉടമകളെയാണ് ബാധിക്കുകയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഭക്ഷ്യ ഭദ്രതാനിയമപ്രകാരം മുൻഗണനേതര വിഭാഗത്തിന് അനുവദിച്ചുകൊണ്ടിരുന്ന ടൈഡ് ഓവർ വിഹിതം ഗോതമ്പ് (2022 ജൂൺ മുതൽ 2023 മാർച്ച് വരെയുള്ള കാലത്തേയ്ക്ക്) കുറവു ചെയ്ത് പകരം ടൈഡ് ഓവർ അരി കൂടുതലായി അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം മുൻഗണനാ വിഭാഗത്തിന് അധിക വിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽ 2022 മേയ് മുതൽ ഗോതമ്പ് പൂർണ്ണമായി കുറവു ചെയ്ത് പകരം അരി അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട 57 ലക്ഷം കാർഡ് ഉടമകൾക്ക് ഇനി മുതൽ പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഗോതമ്പ് ലഭ്യമാകാത്ത ഗൗരവതരമായ ഒരു സാഹചര്യവും ഇതുമൂലം ഉണ്ടാകുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടി ഭക്ഷ്യക്ഷാമത്തിനും വിലക്കയറ്റത്തിനും കാരണമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ

ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിർത്തലാക്കിയ ഗോതമ്പ് വിഹിതത്തിന് പകരമായി അരി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും പൊതു വിതരണ സമ്പ്രദായത്തിലൂടെ മുൻഗണനേതര വിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന ഗോതമ്പ് വിതരണം ഇതോടെ പൂർണ്ണമായും നിലച്ചിരിക്കുകയാണ്. നിർത്തലാക്കിയ ഗോതമ്പിന് പകരം അരി ലഭ്യമാക്കുമെന്നതിനാൽ ഭക്ഷ്യക്ഷാമമുണ്ടാകാൻ ഇടയില്ലെങ്കിലും ഗോതമ്പിന്റെയും ഗോതമ്പ് ഉത്പന്നങ്ങളുടെയും വിലവർദ്ധനവിന് ഇത് കാരണമായേക്കും. സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട 57 ലക്ഷം കാർഡുടമകൾക്ക് ഇനി മുതൽ പൊതുവിതരണ സമ്പ്രദായത്തിൽനിന്നും ഗോതമ്പ് ലഭ്യമാകാത്ത ഗൗരവതരമായ ഒരു സാഹചര്യവും ഇതുമൂലം ഉണ്ടാകുന്നു.

ജീവിതശൈലീരോഗങ്ങൾ കാരണം ഗോതമ്പിനെ ഭക്ഷണത്തിനായി ആശ്രയിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ കേരളത്തിലുണ്ട് എന്നത് ഒരു വസ്തുതയാണ്.

നിർത്തലാക്കിയ ടൈഡ് ഓവർ വിഹിതം ഗോതമ്പ് അടിയന്തരമായി പുനസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2022 മേയ് 20-ന് ബഹു. കേന്ദ്ര ഭക്ഷ്യ-പൊതു വിതരണ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

## സപ്ലൈകോയുടെ പ്രവർത്തനം

10(*160) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ സപ്ലൈകോയുടെ പ്രവർത്തനം എത്രത്തോളം സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണി വിലയിൽനിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു.

പ്രസ്തുത സബ്സിഡി വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറ് വർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ, സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യസാധനങ്ങളും പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ‘ ശബരി’ എന്ന പേരിൽ പൊതു വിപണിവിലയിൽനിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി കോവിഡ് പശ്ചാത്തലത്തിൽ എല്ലാ റേഷൻ കാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 5,600 കോടി രൂപ ചെലവഴിച്ച് 13 തവണകളിലായി 11.5 കോടി കിറ്റുകളാണ് ഇപ്രകാരം നല്കിയത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ

വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്.

(ബി) കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1630 ഔട്ട്ലെറ്റുകളിലേയ്ക്ക് ആവശ്യമായ അരി, പഞ്ചസാര, പയറുവർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടെയുള്ള 38 ഇനം പലവ്യഞ്ജന സാധനങ്ങൾ ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ ലഭ്യത, കമ്പോള നിലവാരം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവ മുഖേന വാങ്ങി വിൽപ്പനശാലകളിലൂടെ വിതരണം ചെയ്യുന്നുണ്ട്. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോടുകൂടിയ ഇ-ടെണ്ടർ മുഖാന്തരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി യഥാസമയം വിതരണം നടത്താൻ സാധിക്കുന്നു. രാജ്യത്തെ പ്രമുഖ ഉൽപ്പാദക സംസ്ഥാനങ്ങളിലുള്ള വിതരണക്കാർ നേരിട്ട് സപ്ലൈകോ മാസം തോറും നടത്തുന്ന ഇ-ടെണ്ടർ/

ഇ-ഓക്ഷനിൽ പങ്കെടുക്കുന്നുണ്ട്. ഇപ്രകാരം ഏകദേശം 65-ഓളം വിതരണക്കാരും കൂടാതെ പ്രാദേശിക വിതരണക്കാരും പങ്കെടുക്കുന്നതിനാൽ കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ പലവ്യഞ്ജനങ്ങൾ സപ്ലൈകോയ്ക്ക് വാങ്ങുവാൻ കഴിയുന്നു. എല്ലാ മാസവും സമയബന്ധിതമായി നിത്യോപയോഗ സാധനങ്ങളുടെ പർച്ചേസ് നടത്തുന്നതിനാൽ എല്ലാ ഔട്ട്‌ലെറ്റുകളിലും ഇവയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ കഴിയുന്നു.

Centrally Consolidated Indenting System (CCIS), Centrally Listed Companies (CLC), Locally Listed Companies (LLC) എന്നീ വിഭാഗങ്ങളിലായി കമ്പനികളിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം മതിയായ രേഖകളുള്ള കമ്പനികളെ ഉൾപ്പെടുത്തി അതിൽ CCIS കമ്പനികൾക്ക് മാത്രം Fast Moving Consumer Goods (FMCG) സെക്ഷനിൽ നിന്നും Indent portal open ചെയ്ത് ഔട്ട്‌ലെറ്റിലെ വിൽപ്പനയ്ക്ക് ആനുപാതികമായി ഡിപ്പോയിൽ നിന്നും ലഭിക്കുന്ന ഇന്റന്റ് പ്രകാരം പ്രീ-ഓഡിറ്റ് നടത്തി പർച്ചേസ് ഓർഡർ നൽകി സാധനങ്ങൾ വാങ്ങി ഒരു നിശ്ചിത മാർജിൻ ഈടാക്കി കുറഞ്ഞ വിലയ്ക്ക് വിറ്റുവരുന്നു.

(സി) സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ നിത്യോപയോഗ സാധനങ്ങൾക്കൊപ്പം ഗാർഹിക ഉപകരണങ്ങൾ കൂടി വിപണനം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

സപ്ലൈകോയുടെ തെരഞ്ഞെടുത്ത സൂപ്പർമാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവ മുഖേന 2019 ഫെബ്രുവരി മാസം മുതൽ ഗൃഹോപകരണ വില്പന ആരംഭിച്ചിട്ടുള്ളതും നിലവിൽ വിവിധ കമ്പനികളുടെ ഗൃഹോപകരണങ്ങൾ സപ്ലൈകോയുടെ 164 വില്പനശാലകളിൽ ലഭ്യവുമാണ്.

(ഡി) ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തി സപ്ലൈകോയുടെ വാതിൽപ്പടി സേവനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

2021 ഡിസംബർ 11 മുതൽ ഓൺലൈൻ വില്പനയും ഹോം ഡെലിവറി സംവിധാനവും "സപ്ലൈ കേരള" എന്ന മൊബൈൽ ആപ്പ് വഴി സപ്ലൈകോയിൽ നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ സപ്ലൈകോയുടെ 582 സൂപ്പർമാർക്കറ്റുകളിൽ ഈ സൗകര്യം ലഭ്യമാണ്. ഈ സംവിധാനത്തിന്റെ പ്രചരണാർത്ഥം സപ്ലൈകോ ഡിജിറ്റൽ മാർക്കറ്റിംഗ് നടത്തുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളായ മിൽമ, വനം വകുപ്പ് എന്നിവരുടെ ഭക്ഷ്യ വസ്തുക്കൾ "സപ്ലൈ കേരള" ആപ്പ് വഴി വില്പന സാധ്യമാക്കുന്നതിനായി

നടപടികൾ നടന്നുവരുന്നു. കൂടാതെ ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ 'സപ്ലൈ കേരള' ആപ്പ് വഴി വില്പന നടത്തുന്നതിനായി പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

## പ്രതിരോധ സേനയിലെ താൽക്കാലിക നിയമനം

11(*161) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യസുരക്ഷയെ സംബന്ധിക്കുന്നതും തന്ത്രപ്രധാനവുമായ ആയുധ നിർമ്മാണശാലകൾ ഉൾപ്പെടെയുള്ള മേഖലകൾ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുകയും കേന്ദ്ര സർക്കാർ സർവ്വീസുകളിലും പ്രതിരോധ സേനകളിലും പത്ത് ലക്ഷത്തോളം വരുന്ന ഒഴിവുകൾ നികത്താതെ സേവന തുറകളിൽ അപ്രന്റീസ് എന്ന പേരിൽ കരാർവൽക്കരണം വ്യാപകമാക്കുകയും ചെയ്തത് സംസ്ഥാനത്തും ആശങ്ക സൃഷ്ടിക്കുന്നെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) അഗ്നിപഥ് എന്ന പേരിൽ പ്രതിരോധ സേനയിലും താത്ക്കാലിക നിയമനം ആരംഭിച്ച നടപടി സംസ്ഥാനത്തെ യുവാക്കളിലും ആശങ്ക സൃഷ്ടിച്ചെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാർ നടപടി തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്; ലോകത്ത് ഏറ്റവും മികച്ച സേനകളിലൊന്നായ ഇന്ത്യൻ സൈന്യത്തിന്റെ കാര്യക്ഷമതയെയും ഗുണനിലവാരത്തെയും സാരമായി ബാധിക്കുന്ന അഗ്നിപഥ് പദ്ധതിക്കെതിരെ രാജ്യവ്യാപകമായി ശക്തമായ പ്രതിഷേധമാണ് ജനങ്ങളിൽനിന്നും, പ്രത്യേകിച്ച് യുവാക്കളിൽ നിന്നും ഉണ്ടാകുന്നത്. സേനാ വിഭാഗങ്ങളിൽ ഹ്രസ്വകാലത്തേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്താനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണ്. ലക്ഷക്കണക്കിന് സേനാംഗങ്ങളുടെ ഒഴിവുകൾ നിലനിൽക്കുമ്പോഴാണ് 4 വർഷത്തെ കരാറടിസ്ഥാനത്തിൽ സൈനിക സേവന പദ്ധതി നടപ്പാക്കുന്നത്. രാജ്യത്തെ യുവാക്കളുടെ തൊഴിൽസ്വപ്നമാണ് സൈനിക ഉദ്യോഗം. രാജ്യസുരക്ഷ കാത്തുസൂക്ഷിക്കുകയെന്ന വലിയ കർത്തവ്യമാണ് അവർ നിർവ്വഹിക്കുന്നത്. അതുകൊണ്ടുതന്നെ തൊഴിൽ സുരക്ഷിതത്വവും വേതനവും വിമുക്തഭട സംവരണവും മറ്റ് ആനുകൂല്യങ്ങളും അവർക്ക്

നൽകുകയെന്നത് ഭരണകൂടത്തിന്റെ കടമയാണ്. വളരെ ചുരുങ്ങിയ തൊഴിൽ കാലാവധിയെന്നത് സൈനികോദ്യോഗത്തിന്റെ പ്രൊഫഷണലിസത്തെ ബാധിക്കുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണ്യം നേടുന്നതിനും ഉപയോഗിക്കേണ്ട കാലയളവുകൂടിയാണ് ഈ നാലുകൊല്ലം. ' അഗ്നിപഥ് പദ്ധതിയിലെ നാലുവർഷ കാലത്തെ സേവനത്തിനുശേഷം ഈ യുവാക്കൾക്ക് മറ്റ് തൊഴിൽ ലഭ്യതയ്ക്കുള്ള സാധ്യതകളും ചുരുങ്ങും. നാല് വർഷ സേവനം കഴിഞ്ഞ് പിരിഞ്ഞുപോകുന്നവർക്ക് പെൻഷനോ മറ്റ് സൈനിക ആനുകൂല്യങ്ങളോ ഉണ്ടാവില്ല. ഈ പദ്ധതി രാജ്യത്തിന്റെ സൈന്യത്തിന് ദോഷകരമായിതീരും എന്നതിൽ തർക്കമില്ല. രാജ്യത്ത് തൊഴിലില്ലായ്മ സമാനതകളില്ലാതെ പെരുകുമ്പോഴാണ് തൊഴിൽ സുരക്ഷപോലും ഉറപ്പ് നൽകാതെ ഹ്രസ്വകാല റിക്രൂട്ട്മെന്റ് നടത്തുന്നത്.

താൽക്കാലിക നിയമന പദ്ധതിക്കെതിരെ ഉയർന്നുവരുന്ന പ്രതിഷേധങ്ങൾക്കും ആശങ്കകൾക്കും പുറമെ പ്രതിരോധ-സൈനിക രംഗത്തെ വിദഗ്ധർ ഉയർത്തിയിട്ടുള്ള വിമർശനങ്ങളും കണക്കിലെടുത്ത് പദ്ധതി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് 18.06.2022-ൽ ബഹു. പ്രധാനമന്ത്രിയ്ക്ക് മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ സർവ്വീസിലെ ഒഴിവുകൾ സമയബന്ധിതമായി നികത്താൻ നടപടിയെടുത്തിട്ടുണ്ടോ?

വിമുക്തഭടന്മാർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ഉൾപ്പെടെ സർക്കാർ സർവ്വീസിലെ എല്ലാ ഒഴിവുകളിലും നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഉല്പാദന മേഖലകളുടെ ശാക്തീകരണവും

12(*162) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) അടുത്ത ഇരുപത്തിയഞ്ച് വർഷങ്ങൾക്കുള്ളിൽ സംസ്ഥാനത്തെ ജീവിതനിലവാരം വികസിത രാഷ്ട്രങ്ങൾക്ക് സമാനമാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികളും വിവിധ ഉല്പാദന മേഖലകളെ ശാക്തീകരിക്കാനുള്ള പരിപാടികളും അറിയിക്കാമോ?

മനുഷ്യവിഭവശേഷിയോടൊപ്പം അറിവിന്റെ അനന്തമായ സാധ്യതകളും ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനം, ഉല്പാദനം എന്നിവയിൽ ഊന്നൽ നൽകി, അടുത്ത ഇരുപത്തിയഞ്ച് വർഷംകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം വികസിത രാജ്യങ്ങൾക്ക് സമാനമായി ഉയർത്തുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ സർക്കാർ പ്രവർത്തിച്ചുവരുന്നത്. ഇതിനുതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനം, ഉല്പാദനം എന്നീ മേഖലകളെ ബന്ധിപ്പിച്ച് ഒരു പുതിയ വികസന കാഴ്ചപ്പാടാണ് ലക്ഷ്യമിടുന്നത്. കേരളത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി ഒട്ടനവധി പദ്ധതികൾ (കേന്ദ്ര പദ്ധതികൾ ഉൾപ്പെടെ) ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഇവയിൽ പ്രധാനപ്പെട്ട പദ്ധതികളുടെ സംക്ഷിപ്ത വിവരണം താഴെ കൊടുക്കുന്നു.

<u>സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ</u>

ഗാർഹിക, ഗതാഗത, വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾക്ക് സുരക്ഷിതവും അപകടരഹിതവുമായ രീതിയിൽ പ്രകൃതിവാതക ലഭ്യത ഉറപ്പുവരുത്തുവാൻ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്.

<u>വെസ്റ്റ് കോസ്റ്റ് കനാൽ ഡെവലപ്മെന്റ്</u>

കോവളം മുതൽ ബേക്കൽ വരെയുള്ള 590 കി.മീ. വരുന്ന ജലപാത വികസിപ്പിക്കുന്നതിലൂടെ ജലഗതാഗതം, ടൂറിസം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലെ സാമ്പത്തിക കുതിച്ചുചാട്ടത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വെസ്റ്റ് കോസ്റ്റ് കനാൽ ഡെവലപ്മെന്റ് പ്രോജക്ട് നടപ്പിലാക്കി വരുന്നു. ഇതിനായി മലബാറിൽ 53 കി.മീ. ദൂരം പുതിയ കൃത്രിമ കനാൽ നിർമ്മിച്ച് നിലവിലുള്ള കനാലുകളുമായി ബന്ധിപ്പിക്കുന്നു.

<u>വേസ്റ്റ് ടു എനർജി പ്ലാന്റ്</u>

ഗാർഹിക-ഖര മാലിന്യങ്ങൾ ശേഖരിച്ച് വേർതിരിച്ച് പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായ പ്ലാന്റിലൂടെ വൈദ്യുതി ഉത്പ്പാദിപ്പിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന് നൽകുന്ന വേസ്റ്റ് ടു എനർജി പ്ലാന്റ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ മാലിന്യ സംസ്കരണത്തോടൊപ്പം പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപ്പാദനവും സാധ്യമാകുന്നു.

<u>കെ-ഫോൺ</u>

സംസ്ഥാനത്തെ പൗരൻമാർക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുവാനും സാമ്പത്തികമായി പിന്നോക്കം

നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് സേവനം നൽകുവാനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. ഇത് കമ്മീഷൻ ചെയ്യുന്നതോടെ ഏറ്റവും ഉയർന്ന അതിവേഗ ഫൈബർ ഡാറ്റാ കണക്ടിവിറ്റി ഉള്ള സംസ്ഥാനമായി കേരളം മാറും.

കേരള സെമി ഹൈ-സ്പീഡ് റെയിൽ

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 531 കി.മീ. ദൂരത്തിൽ സെമി-ഹൈ സ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ടപാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കി.മീ. വരെ വേഗത്തിൽ ട്രെയിനുകൾക്ക് സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ/ഗ്രീൻഫീൽഡ് കോറിഡോർ വിഭാവനം ചെയ്തുകൊണ്ടുള്ള പദ്ധതിയാണിത്.

ഇൻഡസ്ട്രിയൽ കോറിഡോർ

സംസ്ഥാനത്തെ ഉല്പാദനമേഖലയുടെ വികസനത്തിനും കൊച്ചി-പാലക്കാട് മേഖലയെ തെക്കേ ഇന്ത്യയിലെ സുപ്രധാന നിർമ്മാണഹബ്ബായി മാറ്റുന്നതിനുവേണ്ടിയും വിഭാവനം ചെയ്ത പദ്ധതിയാണ് കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ. ഇന്ത്യയിലെ 5 പ്രധാന വ്യാവസായിക

ഇടനാഴികളിൽ ഉൾപ്പെടുന്ന ചെന്നൈ-ബംഗളൂരു വ്യവസായിക ഇടനാഴിയുടെ വിപുലീകരണമാണ് ഈ പദ്ധതി.

കൊച്ചി ജല മെട്രോ പദ്ധതി

കൊച്ചിയിലെ പതിനാറ് റൂട്ടുകളിലെ 76 കി.മീ. ജലപാതയുടെ വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനാണ് ഇത് നടപ്പിലാക്കുന്നത്.

ഹിൽ ഹൈവേ

മലയോര മേഖലകളിലെ പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 13 ജില്ലകളിലെ മലയോര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് 1251 കി.മീ. ദൂരത്തിൽ മലയോരപ്പാത നിർമ്മിക്കുന്ന പദ്ധതിയാണ് ഹിൽഹൈവേ.

കോസ്റ്റൽ ഹൈവേ

സംസ്ഥാനത്തെ തീരദേശ മേഖലകളിലെ ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് എന്ന സ്ഥലത്ത് തുടങ്ങി കാസർഗോഡ് ജില്ലയിലെ കുഞ്ഞത്തൂരിൽ

അവസാനിക്കുന്ന, 9 ജില്ലകളിലൂടെ കടന്നുപോകുന്ന 655 കി.മീ. ദൈർഘ്യം വരുന്ന തീരദേശപാത നിർമ്മിക്കുന്ന പദ്ധതിയാണിത്.

<u>ശബരിമല വിമാനത്താവളം</u>

സംസ്ഥാനത്തെ പ്രധാന തീർത്ഥാടനകേന്ദ്രമായ ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്ന പദ്ധതിയാണിത്.

<u>തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്</u>

എൻ.എച്ച്-66 പാരിപ്പള്ളിക്ക് സമീപം നാവായിക്കുളത്തുനിന്നും ആരംഭിച്ച് വിഴിഞ്ഞം ബൈപാസിൽ അവസാനിക്കുന്നതാണ് തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്. ഏകദേശം 78.88 കി.മീ. നീളമുള്ള ഈ റോഡ് ഇപ്പോൾ നാലുവരി പാതയായി, ആവശ്യം വന്നാൽ ഭാവിയിൽ 6 വരിപാതയായും വികസിപ്പിക്കാവുന്ന തരത്തിലാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിന് എൻ.എച്ച്.എ.ഐ.-യുടെ അംഗീകാരം കിട്ടിയിട്ടുണ്ട്.

<u>സിറ്റി റോഡ് ഇംപ്രൂവ്മെന്റ്</u>

സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ റോഡുഗതാഗതം സുഗമമാക്കുന്നതിലേയ്ക്കായി കണ്ണൂർ, ആലപ്പുഴ, കൊല്ലം ജില്ലകളിൽ പ്രാഥമിക ഘട്ടത്തിൽ നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് സിറ്റി റോഡ് ഇംപ്രൂവ്മെന്റ്.

<u>സുഭിക്ഷ കേരളം പദ്ധതി</u>

കോവിഡ്കാലത്ത് സുഭിക്ഷ കേരളം പദ്ധതിയിലൂടെ ആയിരക്കണക്കിന് ഏക്കർ തരിശു നിലങ്ങളിൽ പുതുതായി കൃഷിയിറക്കി. സുസ്ഥിര നെൽകൃഷി വികസനത്തിന് ഉല്പാദനോപാധികൾക്കുള്ള സഹായവും നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റിയും ഈ പദ്ധതി വഴി നൽകുന്നതാണ്.

<u>ജൽജീവൻ മിഷൻ</u>

2024-ഓടെ ഗ്രാമപ്രദേശങ്ങളിലെ എല്ലാ വീടുകളിലേയ്ക്കും മതിയായ അളവിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി പ്രവർത്തനക്ഷമമായ പൈപ്പ് കണക്ഷൻ നൽകുന്ന പദ്ധതിയാണിത്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ, കേന്ദ്ര പദ്ധതികളും സംസ്ഥാന പദ്ധതികളും മറ്റു പരിപാടികളും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്.

പദ്ധതികളുടെ അവലോകനം കൃത്യമായ ഇടവേളകളിൽ മുഖ്യമന്ത്രി, മന്ത്രിമാർ, വകുപ്പ് സെക്രട്ടറി തലങ്ങളിൽ നടന്നുവരുന്നു. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ശക്തമായ നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

(ബി) പദ്ധതികളും പരിപാടികളും സമയക്രമം പാലിച്ച് പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണത്തെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് പശ്ചാത്തല സൗകര്യ വികസനരംഗത്ത് ഒരു കുതിച്ചുചാട്ടംതന്നെ നടത്തേണ്ടതുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ലംബവും തിരശ്ചീനവുമായ സംഘടനാ സംവിധാനത്തേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംയോജിപ്പിച്ചുകൊണ്ടും ഏകോപിപ്പിച്ചു കൊണ്ടും മുന്നോട്ടുപോകേണ്ടതുണ്ട്. ഇതിനായി, പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെല്ലും പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പും സംയുക്തമായി പുരോഗതി നിരീക്ഷിക്കുന്നതിന് ഒരു

സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇതിൻപ്രകാരം ഓരോ ഭരണവകുപ്പിലും ഡെപ്യൂട്ടി സെക്രട്ടറിയിൽ കുറയാത്ത പദവിയിലുള്ള ഒരു ഓഫീസറെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത നോഡൽ ഓഫീസർ പദ്ധതികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, അതത് വകുപ്പ് സെക്രട്ടറിമാരുടെ ശ്രദ്ധയിൽകൊണ്ടുവരികയും പദ്ധതിയുടെ പുരോഗതി റിപ്പോർട്ടുകൾ സമയാസമയങ്ങളിൽ പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്. പദ്ധതി നിർവ്വഹണത്തിൽ മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചീഫ് സെക്രട്ടറി തലത്തിൽ സമയാസമയങ്ങളിൽ യോഗം നടത്തുകയും രണ്ടാഴ്ചയ്ക്കുള്ളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

വകുപ്പ് സെക്രട്ടറി മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ Programme Implementation Cell-മായി ഏകോപിപ്പിച്ച് പ്രവർത്തിക്കുകയും ആവശ്യമായ റിപ്പോർട്ടുകളും കത്തിടപാടുകളും DDC-മാരും മറ്റു വകുപ്പുകളുമായിട്ടുള്ള തുടർനടപടികളും കൈക്കൊള്ളുന്നതാണ്. ഈ

നിരീക്ഷണ സംവിധാനത്തിന്റെ ഏകോപനം മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയും മുഖ്യമന്ത്രിയുടെ സെക്രട്ടറിയും നിർവ്വഹിക്കുന്നതാണ്.

(സി) സർക്കാർ ഒരു വർഷം പൂർത്തിയാക്കിയ വേളയിൽ ജനസമക്ഷം സമർപ്പിച്ച പ്രോഗ്രസ്സ് റിപ്പോർട്ട് പ്രകാരം പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ എത്ര ഇനങ്ങൾക്ക് തുടക്കം കുറിക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഒരു വർഷം പൂർത്തിയാക്കിയ വേളയിൽ ജനസമക്ഷം സമർപ്പിച്ച പ്രോഗ്രസ്സ് റിപ്പോർട്ട് പ്രകാരം പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന 900 കാര്യങ്ങളിൽ 758 എണ്ണം വിവിധ ഘട്ടങ്ങളിലായാണ് തുടക്കംകുറിച്ചത്.

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി

13(*163) ശ്രീ. എം. നൗഷാദ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) നവകേരള ലക്ഷ്യത്തിനനുസൃതമായി സിവിൽ സർവ്വീസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ?

ജനസൗഹാർദ്ദപരവും അഴിമതിരഹിതവുമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിന് ഫലപ്രദമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഭരണരംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ നടപ്പിലാക്കിവരികയാണ്. ശിപാർശകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറിതല സമിതി രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ സമർപ്പിച്ചിട്ടുള്ള 13 റിപ്പോർട്ടുകളിൽ 7 എണ്ണത്തിൽ ചീഫ് സെക്രട്ടറിതല സമിതി പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 5 എണ്ണം മന്ത്രിസഭ പരിഗണിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് കൃത്യമായ മാനദണ്ഡം ആവിഷ്കരിച്ചു. സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എല്ലാ സർക്കാർ ഓഫീസുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ശാസ്ത്രീയമായ പ്രവൃത്തി അവലോകനത്തിന്റെ

അടിസ്ഥാനത്തിൽ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്താതെ ജീവനക്കാരുടെ പുനർവിന്യാസം നടത്തുന്നത് പരിശോധിച്ചുവരുന്നു.

സെക്രട്ടേറിയറ്റിൽ ഫയൽ തട്ടുകളുടെ എണ്ണം കുറച്ച് തീരുമാനമെടുത്തിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ ഫയൽ നീക്കത്തിന്റെ തട്ടുകൾ നിജപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ പൂർണ്ണമായും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) വിവിധ വകുപ്പുകളിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനും നിലവിലെ ഫയലുകളും പുതിയ ഫയലുകളും സത്വരമായി തീർപ്പാക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഫയലുകളുടെ തീർപ്പാക്കൽ വേഗത്തിലാക്കാൻ 2022 ജൂൺ 15 മുതൽ 2022 സെപ്റ്റംബർ 30 വരെ നീണ്ടുനിൽക്കുന്ന ഒരു തീവ്രയജ്ഞ പരിപാടിക്ക്

തുടക്കംകുറിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകൾക്കും ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ജീവനക്കാരുടെ കർമ്മശേഷിയും കാര്യനിർവ്വഹണ പ്രാപ്തിയും ഉയർത്തുന്നതിനും അവരെ സേവനോന്മുഖരാക്കുന്നതിനും പരിശീലന പരിപാടികൾ ഉൾപ്പെടെ നിരന്തരം ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കുമോ?

എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) മുഖേന പരിശീലനം നൽകിവരുന്നു.

## വ്യവസായ മേഖലയിലെ വിദേശ നിക്ഷേപം

14(*164) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വിദേശ സംരംഭകരെ ആകർഷിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്തെ വ്യവസായ മേഖലയുടെ പുരോഗതിക്കും വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും നിയമനിർമ്മാണങ്ങളും നിയമ

പരിഷ്കരണങ്ങളുമുൾപ്പെടെ ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ ‘ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 21 വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും 90-ലധികം സേവനങ്ങൾ പ്രസ്തുത സംവിധാനം വഴി ലഭ്യമാകും.

ഇതോടൊപ്പം 2019-ൽ ‘ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. നിർവ്വചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ചു നടത്തുവാനും അനാവശ്യ പരിശോധനകൾ ഒഴിവാക്കാനുംവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System)

രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുണ്ട്. 100 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപ സന്നദ്ധതയുമായി വരുന്ന വ്യവസായ സംരംഭകരും സ്ഥാപനങ്ങളുമായി വ്യവസായ വകുപ്പുമന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും നടത്തുന്ന 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി മുഖേന ഇതുവരെ 19 കമ്പനികൾ നിക്ഷേപത്തിന് തയ്യാറായിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുവാനും വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും വിവിധ വായ്പാപദ്ധതികൾ കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിയിട്ടുണ്ട്. ഇവയെല്ലാം വിദേശ സംരഭംകരെയും ആകർഷിക്കുന്നതിന് ഉതകുന്നവയാണ്. കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.35% -10.35%) 60 കോടി രൂപ വരെ വായ്പയായി നൽകിവരുന്നു. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശനിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ്

നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്.

പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ-ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 യ്ക്ക് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കിവരുന്നു. മറ്റു പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. മാത്രമല്ല, ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പരിഗണനയും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നുണ്ട്. കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും വായ്പാതുക ഉയർത്തിയതും അപേക്ഷാഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ്-19-നെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രതാ പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചതുമൊക്കെ സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായികൾക്കും നിലവിൽ വ്യവസായം നടത്തികൊണ്ടിരിക്കുന്നവർക്കും ഒരുപോലെ പ്രോത്സാഹനവും സഹായവും

നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതും സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെയും ഭാഗമായിട്ടാണ്. സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകയ്യെടുത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു:

1. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ.

ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള

വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ്, അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ്. മാത്രമല്ല 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ.

നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പയ്ക്ക് അർഹതയുള്ളത്. അവസാന രണ്ട് വർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ വായ്പാ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% (floating) പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. പ്രസ്തുത വായ്പയുടെ പ്രോസസിംഗിനായി 25,000 രൂപ മാത്രമാണ് ഫീസിനത്തിൽ ഈടാക്കുവാൻ ഉദ്ദേശിക്കുന്നത്. പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ കേരള്'-യ്ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപ വരെ വായ്പ നൽകുന്നു. ഒരു കാരവൻ വാങ്ങിക്കുന്നതിനായി 50 ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ (ചെലവിന്റെ 70%) നൽകി വരുന്നു. പുതിയ വാഹനങ്ങൾക്ക് മാത്രമാണ് വായ്പ ലഭിക്കുക. 8.35

ശതമാനമാണ് പലിശ. ഒരു വർഷത്തെ മൊറട്ടോറിയം കാലാവധിക്കുശേഷം 84 മാസങ്ങൾക്കുള്ളിൽ തുക തിരിച്ചടക്കണം.

(ബി) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ വിദേശ നിക്ഷേപം ലഭ്യമാക്കുന്നതിന് 2016 മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ വിദേശയാത്രകൾ ഏതൊക്കെയാണ്;

&

(സി) പ്രസ്തുത സന്ദർഭങ്ങളിൽ നടന്ന ചർച്ചകളുടെ ഫലമായി സംസ്ഥാനത്ത് നാളിതുവരെ എത്ര രൂപയുടെ വിദേശ നിക്ഷേപവും സംരംഭങ്ങളും എത്തിയിട്ടുണ്ട്?

നിക്ഷേപം ആകർഷിക്കാൻ യോഗങ്ങളും കൂടിക്കാഴ്ചകളും നടത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ കഴിഞ്ഞ വർഷങ്ങളിൽ സംരംഭകർക്ക് സഹായവും പ്രോത്സാഹനവും നൽകുന്നതിന് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ നയപരവും നിയമപരവുമായ മാറ്റങ്ങളെക്കുറിച്ച് സംരംഭകരുമായി ആശയം പങ്കുവയ്ക്കുന്നതിനും സംസ്ഥാനത്തെ പുതിയ നിക്ഷേപ സൗഹൃദ പദ്ധതികളെപ്പറ്റിയും അവതരിപ്പിക്കുന്നതിന് ഇൻവെസ്റ്റർ മീറ്റുകളും സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യൻ ബിസിനസ് & പ്രൊഫഷണൽ

കൗൺസിൽ (IBPC) ആസ്ഥാനത്ത് ഷിപ്പ് ബിൽഡിംഗ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിക്ഷേപ സാദ്ധ്യതകൾ അറിയുന്നതിനും കൂടുതൽ വിശദമായ ചർച്ചകൾ ഈ നിലയ്ക്ക് നടത്തുന്നതിനുംവേണ്ടി IBPC, അവരുടെ അംഗങ്ങളുടെ ഒരു സംഘത്തെ കേരളത്തിലേയ്ക്ക് അയയ്ക്കുന്നതിന് ധാരണയായി. FICCI-യുമായി ചേർന്ന് ഇതിനുള്ള മേൽനടപടികൾ സ്വീകരിച്ചുവരുന്നു. മീറ്റിന്റെ ഭാഗമായി 170 കോടി രൂപയോളം നിക്ഷേപമുള്ള പദ്ധതികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

(ഡി) പ്രവാസി സംരംഭകരായ കൊല്ലം ജില്ലയിലെ പത്തനാപുരത്തെ സുഗതന്റെയും കണ്ണൂർ ജില്ലയിലെ ആന്തൂരിലെ സാജൻ പാറയ്ക്കലിന്റെയും ആത്മഹത്യയ്ക്ക് കാരണക്കാരായവർക്കെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിലെ പത്തനാപുരത്തെ സുഗതൻ ആത്മഹത്യ ചെയ്തതിന് കുന്നിക്കോട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കണ്ണൂർ ജില്ലയിലെ ആന്തൂറിലെ സാജൻ

പാറയ്ക്കലിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ തദ്ദേശസ്വയംഭരണ വകുപ്പിൽ വകുപ്പുതല അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു.

<u>സ്മാർട്ട് റേഷൻ കാർഡുകൾ</u>

15(*165) <u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>:
<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി <u>(ശ്രീ. ജി. ആർ. അനിൽ)</u> സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഴുവൻ റേഷൻ കാർഡുകളും സ്മാർട്ട് കാർഡുകളാക്കി മാറ്റുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതുവഴി എന്തെല്ലാം സൗകര്യങ്ങളാണ് റേഷൻ ഗുണഭോക്താക്കൾക്ക് ലഭ്യമാകുക; വിശദാംശം നൽകാമോ?

സ്മാർട്ട് റേഷൻ കാർഡുകളുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ ഗ്രാമീണമേഖലയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ അധിക സേവനങ്ങൾ ലഭ്യമാക്കി കെ-സ്റ്റോറുകളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. RFP (Request for Proposal)-യിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ദേശസാത്ക്യത ബാങ്കിന്റെയും റേഷൻ മേഖലയിലെ

സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തിന്റെയും സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ആയതിനുള്ള RFP പ്രസിദ്ധീകരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ-സ്റ്റോർ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി 5000 രൂപ വരെയുള്ള ബാങ്കിംഗ് സേവനങ്ങൾ, യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം, ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, ചെറിയ എൽ.പി.ജി. ഗ്യാസ് സിലിണ്ടർ (ചോട്ടു ഗ്യാസ്) എന്നിവ വിപണനം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

(ബി) മുൻഗണനാ കാർഡുകൾ അനർഹമായി കൈവശം വച്ചവർക്ക് ആയത് ശിക്ഷയില്ലാതെ തിരിച്ചേല്പിക്കുന്നതിന് പ്രത്യേകമായ അവസരം നൽകിയിരുന്നോ; ഇതനുസരിച്ച് കാർഡുകൾ തിരിച്ചേല്പിച്ചിട്ടുണ്ടോ; പ്രസ്തുത ഒഴിവുകളിലേയ്ക്ക് അർഹരായവരെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

അനർഹമായി കൈവശം വച്ച മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 2021 ജൂലൈ 15 മുതൽ 2022 മാർച്ച് 31 വരെ അവസരം നൽകിയിരുന്നു. 31.03.2022-നുശേഷം സറണ്ടർ ചെയ്തവരിൽ നിന്നും പിഴ ഈടാക്കുന്നതിനും ഫീൽഡ് പരിശോധന നടത്തി അനർഹരെ

കണ്ടെത്തി പ്രസ്തുത കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനും കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30.04.2022 വരെ 14932 എ.എ.വൈ. കാർഡുകളും 88916 പി.എച്ച്.എച്ച്. കാർഡുകളും സറണ്ടർ ചെയ്തിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി "Operation Yellow" എന്ന പേരിൽ പരിപാടി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ടി പദ്ധതി നടപ്പിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ വിവരങ്ങൾ സർക്കാരിനെ അറിയിക്കാവുന്നതാണ്.

(സി) അർഹരായ മുഴുവൻ പേർക്കും മുൻഗണന കാർഡുകൾ വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; മാരകരോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ, ഓട്ടിസം ബാധിതർ തുടങ്ങിയവർക്ക് പ്രത്യേക പരിഗണന നൽകുമോ; വിശദാംശം നൽകാമോ?

കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം 15480040 ആണ്. ആയതിനാൽ അർഹരായ മുഴുവൻ പേരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. മാരകരോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ, ഓട്ടിസം

ബാധിതർ തുടങ്ങിയവർക്ക് മുൻഗണനാ റേഷൻകാർഡുകൾ ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതിനായി 27.10.2020-ലെ സ.ഉ. (സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 17,505 എ.എ.വൈ. കാർഡുകളും 2,33,386 പി.എച്ച്.എച്ച്. കാർഡുകളും അനുവദിച്ചിട്ടുണ്ട്.

മൂന്നാം ലോക കേരള സഭ

16(*166) ശ്രീ. എം. രാജഗോപാലൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെയും പ്രവാസികളുടെയും സാംസ്കാരിക, സാമൂഹ്യ, സാമ്പത്തിക ഉന്നതിക്ക് ലോക കേരള സഭ നൽകുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്.

(ബി) ലോക കേരള സഭയുടെ സ്റ്റാൻഡിംഗ് കമ്മിറ്റികളെക്കുറിച്ചും അവയുടെ പ്രവർത്തനം സംബന്ധിച്ചും വിശദമാക്കാമോ?

ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന തീരുമാനങ്ങളിൽ മുഖ്യമായതായിരുന്ന ഏഴ് വിഷയ മേഖല സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുക എന്നത്. 23.04.2018-ലെ സ.ഉ. (സാധാ) നം.290/2018/നോർക്ക നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താഴെക്കാണും വിധം ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചു.

| കമ്മിറ്റികൾ | ഏഴ് വിഷയ മേഖല സ്റ്റാൻറിംഗ് കമ്മിറ്റികൾ |
|---|---|
| കമ്മിറ്റി 1 | കേരള വികസന നിധി രൂപീകരണവും നടത്തിപ്പും- ലോക കേരള സഭ തുടർ സമ്മേളനങ്ങളുടെ നടപടിക്രമങ്ങളും ചിട്ടകളും എന്നിവയ്ക്കുള്ള നയസമീപന നിർദ്ദേശങ്ങളുടെ രൂപീകരണം |
| കമ്മിറ്റി 2 | പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതിനു സുരക്ഷയൊരുക്കുന്നതിനുമുള്ള നിദ്ദേശങ്ങളുടെ രൂപീകരണം |
| കമ്മിറ്റി 3 | പ്രവാസി പുനരധിവാസ പദ്ധതികൾ ചിട്ടപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണം |
| കമ്മിറ്റി 4 | മറ്റ് രാജ്യങ്ങളിലെ തൊഴിൽ സാദ്ധ്യതയിൽ വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെയും മികച്ച തൊഴിലുകൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റെയും സാഹചര്യത്തിൽ പ്രവാസത്തിനു തയ്യാറെടുക്കുന്നവർക്കും പ്രവാസികൾക്കും സംരക്ഷണം ഉറപ്പു വരുത്തുന്നതിനുള്ള നയരൂപീകരണം |
| കമ്മിറ്റി 5 | പ്രവാസ സമൂഹത്തിന്റെ സുരക്ഷയും അവകാശ സംരക്ഷണവും ഉറപ്പാക്കാനും അതോടൊപ്പം വനിതാ പ്രവാസികളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനുമായി കുടിയേറ്റ നിയമരൂപീകരണത്തിന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരേണ്ട വിഷയങ്ങൾ |
| കമ്മിറ്റി 6 | കേരളത്തിന്റെ കലാ-സാംസ്കാരിക സമ്പന്നത ലോകം മുഴുവൻ വിളംബരം ചെയ്ത് വിവിധ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെയും |

| | |
|---|---|
| | നടപടിക്രമങ്ങളുടെയും രൂപീകരണം |
| കമ്മിറ്റി 7 | ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് കുടിയേറിയ കേരളീയരായ തൊഴിലാളികളുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെയും അതത് സംസ്ഥാന സർക്കാരുകളുടെയും ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള സംവിധാന രൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിക്കുക |

വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി വിവിധ വിഷയങ്ങളെക്കുറിച്ച് പഠനം നടത്തി കേരളത്തിന്റെ തനത് സാഹചര്യങ്ങൾക്കൂടി കണക്കിലെടുത്ത് പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നതാണ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഉദ്ദേശ്യം. സ്റ്റാൻഡിംഗ് കമ്മിറ്റികൾ സമർപ്പിച്ച ശിപാർശകളിൽ താഴെ പറയുന്നവയിൽ നടപടികൾ സ്വീകരിച്ചു.

1. കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി ചെയർമാനായി 100% സർക്കാർ ഓഹരിയുള്ള ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് രൂപവൽക്കരിച്ചു. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side

amenities പ്രോജക്ട്. Rest Stop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

2. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് 'കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ക്ലിപ്തം 4499' എന്ന പേരിൽ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

3. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു.

4. മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം, കുടിയേറ്റ തൊഴിലാളികളെ ദുരുപയോഗം ചെയ്യൽ എന്നിവ തടയുന്നതിനും വിദേശ സാഹചര്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നതിനും കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവൽക്കരണം നടത്താനും പാസ്പോർട്ട് ഓഫീസ്, എയർപോർട്ട് എന്നിവിടങ്ങളിൽ വിദേശകാര്യ മന്ത്രാലയവും സിവിൽ ഏവിയേഷനുമായി സഹകരിച്ച് ഒരു അഡ്വൈസറി

സെൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

5. നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചു.

6. കുടിയേറ്റവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും Centre for Development Studies (CDS)-ൽ അന്താരാഷ്ട്ര കുടിയേറ്റ കേന്ദ്രം സ്ഥാപിച്ചു. ഇതിന്റെ പ്രവർത്തനം CDS-ൽ നടന്നുവരുന്നു.

7. പ്രവാസികൾക്കായുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം "ലോക മലയാളം' എന്ന പേരിൽ ആരംഭിച്ചു.

8. ഇതുകൂടാതെ പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(സി) മൂന്നാം ലോക കേരള സഭ സമ്മേളനത്തിൽ ഉയർന്നുവന്ന പ്രധാന വിഷയങ്ങൾ എന്തൊക്കെയായിരുന്നു; അവയുടെ അടിസ്ഥാനത്തിൽ ശിപാർശകൾ തയ്യാറായിട്ടുണ്ടോ;

&

(ഡി) പ്രസ്തുത ശിപാർശകൾ പ്രാവർത്തികമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

ലോക കേരള സഭയുടെ മൂന്നാം സമ്മേളനത്തിൽ ഉയർന്നുവന്ന ശിപാർശകൾ ക്രോഡീകരിച്ചു വരുന്നു. ആകെ ലഭ്യമായ ശിപാർശകൾ പരിശോധിച്ചതിനുശേഷം പ്രായോഗികതയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## പ്രവാസികൾക്കുള്ള സഹായ പദ്ധതികൾ

17(*167) ശ്രീ. കെ. ബി. ഗണേഷ് കുമാർ
ശ്രീ. തോമസ് കെ. തോമസ്
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസികൾക്ക് നൽകിവരുന്ന വിവിധ സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നൽകിവരുന്ന വിവിധ സഹായങ്ങളും പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.+

**(ബി)** പ്രവാസികളുടെ പ്രശ്നങ്ങളിൽ അടിയന്തരമായി ഇടപെടുന്നതിന് വിവിധ ഇന്ത്യൻ എംബസികളിൽ മലയാളി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഈ വിഷയം കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ പ്രവാസികൾ ഏറെയും തൊഴിൽ ചെയ്തുവരുന്ന ജി.സി.സി. രാജ്യങ്ങളിലെ എംബസികളിൽ മലയാളി ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകളും വോളന്റിയർമാരും ലോക കേരള സഭ അംഗങ്ങളും പ്രവാസികളുടെ പ്രശ്നപരിഹാരത്തിന് ഇടപെടലുകൾ നടത്തുന്നുണ്ട്.

(സി) പ്രവാസികളുടെ ക്ഷേമത്തിന് കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡ്മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി നോർക്ക പ്രവാസി പുനരധിവാസ ഏകോപന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംയോജന പദ്ധതി, 'പ്രവാസി ഭദ്രത' എന്ന പേരിൽ ആരംഭിച്ചു. തിരികെയെത്തിയ പ്രവാസി കേരളീയർക്കായി താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

a) <u>നാനോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - പേൾ)</u>

അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പ കുടുംബശ്രീ മുഖേന ലഭിക്കുന്നു.

b) <u>മൈക്രോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ)</u>

വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, KSFE തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മൈക്രോ. പരമാവധി 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ലഭിക്കുന്നത്.

c) <u>പ്രവാസി ഭദ്രത - മെഗാ</u>

സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ.

പ്രവാസികളോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെ ഭാഗമായി പദ്ധതി വിഹിതം ഓരോ വർഷവും വർദ്ധിപ്പിച്ചു വരുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ അത് 147.51 കോടി രൂപയാണ്.

കൂടാതെ നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന പ്രവാസി ഡിവിഡന്റ് പദ്ധതിയും പ്രവാസി ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്കു പുറമെ പ്രവാസി ക്ഷേമനിധി അംഗങ്ങൾക്കായി പ്രവാസി ഭവന പദ്ധതിയും ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്.

## ക്ലീൻ അക്വിഫർ ക്യാമ്പയിൻ

18(*168) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലാശയങ്ങളുടെ സംരക്ഷണത്തിനായി ക്ലീൻ അക്വിഫർ ക്യാമ്പയിൻ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എപ്രകാരമാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

വിവിധ വകുപ്പുകളുടെ പദ്ധതി സംയോജനത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ജല സമിതികൾക്ക് രൂപം കൊടുക്കുകയും ജലനടത്തം, ജലസഭ മുതലായ പരിപാടികളുടെ ഭാഗമായി ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ കണ്ടെത്തി ശുചിയാക്കുന്നതിനും മലിനീകാരികളായ ഉറവിടങ്ങളെ കണ്ടെത്തി അത്തരം ഉറവിടങ്ങൾ തടഞ്ഞ് കൊണ്ടുമുള്ള നടപടിയാണ് നടന്നുവരുന്നത്.

(സി) പ്രസ്തുത പദ്ധതി മുഖേന തോടുകൾ ശുചിയാക്കുന്നതിനുള്ള കർമ്മ പരിപാടിക്ക് രൂപം നൽകുമോ; വിശദമാക്കുമോ?

ജല നടത്തത്തിലൂടെയും ജലസഭയിലെ ചർച്ചയിലൂടെയും ഉയർന്നു വരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ അവിഷ്കരിച്ചുകൊണ്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

(ഡി) പ്രസ്തുത പദ്ധതി മുഖേന പൊതുകുളങ്ങൾ, നീരുറവകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണം തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന എപ്രകാരം നടപ്പാക്കുവാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കുമോ?

പൊതു ജനപങ്കാളിത്തത്തോടെയും അനുബന്ധ ഏജൻസികളുടെ സഹകരണത്തോടെയും ശാസ്ത്രീയ ഖര-ദ്രവ മാലിന്യ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലൂടെയും കൂടാതെ ഹരിത കർമ്മസേന മുഖേനയുള്ള വാതിൽപ്പടി പാഴ്വസ്തു ശേഖരണം കാര്യക്ഷമമാക്കിയും ജല സ്രോതസ്സുകളിൽ മാലിന്യം എത്തുന്നത് തടഞ്ഞുകൊണ്ടുള്ള ജല സ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ശുചീകരിക്കുന്ന ഇടങ്ങളിൽ ജനകീയ

വിജിലൻസ് സംവിധാനം ഉറപ്പാക്കി വീണ്ടും ജലസ്രോതസ്സുകൾ മലിനപ്പെടുന്നത് ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനം

19(*169) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2013-ലെ എൽ.എ.ആർ.ആർ. ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പഠനം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇതിനായി അതിരുകല്ലുകൾ സ്ഥാപിക്കുന്നത് അവസാനിപ്പിക്കാനും പകരം അതിരുകൾ ജി.പി.എസ്. ഉപയോഗിച്ച് ഡിജിറ്റലായി അടയാളപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തീരുമാനമെടുക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ?

കല്ലുകൾ സ്ഥാപിച്ചും ജിയോ ടാഗിംഗ് നടത്തിയുമാണ് സാമൂഹികാഘാത പഠനം പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) കല്ലിടൽ നടപടി അവസാനിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കല്ലിടൽ സംബന്ധിച്ച് എടുത്ത കേസുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കല്ലിടൽ പ്രക്രിയ അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടില്ല.

## തെളിനീരൊഴുകും നവകേരളം

20(*170) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയ ദ്രവമാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി മുഴുവൻ ജലാശയങ്ങളെയും മാലിന്യമുക്തമായും വൃത്തിയായും സംരക്ഷിക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

&

(ബി) തെളിനീരൊഴുകും നവകേരളം ജനകീയ ക്യാമ്പയിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

സംസ്ഥാനത്തെ എല്ലാത്തരം ജലസ്രോതസ്സുകളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിലേയ്ക്കായി "തെളിനീരൊഴുകും നവകേരളം" എന്ന പേരിൽ ഒരു ജനകീയ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടത്തപ്പെടുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ജലസ്രോതസ്സുകളിലെ മലിനീകരണം മാപ്പിംഗ് ചെയ്യുന്നതിനുമായി സംസ്ഥാന തലത്തിൽ ജി.ഐ.എസ്. സോഫ്റ്റ്‌വെയർ സംവിധാനം രൂപപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ആയതിലൂടെ പ്രവർത്തന പുരോഗതി വിലയിരുത്തി വരികയും ചെയ്യുന്നുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെട്ട ജല സ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ കണ്ടെത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും വാർഡ്

തലങ്ങളിലും പ്രത്യേക ജലസമിതികൾ രൂപീകരിച്ച് ജലനടത്തം, ജലസഭ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ കണ്ടെത്തുന്ന മലിനീകാരികളായ ഉറവിടങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയ ഖര-ദ്രവ മാലിന്യ പരിപാലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി സമ്പൂർണ്ണ ജല ശുചിത്വം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) വാതിൽപ്പടി പാഴ്വസ്തു ശേഖരണം കാര്യക്ഷമമാക്കിയും ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കിയും ജല സ്രോതസ്സുകളിലേയ്ക്ക് മാലിന്യം എത്തുന്നത് തടയുവാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പരിഗണനയിലുണ്ട്. ഹരിത കർമ്മസേന മുഖേന വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പാഴ്വസ്തുക്കൾ ശേഖരിക്കുന്ന നടപടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ഗാർഹിക– സ്ഥാപന പൊതു തലങ്ങളിൽ ദ്രവമാലിന്യ പരിപാലന പദ്ധതികൾ ആവിഷ്കരിച്ച് ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം എത്തുന്നത് തടയുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

<u>ഐ.ടി. പാർക്കുകളുടെ വിപുലീകരണം</u>

21(*171) ശ്രീ. കെ.വി.സുമേഷ്:
ശ്രീ. വി. ജോയി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഐ.ടി. വ്യവസായ വികസനത്തിനായി കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി കോവിഡ്കാലത്ത് പോലും പ്രമുഖ കമ്പനികൾ ഉൾപ്പെടെയുള്ളവയെ സംസ്ഥാനത്തേയ്ക്ക് ആകർഷിച്ച് കുതിപ്പ് നേടാനായോ?

സർക്കാർ ഐ.ടി. പാർക്കുകളിൽ സൃഷ്ടിച്ച അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും വികസനപ്രവർത്തനങ്ങളുടെയും ഫലമായി ദേശീയ-അന്തർദേശീയ പ്രാധാന്യമുള്ള പ്രമുഖ ഐ.ടി. കമ്പനികളേയും സംരംഭകരേയും സംസ്ഥാനത്തേയ്ക്ക് ആകർഷിച്ച് ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സോഫ്റ്റ്വെയർ കയറ്റുമതിയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കി ഐ.ടി. മേഖലയിൽ വൻതോതിലുള്ള കുതിപ്പ് നേടുവാനും സർക്കാരുകൾക്ക് സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുണ്ടാക്കിയ പ്രതിസന്ധികൾക്കിടയിലും സർക്കാർ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി. ഇതര

സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ വാടക ഇളവും മറ്റ് ആനുകൂല്യങ്ങളും സ്ഥാപനങ്ങൾക്ക് വലിയ തോതിൽ ആശ്വാസമാവുകയും അവയെ നിലനിർത്തുന്നതിനും സഹായകമായി. ഈ നടപടി ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കമ്പനികൾക്ക് പാർക്കിൽ നിക്ഷേപം നടത്തുവാൻ പ്രേരകമാവുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. കോവിഡ് കാലയളവിൽ തിരുവനന്തപുരം ടെക്നോപാർക്കിൽ 41, കൊച്ചി ഇൻഫോപാർക്കിൽ 100, കോഴിക്കോട് സൈബർപാർക്കിൽ 40 എന്നിങ്ങനെ ആകെ 181 പുതിയ കമ്പനികൾ പ്രവർത്തനമാരംഭിച്ചു. ഈ കാലയളവിൽ ടെക്നോപാർക്കിൽ 1700, ഇൻഫോപാർക്കിൽ 8000, സൈബർപാർക്കിൽ 700 എന്നിങ്ങനെ ഏകദേശം 10400 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയുമുണ്ടായി.

(ബി) നിലവിലുള്ള ഐ.ടി. പാർക്കുകളുടെ വിപുലീകരണത്തിന്റെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെയും ഫലമായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതുതായി കൂട്ടിച്ചേർക്കാൻ കഴിഞ്ഞ ഐ.ടി. സ്പേസ് എത്രയാണ്; വിശദമാക്കാമോ?

തിരുവനന്തപുരം ടെക്നോപാർക്കിൽ 20.9 ലക്ഷം ചതുരശ്ര അടിയും കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ചതുരശ്ര അടിയും കോഴിക്കോട്

സൈബർപാർക്കിൽ 2.88 ലക്ഷം ചതുരശ്ര അടിയുമുൾപ്പെടെ മൊത്തം 46.4 ലക്ഷം ചതുരശ്ര അടി ഐ.ടി. സ്പേയ്സുകൾ വികസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വ്യവസായത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ മാത്രം കേന്ദ്രീകരിക്കാതെ വ്യവസായ വിപുലീകരണത്തിന് ഐ.ടി. ഇടനാഴികൾ സൃഷ്ടിക്കാനായുള്ള പദ്ധതിക്ക് പ്രാരംഭം കുറിക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

നാലുവരിപ്പാതയായി വികസിപ്പിക്കുന്ന ദേശീയപാത 66-ന് സമാന്തരമായ നാല് ഐ.ടി. ഇടനാഴികൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ നാല് ഇടനാഴികളും സംസ്ഥാനത്തെ നിലവിലുള്ള ഐ.ടി. കേന്ദ്രങ്ങളിൽനിന്ന് ഉത്ഭവിക്കും. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽനിന്ന് കൊല്ലത്തേയ്ക്ക്, എറണാകുളത്ത് നിന്ന് കൊരട്ടിയിലേയ്ക്ക്, എറണാകുളത്തുനിന്ന് ചേർത്തലയിലേയ്ക്ക്, കോഴിക്കോട് നിന്ന് കണ്ണൂരിലേയ്ക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ. കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സൗകര്യം നിർമ്മിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ടെക്നോപാർക്ക് ഫേസ് III- എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് NH 66-ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദ്ദിഷ്ട ഇടനാഴികൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 14-25 ഏക്കർ വരെ ഭൂമി വാങ്ങി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

22(*172) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഓരോ ഫയലും ഓരോ മനുഷ്യന്റെ ജീവിതമാണെന്ന കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്നതിനും സിവിൽ സർവ്വീസിൽനിന്നും അഴിമതിയും കൈക്കൂലിയും പൂർണ്ണമായും തടയുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഇന്ത്യയിൽ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. എന്നാൽ എല്ലാ തലത്തിലുമുള്ള അഴിമതികളും ഇല്ലാതാക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ

സ്വീകരിച്ചിട്ടുള്ളത്. അഴിമതിരഹിത ഭരണസംവിധാനം കൊണ്ടുവരുന്നതിനായി സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. അഴിമതി ഇല്ലാതാക്കുന്നതിനായി സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാക്കാനും നടപടിക്രമങ്ങൾ ലഘൂകരിക്കാൻ പല സർട്ടിഫിക്കറ്റുകൾ ഒഴിവാക്കാനും നടപടിയായിട്ടുണ്ട്. സേവനങ്ങൾ മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്ന എം-സേവന പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. സേവനങ്ങൾക്കായി പൊതുജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടേയും പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം നടപ്പാക്കിവരികയാണ്. ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ മുൻനിർത്തി ചട്ടപരിഷ്കരണത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അഴിമതിരഹിത സദ്ഭരണം ഉറപ്പുവരുത്തുന്നതിനായി നാലാം ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കി വരികയാണ്. അഴിമതി ഇല്ലാതാക്കുന്നതിന് നിയമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക്

സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനും അഴിമതി കുറയ്ക്കുന്നതിനുമായി സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. അതേസമയം സർക്കാർ സേവനം ലഭ്യമാക്കുന്നതിനായി പൊതുജനങ്ങളിൽനിന്നും കൈക്കൂലി ആവശ്യപ്പെടുന്നത് സംബന്ധിച്ച് പരാതികൾ ലഭിക്കുന്നുണ്ട്. ഇത്തരം പരാതികളിൽ അവയുടെ സ്വഭാവമനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രഹസ്യാന്വേഷണം/സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്.

ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സെക്രട്ടേറിയറ്റിലും മറ്റ് വകുപ്പുകളിലും നിലവിൽ കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് സെപ്റ്റംബർ 30 വരെ നീണ്ടുനിൽക്കുന്ന തീവ്രയജ്ഞ പരിപാടിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ ഫയൽ നീക്കം വേഗത്തിലാക്കുന്നതിന് ഫയൽ തട്ടുകൾ കുറച്ചുകൊണ്ട് ഇതിനകം തീരുമാനമെടുത്തിട്ടുണ്ട്. ഫയലിന്റെ ആരംഭം മുതൽ

തീർപ്പാക്കൽ വരെയുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സോഫ്റ്റ്‌വെയറുകൾ ഉപയോഗപ്പെടുത്തി വിവിധ വകുപ്പുകളിലെ ഫയൽ നീക്കം തുടർച്ചയായി അവലോകനം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) ആയതിന് ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടുകൾ സഹായകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇതിൽ 7 എണ്ണത്തിൽ ചീഫ് സെക്രട്ടറിതല സമിതി പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 5 എണ്ണം മന്ത്രിസഭ പരിഗണിച്ച് തീരുമാനമെടുത്തിട്ടുണ്ട്.

നാലാം ഭരണപരിഷ്കാര കമ്മീഷന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ ലഘൂകരിച്ച് സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനും അത്യാവശ്യമില്ലാത്ത സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് നിർത്തലാക്കുവാനും കഴിയുന്നിടത്തോളം സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ/സത്യവാങ്മൂലം നൽകുന്ന സംവിധാനം നടപ്പിലാക്കാനും

തീരുമാനിച്ചുകൊണ്ട് 13.8.2021-ലെ ജി.ഒ.(എം.എസ്)നം.19/2021/ഉഭപവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സ്ഥിരമായ എല്ലാ സർട്ടിഫിക്കറ്റുകളും ഡിജിലോക്കർ ഇലക്ട്രോണിക് സംവിധാനത്തിലൂടെ നൽകുന്നതിനും അവ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, മറ്റ് റിക്രൂട്ട്മെന്റ് സംവിധാനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തിയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സത്യവാങ്മൂലം മാത്രം സമർപ്പിച്ചാൽ ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങൾ കണ്ടെത്തുവാനും അത്യാവശ്യമല്ലാത്ത സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നത് ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്.

(സി) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കർമ്മശേഷിയും കാര്യപ്രാപ്തിയുമുള്ള ഉദ്യോഗസ്ഥ ശ്രേണിയിലൂടെ സിവിൽ സർവീസ് കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS) രൂപീകരിച്ചത്. സിവിൽ സർവീസിന്റെ കാര്യക്ഷമത കൂട്ടുന്നതിന് എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന (IMG)

പരിശീലനം നൽകിവരുന്നുണ്ട്. ഉദ്യോഗസ്ഥ സാന്നിധ്യം ഉറപ്പാക്കി മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും സിവിൽ സർവീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി എല്ലാ സർക്കാർ ആഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## മയക്കുമരുന്നിന്റെ ഉപയോഗം തടയാൻ നടപടി

23(*173) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) പുതുതലമുറയുടെ മയക്കുമരുന്ന് ഉപയോഗം വലിയ തോതിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിന് എതിരെ ശക്തമായ നടപടി സ്വീകരിക്കാൻ എന്തെല്ലാം പുതിയ സംവിധാനങ്ങൾ ആണ് സ്വീകരിച്ചു വരുന്നത്?

ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളിലൂടെയും വിമുക്തി മിഷൻ മുഖേനയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും പുതുതലമുറയുടെ

മയക്കുമരുന്ന് ഉപയോഗം ഇല്ലാതാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതലമുറ ഒന്നിച്ചുകൂടുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ, ഷോപ്പിംഗ് മാളുകൾ, ഡി.ജെ. പാർട്ടികൾ, സിനിമാ ചിത്രീകരണ സ്ഥലങ്ങൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ബസ് സ്റ്റാന്റുകൾ, റെയിൽവെ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വാഹന പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. യുവാക്കൾ സംഗമിക്കുന്ന ഫ്ളാറ്റുകൾ പോലെയുള്ള കേന്ദ്രങ്ങൾ, യുവാക്കൾ റേസിംഗ് ബൈക്കുകളിൽ അധികമായി ഒത്തുകൂടുന്ന ഇടങ്ങൾ, സ്കൂൾ, കോളേജ്, ഹോസ്റ്റൽ പരിസരങ്ങൾ, പ്രാദേശികമായി ഉത്സവങ്ങളും പെരുന്നാളുകളും മറ്റ് ആഘോഷങ്ങളും നടക്കുന്ന ഇടങ്ങൾ എന്നിവിടങ്ങളിൽ രഹസ്യ നിരീക്ഷണവും പരിശോധനയും നടത്തുന്നുണ്ട്. പുതുതലമുറ മയക്കുമരുന്ന് കടത്തിന് അധികമായി ആശ്രയിക്കുന്ന ദീർഘദൂര ബസ്സുകൾ പോലീസുമായി ചേർന്നും ട്രെയിനുകൾ റെയിൽവേ സംരക്ഷണ സേനയുമായി ചേർന്നും പരിശോധിച്ചുവരുന്നു.

(ബി) വിമുക്തി മുഖേന സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുമോ?

സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ച് ശരിയായ അറിവ് നൽകി ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ കുട്ടികളിൽ വളർത്തിയെടുക്കുന്നതിനാണ് വിമുക്തി പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലേ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് ക്യാമ്പസ്സുകളിൽ “ നേർക്കൂട്ടം” എന്ന പേരിലും ഹോസ്റ്റലുകളിൽ “ ശ്രദ്ധ” എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ടി കമ്മിറ്റികൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും ആർട്ട്സ് & സയൻസ് കോളേജുകളിലും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ലഹരിയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് "കവചം" എന്ന പേരിൽ ഒരു കൈപ്പുസ്തകവും വിദ്യാർത്ഥികൾ ലഹരിയുടെ പിടിയിൽ അകപ്പെടാതെ സംരക്ഷിക്കുന്നതിന് അദ്ധ്യാപകരും രക്ഷകർത്താക്കളും ശ്രദ്ധിക്കേണ്ട കാര്യങ്ങളും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ അതിൽ നിന്ന് പിൻതിരിപ്പിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി "കരുതൽ" എന്ന പേരിൽ ഒരു കൈപ്പുസ്തകവും വിമുക്തി മിഷൻ തയ്യാറാക്കി വിതരണം നടത്തി വരുന്നു.

(സി) മയക്കമരുന്നിനെതിരെ വ്യാപകമായി നിരന്തരം റെയ്ഡുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മയക്കുമരുന്നിനെതിരെ എക്സൈസ് വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഓഫീസുകൾ സംയോജിതമായും പോലീസ്, ഫോറസ്റ്റ്, റവന്യൂ തുടങ്ങിയ മറ്റ് വകുപ്പുകളുമായി ചേർന്നും നിരന്തരം റെയ്ഡുകൾ നടത്തിവരുന്നുണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഫീൽഡു തലത്തിൽ റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ തല കൺട്രോൾ റൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, മേജർ കേസ്സുകൾ അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ച് യൂണിറ്റുകൾ എന്നിവയും കൂടാതെ സംസ്ഥാനം മുഴുവൻ അധികാരപരിധിയുള്ള ഒരു സ്ക്വാഡും മൂന്ന് മേഖലാ സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു. ആഘോഷങ്ങളിലും ഉത്സവങ്ങളിലും ലഹരി ഉപയോഗം തടയുന്നതിനായി അത്തരം ഇടങ്ങളിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഓണം, ക്രിസ്തുമസ്, പുതുവത്സര ആഘോഷം, പൊതു തെരഞ്ഞെടുപ്പ് തുടങ്ങിയ അവസരങ്ങളിൽ എക്സൈസ് വകുപ്പ് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് നടപ്പിലാക്കി, ലഹരി ഉത്പ്പാദനം, ലഹരി വസ്തുക്കളുടെ ദുരുപയോഗം, കടത്ത്, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം

24(*174) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മികവിന്റെ കേന്ദ്രമാക്കുന്നതിനുമുള്ള ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എല്ലാ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി-കൾ വിപുലീകരിച്ച് രോഗീസൗഹൃദമാക്കിയിട്ടുണ്ട്. ഇ-ഹെൽത്ത് സംവിധാനം ഒരുക്കി ഒ.പി-കൾ പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡ് ചെയ്തുവരുന്നു. കൂടാതെ ആശുപത്രികളിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ

വീട്ടിലിരുന്ന് ഡോക്ടറെ കാണുവാൻ അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ടെലിമെഡിസിൻ, ഇ-സഞ്ജീവനി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിക്ക് തുടക്കംകുറിച്ചു. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച ഈ പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നതിനെത്തുടർന്ന് മറ്റ് മെഡിക്കൽ കോളേജുകളിലും നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളുടെയും നിലവാരം ഉയർത്തുന്നതിന് അതിനൂതന ഉപകരണങ്ങൾ സ്ഥാപിച്ച് കൂടുതൽ രോഗീസൗഹൃദമാക്കുന്നതിന് ലക്ഷ്യമിട്ട് മെഡിക്കൽ കോളേജുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട് ഇതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

(ബി) പി. ജി. ഡോക്ടറെന്ന വ്യാജേന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗിയെ ചികിത്സിച്ച് തട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഈ സംഭവം ഗൗരവത്തോടെ കണ്ട് സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിരവധി ദിവസങ്ങളായി ഒരു വ്യക്തി ഡോക്ടർ ചമഞ്ഞ് തട്ടിപ്പ് നടത്തിയിട്ടും കണ്ടുപിടിക്കാൻ വൈകിയതായി പറയപ്പെടുന്നത് വീഴ്ചയായി കരുതുന്നുണ്ടോ?

ചികിത്സ നടത്തിയെന്നു പറയപ്പെടുന്ന രോഗിയുടെ കൂട്ടിരിപ്പുകാരനായിട്ടാണ് ഇയാൾ ഈ ആശുപത്രിയിൽ പ്രവേശിച്ചത്. ആയതിനാലാണ് ശ്രദ്ധയിൽപ്പെടാതെ പോയത്. ആശുപത്രി ജീവനക്കാർ തന്നെ ഇയാളെ കണ്ടെത്തുകയും പോലീസിൽ പരാതി നൽകുന്നതുൾപ്പടെയുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ഡി) വ്യാജ ഡോക്ടർ ചികിത്സ നടത്തിയതും വൃക്ക മാറ്റിവയ്ക്കലിനിടെ രോഗി മരിച്ചതുമടക്കമുള്ള നിരവധി സംഭവങ്ങൾ ആവർത്തിക്കുന്നതും ഉത്തരവാദിത്തപ്പെട്ടവരുടെ അനാസ്ഥ മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വ്യാജഡോക്ടർ ചികിത്സ നടത്തിയതും വൃക്ക മാറ്റി വയ്ക്കലിനിടെ രോഗി മരിച്ചതുമായ സംഭവങ്ങൾ വ്യത്യസ്ത സ്ഥലങ്ങളിലായി വ്യത്യസ്ത ദിവസങ്ങളിൽ സംഭവിച്ചിട്ടുള്ള ഒറ്റപ്പെട്ട സംഭവങ്ങളാണ്. ചികിത്സ

നടത്തിയെന്നു പറയപ്പെടുന്ന ആൾ രോഗിയുടെ കൂട്ടിരിപ്പുകാരനായിട്ടാണ് ഈ ആശുപത്രിയിൽ പ്രവേശിച്ചത്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ തുടർന്ന് രോഗി മരിച്ചതിന്റെ കാരണം പോസ്റ്റ്മോർട്ടം റിപ്പോർട്ട്കൂടി ലഭ്യമായാൽ മാത്രമേ അറിയുവാൻ കഴിയുകയുള്ളൂ.

(ഇ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മെഡിക്കൽ കോളേജുകളുടെ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സി.സി.ടി.വി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡ്യൂട്ടി സമയങ്ങളിൽ ഡോക്ടർമാർ, നഴ്സുമാർ, ഉൾപ്പടെയുള്ള എല്ലാ വിഭാഗം ജീവനക്കാരും വിദ്യാർത്ഥികളും ഐ.ഡി. കാർഡ് നിർബന്ധമായും ധരിച്ചിരിക്കണമെന്നുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാപേരുടെയും ഐ.ഡി. കാർഡ് പരിശോധിക്കുകയും രോഗികളുടെ കൂട്ടിരിപ്പുകാരുടെ പാസ്സ് പരിശോധിച്ച മാത്രമേ അകത്തേയ്ക്ക് കയറ്റി വിടാവൂ എന്ന് സുരക്ഷാ വിഭാഗം ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>വൃക്കമാറ്റിവയ്ക്കലിനെ തുടർന്ന് രോഗി മരിച്ച സംഭവം</u>

25(*175) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u>

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളജിൽ വൃക്കമാറ്റിവയ്ക്കൽ വൈകിയതിനെ തുടർന്ന് രോഗി മരിച്ച സംഭവത്തെ സർക്കാർ ഗൗരവമായി കാണുന്നുണ്ടോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ തുടർന്ന് രോഗി മരിച്ച സംഭവം സർക്കാർ ഗൗരവത്തോടെ തന്നെയാണ് കാണുന്നത്.

(ബി) ഈ സംഭവത്തിൽ ഡോക്ടർമാരുടേയും ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്ന് ഏകോപനത്തിലും ഉത്തരവാദിത്വം നിറവേറ്റുന്നതിലും വീഴ്ചയുണ്ടായതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്ക് എതിരെ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സംഭവത്തിന്മേൽ ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തിവരികയാണ്. സംഭവവുമായി ബന്ധപ്പെട്ട്

നെഫ്രോളജി, യൂറോളജി എന്നീ വകുപ്പ് മേധാവികളെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സംഭവം സംബന്ധിച്ച് ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സംഭവത്തിന്മേൽ അഡീഷണൽ ചീഫ് സെക്രട്ടറി അന്വേഷണം നടത്തിവരികയാണ്. അന്വേഷണം പൂർത്തിയായിട്ടില്ല.

(ഡി) മെഡിക്കൽ കോളേജ് അധികൃതർ ഏകോപനത്തിൽ വീഴ്ച വരുത്തിയതുമൂലം ഉണ്ടായതായി പറയപ്പെടുന്ന സംഭവത്തിന്റെ പേരിൽ വൃക്കയുമായി വന്ന ആംബുലൻസിലെ ജീവനക്കാർക്കെതിരെ മെഡിക്കൽ കോളേജ് അധികൃതർ പോലീസിന് പരാതി നൽകാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

കൊച്ചിയിൽനിന്നും വൃക്ക കൊണ്ടുവന്ന ആംബുലൻസിലെ ജീവനക്കാർക്കെതിരെയല്ല മെഡിക്കൽ കോളേജ് അധികൃതർ പോലീസിൽ പരാതി നൽകിയിട്ടുള്ളത്.

## സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം

26(*176) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ജീവനക്കാരുടെ ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത നടപടികൊണ്ട് എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ഉണ്ട്. ഭരണ നവീകരണത്തിന്റെ ഭാഗമായി സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സ്പാർക്ക് മുഖേന ശമ്പള ബിൽ തയ്യാറാക്കുന്ന സ്ഥാപനങ്ങളെ ഇതുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു

വരുന്നു. സെക്രട്ടേറിയറ്റിൽ ബയോമെട്രിക് പഞ്ചിംഗ് സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതുവഴി ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതോടൊപ്പം ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതും ലക്ഷ്യമിടുന്നു. സ്പാർക്ക് അധിഷ്ഠിത പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന ഓഫീസുകളിൽ ലീവ് സംവിധാനം പൂർണ്ണമായും സ്പാർക്ക് വഴി ഓൺലൈനാക്കാനും ഉദ്ദേശിക്കുന്നു.

(ബി) ജീവനക്കാരുടെ ജോലിഭാരം പഠിക്കുന്നതിനും ജോലി ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പ്രത്യേക പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ വൈജ്ഞാനിക ഭരണ നിർവ്വഹണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി ഓരോ വകുപ്പിലും വകുപ്പ് സെക്രട്ടറി ചെയർമാനായി പ്രത്യേക സമിതികൾ രൂപീകരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുഭരണ വകുപ്പിൽ ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് ദേശീയ പുരസ്കാരം

27(*177) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ സൂചികയിൽ ദേശീയ തലത്തിൽ സംസ്ഥാനത്തിന് പുരസ്കാരം ലഭിക്കുകയുണ്ടായോ?

2021-22 കാലയളവിൽ ഭക്ഷ്യ സുരക്ഷാ സൂചികയിൽ ദേശീയ തലത്തിൽ കേരളത്തിന് ആറാം സ്ഥാനം ലഭിക്കുകയുണ്ടായി. ഇതുകൂടാതെ Eat Right Challenge-ൽ പങ്കെടുത്ത രാജ്യത്തെ 187 നഗരങ്ങളിൽ കേരളത്തിൽനിന്നും പങ്കെടുത്ത തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസർഗോഡ് എന്നീ 4 ജില്ലകളും മുൻ നിരയിലെത്തി. ഇതിനായുള്ള പ്രശംസാപത്രം ബഹു. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയിൽ നിന്നും ലോക ഭക്ഷ്യസുരക്ഷാ ദിനമായ ജൂൺ 7-ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഏറ്റുവാങ്ങി.

(ബി) വിപണനത്തിനായി ആഹാര പദാർത്ഥങ്ങൾ പാചകം ചെയ്യുന്ന സ്ഥാപനങ്ങളും അവ വിപണനം നടത്തുന്നവയുമെല്ലാം ഭക്ഷ്യ സുരക്ഷ നിയമപ്രകാരം ലൈസൻസോ രജിസ്ട്രേഷനോ എടുത്തിരിക്കണമെന്ന വ്യവസ്ഥ നിരവധി സ്ഥാപനങ്ങൾ പാലിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കാൻ കർശന നടപടി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം വിപണനത്തിനായി ആഹാരപദാർത്ഥങ്ങൾ പാചകം ചെയ്യുന്ന സ്ഥാപനങ്ങളും അവ വിപണനം നടത്തുന്നതുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം/സംഭരണം/വിതരണം/വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യസംരംഭകർ ഭക്ഷ്യസുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുള്ള ലൈസൻസോ രജിസ്ട്രേഷനോ എടുക്കാതെ സംസ്ഥാനത്ത് പല സ്ഥാപനങ്ങളും ഭക്ഷണ

പദാർത്ഥങ്ങൾ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലൈസൻസും രജിസ്ട്രേഷനും എടുക്കുന്നതിന് സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ലൈസൻസ് രജിസ്ട്രേഷൻ മേളകൾ നടത്തിവരുന്നു.

ലൈസൻസും ശുചിത്വവുമില്ലാത്ത കടകളിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നത് തടയുന്നതിനും പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ 51313 സ്ഥാപനങ്ങൾ പരിശോധിക്കുകയും 10512 സാമ്പിളുകൾ ശേഖരിക്കുകയും 6646 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 1,00,71,250 രൂപ (ഒരു കോടി എഴുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി അൻപത് രൂപ) പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 648 അഡ്ജ്യൂഡിക്കേഷൻ കേസുകളും 394 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

(സി) ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യവും മാംസവും വ്യാപകമായി വിപണനം ചെയ്യപ്പെടുന്നത് തടയാൻ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ പിഴ ഈടാക്കുന്നതിന് പുറമെ

പ്രോസിക്യൂഷൻ നടപടികൾ ശക്തിപ്പെടുത്താൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ?

ഉണ്ട്. കേരളത്തിൽ വിപണനം നടത്തുന്ന മത്സ്യം, മാംസം എന്നിവയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് മത്സ്യം, മാംസം എന്നിവയുടെ പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനായി ' ഓപ്പറേഷൻ മത്സ്യ' എന്ന പ്രത്യേക പരിശോധനകൾക്ക് രൂപം നൽകുകയും സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക്പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 22.06.2022 വരെ 5549 മത്സ്യ പരിശോധനകൾ നടത്തുകയും 2797 സർവൈലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 131 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ്

നൽകുകയും 17283 കിലോഗ്രാം കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ പല ഹോട്ടലുകളിൽനിന്നും മാംസവിഭവങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷണപദാർത്ഥങ്ങൾ പരിശോധിക്കുകയും അവയുടെ സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് മാംസം അടങ്ങിയ ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2022 മേയ് മുതൽ നാളിതുവരെ 5605 പരിശോധനകൾ നടത്തുകയും 548 സർവൈലൻസ് സാമ്പിളുകളും 119 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ശേഖരിക്കുകയും ഭക്ഷ്യയോഗ്യമല്ലാത്ത 436 കിലോഗ്രാം പാചകം ചെയ്തതും അല്ലാത്തതുമായ മാംസം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഭക്ഷ്യ സുരക്ഷാ പരിശോധന വ്യാപകമാക്കുന്നതിന് സഞ്ചരിക്കുന്ന ലബോറട്ടറികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. കേരളത്തിലെ ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ

പരിശോധനാ ലാബുകൾ (Food Safety on Wheels) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഭക്ഷണസാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. പൊതുജനങ്ങളിൽനിന്നും ലഭ്യമാകുന്ന കുടിവെള്ളം, പാൽ, ഭക്ഷ്യ എണ്ണ എന്നിവ ടി ലബോറട്ടറികളിൽ എളുപ്പത്തിൽ പരിശോധിക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. കൂടാതെ IEC പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനും ടി ലാബുകൾ ഉപയോഗിച്ചുവരുന്നു.

## വർഗ്ഗീയ, തീവ്രവാദ പ്രസ്ഥാനങ്ങളെ അടിച്ചമർത്തുന്നതിന് നടപടി

28(*178) ശ്രീ. എച്ച്. സലാം:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ചില വർഗ്ഗീയ, തീവ്രവാദ പ്രസ്ഥാനങ്ങൾ പരസ്പരം ആക്രമണവും കൊലപാതകവും നടത്തി വർഗ്ഗീയവിഭജനത്തിന് നടത്തുന്ന നീക്കങ്ങൾ അടിച്ചമർത്താൻ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സാമുദായികസ്പർദ്ധ ഉണ്ടാക്കുന്നവിധം പ്രചാരണങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും പോലീസിന്റെ വിവിധ വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഇന്ത്യൻ പീനൽ കോഡിലെ വിവിധ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം പ്രസ്ഥാനങ്ങൾ സാമുദായിക വിദ്വേഷം ഉണ്ടാക്കുന്ന തരത്തിൽ ജാഥകളും യോഗങ്ങളും സംഘടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശന നടപടിയെടുത്തിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഒരു മുൻ എം.എൽ.എ.-യും ഒരു കേന്ദ്ര സഹമന്ത്രിയും ഉൾപ്പെടെയുള്ളവർ വർഗ്ഗീയ വിദ്വേഷവും സാമുദായിക സ്പർദ്ധയും ഉണ്ടാക്കാൻ ശ്രമിച്ചതിനെതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇത്തരം മതവിദ്വേഷ പ്രസംഗം നടത്തിയതിന് അറസ്റ്റിലായ മുൻ എം.എൽ.എ.-യെ പിന്തുണച്ചുകൊണ്ട് സാമുദായിക വിദ്വേഷം ഉണ്ടാക്കുന്ന തരത്തിൽ കേന്ദ്ര

സഹമന്ത്രി പ്രതികരിച്ചത് സത്യപ്രതിജ്ഞാ ലംഘനവും ഭരണഘടന നിരാസവുമായി കാണുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ?

മുൻ എം.എൽ.എ. വിവാദ പ്രസംഗം നടത്തിയ കാര്യത്തിൽ ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 677/2022 u/s 295 A, 153 (A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കൊച്ചിയിൽ ക്ഷേത്ര സപ്താഹത്തോടനുബന്ധിച്ച് നടന്ന യോഗത്തിലും മതവിദ്വേഷ പ്രസംഗം നടത്തിയതിനെതിരെ പാലാരിവട്ടം പോലീസ് സ്റ്റേഷനിലും ക്രൈം നം. 487/2022 u/s 153(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

<u>ഭക്ഷണശാലകളുടെ ശുചിത്വവും ഭക്ഷണ ഗുണനിലവാരവും</u>

29(*179) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. ലിന്റോ ജോസഫ്</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി <u>(ശ്രീമതി വീണാ ജോർജ്)</u> സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളും മറ്റ് ഭക്ഷണ ശാലകളും വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്നത് അവസാനിപ്പിക്കുന്നതിനും ഇവിടങ്ങളിൽ പഴകിയതും അനാരോഗ്യകരമായതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ഭക്ഷണസാധനങ്ങൾ വിൽക്കുന്നത് തടയുന്നതിനുമായി പ്രത്യേക നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികളായ നോട്ടീസ് (റെക്ടിഫിക്കേഷൻ/ഇംപ്രൂവ്മെന്റ്), പിഴ അടപ്പിക്കൽ, ക്ലോഷർ, പ്രോസിക്യൂഷൻ/അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

അടുത്തകാലത്തുണ്ടായ ചില സംഭവങ്ങളെ തുടർന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ വർദ്ധിപ്പിക്കുകയും കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഹെൽത്ത് വിഭാഗം

ജീവനക്കാരുമായി ചേർന്നും ഫിഷറീസ്, ഡയറി വകുപ്പുകൾ തുടങ്ങിയവയുമായി ചേർന്നും കൂടുതൽ പരിശോധനകൾ നടത്തുകയും ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാരം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ ഷവർമ്മ എന്ന പദ്ധതിയുടെ ഭാഗമായി മാത്രം കഴിഞ്ഞ 3 മാസങ്ങളിൽ 5605 പരിശോധനകളും ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 214 സ്ഥാപനങ്ങളെ കണ്ടെത്തുകയും വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന 162 സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്പ്പിക്കുകയും ഭക്ഷ്യസുരക്ഷാ ലൈസൻസ് എടുക്കാതെ രജിസ്ട്രേഷൻ മാത്രം എടുത്തിരുന്ന 145 സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനിൽ നിന്നും ലൈസൻസിലേയ്ക്ക് മാറുന്നതിനുള്ള നോട്ടീസ് നൽകുകയും മറ്റ് ന്യൂനതകൾ കണ്ടെത്തിയ 955 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 678 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും നൽകുകയും 548 സർവ്വൈലൻസ് സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തു.

കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ

നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും ചെയ്തിട്ടുണ്ട്.

(ബി) നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിന്റെ ഭാഗമായി പരിശോധനകൾ ഉൾപ്പെടെ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന ക്യാമ്പയിന്റെ ഭാഗമായി പരിശോധനകൾ ഉൾപ്പെടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് പ്രധാനമായും മൂന്ന് രീതിയിലാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപടികൾ സ്വീകരിക്കുന്നത്.

- എൻഫോഴ്സ്മെന്റ് നടപടികൾ
- ഭക്ഷണവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർക്കുള്ള പരിശീലനം
- പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികൾ

ഫുഡ് ബിസിനസ് സ്ഥാപനങ്ങളിലെ പരിശോധന കഴിഞ്ഞ ഒരു വർഷക്കാലയളവിൽ നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

നടത്തിയ പരിശോധനകൾ- 51313

ഫയൽ ചെയ്ത സിവിൽ കേസുകൾ - 648

ഫയൽ ചെയ്ത ക്രിമിനൽ കേസുകൾ -394

നാളിതുവരെ ഭക്ഷ്യസംരംഭകർക്കായുള്ള 2111 (രണ്ടായിരത്തി ഒരുന്നൂറ്റി പതിനൊന്ന്) FoSTaC ട്രെയിനിംഗ് ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി.

ഫുഡ് സേഫ്റ്റി കംപ്ലൈൻസ്

ഭക്ഷ്യ സുരക്ഷാ ലൈസൻസ് & റെജിസ്ട്രേഷൻ

2020-2021 മാർച്ച് 31-ലെ കണക്ക് പ്രകാരം കേരളത്തിൽ 661805 ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെ ഭക്ഷ്യ സുരക്ഷാ ലൈസെൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2022 മാർച്ച് 31-ലെ കണക്ക് പ്രകാരം 89111 ഫുഡ് സേഫ്റ്റി ലൈസൻസ് സർട്ടിഫിക്കറ്റുകളും ചെറുകിട ഭക്ഷ്യ സംരംഭകർക്ക് 572694 രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ട്.

IEC പ്രവർത്തനങ്ങൾ

(i) സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി സംസ്ഥാനത്ത് മൊത്തം 433 പഞ്ചായത്തുകളിൽ ഇതിനോടകം തന്നെ നടപ്പിലാക്കിക്കഴിഞ്ഞു.

(ii) സേഫ് ആൻഡ് ന്യൂട്രീഷ്യസ്സ് ഫുഡ് @ സ്കൂൾ (SNF@School)

സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണശീലങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സേഫ് ആൻഡ് ന്യൂട്രീഷ്യസ്സ് ഫുഡ്@സ്കൂൾ പദ്ധതി സംസ്ഥാനത്ത് മൊത്തം 1607 സ്കൂളുകളിൽ നടപ്പിലാക്കി കഴിഞ്ഞു.

<u>കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റുമായി ചേർന്ന് ഒപ്പുവെച്ചിട്ടുള്ള ധാരണാപത്ര പ്രകാരമുള്ള പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണം</u>

കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റുമായി ചേർന്ന് തയ്യാറാക്കിയ ധാരണാപത്ര പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളായ

FoSTaC Training, RUCO (Repurpose Used Cooking Oil), Hygiene Rating, Eat Right Campus, Clean Street Food Hub എന്നിവ നടപ്പിലാക്കിവരുന്നു.

പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിന് പുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന് ഏറ്റവും ഉചിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരികയും ചെയ്യുന്നു.

ജൂൺ 7-ന് ആചരിച്ച ലോക ഭക്ഷ്യസുരക്ഷാ ദിനത്തിന്റെ ഈ വർഷത്തെ Tag line “ Safer Food, Better Health” എന്നതായിരുന്നു. സുരക്ഷിതവും സമ്പുഷ്ടവുമായ ഭക്ഷണം മനുഷ്യന്റെ ശാരീരിക ആരോഗ്യത്തിനും മാനസിക ആരോഗ്യത്തിനും അനിവാര്യമാണ് എന്ന ആശയംകൂടി ഈ വർഷത്തെ സന്ദേശം കൊണ്ട് ഉദ്ദേശിക്കുന്നു. ലോക

ഭക്ഷ്യസുരക്ഷാ ദിനവുമായി ബന്ധപ്പെട്ട് 2022 ജൂൺ 7-ന് നാഷണൽ സെമിനാർ സംസ്ഥാന തലത്തിൽ സംഘടിപ്പിച്ചു. ടി ദിനവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും Quiz, Poster Designing, Debate, Painting, Walkathon, Cyclathone തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷയെ ആസ്പദമാക്കി സെമിനാർ നടത്തി. ജൂൺ 7-ന് നടന്ന സംസ്ഥാനതല നാഷണൽ സെമിനാർ ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്തു.

(സി) സംസ്ഥാനത്തെ ഹോട്ടലുകളെ ശുചിത്വം, ഭക്ഷണ ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരസ്യപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഹോട്ടലുകളെ ശുചിത്വം, ഭക്ഷണ ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരസ്യപ്പെടുത്തുന്ന Hygiene Rating എന്ന ഒരു പദ്ധതി Food Safety and Standards Authority of India (FSSAI) നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിച്ച മാനദണ്ഡപ്രകാരമാണ് നൽകുന്നത്. ആയതിൻപ്രകാരം നാളിതുവരെ 503 ഹോട്ടൽ/റെസ്റ്റോറന്റുകളിൽ ഈ പദ്ധതി നടപ്പിലാക്കി.

ഇത് പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്യുന്നതിനായി C-DIT-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ എന്നിവയെ ഹൈജീൻ റേറ്റിംഗിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറൻറുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റു ഭക്ഷ്യ ഉൽപാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് 2111 (രണ്ടായിരത്തി ഒരുനൂറ്റി പതിനൊന്ന്) FoSTaC Training ക്ലാസുകൾ ഇതിനോടകം നടത്തിയിട്ടുണ്ട്.

(ഡി) ഭക്ഷണശാലകളുടെ ശുചിത്വവും ഭക്ഷണ ഗുണനിലവാരവും സംബന്ധിച്ച് പരാതി നൽകുന്നതിന് സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ഭക്ഷണശാലകളുടെ ശുചിത്വവും ഭക്ഷണ ഗുണനിലവാരവും സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതി നേരിട്ട് നൽകുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.സി.സി. (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ച് വരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്.

കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഭക്ഷ്യ സുരക്ഷാ ഓഫീസുകളിൽ (തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ കാര്യാലയങ്ങൾ, 14 ജില്ലകളിലും പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുടെ കാര്യാലയങ്ങൾ, നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾ) നേരിട്ടെത്തിയോ ടെലിഫോൺ മുഖേനയോ ഇ-മെയിൽ മുഖേനയോ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേനയോ പൊതുജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ സംബന്ധിച്ച പരാതികൾ അറിയിക്കാവുന്നതാണ്.

## അവയവദാന ശസ്ത്രക്രിയകൾക്ക് പ്രോട്ടോകോൾ

30(*180) ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാന ശസ്ത്രക്രിയകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് അംഗീകൃത പ്രോട്ടോകോൾ നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1994-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിലെ എല്ലാ നിയമങ്ങളും 2014-ൽ നിലവിൽവന്ന ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആന്റ് ടിഷ്യൂസ് റൂൾസും പാലിച്ചുകൊണ്ടാണ് സംസ്ഥാനത്ത് അവയവദാനവും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടക്കുന്നത്. ടി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസ്ഥാന സർക്കാർ സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 19.11.2010-ലെ 14931/എസ്2/2009/ആ.കു.വ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മസ്തിഷ്ക മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാർഗരേഖകൾ 04.02.2012-ലെ സ.ഉ.(കൈ) നം.36/ 2012/ആകുവ, സ.ഉ.(കൈ)നം.37/2012/ആകുവ, സ.ഉ.(കൈ)നം.38/2012/ആകുവ എന്നീ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.+

കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട് രാജ്യത്തുതന്നെ ആദ്യമായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ 19.01.2020-ലെ സ.ഉ(കൈ)നം.07/2020/ആ.കു.വ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത് കേരള സർക്കാർ ആണ്. പകർപ്പ് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.+ തുടർന്ന് പല സംസ്ഥാനങ്ങളും ഇത് മാതൃകയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ തുടർന്ന് രോഗി മരിച്ച സംഭവത്തിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെത്തുടർന്ന് രോഗി മരിച്ച സംഭവത്തിൽ യൂറോളജി, നെഫ്രോളജി വിഭാഗം വകുപ്പ് മേധാവികളെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇക്കാര്യങ്ങളുടെ വിശദമായ അന്വേഷണം നടന്നുവരികയാണ്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഇതര സംസ്ഥാനങ്ങളിലെ ഇ-ഗവേണൻസ് സംവിധാനം

1 (1934) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഗവേണൻസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ഇതര സംസ്ഥാനങ്ങളിലെ സംവിധാനത്തെപ്പറ്റി പഠിക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത സംഘം ഏതെല്ലാം സംസ്ഥാനങ്ങൾ സന്ദർശിച്ച് പഠനം നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഭരണ കാര്യങ്ങളും പദ്ധതി അവലോകനവുമെല്ലാം വേഗത്തിലാക്കാൻ ഗുജറാത്ത് മുഖ്യമന്ത്രിയുടെ ഡാഷ് ബോർഡ് സിസ്റ്റത്തിന് സമാനമായ ഒരു സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുമൂലം ഭരണ നിർവ്വഹണം മെച്ചപ്പെടുത്താൻ സാധിക്കുമോ; വിശദാംശം നൽകുമോ?

(എ-ഡി) ഇല്ല. ഇ-ഗവേണൻസ് ഏറ്റവും ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. 'ഗുജറാത്ത് മുഖ്യമന്ത്രിയുടെ ഡാഷ് ബോർഡ്

സിസ്റ്റ'-ത്തിന്റെ പ്രസന്റേഷനിൽ പങ്കെടുക്കുന്നതിന് ചീഫ് സെക്രട്ടറിയും അദ്ദേഹത്തിന്റെ സ്റ്റാഫ് ഓഫീസറും 27.04.2022 മുതൽ 29.04.2022 വരെ ഗുജറാത്ത് സന്ദർശിച്ചു.

## വിദേശ രാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർ പഠനം

2 (1935) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിയും യുദ്ധവും കാരണം വിദേശ രാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർപഠനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയും യുദ്ധവും കാരണം മടങ്ങിയെത്തിയ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്ക് ചട്ടം

3 (1936) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്ക് ചട്ടം രൂപീകരിച്ചിട്ടില്ലാത്തവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം നിയമങ്ങളും ചട്ടങ്ങളും നിലനിൽക്കുന്നുണ്ടെന്ന് അറിയിക്കാമോ; ക്രോഡീകരിച്ച പട്ടിക ലഭ്യമാക്കുമോ; ഇവയിൽ കാലഹരണപ്പെട്ടതായി കരുതാവുന്നവ എത്രയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ചട്ടം രൂപീകരിച്ചിട്ടില്ലാത്ത നിയമങ്ങളെക്കുറിച്ച് പരിശോധിച്ചുവരുന്നു. കാലഹരണപ്പെട്ട നിയമങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശകളും പരിശോധിച്ചുവരികയാണ്.

<u>കേരളം നേട്ടങ്ങൾ കൈവരിച്ച മേഖലകൾ</u>

4 (1937) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏതെല്ലാം മേഖലകളിലാണ് മികച്ച നേട്ടങ്ങൾ കൈവരിച്ചതെന്ന് വിശദമാക്കാമോ?

ക്ഷേമ, വികസന മേഖലകളിൽ കേരളത്തിന്റെ ഒന്നാം സ്ഥാനത്തിന് കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ലോകസ്വീകാര്യത ലഭിച്ചിട്ടുണ്ട്. നീതി

ആയോഗും ഐക്യരാഷ്ട്ര സഭയും (UN in India) സംയുക്തമായി ദേശീയതലത്തിലും സംസ്ഥാന/കേന്ദ്രഭരണ പ്രദേശതലത്തിലും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലുള്ള പുരോഗതി അളക്കുന്നതിനായി ഓരോ വർഷവും തയ്യാറാക്കുന്ന റിപ്പോർട്ടാണ് SDG ഇന്ത്യ ഇൻഡക്സ് റിപ്പോർട്ട്. സുസ്ഥിര വികസന ലക്ഷ്യത്തിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചതിന്റെ പ്രതിഫലനമാണ് 2018 മുതൽ പ്രസിദ്ധീകരിക്കുന്ന SDG ഇന്ത്യ ഇൻഡക്സ് റിപ്പോർട്ടിൽ തുടർച്ചയായി മൂന്നാമതും കേരളം ഒന്നാമതെത്തിയത്.

ഇന്ത്യയിൽ ഏറ്റവും കാര്യക്ഷമമായി ഭരണം നടക്കുന്ന സംസ്ഥാനത്തിനുള്ള പുരസ്കാരവും കേരളത്തിന് ലഭിച്ചു. വളർച്ച, സാമൂഹ്യനീതി, സുസ്ഥിര വികസനം, തുല്യത എന്നീ മേഖലകൾക്ക് ഊന്നൽ നൽകി മുന്നേറുന്ന വികസന ശൈലിയുടെ മികവാണ് കേരളത്തെ ഈ പുരസ്കാരത്തിന് പ്രാപ്തമാക്കിയത്. ട്രാൻസ്പരൻസി ഇന്റർനാഷണൽ ഇന്ത്യയും ലോക്കൽ സർക്കിൾസ് പ്ലാറ്റ്ഫോമും നടത്തിയ ഇന്ത്യ കറപ്ഷൻ സർവ്വേയിൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളത്തെയാണ് തെരഞ്ഞെടുത്തത്. ശാന്തവും സമാധാനപൂർണ്ണവുമായ സാമൂഹ്യജീവിതം ഉറപ്പാക്കുന്ന സംസ്ഥാനമാണ് കേരളം.

ക്രമസമാധാനപാലനത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനവും കേരളമാണ്. രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും ഉയർന്ന മിനിമം കൂലി ലഭിക്കുന്നത് കേരളത്തിലാണ്. മലയാളികളുടെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയേക്കാൾ 50 ശതമാനം ഉയർന്നതാണ്. നൂറ് ശതമാനം വൈദ്യുതീകരണം പൂർത്തിയാക്കി SDG (Clean and Affordable energy) എന്ന ലക്ഷ്യം പൂർണ്ണമായി കൈവരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. Percentage of renewable energy out of total installed capacity എന്ന സൂചകത്തിലും നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു. കേരളത്തിൽ National Food Security Act (NFSA) ഗുണഭോക്താക്കൾ 100% ആണ്. ശിശുമരണ നിരക്കും അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കും ഏറ്റവും കുറവ് കേരളത്തിലാണ്. ദേശീയതലത്തിൽ മികച്ച ആശുപത്രികൾക്കുള്ള നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡിൽ ആദ്യ പന്ത്രണ്ട് സ്ഥാനങ്ങളിലും ഉള്ളത് കേരളത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളാണ്. ഏറ്റവും ഉയർന്ന ജീവിതായുസ്സും ലിംഗ അനുപാതവും കേരളത്തിലാണ്. ആരോഗ്യ വകുപ്പിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി ഗർഭിണികളിലെ വിളർച്ച, കൗമാര പ്രായക്കാരിലെ വിളർച്ച എന്നീ സൂചകങ്ങളിൽ കേരളം നിശ്ചയിച്ച

ലക്ഷ്യം കൈവരിച്ചു. ഇതിനുപുറമെ MMR, Institutional deliveries, Total Physicians, Nurse and Mid wives എന്നീ സൂചകങ്ങളിലും 100% സ്കോർ നേടി. കാർഷിക മേഖലയിലെ GVR per worker എന്ന സൂചകത്തിന്റെ സ്കോർ 100-ലെത്തി. Nitrogen out of total NPK എന്ന സൂചകത്തിലും കേരളം നിശ്ചയിച്ച ലക്ഷ്യം കൈവരിച്ചു. പഠനപ്രായത്തിലെ ഏതാണ്ട് എല്ലാ കുട്ടികളും സ്കൂളിൽ ചേർന്ന് പത്താം ക്ലാസ് വരെ പഠിക്കുന്നു. കൊഴിഞ്ഞുപോക്ക് ഏറ്റവും താഴ്ന്നത് കേരളത്തിലാണ്. വിദ്യാലയങ്ങളിലെ വൈദ്യുതി-കുടിവെള്ള ലഭ്യത, വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം എന്നീ സൂചകങ്ങളിൽ നിശ്ചയിച്ച ലക്ഷ്യം കൈവരിക്കാൻ കേരളത്തിന് സാധ്യമായി. ഉന്നത വിദ്യാഭ്യാസത്തെ ലിംഗ തുല്യത എന്ന സൂചകത്തിൽ നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു. Head count ratio as per Multidimensional poverty Index, Population living below National Poverty Line എന്നീ സൂചകങ്ങളിൽ നിശ്ചയിച്ച ലക്ഷ്യം കേരളം കൈവരിച്ചു.

(ബി) ഇതിനുള്ള അംഗീകാരമായി ഇക്കഴിഞ്ഞ 6 വർഷത്തിനിടെ ഏതൊക്കെ പുരസ്കാരങ്ങൾ സംസ്ഥാന സർക്കാരിന് കൈവരിക്കാനായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ഭരണമികവിന്റെ ഭാഗമായി സർക്കാരിന് ലഭിച്ച അവാർഡുകളുടെ വിശദാംശംങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഫയൽ ഡിജിറ്റലൈസേഷൻ

5 (1938) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയലുകൾ ഡിജിറ്റലൈസ്ഡ് ആക്കുന്നതിനുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും ആയതിന്റെ പ്രവർത്തനപുരോഗതി എന്താണെന്നും വ്യക്തമാക്കാമോ?

സർക്കാർ ഓഫീസുകളിലെ ഫയലുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) മുഖേന സംസ്ഥാനത്ത് ഇലക്ട്രോണിക് ഫയൽ സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകളിലും രണ്ടാം ഘട്ടമായി 14 കളക്ടറേറ്റുകൾ, 122 ഡയറക്ടറേറ്റുകൾ/ കമ്മീഷണറേറ്റുകൾ/ മറ്റ് സർക്കാർ ഓഫീസുകൾ, 24 സബ് കളക്ടറേറ്റുകൾ/ ആർ.ഡി.ഒ. ഓഫീസുകൾ, 47 താലൂക്ക് ഓഫീസുകൾ, 408 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിലും ഇലക്ട്രോണിക് ഫയൽ സംവിധാനം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിക്കഴിഞ്ഞു. മറ്റ് ഓഫീസുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) സർക്കാർ സേവനങ്ങൾ പൂർണ്ണമായും കടലാസ് രഹിതമാക്കാനും അപ്രകാരം സുതാര്യവും അഴിമതിരഹിതവുമാക്കാനുമുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും പൂർണ്ണമായും കടലാസ് രഹിതമായ സർക്കാർ സേവനങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

സർക്കാർ സേവനങ്ങൾ കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി 72 വകുപ്പുകളുടെ 835 ഓൺലൈൻ സേവനങ്ങൾ https:/services.kerala.gov.in എന്ന പോർട്ടലിലൂടെ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇപ്രകാരം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## അഗ്നിപഥിനെതിരെ സംസ്ഥാനത്തെ യുവജനങ്ങളുടെ വ്യാപക പ്രതിഷേധം

6 (1939) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ അഗ്നിപഥ് പദ്ധതിക്കെതിരെ സംസ്ഥാനത്തെ യുവജനങ്ങൾ വ്യാപക പ്രതിഷേധം ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്.

(ബി) 2018 മുതൽ പ്രതിരോധ സേനാ മേഖലയിലേയ്ക്കുള്ള തൊഴിലിനായി വിവിധ റിക്രൂട്ട്മെന്റ് റാലികളിൽ പങ്കെടുത്ത് കായികക്ഷമത, വൈദ്യ പരിശോധനാ പരീക്ഷകൾ പാസ്സായിട്ടുള്ളവരും എൻ.സി.സി. സർട്ടിഫിക്കറ്റ് ഉള്ളവരുമായി സംസ്ഥാനത്ത് എത്ര പേരുണ്ട് എന്നത് പരിശോധിച്ച് വ്യക്തമാക്കാമോ?

വിവിധ സേനാവിഭാഗങ്ങളിലേയ്ക്കുള്ള നിയമനത്തിന് റിക്രൂട്ട്മെന്റ് റാലികൾ നടത്തുന്നത് അതാത് സേനാവിഭാഗങ്ങൾ നേരിട്ടാണ്. ആയതിനാൽ ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ പക്കൽ ലഭ്യമല്ല.

(സി) ഇവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രസ്തുത പദ്ധതിക്കെതിരെ ഡൽഹി ജന്ദർമന്ദറിൽ നടത്തിയ സമരത്തിൽ സംസ്ഥാനത്തുനിന്നുള്ള രാജ്യസഭാ അംഗം ഉൾപ്പെടെയുള്ളവർക്കെതിരെ ഡൽഹി പോലീസ് നടത്തിയ അതിക്രമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) ജനപ്രതിനിധികൾക്കെതിരെ നടത്തിയ പോലീസ്

അതിക്രമങ്ങൾക്കെതിരെ സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്ര സർക്കാരിന്റെയും ലോക് സഭാ സ്പീക്കറുടെയും ശ്രദ്ധയിൽപ്പെടുത്താൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ബന്ധപ്പെട്ട ജനപ്രതിനിധികൾക്ക് ഇക്കാര്യം രാജ്യസഭാ ചെയർമാന്റെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

## സ്പെഷ്യൽ റൂൾസ്

7 (1940) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്പെഷ്യൽ റൂൾസ് രൂപീകരിക്കാത്തതിനാൽ പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ നികത്താൻ സാധിക്കുന്നില്ല എന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിനും അതിനായി

സമയബന്ധിതമായി സ്പെഷ്യൽ റൂൾ രൂപീകരിക്കുവാനും എല്ലാ ഭരണവകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് മേധാവികൾക്കും ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിൽ നിന്നും പ്ലാനിംഗ് വകുപ്പിൽ നിന്നും വിവിധ സർക്കുലറുകളിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നിർദ്ദേശം നൽകിയ സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

നിയമനം പി.എസ്.സി-ക്കുവിട്ടിട്ടും സ്പെഷ്യൽ റൂൾ രൂപീകരണം പൂർത്തിയാക്കാത്ത വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിൽ സ്പെഷ്യൽ റൂൾ രൂപീകരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾക്കായുള്ള നിരീക്ഷണ സംവിധാനമെന്ന നിലയിൽ 'ടാസ്ക് ഫോഴ്സ്' എന്ന സമിതി രൂപീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്, പ്ലാനിംഗ് വകുപ്പ്, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായ ടാസ്ക് ഫോഴ്സ്, വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ഭരണവകുപ്പുകളോട് വിശേഷാൽ ചട്ട രൂപീകരണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ 115 കമ്പനി/ബോർഡ്/കോർപ്പറേഷൻ, ക്ഷേമനിധി ബോർഡുകൾ, 22 സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ 137 സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അവയിൽ 84 സ്ഥാപനങ്ങളിൽ നിയമനചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പ്രവർത്തനക്ഷമമായിട്ടുള്ള 21 സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി വിവിധ ഭരണവകുപ്പുകളിൽ പുരോഗമിച്ചുവരുന്നു. അതോടൊപ്പം സ്പെഷ്യൽ റൂൾസ് രൂപീകരണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ ചീഫ് സെക്രട്ടറി വിവിധ വകുപ്പ് സെക്രട്ടറിമാരുമായി നടത്തുന്ന പ്രതിമാസ യോഗത്തിൽ എല്ലാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആശ്രിത നിയമനം

8 (1941) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് ആശ്രിത നിയമനംവഴി ജോലി നൽകിയിട്ടുണ്ടെന്നും നാളിതുവരെ

ഉത്തരവായതിൽ എത്രപേർക്ക് ഇനി ജോലി നൽകാനുണ്ടെന്നും വകുപ്പ് തിരിച്ച് അറിയിക്കാമോ?

ജീവനക്കാരൻ സേവനമനുഷ്ഠിച്ച വകുപ്പിൽ ആശ്രിത നിയമനം ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് ലഭ്യമായ ഒഴിവിൽ മാതൃവകുപ്പിൽ നിയമനം നൽകിവരുന്നു.

മാതൃവകുപ്പിൽ ഒഴിവുകൾ ഇല്ലാത്ത പക്ഷം പൊതുഭരണ (സി.ഇ.സെൽ) വകുപ്പിലേയ്ക്ക് അപേക്ഷ കൈമാറുകയും വിവിധ വകുപ്പുകളിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന നിശ്ചിത ശതമാനം ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് പ്രസ്തുത വകുപ്പ് നിയമന ശിപാർശ നൽകുകയുമാണ് ചെയ്യുന്നത്. ആശ്രിത നിയമനത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് അതത് ഭരണ വകുപ്പുകളാണ്. ഇപ്രകാരം മാതൃവകുപ്പുകളിലും പൊതുഭരണ (സി.ഇ.സെൽ) വകുപ്പ് മുഖേനയും ആശ്രിത നിയമനം ലഭിച്ചവരുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല.

## ചീഫ് സെക്രട്ടറി ഉൾപ്പെട്ട ഉദ്യോഗസ്ഥതല സംഘത്തിന്റെ ഗുജറാത്ത് സന്ദർശനം

9 (1942) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥതല സംഘം ഗുജറാത്ത് സന്ദർശിച്ചിരുന്നോ; പ്രസ്തുത സന്ദർശനത്തിന്റെ ഉദ്ദേശലക്ഷ്യം വ്യക്തമാക്കാമോ;

(ബി) എത്ര ദിവസമാണ് പ്രസ്തുത സംഘം ഗുജറാത്തിൽ താമസിച്ച് പഠനം നടത്തിയത്; ഏത് പ്രോജക്ടിനെ അടിസ്ഥാനമാക്കിയായിരുന്നു പഠനം; പ്രസ്തുത പഠനത്തിനും യാത്രാ ചെലവുകൾക്കുമായി ആകെ എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ പഠനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) 'ഗുജറാത്ത് മുഖ്യമന്ത്രിയുടെ ഡാഷ് ബോർഡ് സിസ്റ്റ'ത്തിന്റെ പ്രസന്റേഷനിൽ പങ്കെടുക്കുന്നതിനായി ചീഫ് സെക്രട്ടറിക്കും അദ്ദേഹത്തിന്റെ സ്റ്റാഫ് ഓഫീസർക്കും 27.04.2022 മുതൽ 29.04.2022 വരെ ഗുജറാത്ത് സന്ദർശിക്കുന്നതിന് അനുമതി നൽകിയിരുന്നു. യാത്രാ ചെലവുകൾക്കായി 54,022 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിരുന്നില്ല.

<u>പുതുവൈപ്പിൻ വില്ലേജിൽ ജയിൽ വകുപ്പിനായി സ്ഥലം ഏറ്റെടുക്കൽ</u>

10 (1943) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിൻ വില്ലേജിൽ ജയിൽ വകുപ്പിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെയും പദ്ധതിയുടേയും വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; റവന്യൂ വകുപ്പ് പ്രസ്തുത ഭൂമി ജയിൽ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂമി കൈമാറുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) എറണാകുളം ജില്ല, കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജ് സർവ്വെ നം.300/1-ൽപ്പെട്ട (19.00 ആർ) 46.948 സെന്റ് ഭൂമി ജയിൽ വകുപ്പിന് കൈമാറുന്നതിനായി റിക്വസിഷൻ ഫോം ജയിൽ വകുപ്പ് എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരിശോധനയിലാണ്.

<u>പ്രതിപക്ഷനേതാവിന്റെ ഓഫീസ് വസതി വിവരങ്ങൾ</u>

11 (1944) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷനേതാവിന് അനുവദിച്ച ശമ്പളം, മാസംതോറും അനുവദിച്ച അലവൻസുകൾ, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

മാസംതോറും അനുവദിച്ച അലവൻസുകൾ, യാത്രാബത്ത, എയർ ഫെയർ, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് എന്നിവ സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രതിപക്ഷനേതാവിന്റെ ഓഫീസിൽ നിയമിതരായിട്ടുള്ള പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ, വാഹന സൗകര്യങ്ങൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ?

പ്രതിപക്ഷനേതാവിന്റെ പേഴ്സണൽ സ്റ്റാഫിന് 2022 ജൂൺ മാസത്തിൽ വിതരണം ചെയ്ത ശമ്പളം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.+ ഈ നിരക്കിലാണ് വാർഷിക വേതന വർദ്ധനയോടെ ശമ്പളം അനുവദിച്ച് നൽകിവരുന്നത്. ഇവരിൽ യാത്രാബത്ത അനുവദിച്ച് നൽകിയിട്ടുള്ള ജീവനക്കാരുടെ എണ്ണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.+ പ്രതിപക്ഷനേതാവിന്റെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് വാഹനങ്ങൾ അനുവദിച്ച് നൽകിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയിൽ നിയമിതരായിട്ടുള്ള സ്റ്റാഫിന്റെ ശമ്പളമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ഫുൾടൈം സ്വീപ്പർ തസ്തികയിൽ രണ്ട് ജീവനക്കാരെയും ലാസ്കർ തസ്തികയിൽ ഒരു ജീവനക്കാരനെയും നിയമിച്ചിട്ടുണ്ട്. ഇവരുടെ പ്രതിമാസ ശമ്പളം 95,519 രൂപയാണ്.

| നം. | പേര്, തസ്തിക | ശമ്പളം |
|---|---|---|
| 1. | പ്രസന്നകുമാർ.ബി (ലാസ്കർ) | 40599 |
| 2. | ഇസഹാക്ക്.എ.എസ്. (സ്വീപ്പർ) | 28010 |
| 3. | രേണുക.വി (സ്വീപ്പർ) | 26910 |

കൂടാതെ, ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പർ/ഗാർഡനർ തസ്തികകളിലായി 9 പേരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 2021 ജൂൺ മുതൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022 മെയ് മാസം വരെ ആകെ 21,62,700 രൂപ വേതനമായും ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ 7,260 രൂപയും നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷ മേഖലകൾ

12 (1945) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ല രൂപീകരിക്കുന്നതിന് മുമ്പ് ഭാഷാ ന്യൂനപക്ഷ മേഖലകൾ വിജ്ഞാപനം ചെയ്ത് പ്രസ്തുത മേഖലയിലെ സർക്കാർ കാര്യാലയങ്ങളിൽ ആവശ്യമെങ്കിൽ ആകെയുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയുടെ തത്തുല്യം വരെ ന്യൂനപക്ഷ ഭാഷ യോഗ്യത വേണ്ട തസ്തികയാക്കി അതാത് വകുപ്പ് മേധാവികൾക്ക് തീരുമാനിക്കാമെന്ന സർക്കാർ ഉത്തരവുണ്ടോയെന്ന് വ്യക്തമാക്കാമോ; ഏത് വർഷമാണ് ഈ ഉത്തരവ് പുറത്തിറങ്ങിയത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.+

(ബി) ഭാഷാ ന്യൂനപക്ഷ മേഖലയായി വിജ്ഞാപനം ചെയ്യാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് എപ്പോഴെങ്കിലും സർക്കാർ ഉത്തരവുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

26.12.1961-ലെ G.O.(Ms)No.758/Edn, 22.12.1962-ലെ G.O.(Ms)No.701 എന്നീ ഉത്തരവുകൾ പ്രകാരം ന്യൂനപക്ഷ ഭാഷകളെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ന്യൂനപക്ഷ ഭാഷകളെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച ആവശ്യത്തിലേയ്ക്കായി ഒരു താലൂക്കിലെ ഓരോ മുനിസിപ്പൽ ടൗണിനെയും അല്ലെങ്കിൽ നോൺ മുനിസിപ്പൽ ഏരിയയെയും ഒരു പ്രത്യേക ലോക്കൽ ഏരിയ ആയി പരിഗണിക്കേണ്ടതാണെന്നും അത്തരം ലോക്കൽ ഏരിയകളിൽ 15 ശതമാനമോ അതിലധികമോ ജനങ്ങൾ സംസ്ഥാനത്തെ ഭൂരിപക്ഷ ഭാഷയായ മലയാളം അല്ലാത്ത മറ്റൊരു ഭാഷ സംസാരിക്കുന്നുവെങ്കിൽ അത്തരം ലോക്കൽ ഏരിയകളിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ന്യൂനപക്ഷ ഭാഷകൾ ഉപയോഗിക്കുന്നതിനായി മേൽപ്പറഞ്ഞ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതുമാണ്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കാസർഗോഡ്-മഞ്ചേശ്വരം താലൂക്കുകൾ ഭാഷാ ന്യൂനപക്ഷ മേഖലയായി വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോഴാണ് വിജ്ഞാപനം ചെയ്തതെന്ന് വ്യക്തമാക്കാമോ; ബന്ധപ്പെട്ട ഉത്തരവിന്റെ/വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.+

(ഡി) കാസർഗോഡ്-മഞ്ചേശ്വരം താലൂക്കുകളിൽ 50 ശതമാനം എൽ.ഡി. ക്ലാർക്ക് തസ്തിക കന്നഡ-മലയാളം യോഗ്യതയുള്ളവർക്കായി മാറ്റിവയ്ക്കാൻ സർക്കാരോ ജില്ലാ ഭരണകൂടമോ ഉത്തരവ് ഇറക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ ഉത്തരവ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ റദ്ദ് ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു.+ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. ജിധീഷ് സി. മുതൽപേർ ഫയൽ ചെയ്ത OA (EKM) 264/2022

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നമ്പർ കേസിൽ 07.06.2022-ലെ അന്തിമ ഉത്തരവിൽ, കാസർഗോഡ് ജില്ലാകളക്ടറുടെ 05.03.2020-ലെ കത്തിലെ നിർദ്ദേശം റദ്ദ് ചെയ്തുകൊണ്ടും കാസർഗോഡ് ജില്ലയിലെ ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലെ ഓഫീസ് മേധാവികൾ പ്രസ്തുത ഓഫീസുകൾക്ക് ആവശ്യമായ എണ്ണം കന്നഡ ഭാഷാ പ്രാവീണ്യമുള്ള എൽ.ഡി. ക്ലാർക്കുമാരെയാണ് നിശ്ചയിക്കുന്നതെന്നും അതിന്റെ തുല്യം എണ്ണം എൽ.ഡി. ക്ലാർക്ക് തസ്തികകളാണ് കന്നഡ ഭാഷാ പ്രാവീണ്യമുള്ള/തമിഴ് ഭാഷാ പ്രാവീണ്യമുള്ള എൽ.ഡി. ക്ലാർക്ക് തസ്തികകളാക്കി മാറ്റുന്നതെന്നും പൊതുഭരണ വകുപ്പ് സെക്രട്ടറി ഉറപ്പ് വരുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കന്നഡ/തമിഴ് ഭാഷാ പ്രാവീണ്യമുള്ള എൽ.ഡി. ക്ലാർക്ക് തസ്തികകളായി നിശ്ചയിക്കുന്ന തസ്തികകളിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും കന്നഡ ഭാഷാ പ്രാവീണ്യമുള്ള തസ്തികകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകളുടെ എണ്ണത്തേക്കാൾ അധികം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നത് അധികാരികൾ വിലയിരുത്തേണ്ടതാണെന്നും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത എണ്ണത്തിൽ കുറവുണ്ടെങ്കിൽ അധികമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും ഉത്തരവിന്റെ പകർപ്പ്

കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണെന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) ട്രൈബ്യൂണൽ കേസ് നിലനിൽക്കെ മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെ റവന്യൂ വകുപ്പിൽ ആകെയുള്ള 106 എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ 53 എണ്ണം കന്നഡ യോഗ്യത ആവശ്യമുള്ള തസ്തികയാക്കി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; മറ്റ് വകുപ്പുകൾക്കും ഇത്തരത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് സാധ്യതാ പട്ടികയിലുള്ളവരെ ഇത് ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാസർഗോഡ് ജില്ലാ കളക്ടറുടെ 28.07.1999-ലെ A5-17611/96 നമ്പർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ 42 എൽ.ഡി. ക്ലാർക്ക് തസ്തികകൾ കന്നഡ ഭാഷാ പ്രാവീണ്യമുള്ളവർക്ക് നീക്കിവച്ച് ഉത്തരവായിട്ടുള്ളതാണ്. ജില്ലയിൽ ഭാഷാ ന്യൂനപക്ഷ മേഖലയിൽ പുതുതായി നിലവിൽ വന്ന കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസ് (6 എൽ.ഡി.സി), മഞ്ചേശ്വരം താലൂക്ക് (22 എൽ.ഡി.സി) ഓഫീസുകളിൽ നിലവിലുള്ള ആകെ 28 എൽ.ഡി. ക്ലാർക്ക് തസ്തികയിൽനിന്ന് 11

എണ്ണംകൂടി കന്നഡ ഭാഷാ പ്രാവീണ്യമുള്ളവർക്ക് വേണ്ടി നീക്കിവച്ച് ആകെ 53 (42+11) എൽ.ഡി. ക്ലാർക്ക് തസ്തികയായി പുനർനിർണ്ണയിച്ച് 02.06.2022-ലെ DCKSGD/28/2019/M2 നമ്പർ പ്രകാരം ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതാണ്. കന്നഡ ഭാഷാ ന്യൂനപക്ഷ മേഖലയായ കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലെ വിവിധ സർക്കാർ ഓഫീസുകളിലായി (റവന്യൂ വകുപ്പ് ഒഴികെ) നിലവിലുള്ള ആകെ 377 എൽ.ഡി. ക്ലാർക്ക് തസ്തികയിൽനിന്ന് 49 എണ്ണമാണ് കന്നഡ ഭാഷാ പ്രവീണ്യമുള്ളവർക്കായി നീക്കിവച്ചിട്ടുള്ളത്. ഹൊസ്ദുർഗ്, വെള്ളരിക്കുണ്ട് എന്നീ താലൂക്കുകളിലെ മുഴുവൻ സർക്കാർ ഓഫീസുകളിലെയും എൽ.ഡി. ക്ലാർക്ക് തസ്തിക ജനറൽ വിഭാഗത്തിന് വേണ്ടി മാത്രം നീക്കിവച്ചിട്ടുള്ളതാണ്.

വിവിധ വകുപ്പുമേധാവികളുടെ നിയന്ത്രണത്തിലുള്ളതും ബന്ധപ്പെട്ട ഭാഷാ ന്യൂനപക്ഷ മേഖലകളിൽ സ്ഥിതി ചെയ്യുന്നതുമായ ഓഫീസുകൾക്ക് ആവശ്യമായ കന്നഡ ഭാഷാ പ്രാവീണ്യമുള്ളതും തമിഴ് ഭാഷാ പ്രാവീണ്യമുള്ളതുമായ എൽ.ഡി. ക്ലാർക്കുമാരുടെ അംഗബലം നിശ്ചയിക്കുവാനും പ്രസ്തുത ഓഫീസുകളിലെ അപ്രകാരമുള്ള എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ തുല്യ എണ്ണം തസ്തികകൾ കന്നഡ/തമിഴ്

ഭാഷാപ്രാവീണ്യമുള്ള എൽ.ഡി. ക്ലാർക്കുമാരുടെ തസ്തികകളാക്കി മാറ്റുവാനും ഇപ്രകാരം മാറ്റപ്പെട്ട തസ്തികകളിലേയ്ക്ക് സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഉൾപ്പെടുന്ന പ്രത്യേക പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതാണെന്നും 24.10.1977-ലെ 107936/SD3/77/GAD നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ വിവിധ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക് സാധ്യതാ പട്ടികയിലുള്ളവരെ ഇത് ബാധിക്കുന്നതല്ല.

(എഫ്) 2011-ലെ ജനസംഖ്യ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ്-മഞ്ചേശ്വരം താലൂക്കുകളിൽ കന്നഡ ഭാഷ സംസാരിക്കുന്നവർ കൂടുതലുള്ള വില്ലേജുകളെ വിജ്ഞാപനം ചെയ്ത് പ്രസ്തുത മേഖലയിൽ ആവശ്യമായ തസ്തിക കന്നഡ/മലയാളമാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കുമോ; കന്നഡ ഭാഷ ആവശ്യമില്ലാത്ത ഓഫീസുകളിലും വകുപ്പുകളിലും കന്നഡ ഭാഷ ന്യൂനപക്ഷങ്ങൾക്കായി തസ്തിക മാറ്റിവച്ചാലുണ്ടാകുന്ന പ്രയാസങ്ങൾ ദൂരീകരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2011-ലെ ജനസംഖ്യ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ്-മഞ്ചേശ്വരം താലൂക്കുകളിൽ കന്നഡ ഭാഷ സംസാരിക്കുന്നവർ കൂടുതലുള്ള വില്ലേജുകളെ വിജ്ഞാപനം ചെയ്ത് പ്രസ്തുത മേഖലയിൽ ആവശ്യമായ തസ്തിക കന്നഡ/മലയാളം ആക്കി മാറ്റുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

വിവിധ വകുപ്പുമേധാവികളുടെ നിയന്ത്രണത്തിലുള്ളതും ബന്ധപ്പെട്ട ഭാഷാ ന്യൂനപക്ഷ മേഖലകളിൽ സ്ഥിതി ചെയ്യുന്നതുമായ ഓഫീസുകൾക്ക് ആവശ്യമായ കന്നഡ ഭാഷാ പ്രാവീണ്യമുള്ളതും തമിഴ് ഭാഷാ പ്രാവീണ്യമുള്ളതുമായ എൽ.ഡി. ക്ലാർക്കുമാരുടെ അംഗബലം നിശ്ചയിക്കുവാനും പ്രസ്തുത ഓഫീസുകളിലെ അപ്രകാരമുള്ള എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ തുല്യ എണ്ണം തസ്തികകൾ കന്നഡ ഭാഷാ പ്രാവീണ്യമുള്ള/തമിഴ് ഭാഷാ പ്രാവീണ്യമുള്ള എൽ.ഡി. ക്ലാർക്കുമാരുടെ തസ്തികകളാക്കി മാറ്റുവാനും ഇപ്രകാരം മാറ്റപ്പെട്ട തസ്തികകളിലേയ്ക്ക് സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഉൾപ്പെടുന്ന പ്രത്യേക പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തേണ്ടതാണെന്നും 24.10.1977-ലെ 107936/SD3/77/GAD നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ നിർദ്ദേശം

നൽകുകയുണ്ടായി. 24.10.1977-ലെ 107936/SD3/77/GAD നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും 05.09.2013-ലെ 66110/SD2/2013/GAD നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ 13.01.2022-ലെ SD2/80/2018-GAD നമ്പർ കത്ത് പ്രകാരം എല്ലാ വകുപ്പുമേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാസർഗോഡ് പി.എസ്.സി. ഓഫീസിന് സ്വന്തം കെട്ടിടം

13 (1946) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പി.എസ്.സി. ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

കേരള പബ്ലിക സർവീസ് കമ്മീഷന്റെ കാസർഗോഡ് ജില്ലാ ഓഫീസ് നിലവിൽ Tiger Hills, Building No. KMC XII-38-D, Muncipal Road,

Pulimkunnu, Kasargode-671121 എന്ന മേൽവിലാസത്തിലെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ജില്ലാ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി കാസർഗോഡ് താലൂക്കിലെ കാസർഗോഡ് വില്ലേജിൽ ഉൾപ്പെടുന്ന 20 സെന്റ് സ്ഥലം 30 വർഷത്തേയ്ക്ക് സർക്കാർ പി.എസ്.സി.-ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.

<u>സർക്കാർ ഓഫീസുകളിലെ കാര്യക്ഷമത ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ</u>

14 (1947) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ കാര്യക്ഷമത ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ?

സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ

ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി വകുപ്പുതല സമിതികൾ രൂപീകരിക്കുന്നതിന് 23.03.2022-ലെ സ.ഉ.(കൈ) നം. 2/2022/ഉഭപവ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുകയും അതോടൊപ്പം സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ ഫയൽ നീക്കത്തിന്റെ തട്ടുകൾ നിജപ്പെടുത്തികൊണ്ടും 28.04.2022-ലെ സ.ഉ.(കൈ)നം.4/2022/ഉഭപവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുഭരണ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ കർമ്മശേഷിയും കാര്യനിർവ്വഹണ പ്രാപ്തിയും വർദ്ധിപ്പിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് കീഴിലുള്ള മികവിന്റെ കേന്ദ്രത്തിന്റെ (CEAS- Centre of Excellence in Administrative Secretariat) ആഭിമുഖ്യത്തിൽ On the Job Training നിരന്തരം സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് നാലാം ഭരണ പരിഷ്കാര കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ഇതിൽ 5 റിപ്പോർട്ടുകളിന്മേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. മറ്റ് റിപ്പോർട്ടുകളിലെ ശിപാർശകൾ പരിശോധനാ ഘട്ടത്തിലാണ്. എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച

സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) മുഖേന പരിശീലനം നൽകിവരുന്നു.

ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ പൂർണ്ണമായും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന്റെ നടപടികൾ കേരള സംസ്ഥാന ഐ.ടി. മിഷന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ ' e-സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെയും ' m-സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തങ്ങളുടെ വീടുകളിലിരുന്നുതന്നെ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത സംവിധാനം ഉപയോഗപ്രദമാകുന്നു. അപേക്ഷയിൽ തീരുമാനം എടുക്കുന്നതിലുണ്ടായിരുന്ന കാലവിളംബം ഇല്ലാതാക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതി ഇല്ലാതാക്കുന്നതിനും ഈ ഓൺലൈൻ സംവിധാനങ്ങൾ വലിയ അളവിൽ പ്രയോജനപ്പെടുന്നു.

(ബി) വകുപ്പുകളുടെ വെബ്സൈറ്റുകൾക്ക് കാലാനുസരണം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

വെബ്സൈറ്റുകൾ വികസിപ്പിക്കുന്നതും പരിപാലിക്കുന്നതും സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാർ ഓഫീസുകളിൽ ഫോൺ മുഖാന്തരം പൊതുജനങ്ങൾ ബന്ധപ്പെടുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എല്ലാ വകുപ്പുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ടോ; എല്ലാ വകുപ്പുകളിലും പബ്ലിക് റിലേഷൻസ് ഓഫീസർമാർ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

(സി&ഡി) ബുദ്ധിമുട്ടുകൾ ഉള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രധാനപ്പെട്ട ചില ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനവും പബ്ലിക് റിലേഷൻസ് ഓഫീസർമാരുടെ സേവനവും നിലവിലുണ്ട്.

<u>കാസർഗോഡ് ജില്ലയിലെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ</u>

15 (1948) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ മുഴുവൻ സർക്കാർ ഓഫീസുകളിലും നിലവിൽ എത്ര ഉദ്യോഗസ്ഥ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

<u>വിവരാവകാശ നിയമം - വാർഷിക റിപ്പോർട്ട്</u>

16 (1949) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം വകുപ്പ് 25 (2)(4) പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

2019-20-ലെ വാർഷിക റിപ്പോർട്ട് 21.02.2022-ൽ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷം വാർഷിക റിപ്പോർട്ട് സമർപ്പിക്കാത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

വാർഷിക റിപ്പോർട്ട് സമർപ്പിക്കാത്ത വകുപ്പുകൾ/സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം(1) ആയി ചേർക്കുന്നു.+ 23.11.2021-ലെ സർക്കുലർ നം. സിഡിഎൻ5/114/2021/പൊഭവ. പ്രകാരം വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2019-20 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 21.02.2022-ൽ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 2019-20 മുതൽ 2021-22 വരെയുള്ള വരവ്-ചെലവ് കണക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

## വർക്കല മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

17 (1950) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ-സി) വർക്കല നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

## ചീഫ് സെക്രട്ടറിയുടെ ഗുജറാത്ത് സന്ദർശനം

18 (1951) ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാരിന്റെ കാലത്ത് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം ഗുജറാത്ത് സന്ദർശിച്ചിരുന്നോ; പ്രസ്തുത സന്ദർശനത്തിന്റെ ഉദ്ദേശ്യലക്ഷ്യം എന്തായിരുന്നു; വ്യക്തമാക്കാമോ;

(ബി) ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഗുജറാത്ത് മോഡൽ ഭരണ നിർവ്വഹണത്തെക്കുറിച്ച് പഠിക്കുന്നതിനായി ഉദ്യോഗസ്ഥ സംഘത്തെ നിയോഗിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ഒരു പ്രത്യേക പദ്ധതിയുമായി ബന്ധപ്പെടുത്തിയാണോ പ്രസ്തുത പഠനം നടന്നത്; പഠനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മേൽപ്പറഞ്ഞ പ്രകാരം ഭരണ നിർവ്വഹണം പഠിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം ഏതൊക്കെ സംസ്ഥാനങ്ങൾ സന്ദർശിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

(എ-ഡി) ഗുജറാത്ത് മോഡൽ ഭരണ നിർവ്വഹണം പഠിക്കുന്നതിന് ചീഫ് സെക്രട്ടറിതല സംഘം ഗുജറാത്ത് സന്ദർശിച്ചിട്ടില്ല. എന്നാൽ 'ഗുജറാത്ത് മുഖ്യമന്ത്രിയുടെ ഡാഷ് ബോർഡ് സിസ്റ്റ'ത്തിന്റെ പ്രസന്റേഷനിൽ പങ്കെടുക്കുന്നതിന് ചീഫ് സെക്രട്ടറിക്കും അദ്ദേഹത്തിന്റെ സ്റ്റാഫ് ഓഫീസർക്കും 27.04.2022 മുതൽ 29.04.2022 വരെ ഗുജറാത്ത് സന്ദർശിക്കാൻ അനുമതി നൽകിയിരുന്നു.

സർവ്വേയർ ഗ്രേഡ് II നിയമനം

19 (1952) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ സർവ്വേയർ ഗ്രേഡ് -II തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയെന്ന് അറിയിക്കാമോ?

ഉണ്ട്. റാങ്ക് ലിസ്റ്റ് 03.10.2019-ൽ നിലവിൽ വന്നു. 3 വർഷമാണ് പൊതുവിൽ ലിസ്റ്റിന്റെ കാലാവധി.

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി. നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) നാളിതുവരെ ഉണ്ടായിട്ടുള്ള 7 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും അതിന്റെ നിയമന ശിപാർശ പി.എസ്.സി.-യിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ്

20 (1953) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലെ ഒഴിവുകളിലേയ്ക്ക്, സുതാര്യമായും ഏകീകൃതമായും നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും

ആവശ്യമെങ്കിൽ വിജ്ഞാപനം മുഖേന ഈ ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നിയമ വ്യവസ്ഥയും ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ സാങ്കേതിക തസ്തികകളുടെ നിയമനം പി.എസ്.സി.-യിൽനിന്നും മാറ്റി ബോർഡിന് നൽകുവാൻ ആലോചനയുണ്ടോ?

ഇല്ല.

(സി) ഇത്തരത്തിൽ പി.എസ്.സി.-യിൽനിന്നും മാറ്റുന്നത് അഴിമതിക്കും സ്വജനപക്ഷപാതത്തിനും കാരണമാകുമെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരുമാനം പിൻവലിക്കുമോ?

ബാധകമല്ല.

## കോതമംഗലം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

21 (1954) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതി അടക്കമുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളിൽ കോതമംഗലം മണ്ഡലത്തിലെ മണികണ്ഠംചാൽ-വെള്ളാരംകുത്ത് റോഡ് ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിന്റെ ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. നിർമ്മാണം കഴിവതും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആശ്രിത നിയമനം

22 (1955) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിൽ ഏതെല്ലാം തസ്തികകളിലാണ് ആശ്രിത നിയമനം നൽകുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന സിവിൽ സർവ്വീസിൽ ഉൾപ്പെട്ട തസ്തികകളിൽ ആശ്രിത നിയമനത്തിന് വ്യവസ്ഥയില്ല. എന്നാൽ സർക്കാർ സർവ്വീസിൽ ജോലി ചെയ്തുവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. ഇതനുസരിച്ച് സബോർഡിനേറ്റ് സർവ്വീസിലെ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളിലേയ്ക്കും, ലാസ്റ്റ് ഗ്രേഡ് സർവീസ് തസ്തികകളിലേയ്ക്കും, പാർട്ട് ടൈം കണ്ടിജന്റ് തസ്തികകളിലേയ്ക്കും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി) ആശ്രിത നിയമനത്തിനായി സർക്കാരിലേയ്ക്ക് നിലവിൽ എത്ര അപേക്ഷകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ജീവനക്കാരൻ മരണപ്പെടുമ്പോൾ ജോലി ചെയ്തിരുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷിക്കേണ്ടത്. ആയതിനാൽ ഇവ സംബന്ധിച്ച വിവരം ക്രോഡീകരിച്ച് ലഭ്യമല്ല.

ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനം

23 (1956) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷാർജ ഭരണാധികാരിയുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്?

ആരോഗ്യ, ഉന്നതവിദ്യാഭ്യാസ, തൊഴിൽ, പ്രവാസി ക്ഷേമ മേഖലകളിൽ സാധ്യമായ സഹകരണത്തിനുള്ള ചർച്ചയാണ് നടന്നത്.

(ബി) പ്രസ്തുത ചർച്ചകളുമായി ബന്ധപ്പെട്ടുണ്ടായ തുടർനടപടികൾ വ്യക്തമാക്കാമോ?

സഹകരിച്ച് നടപ്പാക്കാവുന്നവയെ സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ കേരള സർക്കാർ ഷാർജാ ഭരണാധികാരിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സന്ദർശനത്തോടനുബന്ധിച്ച് കേരളവും ഷാർജയുമായി ഏർപ്പെട്ട കരാറുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഈ വിഷയത്തിൽ കേരളവും ഷാർജയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

<u>ഗുരുവായൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ</u>

24 (1957) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) റീബിൽഡ് കേരള പദ്ധതിയിൽ അനുവദിച്ചതും എന്നാൽ നാളിതുവരെ നടപ്പിലാക്കാത്തതുമായ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ഗുരുവായൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണമികവിന്റെ ഭാഗമായി സർക്കാരിന് ലഭിച്ചിട്ടുള്ള അവാർഡുകൾ

25 (1958) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഭരണമികവിന്റെ ഭാഗമായി സർക്കാരിന് ഏതൊക്കെ അവാർഡുകളാണ് ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ?

പുരോഗതി വിലയിരുത്തുന്ന ഏത് മാനദണ്ഡമെടുത്താലും രാജ്യത്ത് മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞ 6 വർഷത്തിനിടയിൽ കഴിഞ്ഞിട്ടുണ്ട്.

ഭരണമികവ്, സുസ്ഥിര വികസനം, വിദ്യാഭ്യാസം, ആരോഗ്യം, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങി സാമൂഹ്യ ജീവിതത്തിന്റെ ഏത് സൂചികയെടുത്താലും മുന്നിൽ നിൽക്കുന്നതിലൂടെ കേരളം രാജ്യത്തിന് വഴികാട്ടിയാകുകയാണ്. നീതി ആയോഗ് മുതൽ വിവിധ സ്വകാര്യ ഏജൻസികൾ വരെ തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ കേരളം തുടർച്ചയായി ഒന്നാം സ്ഥാനത്താണ്.

കോവിഡ് പ്രതിരോധം, ദേശീയ തൊഴിലുറപ്പ് പദ്ധതി, ദേശീയ ആരോഗ്യ ദൗത്യം, സമഗ്ര ശിക്ഷാ അഭിയാൻ എന്നിവയിലെല്ലാം കേരളം മുന്നിലാണ്.

ഏറ്റവുമൊടുവിൽ കേന്ദ്ര സർക്കാരിന്റെ ഭരണപരിഷ്കാര-പൊതുപരാതി വകുപ്പ് തയ്യാറാക്കിയ നാഷണൽ ഇ-ഗവേണൻസ് ഡെലിവറി അസസ്സ്മെന്റ് പ്രകാരം കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. ധനകാര്യം, തൊഴിൽ, വിദ്യാഭ്യാസം, തദ്ദേശ ഭരണം, സാമൂഹ്യക്ഷേമം, പരിസ്ഥിതി, ടൂറിസം തുടങ്ങി വിവിധ മേഖലകളിലെ ഇ-ഗവേണൻസ് വഴിയുള്ള പൊതുസേവന നിർവ്വഹണത്തിലെ മികവിനാണ് ഈ അംഗീകാരം.

വിവര സാങ്കേതികവിദ്യാ സങ്കേതങ്ങൾ ഉപയോഗിച്ച് സർക്കാർ സേവനങ്ങളുടെ കൂടുതൽ മെച്ചപ്പെട്ട നിർവ്വഹണം സാധ്യമാക്കാൻ കഴിഞ്ഞതുമൂലമാണ് കേരളത്തിന് ഈ നേട്ടം കൈവരിക്കാനായത്. സുതാര്യവും എളുപ്പവും മെച്ചപ്പെട്ടതുമായ സർക്കാർ സേവനങ്ങൾ ജനങ്ങളുടെ അവകാശമാണെന്ന സർക്കാരിന്റെ ഉറച്ച നിലപാടിനുള്ള അംഗീകാരം കൂടിയാണ് ഈ പുരസ്കാരം.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 22 വിവിധ ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>ആലപ്പുഴ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

26 (1959) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ; എത്ര എണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ;

(ഡി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടും നാളിതുവരെ പ്രവൃത്തികൾ ആരംഭിക്കാത്ത പദ്ധതികളെ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

(എ-ഡി) ആലപ്പുഴ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>ഭരണപരിഷ്കാര കമ്മീഷൻ സമർപ്പിച്ച ശിപാർശ</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

27 (1960) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഭരണ പരിഷ്കാര കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ശിപാർശകളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ലക്ഷ്യമിട്ടാണ് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 30.4.2021-ന് കാലാവധി പൂർത്തീകരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി റിപ്പോർട്ടുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. മറ്റ് റിപ്പോർട്ടുകളിലെ ശിപാർശകൾ പരിശോധനാ ഘട്ടത്തിലാണ്.

<u>മലമ്പുഴ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി</u>

28 (1961) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

മലമ്പുഴ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>പതിനാലാം പഞ്ചവത്സര പദ്ധതി</u>

29 (1962) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ?

കേന്ദ്ര സർക്കാർ 2016-17-നുശേഷം പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കുന്നില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കും പദ്ധതികൾക്കുമാണ് സംസ്ഥാന സർക്കാർ ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൊതുനിക്ഷേപം (ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം), സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി എന്നീ മേഖലകളിൽ ആർജ്ജിച്ച കരുത്തിൽ സമൂഹത്തെ പടുത്തുയർത്തുക, മാനവശേഷി ഉപയോഗപ്പെടുത്തി ഒരു വിജ്ഞാന സമൂഹം കെട്ടിപ്പടുക്കുകയും സമ്പദ്ഘടനയിലെ ഉല്പാദന ശക്തികളുടെ വളർച്ച വേഗത്തിലാക്കുകയും ചെയ്യുക, ശാസ്ത്രം, സാങ്കേതികവിദ്യ, ആധുനിക നിപുണതകൾ എന്നിവയും കൃഷി, വ്യവസായം, പശ്ചാത്തലസൗകര്യ വികസനം, വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, ചെറുകിട വ്യാപാരം എന്നിവ ഉൾപ്പെടുന്ന വരുമാനദായക സേവനങ്ങളുടേയും വളർച്ച മെച്ചപ്പെടുത്താനായി ഉപയോഗിക്കുക, ആധുനികവും തൊഴിൽദായകവും, ഉല്പാദനക്ഷമവുമായ സമ്പദ്ഘടന കെട്ടിപ്പടുക്കുക, ഉന്നതവിദ്യാഭ്യാസം ആധുനികവൽക്കരിക്കുക, അതിദാരിദ്ര്യം ഇല്ലാതാക്കുക, മാലിന്യനിർമ്മാർജ്ജനത്തിന് സമഗ്രവും,

നൂതനവുമായ സമ്പ്രദായങ്ങൾ സ്ഥാപിക്കുക, വളർച്ചയുടെ ചാലകശക്തികളായി മാറാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക, എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വികസന നയം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്ന സമീപനമാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കരട് സമീപന രേഖയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വിവിധ മേഖലകളിലെ പ്രശ്നങ്ങളും ആശങ്കകളും വിലയിരുത്തുന്നതിനായി പ്രസ്തുത മേഖലകളിലെ വിദഗ്ധർ അടങ്ങുന്ന 44 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. കൂടാതെ പതിനാലാം പഞ്ചവത്സര പദ്ധതി സമീപനരേഖയുടെ കരട് പ്രസിദ്ധീകരിക്കുകയും വിവിധ തലത്തിലുള്ള ചർച്ചകൾ നടന്നുവരികയും ചെയ്യുന്നു.

<u>ബാലുശ്ശേരി മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി</u>

30 (1963) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ ബാലുശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കാമോ?

(എ&ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) എകരൂൽ-കക്കയം ഡാം സൈറ്റ് റോഡ് നവീകരണം റീബിൽഡ് കേരള പദ്ധതിയുടെ പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഏകരൂൽ-കക്കയം ഡാം സൈറ്റ് റോഡിന്റെ പുനർനിർമ്മാണം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

## <u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

31 (1964) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

<u>ശാസ്ത്ര സാങ്കേതിക മേഖലയിലെ ഗുണനിലവാരം</u>

32 (1965) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശാസ്ത്ര സാങ്കേതിക മേഖലയിലെ വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും സംസ്ഥാനത്തിന്റെ നിലവാരം മെച്ചപ്പെട്ടതല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശാസ്ത്ര സാങ്കേതിക മേഖലയിലെ വിദ്യാഭ്യാസത്തിലും ഗവേഷണത്തിലുമുള്ള സംസ്ഥാനത്തിന്റെ നിലവാരം മെച്ചപ്പെട്ടതല്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളും ഈ മേഖലയിൽ മികച്ച നിലവാരം പുലർത്തിവരുന്നുണ്ട്. ശാസ്ത്ര സാങ്കേതിക മേഖലയിലെ വിദ്യാഭ്യാസത്തിലും ഗവേഷണത്തിലുമുള്ള നിലവാരം കൂടുതൽ ഉയർത്തുന്നതിലേയ്ക്കായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളും താഴെപ്പറയും പ്രകാരം ധാരാളം പദ്ധതികൾ നടത്തിവരുന്നു.

- വിവിധ പരിശീലന പരിപാടികൾ, സെമിനാറുകൾ, അക്കാദമിക് പ്രോഗ്രാമുകൾ, ശാസ്ത്രാവബോധ പദ്ധതികൾ
- ഗവേഷണ പരിപാടികൾ ഊർജ്ജിതപ്പെടുത്തുന്നതിലേയ്ക്കായി കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക
- ദേശീയ-അന്തർദേശീയ ജേർണലുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുക.

കൂടാതെ നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള ഗവേഷണ വികസന പ്രവർത്തനങ്ങളാണ് കൗൺസിലിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലും നടത്തിവരുന്നത്.

<u>തീരദേശ പരിപാലന അതോറിറ്റിക്കുള്ള അപേക്ഷകൾ</u>

33 (1966) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷകളിൽ തീരുമാനമെടുക്കാൻ ബാക്കിയുള്ളവയുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റിക്ക് സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നത് വൈകുന്നതുമൂലം സർക്കാർ കെട്ടിടങ്ങളും വാസഗൃഹങ്ങളും നിർമ്മിക്കുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനം കൈക്കൊണ്ട് അപേക്ഷകൾ തീർപ്പാക്കിവരുന്നു. ഇതിനായി എല്ലാ മാസവും ഓരോ തവണ സംസ്ഥാനതല സമിതിയും ജില്ലാതല സമിതിയും കൂടുകയും പരമാവധി അപേക്ഷകൾ തീർപ്പാക്കിവരികയും ചെയ്യുന്നുണ്ട്. CRZ ക്ലിയറൻസിനായുള്ള 786 അപേക്ഷകളാണ് നിലവിൽ തീരുമാനമെടുക്കാനായി ബാക്കിയുള്ളത്.

(സി) അപേക്ഷകളിൽ തീരുമാനമെടുക്കുന്നത് വേഗത്തിലും സമയബന്ധിതമായും ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള തീരദേശ പരിപാലന അതോറിറ്റി തീരദേശ ജില്ലകളിൽ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. CRZ- III മേഖലയിലെ വികസന നിഷിദ്ധ മേഖലയായ കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും, കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിനും അല്ലെങ്കിൽ ജലാശയത്തിന്റെ വീതി ഏതാണോ കുറവ്, കായൽ തുരുത്തുകളുടെ കാര്യത്തിൽ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനും ഇടയിൽ നിലവിലുള്ള തറവിസ്തീർണ്ണത്തിന് വിധേയമായി വീടുകളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനും കടലിന്റെ വേലിയേറ്റ രേഖയിൽനിന്ന് 100 മീറ്ററിനും 200 മീറ്ററിനും ഇടയിൽ 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വികസന നിഷിദ്ധ മേഖലയുടെ വെളിയിൽ (കടലിൽനിന്നും 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ) 250 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും

അനുമതി നൽകുന്നതിനുള്ള അധികാരവും CRZ -II മേഖലയിൽ 250 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള ഭവനങ്ങൾക്ക് CRZ അനുമതി നൽകുന്നതിനുള്ള അധികാരവും 08.11.2021 വരെ നിർമ്മാണം പൂർത്തിയാക്കിയ വാസഗൃഹങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള അധികാരവും ജില്ലാ കമ്മിറ്റികൾക്ക് നൽകിയിട്ടുണ്ട്. അപേക്ഷകൾ വരുന്ന മുറയ്ക്ക് എല്ലാ മാസവും ഓരോ തവണ സംസ്ഥാന കമ്മിറ്റിയും ജില്ലാതല കമ്മിറ്റിയും കൂടി പരമാവധി അപേക്ഷകൾ തീർപ്പാക്കിവരുന്നു.

(ഡി) ഗുരുവായൂർ മണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിൽ തീരുമാനമെടുക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മണ്ഡലം കേന്ദ്രീകരിച്ച് അപേക്ഷകൾ തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കാറില്ല. അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി മുഖേനയും തീരദേശ പരിപാലന അതോറിറ്റിയുടെ State Committee/DLC-കളിൽനിന്നുമുള്ള അപേക്ഷകളുമാണ് ലഭിക്കുന്നത്. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള അപേക്ഷകളുടെ വിവരങ്ങൾ ലഭ്യമല്ല.

## ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം

34 (1967) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ സി.ഡബ്ല്യൂ.ആർ.ഡി.എം., നാറ്റ്പാക്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബൊട്ടാനിക്കൽ ഗാർഡൻ, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്നീ സ്ഥാപനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലും ടെക്നിക്കൽ വിഭാഗത്തിലും ജോലി ചെയ്യുന്ന ഏകദേശം 300-ഓളം ജീവനക്കാർക്ക്, 10.02.2021-ലെ ജി.ഒ.(പി) 27/2021/ഫിൻ. നമ്പർ സർക്കാർ ഉത്തരവ് നടപ്പിൽ വരുത്തിയ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവിത ചെലവ് ക്രമാതീതമായി കൂടിവരുന്ന സാഹചര്യത്തിൽ 2016-ലെ വേതന ഘടനയിൽ തുടരുന്ന പ്രസ്തുത ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾക്കുള്ള നിലവിലെ തടസ്സങ്ങൾ വിശദമാക്കാമോ?

(എ-സി) ഈ സ്ഥാപനങ്ങളിലെ ഭൂരിഭാഗം ജീവനക്കാർക്കും ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. ചില വിഭാഗം ജീവനക്കാരുടെ

കാര്യത്തിലും സ്ഥാപനത്തിന്റെ കാര്യത്തിലും ശമ്പള പരിഷ്കരണം അനുവദിക്കുന്നതിൽ സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

<u>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II സ്കിൽ ടെസ്റ്റ്</u>

35 (1968) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30.04.2022-ന് പി.എസ്.സി. നടത്തിയ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II (കാറ്റഗറി നമ്പർ 277/2018) പരീക്ഷയുടെ സ്കിൽ ടെസ്റ്റിന് യൂട്യൂബ് ചാനലുകളിൽ ആറ് മാസം മുമ്പ് വന്ന ചോദ്യപേപ്പർ യാതൊരു മാറ്റവും വരുത്താതെ ഉപയോഗിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) 30.04.2022-ന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ Dictation Test/Transcription Test-ൽ ഉപയോഗിച്ച പാസ്സേജ് സംബന്ധിച്ച പരാതികൾ ലഭിച്ചിരുന്നു. പാസ്സേജ് Shorthand പഠിപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് Training-നായി നൽകുന്ന അനേകം പാസ്സേജുകളിൽ ഒന്നാണെന്ന് പി.എസ്.സി. അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. പി.എസ്.സി.-ക്കോ, ചോദ്യകർത്താക്കൾക്കോ ഈ വിഷയത്തിൽ പാകപ്പിഴകൾ സംഭവിച്ചിട്ടില്ല എന്ന് കണ്ടെത്തിയതിനാൽ സെലക്ഷൻ നടപടികൾ തുടരുവാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

<u>വയനാട് ജില്ലയിലെ പി.എസ്.സി. നിയമനം</u>

36 (1969) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവ് മുതൽ 2022 മേയ് 31 വരെ വയനാട് ജില്ലയിൽ എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകി എന്ന വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ടി കാലയളവിൽ പി.എസ്.സി.-യുടെ വയനാട് ജില്ലാ ഓഫീസിൽനിന്ന് വിവിധ വകുപ്പുകളിലേയ്ക്കായി 4,212 (നാലായിരത്തി

ഇരുന്നൂറ്റി പന്ത്രണ്ട്) നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. വകുപ്പ്, തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഇതിൽ ഏറ്റവും കൂടുതൽ നിയമനം നടന്ന വകുപ്പ് ഏതാണെന്ന് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്കാണ് പി.എസ്.സി. ഏറ്റവും കൂടുതൽ നിയമന ശിപാർശ നൽകിയിട്ടുള്ളത്. എന്നാൽ, ഓരോ വകുപ്പിലേയ്ക്കും നൽകിയ നിയമന ശിപാർശ സംബന്ധിച്ച വിവരം പി.എസ്.സി. ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

<u>കാസർഗോഡ് സിവിൽ സ്റ്റേഷൻ ജീവനക്കാരുടെ വീട്ടുവാടക ബത്ത</u>

37 (1970) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സിവിൽ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് പഞ്ചായത്ത് പരിധിയിലാണോ നഗരസഭ പരിധിയിലാണോയെന്ന് അറിയിക്കാമോ?

കാസർഗോഡ് സിവിൽ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് ചെങ്കള ഗ്രാമപഞ്ചായത്തിന്റെ പരിധിയിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്ക് നൽകുന്ന വീട്ടുവാടക ബത്ത എത്ര ശതമാനമാണെന്നും ഇത് പഞ്ചായത്ത് പ്രദേശത്തെ വീട്ടുവാടക ബത്തയ്ക്ക് തുല്യമാണോയെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്ക് മുൻകാല ശമ്പള പരിഷ്കരണ ഉത്തരവുകളിൽ വീട്ടുവാടക ബത്ത സംബന്ധിച്ച് അർഹമായ പരിഗണന നൽകിയിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ; ഇത്തവണ പ്രസ്തുത പരിഗണന ഒഴിവാക്കിയിരുന്നോ എന്നും വ്യക്തമാക്കാമോ;

(ഡി) എറണാകുളം, കോഴിക്കോട് ജില്ലാ ആസ്ഥാനങ്ങളിലെ ജീവനക്കാർക്ക് പ്രത്യേക പരിഗണന നൽകി വീട്ടുവാടക ബത്ത ഉയർത്തി നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ കാസർഗോഡിന് ഈ പരിഗണന നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(ബി-ഡി) മുൻ ശമ്പള പരിഷ്കരണത്തിൽനിന്നും വ്യത്യസ്തമായി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളെ നാലായി തിരിച്ചുകൊണ്ടാണ് 10.02.2021-ലെ സ.ഉ.(പി)നം. 27/2021/ധന. ഉത്തരവിന്റെ ഖണ്ഡിക 12 പ്രകാരം ചുവടെ ചേർക്കും വിധത്തിൽ എച്ച്.ആർ.എ. അനുവദിച്ചിട്ടുള്ളത്.

ക്ലാസ് എ:- കോർപ്പറേഷൻ പരിധിയിലെ സ്ഥാപനങ്ങൾ (10%)

ക്ലാസ് ബി:- ജില്ലാ ആസ്ഥാനങ്ങളിലെ മുനിസിപ്പാലിറ്റികൾ (8%)

ക്ലാസ് സി:- ജില്ലാ ആസ്ഥാനങ്ങൾക്ക് പുറത്തെ മുനിസിപ്പാലിറ്റികൾ (8%)

ക്ലാസ് ഡി:- പഞ്ചായത്ത് പ്രദേശങ്ങൾ (4%)

കോർപ്പറേഷൻ പ്രദേശങ്ങളിൽ പൊതുവായി 10% എച്ച്.ആർ.എ. അനുവദിച്ചിട്ടുള്ളതിനാൽ കോഴിക്കോട്, എറണാകുളം ജില്ലാ ആസ്ഥാനങ്ങളിലെ ജീവനക്കാർക്കും 10% എച്ച്.ആർ.എ.-യ്ക്കാണ് അർഹത. കാസർഗോഡ് കോർപ്പറേഷൻ പ്രദേശമല്ലാത്തതിനാൽ 10% എച്ച്.ആർ.എ-യ്ക്ക് അർഹതയില്ല. മുൻകാല ശമ്പള പരിഷ്കരണ ഉത്തരവുകളിൽ കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ചിരിക്കുന്ന വീട്ടുവാടക ബത്ത സംബന്ധിച്ച പ്രത്യേക പരാമർശം ഒന്നുംതന്നെ ഇല്ല.

(ഇ) നഗരസഭകളിൽ സ്ഥിതിചെയ്യുന്ന സിവിൽ സ്റ്റേഷനുകളിൽ അനുവദിക്കുന്ന വീട്ടുവാടക ബത്ത കാസർഗോഡ് സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്കും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിലെ ഉത്തരവിൽ മാറ്റം വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

<u>വോട്ടർ പട്ടിക ആധാറുമായി ബന്ധിപ്പിക്കൽ</u>

38 (1971) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്സഭ, നിയമസഭ മണ്ഡലങ്ങളിലെ വോട്ടർ പട്ടിക ആധാറുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആശയ വിനിമയം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇല്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് വേണ്ടി തയ്യാറാക്കുന്ന വോട്ടർ പട്ടിക ആധാറുമായി ബന്ധിപ്പിക്കുന്നതിന് വേണ്ടി നയപരമായ തീരുമാനം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ സംസ്ഥാന സർക്കാരോ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെയോ ചീഫ് ഇലക്ഷൻ കമ്മീഷന്റെയോ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സ്വീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെയോ ചീഫ് ഇലക്ഷൻ കമ്മീഷന്റെയോ നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല.

## കണ്ണൂർ ജില്ലയിലെ കെ-ഫോൺ പദ്ധതി

39 (1972) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

കെ-ഫോൺ പദ്ധതിയുടെ അടിസ്ഥാനസൗകര്യ വികസനം സംസ്ഥാനത്തൊട്ടാകെ 70 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ 2625 കി.മീ. പൂർത്തിയാക്കാനുള്ളതിൽ 2440 കി.മീ. പൂർത്തീകരിച്ചു. എ.ഡി.എസ്.എസ്. 27,593 കി.മീ പൂർത്തിയാക്കാനുള്ളതിൽ 19,606 കി.മീ സ്ഥാപിച്ചു. കണക്ഷൻ കൊടുക്കുവാനുള്ള 28,618 ഓഫീസുകളിൽ 24,393 എണ്ണത്തിൽ അതിനുവേണ്ട ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ കണ്ണൂർ ജില്ലയിൽ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ ജില്ലയിൽ 2186 സർക്കാർ സ്ഥാപനങ്ങളിൽ കെ-ഫോൺ നൽകുന്നതിനാവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) പദ്ധതിയിലൂടെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും ആദ്യഘട്ടമായി എത്ര കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ 98 ഓഫീസുകളുള്ളതിൽ, ആദ്യഘട്ടമായി 43 ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്കും സൗജന്യ കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഇന്നവേഷൻ സോൺ

40 (1973) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ വകുപ്പുകളിൽ നൂതന വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നവേഷൻ സോൺ എന്ന പ്രത്യേക സംവിധാനം ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത സംവിധാനം ആരംഭിച്ചിട്ടുള്ള വകുപ്പുകൾ ഏതൊക്കെയെന്നും ആയതിന്റെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ആരംഭിച്ചിട്ടുണ്ട്; കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നിവിടങ്ങളിൽ ഭൗതീകമായും ആരോഗ്യ വകുപ്പിൽ വെർച്വൽ ആയും ഇന്നവേഷൻ സോണുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സോണുകളിലൂടെ ഹാക്കത്തോണുകൾ നടത്തുകയും അതിലൂടെ ഇന്നവേറ്റീവ്

സൊല്യൂഷനുകളുള്ള സ്റ്റാർട്ടപ്പുകളുമായി സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള അവസരവും ലഭിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിലെ കെ-ഫോൺ പദ്ധതി

41 (1974) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ സ്ഥാപിക്കുന്ന പ്രവൃത്തി കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

കൊല്ലം ജില്ലയിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ ഗ്രൗണ്ട് വയർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ മികവിന്റെ കേന്ദ്രം

42 (1975) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ റിസർച്ച്, ഡെവലപ്മെന്റ്, ട്രെയിനിംഗ് എന്നിവയ്ക്കുവേണ്ടി "Kerala Academy of

Artificial Intelligence" എന്ന പേരിൽ ഒരു Centre of Excellence ഡിജിറ്റൽ സയൻസ് പാർക്കിന്റെ കീഴിൽ സ്ഥാപിക്കുവാൻ ഡിജിറ്റൽ സർവ്വകലാശാല വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത സെന്റർ Responsible AI, AI for Sustainability, AI Hardware, Machine Learning, Deep Learning, Re-inforcement learning എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

<u>സ്റ്റാർട്ടപ്പുകൾക്കുള്ള മൂലധനവും നിക്ഷേപവും</u>

43 (1976) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനും അവയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിനും രൂപം നൽകിയ വിവിധ പദ്ധതികളുടെ വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനും അവയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിനും രൂപം നൽകിയ വിവിധ പദ്ധതികൾ സംസ്ഥാനത്തൊട്ടാകെയാണ് നടപ്പിലാക്കുന്നത്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>സീഡ് ഫണ്ട്</u>: ലഘുവായ വ്യവസ്ഥകളിലും പലിശ നിരക്കിലും സ്റ്റാർട്ടപ്പുകൾക്ക് 15 (പതിനഞ്ച്) ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയിലൂടെ നാളിതുവരെ 11.82 കോടി രൂപ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

2. <u>ഫണ്ട് ഓഫ് ഫണ്ട്</u>: തെരഞ്ഞെടുക്കപ്പെട്ട ഏയ്ഞ്ചൽ ഫണ്ടുകളിൽ സർക്കാർ നിക്ഷേപം നടത്തി നിക്ഷേപത്തിന്റെ ഇരട്ടിയിൽ കുറയാത്ത തുക ഈ ഫണ്ടിംഗ് ഏജൻസികൾ മുഖാന്തരം സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയിലൂടെ നാളിതുവരെ 78.18 കോടി രൂപ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപമായി ലഭ്യമാക്കിയിട്ടുണ്ട്. 2021-22-ലെ ബഡ്ജറ്റിൽ ഇതിനകം വകയിരുത്തിയ 10.5 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. 2022-23-ലെ ബഡ്ജറ്റിൽ ഇതിലേയ്ക്കായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

3. <u>ഇന്നവേഷൻ ഗ്രാന്റ്</u>: ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ്, സ്കെയിലപ് ഗ്രാന്റ്, ഗവേഷണ വികസന ഗ്രാന്റ് എന്നിവ ഉൾപ്പെട്ട ഇന്നവേഷൻ ഗ്രാന്റിലൂടെ സ്റ്റാർട്ടപ്പുകൾക്ക് നേരിട്ട് ധനസഹായം ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിലൂടെ 16.78 കോടി രൂപ സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപമായി നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ അക്ഷയ കേന്ദ്രങ്ങൾ

44 (1977) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവിലൂടെ പാലക്കാട് ജില്ലയിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

4.06.2022-ലെ സ.ഉ.(സാധാ) നം. 108/2022/വിസവ. സർക്കാർ ഉത്തരവ് പ്രകാരം 7 ലൊക്കേഷനുകളും 30.06.2022-ലെ സ.ഉ.(സാധാ) നം. 134/2022/വിസവ. പ്രകാരം 5 ലൊക്കേഷനുകളും അക്ഷയ കേന്ദ്രങ്ങൾക്കായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അനുവദിച്ച ലൊക്കേഷനുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) അക്ഷയകേന്ദ്രം നടത്തിപ്പിന് ചുമതലപ്പെട്ടവരെ പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്ന് അറിയിക്കാമോ?

കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

## ഒറ്റപ്പാലം മണ്ഡലത്തിൽ അക്ഷയ കേന്ദ്രങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

45 (1978) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2021 ജനുവരി 1 മുതൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ അക്ഷയ കേന്ദ്രം തുടങ്ങുന്നതിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഏതെല്ലാം സ്ഥലങ്ങളിൽ അക്ഷയ കേന്ദ്രം തുടങ്ങുന്നതിനുള്ള അപേക്ഷകളാണ് ലഭിച്ചത്; ഈ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

2021 ജനുവരി 1 മുതൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ചുവടെ പറയുന്ന ലൊക്കേഷനുകളിലേയ്ക്ക് അക്ഷയ കേന്ദ്രം തുടങ്ങുന്നതിനായി 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

1. പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് - കല്ലുവഴി മൂന്നാം വാർഡ്

2. തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് - 53-ാം മൈൽ

3. കരിമ്പുഴ ഗ്രാമപഞ്ചായത്ത് - കിണർ ജംഗ്ഷൻ കോട്ടപ്പുറം

അടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിൽനിന്നും നിശ്ചിത ദൂരപരിധി പാലിക്കുന്നുണ്ടോ എന്ന ഉറപ്പ് വരുത്തുന്നതിനുള്ള ഫീൽഡ്തല പരിശോധന നടപടികൾ സ്വീകരിച്ചുവരുന്നു.

## അക്ഷയ കേന്ദ്രങ്ങളുടെ ഉടമസ്ഥാവകാശം

46 (1979) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ അക്ഷയകേന്ദ്രങ്ങൾ നടത്തുന്നവർക്ക് ടി കേന്ദ്രത്തിന്റെ ഉടമസ്ഥാവകാശം കൈമാറാൻ കഴിയുമോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

അക്ഷയ സംരംഭകന് സർക്കാർ ജോലി ലഭിക്കുന്ന അവസരത്തിലോ/ മരണപ്പെടുന്ന അവസരത്തിലോ/ശാരീരിക മാനസിക അസ്വസ്ഥതകളാൽ കേന്ദ്രം നടത്താൻ പറ്റാത്ത സാഹചര്യത്തിലോ മാത്രമാണ് കേന്ദ്രത്തിന്റെ കൈമാറ്റം അനുവദിക്കുന്നത്. 30.10.2019-ലെ സ.ഉ.(കൈ) നം.24/2019/വി.സ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേന്ദ്രത്തിന്റെ കൈമാറ്റം ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ പ്രായപൂർത്തിയായ മകൻ/മകൾ എന്നിവർക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു. തുടർന്ന്, 30.07.2021-ലെ സ.ഉ. (കൈ) നം.24/2021/വി.സാ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ കുടുംബാംഗങ്ങൾക്ക് പുറമെ സഹോദരൻ/സഹോദരി എന്നിവർക്ക് കൂടി കേന്ദ്രം കൈമാറാമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ അപ്രകാരം അടുത്ത ബന്ധുക്കളാരും

തന്നെ കേന്ദ്രം കൈമാറി ലഭിക്കുവാൻ യോഗ്യരല്ലാതെ വരുന്ന സാഹചര്യത്തിൽ മറ്റൊരു വ്യക്തിക്ക് കേന്ദ്രം കൈമാറ്റം ചെയ്യുന്നത് അക്ഷയ ഡയറക്ടർ പരിശോധിക്കേണ്ടതും അക്ഷയ ചീഫ് കോർഡിനേറ്ററായ ജില്ലാ കളക്ടറുടെ ശിപാർശയോടുകൂടി അനുയോജ്യമായ ശിപാർശ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അക്ഷയകേന്ദ്ര കൈമാറ്റത്തിനുള്ള അപേക്ഷകളുടെ നിജസ്ഥിതി വളരെ വ്യക്തമായി അന്വേഷിച്ച് ഉത്തമ ബോദ്ധ്യമുള്ള അപേക്ഷകൾ മാത്രമേ പരിഗണിക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംരംഭകരുടെ മരണം, ശാരീരിക മാനസിക അസ്വസ്ഥത എന്നിവ മൂലമുള്ള കൈമാറ്റത്തിനുള്ള ഫീസ് 500 രൂപയും സംരംഭകന് ജോലി ലഭിക്കുന്നതുമൂലമുള്ള കൈമാറ്റത്തിനുള്ള ഫീസ് 5,000 രൂപയുമാണ്. റാങ്ക് ലിസ്റ്റിന്റെ കാലാവധിയായ ഒരു വർഷത്തിനുള്ളിൽ മറ്റേതെങ്കിലും കാരണത്താൽ സെന്റർ നടത്താൻ കഴിയാത്ത അവസ്ഥ വരികയാണെങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ സന്നദ്ധരാകുന്ന ഏറ്റവും ഉയർന്ന റാങ്ക് ലഭിച്ചയാൾക്ക് സംരംഭകത്വം അനുവദിക്കുന്നു.

## വിവര സാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ

47 (1980) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്?

സർക്കാരിന്റെ 72 വകുപ്പുകളുടെ 835-ഓളം സേവനങ്ങൾ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് നൽകി വരുന്നുണ്ട്. പ്രസ്തുത സേവനങ്ങൾ https://services.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമാണ്. സേവനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത സേവനങ്ങളിൽ 600-ൽപ്പരം സേവനങ്ങൾ 'mSevanam' എന്ന മൊബൈൽ ആപ്പിലും ലഭ്യമാണ്.

(ബി) ഈ സേവനങ്ങളുടെ എണ്ണം കൂട്ടുന്നതിനും കൂടുതൽ വേഗത്തിൽ നൽകുന്നതിനുംവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ പുരോഗതി ചീഫ് സെക്രട്ടറിതലത്തിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ വിലയിരുത്തുകയും വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തുവരുന്നു. കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തേണ്ടത് ആവശ്യമായി വരുന്ന പക്ഷം ആയവ പോർട്ടലിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്. eSevanam പോർട്ടലിൽ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒറ്റ ലോഗിനിൽ നിന്ന് അക്സസ് ചെയ്യുന്നതിനായി സിംഗിൾ സൈൻ-ഓൺ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കെ-ഫോൺ പദ്ധതി

48 (1981) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവേഗ ഇന്റർനെറ്റ് സൗകര്യത്തിനായി ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ ഭാഗമായി അതിവേഗ ഇന്റർനെറ്റ് സൗകര്യത്തിനായി ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ 70 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ ഏതെല്ലാം സർക്കാർ ആഫീസുകളിലാണ് കെ-ഫോൺ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആഫീസുകളുടെ മണ്ഡലം തിരിച്ചുള്ള വിവരം നൽകാമോ?

പാലക്കാട് ജില്ലയിൽ കെ-ഫോൺ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ ഓഫീസുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും, മണ്ഡലം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതി ഷൊർണ്ണൂർ മണ്ഡലത്തിൽ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

2022 ജൂലൈ മാസത്തോടുകൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ കെ-ഫോണുമായി ബന്ധപ്പെട്ട എല്ലാ നിർമ്മാണപ്രവർത്തനങ്ങളും പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കെ-ഫോൺ പദ്ധതി നടപ്പിലാക്കിയാൽ ഇതിന്റെ തുടർനിയന്ത്രണം ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് മാത്രമായിരിക്കുമോ?

നിലവിൽ കെ-ഫോണുമായി ബന്ധപ്പെട്ടുള്ള നിർമ്മാണ പ്രവർത്തനവും ഏഴ് വർഷത്തേയ്ക്കുള്ള നടത്തിപ്പും പരിപാലന ചുമതലയും (Operation and Maintenance) ആണ് ഭാരത് ഇലക്ട്രോണിക്സിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേതൃത്വത്തിലുള്ള കൺസോർഷ്യത്തിന് നൽകിയിട്ടുള്ളത്. പദ്ധതിയുടെ തുടർനിയന്ത്രണം സംബന്ധിച്ച തീരുമാനം നിലവിൽ കൈക്കൊണ്ടിട്ടില്ല.

(ഇ) പദ്ധതിയുമായി ബന്ധപ്പെട്ട് വരാൻ സാധ്യതയുള്ള മറ്റ് സർവ്വീസുകളുടെയും പരാതി പരിഹാരത്തിന്റെയും ചുമതല സർക്കാർ സ്ഥാപനത്തെ ഏൽപ്പിക്കുമോ; അതോ സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തുമോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച തീരുമാനം നിലവിൽ കൈക്കൊണ്ടിട്ടില്ല.

<u>പുതുക്കാട് മണ്ഡലത്തിലെ കെ-ഫോൺ സേവനം</u>

49 (1982) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കെ-ഫോൺ സേവനം ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും ലഭ്യമാക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; അടുത്തഘട്ടത്തിൽ മണ്ഡലത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളിലും കെ-ഫോൺ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളിലും തടസ്സങ്ങളില്ലാത്ത ഇന്റർനെറ്റ് സേവനം ഉറപ്പുവരുത്തുന്ന വിധത്തിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ-സി) കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട പുതുക്കാട് മണ്ഡലത്തിലെ എല്ലാ പ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. പ്രസ്തുത മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുൾപ്പെടെയുള്ള മുഴുവൻ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കെ-ഫോൺ സേവനം</u>

50 (1983) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കെ-ഫോൺ സേവനം നിലവിൽ ഏതൊക്കെ കേന്ദ്രങ്ങളിൽ ലഭ്യമാണെന്ന് അറിയിക്കാമോ;

(ബി) കൂടുതൽ കേന്ദ്രങ്ങളിൽ കെ-ഫോൺ സേവനം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 238 സർക്കാർ സ്ഥാപനങ്ങൾക്ക് കെ-ഫോൺ സേവനം നൽകുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ മണ്ഡലത്തിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലേയ്ക്കും സേവനം ലഭ്യമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഡാറ്റാ പ്രൊട്ടക്ഷൻ നടപടികൾ

51 (1984) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഡാറ്റാ പ്രൈവസിക്കും ഡാറ്റാ പ്രൊട്ടക്ഷനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനു വേണ്ടി ഏതെല്ലാം ഏജൻസികളാണ് നേതൃത്വം നൽകുന്നത്;

(സി) ഇവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) ഡിജിറ്റൽ സർവ്വകലാശാല, എൻ.ഐ.സി, സിഡാക്, എസ്.ഇ.എം.ടി, ആർ.കെ.ഐ. എന്നിവയുടെ സഹായത്തോടെ കേരള സംസ്ഥാന ഐ.ടി. മിഷൻ മുഖാന്തരം ഡാറ്റാ പ്രൈവസിയും ഡാറ്റാ പ്രൊട്ടക്ഷനും സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ മാർഗനിർദ്ദേശത്തിന് അനുസൃതമായി സംസ്ഥാനത്ത് ഒരു ഡാറ്റാ പ്രൈവസി നയം രൂപവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഐ.ടി. മേഖല

52 (1985) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരും ഈ സർക്കാരും ഐ.ടി. മേഖലയിൽ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

* കേരളത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിന്റെ അനിവാര്യഘടകമാണ് ഐ.ടി. മേഖലയിലെ വികസനം. ഇതിനാവശ്യമായ എല്ലാ പിന്തുണയും പ്രോത്സാഹനവും സർക്കാരിന്റെ ഭാഗത്തുനിന്നും നൽകിവരുന്നു. കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയിലൂടെയും പദ്ധതികളുടെ

സമയബന്ധിതമായ പൂർത്തീകരണത്തിലൂടെയും ഈ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നു.

* ദേശീയ അന്തർദേശീയ തലത്തിൽ ഉണ്ടാകുന്ന സാധ്യതകളെ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാനും സർക്കാർ പരിശ്രമിക്കുകയാണ്. 5 വർഷത്തിനകം ആഗോളതലത്തിൽ വീട്ടിലിരുന്ന് പണിയെടുക്കുന്നവരുടെ എണ്ണം 18 കോടിയായി ഉയരുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ആഗോള ഡിജിറ്റൽ മേഖലയിൽ വന്നിട്ടുള്ള ഈ ഘടനാപരമായ മാറ്റത്തെ ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നു.

* തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് അത്യന്താധുനിക ഡിജിറ്റൽ നൈപുണ്യ പരിശീലനം യുദ്ധകാലാടിസ്ഥാനത്തിൽ നൽകാനും സർക്കാർ ഉദ്ദേശിക്കുന്നു.

* ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനമായി മാറാനും സംസ്ഥാനത്തിന് കഴിഞ്ഞു. എല്ലാവർക്കും ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തുന്നതിന് പൊതുമേഖലയിൽ ആരംഭിച്ച കെ-ഫോൺ ലോകത്തിന് ആകെത്തന്നെ മാതൃകയാകുന്ന ഒന്നായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു.

* ഇ-ഗവേണൻസ് പദ്ധതി സാർവ്വത്രികമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

* കേരളത്തിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബായി തിരുവനന്തപുരത്തെ ഉയർത്തുന്നതിനും ലക്ഷ്യംവയ്ക്കുന്നു. സംസ്ഥാനത്ത് തിരുവനന്തപുരം ആസ്ഥാനമായി ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുണ്ട്.

* 4-വരിപ്പാതയായി വികസിപ്പിക്കുന്ന ദേശീയപാത 66-ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ സംസ്ഥാനത്ത് സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ നാല് ഇടനാഴികളും സംസ്ഥാനത്തെ നിലവിലുള്ള ഐ.ടി. കേന്ദ്രങ്ങളിൽ നിന്ന് ഉത്ഭവിക്കും. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ നിന്ന് കൊല്ലത്തേയ്ക്ക്, എറണാകുളത്ത് നിന്ന് കൊരട്ടിയിലേയ്ക്ക്, എറണാകുളത്ത് നിന്ന് ചേർത്തലയിലേയ്ക്ക്, കോഴിക്കോട് നിന്ന് കണ്ണൂരിലേയ്ക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ. കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സൗകര്യം നിർമ്മിക്കും. ടെക്നോപാർക്ക് ഫേസ് III എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് NH 66-ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദ്ദിഷ്ട

ഇടനാഴികൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 14-25 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് വാങ്ങി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കും. നിർദ്ദിഷ്ട ഐ.ടി. ഇടനാഴികളിലാണ് 5 ജി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി കേരളത്തിന്റെ ഐ.ടി. മാനവവിഭവശേഷി പരമാവധി സംസ്ഥാനത്ത് തന്നെ വിനിയോഗിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് 2 ലക്ഷം തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത കാലയളവിൽ ആരംഭിച്ച ഐ.ടി. പാർക്കുകളുടെ എണ്ണവും ഐ.ടി. മേഖലയിൽ തൊഴിൽ ലഭിച്ച അഭ്യസ്തവിദ്യരുടെ എണ്ണവും ലഭ്യമാക്കുമോ;

(സി) ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവയുടെ വികസനത്തിനായി മുൻ സർക്കാരും ഈ സർക്കാരും നടത്തിയ പ്രധാന പ്രവർത്തനങ്ങളും അതുവഴിയുണ്ടാക്കിയ തൊഴിലവസരങ്ങളും വ്യക്തമാക്കുമോ?

(ബി&സി) ഐ.ടി. വ്യവസായ രംഗത്തെ ലോകോത്തര കമ്പനികളെയുൾപ്പെടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്ന രീതിയിൽ മികച്ച അടിസ്ഥാനസൗകര്യങ്ങളും വ്യവസായ അന്തരീക്ഷവും 3 ഐ.ടി. പാർക്കുകളിലും സൃഷ്ടിക്കുവാൻ സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലേയ്ക്ക് ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിൽ SEZ/NON-SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്റ്റാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് തിരുവനന്തപുരം ടെക്നോപാർക്കിൽ 20.9 ലക്ഷം ച.അടിയും കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ച.അടിയും കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ച.അടിയുൾപ്പെടെ മൊത്തം 46.4 ലക്ഷം ലക്ഷം ച.അടി ഐ.ടി. സ്പെയിസുകൾ വികസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിൽ 2015-16 കാലയളവിലുണ്ടായിരുന്ന ഏകദ്ദേശം 50000 തൊഴിലവസരം വർദ്ധിപ്പിച്ച് 2022 ജൂൺ കാലയളവ് വരെ ഏകദ്ദേശം 65500 ആയി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ കൊച്ചി ഇൻഫോപാർക്കിൽ ഉണ്ടായിരുന്ന ഏകദേശം 32800 തൊഴിലവസരം ഏകദേശം62500 ആയും കോഴിക്കോട് സൈബർപാർക്കിൽ ഉണ്ടായിരുന്ന ഏകദേശം 65 തൊഴിലവസരം ഏകദേശം 1300 ആയും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

## കെ-ഫോൺ പദ്ധതി

53 (1986) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ എത്ര ശതമാനം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കെ-ഫോൺ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനം 70 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

കെ-ഫോൺ പദ്ധതിക്കായി വിവിധ ഇനങ്ങളിൽ നാളിതുവരെ ₹417,01,08,306 (നാനൂറ്റിപ്പതിനേഴ് കോടി ഒരുലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി ആറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ ഇനം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു :

| ഇനം | തുക (രൂപ) |
|---|---|
| കെ.എസ്.ഇ.ബി.-ക്ക് നൽകിയത് | 1,94,98,467 |
| റെയിൽവേയ്ക്കും മറ്റു വകുപ്പുകൾക്കും നൽകിയത് | 7,26,05,560 |
| ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് നൽകിയത് | 1,28,77,15,349 |
| ടി.സി.ഐ.എൽ-ന് നൽകിയത് | 12,98,75,204 |
| ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് കിഫ്ബി മുഖേന നൽകിയത് | 2,65,90,06,789 |

| | |
|---|---|
| വിപണി വിലയിരുത്തലിനും ധനസമ്പാദന നിർദ്ദേശത്തിനുമുള്ള വിദഗ്ധോപദേശത്തിനായി നൽകിയത് | 14,06,937 |
| ആകെ | 417,01,08,306 |

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്?

പദ്ധതി ഉടൻ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഇ-ഓഫീസ് സംവിധാനം

54 (1987) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലും വിവിധ ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സെക്രട്ടേറിയറ്റിലും വിവിധ ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ ഇ-ഓഫീസിന്റെ പുതിയ വേർഷൻ ഇതിനോടകം നടപ്പിലാക്കിക്കഴിഞ്ഞു. കൂടാതെ വിവിധ ഡയറക്ടറേറ്റുകളിൽ ഇ-ഓഫീസിന്റെ പുതിയ വേർഷൻ നടപ്പിലാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നേരത്തേ ഫയലിന്റെ നമ്പർ, ഫയൽ സ്റ്റാറ്റസ്, ഫയൽ ഡീറ്റെയിൽസ്, ഫയൽ മൂവ്മെന്റ്, ഹിസ്റ്ററി എന്നിവയെല്ലാം ലഭിക്കുമായിരുന്നുവെങ്കിലും കഴിഞ്ഞ ജനുവരി മാസത്തിലെ അപ്ഡേഷനു ശേഷം പ്രസ്തുത വിവരങ്ങൾ ഇ-ഓഫീസ് സംവിധാനത്തിൽ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നേരത്തേ ലഭിച്ചുകൊണ്ടിരുന്ന വിവരങ്ങൾ തുടർന്നും ലഭിക്കുന്ന തരത്തിൽ ഇ-ഓഫീസ് സംവിധാനം മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇ-ഓഫീസ് സോഫ്റ്റ്‌വെയറിലെ നവീകരണത്തിന്റെ ഭാഗമായി സിറ്റിസൺ പോർട്ടലും പരിഷ്കരിക്കേണ്ടി വന്ന സാഹചര്യത്തിൽ സിറ്റിസൺ പോർട്ടൽ നവീകരണസമയത്ത് പ്രവർത്തനം താൽക്കാലികമായി തടസ്സപ്പെട്ടിരുന്നു. പോർട്ടലിന്റെ വേഗത വർദ്ധിപ്പിച്ച് കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പ്രസ്തുത പോർട്ടൽ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC)-മായി ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. പോർട്ടൽ നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## ഐ.ടി. പാർക്കുകളുടെ വികസനം

55(1988) <u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. പാർക്കുകളിൽ കമ്പനികൾക്കായി സ്ഥലസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലവിലുള്ള ഐ.ടി. പാർക്കുകളുടെ വിപുലീകരണത്തിന്റെയും അടിസ്ഥാനസൗകര്യ വികസനത്തിന്റെയും ഫലമായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് തിരുവനന്തപുരം ടെക്നോപാർക്കിൽ 20.9 ലക്ഷം ച.അടിയും കൊച്ചി ഇൻഫോപാർക്കിൽ 22.62 ലക്ഷം ച.അടിയും കോഴിക്കോട് സൈബർപാർക്കിൽ 2.88 ലക്ഷം ച.അടി ഉൾപ്പെടെ മൊത്തം 46.4 ലക്ഷം ച.അടി ഐ.ടി. സ്പേസുകൾ വികസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി./ഐ.ടി. ഇതര സ്ഥാപനങ്ങൾക്ക് സർക്കാർ

നൽകിയ വാടകയും മറ്റ് ആനുകൂല്യങ്ങളും നിലവിൽ പ്രവർത്തിക്കുന്ന ഐ.ടി. സ്ഥാപനങ്ങൾക്ക് വലിയ തോതിൽ ആശ്വാസമായി. ഈ നടപടി ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കമ്പനികൾക്ക് പാർക്കിൽ നിക്ഷേപം നടത്തുവാൻ പ്രേരകമാവുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. കൂടാതെ ഈ വർഷത്തെ ബഡ്ജറ്റിൽ 5000 സാങ്കേതിക ബിരുദധാരികൾക്ക് സർക്കാർ ധനസഹായത്തോടെ വിവിധ ഐ.ടി. കമ്പനികളിൽ ഐ.ടി. ഇന്റേൺഷിപ്പ് നൽകുവാൻ പ്രഖ്യാപനം നടത്തുകയും അതിന്റെ പ്രാരംഭ ഘട്ടമായി 1200 ബിരുദധാരികളെ തെരഞ്ഞെടുത്ത് ഇന്റേൺഷിപ്പ് നൽകുവാനുള്ള നടപടികൾ ഐ.ടി. പാർക്കുകളിൽ പുരോഗമിക്കുന്നു. തൻമൂലം വിവരസാങ്കേതിക മേഖലയിൽ നൈപുണ്യമുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

(ബി) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ഐ.ടി. പാർക്കുകളിൽ എത്രത്തോളം വികസനം സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ടെക്നോപാർക്കിൽ ഉണ്ടായിരുന്ന അടിസ്ഥാനസൗകര്യങ്ങൾ 85.1 ലക്ഷം ചതുരശ്ര അടിയിൽ നിന്നും 106.07 ലക്ഷം ച.അടിയായും കമ്പനികൾ 358-ൽ നിന്നും 470 ആയും തൊഴിലവസരങ്ങൾ ഏകദേശം 50000-ത്തിൽ നിന്നും 65500-ത്തോളമായും നിലവിൽ വർദ്ധിച്ചിട്ടുണ്ട്. കൊച്ചി ഇൻഫോപാർക്കിലുണ്ടായിരുന്ന അടിസ്ഥാനസൗകര്യങ്ങൾ 70 ലക്ഷം ചതുരശ്ര അടിയിൽ നിന്നും 92.62 ലക്ഷം ചതുരശ്ര അടിയായും കമ്പനികൾ 328-ൽ നിന്നും 541 ആയും തൊഴിലവസരങ്ങൾ ഏകദ്ദേശം 32800-ൽ നിന്നും 62500 ആയും നിലവിൽ വർദ്ധിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർപാർക്കിൽ ഉണ്ടായിരുന്ന അടിസ്ഥാനസൗകര്യങ്ങൾ 12370 ചതുരശ്ര അടിയിൽ നിന്നും 3.06 ലക്ഷം ചതുരശ്ര അടിയായും കമ്പനികൾ 4-ൽ നിന്നും 77 ആയും തൊഴിലവസരങ്ങൾ ഏകദ്ദേശം 65-ൽ നിന്നും 1300 ആയും നിലവിൽ വർദ്ധിച്ചിട്ടുണ്ട്.

(സി) ഐ.ടി. മേഖലയിൽ പുതിയ പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. 5 ജി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി കേരളത്തിന്റെ ഐ.ടി. മാനവവിഭവശേഷി പരമാവധി സംസ്ഥാനത്തുതന്നെ

വിനിയോഗിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ദേശീയപാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ മൂന്ന് മേഖലകളായി തിരിച്ച് സർക്കാർ ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോപാർക്ക് കൊച്ചി, സൈബർപാർക്ക് കോഴിക്കോട് എന്നീ പാർക്കുകളുടെ ഉപഗ്രഹ ക്യാമ്പസുകളായി 20 ചെറുകിട ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിലൂടെ 2 ലക്ഷം തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ഡി) ഐ.ടി. രംഗത്ത് സർക്കാർ ഇടപെടലിലൂടെ ഉണ്ടാകുന്ന മുന്നേറ്റം വഴി സംസ്ഥാനത്തിന്റെ തൊഴിൽ, സാമ്പത്തിക മേഖലകളിലും സംസ്ഥാന വികസനത്തിന് പൊതുവിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

ഉൽപ്പാദന മേഖലയിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും വിദ്യാസമ്പന്നരായ പുതിയ തലമുറയ്ക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ.ടി. പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ദേശീയ-അന്തർദേശീയ തലത്തിലുണ്ടാകുന്ന സാധ്യതകളെ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാനും സർക്കാർ

പരിശ്രമിക്കുകയാണ്. 5 വർഷത്തിനകം ആഗോള തലത്തിൽ വീട്ടിലിരുന്ന് പണിയെടുക്കുന്നവരുടെ എണ്ണം 18 കോടിയായി ഉയരുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ആഗോള ഡിജിറ്റൽ മേഖലയിൽ വന്നിട്ടുള്ള ഈ ഘടനാപരമായ മാറ്റത്തെ ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് നേരിട്ടും അതിന്റെ പലമടങ്ങ് പരോക്ഷമായും തൊഴിലവസരങ്ങൾ വർദ്ധിക്കുകയും തൻമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക പുരോഗതിയിൽ മികച്ച മുതൽക്കൂട്ടാവുകയും ചെയ്യും. വിദ്യാഭ്യാസ വൈജ്ഞാനിക മേഖലകളിൽ രാജ്യത്തുതന്നെ മുന്നിട്ടുനിൽക്കുന്ന സംസ്ഥാനത്തിന് അതിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഇത്തരം തൊഴിലവസരങ്ങളുടെ വർദ്ധനവ് സഹായിക്കും. ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ച് നടക്കുന്ന വലിയ തോതിലുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഈ മേഖലകളിലെ നഗരവൽക്കരണ പ്രവർത്തങ്ങൾക്ക് ആക്കം കൂട്ടുകയും മികച്ച സാമ്പത്തിക കേന്ദ്രങ്ങളായി രാജ്യത്ത് അതിവേഗം വളർന്നു വരുന്ന ഐ.ടി. നഗരങ്ങളുടെ പട്ടികയിൽ

സ്ഥാനം നേടുകയും ചെയ്തിട്ടുണ്ട്. ഇത് സംസ്ഥാനത്ത് കൂടുതൽ വൻകിട നിക്ഷേപങ്ങൾ ഐ.ടി. മേഖലയിൽ ആകർഷിക്കാൻ ഉതകുന്നതാണ്.

## ഐ.ടി. വ്യവസായ മേഖല

56 (1989) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ആഗോള കമ്പനികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും പ്രമുഖ ആഗോള കമ്പനികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ സംസ്ഥാനത്തെത്തിക്കുവാൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 3 സർക്കാർ ഐ.ടി. പാർക്കുകളിലുമായി പ്രവർത്തിക്കുന്ന ആഗോള കമ്പനികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

ഐ.ടി. വ്യവസായ രംഗത്തെ ആഗോള വ്യവസായികളെയും ആഭ്യന്തര വിപണിയേയും ആകർഷിക്കുന്നതിനും ഐ.ടി. വ്യവസായത്തിന്റെ പ്രധാന കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനുമായി ഐ.ടി. പാർക്കുകൾ ഏകോപിപ്പിച്ചുകൊണ്ട് കേരള ഐ.ടി. പാർക്ക്സ് എന്ന ഒറ്റ ബ്രാൻഡായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തിക്കുന്നു. കേരളത്തിലെ ഐ.ടി/ഐ.ടി.ഇ.എസ്. മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ മനസ്സിലാക്കികൊടുക്കുക വഴി കൂടുതൽ തദ്ദേശ/വിദേശ നിക്ഷേപങ്ങൾ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഗോളതലത്തിൽ മുന്നിൽനിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി കേരളത്തിലേയ്ക്ക് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ നടപ്പിലാക്കി വരുന്ന "കോവർക്കിംഗ് സ്പെയിസ്" സംവിധാനത്തിലുള്ള താല്പര്യം അറിയിക്കുക, അവ പ്രയോജനപ്പെടുത്തിക്കൊണ്ട് " റിമോട്ട് വർക്ക് ഫോഴ്സ്" വഴി ഈ കമ്പനികളുടെ ബിസിനസ്സ് കേരളത്തിൽ ആരംഭിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് പ്രസ്തുത കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ക്ഷണിച്ചിട്ടുള്ളത്.

ലോകോത്തര നിലവാരത്തോടെയുള്ള പശ്ചാത്തല സൗകര്യങ്ങളൊരുക്കിക്കൊണ്ട് പുത്തൻ സാങ്കേതിക വിദ്യകളുടെ (ഫ്യൂച്ചർ

ടെക്നോളജികൾ) ഐ.ടി. വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) ഐ.ടി. പാർക്കുകളിൽ അഭ്യസ്തവിദ്യർക്ക് തൊഴിൽ ഉറപ്പുവരുത്താനും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ മത്സരാധിഷ്ഠിതമാക്കാനുമായി ചീഫ് മാർക്കറ്റിംഗ് ഓഫീസറെ നിയമിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

17.05.2022-ലെ സ.ഉ.(കൈ) നം. 17/2022 വി.സ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ഐ.ടി. പാർക്കുകളിൽ ചീഫ് മാർക്കറ്റിംഗ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രപ്പരസ്യം നൽകുകയും തുടർന്ന് അപേക്ഷകൾ ലഭിക്കുകയുമുണ്ടായി. ആയതിൽ തുടർനടപടികൾ നടന്നുവരുന്നു.

## നിലമ്പൂർ മുണ്ടക്കടവിലെ പ്രളയാനന്തര പുനരധിവാസം

57 (1990) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ഭൂമിയും വീടും നഷ്ടമായ നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരുളായ് മുണ്ടക്കടവ് ആദിവാസി കോളനിയിൽ പുനരധിവാസം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉണ്ട്. 2019-ലെ പ്രളയത്തെത്തുടർന്ന് നിലമ്പൂർ നിയോജകമണ്ഡലത്തിൽ കരുളായി ഉൾക്കാട്ടിൽ മുണ്ടക്കടവ് ആദിവാസി കോളനി വാസയോഗ്യമല്ലെന്ന് കണ്ട് കോളനിയിലെ 79 കുടുംബങ്ങളെ പുലിമുണ്ട-കാഞ്ഞിരക്കടവ് (53 കുടുംബങ്ങൾ), വട്ടിക്കല്ല് (26 കുടുംബങ്ങൾ) എന്നീ ഭാഗങ്ങളിലേയ്ക്കായി താത്കാലികമായി മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. വനാവകാശ നിയമപ്രകാരം വനത്തിനുള്ളിൽ പുതിയ സ്ഥലത്ത് ഇവർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാകാനുണ്ട്.

(ബി) പ്രസ്തുത കോളനിയിലെ എത്ര കുടുംബങ്ങൾക്കാണ് 2019-ലെ പ്രളയത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടതെന്ന് അറിയിക്കാമോ; ഇവർക്ക് ആകെ നഷ്ടമായ ഭൂമിയെത്രയെന്നും പകരം ഓരോ കുടുംബത്തിനും

നൽകാനുദ്ദേശിക്കുന്ന തുക എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; കുടുംബങ്ങളുടെ പട്ടിക ലഭ്യമാക്കാമോ?

79 കുടുംബങ്ങളെ 2019-ലെ പ്രളയം ബാധിച്ചിട്ടുണ്ട്. ഇവരിൽ പൂർണ്ണഭവനനാശം സംഭവിച്ച 15 കുടുംബങ്ങളുടെ 60 സെന്റ് ഭൂമി ഉപയോഗശൂന്യമായിട്ടുണ്ട്. കോളനിയിലെ ബാക്കിയുള്ള വീടുകൾ വാസയോഗ്യമാണോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വിദഗ്ധരെക്കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി വിഹിതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിഹിതവും ചേർത്ത് ആകെ 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുടുംബങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) കോളനി നിവാസികൾക്ക് ഭൂമിയും വീടും ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഹൈക്കോടതി വ്യവഹാരവും ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച ചെറിയ അവകാശത്തർക്കങ്ങൾമൂലവും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊച്ചി മെട്രോ റെയിൽ സ്ഥലമേറ്റെടുപ്പ്

58 (1991) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാംഘട്ടത്തിനായുള്ള സ്ഥലമേറ്റെടുപ്പ് ആരംഭിച്ചതെന്നാണ്; ആയത് പൂർത്തിയായിട്ടുണ്ടോ; ആകെ എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; ഇനി എത്ര ഹെക്ടർ ഏറ്റെടുക്കാൻ ബാക്കിയുണ്ട്; വിശദാംശം നൽകാമോ?

1. ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ 2018-ൽ ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് LARR ACT, 2013 പ്രകാരമുള്ള 19(1) പ്രഖ്യാപനം 15.06.2020-ലെ സ.ഉ.(അച്ചടി) നം.40/2020/റവ (17/06/2020-ലെ 1473-ാം നമ്പർ കേരള അസാധാരണ ഗസറ്റ്) പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ഇടപ്പള്ളി സൗത്ത് വില്ലേജിൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 134 എൽ.എ.സി. ഫയലുകളിലായി 00.82.01 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് മെട്രോയ്ക്ക് കൈമാറി. വാഴക്കാല വില്ലേജിൽ 68 എൽ.എ.സി. ഫയലുകളിലായി 00.32.40 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് മെട്രോയ്ക്ക് കൈമാറി. ബാക്കി 102 ഫയലുകളിലായി 00.67.41

ഹെക്ടർ ഭൂമി ഏറ്റെടുത്ത് കൈമാറാനുണ്ട്. ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിയ്ക്കുന്നതാണ്.

ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള PWD റോഡ് വികസനത്തിനുവേണ്ടി കാക്കനാട് വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി 10.10.2016-ന് ആരംഭിച്ചു. ഏറ്റെടുപ്പ് നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. 19.17 ആർസ് ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്.

2. ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ പാലാരിവട്ടം ജംഗ്ഷൻ വരെയുള്ള PWD റോഡ് വികസനത്തിനുവേണ്ടി പൂണിത്തുറ വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി 21.01.2019-ന് ആരംഭിച്ചു. 58.35 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ളതാണ്. ആർ ആന്റ് ആർ പാക്കേജിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതാണ്.

3. സീപോർട്ട്-എയർപോർട്ട് റോഡ് വികസനത്തിനായി കാക്കനാട് വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുപ്പ് നടപടി 20.03.2019-ൽ

ആരംഭിച്ചിട്ടുള്ളതാണ്. 3.80 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിന് റികിസിഷൻ ലഭ്യമായിട്ടുള്ളതാണ്. സർവ്വെ നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

(ബി) ഭൂമി ഏറ്റെടുക്കലിനായി ആകെ എത്ര തുകയാണ് കണക്കാക്കിയിരുന്നത്; ഏറ്റെടുക്കൽ വൈകിയതുമൂലം എത്ര തുകയാണ് അധികമായി വേണ്ടിവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഭൂമി ഏറ്റെടുക്കലിനായി ആകെ കണക്കാക്കിയിട്ടുള്ള 209.80 കോടി രൂപയിൽ 140.80 കോടി രൂപ അനുവദിച്ചിട്ടുള്ളതും ഇനി ആവശ്യമായി വരുന്നത് 69 കോടി രൂപയുമാണ്.

ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള സ്ഥലമേറ്റെടുക്കൽ നടപടികളിൽ യഥാസമയം ഫണ്ട് കെട്ടിവയ്ക്കാത്തതുമൂലം സ്ഥലവിലയിൽ 12% അഡീഷണൽ വാല്യൂ നല്കേണ്ടതായി വന്നിട്ടുള്ളതും ആയത് പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ലാത്തതുമാണ്.

(സി) മെട്രോ റെയിൽപദ്ധതിക്ക് സമയബന്ധിതമായി ഭൂമിയേറ്റെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റ് റെയിൽ പദ്ധതികൾക്ക്

സമയബന്ധിതമായി ഭൂമിയേറ്റെടുക്കാനും നഷ്ടപരിഹാരം വിതരണം ചെയ്യാനും സാധിക്കുമോ; വ്യക്തമാക്കാമോ?

ഓരോ പദ്ധതിക്കും ഭൂമി ഏറ്റെടുക്കുന്നതിന് വ്യത്യസ്തമായ സാഹചര്യമാണുള്ളത്. ആയതിനാൽ മറ്റ് റെയിൽ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്ന് കരുതേണ്ട സാഹചര്യമില്ല.

## വൈപ്പിൻ മണ്ഡലത്തിലെ വാട്ടർ മെട്രോ

59 (1992) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വാട്ടർ മെട്രോയുടെ ജെട്ടികൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ, താഴെപ്പറയുന്ന 14 ടെർമിനലുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. എളംകുന്നപ്പുഴ

2. വൈപ്പിൻ (റോ-റോ ജെട്ടിക്ക് സമീപം)

3. കടമക്കുടി

4. പിഴല

5. കോതാട്

6. മൂലമ്പിള്ളി

7. പാലിയംതുരുത്ത്

8. ചാരിയംതുരുത്ത്

9. ചേന്നൂർ

10. ബോൾഗാട്ടി

11. പൊന്നാരിമംഗലം

12. മുളവുകാട് ഹോസ്പിറ്റൽ

13. മുളവുകാട് പഞ്ചായത്ത്

14. മുളവുകാട് നോർത്ത്

(ബി) പ്രസ്തുത ജെട്ടികളുടെ നിർമ്മാണപ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(സി) ജെട്ടികൾ എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാകുമെന്ന് വെളിപ്പെടുത്താമോ?

(ബി&സി) വൈപ്പിൻ, ബോൾഗാട്ടി, മുളവുകാട് നോർത്ത് ടെർമിനലുകളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഇതിൽ

വൈപ്പിനിലെയും ബോൾഗാട്ടിയിലെയും ടെർമിനലുകൾ 2022 ജൂലൈ അവസാനത്തോടുകൂടിയും മുളവുകാട് നോർത്തിലെ ടെർമിനൽ 2022 ഒക്ടോബർ മാസത്തോടുകൂടിയും പ്രവർത്തനസജ്ജമാകും. കടമക്കുടി, പാലിയംതുരുത്ത് ടെർമിനലുകളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പൊന്നാരിമംഗലം, മുളവുകാട് പ്രദേശങ്ങളിലെ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി ഇതുവരെ കൈമാറിയിട്ടില്ല. നിർമ്മാണപ്രവർത്തനത്തിന്റെ ഭാഗമായി ഇനിയും ആവശ്യമായിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## കൊച്ചി മെട്രോ

60 (1993) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പാലാരിവട്ടം മുതൽ ഇൻഫോപാർക്ക് വരെ ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പാലാരിവട്ടം മുതൽ ഇൻഫോപാർക്ക് വരെ കൊച്ചി മെട്രോ ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവൃത്തികൾക്കായി

04.06.2022-ലെ സ.ഉ.(കൈ.)നം.28/2022/ഗതാ. പ്രകാരം 291.53 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. റോഡ് വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നു. സീപോർട്ട്-എയർപോർട്ട് റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. പാലാരിവട്ടം മുതൽ ഇൻഫോപാർക്ക് വരെ കൊച്ചി മെട്രോ ദീർഘിപ്പിക്കുന്ന പദ്ധതിയുടെ അനുമതിക്കായി വിശദമായ പദ്ധതി രേഖ (Detailed Project Report) കേന്ദ്രസർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ഏറ്റെടുത്ത സ്ഥലം എത്രയെന്നും ഇനി എത്ര സ്ഥലം ഏറ്റെടുക്കാൻ ഉണ്ടെന്നും വ്യക്തമാക്കുമോ?

പാലാരിവട്ടം മുതൽ കാക്കനാട് വരെ 1.3738 ഹെക്ടർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുത്തിട്ടുള്ളത്. പാലാരിവട്ടം മുതൽ കാക്കനാട് വരെ 0.7121 ഹെക്ടർ സ്ഥലവും ജെ.എൽ.എൻ. മെട്രോ സ്റ്റേഷൻ മുതൽ പാലാരിവട്ടം വരെ 0.5445 ഹെക്ടർ സ്ഥലവുമാണ് ഇനി ഏറ്റെടുക്കാനുള്ളത്.

(സി) ഏറ്റെടുത്ത സ്ഥലത്തിന്റെ ഉടമകളായ എത്ര പേർക്ക് നാളിതുവരെ നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

പാലാരിവട്ടം മുതൽ കാക്കനാട് വരെ 258 പേർക്കായി 135.72 കോടി രൂപ നാളിതുവരെ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്.

(ഡി) ഇനി എത്ര പേർക്ക് നഷ്ടപരിഹാരത്തുക അനുവദിക്കാൻ ബാക്കിയുണ്ടെന്നും ആയതിന് എത്ര തുക ആവശ്യമായി വരുമെന്നും വ്യക്തമാക്കുമോ?

പാലാരിവട്ടം മുതൽ കാക്കനാട് വരെ 105 പേർക്കും ജെ.എൽ.എൻ. മെട്രോ സ്റ്റേഷൻ മുതൽ പാലാരിവട്ടം വരെ ഉദ്ദേശം 80 പേർക്കുമായി ആകെ 102.53 കോടി രൂപയോളം നഷ്ടപരിഹാരം നൽകേണ്ടി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

## വെസ്റ്റ്കോസ്റ്റ് കനാലിന്റെ നിർമ്മാണം

61 (1994) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെസ്റ്റ്കോസ്റ്റ് കനാലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളായി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ളതിലെ രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. 2020-ൽ തീർന്ന ഒന്നാംഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും കൈയേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തിരുന്നു. 2022-ൽ തീരുന്ന രണ്ടാംഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കുന്നതും 2025 ൽ തീരുന്ന മൂന്നാംഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനം സാദ്ധ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) പ്രസ്തുത ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടോ?

കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ. ഭാഗം ദേശീയ ജലപാത-3 (National Waterway No.3) ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ ടൂറിസം, ഗതാഗത മേഖലകൾക്ക് ഊർജ്ജം പകരാൻ കഴിയുന്ന പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കുവാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

പശ്ചിമതീര കനാൽ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളും കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസനടപടികളും വെർട്ടിക്കൽ/ഹൊറിസോണ്ടൽ ക്ലിയറൻസ് ഇല്ലാത്ത പാലങ്ങൾ, ക്രോസ് സ്ട്രക്ചറുകൾ എന്നിവയുടെ പുനർനിർമ്മാണവുമാണ് പൂർത്തീകരിക്കേണ്ടത്.

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി KIIFB-യുടെ ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് KIIFB LA യൂണിറ്റുമായി ചേർന്ന് സ്ഥലപരിശോധന നടത്തിവരുന്നു. പാർവ്വതീ പുത്തനാറിന് കുറുകെ കരിക്കകം പുത്തൻപാലം, പനത്തുറ എന്നീ സ്ഥലങ്ങളിൽ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജുകളുടെ നിർമ്മാണവും കഠിനംകുളം ഭാഗത്ത് സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ പുനർനിർമ്മാണവും നടപ്പിലാക്കി വരുന്നു. ടി ഭാഗത്ത് പാർവ്വതീപുത്തനാർ വീതിയും ആഴവും കൂട്ടി നവീകരിക്കുന്നതിനും കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക

എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ, ഫൂട്ട് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി വിശദമായ പദ്ധതിരേഖ തയ്യാറാക്കി KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കോവളം മുതൽ വർക്കല വരെ കനാൽ പാർശ്വങ്ങളിൽ താമസിക്കുന്ന 1275-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് KIIFB-യുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരധിവാസത്തിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കോഴിക്കോട് സിറ്റിയിൽക്കൂടി കടന്നുപോകുന്ന ജലപാതയുടെ ഭാഗമായ 11.2 കി.മീ. ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന "കനോലി കനാൽ വികസന പദ്ധതി" KIIFB ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

വടകര മുതൽ മാഹി വരെ വരുന്ന 17.61 കി.മീ. ദൂരത്തിൽ 12 കി.മീ. ദൂരം കനാൽ ജലഗതാഗതയോഗ്യമായിട്ടുണ്ട്. ഒന്നാം റീച്ചിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏകദേശം പൂർത്തിയായിവരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും വെങ്ങോലി

ലോക്ക്-കം-ബ്രിഡ്ജിന്റെയും നിർമ്മാണപ്രവൃത്തികൾ പുരോഗമിക്കുന്നു. വടകര-മാഹി കനാൽ റീച്ച് - 3-ന്റെ നരിക്കോട്ട് താഴെ മുതൽ കല്ലേരി വരെയുള്ള 3.24 കി.മീ.-ൽ ഉൾപ്പെട്ട 800 മീറ്റർ വരെ ചേരിപ്പോയിൽ ഹൈ കട്ട് ഭാഗം എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിച്ചിട്ടുള്ള പുതിയ ഡിസൈൻ സ്വീകരിച്ച് പ്രവൃത്തി പൂർത്തിയാക്കിയാൽ മാത്രമേ വടകര-മാഹി കനാൽ പൂർണ്ണമായി സഞ്ചാരയോഗ്യമാവുകയുള്ളൂ. അതിനായും മൂന്നാം റീച്ചിൽ ഗതാഗത യോഗ്യമാക്കുവാൻ ബാക്കിയുള്ള 2.64 കി.മീ. ഭാഗവും ഉൾപ്പെടുത്തി പുതുക്കിയ DPR അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ചുവരുന്നു. റീച്ച് അഞ്ചിൽ 3 കി.മീ. ദൂരം കനാൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മാഹി-വളപട്ടണം ഭാഗത്ത് ഏകദേശം 26.5 കിലോമീറ്ററും നീലേശ്വരം-ബേക്കൽ ഭാഗത്ത് 6.5 കിലോമീറ്ററും കനാൽ പുതിയതായി നിർമ്മിക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ KWIL മുഖേന നടപ്പാക്കിവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനായി മാഹി-വളപട്ടണം ഭാഗത്ത് 650 കോടി രൂപയും നീലേശ്വരം-ബേക്കൽ ഭാഗത്ത് 189 കോടി രൂപയും KIIFB മുഖേന

അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വെ പ്രവൃത്തികളും വാട്ടർ ബാലൻസ് സ്റ്റഡിയും പുരോഗമിച്ചുവരുന്നു.

കോവളം-ഹോസ്ദുർഗ്ഗ് ജലപാത

62 (1995) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള ജലപാത ഇനി എത്ര കിലോമീറ്റർ പൂർത്തീകരിക്കാനുണ്ടെന്നും ഈ പാതയിൽ എത്ര കിലോമീറ്റർ കൃത്രിമ കനാലുകൾ ആവശ്യമുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത ജലപാത എന്ന് തുറന്നുകൊടുക്കാൻ കഴിയുമെന്നും അറിയിക്കാമോ?

കോവളം മുതൽ ബേക്കൽ വരെ 616 കിലോമീറ്റർ വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ 520 കിലോമീറ്റർ ഭാഗം നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാണ്. എന്നിരുന്നാലും പല ഭാഗങ്ങളിലും തടസ്സങ്ങളായിട്ടുള്ള (വെർട്ടിക്കൽ ക്ലിയറൻസ് കുറഞ്ഞ) പാലങ്ങൾ, മറ്റ് ക്രോസ്സ് സ്ട്രക്ചറുകൾ എന്നിവ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികളും കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം വീണ്ടെടുത്ത് കനാൽ ദേശീയ നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. ബാക്കിയുള്ള 96 കി.മീ. ഭാഗത്ത് (വിവിധ ഭാഗങ്ങളിലായി) കനാൽ

നിർമ്മിക്കേണ്ട ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-ഉം ഉൾനാടൻ ജലഗതാഗത വകുപ്പും സംയുക്തമായി നടത്തി വരുന്നുണ്ട്. മാഹി - വളപട്ടണം റീച്ചിൽ 26 കി.മീ., നീലേശ്വരം - ബേക്കൽ ഭാഗത്ത് 6.5 കി.മീ. എന്നിങ്ങനെയാണ് കൃത്രിമ കനാലുകൾ നിർമ്മിക്കേണ്ടതുള്ളത്. 2025 അവസാനത്തോടുകൂടി വെസ്റ്റ് കോസ്റ്റ് കനാൽ പൂർണ്ണതോതിൽ ഗതാഗതത്തിന് തുറന്നുകൊടുക്കാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

കോട്ടപ്പുറം-കോവളം ജലപാത പ്രവൃത്തി

63 (1996) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പുറം-കോവളം ജലപാതയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

കോവളം മുതൽ ബേക്കൽ വരെ 616 കി.മീ. ദൂരത്തിൽ പശ്ചിമതീര കനാൽ (West Coast Canal) എന്ന പേരിൽ, ജലപാത യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിൽ 328 കി. മീ. ഭാഗം (കൊല്ലം മുതൽ കല്ലായിപ്പുഴ വരെ) ദേശീയ ജലപാത

നം. 3 ആണ്. ദേശീയ ജലപാതയുടെ ഭാഗമായ കൊല്ലം മുതൽ കോട്ടപ്പുറം (കൊടുങ്ങല്ലൂർ) വരെ 168 കി.മീ. ഭാഗത്തെ നിർമ്മാണം ഏറെക്കുറെ IWAI പൂർത്തിയാക്കിയിട്ടുണ്ട്. കോട്ടപ്പുറം മുതൽ കല്ലായി വരെ (160 കി.മീ.)-യുള്ള നിർമ്മാണ പ്രവൃത്തികൾക്ക് DPR ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെ 74 കി.മീ. ഭാഗവും കല്ലായി മുതൽ ബേക്കൽ വരെ 214 കി.മീ. ഭാഗവും (ആകെ 288 കി.മീ.) സംസ്ഥാന ജലപാതയാണ്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഇതിൽ രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. 2020-ൽ തീർന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 2022-ൽ അവസാനിക്കുന്ന രണ്ടാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കുന്നതിനും 2025-ൽ അവസാനിക്കുന്ന മൂന്നാം ഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള

ടൂറിസം വികസനം സാദ്ധ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. മാഹി പുഴയ്ക്കും വളപട്ടണം പുഴയ്ക്കും ഇടയിൽ 26 കിലോ മീറ്ററും നീലേശ്വരം നദിക്കും ചിത്താരിപ്പുഴയ്ക്കും ഇടയിൽ 6.5 കിലോ മീറ്ററും പുതുതായി ഭൂമി ഏറ്റെടുത്ത് കൃത്രിമ കനാൽ നിർമ്മിക്കേണ്ടതുണ്ട്. ബാക്കി എല്ലാ ഭാഗത്തും കനാലുകളും കായലുകളുമാണ്. കനാൽ ഭാഗങ്ങളുടെ ആഴവും വീതിയും കൂട്ടി നവീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത ജലപാതയുടെ ഭാഗമായി ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായുള്ള ഫണ്ട് എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ദേശീയ ജലപാതാ നിലവാരത്തിൽ കനാൽ വികസിപ്പിക്കുകയും ആയതിന് തടസ്സമായിട്ടുള്ള പാലങ്ങൾ, ക്രോസ് സ്ട്രക്ചറുകൾ എന്നിവ പുനർനിർമ്മിക്കുക, ടൂറിസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബോട്ട് ടെർമിനലുകൾ നിർമ്മിക്കുക, ഉപകനാലുകളുടെ പുനരുദ്ധാരണം എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടി പ്രവൃത്തികൾക്കായി സംസ്ഥാന പ്ലാൻ ഫണ്ട്, ടൂറിസം ഫണ്ട്, ഇൻലാൻഡ് വാട്ടർവേയ്സ്

അതോറിറ്റി ഓഫ് ഇന്ത്യ (IWAI)-യുടെ ഫണ്ട്, കിഫ്ബി ധനസഹായം എന്നിവയാണ് ഉപയോഗിക്കുന്നത്.

(സി) പ്രസ്തുത ജലപാതയുടെ ആക്കുളം കായൽ മുതൽ കോവളം വരെയുള്ള ഭാഗത്ത് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ?

കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി KIIFB- LA യൂണിറ്റുമായി ചേർന്ന് സ്ഥലപരിശോധന നടത്തിവരുന്നു. പാർവ്വതീപുത്തനാറിന് കുറുകെ കരിക്കകം പുത്തൻപാലം, പനത്തുറ എന്നീ സ്ഥലങ്ങളിൽ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജുകളുടെ നിർമ്മാണവും കഠിനംകുളം ഭാഗത്ത് സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ പുനർനിർമ്മാണവും നടപ്പിലാക്കിവരുന്നു. ടി ഭാഗത്ത് പാർവ്വതീപുത്തനാർ വീതിയും ആഴവും കൂട്ടി നവീകരിക്കുന്നതിനും കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ ഫൂട്ട് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി വിശദമായ പദ്ധതി രേഖ തയ്യാറാക്കി KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിക്കായി കിഫ്ബി മുഖേനയും മറ്റും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക എന്തെല്ലാം പ്രവൃത്തികൾക്കാണ് വിനിയോഗിക്കുന്നതെന്നും എസ്.പി.വി. ആയി ഏതെങ്കിലും നിശ്ചയിച്ചിട്ടുണ്ടോയെന്നും ഇപ്പോൾ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ?

കിഫ്ബി ധനസഹായം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. കോവളം മുതൽ വർക്കല വരെ 1275 കുടുംബങ്ങളുടെ പുനരധിവാസം -247.2 കോടി രൂപ.

2. കനാൽ വികസനത്തിനായി 1907 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് - 66.39 കോടി രൂപ. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.

3. KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതി കോവളം മുതൽ ആക്കുളം വരെ പാർവ്വതീപുത്തനാറിന്റെ നവീകരണം - 183.65 കോടി രൂപ.

മേൽ പദ്ധതികൾ എസ്.പി.വി. ആയ കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് മുഖാന്തരമാണ് നടപ്പിലാക്കുന്നത്. നിലവിൽ ജലപാതാ വികസനത്തിന്റെ രണ്ടാംഘട്ട പ്രവൃത്തികളാണ് നടന്നുവരുന്നത്. 2022-ൽ തീരുന്ന രണ്ടാംഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

(ഇ) ആക്കുളം മുതൽ കോവളം വരെ ജലപാതയുടെ ഭാഗമായ പാർവതീപുത്തനാറിന്റെ ഒരുവശത്ത് സൈഡ് പ്രൊട്ടക്ഷൻ വാൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജലപാതയുടെ നിർമ്മാണത്തിന്റെ ഭാഗമായി സൈഡ് വാൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(എഫ്) ഇല്ലെങ്കിൽ തിരക്കേറിയ കാരാളി-വള്ളക്കടവ് റോഡിനോട് ചേർന്ന പുത്തനാറിന്റെ ഭാഗം സൈഡ് വാൾ ഇല്ലാത്തത് അപകട സാധ്യത വർദ്ധിപ്പിക്കുന്നതിനാൽ പ്രസ്തുത വാൾകൂടി പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

(ഇ&എഫ്) ഉണ്ട്. ആക്കുളം മുതൽ കോവളം വരെയുള്ള ഭാഗത്ത് ജലപാത വികസിപ്പിക്കുന്നതിനായി KIIFB-യുടെ ധനസഹായത്തോടുകൂടി സ്ഥലം ഏറ്റെടുക്കൽ, പുനരധിവാസം എന്നീ പ്രവൃത്തികൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടത്തിവരുന്നുണ്ട്. ആവശ്യമായി വരുന്ന ഭാഗങ്ങളിൽ സംരക്ഷണഭിത്തിയുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ ജലപാതാ വികസനത്തിന്റെ ഭാഗമായി സ്വീകരിക്കുന്നതാണ്.

## സേവനങ്ങൾ പരസ്യപ്പെടുത്തുന്നതിനുള്ള പ്രവർത്തനം

64 (1997) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ വകുപ്പുകളിലെ സേവനങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പരസ്യപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ?

വിവിധ സർക്കാർ സേവനങ്ങൾ പൊതുജന സമക്ഷം എത്തിക്കുന്നതിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന സർക്കാരിന്റെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളായ കേരള കാളിംഗ്, ജനപഥം, പി.ആർ.ഡി.ലൈവ് മൊബൈൽ ആപ്പ്, കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന ലഘുലേഖകൾ, പ്രത്യേക ബുക്ക്‌ലെറ്റുകൾ, കോഫിടേബിൾ ബുക്കുകൾ എന്നിവവഴി സർക്കാരിന്റെ വികസന-ക്ഷേമ പദ്ധതികൾ പൊതുജനങ്ങളിൽ എത്തിക്കുന്നുണ്ട്. ദൈനംദിനം നൽകിവരുന്ന പത്രക്കുറിപ്പുകൾ സംസ്ഥാന സർക്കാരിന്റെ വികസന-ക്ഷേമ പരിപാടികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഇതിന്റെ ഡിജിറ്റൽ രൂപം പി.ആർ.ഡി. വെബ്സൈറ്റിലും ലഭ്യമാണ്. സർക്കാരിന്റെ വികസന-ക്ഷേമ പദ്ധതികളുടെ ഉദ്ഘാടന ചടങ്ങിൽ ജില്ലയിലെ എല്ലാ മാധ്യമങ്ങളും പങ്കെടുക്കുന്നുവെന്ന് പി.ആർ.ഡി. ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നു. ബഹു. മുഖ്യമന്ത്രി, മന്ത്രിമാർ, എന്നിവരുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും വെബ്സൈറ്റുകൾ മുഖേനയും ഫേസ് ബുക്ക്, ട്വിറ്റർ, യൂട്യൂബ് തുടങ്ങിയ സമൂഹമാധ്യമങ്ങൾ വഴിയും സർക്കാർ സേവനങ്ങളുടെ വിവരങ്ങൾ അറിയാൻ സാധിക്കും. സർക്കാരിന്റെ വികസന-ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി സ്പോൺസേർഡ് പ്രോഗ്രാമുകളായ ‘ പ്രിയകേരളം’ ‘ ദൂരദർശനിലും’ , ‘ നവകേരളം’ ഏഷ്യാനെറ്റ്

ന്യൂസിലും ' ജനപഥം' ആകാശവാണിയിലും സംപ്രേഷണം ചെയ്തുവരുന്നു. മന്ത്രിസഭാ വാർഷിക വേളയിൽ നടത്തിവരുന്ന ജില്ലാതല മെഗാ പ്രദർശന മേള സർക്കാരിന്റെ വികസന-ക്ഷേമ പദ്ധതികളുടെ വിവരങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിന് സഹായകരമാകുന്നുണ്ട്. അച്ചടി-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും ഹോർഡിംഗുകളിലൂടെയും കെ.എസ്.ആർ.ടി.സി. ബസ്സുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവയിലൂടെയും നൽകിവരുന്ന അറിയിപ്പുകളും പരസ്യങ്ങളും സർക്കാരിന്റെ വികസന-ക്ഷേമ പദ്ധതികൾ ജനങ്ങളിലെത്തിക്കുന്നു.

<u>സിംഗിൾ സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി</u>

65 (1998) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ജോലിചെയ്തുവരുന്ന മലയാളികൾക്ക് മലേഷ്യ പോലുള്ള രാജ്യങ്ങളിലെ ആളുകളെ വിവാഹം ചെയ്യുന്നതിന് ഇവിടെ വിവാഹിതരല്ലെന്ന സാക്ഷ്യപത്രം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷകർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും റവന്യൂ വിഭാഗത്തെയും സമീപിക്കുമ്പോൾ തങ്ങളുടെ

സേവനങ്ങളുടെ പട്ടികയിൽ സിംഗിൾ സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് ഇല്ലെന്ന കാരണം പറഞ്ഞ് സാക്ഷ്യപത്രം നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) വിദേശ പൗരൻമാരെ വിവാഹം കഴിക്കുന്നതിനായി അതത് വിദേശ രാജ്യങ്ങളിൽ ഹാജരാക്കുന്നതിനായി വിവാഹിതരല്ലെന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് ധാരാളം അപേക്ഷകൾ റവന്യൂ വകുപ്പിൽ ലഭിക്കുന്നുണ്ട്. എന്നാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം റവന്യൂ വകുപ്പിൽ നിന്നും നല്കിവരുന്ന 23 ഇനം സർട്ടിഫിക്കറ്റുകളിൽ വിവാഹിതരല്ലെന്ന സാക്ഷ്യപത്രം ഉൾപ്പെട്ടുവരുന്നില്ല. ലാൻഡ് റവന്യൂ മാന്വൽ വാല്യം 6-ൽ ഇത്തരം സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച പരാമർശമോ നടപടി നിർദ്ദേശമോ ഇല്ല. ആയതിനാൽ പ്രസ്തുത സാക്ഷ്യപത്രം അനുവദിക്കുന്നതിലേയ്ക്കായി സ്വീകരിക്കേണ്ട തെളിവ്/രേഖ, അന്വേഷണ നടപടികൾ എന്നിവ ഉൾപ്പെടുത്തി വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) ഇത്തരം സാക്ഷ്യപത്രങ്ങൾ നൽകാൻ സർക്കാർ തലത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് ചുമതല നൽകുന്ന കാര്യത്തിൽ വ്യക്തമായ ഉത്തരവിറക്കുന്ന കാര്യം പരിശോധിക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(സി&ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡിന്റെ (OKIHL) പ്രവർത്തനം

66 (1999) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഉടമസ്ഥതയിലുള്ള ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇവയുടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഒന്നാം ലോക കേരള സഭയോടനുബന്ധിച്ച് രൂപീകരിച്ച സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനിയായ OKIHL ആരംഭിച്ചത്.

കേരളത്തിന്റെ പുരോഗതിക്ക് ഉതകുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ സഹകരണത്തോടെ പ്രോജക്ടുകൾ ആരംഭിക്കുന്നതിലേയ്ക്കായി OKIHL എന്ന കമ്പനി 100% സർക്കാർ ഓഹരിയോടെ രൂപീകരിച്ചു. പാതയോര വിശ്രമകേന്ദ്രങ്ങൾ കൂടാതെ വേസ്റ്റ് മാനേജ്മെന്റ്, മൂല്യവർദ്ധിത കാർഷിക വിപണനം, നൈപുണ്യ വികസനം തുടങ്ങിയ മേഖലകളിലാണ് നിക്ഷേപത്തിനായി കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പ്രവാസികൾക്ക് ദീർഘകാല ലാഭവും വളർച്ചയും കൈവരിക്കുന്നതിന് പ്രായോഗികമായ പ്രോജക്ടുകൾ കമ്പനി നൽകുന്നു. കമ്പനിയുടെ നയപരവും ഭരണപരവുമായ കാര്യങ്ങളിൽ തീരുമാനം എടുക്കാനുള്ള അധികാരവും കമ്പനിയുടെ നിയന്ത്രണവും സർക്കാരിൽ നിക്ഷിപ്തമാണ്.

കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ വേസൈഡ് അമിനിറ്റീസ് പ്രോജക്ട് (Wayside Amenities Project). റെസ്റ്റ്സ്റ്റോപ്പ് (RestStop) എന്ന പേരിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പ്രോജക്ടിൽ ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന അറ്റകുറ്റപ്പണി കേന്ദ്രങ്ങൾ, പോലീസ് എയ്ഡ് പോസ്റ്റുകൾ, ചെറിയ ക്ലിനിക്കുകൾ,

വാഷ്റൂമുകൾ എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനായി കാസർഗോഡ്, ആലപ്പുഴ, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് റെസ്റ്റ്സ്റ്റോപ്പ് (RestStop) പദ്ധതി ആരംഭിക്കുന്നതാണ്.

## പ്രവാസികൾക്കുള്ള ക്ഷേമപദ്ധതികൾ

67 (2000) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ പ്രവാസികൾക്ക് വേണ്ടി നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## പ്രവാസി ക്ഷേമ പദ്ധതികൾ

68 (2001) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ രംഗത്ത് പ്രവാസി ക്ഷേമബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

(എ&ബി) പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രവാസികൾക്കായി ഏർപ്പെടുത്തിയ പ്രവാസി ലാഭവിഹിത പദ്ധതി ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതിയിലൂടെ കിഫ്ബിയിലേയ്ക്ക് എത്ര തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി ക്ഷേമ ബോർഡാണ് കിഫ്ബിയുടെ സഹകരണത്തോടെ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കുന്നത്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിതപങ്കാളിക്കും ആജീവനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന ഈ പദ്ധതി 2019 ഡിസംബർ മാസത്തിലാണ് ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം 300 കോടിയിൽപ്പരം രൂപ നിക്ഷേപമായി സ്വീകരിച്ച് കിഫ്ബിയിലേയ്ക്ക് ഇതുവരെ കൈമാറിയിട്ടുണ്ട്.

## നോർക്കാ റൂട്ട്സിന്റെ ട്രിപ്പിൾ വിൻ പ്രോഗ്രാം

69 (2002) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കാ റൂട്ട്സിന്റെ ട്രിപ്പിൾ വിൻ പ്രോഗ്രാമിന്റെ ഭാഗമായി ജർമനിയിൽ നഴ്സുമാരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരാണ് അന്തിമ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത റാങ്ക് പട്ടികയിൽ എസ്.സി./എസ്.ടി. പ്രാതിനിധ്യം എത്രയെന്ന് വിശദമാക്കാമോ?

ചോദ്യം ഉദിക്കുന്നില്ല.

## പുരാവസ്തു തട്ടിപ്പ് കേസിൽ ആരോപണ വിധേയ ലോക കേരള സഭയിൽ പങ്കെടുത്ത സംഭവം

70 (2003) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂണിൽ തിരുവനന്തപുരത്ത് നടന്ന ലോക കേരള സഭയിൽ പുരാവസ്തു തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് ആരോപണ വിധേയയായ വനിത പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പങ്കെടുത്തോ?

2022-ൽ നടന്ന ലോക കേരള സഭയിൽ ആരോപണ വിധേയയായ വനിത പങ്കെടുത്തിട്ടില്ല.

(ബി) പ്രസ്തുത വ്യക്തിക്ക് ലോക കേരള സഭയിലേയ്ക്ക് ക്ഷണം നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ സർക്കാർ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തുന്നത്; അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) പ്രസ്തുത വ്യക്തി മൂന്നാം ലോക കേരള സഭയുടെ അംഗമോ പ്രത്യേക ക്ഷണിതാവോ അല്ലാത്തതിനാൽ ക്ഷണം നല്കിയിരുന്നില്ല.

ലോക കേരള സഭ സമ്മേളനങ്ങളുടെ വിശദാംശങ്ങൾ

71 (2004) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക കേരള സഭ സമ്മേളനങ്ങൾ എത്ര പ്രാവശ്യം ഏതെല്ലാം സമയങ്ങളിൽ നടന്നുവെന്ന് വ്യക്തമാക്കുമോ?

ലോക കേരള സഭയുടെ മൂന്ന് സമ്മേളനങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളത്. ലോക കേരള സഭയുടെ ഒന്നാം സമ്മേളനം 2018 ജനുവരി 12, 13 തീയതികളിലും രണ്ടാം സമ്മേളനം 2020 ജനുവരി 1, 2, 3 തീയതികളിലും മൂന്നാം സമ്മേളനം 2022 ജൂൺ 16, 17, 18 തീയതികളിലുമാണ് നടത്തിയിട്ടുള്ളത്.

(ബി) ഓരോ സമ്മേളനത്തിലെയും പ്രതിനിധികൾ ആരെല്ലാമായിരുന്നു; ഇവരെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം എന്തായിരുന്നു; ഇവർ ഏതെല്ലാം പ്രസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് പങ്കെടുത്തു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യയ്ക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരൻമാരായ മലയാളികളെയാണ് ലോക കേരള സഭയിലെ

അംഗങ്ങളായി ഉൾപ്പെടുത്തുന്നത്. സഭയുടെ അംഗത്വം ഇന്ത്യൻ പൗരന്മാർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇന്ത്യൻ പൗരൻമാരല്ലാത്ത കേരളീയരെയും ലോക കേരള സഭയുടെ പ്രവർത്തനങ്ങളിൽ മറ്റ് നിലകളിൽ പങ്കെടുക്കാൻ സ്വാഗതം ചെയ്യുന്നുണ്ട്. ഓരോ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും പ്രവാസികളുടെ എണ്ണം, ഭൂപ്രദേശങ്ങളുടെ പ്രാതിനിധ്യം, നിർദ്ദേശിക്കപ്പെടുന്നവർ പൊതുസമൂഹത്തിന് നൽകിയ സംഭാവനകൾ തുടങ്ങിയവ പരിഗണിച്ചാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

(സി) ഓരോ സമ്മേളനങ്ങളിലും ചർച്ച ചെയ്തതും ഉയർന്ന് വന്നതുമായ പ്രശ്നങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ സമ്മേളനത്തിലും ഉയർന്നുവന്ന ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(ഡി) ഈ നിർദ്ദേശങ്ങളിൽ ഏതെല്ലാം നടപ്പാക്കിയെന്ന് സമ്മേളനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി&ഡി) ഒന്നാം ലോക കേരള സഭയോടനുബന്ധിച്ച് രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശിപാർശകളിന്മേൽ പ്രയോഗികമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ 8 ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചു. രണ്ടാം ലോക കേരള സഭയോടനുബന്ധിച്ച് ലഭിച്ച

ശിപാർശകൾ മുഖ്യമന്ത്രിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും അവലോകനം ചെയ്ത് പ്രായോഗികമല്ലാത്തവ നീക്കം ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നവ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. മൂന്നാം സമ്മേളനത്തിൽ നിരവധി ആശയങ്ങളും നിർദ്ദേശങ്ങളും വിവിധ സെഷനുകളിൽ അംഗങ്ങൾ ഉയർത്തിയിട്ടുണ്ട്. ടി ശിപാർശകൾ ക്രോഡീകരിച്ചുവരുന്നു.

(ഇ) ഓരോ സമ്മേളനത്തിലും എല്ലാ വകുപ്പുകളുമായി ചേർന്ന് എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിനായി 2,03,21,861 രൂപയും രണ്ടാം സമ്മേളനത്തിനായി 1,11,12,924 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.

മൂന്നാം സമ്മേളനത്തിന്റെ ചെലവുകളുമായി ബന്ധപ്പെട്ട് കണക്കുകൾ ക്രോഡീകരിച്ചുവരുന്നു.

(എഫ്) ലോക കേരള സഭയിൽ വന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നിയമപരമായ ബാധ്യതകൾ ഉറപ്പ്

വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ലോക കേരളസഭ

72 (2005) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയിൽ നാളിതുവരെ അംഗങ്ങളായവരുടെ പട്ടികയും ഏത് മേഖലയെ പ്രതിനിധീകരിച്ചതാണെന്നുമുള്ള വിവരവും ലഭ്യമാക്കുമോ; ഈ സഭയിൽ നിന്ന് വിരമിച്ചവരുടെ പട്ടികയും ലഭ്യമാക്കുമോ?

ലോക കേരള സഭയുടെ ഒന്ന്, രണ്ട്, മൂന്ന് സമ്മേളനങ്ങളിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു.+ വിരമിച്ചവരുടെ പട്ടിക അനുബന്ധം -2 ആയി ചേർക്കുന്നു.+

(ബി) ഓരോ ലോകകേരള സഭയുമായി നാളിതുവരെയുണ്ടായിട്ടുള്ള ചെലവ് എത്രയാണെന്നും ഏതിനത്തിലാണെന്നും അറിയിക്കുമോ?

ലോക കേരള സഭയുടെ ഒന്നാം സമ്മേളനത്തിനായി 2,03,21,861 രൂപയും രണ്ടാം സമ്മേളനത്തിനായി 1,11,12,924 രൂപയുമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിച്ചിട്ടുള്ളത്. വിശദാംശം അനുബന്ധം - 3 ആയി ചേർത്തിട്ടുണ്ട്.+ മൂന്നാം സമ്മേളനത്തിന്റെ ചെലവുകളുമായി ബന്ധപ്പെട്ട് കണക്കുകൾ ക്രോഡീകരിച്ചുവരുന്നു.

(സി) ലോക കേരളസഭ ആരംഭിച്ചതിനുശേഷം പ്രവാസികൾ കൈവരിച്ച ഏറ്റവും പ്രധാന നേട്ടമെന്തെന്ന് അറിയിക്കുമോ?

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങളും സംഭാവനകളും നൽകുന്നതിനും അവരുടെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോടൊപ്പമുള്ള ഒരു പൊതുവേദി എന്നതാണ് ലോക കേരള സഭയുടെ രൂപീകരണംകൊണ്ട് സാധ്യമായത്. പ്രസ്തുത വേദിയുടെ രൂപീകരണത്തിലൂടെ പ്രവാസികളുടെയും കേരളത്തിന്റെയും സർവതോന്മുഖമായ ഉന്നതിയാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ സഭകളിലെ ചർച്ചകളും നിർദ്ദേശങ്ങളും ഈ ലക്ഷ്യത്തെ സാധൂകരിക്കുന്നതായിരുന്നു. അന്താരാഷ്ട്ര പ്രവാസി പഠനകേന്ദ്രത്തിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപീകരണം, മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തൽ, ലോക മലയാളം എന്ന പേരിലുള്ള പ്രസിദ്ധീകരണം എന്നിവ ലോക കേരള സഭയുടെ നിർദ്ദേശങ്ങളിൽ നിന്ന് രൂപംകൊണ്ടതാണ്. കൂടാതെ പ്രവാസികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണം നാട്ടിലെ വികസന പ്രവർത്തനങ്ങൾക്കായിക്കൂടി ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഒന്നാം ലോക കേരള സഭയുടെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശംകൂടി പരിഗണിച്ച് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് രൂപീകരിച്ചിരിക്കുന്നത്. പ്രവാസികളായ കേരളീയരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ നിരവധി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തനപരിധിയുള്ള ഒരു സഹകരണസംഘം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വനിതകളുടെ സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുന്നതിനും കുടിയേറ്റവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും വനിതാ കുടിയേറ്റക്കാരുടെ പരാതികൾ സ്വീകരിക്കുന്നതിനുമായി നോർക്ക റൂട്ട്സിൽ എൻ.ആർ.കെ. വനിതാ സെൽ രൂപീകരിച്ചു. ഈ രീതിയിൽ

പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കാനും നിക്ഷേപം നാടിന് പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിക്കാനും ഒട്ടേറെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കാൻ ലോക കേരള സഭയിലൂടെ സാധിച്ചിട്ടുണ്ട്. ലോക കേരള സഭ മുഖേന വളരെയധികം നേട്ടങ്ങൾ പ്രവാസിസമൂഹത്തിനും അതുവഴി കേരളത്തിനും ലഭ്യമായിട്ടുണ്ട്. കോവിഡ് 19 കാലത്ത് വിദേശ രാജ്യങ്ങളിൽ കഴിയുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിന് ലോക കേരള സഭാംഗങ്ങളുടെയും മലയാളി സംഘടനകളുടെയും സഹായത്തോടെ യു.എ.ഇ., ഒമാൻ, ഖത്തർ, കുവൈറ്റ്, സൗദി അറേബ്യ, ബഹ്റൈൻ, യു.എസ്.എ., മലേഷ്യ, മൊസാംബിക്ക്, സാംബിയ, വെസ്റ്റ് ഇൻഡീസ്, ബോട്ട്സ്വാന, ജർമ്മനി, നോർവ്വേ, ഇന്തോനേഷ്യ, അയർലാൻഡ് എന്നീ 14 രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിച്ചു. 05.04.2020, 26.04.2020, 23.05.2020 എന്നീ തീയതികളിൽ വിവിധ രാജ്യങ്ങളിലെ കോവിഡ് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും അവിടെയുള്ള പ്രവാസി മലയാളികളുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനുമായി മുഖ്യമന്ത്രി ലോക കേരള സഭാംഗങ്ങളുമായും പ്രവാസി സംഘടനകളുമായും ആശയവിനിമയം നടത്തി. വിദേശത്ത് അസുഖബാധിതരായവർക്ക് ഓൺലൈൻ വൈദ്യോപദേശം/ഡോക്ടറെ

നേരിട്ട് വിളിക്കാനുള്ള സൗകര്യം ഏർപ്പാടാക്കി. കോവിഡ് മഹാമാരിയുടെ സമയത്ത് കോവിഡ് റിലീഫ് മെറ്റീരിയൽസ്, വെന്റിലേറ്റേഴ്സ്, ഓക്സിജൻ ടാങ്ക്, പൾസ് ഓക്സീമീറ്റർ തുടങ്ങിയവ വിവിധ രാജ്യങ്ങളിൽ നിന്ന് ലോക കേരള സഭാംഗങ്ങളും പ്രവാസി മലയാളികളും കേരളത്തിലെത്തിച്ചിരുന്നു. വിദേശ രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ലോക കേരള സഭാംഗങ്ങൾ അശ്രാന്തപരിശ്രമം നടത്തിവരുന്നു. കൂടാതെ വിദ്യാഭ്യാസ മേഖലയിലുണ്ടായ അനിശ്ചിതത്വത്തിന് പരിഹാരമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വിദ്യാകിരണം പ്രോജക്ടിന്റെ അദ്ഭുതപൂർവ്വമായ വിജയത്തിന് ലോക കേരള സഭാംഗങ്ങളുടെ സേവനം അഭിനന്ദനാർഹമായിരുന്നു. റഷ്യ-യുക്രൈൻ യുദ്ധസമയത്ത് വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ലോക കേരള സഭാംഗങ്ങളുടെ പ്രയത്നം പ്രശംസനീയമായിരുന്നു.

## ലോക കേരള സഭ

73 (2006) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ ആരംഭിച്ച ലോക കേരള സഭ നാളിതുവരെയായി എത്ര തവണ കൂടിയിട്ടുണ്ടെന്നും ഓരോ ലോക കേരള സഭയിലും പങ്കെടുത്ത/അംഗങ്ങളായ പ്രവാസി മലയാളികൾ ആരെല്ലാമാണെന്നും അറിയിക്കുമോ?

ലോക കേരള സഭ നാളിതുവരെയായി മൂന്ന് തവണ കൂടിയിട്ടുണ്ട്. കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യയ്ക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരൻമാരായ മലയാളികളെയാണ് ലോക കേരള സഭയിലെ അംഗങ്ങളായി ഉൾപ്പെടുത്തുന്നത്. സഭയുടെ അംഗത്വം ഇന്ത്യൻ പൗരന്മാർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇന്ത്യൻ പൗരൻമാരല്ലാത്ത കേരളീയരെയും ലോക കേരള സഭയുടെ പ്രവർത്തനങ്ങളിൽ മറ്റ് നിലകളിൽ പങ്കെടുക്കാൻ സ്വാഗതം ചെയ്യുന്നുണ്ട്. ഓരോ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും പ്രവാസികളുടെ എണ്ണം, ഭൂപ്രദേശങ്ങളുടെ പ്രാതിനിധ്യം, നിർദ്ദേശിക്കപ്പെടുന്നവർ പൊതുസമൂഹത്തിന് നൽകിയ സംഭാവനകൾ തുടങ്ങിയവ പരിഗണിച്ചാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

(ബി) മുൻപ് നടന്ന ലോക കേരള സഭകളിലായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരുന്നതെന്നും അതിനായി എത്ര തുക

പ്രവാസികൾ നിക്ഷേപിച്ചുവെന്നും പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അറിയിക്കുമോ;

(സി) പ്രവാസികളുടെ ക്ഷേമത്തിനായി ലോക കേരള സഭയിൽ പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓരോ ലോക കേരള സഭയിലും പ്രവാസികൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ/നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി-ഡി) ഒന്നാം ലോക കേരള സഭയോടനുബന്ധിച്ച് രൂപീകരിച്ച സ്റ്റാന്റിംഗ് കമ്മിറ്റികൾ സമർപ്പിച്ച 10 ശിപാർശകളിന്മേൽ പ്രായോഗികമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ 8 ശിപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചു. രണ്ടാം ലോക കേരള സഭയോടനുബന്ധിച്ച് ലഭിച്ച ശിപാർശകൾ മുഖ്യമന്ത്രിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും അവലോകനം ചെയ്ത് പ്രായോഗികമാകാത്തവ നീക്കം ചെയ്യുകയും ചെയ്തിരുന്നു. ശേഷിക്കുന്ന 142 ശിപാർശകളിൽ 76 എണ്ണത്തിൽ നടപടി പൂർത്തിയായി. ബാക്കിയുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽ വരുന്ന വിഷയങ്ങൾ കേന്ദ്ര

സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. ലോക കേരള സഭയിലൂടെ പ്രവാസികളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നില്ല. എന്നാൽ പ്രവാസികൾ നാട്ടിലേക്കയയ്ക്കുന്ന പണം നാട്ടിലെ വികസനപ്രവർത്തനങ്ങൾക്കുകൂടി ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഒന്നാം ലോക കേരള സഭയുടെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശംകൂടി പരിഗണിച്ച് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് രൂപീകരിച്ചിരിക്കുന്നത്. പ്രസ്തുത കമ്പനിയുടെ പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ way side amenities പ്രോജക്ട്. RestStop എന്ന പേരിൽ SPV രൂപീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രവാസികളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന നടപടി ആരംഭിച്ചിട്ടില്ല.

<u>ലോക കേരള സഭാ പ്രതിനിധികൾ</u>

74 (2007) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയുടെ ഒന്ന്, രണ്ട്, മൂന്ന് സമ്മേളനങ്ങളിൽ പങ്കെടുത്ത പ്രതിനിധികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

ലോക കേരള സഭയുടെ ഒന്ന്, രണ്ട്, മൂന്ന് സമ്മേളനങ്ങളിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു.+

(ബി) ലോക കേരള സഭാ സമ്മേളനങ്ങളിൽ പ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടാത്ത ഏതെങ്കിലും വ്യക്തികളെ പങ്കെടുപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സാഹചര്യത്തിലാണ് അപ്രകാരം പങ്കെടുക്കുവാൻ അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ?

തെരഞ്ഞെടുക്കപ്പെട്ട പ്രവാസി പ്രതിനിധികൾ അല്ലാതെ മറ്റാരെയും ലോക കേരള സഭാ സമ്മേളനങ്ങളിൽ പങ്കെടുപ്പിച്ചിട്ടില്ല.

കലാപശ്രമം തടയുന്നതിനുള്ള നടപടികൾ

75 (2008) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സംഘടനകൾ കലാപം സൃഷ്ടിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്തിയതായി പറയപ്പെടുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നിർവ്വീര്യമാക്കുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ചില സംഘടനകൾ കലാപം സൃഷ്ടിച്ച് രാഷ്ട്രീയ മുതലെടുപ്പിനായി ശ്രമങ്ങൾ നടത്തുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നിർവ്വീര്യമാക്കുന്നതിനായി കുറ്റക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 143, 146, 147, 148, 149, 153 തുടങ്ങിയ വകുപ്പുകൾ പ്രകാരവും IT Act-ലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചില സംഘടനകൾ കൊച്ചുകുട്ടികളെ വിദ്വേഷ പ്രചരണത്തിനായി ഉപയോഗിച്ച സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ചില സംഘടനകൾ കൊച്ചുകുട്ടികളെ വിദ്വേഷ പ്രചരണത്തിനായി ഉപയോഗിച്ച സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ 21.05.2022-ൽ PFI നടത്തിയ സമ്മേളനത്തോടനുബന്ധിച്ച് സാമുദായിക വിദ്വേഷം ഉളവാക്കുന്ന രീതിയിൽ കൊച്ചുകുട്ടിയെക്കൊണ്ട് മുദ്രാവാക്യം വിളിപ്പിച്ച ഒരു സംഭവം ഉണ്ടായിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം

നം.425/2022 u/s 143, 147, 153(A), 295(A), 505(1)(b)(c), 502(2), 506 r/w 149 IPC sec. 75, 83(2) of JJ Act, sec 120 (o) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും 31 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ചില സംഘടനകൾ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന പരിശീലന പരിപാടികളും വർഗ്ഗീയ ഉദ്ബോധനങ്ങളും പൊതുസമൂഹത്തിൽ ഉളവാക്കുന്നതായി പറയപ്പെടുന്ന ഭവിഷ്യത്തുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും പൊതുജനപങ്കാളിത്തത്തോടെ ഇത്തരം പരിശീലന-ഉദ്ബോധന പരിപാടികൾ അവസാനിപ്പിക്കുന്നതിനുമായി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമോ; വിശദമാക്കുമോ?

ഇതിനെതിരെ പോലീസ് നിരീക്ഷണം നടത്തുകയും ചെറിയ ക്രമസമാധാന വിഷയങ്ങളിൽപ്പോലും മതസ്പർദ്ധയ്ക്ക് കാരണമാകാത്ത രീതിയിൽ അതീവ ജാഗ്രത പുലർത്തി പരിഹാരം കണ്ടെത്തിയും മതസ്പർദ്ധ വളർത്തുന്ന തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 153 (A), 295(A) തുടങ്ങിയ വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തും ആയുധ പരിശീലനങ്ങളിൽ

ഏർപ്പെടുന്നവർക്കെതിരെ Arms Act, KP Act പ്രകാരവും കേസ്സുകൾ എടുത്തും നിയമനടപടികൾ സ്വീകരിച്ചുവരുന്നു. മതസ്പർദ്ധ ഇളക്കിവിടുന്നതിനും സമാധാന അന്തരീക്ഷം തകർത്ത് ജനങ്ങളുടെ സ്വൈരജീവിതം ഇല്ലാതാക്കുന്നതിനുമെതിരെ ജാഗ്രത പുലർത്തുന്നതിലേയ്ക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകുന്നതിനുവേണ്ടി ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, പോലീസിന്റെ സാമൂഹ്യ മാധ്യമ വിഭാഗം തുടങ്ങിയവ മുഖേന ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗവും അതുവഴിയുണ്ടാകുന്ന അക്രമവാസനകളും

76 (2009) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ പൊതുവിലും വിദ്യാർത്ഥികളിൽ പ്രത്യേകിച്ചും വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗവും അതുവഴിയുണ്ടാകുന്ന അക്രമവാസനകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തടയുന്നതിന് പ്രത്യേകമായ നടപടിയും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് വിപുലമായ ക്യാമ്പയിനും നടത്താൻ ആഭ്യന്തര വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് യുവജനങ്ങളിൽ മയക്കുമരുന്നിന്റെ ഉപയോഗത്തിനെതിരെ സ്കൂൾതലം മുതലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മികച്ച രീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് വിൽപ്പന തടയുന്നതിനായി സ്കൂൾ/കോളേജ് പരിസരങ്ങളിൽ നിരന്തരമായ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തിയും വിദ്യാർത്ഥികളിൽനിന്നും വിവരങ്ങൾ ശേഖരിച്ചും പോലീസ് സ്റ്റേഷൻ പരിധിയിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ നേതൃത്വത്തിൽ നിരന്തരമായ റെയ്ഡുകൾ സംഘടിപ്പിച്ചും ജില്ലാ തലത്തിൽ രൂപീകരിച്ച ഡാൻസാഫ് (ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) സ്ക്വാഡ് മയക്കുമരുന്ന് വിൽപ്പന തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രി സുരക്ഷാ പദ്ധതി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് തുടങ്ങിയ വിവിധ പദ്ധതികൾ വഴി വിദ്യാർത്ഥികൾക്കിടയിലും രക്ഷിതാക്കൾക്കിടയിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 'യോദ്ധാവ് ' എന്ന മൊബൈൽ അപ്ലിക്കേഷൻ മുഖേന മയക്കുമരുന്നിന്റെ ഉപയോഗവും

വിതരണവും സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ പോലീസിന് കൈമാറാൻ സാധിക്കുന്നതാണ്.

യുവജന സംഘടനാ പ്രവർത്തകരെ മർദിച്ച സംഭവം

77 (2010) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി സഞ്ചരിച്ച വിമാനത്തിൽവച്ച് മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ യുവജന സംഘടനാ പ്രവർത്തകരെ മർദ്ദിച്ച ദൃശ്യങ്ങൾ പുറത്തുവന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഭരണപക്ഷ മുന്നണി കൺവീനർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തതെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) മർദ്ദിച്ചതായി പറയപ്പെടുന്ന സംഭവത്തിന്മേൽ ലഭിച്ച പരാതി പ്രകാരം അദ്ദേഹത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരായ ഫർസീൻ മജീദ്, നവീൻ കുമാർ, സുനിത് നാരായണൻ എന്നിവർ വിമാനത്തിനുള്ളിൽവച്ച് മുഖ്യമന്ത്രിയെ ആക്രമിക്കാൻ ശ്രമിച്ച സമയം വിമാനത്തിനുള്ളിലുണ്ടായിരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി കൺവീനർ ഈ ആക്രമണത്തെ തടയാൻ ശ്രമിക്കുകയുണ്ടായി. ടി സംഭവത്തെ അദ്ദേഹം മർദ്ദിച്ചതായി കാണിച്ച് നിത്യാനന്ദ് കെ. യു, ദിൽജിത്ത് എന്നിവർ ഇ-മെയിൽ മുഖാന്തരം പരാതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയെ വിമാനത്തിനുള്ളിൽവച്ച് ആക്രമിക്കാൻ ശ്രമിച്ച സംഭവത്തിന് ഫർസീൻ മജീദ്, നവീൻ കുമാർ, സുനിത് നാരായണൻ എന്നിവരെ പ്രതിയാക്കി വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം.നം. 511/2022 u/s 120 B, 332, 307, 34 of IPC Sec. 22 of Aircraft (Investigation of Accidents and Incidents) Rules 2012, Sec. 11 A of Aircraft Act 1934 & Sec. 3 (1) (a) of Suppression of Unlawful Acts Against Safety of Civil Aviation Act 1982 ആയി കേസ് രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തിവരികയാണ്. കേസിലെ ഒന്നും രണ്ടും പ്രതികൾ ബഹു. കോടതിയിലോ പോലീസിലോ കസ്റ്റഡിയിൽ ഉണ്ടായിരുന്നപ്പോഴോ ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടില്ല. പ്രതികൾ നടത്തിയ

കുറ്റകൃത്യത്തിന്റെ ഗൗരവം ലഘൂകരിക്കുന്നതിനുവേണ്ടിയാണ് മേൽ പ്രകാരമുള്ള പരാതി നൽകിയതെന്ന് ബോധ്യമായതിനാൽ പരാതിയിൽ പരാമർശിച്ചിട്ടുള്ള സംഗതികളിൽ പ്രത്യേകം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ടതില്ലായെന്ന് വെളിവായിട്ടുണ്ട്.

(സി) ഭരണപക്ഷ മുന്നണി കൺവീനർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യണമോ എന്ന വിഷയത്തിൽ പോലീസ് നിയമോപദേശം തേടിയിരുന്നോ; എങ്കിൽ പ്രസ്തുത നിയമോപദേശം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഇല്ല.

അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്ത് കൊണ്ടുള്ള സ്പെഷ്യൽ റിപ്പോർട്ട്

78 (2011) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം പത്തനംതിട്ട ജില്ലയിലെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ ബലാത്സംഗ കുറ്റത്തിന് എതിരെയുള്ള വകുപ്പുകൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും കേസിൽ അന്വേഷണത്തിൽ വീഴ്ച വരുത്തിയതായി ആരോപിച്ചുകൊണ്ട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്

റാങ്കിലോ പോലീസ് സൂപ്രണ്ട് റാങ്കിലോ ഉള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്തുകൊണ്ടുള്ള സ്പെഷ്യൽ റിപ്പോർട്ട് പത്തനംതിട്ട ജില്ലാ പോലീസ് മേധാവി 2021-ൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ഏത് തീയതിയിലാണ് ഈ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഈ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ബാധകമല്ല.

## സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ ആരോപണങ്ങൾ അന്വേഷിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘം

79 (2012) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കും എതിരെ സ്വർണ്ണക്കടത്ത് കേസ് പ്രതി ഉന്നയിച്ച ആരോപണങ്ങളിൽ ഗൂഢാലോചന ഉണ്ടോയെന്ന്

അന്വേഷിക്കുന്നതിനുവേണ്ടി പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

സ്വർണ്ണക്കള്ളക്കടത്ത് കേസിലെ ഒരു പ്രതി മാധ്യമങ്ങളുടെ മുന്നിൽ ഉന്നയിച്ച കാര്യങ്ങളെത്തുടർന്ന് ഗൂഢാലോചന ആരോപിച്ചുകൊണ്ട് ഡോ. കെ. ടി. ജലീൽ എം.എൽ.എ. പരാതി നൽകിയിരുന്നു. അതേത്തുടർന്ന് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2022 u/s 153, 120 (B) IPC പ്രകാരവും അഡ്വ. സി. പി. പ്രമോദ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിലെ ക്രൈം നം.423/2022 u/s 505 (1) (b), 465 IPC, 65 of IT Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. നിലവിൽ അന്വേഷണം തിരുവനന്തപുരം ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമാണ് നടത്തുന്നത്. അന്വേഷണത്തിന്റെ മേൽനോട്ട ചുമതല ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി-ക്ക് നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത അന്വേഷണ സംഘത്തിൽ ഉൾപ്പെട്ടിരിക്കുന്നവർ ആരൊക്കെയാണെന്ന് തസ്തിക അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

പ്രസ്തുത അന്വേഷണ സംഘത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം തസ്തിക അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

1. Sri. Sadanandan P. P.
Addl. Supdt. of Police, Kannur City.

2. Sri. Amminikkuttan
Dy. SP, Crime Branch, Kottayam.

3. Sri. Abdul Rahim C.A
Dy. SP, DCRB, Kasaragod.

4. Sri. Santhosh T.R
Dy. SP, EOW, Thrissur.

5. Sri. Anil Kumar.B
Asst. Commissioner of Police, District Crime Branch, Tvpm. City.

6. Sri. Abdul Shereef K.K.
Dy. SP, Sulthan Batheri Sub Division, Wayanad.

7. Sri. V. K. Raju
Asst. Commissioner of Police, Thrissur Sub Division, Thrissur City.

8. Sri. Abhilash. A
Asst. Commissioner of Police, District Special Branch, Kochi City.

9. Sri. Raj Kumar. P., Asst.Commissioner of Police,
EKM Sub Division, Kochi City.

10. Sri. K. C. Sethu
Asst. Commissioner of Police
Ollur Sub Divison, Thrissur City.

11. Sri. Adhamkhan A, IP, Vadakkancherry PS, Palakkad.

(സി) പോലീസിൽ ക്രിമിനൽ പശ്ചാത്തലം ഉള്ളതായി പറയപ്പെടുന്നവരെ സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ കൃത്യമായ വിവരങ്ങൾ ലഭ്യമാണോ; ആയതുപ്രകാരം ക്രിമിനൽ പശ്ചാത്തലമുള്ള ആരെങ്കിലും മേല്പറഞ്ഞ അന്വേഷണ സംഘത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരും തസ്തികയും ക്രിമിനൽ പശ്ചാത്തലവും വ്യക്തമാക്കുമോ?

ആഭ്യന്തര വകുപ്പിൽ ലഭ്യമായ വിവരപ്രകാരം ക്രിമിനൽ പശ്ചാത്തലത്തിൽ ഉള്ളവർ അന്വേഷണ സംഘത്തിൽ ഉൾപ്പെടുന്നില്ല.

## സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ ആരോപണം

80 (2013) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസിലെ പ്രതി മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കും എതിരെ നടത്തിയ ആരോപണത്തിന്റെ നിജസ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വ്യക്തിക്കെതിരെ മുഖ്യമന്ത്രി അപകീർത്തിക്കേസ് ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സ്വർണ്ണക്കടത്ത് കേസിലെ പ്രതിയുടെ ആരോപണങ്ങൾ സംബന്ധിച്ച തുടർ നിയമനടപടികൾക്കായി സർക്കാർ നിയമോപദേശം തേടിയിരുന്നോ; എങ്കിൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രതിയുടെ പ്രസ്താവനകൾക്കു പിന്നിലെ ഗൂഢാലോചന ആരോപിച്ചുകൊണ്ട് ഡോ. കെ. ടി. ജലീൽ

എം.എൽ.എ. നൽകിയ പരാതിയിന്മേൽ തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2022 u/s 153,120(B) IPC പ്രകാരവും അഡ്വ. സി. പി. പ്രമോദ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 423/2022 u/s 505(1)(b), 465 IPC, 65 of IT Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്.

ടെക്നോ പാർക്കിൽ കേരളാ പോലീസിന്റെ പദ്ധതികൾ

81 (2014) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോ പാർക്കിൽ മുൻ സംസ്ഥാന പോലീസ് മേധാവിയുടെ ഭാര്യ ജോലി ചെയ്തതായി പറയപ്പെടുന്ന സ്ഥാപനത്തിന് കേരളാ പോലീസിന്റെ പദ്ധതികളിൽ നേരിട്ടോ അല്ലാതെയോ പങ്കാളിത്തമുണ്ടായിരുന്നോ; എങ്കിൽ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) പ്രസ്തുത സ്ഥാപനത്തിൽ ടിയാളുടെ ഭാര്യ ജോലി ചെയ്തതായി പറയപ്പെടുന്ന കാലയളവിൽ അവരുടെ സുരക്ഷയ്ക്കും മറ്റുമായി അധികമായി പതിനെട്ട് വനിതാ പോലീസുകാരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വനിതാ പോലീസുകാരുടെ പേരുവിവരങ്ങളും അവർക്ക് വേണ്ടി അധികമായി ചെലവഴിക്കേണ്ടി വന്ന തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

അധികമായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നില്ല.

(സി) സംസ്ഥാന വ്യവസായ സുരക്ഷാ സേനാ കമാൻഡന്റ് ഇതുമായി ബന്ധപ്പെട്ട് പോലീസ് ആസ്ഥാനത്തേയ്ക്കും സർക്കാരിലേയ്ക്കും സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സംസ്ഥാന വ്യവസായ സുരക്ഷാസേന കമാൻഡന്റ് ഇതുമായി ബന്ധപ്പെട്ട് പോലീസ് ആസ്ഥാനത്തേയ്ക്കോ സർക്കാരിലേയ്ക്കോ റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട് ഉള്ളതായി പറയപ്പെടുന്ന അഴിമതിക്കും സ്വജനപക്ഷപാതത്തിനും പൊതുപണ ധൂർത്തിനുമെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) അഖിലേന്ത്യ സർവ്വീസ് അച്ചടക്ക നടപടികൾ പ്രകാരം മുൻ ഡി.ജി.പി.-ക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും ടിയാനിൽനിന്നും തുക ഈടാക്കുന്നുണ്ടെങ്കിൽ ആയത് ഗഡുക്കളായാണോ ഒറ്റത്തവണ ആയാണോ വസൂലാക്കുന്നത് എന്നത് സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

(ഡി&ഇ) പിരിവ് (ബി)-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## അഴിമതിക്കാരായ പോലീസുദ്യോഗസ്ഥരുടെ പട്ടിക

82 (2015) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ പോലീസ് ഓഫീസർമാരെ അവർ നടത്തിയിട്ടുള്ള അഴിമതിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി തരം തിരിക്കുകയുണ്ടായോ എന്ന് അറിയിക്കുമോ?

പോലീസ് വകുപ്പിൽ ഇത്തരത്തിൽ ഒരു പട്ടിക തയ്യാറാക്കിയിട്ടില്ല.

(ബി) എങ്കിൽ ഏതൊക്കെ ഇനങ്ങളിലായാണ് പോലീസ് ഓഫീസർമാരെ തരംതിരിച്ചിട്ടുള്ളത്; എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം പട്ടിക തയ്യാറാക്കിയിട്ടുള്ളത്;

(സി) ഓരോ പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ എണ്ണം തസ്തിക തിരിച്ച് ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ഡി) പട്ടികയിലെ ഓരോ ഇനത്തിലും ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനതല ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കുമോ?

(ബി-ഡി) ബാധകമല്ല.

<u>ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപത്തട്ടിപ്പ്</u>

83 (2016) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി കേന്ദ്രീകരിച്ചുള്ള ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; തട്ടിപ്പിന് ഇരയായവർക്ക് നീതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്?

ഇക്കാര്യം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത 13 കേസുകളിൽ, 8 കേസുകളുടെ അന്വേഷണം പൂർത്തീകരിച്ച് പ്രതികൾക്കെതിരെ <u>ബഹു</u>. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, നാദാപുരം മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 5 കേസുകളിൽ ഊർജ്ജിത അന്വേഷണം

നടത്തിവരുന്നുണ്ട്.

(ബി) പ്രസ്തുത തട്ടിപ്പിന് ഇരയായവർ സമരം നടത്തുന്നതിനിടെ ആക്രമിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ ഏത് തരത്തിലുള്ള അന്വേഷണമാണ് നടത്തുന്നത്; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിന് കുറ്റ്യാടി പോലീസ് സ്റ്റേഷൻ ക്രൈം നം. 123/22 Us 323, 324, 308, 506, r/w 34 IPC ആയി രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തിയാക്കി 4 പ്രതികൾക്കെതിരെ ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി നാദാപുരം മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും കേസ് വിചാരണയിലുമാണ്.

## കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

84 (2018) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കരീലകുളങ്ങര പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പുരോഗതി വിശദമാക്കാമോ?

കരീലകുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച 3 കോടി രൂപയുടെ എസ്റ്റിമേറ്റിന്

26.02.2021-ലെ സർക്കാർ ഉത്തരവ് (സാധാ) നം.650/2021/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിരുന്നെങ്കിലും 2020-21 സാമ്പത്തിക വർഷത്തിൽ 4055-00-207-92-04 Construction of Building for new Police Station എന്ന ശീർഷകത്തിൽ മതിയായ തുക ശേഷിക്കാത്തതിനാൽ പ്രസ്തുത പോലീസ് സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

കരീലകുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള തുക പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും PWD/KPHCC മുഖേന വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കരീലക്കുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തണമെന്നും സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>വീട്ടിൽ നിന്നും സ്വർണ്ണവും പണവും അപഹരിച്ചതായുള്ള പരാതി</u>

85 (2019) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് കാവൽ ഉണ്ടായിരുന്ന വീട്ടിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന സ്വർണ്ണവും പണവും അപഹരിച്ചതായിട്ടുള്ള പരാതിയിൽ ക്രൈംബ്രാഞ്ച് പ്രത്യേക

അന്വേഷണ സംഘം അന്നത്തെ പ്രൊബേഷണറി എസ്.ഐ.-യെ പ്രതിയാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ച സംഭവവും ഇത് സംബന്ധിച്ച 18.06.2022-ലെ പത്രവാർത്തയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത മുതലുകൾ എസ്.എച്ച്.ഒ.-യോട് ചട്ടവിരുദ്ധമായി സൂക്ഷിക്കാൻ നിർദ്ദേശിച്ച അന്നത്തെ സി.ഐ.-ക്കെതിരെ അന്വേഷണം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

അന്വേഷണം നടത്തിയിരുന്നു. പ്രൊബേഷണറി എസ്.ഐ.-ക്ക് ലഭിച്ച തുക ചട്ടവിരുദ്ധമായി സൂക്ഷിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പേരൂർക്കട എസ്.എച്ച്.ഒ-യ്ക്ക് അന്നത്തെ സി.ഐ. നല്കിയതായി ഒരു തെളിവും ലഭിച്ചിട്ടില്ല.

(സി) നിലവിൽ സർവ്വീസിൽ നിന്നും വിരമിച്ച അന്നത്തെ പേരൂർക്കട സി.ഐ.-ക്കെതിരെ ടിയാൻ സർവ്വീസിൽ ആയിരുന്ന കാലത്ത് ഗുരുതര അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ ഉത്തരവ് പ്രകാരമാണ് ടിയാൾക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും ഏതൊക്കെ കുറ്റങ്ങളുടെ പേരിലാണ് അച്ചടക്ക നടപടി നേരിട്ടതെന്നും വ്യക്തമാക്കുമോ;

(ഡി) സ്വന്തം അഴിമതിക്കേസ് അന്വേഷിക്കാൻ വന്ന വിജിലൻസ് ഉദ്യോഗസ്ഥരെ കസ്റ്റഡിയിലെടുത്തതിന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. പേരൂർക്കട സി.ഐ. ആയിരുന്ന ഉദ്യോഗസ്ഥനെതിരെ 1999-ൽ നടപടിക്രമങ്ങൾ പാലിക്കാതെ അശ്രദ്ധമായി കേസുകൾ കൈകാര്യം ചെയ്തതിന് A2(a) 38/PR/01 V നമ്പർ പ്രകാരവും അനധികൃതമായി അവധിയിൽ പ്രവേശിച്ചതിന് H1-PR/14/03 പ്രകാരവും വിജിലൻസ് ഉദ്യോഗസ്ഥരെ കസ്റ്റഡിയിലെടുത്തതിന് A2(a)14/PR/03/TR പ്രകാരം സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) സർവ്വീസിലുള്ള കാലത്ത് അച്ചടക്കലംഘനം നടത്തിയതിന് ശിക്ഷണനടപടികൾ ഏറ്റുവാങ്ങിയതും കളങ്കിത പശ്ചാത്തലമുള്ളതുമായ പ്രസ്തുത ഉദ്യോഗസ്ഥന്റെ ഈ കേസിലെ പങ്ക് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആഭ്യന്തര വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത വിഷയത്തിൽ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി അന്വേഷണം നടത്തി ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-യ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധനയിലാണ്.

(എഫ്) ഈ കേസിലെ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണത്തിനായി മുതിർന്ന ഐ.പി.എസ്. ഉദ്യോഗസ്ഥനെ നിയോഗിക്കുമോ; വിശദാംശം നൽകുമോ?

പരിഗണനയിലില്ല.

വിസിൽ ബ്ലോവർമാരെ സംരക്ഷിക്കാൻ നടപടി

86 (2020) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പിലോ സ്വകാര്യ സ്ഥാപനത്തിലോ നിയമവിരുദ്ധമായി സംഭവിക്കുന്ന കാര്യങ്ങൾ അധികാരികളെ അറിയിക്കുന്നവരെ (വിസിൽ ബ്ലോവർ) സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിയമവിരുദ്ധമായ സംഭവങ്ങൾ അധികാരികളെ അറിയിക്കുന്ന വിസിൽ ബ്ലോവർമാരുടെ വിവരങ്ങൾ അതീവരഹസ്യമായി സൂക്ഷിക്കുന്നതാണ്. ഇപ്രകാരമുള്ള വിസിൽ ബ്ലോവർമാർക്ക് ഏതെങ്കിലും

തരത്തിലുള്ള സംരക്ഷണം ആവശ്യമായി വന്നാൽ നിയമം അനുശാസിക്കുന്ന പരിരക്ഷ നൽകുന്നതാണ്.

(ബി) വിസിൽ ബ്ലോവർമാരെ സംരക്ഷിക്കാൻ പുതിയ നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) വിസിൽ ബ്ലോവർമാരെ പീഡിപ്പിക്കുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പയ്യന്നൂരിൽ കൃത്രിമ രസീതുണ്ടാക്കി തെരഞ്ഞെടുപ്പ് ഫണ്ടിൽനിന്ന് അറുപത് ലക്ഷം തട്ടിയെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ഇ) ജനങ്ങളിൽനിന്നും പിരിക്കുന്ന പണം വ്യക്തികൾ അപഹരിക്കുന്നത് നിയമവിരുദ്ധമായതിനാൽ പയ്യന്നൂർ രക്തസാക്ഷി സഹായ ഫണ്ട് അപഹരിച്ച കേസിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ഡി&ഇ) ഈ വിഷയത്തിൽ ലഭിച്ച പരാതി No.97/SOPTN/P6/22 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും പരാതിയിൽ Prevention of corruption

Act പ്രകാരമുള്ള കുറ്റകൃത്യം ആരോപിക്കുന്നതിനാൽ ആയത് സംബന്ധിച്ച് പോലീസ് പ്രാഥമിക അന്വേഷണം നടത്തി വരികയുമാണ്.

<u>പയ്യന്നൂർ ഫണ്ട് തട്ടിപ്പ്</u>

87 (2021) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പ് ഫണ്ട്, ഏരിയ കമ്മിറ്റി ഓഫീസ് കെട്ടിട നിർമ്മാണ ഫണ്ട്, ധനരാജ് രക്തസാക്ഷി സഹായ ഫണ്ട് എന്നിവയിൽ നിന്നും പണം തിരിമറി നടത്തിയതായി പോലീസിന് പരാതി ലഭിച്ചിട്ടുണ്ടോ?

ഇതുസംബന്ധിച്ച് 21.06.2022-ൽ പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പൊതുജനങ്ങളുടെ കയ്യിൽനിന്നും പിരിച്ച പണം തട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കേസിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഇല്ലെങ്കിൽ കേസ് എടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(ബി-ഡി) 21.06.2022-ൽ ലഭിച്ച പരാതിയിൽ Prevention of Corruption Act പ്രകാരമുള്ള കുറ്റകൃത്യം ആരോപിക്കുന്നതിനാൽ ആയത് സംബന്ധിച്ച് പോലീസ് പ്രാഥമിക അന്വേഷണം നടത്തി വരികയാണ്.

<u>സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ഉദ്യോഗങ്ങളിൽ പരിഗണന</u>

88(2022) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റുഡന്റ് പോലീസ് കേഡറ്റ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് സർക്കാർ ഉദ്യോഗങ്ങളിൽ പ്രത്യേക പരിഗണന നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനം വിജയകരമായി പൂർത്തിയാക്കി നിശ്ചിത ഗ്രേഡ് നേടുന്ന കേഡറ്റുകൾക്ക് പി.എസ്.സി. നടത്തുന്ന യൂണിഫോം സർവ്വീസുകളിലെ എഴുത്ത് പരീക്ഷയിൽ വെയിറ്റേജ് നൽകുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

<u>കുഴൽപ്പണ കേസ്</u>

89 (2023)<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീമതി ഉമ തോമസ്</u>:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ലക്ഷ്യമിട്ട് കുഴൽപ്പണം കടത്തിയ കേസിൽ ഒരു പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ ഉന്നത നേതാക്കളുടെ പങ്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2021-ൽ നടന്ന കേരളാ നിയമസഭാ തെരഞ്ഞടുപ്പിനോടനുബന്ധിച്ച് ഭാരതീയ ജനതാ പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിക്കുന്നതിനുവേണ്ടി പാർട്ടിയുടെ സംസ്ഥാന നേതാക്കളുടെ അറിവോടെയും നിർദ്ദേശാനുസരണവും കർണ്ണാടകയിൽ നിന്നും കൊണ്ടുവന്ന് ആലപ്പുഴയിലെ പാർട്ടിയുടെ നേതാക്കൾക്ക് കൈമാറുന്നതിന് കൊണ്ടുപോകുന്നതിനിടയിലാണ് കൊടകരയിൽവച്ച് പണം കവർച്ച ചെയ്യപ്പെട്ടത് എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(ബി) പ്രസ്തുത കേസ് സംബന്ധിച്ച് എന്തെല്ലാം അന്വേഷണമാണ് ഇപ്പോൾ നടക്കുന്നതെന്ന് അറിയിക്കാമോ; അന്വേഷണ പുരോഗതി വിശദമാക്കാമോ?

കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ കുറ്റപത്രം ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23.07.2021-ൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേസിൽ കൂടുതൽ തെളിവ് ശേഖരിച്ച് അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കണ്ടതിനാൽ Further Investigation നടത്തുന്നതിനായി 23.09.2021-ൽ കോടതിയിൽ റിപ്പോർട്ട് നൽകി തുടരന്വേഷണം നടത്തിവരുന്നു. തുടരന്വേഷണത്തിൽ പത്താം പ്രതിയുടെ ഭാര്യയായ ടി കേസിലെ 23-ാം പ്രതി ജിൻഷയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 12 ലക്ഷം രൂപയുടെ മുതലുകൾ കൂടി റിക്കവറി നടത്തിയിട്ടുള്ളതും മറ്റ് പ്രതികളെയും സാക്ഷികളെയും ബന്ധപ്പെടുത്തി ഊർജ്ജിതമായ അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

(സി) പ്രസ്തുത കേസിൽ ഇതുവരെ ആരെയെല്ലാം ചോദ്യം ചെയ്തിട്ടുണ്ടെന്നും ആർക്കെല്ലാം അന്വേഷണ സംഘം നോട്ടീസ് അയച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

കൊടകര കുഴൽപ്പണ കവർച്ച കേസ്സിൽ ഭാരതീയ ജനത പാർട്ടിയുമായി ബന്ധമുള്ള താഴെ പറയുന്ന 18 പേർക്ക് അന്വേഷണ സംഘം നോട്ടീസ് നല്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | പാർട്ടിയിൽ വഹിക്കുന്ന പദവി |
|---|---|---|
| 1 | ശ്രീ.അനീഷ് | തൃശ്ശൂർ ജില്ലാ പ്രസിഡന്റ് |

| | | |
|---|---|---|
| 2 | ശ്രീ.സുജയ് സേനൻ | തൃശ്ശൂർ ജില്ലാ ട്രഷറർ |
| 3 | ശ്രീ. കാശിനാഥൻ | മേഖലാ സെക്രട്ടറി |
| 4 | അഡ്വ. ഹരി | തൃശ്ശൂർ ജില്ലാ ജനറൽ സെക്രട്ടറി |
| 5 | അഡ്വ. ഉല്ലാസ് ബാബു | ജനറൽ സെക്രട്ടറി |
| 6 | ശ്രീ.ജി. ഗോപാലകൃഷ്ണ കർത്താ | ആലപ്പുഴ ജില്ലാ ട്രഷറർ |
| 7 | ശ്രീ. എം. ഗണേഷ് | സ്റ്റേറ്റ് കോ-ഓർഡിനേറ്റിംഗ് സെക്രട്ടറി |
| 8 | ശ്രീ. ഗിരീശൻ നായർ | സ്റ്റേറ്റ് ഓഫീസ് സെക്രട്ടറി |
| 9 | ശ്രീ. സതീഷ് | തൃശ്ശൂർ ജില്ലാ ഓഫീസ് സെക്രട്ടറി |
| 10 | ശ്രീ. കൃപേഷ് | ഇരിങ്ങാലക്കുട മണ്ഡലം പ്രസിഡന്റ് |
| 11 | ശ്രീ. പദ്മകുമാർ | എറണാകുളം മേഖലാ സെക്രട്ടറി |
| 12 | ശ്രീ. പ്രശാന്ത് | പാർട്ടി പ്രവർത്തകൻ |
| 13 | ശ്രീ. ഡിപിൻ | സംസ്ഥാന പ്രസിഡന്റ് ശ്രീ കെ. സുരേന്ദ്രന്റെ പി. എ. |
| 14 | ശ്രീ. ലിബീഷ് | സംസ്ഥാന പ്രസിഡന്റ് ശ്രീ കെ. സുരേന്ദ്രന്റെ ഡ്രൈവർ |
| 15 | ശ്രീ. ബിനീത് | സ്റ്റേറ്റ് ഓഫീസ് ബോയ് |
| 16 | ശ്രീ.കെ. സുരേന്ദ്രൻ | സംസ്ഥാന പ്രസിഡന്റ് |
| 17 | ശ്രീ. ഹരികൃഷ്ണൻ | സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രന്റെ മകൻ |
| 18 | ശ്രീ. എം. എസ്. അനിൽ കുമാർ | പത്തനംതിട്ട ജില്ലാ വൈസ് പ്രസിഡന്റ് |

മേൽപ്പറഞ്ഞ 18 പേർ കൂടാതെ 7 പേർക്കുകൂടി അന്വേഷണവുമായി ബന്ധപ്പെട്ട് നോട്ടീസ് നല്കിയിരുന്നു. കൂടാതെ ടി കേസിൽ ഇതുവരെ 280

സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണത്തെയും വിചാരണയെയും ബാധിക്കുമെന്നതിനാൽ ഇവർ ആരൊക്കെയാണെന്ന വിവരം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഡി) രാജ്യത്തിന്റെ സാമ്പത്തികനില അസ്ഥിരപ്പെടുത്തുന്ന പ്രസ്തുത കുറ്റകൃത്യത്തിനെതിരെ മെല്ലെപ്പോക്ക് നയമാണ് സ്വീകരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ?

കൊടകര കുഴൽപ്പണ കവർച്ചാക്കേസിൽ പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. കേസിലെ പണത്തിന്റെ ഉറവിടം സംബന്ധിച്ചും കൂടുതൽ അന്വേഷണം നടത്തേണ്ടത് എൻഫോഴ്‌സ്‌മെന്റ് ഡയറക്ടറേറ്റ് ആയതിനാൽ 01.06.2021-ന് ഒരു റിപ്പോർട്ടും ഈ കേസിന്റെ കുറ്റപത്രം സമർപ്പിച്ചതിനുശേഷം 02.08.2021-ന് മറ്റൊരു വിശദമായ റിപ്പോർട്ടും കൊച്ചിൻ എൻഫോഴ്‌സ്‌മെന്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

## സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ

90 (2024) ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനസിക-ശാരീരിക പീഡനംമൂലം ആത്മഹത്യയിലേയ്ക്ക് നയിക്കപ്പെടുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാര്യം പരിശോധനാവിധേയമാക്കിയിരുന്നോ; വ്യക്തമാക്കാമോ?

പരിശോധനാവിധേയമാക്കിയിട്ടുണ്ട്. 2019 വർഷം മുതൽ നാളിതുവരെയുള്ള (27.06.2022 വരെ) കണക്കുകൾ പരിശോധിക്കുമ്പോൾ സംസ്ഥാനത്ത് മാനസിക-ശാരീരിക പീഡനംമൂലം ആത്മഹത്യ ചെയ്ത സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണുന്നില്ല. ആയതിന്റെ പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഭർതൃഗൃഹത്തിലെ പീഡനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകാമോ?

സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഭർതൃഗൃഹത്തിലെ പീഡനവുമായി ബന്ധപ്പെട്ട് വനിതാശിശു വികസന വകുപ്പിലെ വിമൻ പ്രൊട്ടക്ഷൻ ആഫീസർമാർ മുഖേന 7468 കേസുകളും വനിതാ കമ്മീഷൻ മുഖേന 1857 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ വിമൻ പ്രൊട്ടക്ഷൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആഫീസർമാർ രജിസ്റ്റർ ചെയ്ത കേസിൽ 1087 എണ്ണത്തിന് **DIR ഫയൽ** ചെയ്തിട്ടുണ്ട്. സ്ത്രീധന പീഡനം സംബന്ധിച്ച് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ 105 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ കണക്കുകൾ താഴെപ്പറയുന്നു.

<u>കേസുകളുടെ എണ്ണം</u>

2021 വർഷം - 5128

2022 (27.6.22 വരെ) - 2656

(സി) സ്ത്രീധനമരണങ്ങൾ ഇല്ലാതാക്കുന്നതിനും സ്ത്രീസുരക്ഷ ഉറപ്പു വരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സ്ത്രീധനമരണങ്ങൾ ഇല്ലാതാക്കുന്നതിനും സ്ത്രീസുരക്ഷ ഉറപ്പു വരുത്തുന്നതിനും വകുപ്പ് ബോധവൽക്കരണ പരിപാടികളും നിരവധി പദ്ധതി പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധം-2 ആയി ചേർക്കുന്നു.+

<u>കാഞ്ഞിരപ്പള്ളിയിൽ പോക്സോ കോടതി</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

91 (2025) <u>ഡോ. എൻ. ജയരാജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോക്സോ കോടതികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

രണ്ട് ഘട്ടങ്ങളായി സംസ്ഥാനത്ത് 56 അതിവേഗ പ്രത്യേക കോടതികൾ അനുവദിച്ചിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിൽ കൂടുതൽ പോക്സോ കേസ്സുകൾ കൈകാര്യം ചെയ്യുന്നത് കാഞ്ഞിരപ്പള്ളി ഡിവൈ.എസ്.പി.-യുടെ അധികാരപരിധിയിൽപ്പെട്ട പോലീസ് സ്റ്റേഷനുകളിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാഞ്ഞിരപ്പള്ളി സബ് ഡിവിഷനിലെ പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതിയ പോക്സോ കോടതികൾ അനുവദിക്കുമ്പോൾ കാഞ്ഞിരപ്പള്ളി കോർട്ട് കോംപ്ലക്സിൽ ഒരു പോക്സോ കോടതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

രണ്ടാം ഘട്ടത്തിൽ അനുവദിച്ച 28 അതിവേഗ പ്രത്യേക കോടതികളിൽ ഒരെണ്ണം കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട കോടതി സമുച്ചയത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി കോർട്ട് കോംപ്ലക്സിൽ പോക്സോ കോടതി ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ

92 (2026) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ നാളിതുവരെ സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നത് സംബന്ധിച്ച് എന്തെല്ലാം നയങ്ങളാണ് രൂപീകരിച്ചിട്ടുള്ളത് എന്നും ഏതൊക്കെ സർക്കാരുകളുടെ കാലഘട്ടത്തിലാണ് പ്രസ്തുത നയങ്ങൾ രൂപീകരിച്ചത് എന്നും വ്യക്തമാക്കുമോ?

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് ലിംഗ പദവി സമത്വം വനിതാ ശാക്തീകരണ നയം 2015 (2011-16), നിർഭയ പോളിസി 2012 (2011-16) എന്നിവയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന പദ്ധതികളും രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

2006-2011

സ്ത്രീ സുരക്ഷയ്ക്കും ഉന്നമനത്തിനുമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും വുമൺ ഡെസ്ക്, വനിതാ ഹെൽപ്പ് ലൈൻ തുടങ്ങിയവ ആരംഭിച്ചിട്ടുള്ളതാണ്. പെൺകുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂളുകളിലും കോളേജുകളിലും പോലീസ് സഹകരണത്തോടെ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പിങ്ക് ജനമൈത്രി ബീറ്റ് സംവിധാനവും നടപ്പാക്കി.

2011-2016

WOMEN SELF DEFENCE പദ്ധതി പഞ്ചായത്ത് തലത്തിൽ വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി എന്നിവ

2016-2021

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പ് വരുത്തുന്നതിനും മാനസിക ധൈര്യം നൽകുന്നതും ലക്ഷ്യമിട്ടുകൊണ്ട് നാല് പദ്ധതികൾ ആരംഭിച്ചു; 1) നിർഭയം ആപ്പ് 2) പിങ്ക് പോലീസ് പട്രോൾ 3) ക്രൈം പ്രിവൻഷൻ ആന്റ് ഫാമിലി കൗൺസിലിംഗ് സെന്റർ 4) ഡൊമെസ്റ്റിക് കോൺഫ്ലിക്ട് റെസൊല്യൂഷൻ സെന്റർ

2021 - 26.06.2022 വരെ

പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, അപരാജിത ഓൺലൈൻ, വൺസ്റ്റോപ്പ് ക്രൈസിസ് സെന്റർ എന്നിവ ആരംഭിച്ചിട്ടുള്ളതാണ്.

(ബി) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് മേൽപ്പറഞ്ഞ ഭരണ കാലഘട്ടങ്ങളിൽ സ്വീകരിച്ചിട്ടുള്ളത്; അതിനായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.+

(സി) ഈ നയങ്ങളുടെയും നടപടികളുടെയും അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങളും അനുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ?

സ്ത്രീ സുരക്ഷയ്ക്കായി രൂപീകരിക്കപ്പെട്ട പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. <u>വുമൺ ഡെസ്ക്</u>

സ്ത്രീകൾക്കും കുട്ടികൾക്കും പരാതികൾ സമർപ്പിക്കുന്നതിനായി PHQ Circular No.49/2009 dtd. 30.11.2009 (Appendix-1) പ്രകാരം എല്ലാ പോലീസ് സ്റ്റേഷനുകളും സ്ത്രീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ വുമൺ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡെസ്ക് സംവിധാനം വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

2. <u>വനിതാ ഹെൽപ്പ് ലൈൻ</u>

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഉത്തരവ് നമ്പർ 230/2009 (Appendix-11) ആഭ്യന്തരം തീയതി 22.01.2009 പ്രകാരം വനിതാ ഹെൽപ്പ് ലൈൻ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. സ്ത്രീകൾക്കെതിരെ അനുദിനം വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അസമയങ്ങളിലും അത്യാവശ്യഘട്ടങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും 24 മണിക്കൂർ അടിയന്തര പോലീസ് സഹായം എത്തിക്കുകയും ചെയ്യുന്നു.

3. <u>പഞ്ചായത്ത് വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം</u>

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആഴ്ചയിൽ ഒരു ദിവസം PHQ Circular No.06/2020 (Appendix- 5) തീയതി 23.01.2020 പ്രകാരം വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കുകയും പരാതികൾ സ്വീകരിച്ച് നടപടികൾ എടുക്കുകയും ചെയ്യുന്നു.

4. <u>വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി</u>

സ്ത്രീകൾക്കും കുട്ടികൾക്കും അതിക്രമങ്ങളിൽനിന്നും ചെറുത്തു നിൽക്കുന്നതിനുള്ള ആത്മവിശ്വാസം പകരുന്നതിനും ജില്ലയിൽ പരിശീലനം നൽകുന്നതിനുമായി PHQ Circular No.06/2020 (Appendix-5) പ്രകാരം പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരായ നാല് മാസ്റ്റർ ടെസ്റ്റർമാരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ കുടുംബശ്രീ യൂണിറ്റുകൾ, സ്കൂളുകൾ, കോളേജുകൾ, തൊഴിൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സ്ത്രീകൾക്കും കുട്ടികൾക്കും വനിതാ സ്വയം പ്രതിരോധ പരിശീലനം നൽകിവരുന്നു.

5. നിർഭയ ആപ്ലിക്കേഷൻ

അസ്സമയങ്ങളിലും സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിലും അകപ്പെടുന്ന അവസരങ്ങളിൽ പോലീസ് സേവനം ലഭ്യമാക്കുന്നതിനായി GO(MS) 17/2012 SWD dtd. 13.03.2012 (Appendix- 2) പ്രകാരം നിർഭയ ആപ്ലിക്കേഷൻ സേവനം ലഭ്യമാക്കിവരുന്നു.

6. പിങ്ക് പോലീസ് പട്രോൾ

സ്ത്രീകൾക്കെതിരെയുള്ള മേൽ സൂചിപ്പിച്ച എല്ലാ പദ്ധതികളും ഇപ്പോഴും നിലവിലുണ്ട്. അതിക്രമങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഉത്തരവ് നമ്പർ

R3-38615/2019/PHQ, dated 22.03.2019 (Appendix-12) പ്രകാരം സംസ്ഥാനത്ത് ബസ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ, സ്കൂൾ, കോളേജ് പരിസരങ്ങൾ തുടങ്ങി സ്ത്രീകളും കുട്ടികളും കൂടുതലായി ചെലവഴിക്കേണ്ടി വരുന്ന പൊതുസ്ഥലങ്ങളിൽ പോലീസ് സേവനം ലഭ്യമാക്കുകയും ERSS Control Room-ൽ നിന്നും ലഭിക്കുന്ന കോളുകളിൽ സ്ഥലത്ത് ചെന്ന് ഉചിതമായ നടപടി സ്വീകരിക്കുന്നുമുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ സേവനം നൽകുക, പൊതുസ്ഥലങ്ങളിലെ അതിക്രമങ്ങൾ തടയുക, കൗമാരക്കാരായ കുട്ടികളെ മയക്കമരുന്ന് ഉപയോഗത്തിൽ നിന്നും പിൻതിരിപ്പിക്കുക, സ്കൂൾ പ്രവർത്തന സമയങ്ങളിൽ ക്ലാസുകളിൽ കയറാതെ കറങ്ങിനടക്കുന്ന കുട്ടികളെ നിരീക്ഷിക്കുക, പൊതുവാഹനങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പുവരുത്തുക എന്നീ ഡ്യൂട്ടികൾ ചെയ്തുവരുന്നു.

7. <u>പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്-പിങ്ക് റോമിയോ</u>

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഉത്തരവ് നമ്പർ Q1-103837/2021/PHQ, dtd 16.07.2021 (Appendix-6), Executive Directive 23/21 dtd. 27.08.21 (Appendix-7) പ്രകാരം പ്രവർത്തിച്ചുവരികയും വീടുകൾ സന്ദർശിച്ച് ഗാർഹിക അതിക്രമങ്ങളാൽ

ബുദ്ധിമുട്ടനുഭവിക്കുന്ന സ്ത്രീകൾ, കുട്ടികൾ എന്നിവരെ കണ്ടെത്തി പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ മറ്റു വകുപ്പുകളുടെ സഹകരണത്തോടെ നൽകിവരുന്നു.

8. <u>പിങ്ക് ജനമൈത്രി ബീറ്റ്</u>

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ വനിതാപോലീസ് ഉദ്യോഗസ്ഥർ തങ്ങളുടെ സ്റ്റേഷൻ പരിധികളിൽ ഗൃഹസന്ദർശനം നടത്തി സ്ത്രീധന സംബന്ധമായ പരാതികൾ, ഗാർഹിക അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ എന്നിവ കണ്ടെത്തി പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ സേവനങ്ങൾ നൽകിവരുന്നു. ഗാർഹിക പീഡനത്തിനിരയായ സ്ത്രീകളുടെ സുരക്ഷയ്ക്കും സഹായത്തിനുമായി PHQ Circular No. 14/2009, dtd 29.03.2009 (Appendix- 13 ) പ്രകാരം വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

9. <u>ക്രൈം പ്രിവൻഷൻ ആന്റ് ഫാമിലി കൗൺസലിംഗ് സെന്റർ</u>

സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസലിംഗ് നൽകുക എന്ന ലക്ഷ്യത്തോടെ ഉത്തരവ് നമ്പർ H3-114164/2017/PHQ, dated 09.09.2017 (Appendix-3) പ്രകാരം പ്രവർത്തിച്ചുവരുന്നു. അതിക്രമങ്ങൾക്കിരയായ

സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പിന്തുണ നൽകുക, കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ കൗൺസലിംഗ് നൽകുക, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് നിയമനടപടികളുമായി മുന്നോട്ടുപോകേണ്ടവർക്ക് ആവശ്യമായ സഹായങ്ങൾ നൽകി വരികയും ചെയ്യുന്നു.

10. <u>ഡൊമസ്റ്റിക് കോൺഫ്ലിക്ട് റെസൊല്യൂഷൻ സെന്റർ</u>

സർക്കുലർ നമ്പർ 17/2020/PHQ തീയതി 07.05.2020 (Appendix-4) പ്രകാരം വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിൽ ഉടൻ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ഡൊമെസ്റ്റിക് കോൺഫ്ലിക്ട് റെസൊല്യൂഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ഗാർഹിക പീഡന പരാതികളിൽ വനിതാ സെൽ, പിങ്ക് പോലീസ് പട്രോൾ എന്നീ സേവനങ്ങളുടെ സഹായത്തോടെ പരാതികളിൽ പരിഹാരം കാണുകയും നടപടി കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. കൗൺസലിംഗ് ആവശ്യമായ പരാതികളിൽ കൗൺസലിംഗ് സേവനവും നൽകിവരുന്നു.

11. <u>അപരാജിത ഓൺലൈൻ</u>

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ഗാർഹിക അതിക്രമങ്ങൾ, സൈബർ അതിക്രമങ്ങൾ മുതലായ വിഷയങ്ങളിലുള്ള പരാതികളിൽ ഉടൻ പരിഹാരം കാണുന്നതിനായി അപരാജിത ഓൺലൈൻ സംവിധാനം ഉത്തരവ് നമ്പർ 50/SPMC/2021/PHQ dtd 22.06.2021 (Appendix-8) പ്രകാരം പ്രവർത്തിച്ചുവരുന്നു.

12. <u>വൺ സ്റ്റോപ്പ് ക്രൈസിസ് സെന്റർ</u>

കേന്ദ്ര സർക്കാർ ധനസഹായത്തോടുകൂടി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ വനിതാ ശിശു വകുപ്പിനുകീഴിൽ വൺ സ്റ്റോപ്പ് ക്രൈസിസ് സെന്റർ പ്രവർത്തിച്ചുവരുന്നതും Circular 7/2022/PHQ, തീയതി 14.02.2022 (Appendix- 10) പ്രകാരം One Stop Crisis Centre-ൽ പോലീസ് ഫെസിലിറ്റേഷൻ ഓഫീസർമാരായി 3 വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതുമാണ്. മൊഴി രേഖപ്പെടുത്തുന്നതിന് സഹായിക്കുക, ലഭിക്കുന്ന പരാതികളിൽ അടിയന്തര പോലീസ് സഹായം നൽകുക, ആവശ്യമായ സന്ദർഭങ്ങളിൽ പോലീസ് സുരക്ഷ ഉറപ്പുവരുത്തുക എന്നീ സേവനങ്ങൾ വൺ സ്റ്റോപ്പ് ക്രൈസിസ് സെന്ററിൽ നിന്നും ചെയ്തുവരുന്നു.

13. <u>വിക്ടിം ലെയ്സൺ ഓഫീസർ</u>

അതിക്രമങ്ങൾക്കിരയായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മാനസിക പിന്തുണയും നിയമസഹായവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി സർക്കുലർ 36/12 തീയതി 15.11.2012 (Appendix- 14), സർക്കുലർ 18/2022 തീയതി 02.06.2022 (Appendix- 15) പ്രകാരവും വിക്ടിം ലെയ്സൺ ഓഫീസറെ നിയമിക്കുകയും സേവനം ലഭ്യമാക്കിയും വരുന്നുണ്ട്.

14. ടോൾ ഫ്രീ നമ്പരുകൾ

സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ അറിയിക്കുന്നതിനായി 112 (ERSS), 1515 എന്നീ ടോൾ ഫ്രീ നമ്പറുകൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിച്ചും പൊതുജനങ്ങൾക്ക് കൂടുതൽ ബോധവൽക്കരണം നടത്തിയുംവരുന്നു.

വനിതാശിശു വികസന വകുപ്പ് നടത്തി വരുന്ന പദ്ധതികൾ

പൊൻവാക്ക് പദ്ധതി - ശൈശവ വിവാഹം തടയാനുള്ള വിവരങ്ങൾ നൽകുന്ന വ്യക്തിക്ക് അവർ നൽകുന്ന വിവരം സത്യമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം 2,500 രൂപ പാരിതോഷികം നൽകുന്ന പദ്ധതി

രക്ഷാദൂത് പദ്ധതി- ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്നതിന് വനിത ശിശുവികസന വകുപ്പും തപാൽ വകുപ്പും തമ്മിൽ

സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതി. അതിക്രമത്തിനിരയായ വ്യക്തിയോ അവരുടെ പ്രതിനിധിയോ പോസ്റ്റോഫീസിൽ എത്തി "തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റുമാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടെ ഒരു സീൽ ചെയ്ത പേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. അതുമല്ലെങ്കിൽ പരാതിക്കാർക്ക് അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത് വെള്ളപേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതാണ്. ഈ പരാതികൾ പോസ്റ്റ് മാസ്റ്റർ സ്വീകരിച്ച് പരാതിക്കാരിയുടെ മേൽവിലാസത്തോടൊപ്പം വനിതാ ശിശുവികസന വകുപ്പിന് ലഭ്യമാക്കും.

സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ (SPC)- ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യ സഹായം, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, കൗൺസിലിംഗ് എന്നിവ നൽകുന്ന പദ്ധതി

കാതോർത്ത് പദ്ധതി- പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് പരാതി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട കാര്യാലയങ്ങളിൽ പോകാതെ സ്വന്തം താമസസ്ഥലത്തുനിന്നും ഓൺലൈനായി കൗൺസിലിംഗ്,

നിയമോപദേശം, പോലീസ് സഹായം എന്നിവ 48 മണിക്കൂറിനകം ലഭ്യമാക്കുന്ന പദ്ധതി

ഉജ്ജ്വല പദ്ധതി- ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ റെസ്ക്യൂ ചെയ്യപ്പെട്ട സ്ത്രീകൾക്ക് താമസസൗകര്യം, ഭക്ഷണം, നിയമസഹായം, ചികിത്സ, പുനരധിവാസം എന്നിവ 3 NGO-കൾ മുഖേന നടപ്പിലാക്കുന്ന പദ്ധതി

നിർഭയപദ്ധതി- ലൈംഗികചൂഷണത്തിന് വിധേയമായ സ്ത്രീകളേയും കുട്ടികളേയും രക്ഷപ്പെടുത്തി സംരക്ഷിച്ച്, നിയമസഹായം നൽകി പുനരധിവാസം ചെയ്യുന്നതിന് സംസ്ഥാനത്ത് 21 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു.

(ഡി) മേൽപ്പറഞ്ഞ ഓരോ സ്ത്രീസുരക്ഷാപദ്ധതിയുടെയും ഇതുവരെയുള്ള പ്രവർത്തന-വിശകലന റിപ്പോർട്ട് ലഭ്യമാക്കുമോ?

സ്ത്രീസുരക്ഷ സംബന്ധിച്ച് മേൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ പദ്ധതികളും മികച്ച രീതിയിൽ നടപ്പിലാക്കിവരുന്നു. ഗാർഹിക പീഡന നിരോധന നിയമം 2013 പ്രകാരം 7468 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (വനിതാ സംരക്ഷണ ഓഫീസർമാർ മുഖാന്തരവും SPC മുഖാന്തരവും) അവയിൽ 1087 DIR രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പൊൻവാക്ക്- 14 ശൈശവവിവാഹങ്ങൾ തടയാൻ കഴിഞ്ഞു. രക്ഷാദൂത് പദ്ധതി പ്രകാരം 80 പരാതികൾ ലഭിച്ചു. 3 ഉജ്ജ്വല ഹോമുകൾ പ്രവർത്തനം ആരംഭിച്ചു. 8286 സ്ഥാപനങ്ങളിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റികൾ രൂപീകരിച്ചു.

(ഇ) മേൽസൂചിപ്പിച്ച പദ്ധതികളിൽ ഇപ്പോൾ നിലവിലില്ലാത്തവ ഏതെന്നും അതിന്റെ കാരണവും വ്യക്തമാക്കുമോ?

മേൽ സൂചിപ്പിച്ച എല്ലാ പദ്ധതികളും ഇപ്പോഴും നിലവിലുണ്ട്.

നടി ആക്രമിക്കപ്പെട്ട കേസിന്റെ തുടർനടപടികൾ

93 (2027) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടി ആക്രമിക്കപ്പെട്ട കേസിൽ രാജിവയ്ക്കുകയോ കേസിൽനിന്ന് പിന്മാറുകയോ ചെയ്തിട്ടുള്ള പബ്ലിക് പ്രോസിക്യൂട്ടർമാരുടെ എണ്ണം അറിയിക്കാമോ; പിന്മാറിയതിന്റെ കാരണം വ്യക്തമാക്കാമോ?

രണ്ടു പേർ, വ്യക്തിപരമായ കാരണങ്ങൾ.

(ബി) അവസാനമായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ രാജിവച്ച തീയതി അറിയിക്കുമോ; പുതിയ പബ്ലിക് പ്രോസിക്യൂട്ടറെ

നിയമിക്കണമെന്ന് ആവശ്യപ്പെട്ട് അതിജീവിത സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷ നൽകിയ തീയതി അറിയിക്കുമോ?

29.12.2021. പുതിയ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് അതിജീവിത സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(സി) ഈ അപേക്ഷ ലഭിച്ചതിനുശേഷം സർക്കാർ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനത്തിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

നിലവിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ രാജിവച്ച സാഹചര്യത്തിൽ പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത കേസിൽ അഭിഭാഷകർ തെളിവ് നശിപ്പിച്ചതായി അന്വേഷണസംഘം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അഭിഭാഷകർക്കെതിരെ കേസെടുത്തിട്ടുണ്ടോ?

ഇതുസംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു.

(ഇ) അന്വേഷണത്തിന് മേൽനോട്ടം വഹിച്ചിരുന്ന ഉദ്യോഗസ്ഥനെ തൽസ്ഥാനത്തുനിന്നും മാറ്റിയത് പ്രതിഭാഗം വക്കീലിന് നോട്ടീസ് നൽകിയ ഘട്ടത്തിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി

ബന്ധപ്പെട്ട് അതിജീവിത സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റുന്നതിനുണ്ടായ കാരണം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതി ലഭിച്ചിട്ടില്ല.

(എഫ്) ഈ കേസിന്റെ അന്വേഷണം അട്ടിമറിക്കപ്പെടുന്നതായും ദൃശ്യങ്ങൾ ചോർന്നതായുമുള്ള ആരോപണത്തിന്മേൽ അതിജീവിത സർക്കാരിന് പരാതികൾ സമർപ്പിച്ച തീയതികൾ അറിയിക്കുമോ; ഈ പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച് അതിജീവിതയുടെ 25.05.2022-ലെ പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ജി) ഈ പരാതികളിൽ മേൽ നടപടി എടുക്കുന്നതിൽ വലിയ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പരാതി ലഭിച്ച ഉടൻതന്നെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനാൽ കാലതാമസം ഉണ്ടായിട്ടില്ല.

## സ്ത്രീ സുരക്ഷ

94 (2028) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധനം എന്ന വിപത്തിനെ നേരിടാൻ സാമൂഹികമായ ഇടപെടൽ ശക്തമാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

സ്ത്രീധന നിരോധന നിയമം സംസ്ഥാനത്ത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി വനിതാശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനറായും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി 5 അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ അഡ്വൈസറി ബോർഡുകളും രൂപീകരിച്ചിട്ടുണ്ട്.

സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ എല്ലാ വകുപ്പ് തലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ wcd.kerala.gov.in/dowry എന്ന പോർട്ടലിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്. സ്ത്രീധനം എന്ന വിപത്തിനെ നേരിടാൻ സാമൂഹികമായ ഇടപെടൽ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരള വനിതാ കമ്മീഷൻ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ നടത്തിവരുന്നു. സ്ത്രീ സംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) എന്നിവ അച്ചടിച്ച് സൗജന്യമായി പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. വനിതാ കമ്മീഷന്റെ തനത് ബോധവൽക്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ്വ

കൗൺസലിംഗ്, കലാലയജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചും നിരന്തരം ക്ലാസ്സുകൾ ഓൺലൈനടക്കം ചെയ്തുവരുന്നു. കൂടാതെ വിവാഹിതരാകാൻ പോകുന്ന യുവതിക്കും യുവാവിനും സ്ത്രീധനമെന്ന വിപത്തിനെതിരെയും ഒപ്പം ലിംഗനീതിക്കായുള്ള പ്രവർത്തനങ്ങളിൽ അണിചേരണമെന്ന സന്ദേശം ഉൾക്കൊള്ളുന്ന, ബഹു. വകുപ്പുമന്ത്രി നൽകുന്ന ആശംസാകാർഡ് എല്ലാ വിവാഹമണ്ഡപങ്ങൾ വഴിയും അല്ലാതെയും വധൂവരൻമാർക്ക് കൈമാറുന്ന പദ്ധതിയും നടപ്പാക്കുന്നു. വർദ്ധിച്ചുവരുന്ന വിവാഹ ധൂർത്തും ആർഭാടവും തടയുന്നതിന് സ്ത്രീധനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി കേരള വനിതാ കമ്മീഷൻ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. സ്ത്രീധന അതിക്രമങ്ങൾക്കെതിരായ ക്യാമ്പയിനിന് സംസ്ഥാന പൊലീസ് മേധാവി തുടക്കമിടുകയുണ്ടായി. 'Say No To Dowry' എന്ന ടാഗ് ലൈനിൽ സോഷ്യൽ മീഡിയയിൽ ആരംഭിച്ച ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 'Say No To Dowry' മുദ്രാവാക്യ രചന മത്സരങ്ങളും വാഹന റാലികളും സംഘടിപ്പിക്കുകയുണ്ടായി.

(ബി) സ്ത്രീപീഡനം തടയുന്നതിനും സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു.+

(സി) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ വേഗത്തിൽ നീതി ലഭ്യമാക്കുന്നതിനായി പ്രത്യേക കോടതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള കുറ്റകൃത്യങ്ങളിൽ നീതി ലഭ്യമാക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി 56 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികൾ സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട്.

(ഡി) സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിന് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി നടപ്പിലാക്കുന്ന പദ്ധതികൾ

95(2029) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

A. വനിത ശിശു വികസന വകുപ്പ് മുഖേന സ്ത്രീസുരക്ഷയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

പൊൻവാക്ക്പദ്ധതി:-ശൈശവ വിവാഹം തടയാനുള്ള വിവരങ്ങൾ നല്കുന്ന വ്യക്തിക്ക് അവർ നൽകുന്ന വിവരം സത്യമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം 2,500 രൂപ പാരിതോഷികം നല്കുന്ന പദ്ധതി.

രക്ഷാദൂത്പദ്ധതി:-ഗാർഹിക പീഡനത്തിൽനിന്നും വനിതകളെ സംരക്ഷിക്കുന്നതിന് വനിത ശിശു വികസന വകുപ്പും തപാൽ വകുപ്പും തമ്മിൽ സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതി. അതിക്രമത്തിനിരയായ വ്യക്തിയോ അവരുടെ പ്രതിനിധിയോ പോസ്റ്റോഫീസിൽ എത്തി " തപാൽ" എന്ന കോഡ് പറയുകയും അവർക്ക് പോസ്റ്റുമാസ്റ്റർ/മിസ്ട്രസിന്റെ സഹായത്തോടെ ഒരു സീൽ ചെയ്തപേപ്പറിൽ പരാതി സ്വന്തം മേൽവിലാസമെഴുതി ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതുമാണ്. അതുമല്ലെങ്കിൽ പരാതിക്കാർക്ക് അവരുടെ അടുത്തുള്ള ലെറ്റർ ബോക്സിൽ സീൽ ചെയ്ത് വെള്ളപേപ്പറിൽ സ്വന്തം മേൽവിലാസമെഴുതി നിക്ഷേപിക്കാവുന്നതാണ്. ഈ പരാതികൾ പോസ്റ്റ്മാസ്റ്റർ സ്വീകരിച്ച്

പരാതിക്കാരിയുടെ മേൽ വിലാസത്തോടൊപ്പം വനിത ശിശു വികസന വകുപ്പിന് ലഭ്യമാക്കും.

<u>സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ (SPC)</u>:- ഗാർഹിക പീഡനത്തിനിരയാകുന്ന വനിതകൾക്കും കുട്ടികൾക്കും സൗജന്യ നിയമ സഹായം, വൈദ്യ സഹായം, ഷെൽട്ടർ ഹോമുകളിലേയ്ക്കുള്ള റഫറൻസ്, കൗൺസിലിംഗ് എന്നിവ നല്കുന്ന പദ്ധതി.

<u>കാതോർത്ത് പദ്ധതി</u>:- പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് പരാതി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട കാര്യാലയങ്ങളിൽ പോകാതെ സ്വന്തം താമസസ്ഥലത്ത് നിന്നും ഓൺലൈനായി കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ 48 മണിക്കൂറിനകം ലഭ്യമാക്കുന്ന പദ്ധതി.

<u>ഉജ്ജ്വല പദ്ധതി</u>:- ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ രക്ഷപ്പെടുത്തിയ സ്ത്രീകൾക്ക് താമസസൗകര്യം, ഭക്ഷണം, നിയമസഹായം, ചികിൽസ, പുനരധിവാസം എന്നിവ 3 NGO-കൾ മുഖേന നടപ്പിലാക്കുന്ന പദ്ധതി.

<u>വനിത ശിശു വികസന വകുപ്പ്, സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിലെ സ്ത്രീ സുരക്ഷ പ്രവർത്തനങ്ങൾ സംബന്ധിച്ച്</u>

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി സ്റ്റേറ്റ് നിർഭയസെല്ലിന് കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള പ്രിവൻഷൻ പദ്ധതികൾ, അതിക്രമങ്ങൾ നേരിട്ടവർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുള്ള വൺസ്റ്റോപ്പ് സെന്ററുകൾ, അതിക്രമങ്ങൾ നേരിട്ടവരെ പാർപ്പിക്കുന്നതിനുള്ള സ്ഥാപന സംവിധാനങ്ങൾ, ആശ്വാസനിധി പദ്ധതി എന്നിവ പ്രവർത്തിച്ചുവരുന്നു.

**I.** <u>പ്രിവൻഷൻ പദ്ധതികൾ</u>

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി നിർഭയസെൽ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>ധീര പദ്ധതി</u>

സ്ത്രീകളോടും കുട്ടികളോടുമുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബാല്യകാലത്തിൽത്തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്തുക, മാനസിക-ശാരീരിക ആരോഗ്യം

മെച്ചപ്പെടുത്തുക, അതിക്രമങ്ങളെക്കുറിച്ച് ബോധവതികളാക്കുക, സ്വയരക്ഷ സാധ്യമാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ 'ധീര' എന്ന പേരിൽ വനിതശിശുവികസന വകുപ്പ് നിർഭയസെൽ മുഖാന്തരം പഞ്ചായത്ത് തലത്തിൽ ആയോധനകലകൾ അഭ്യസിപ്പിക്കുന്നതിലേയ്ക്ക് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>നൈറ്റ് വാക്ക്</u>

പൊതുയിടം എന്റേതും എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് രാത്രികാലങ്ങളിൽ സ്ത്രീകൾക്ക് നിർഭയം സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലും രാത്രിനടത്തം സംഘടിപ്പിച്ചു വരുന്നു.

<u>എഫ്.എം. റേഡിയോ ക്യാമ്പയിൻ</u>

നിർഭയ ദിനത്തോടനുബന്ധിച്ച് സ്ത്രീസുരക്ഷ വിഷയമാക്കിക്കൊണ്ട് എഫ്.എം. റേഡിയോ ക്യാമ്പയിൻ സംഘടിപ്പിക്കാറുണ്ട്.

<u>പരിശീലകർക്കുള്ള പരിശീലന പരിപാടി</u>

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പ്രവർത്തിക്കുന്ന പരിശീലകർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള പരിശീലന പരിപാടി നടത്തി.

ബസ് ബ്രാന്റിംഗ്

നിർഭയദിനത്തോടനുബന്ധിച്ച് സ്ത്രീ സുരക്ഷാ മുദ്രാവാക്യങ്ങൾ പ്രദർശിപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം, എറണാകുളം ജില്ലകൾ കേന്ദ്രീകരിച്ച് ഡബിൾ ഡക്കർ ബസ് ക്യാമ്പയിനിംഗ് നടത്തി.

റെയിൽവേ പ്ലാറ്റ് ഫോം ബ്രാന്റിംഗ്

സ്ത്രീ സുരക്ഷ ക്യാമ്പയിനിന്റെ ഭാഗമായി റെയിൽവേ പ്ലാറ്റ് ഫോമുകൾ മുഖേന ക്യാമ്പയിൻ നടത്തി.

**II** സ്ഥാപന സംവിധാനം

സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിൽ പോക്സോ അതിജീവിതരായ പെൺകുട്ടികളെ താമസിപ്പിക്കുന്നതിലേയ്ക്കായി വിവിധ ജില്ലകളിലായി 22 ഹോമുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തേജോമയ ഹോം ഇന്റഗ്രേറ്റഡ് കെയർ സെന്റർ, തൃശ്ശൂർ മോഡൽ ഹോം, എസ്.ഒ.എസ്. മോഡൽ ഹോം, ഹോം ഫോർ മെന്റൽ ഹെൽത്ത് എന്നിവയും പ്രവർത്തിച്ചുവരുന്നു.

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, പദ്ധതികൾ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>എൻട്രി ഹോമുകൾ</u>

ജില്ലകളിൽ പ്രവർത്തിക്കുന്ന എൻട്രി ഹോമിൽ എത്തുന്ന പോക്സോ അതിജീവിതരെ 48 മണിക്കൂറിനുള്ളിൽ വൈദ്യ പരിശോധന നടത്തുകയും 2 ആഴ്ചയ്ക്കകം ഹോം സ്റ്റഡി റിപ്പോർട്ട് പൂർത്തിയാക്കുകയും ചെയ്യുന്നു. താമസക്കാരുടെ ഇൻഡിവിഡ്യുവൽ കെയർ പ്ലാൻ തയ്യാറാക്കി രക്ഷിതാക്കളുടെ യോഗം ചേർന്ന് സ്വഭവനങ്ങളിൽത്തന്നെ താമസിപ്പിക്കാനാകുമോയെന്ന് പരിശോധിക്കുന്നു. സാദ്ധ്യമാകാത്ത പക്ഷം വിദ്യാർത്ഥികളാണെങ്കിൽ അവരെ തൃശ്ശൂർ മോഡൽ ഹോമിലേയ്ക്ക് മാറ്റി തുടർ വിദ്യാഭ്യാസം നൽകുന്നു. തൊഴിൽ പരിശീലനം ആവശ്യമുള്ളവരാണെങ്കിൽ തേജോമയ ആഫ്റ്റർ കെയർ ഹോമിലേയ്ക്കും മാറ്റി തൊഴിൽ പരിശീലനം നൽകുന്നു. വിവിധ കാരണങ്ങളാൽ സ്വഭവനങ്ങളിലേയ്ക്കോ മറ്റ് ഹോമുകളിലേയ്ക്കോ മാറ്റി പാർപ്പിക്കാനാവാത്ത അതിജീവിതരെ എൻട്രി ഹോമുകളിൽവച്ചുതന്നെ ആവശ്യമായ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകുന്നു.

ജില്ലാ വനിത-ശിശു വികസന ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ, വനിതാ സംരക്ഷണ ഓഫീസർ എന്നിവരടങ്ങുന്ന ടീം മാസത്തിലൊരിക്കൽ എൻട്രി ഹോമുകൾ സന്ദർശിച്ച് താമസക്കാരുടെ സ്ഥിതി വിലയിരുത്തി അനുയോജ്യമായ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിന് തീരുമാനമെടുത്ത് മൂന്ന് മാസത്തിനുള്ളിൽത്തന്നെ ഐ.സി.പി. പ്രകാരമുള്ള പുനരധിവാസ പദ്ധതി സി.ഡബ്ല്യു.സി.യുടെ അനുമതിയോടെ നടപ്പിലാക്കുന്നു. സ്വഭവനങ്ങളിലേയ്ക്ക് തിരികെ ഉൾച്ചേർക്കുന്ന കുട്ടികൾക്ക് ആവശ്യമായ ഫോളോ-അപ്പ് അതാത് എൻട്രി ഹോം, ഡി.സി.പി.ഒ. ഓഫീസ്, കാവൽ പ്ലസ് പദ്ധതി എന്നിവ മുഖേന നടപ്പിലാക്കിവരുന്നു.

<u>മോഡൽ ഹോം ഫോർ ഗേൾസ്, തൃശ്ശൂർ</u>

എൻട്രി ഹോമിൽ താമസിക്കുന്ന കുട്ടികളെ 3 മാസത്തിനുള്ളിൽ പുനരധിവാസപ്രക്രിയ പൂർത്തീകരിക്കാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ അവരുടെ പഠനവും ജീവിതനൈപുണ്യവും മറ്റും ഉറപ്പുവരുത്തുന്നതിനുവേണ്ടിയും കുട്ടികളുടെയും അവരുടെ രക്ഷകർത്താക്കളുടേയും സമ്മതത്തോടുകൂടി തൃശ്ശൂർ മോഡൽ ഹോമിലേയ്ക്ക് സി.ഡബ്ല്യു.സി.-യുടെ ഉത്തരവ് പ്രകാരം മാറ്റിപ്പാർപ്പിക്കുന്നു. 12-18 വരെയുള്ള

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളും നൽകി സംരക്ഷിച്ചു പോരുന്നു. 150 കുട്ടികളെ പാർപ്പിക്കുവാൻ ഇവിടെ സൗകര്യം ഒരുക്കിയിട്ടുണ്ട്. പഠനത്തോടൊപ്പം കുട്ടികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അതിലൂടെയുള്ള പരിശീലനംകൂടി നൽകി പുനരധിവസിപ്പിക്കുന്നു.

എസ്.ഒ.എസ്. മോഡൽ ഹോം, തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്

12 വയസ്സിന് താഴെയുള്ള അതിജീവിതർക്ക് ഭവനാന്തരീക്ഷം നൽകി പരിപാലിക്കുന്നതിനാണ് എസ്.ഒ.എസ്. മോഡൽ ഹോം ലക്ഷ്യമിടുന്നത്. ഓരോ എസ്.ഒ.എസ്. മോഡൽ ഹോമിലും ഒരമ്മയും സഹായിയും ചേർന്ന് ആറ് മുതൽ എട്ട് വരെ കുട്ടികളെ പരിപാലിക്കുന്നു. ഇത്തരത്തിലുള്ള ഓരോ ഹോമുകൾ വീതം തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു.

ഇന്റഗ്രേറ്റഡ് കെയർ സെന്റർ

എൻട്രി ഹോമിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം.ടി.പി. കഴിഞ്ഞവർക്കും പ്രത്യേക പരിചരണം നൽകുന്നതിന് വേണ്ടി തിരുവനന്തപുരം ജില്ലയിൽ

ഇന്റഗ്രേറ്റഡ് കെയർ സെന്റർ എന്ന പേരിൽ ഒരു പുതിയ ഹോം ആരംഭിച്ചിട്ടുണ്ട്.

## ഹോം ഫോർ മെന്റൽ ഹെൽത്ത്

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹോമുകളിലെ താമസക്കാരിൽ പെരുമാറ്റ വൈകല്യം മുതൽ ഗുരുതരമായ മാനസിക രോഗങ്ങൾക്കുവരെ ചികിത്സ തേടുന്നവരുണ്ട്. ഇത്തരത്തിലുള്ള കുട്ടികൾക്ക് ശിശു സൗഹാർദ്ദമായ അന്തരീക്ഷത്തിൽ ചികിത്സയും പ്രത്യേക പരിചരണവും നൽകി സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ എത്തിക്കുന്നതിനാണ് തൃശ്ശൂർ ജില്ലയിൽ ഹോം ഫോർ മെന്റൽ ഹെൽത്ത് പ്രവർത്തിക്കുന്നത്.

## തേജോമയ ആഫ്റ്റർ കെയർ പദ്ധതി

നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഹോമുകളിലെ താമസക്കാരെ 16 വയസ്സ് പൂർത്തിയായവരും റെഗുലർ സ്കൂൾ പഠനത്തിന് താൽപ്പര്യമില്ലാത്തവരുമായ കുട്ടികൾക്ക് വരുമാനദായകമായ തൊഴിൽ പരിശീലനവും തൊഴിലും നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള

സ്ഥാപനമാണ് തേജോമയ ആഫ്റ്റർ കെയർ ഹോം. എറണാകുളം ജില്ലയിൽ എടക്കാട്ടുവയലിൽ 19 കുട്ടികളുമായി പ്രവർത്തിച്ചുവരുന്നു.

## ആഫ്റ്റർ കെയർ ഹോം

18 വയസ്സ് കഴിഞ്ഞ അംഗങ്ങളെ പ്രത്യേകം താമസിപ്പിച്ച് പുനരധിവാസവും പുനരേകീകരണവും സാദ്ധ്യമാക്കുന്നതിന് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഓരോ ആഫ്റ്റർ കെയർ ഹോമുകൾ സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ ഹോം

നിലവിലെ സാഹചര്യത്തിൽ എസ്.ഒ.എസ്. ഹോമിലും എൻട്രി ഹോമുകളിലും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ മറ്റ് കുട്ടികളോടൊപ്പം താമസിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവരുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് കൃത്യമായ രീതിയിലുള്ള അവരുടെ വികസനം ഉറപ്പുവരുത്തുന്നതിന്, കൃത്യമായ പരിചരണം ലഭിക്കുന്നതിന്, ഓരോ കുട്ടികൾക്കും അവരുടെ കഴിവിനനുസരിച്ചുള്ള തൊഴിൽ പരിശീലനവും

ജീവിതനൈപുണ്യവും ലഭ്യമാക്കുവാൻവേണ്ടി പ്രസ്തുത ഹോം തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

III ആശ്വാസനിധി

അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ഗുരുതര ക്ഷതങ്ങളോ രോഗങ്ങളോ ഉണ്ടാകാറുണ്ട്. ആസിഡ് അതിക്രമങ്ങൾ അതിജീവിച്ചവർക്ക് പലപ്പോഴും ജീവിതകാലം മുഴുവൻ ഘട്ടംഘട്ടമായുള്ള ശാരീരിക മാനസിക ചികിത്സകൾ വേണ്ടിവരുന്നു. ഇത്തരത്തിലുള്ളവർക്ക് അടിയന്തര ധനസഹായമെന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് ആശ്വാസനിധി. ആശ്വാസനിധി പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 466 ഗുണഭോക്താക്കൾക്കായി 3,50,00,000 രൂപ വിതരണം ചെയ്തു.

IV ലീഗൽ സെൽ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന് വേണ്ടിയുള്ള സ്റ്റേറ്റ് നിർഭയ സെല്ലിൽ നിയമ നടത്തിപ്പ് സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനും കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിനും കേസ് അന്വേഷണം, സാക്ഷി

വിസ്താരം തുടങ്ങിയ കോടതി നടപടികൾ ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരായി ശക്തമായ നിയമ നടപടികൾ പൂർത്തീകരിച്ച് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനും വിക്റ്റിം കോംപൻസേഷൻ സ്കീം, ആശ്വാസനിധി പദ്ധതി തുടങ്ങിയവ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും KeLSA, DLSA, paralegal volunteers, law college-കൾ, സഖി വൺ സ്റ്റോപ്പ് സെന്ററുകൾ തുടങ്ങിയ നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമായി സഹകരിച്ച് കൗൺസിലിംഗും നിയമപരമായ സഹായങ്ങളും സ്റ്റേറ്റ് തലത്തിൽ നടപ്പാക്കുന്നതിനും ജില്ലാതല പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനുമായി ഒരു ലീഗൽ അസിസ്റ്റന്റിന്റെ നേതൃത്വത്തിൽ ഒരു ലീഗൽ സെൽ പ്രവർത്തിച്ചുവരുന്നു.

V വൺസ്റ്റോപ്പ് സെന്ററുകൾ

സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസലിംഗ്, വൈദ്യസഹായം, ചികിത്സ, നിയമസഹായം പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന വനിതാ-ശിശുവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാകളക്ടർ

അദ്ധ്യക്ഷനായ ടാസ്ക്ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് വൺ സ്റ്റോപ്പ് സെന്റർ (ഒ.എസ്.സി.). കേരളത്തിൽ 14 ജില്ലകളിലും ഒ.എസ്.സി. പ്രവർത്തിച്ചുവരുന്നു. ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ഏതുസമയത്തും അഭയം തേടാവുന്ന സ്ഥാപനമാണിത്. ഒരു വനിതാ സെന്റർ അഡ്മിനിസ്ട്രേറ്റർ സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കൗൺസിലർ, ഡോക്ടർ, പോലീസ്, വക്കീൽ, വനിതാ സംരക്ഷണ ഓഫീസർ എന്നിവരുടെ സേവനവും സെന്ററിൽ ലഭ്യമാകുന്നു. ജാതിമത വർഗ്ഗ-വർണ്ണ പ്രായഭേദമെന്യേ സ്ത്രീകൾ സ്വകാര്യ/പൊതുയിടങ്ങളിൽ നേരിടുന്ന ശാരീരിക മാനസിക-വൈകാരിക-ലൈംഗിക അതിക്രമങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുകയും സേവനങ്ങൾ ഏകീകൃതമായി നൽകുകയും ശാശ്വത പരിഹാരം കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു. സെന്റർ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

B. വനിത ശിശു വികസന വകുപ്പ് മുഖേന കുട്ടികളുടെ സുരക്ഷ മുൻനിർത്തി നടപ്പിലാക്കി വരുന്ന പദ്ധതികൾ

സംസ്ഥാനത്ത് കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉത്തമ താല്പര്യവും ലക്ഷ്യമാക്കി വിവിധ സംരംഭങ്ങളെ ഒരു കുടക്കീഴിൽ

ഏകോപിപ്പിച്ചുകൊണ്ട് കേന്ദ്ര വനിത-ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS). ഈ പദ്ധതി 2009-10 കാലഘട്ടത്തിലാണ് ആരംഭിച്ചതെങ്കിലും 2013-14 മുതൽ പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

<u>പദ്ധതിയുടെ ലക്ഷ്യങ്ങൾ</u>

- 18 വയസ്സിന് താഴെ പ്രായമുള്ള മുഴുവൻ കുട്ടികളുടേയും സുരക്ഷിതത്വവും അവകാശസംരക്ഷണവും ഉറപ്പുവരുത്തി ഭാവിയിൽ നല്ല പൗരന്മാരായി വളരുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

- കുട്ടികൾക്ക് എതിരെ വർദ്ധിച്ചുവരുന്ന ശാരീരിക-മാനസിക-സാമൂഹിക-ലൈംഗിക അതിക്രമങ്ങളിൽനിന്നും കുട്ടികളുടെ അവകാശങ്ങളിൻമേലുള്ള മറ്റുള്ളവരുടെ കടന്നുകയറ്റങ്ങളിൽനിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ഉറച്ച പ്രതിരോധ സംവിധാനം രൂപീകരിക്കുക.

- 18 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വളരെ പെട്ടെന്ന് തൊട്ടടുത്തായി എത്തിപ്പെടാൻ

കഴിയുന്ന ഉന്നത ഗുണനിലവാരമുള്ള സർക്കാർ സേവനവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക.

• കുട്ടികളുടെ സംരക്ഷണത്തിനായുള്ള മുഴുവൻ നിയമങ്ങളേയും പദ്ധതികളേയും കൂട്ടിയിണക്കി ഒരു കുടക്കീഴിൽ ഏകോപിപ്പിക്കുകയും ഇതിനായി വിവിധ സർക്കാർ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്ത് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കുക.

I. <u>സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA)</u>

സംസ്ഥാനത്ത് ദത്തെടുക്കൽ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനുംവേണ്ടി 2015-ലെ ബാലനീതി നിയമം സെക്ഷൻ 67 പ്രകാരം സ്റ്റേറ്റ് അഡോപ്ക്ഷൻ റിസോഴ്സ് ഏജൻസി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് അഡോപ്ക്ഷൻ റിസോഴ്സ് ഏജൻസിയുടെ നിയന്ത്രണത്തിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന പതിനേഴ് ദത്തെടുക്കൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

II. <u>ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ (DCPU)</u>

ഐ.സി.പി.എസ്. പദ്ധതി വിഭാവനം ചെയ്യുന്ന ശിശു സംരക്ഷണ പരിപാടികൾ ജില്ലാ തലത്തിൽ ഏകോപിപ്പിക്കുന്നതും ഫലപ്രദമായി

നടപ്പിലാക്കുന്നതും ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളാണ്. കുട്ടികളുടെ അവകാശ സംരക്ഷണവും സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ജില്ലാ തലത്തിൽ സമീപിക്കേണ്ടത് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളെയാണ്.

## III. ചൈൽഡ് വെൽഫയർ കമ്മിറ്റി (CWC)

ജെ.ജെ.ആക്ട് നിഷ്കർഷിക്കുന്നത് പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലയിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച് പരിശോധന നടത്തി തീരുമാനം എടുക്കുന്നത് ഈ കമ്മിറ്റിയാണ്. ഒരു ചെയർമാനും 4 മെമ്പർമാരും ഉൾപ്പെടുന്നതാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ.

## IV. ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB)

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്തെ 14 ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട് (ജെ.ജെ. ആക്ട്

വകുപ്പ് 4). ഓരോ ജുവനൈൽ ജസ്റ്റിസ് ബോർഡിലും ഒരു പ്രിൻസിപ്പൽ മജിസ്ട്രേറ്റും (ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റും) രണ്ട് സോഷ്യൽ വർക്കർ മെമ്പർമാരുമാണുള്ളത്.

V. <u>സ്ഥാപനേതര സംരക്ഷണ പദ്ധതികൾ:</u>

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>ദത്തെടുക്കൽ</u>

ജന്മം നൽകിയ മാതാപിതാക്കളിൽനിന്ന് കുഞ്ഞിനെ സ്ഥിരമായി വേർപ്പെടുത്തപ്പെടുകയും ഏറ്റെടുക്കുന്ന മാതാപിതാക്കളിൽനിന്ന് നിയമപരമായ എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും കുഞ്ഞിന് ലഭ്യമാക്കുന്നതുമായ നടപടിയാണ് ദത്തെടുക്കൽ.

<u>സ്പോൺസർഷിപ്പ്</u>

സാമ്പത്തിക പരാധീനതമൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായമായി പ്രതിമാസം 2,000 രൂപ വീതം നൽകുന്ന പദ്ധതി.

<u>ഫോസ്റ്റർ കെയർ</u>

കുടുംബങ്ങളിലെ പ്രതികൂല സാഹചര്യം കാരണം മാതാപിതാക്കളോടൊപ്പമോ മറ്റ് ബന്ധുക്കളോടൊപ്പമോ ജീവിക്കാൻ സാധിക്കാത്ത കുട്ടികൾക്ക് അവരെ സ്വീകരിക്കാൻ തയ്യാറും പ്രാപ്തിയുമുള്ള മറ്റ് കുടുംബങ്ങളിൽ സന്തോഷപൂർവ്വം ജീവിക്കാൻ അവസരമൊരുക്കി കൊടുക്കുകയാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ഉദ്ദേശ്യം.

ഐ.സി.പി.എസ്. ധനസഹായത്തോടെ സന്നദ്ധസംഘടനകൾ നടത്തുന്ന ചൈൽഡ് കെയർ സ്ഥാപനം

ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന അഞ്ജനം ചിൽഡ്രൻസ് ഹോമിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള 25 പെൺകുട്ടികളെ പുനരധിവസിപ്പിച്ചുവരുന്നു.

സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി (SAA)

6 വയസ്സിനുതാഴെ പ്രായമുള്ളതും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും ദത്തെടുക്കലിന് വിധേയരാകേണ്ടതുമായ കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളാണ് SAA. സംസ്ഥാനത്ത് നിലവിൽ 14 അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

തുറന്ന അഭയ ഭവനങ്ങൾ (Open Shelter Home)

തെരുവുകുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായുള്ള 4 തുറന്ന അഭയ ഭവനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

VI. ICPS മുഖേന കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ

1. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.)

2. കാവൽ പദ്ധതി

3. സനാഥബാല്യം (പോറ്റി വളർത്തൽ)

4. ഉജ്ജ്വലബാല്യം

5. കേന്ദ്രസർക്കാരിന്റെ National Child Award for exceptional Achievement Award വാങ്ങുന്ന സംസ്ഥാനത്തെ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

6. വിജ്ഞാനദീപ്തി

7. ആഫ്റ്റർ കെയർ

8. കാവൽ പ്ലസ് – ശരണബാല്യം

9. പാരന്റിംഗ് ക്ലിനിക്കുകൾ

10. നിനവ്.

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി രക്ഷിതാക്കളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനുള്ള പാരന്റിംഗ് ക്യാമ്പയിനിന്റെ ഭാഗമായി ഹ്രസ്വചിത്രം, ഡോക്യുമെന്ററി, പോസ്റ്ററുകൾ, സെമിനാറുകൾ, എഫ്.എം. ക്യാമ്പയിനുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിദഗ്ധ പരിചരണം നൽകുന്നതിനുമായി ജില്ലാതലത്തിൽ ജില്ലാ റിസോഴ്സ് സെന്റർ രൂപീകരിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി ബാലസുരക്ഷാ പ്രൊട്ടോക്കോൾ രൂപീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം പൊതുജനങ്ങൾക്കും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്കും ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖാന്തരം ബോധവൽക്കരണം നൽകിവരുന്നു. ജില്ലാതലത്തിൽ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും വിലയിരുത്തുന്നതിനായി ജില്ലാ ജഡ്ജി അദ്ധ്യക്ഷനായി വിവിധ കർത്തവ്യവാഹകരെ ഉൾപ്പെടുത്തി ജില്ലാ ജുവനൈൽ ജസ്റ്റീസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

C. <u>സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി കേരള വനിതാ കമ്മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

(1) സെമിനാറുകൾ, ശില്പശാലകൾ.

(2) സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി സിറ്റിംഗ്/ഹിയറിംഗ്

(3) പിതൃത്വതർക്ക പരിഹാരത്തിനായി ഡി.എൻ.എ. പരിശോധന.

(4) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ജാഗ്രതാസമിതിയിലെ അംഗങ്ങൾക്കുള്ള പരിശീലനം.

(5) കുടുംബപ്രശ്നങ്ങളും മറ്റും പരിഹരിക്കുന്നതിനായി കൗൺസലിംഗ്

(6) വിവാഹപൂർവ്വ കൗൺസലിംഗ്

(7) കൗമാരക്കാരായ കുട്ടികളിൽ ലിംഗസമത്വം ഉറപ്പുവരുത്തുന്നതിനുള്ള കലാലയജ്യോതി പരിപാടികൾ

(8) മുഖാമുഖം പരിപാടി:- സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ആശയങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നു.

(9) സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ച് സ്ത്രീകൾക്ക് അറിവ് നൽകുന്നതിനായി ബുക്ക്ലെറ്റുകളും ബ്രോഷറുകളും അച്ചടിച്ച് വിതരണം ചെയ്യുന്നു.

(10) അച്ചടി-ദൃശ്യ മാധ്യമങ്ങളിലൂടെ സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ച് വ്യാപകമായ പ്രചരണം നൽകുന്നു.

(11) മാധ്യമങ്ങളിലൂടെ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നുണ്ടോയെന്ന് നിരന്തരം നിരീക്ഷിക്കുന്നതിനായി മീഡിയ മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

D. <u>സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിനും സുരക്ഷ ഒരുക്കുന്നതിനുമായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

പൊതുയിടങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിനും സുരക്ഷ ഒരുക്കുന്നതിനുമായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് വിവിധ പദ്ധതികളും സംവിധാനങ്ങളും നിലവിലുണ്ട്. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്.

ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ പോലീസ് കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ നടന്നാൽ അതിവേഗം FIR രജിസ്റ്റർ ചെയ്യണമെന്നും ഫോറൻസിക് പരിശോധനയ്ക്കുള്ള തെളിവ് ശേഖരണം, മറ്റ് ശാസ്ത്രീയ തെളിവ് ശേഖരിക്കൽ, രണ്ട് മാസത്തിനുള്ളിൽ ലൈംഗികാതിക്രമ കേസുകളുടെ അന്വേഷണം പൂർത്തിയാക്കൽ എന്നിവയെപ്പറ്റി ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യത്തെക്കുറിച്ച് അറിവോ പരാതിയോ ലഭിച്ചാൽ അധികാര പരിധി പരിഗണിക്കാതെതന്നെ കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ തുടരന്വേഷണത്തിനായി 24 മണിക്കൂറിനുള്ളിൽ കൈമാറണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം സംബന്ധിച്ച പരാതികളിന്മേൽ പരാതിക്കാരുടെ വീട്ടിൽ നേരിട്ട് ചെന്ന് മൊഴികളും മറ്റും

രേഖപ്പെടുത്തുന്നതുവഴി ഇത്തരം കുറ്റകൃത്യങ്ങളിൽ പരാതി നൽകാനുള്ള വിമുഖത ഒഴിവാകുകയും ഇരയ്ക്കൊപ്പമാണ് പോലീസ് എന്ന മനോഭാവം പരാതിക്കാരിൽ ഉളവാക്കുവാനും സാധിച്ചിട്ടുണ്ട്. എല്ലാ മാസവും ആദ്യവാരം ജില്ലാ പോലീസ് മോധാവിമാരുടെ നേതൃത്വത്തിൽ എസ്.എച്ച്.ഒ.-മാരെ ഏകോപിപ്പിച്ച് Monthly Crime Conference നടത്തി ഇത്തരം കേസുകളുടെ പുരോഗതി വിലയിരുത്താറുണ്ട്. കേസന്വേഷണത്തിൽ വീഴ്ചയോ അപാകതകളോ കണ്ടാൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

ആക്രമണങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും അടിയന്തരമായ പോലീസ് സഹായം നൽകുകയും ചെയ്യും. സ്ത്രീകൾക്കും കുട്ടികൾക്കും ആത്മധൈര്യം നൽകുന്നതിനായി വിദഗ്ധ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ Self Defence

Training ക്ലാസുകൾ സ്കൂൾ, കോളേജ്, വിവിധ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയിലൂടെ നൽകിവരുന്നുണ്ട്.

## ദളിത് ബാലികയുടെ ദുരൂഹ മരണം

96(2030) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ ശബരി ബാലികാ സദനത്തിൽ സൂര്യസുനിൽ എന്ന ദളിത് ബാലിക ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ബാലികാ സദനം നടത്തിപ്പുകാരുടെ പങ്ക് ഉൾപ്പെടെ അന്വേഷണ വിധേയമാക്കി നടപടി സ്വീകരിക്കുമോ?

കോന്നിയിലെ ശബരി ബാലികാ സദനത്തിൽ സൂര്യസുനിൽ എന്ന കുട്ടിയുടെ അസ്വാഭാവിക മരണവുമായി ബന്ധപ്പെട്ട് കോന്നി പോലീസ് സ്റ്റേഷൻ ക്രൈം.നം. 475/2022 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിൽ 376(2) (n) IPC & Sec 5(1) r/w 6 of POCSO Act പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സെക്ഷൻകൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തിവരികയാണ്. കേസിലെ പ്രതിയെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും മരണകാര്യത്തിൽ

ബാലികാ സദനം നടത്തിപ്പുകാർക്കോ മറ്റാർക്കെങ്കിലുമോ പങ്കുണ്ടോ എന്നും തിരിച്ചറിയുന്നതിന് കൂടുതൽ അന്വേഷണം ആവശ്യമാണ്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാലികാ സദനങ്ങളിലെ അന്തേവാസികൾക്ക് നേരെയുള്ള പീഡനങ്ങളും വർദ്ധിച്ചുവരുന്ന ദുരൂഹ മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

2019 മുതലുള്ള കഴിഞ്ഞ മൂന്നുവർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണുന്നില്ല. ബാലികാ സദനങ്ങളിലെ ഇത്തരത്തിലുള്ള നടപടികൾ ഇല്ലായ്മ ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ബാലികാ സദനങ്ങളിലെല്ലാംതന്നെ ജനമൈത്രി ബീറ്റ് ഓഫീസർമാരും വനിതാ സെല്ലിലെ പോലീസ് ഉദ്യോഗസ്ഥരും സന്ദർശനം നടത്തുകയും അവിടെ താമസിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിക്കുകയും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്തുവരുന്നു. ബാലികാ സദനങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും ഏതെങ്കിലും തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ

കൃത്യമായ ഇടവേളകളിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുമായി സഹകരിച്ച് ജില്ലയിലെ അനാഥാലയങ്ങൾ പരിശോധിക്കുകയും നിയമവിരുദ്ധ നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഗുണ്ടാ ആക്രമണങ്ങൾ

97 (2031) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ കഴിയാതായ സാഹചര്യം എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ, എങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങൾ തടയാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. സംസ്ഥാനത്ത് ഗുണ്ടാ ഗ്യാംഗ് വിളയാട്ടം അമർച്ച ചെയ്യുന്നതിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന നോഡൽ ഓഫീസറായി പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി.- യെ നിയമിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് നടന്നിട്ടുള്ള ഗുണ്ടാ ആക്രമങ്ങളുടെയും കൊല്ലപ്പെട്ടിട്ടുള്ളവരുടേയും പരിക്കേറ്റവരുടെയും അറസ്റ്റ് ചെയ്ത പ്രതികളുടെയും ഇനി അറസ്റ്റ് ചെയ്യാനുള്ളവരുടെയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സംസ്ഥാനത്ത് ഏകദേശം എത്ര ഗുണ്ടാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഗുണ്ടാ പ്രവർത്തനങ്ങളിൽ സജീവമായവരുടെ എണ്ണമെത്രയെന്നും അറിയിക്കുമോ; 'കാപ്പ' ചുമത്താൻ അധികാരപ്പെട്ട സമിതി കൃത്യമായ ഇടപെടൽ നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാപ്പ ചുമത്തുന്നതിന് പോലീസിന് അധികാരം നൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് അറിയിക്കുമോ?

ഏകദേശം 25 ഗുണ്ടാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ് കണക്കുകൾ. സജീവമായ ഏകദേശം 222 പേരുമുണ്ട്. ‘ കാപ്പ ’ ചുമത്താൻ അധികാരപ്പെട്ട സമിതി കൃത്യമായ ഇടപെടൽ നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തടയൽ നിയമം, 2007 വകുപ്പ് 3(1) പ്രകാരം തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കാൻ വകുപ്പ് 3(2) പ്രകാരം ജില്ലാ മജിസ്ട്രേറ്റുമാരെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്. 2022 ഏപ്രിൽ 1-ാം തീയതിയിലെ ആഭ്യന്തരം എസ്.എസ്.എ. 5/60/2022/ആഭ്യന്തരം നമ്പർ വിജ്ഞാപനപ്രകാരം 2022 എപ്രിൽ 21-ാം തീയതി മുതൽ മൂന്ന് വർഷത്തേയ്ക്കാണ് പ്രസ്തുത അധികാരങ്ങൾ നൽകിയിട്ടുള്ളത്. തടങ്കൽ ഉത്തരവ് നടപ്പിലാക്കിയശേഷം വകുപ്പ് 9 പ്രകാരം സർക്കാർ ഓരോ കരുതൽ തടങ്കൽ പ്രതികളുടെയും കേസ് ഉപദേശക ബോർഡിന് റഫർ ചെയ്യുന്നതും കരുതൽ തടങ്കലിന് മതിയായ കാരണം ഉണ്ടോയെന്ന് പരിശോധിക്കാൻ അധികാരപ്പെടുത്തിയ ഉപദേശക ബോർഡ് വകുപ്പ് (10) പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചുവരുന്നതാണ്.

## റോഡ് അപകടങ്ങൾ

98 (2032) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്ത് സംസ്ഥാനത്തിന്റെ പല ഭാഗത്തും ബൈക്ക് റേസിംഗും കാർ റേസിംഗും നടത്തുന്നതും അതോടൊപ്പം കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ ബസ്സോടിച്ച് ബൈക്ക് യാത്രക്കാരെ

മനഃപൂർവ്വം അപകടപ്പെടുത്തിയതും സ്വകാര്യ വാഹനങ്ങളും ചരക്ക് ലോറികളും അപകടമുണ്ടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

20.05.2021 മുതൽ 25.08.2022 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് നാല് സ്ഥലങ്ങളിൽ ബൈക്ക് റേസിംഗ് നടത്തിയതിനോടനുബന്ധിച്ച് അപകടമുണ്ടായതും കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ ബസ്സ് ഓടിച്ച് ബൈക്ക് യാത്രക്കാരെ അപകടപ്പെടുത്തിയ രണ്ട് കേസുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ കാർ റേസിംഗ് നടത്തിയതിനോടനുബന്ധിച്ച് അപകടമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബൈക്ക് റേസിംഗ് നടത്തിയതിനോടനുബന്ധിച്ച് അപകടമുണ്ടായതിന്റെ വിശദ വിവരങ്ങൾ താഴെപ്പറയുന്നു.

1) കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ പാലത്ത എന്ന സ്ഥലത്ത് സാഫാ ആട്ടോമൊബൈൽ വർക്ക്ഷോപ്പിന് മുൻ ഭാഗത്തായി 28.07.2021-ൽ നടന്ന അപകടത്തിൽ മൂന്ന് പേർ മരണമടയുകയുണ്ടായി. ക്രൈം നമ്പർ 1673/21 U/s 279 & 304-A IPC പ്രകാരം ചങ്ങനാശ്ശേരി പോലീസ്സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

2) തിരുവനന്തപുരം റൂറൽ ജില്ലയിലെ നെയ്യാർഡാം സ്റ്റേഷൻ പരിധിയിലെ നെയ്യാർഡാം എന്ന സ്ഥലത്ത് 19.09.2021-ൽ നടന്ന അപകടത്തിൽ ഒരാൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ക്രൈം നമ്പർ 1824/21 U/s 279, 326, 323, 294 (b) & 34 IPC പ്രകാരം നെയ്യാർ ഡാം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.

3) തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം പോലീസ് സ്റ്റേഷൻ പരിധിയിലെ മുക്കോല എന്ന സ്ഥലത്ത് ബദ്സയ്ദ ചർച്ചിനടുത്തുള്ള ബൈപ്പാസ്സിൽ 19.06.2022-ൽ ഉണ്ടായ അപകടത്തിൽ രണ്ട് പേർ മരണമടഞ്ഞു. ക്രൈം നമ്പർ 732/22 U/s 306(1)(c)(MA) PSO പ്രകാരം വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

4) ഇടുക്കി ജില്ലയിലെ കട്ടപ്പന പോലീസ് സ്റ്റേഷൻ പരിധിയിലെ വെള്ളയംകുടി എന്ന സ്ഥലത്ത് 30.06.2022-ൽ ഉണ്ടായ അപകടത്തിൽ ഒരാൾക്ക് നിസ്സാര പരിക്കേൽക്കുകയും കട്ടപ്പന പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 791/22 U/s 279 IPC& 139 The Electricity Act പ്രകാരം കട്ടപ്പന പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബൈക്ക് യാത്രക്കാർ അപകടപ്പെട്ട കേസുകളുടെ വിവരങ്ങൾ താഴെപ്പറയുന്നു.

1) പാലക്കാട് ജില്ലയിൽ കുഴൽമന്ദം പോലീസ് സ്റ്റേഷൻ പരിധിയിലെ വെള്ളപ്പാറ എന്ന സ്ഥലത്ത് 07.02.2022-ൽ ഉണ്ടായ അപകടത്തിൽ രണ്ട് പേർ മരണമടഞ്ഞു. ക്രൈം നമ്പർ 74/22 U/s 279 & 304-A, പ്രകാരം കുഴൽമന്ദം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

2) കൊച്ചി സിറ്റി ജില്ലയിൽ കളമശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രീമിയം ജംഗ്ഷൻ എന്ന സ്ഥലത്ത് 07.02.2022-ൽ ഉണ്ടായ അപകടത്തിൽ ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റു. ക്രൈം നമ്പർ 227/22 U/s 279 & 338 IPC പ്രകാരം കളമശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

20.05.2021 മുതൽ 25.06.2022 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് സ്വകാര്യ വാഹനങ്ങളും ചരക്ക് ലോറികളും അപകടമുണ്ടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 20-05-2021 മുതൽ 25-06-2022 വരെ | | | | |
|---|---|---|---|---|
| | അപകടങ്ങളുടെ എണ്ണം | മരണം | ഗുരുതര പരിക്ക് | നിസ്സാര പരിക്ക് |
| സ്വകാര്യ വാഹനങ്ങൾ ഉണ്ടാക്കിയ അപകടങ്ങളുടെ വിവരങ്ങൾ | 35476 | 3292 | 27745 | 10591 |
| ചരക്ക് ലോറികൾ ഉണ്ടാക്കിയ | 2798 | 510 | 2076 | 942 |

| അപകടങ്ങളുടെ വിവരങ്ങൾ | | | | |
|---|---|---|---|---|

(ബി) ഇവർക്കെതിരെ കർശന നടപടികൾക്കും ആവശ്യമുണ്ടെങ്കിൽ കർശന ശിക്ഷ ഉറപ്പുവരുത്താനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ട്രാഫിക് പോലീസിന്റെയും ഇന്റർസെപ്റ്ററിന്റെയും ഹൈവേ പോലീസിന്റേയും പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയും പ്രതികളായവരുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ആർ.ടി.ഒ.-മാർക്ക് റിപ്പോർട്ടുകൾ സമർപ്പിച്ചും കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ കാലയളവിൽ നടന്ന വാഹന അപകടങ്ങളുടേയും അവമൂലമുള്ള മരണങ്ങളുടേയും കണക്ക് മാസം തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ കാലയളവിൽ (20.05.2021 മുതൽ 25.06.2022 വരെ) നടന്ന വാഹന അപകടങ്ങളുടെയും അവമൂലമുള്ള മരണങ്ങളുടെയും കണക്ക് മാസം തിരിച്ച് ചുവടെ ചേർക്കുന്നു.

| മാസം | അപകടങ്ങളുടെ എണ്ണം | മരണം |
|---|---|---|
| 20.05.2021 മുതൽ | 277 | 44 |

| | | |
|---|---|---|
| 25.06.2022 വരെ | | |
| ജൂൺ 2021 | 1539 | 195 |
| ജൂലൈ 2021 | 2139 | 206 |
| ആഗസ്റ്റ് 2021 | 2449 | 260 |
| സെപ്റ്റംബർ 2021 | 2661 | 251 |
| ഒക്ടോബർ 2021 | 2950 | 312 |
| നവംബർ 2021 | 3147 | 263 |
| ഡിസംബർ 2021 | 3720 | 369 |
| ജനവരി 2022 | 3899 | 378 |
| ഫെബ്രുവരി 2022 | 3373 | 379 |
| മാർച്ച് 2022 | 3808 | 376 |
| ഏപ്രിൽ 2022 | 3648 | 350 |
| മേയ് 2022 | 3690 | 402 |
| 2022 ജൂൺ 25 വരെ | 3261 | 230 |

(ഡി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എത്ര കാൽനടയാത്രക്കാർക്ക് അപകടമുണ്ടായിയെന്നും മരണപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ ഒരു വർഷക്കാലയളവിൽ (20.05.2021 മുതൽ 25.06.2022 വരെ) സംസ്ഥാനത്ത് 8028 കാൽനടയാത്രക്കാർ ഉൾപ്പെട്ട അപകടം ഉണ്ടാവുകയും അതിൽ 1000 പേർക്ക് മരണം സംഭവിക്കുകയും ചെയ്തു.

## മൂന്നാർ പോലീസ് സ്റ്റേഷനിൽ നിന്നും ഔദ്യോഗിക വിവരങ്ങൾ ചോർന്ന സംഭവം

99 (2033) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ പോലീസ് സ്റ്റേഷനിൽ നിന്നും ഔദ്യോഗിക വിവരങ്ങൾ ചോർന്ന സംഭവത്തിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; അറിയിക്കുമോ?

പൂർത്തിയായിട്ടുണ്ട്.

(ബി) അന്വേഷണത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ?

പ്രാഥമിക അന്വേഷണത്തിൽ ആരോപണ വിധേയരായി 3 ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ ആരംഭിച്ചിട്ടുള്ള വകുപ്പുതല നടപടി പൂർത്തിയായാൽ മാത്രമെ ഇവർ കുറ്റക്കാരാണെന്ന് നിശ്ചയിക്കുവാൻ കഴിയുകയുള്ളൂ.

<u>കണ്ണവം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ</u>

100 (2034) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കണ്ണവം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി വനം വകുപ്പിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

കണ്ണവം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി വനം വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന കണ്ണവം വില്ലേജിൽ സർവ്വേ നമ്പർ 9/7-ൽ ഉൾപ്പെട്ട 0.1092 ഹെക്ടർ ഭൂമി പോലീസ് വകുപ്പിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്തിന് റോഡ് സൗകര്യമില്ലാത്തതിനാൽ റോഡ് നിർമ്മാണത്തിനും അനുബന്ധ വിപുലീകരണത്തിനുമായി രണ്ട് ഭാഗങ്ങളിലായി സർവ്വേ നമ്പർ 9/4-ൽ ഉൾപ്പെട്ട 0.1057 ഹെക്ടർ ഭൂമിയും മാവോയിസ്റ്റ് ഭീഷണിയിലുള്ള പോലീസ് സ്റ്റേഷൻ ആയതിനാൽ വാച്ച് ടവർ നിർമ്മിക്കുന്നതിനായി സർവ്വേ നമ്പർ 9/8 B-യിൽ ഉൾപ്പെട്ട 0.0121 ഹെക്ടർ ഭൂമിയും ചേർത്ത് ആകെ 0.1178 ഹെക്ടർ സ്ഥലം അനുവദിച്ചുകിട്ടുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ 'PARIVESH'-ൽ 24.06.2022-ൽ അപേക്ഷ സമർപ്പിക്കുകയും ആയത് വനം വകുപ്പിന്റെ പരിശോധനയിലുമാണ്.

(ബി) സ്ഥലമേറ്റെടുക്കൽ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനായി പ്രസ്തുത വിഷയം ഫോറസ്റ്റ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടവും മികച്ച വാഹനങ്ങളും

101(2035) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ആയതിന്റെ വിശദാംശം അറിയിക്കാമോ?

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാരായമുട്ടം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നെയ്യാറ്റിൻകര താലൂക്കിലെ പെരുങ്കടവിള വില്ലേജിലെ തത്തിയൂർ വാർഡിൽ (നം.5) ബ്ലോക്ക് നം.25-ലെ റീ സർവ്വേ നമ്പർ. 930-ൽപ്പെട്ട 50 സെന്റ് ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ ഭൂമി പോലീസ് വകുപ്പിന് ലഭ്യമാക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള അർത്ഥനാപത്രം തയ്യാറാക്കി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര, ഗ്രാമീണ മേഖലകളിലുള്ള പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ മെയിന്റനൻസ് നടത്തുന്നതിനും പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ നെയ്യാർഡാം പോലീസ് സ്റ്റേഷനിൽ മുൻവശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മലയോര, ഗ്രാമീണ മേഖലയിലെ മറ്റ് പോലീസ് സ്റ്റേഷനുകളിൽ മെയിന്റനൻസ് നടത്തേണ്ട ആവശ്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

16.10.2019-ലെ സ.ഉ(കൈ) നം.45/2019/പൊ.മ.വ പ്രകാരമുള്ള മാനദണ്ഡമനുസരിച്ചാണ് പോലീസ് സ്റ്റേഷൻ വാഹനങ്ങളിൽ ഏറ്റവും പഴക്കം ചെന്നതും കൂടുതൽ ദൂരം ഓടിയിട്ടുള്ളതുമായ വാഹനങ്ങൾ മാറ്റി പകരം പുതിയ വാഹനങ്ങൾ അനുവദിച്ചുവരുന്നത്. ഇത് പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മാരായമുട്ടം, വെള്ളറട എന്നീ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ ലൈറ്റ് മോട്ടോർ വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്.

State Plan Scheme 2022-23 പ്രകാരം പോലീസ് സ്റ്റേഷനുകൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ പ്രതിപാദിച്ച സർക്കാർ മാനദണ്ഡപ്രകാരം തയ്യാറാക്കുന്ന പട്ടികയിൽ ഉൾപ്പെട്ട പാറശ്ശാല, നെയ്യാർഡാം, ആര്യൻകോട് എന്നീ പോലീസ് സ്റ്റേഷനുകളിലെ നിലവിലെ വാഹനങ്ങൾക്ക് പകരമായി പുതുതായി വാങ്ങുന്ന ലൈറ്റ് മോട്ടോർ വാഹനങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ പോലീസ് മേധാവി സ്വീകരിച്ചുവരുന്നു.

## മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

102 (2036) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശോച്യാവസ്ഥയിലുള്ള മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് അനുവദിക്കപ്പെട്ട എം.എൽ.എ. ഫണ്ട് അപര്യാപ്തമായതിനാൽ പ്ലാൻ ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഇനിയും എത്ര തുക കൂടി വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(സി) ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. തിരുവമ്പാടി എം.എൽ.എ യുടെ 2020-21 വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 2.25 കോടി രൂപ ചെലവഴിച്ചാണ് മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം നിലവിൽ പുരോഗമിച്ചുവരുന്നത്. എന്നാൽ മുക്കം പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിന് എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച തുക പര്യാപ്തമല്ല എന്നും PWD-യുടെ എസ്റ്റിമേറ്റ് പ്രകാരം 2.5 കോടി രൂപകൂടി അധികമായി അനുവദിച്ചാൽ മാത്രമേ കെട്ടിട നിർമ്മാണം പൂർത്തിയാക്കാനാവൂ എന്നും പ്ലാൻ ഫണ്ടിൽ നിന്നും മേൽ തുക അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. എം.എൽ.എ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിക്ക് കത്ത് നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

### തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ നവീകരണം

103(2037) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ നവീകരണവുമായി ബന്ധപ്പെട്ട് ഉയർന്ന അഴിമതി ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരമൊരു ആരോപണം സംബന്ധിച്ച് മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(ബി) എത്ര ലക്ഷം രൂപയുടെ നവീകരണമാണ് തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ നടന്നതെന്ന് അറിയിക്കാമോ; ഏതെല്ലാം പ്രവൃത്തികൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ 30,72,452 (മുപ്പതു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി നാന്നൂറ്റി അമ്പത്തിരണ്ട്) രൂപയുടെ നവീകരണ പ്രവൃത്തികളാണ് നടന്നിട്ടുള്ളത്. പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) പോലീസ് പിടിച്ചെടുത്ത തൊണ്ടിമണൽ പ്രസ്തുത പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന് അനുമതിയുണ്ടായിരുന്നോയെന്ന് അറിയിക്കാമോ; നവീകരണത്തിന് സ്റ്റേഷൻ പരിധിയിലെ വിവിധ ഷോപ്പുകളിൽനിന്നും പണം നൽകാതെ സാധനങ്ങൾ വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോലീസ് പിടിച്ചെടുത്ത തൊണ്ടിയിൽപ്പെട്ട മണൽ പോലീസ് സ്റ്റേഷൻ നവീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ അനുമതി നൽകുകയോ പ്രസ്തുത നിർമ്മാണപ്രവൃത്തികൾക്ക് ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. തിരൂരങ്ങാടി പോലീസ് സ്റ്റേഷന്റെ നവീകരണ പ്രവർത്തനത്തിന് സ്റ്റേഷൻ പരിധിയിലെ വിവിധ ഷോപ്പുകളിൽനിന്നും പണം നൽകാതെ സാധനങ്ങൾ വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പോലീസിന് പാരിതോഷികമായോ സ്പോൺസർഷിപ്പിലോ നിർമ്മാണപ്രവൃത്തികൾ നടത്താൻ അനുമതിയുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അത്തരത്തിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഇത്തരം നവീകരണ പ്രവൃത്തികൾ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ; അത്തരം കാര്യങ്ങൾക്ക് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

പോലീസിന് പാരിതോഷികമായോ സ്പോൺസർഷിപ്പിലോ നിർമ്മാണപ്രവൃത്തികൾ നടത്താൻ അനുമതി നൽകുകയോ ഇത്തരത്തിൽ നവീകരണ പ്രവൃത്തികൾ നടത്തുകയോ ചെയ്തിട്ടില്ല.

(ഇ) ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഈ വിഷയത്തിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ട സാഹചര്യം നിലവിലില്ല.

<u>പൊൻമുടി പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള അമിനിറ്റി സെന്റർ</u>

104 (2038) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടി പോലീസ് സ്റ്റേഷനോടനുബന്ധിച്ച് കഴിഞ്ഞ വർഷം ഉദ്ഘാടനം നടത്തിയ വിനോദസഞ്ചാരികൾക്കായുള്ള അമിനിറ്റി സെന്റർ (ഫെസിലിറ്റേഷൻ കേന്ദ്രം) തുറന്ന് പ്രവർത്തിക്കാതിരിക്കാനുള്ള കാരണം എന്തെന്ന് അറിയിക്കാമോ?

പൊൻമുടി പോലീസ് സ്റ്റേഷനോട് ചേർന്നുള്ള അമിനിറ്റി സെന്റർ തുറന്ന് പ്രവർത്തിച്ചുവരുന്നു.

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ വിനോദസഞ്ചാരികൾക്കായി ഒരുക്കിയിട്ടുള്ളത്; ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വിനോദസഞ്ചാരികൾക്കും മറ്റും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഭയരഹിതമായി പ്രകൃതിഭംഗി ആസ്വദിച്ച് മടങ്ങിപ്പോകുന്നതിനും ടൂറിസം

പോലീസിന്റെ സേവനങ്ങൾ ഇവിടെ ലഭ്യമാണ്. വിനോദ സഞ്ചാരികൾക്ക് പ്രാഥമികകർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യവും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന് 20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പോരായ്മകൾ പരിഹരിച്ച് വിനോദസഞ്ചാരികൾക്കായി ഇത് എന്ന് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

നിലവിൽ ഇത് തുറന്നുപ്രവർത്തിക്കുന്നുണ്ട്.

## ഇടുക്കി പോലീസ് കാന്റീൻ

105 (2039) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പോലീസ് സ്റ്റേഷനുകളോട് ചേർന്ന് നടത്തിയിരുന്ന ക്യാന്റീനുകൾ നിർത്തലാക്കിയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഭക്ഷണശാലയിൽ പോലീസ് ഉദ്യോഗസ്ഥരും പുറത്തുനിന്ന് വന്നവരും തമ്മിലുണ്ടായ പ്രശ്നങ്ങളെത്തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം എറണാകുളം റേഞ്ച് DIG ചെയർമാനായി റെയിൽവേ

എസ്.പി., ഐ.ആർ. ബറ്റാലിയൻ കമാണ്ടന്റ് എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിനെത്തുടർന്ന് ജില്ലയിലെ എല്ലാ പോലീസ് ഭക്ഷണശാലകളും പ്രവർത്തനം നിർത്തിവച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ക്യാന്റീനുകളിൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും ആരംഭകാലം മുതൽ വാർഷിക ഓഡിറ്റ് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഓഡിറ്റ് നടത്താതിരുന്നതിന്റെ ഉത്തരവാദി ആരാണെന്ന് വ്യക്തമാക്കുമോ?

ഔദ്യോഗികമായി നടത്തിയിട്ടില്ല.

(സി) പ്രസ്തുത ക്യാന്റീനുകൾ ജില്ലാ പോലീസ് സൊസൈറ്റിയിൽ നിന്നും ലോണുകൾ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ലോണുകൾ തിരിച്ചടക്കാതെയിരുന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ലോണുകൾ തിരിച്ചടക്കാത്തതിന് ആരാണ് ഉത്തരവാദിയെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

(സി&ഡി) പോലീസ് ഭക്ഷണശാലകളുടെ പേരിൽ ലോൺ എടുത്തിട്ടില്ല. ആയതിനാൽ പോലീസ് വകുപ്പ് ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗുരുവായൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണം

106 (2040) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

01. ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 2019-20, 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി 24,33,800 രൂപ അനുവദിച്ചു. ആയത് ചെലവഴിച്ച് പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി 19.06.2021-ൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

02. പഴയ പോലീസ് സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന്റെ ഭാഗമായി മുനക്കകടവ് പോലീസ് സ്റ്റേഷന് 2021-22 സാമ്പത്തിക

വർഷത്തിൽ 6,25,000 രൂപയും Basic Amenity Work നടത്തുന്നതിനായി 4,75,000 രൂപയും അനുവദിച്ച് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

03. പഴയ പോലീസ് സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന്റെ ഭാഗമായി വടക്കേക്കാട് പോലീസ് സ്റ്റേഷന് 2021-22 സാമ്പത്തിക വർഷത്തിൽ 6,24,800 രൂപയും Basic Amenity Work നടത്തുന്നതിനായി 7,75,000 രൂപയും അനുവദിച്ച് വർക്കുകൾ സ്റ്റേഷനിൽ നടത്തിയിട്ടുണ്ട്.

04. മുനക്കകടവ്, വടക്കേക്കാട് എന്നീ സ്റ്റേഷനുകളുടെ നവീകരണത്തിന്റെ ഭാഗമായി താഴെ പറയുന്ന പ്രവൃത്തികൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്.

* 2.5 ലക്ഷം രൂപ ചിലവിൽ സ്മാർട്ട് സ്റ്റോറേജ് നടപ്പിലാക്കി.

* 5.5 ലക്ഷം രൂപ ചെലവിൽ സ്റ്റേഷനുകൾ വനിതാ-ശിശു സൗഹൃദമാക്കാൻ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

* 2.5 ലക്ഷം രൂപ ചെലവിൽ സ്റ്റേഷനുകൾക്ക് ഭിന്നശേഷി സൗഹൃദമാക്കാൻ Ramp & Toilet എന്നിവ നിർമ്മിച്ചു.

* 2.5 ലക്ഷം രൂപയ്ക്ക് സ്റ്റേഷനുകൾക്ക് ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

* 2.5 ലക്ഷം രൂപ സ്റ്റേഷനുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിന് ചിലവഴിച്ചു.

* 2.5 ലക്ഷം രൂപ ചിലവിൽ സ്റ്റേഷനുകളിൽ ബേസിക് ട്രെയിനിംഗ് സെന്ററുകൾ ഒരുക്കിയിട്ടുണ്ട്.

(ബി) 2022-23 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ചാവക്കാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചാവക്കാട് പോലീസ് സ്റ്റേഷന്റെ നിലവിലുള്ള കെട്ടിടത്തിന് പുറകിലുള്ള പഴയ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

(സി) ഗുരുവായൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട സ്ഥലസൗകര്യമില്ലാത്തതും ആവശ്യത്തിന് ക്വാർട്ടേഴ്സുകൾ ഇല്ലാത്തതുമായ പോലീസ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന വടക്കേക്കാട് പോലീസ് സ്റ്റേഷൻ, മുനക്കക്കടവ് കോസ്റ്റൽ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ മതിയായ സ്ഥലസൗകര്യമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ, വടക്കേക്കാട് പോലീസ് സ്റ്റേഷൻ, മുനക്കക്കടവ് കോസ്റ്റൽ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ ക്വാർട്ടേഴ്സുകൾ നിലവിലില്ല.

## ടെക്നോപാർക്കിലെ കമ്പനിയുടെ സുരക്ഷയ്ക്കായി പോലീസ് സേന

107 (2041) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) മുൻ പൊലീസ് മേധാവിയുടെ ഭാര്യ ജോലി ചെയ്തിരുന്ന ടെക്നോപാർക്കിലെ കമ്പനിയുടെ സുരക്ഷയ്ക്കായി പോലീസ് സേനയിൽ നിന്നും അനധികൃതമായി ആളുകളെ സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിച്ചിരുന്നോ; എങ്കിൽ ഇപ്രകാരം എത്രപേരെ എത്ര കാലയളവിലേയ്ക്കാണ് നിയോഗിച്ചത്; ഇതുസംബന്ധിച്ച തീരുമാനം കൈക്കൊണ്ടത് ആരാണ്; അറിയിക്കാമോ?

അനധികൃതമായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നില്ല.

(ബി) മേൽപ്പറഞ്ഞ നടപടിമൂലം ഉണ്ടായ കോടികളുടെ ബാധ്യത തീർക്കുന്നതുസംബന്ധിച്ച് ഡി.ജി.പി. ആഭ്യന്തര വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല.

(സി) അനധികൃതമായി പോലീസ് സേനയെ സുരക്ഷാ ഡ്യൂട്ടിക്ക് നിയോഗിച്ച് ബാധ്യത വരുത്തിവച്ചത് സംബന്ധിച്ച് പരാമർശിക്കുന്ന എസ്.ഐ.എസ്.എഫ്. -ന്റെ ഓഡിറ്റ് റിപ്പോർട്ട് പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ബാധ്യത മുൻ ഡി.ജി.പി.-യിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(സി&ഡി) പിരിവ് (എ) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പെരുവണ്ണാമൂഴിയിലെ കേന്ദ്ര റിസർവ് പോലീസ് ബറ്റാലിയന്റെ പ്രവർത്തനം

108(2042) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ പെരുവണ്ണാമൂഴിയിൽ കേന്ദ്ര റിസർവ് പോലീസിന്റെ ഏതെങ്കിലും ബറ്റാലിയൻ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്ര വർഷമായി പ്രവർത്തിക്കുന്നെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറ വില്ലേജിൽ U/s No.2/1-ൽപ്പെട്ടതും ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ 40 ഏക്കർ ഭൂമി 'CRPF Head Quarters' നിർമ്മാണത്തിന് റവന്യൂ വകുപ്പ് 'CRPF'-ന് 30 വർഷക്കാലത്തേയ്ക്ക് പ്രതിവർഷം ഏക്കറിന് 100 രൂപ നിരക്കിൽ 09.04.2013-ലെ G.O(Ms)No.134/2013/RD ഉത്തരവ് പ്രകാരം പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള എത്ര ഏക്കർ ഭൂമിയാണ് പ്രസ്തുത ബറ്റാലിയനുവേണ്ടി വിട്ടുകൊടുത്തതെന്ന് വ്യക്തമാക്കാമോ; പാട്ടക്കരാറിന്റെ അടിസ്ഥാനത്തിലാണ് ഈ ഭൂമി വിട്ടുനൽകിയതെങ്കിൽ ഇതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഇറിഗേഷൻ വകുപ്പിന്റെ 40 ഏക്കർ ഭൂമിയാണ് ഈ ബറ്റാലിയനുവേണ്ടി അനുവദിച്ചിട്ടുള്ളത്. പാട്ടക്കരാർ വ്യവസ്ഥകൾ അടങ്ങിയ മേൽപ്പറഞ്ഞ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത പാട്ടക്കരാർ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ടി ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പാട്ടക്കരാർ റദ്ദ് ചെയ്ത് പ്രസ്തുത സ്ഥലം കെ.എ.പി. 6-ാം ബറ്റാലിയന്റെ ഹെഡ്ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി കൈമാറുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

(ഡി) ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭൂമി വിട്ടുനൽകിയതെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

09.04.2013-ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ:134/2013/RD പ്രകാരമാണ് ഭൂമി വിട്ടുനൽകിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

അഴിമതി ആരോപണങ്ങൾ പുനരന്വേഷിക്കുന്നതിന് നടപടി

109 (2043) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) കഴിഞ്ഞ സർക്കാരിലെ ഏതൊക്കെ മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കുമെതിരെയാണ് അഴിമതിയാരോപണങ്ങൾ ഉയർന്ന് വന്നിട്ടുള്ളത്; ആരോപണങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ;

(ബി) ഇവരിൽ ആർക്കൊക്കെയെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രിമാരായിരുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. തോമസ് ചാണ്ടി എന്നിവർക്കെതിരെ അഴിമതി ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് വിജിലൻസിന് പരാതി ലഭിച്ചിരുന്നു. അതിൽ നടത്തിയ അന്വേഷണത്തിൽ, ആരോപണങ്ങളിൽ കഴമ്പില്ലായെന്നുകണ്ട് കേസ് തീർപ്പാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മന്ത്രിയായിരുന്ന തോമസ് ചാണ്ടി മരണപ്പെട്ടുപോയി. ഉദ്യോഗസ്ഥരെ സംബന്ധിച്ച മറ്റു വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിജിലൻസ് ഉൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് അഴിമതി കേസുകൾ തേച്ചുമായ്ച്ച് കളയാൻ ശ്രമം നടത്തിയതായി പറയപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അഴിമതി ആരോപണങ്ങളെല്ലാം പുനരന്വേഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പോലീസ് നടത്തുന്ന പ്രവർത്തനങ്ങൾ</u>

110 (2044) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോണിന് അടിമപ്പെടുന്ന കുട്ടികളെ അതിൽനിന്ന് മോചിപ്പിക്കുന്നതിനായി സംസ്ഥാനത്ത് കേരള പോലീസ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കുട്ടികൾക്കെതിരായ അതിക്രമങ്ങൾക്കും ഓൺലൈൻ ദുരുപയോഗത്തിനുമെതിരെ സമർപ്പിത പോരാട്ടം നടത്തുന്ന സാങ്കേതിക, നിയമ, മാനസികാരോഗ്യ വിദഗ്ധരുടെ ഒരു ടീമിനെ ഉപയോഗപ്പെടുത്തി

ഡി-സേഫ് (Digital Safety) എന്ന സഹായ ഗ്രന്ഥം കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റ്, UNICEF-ന്റെ സാമ്പത്തിക സഹായത്തോടുകൂടി തയ്യാറാക്കുകയും കേരളത്തിലുള്ള ഏകദേശം 20,000-ത്തോളം രക്ഷിതാക്കൾക്ക് safe Internet-ന്റെ ഉപയോഗത്തെപ്പറ്റിയും ഓൺലൈൻ ദുരുപയോഗമോ, അതിക്രമമോ ഉണ്ടായാൽ സ്വീകരിക്കേണ്ട നിയമപരവും മനശ്ശാസ്ത്രപരവും സാങ്കേതികവുമായ വശങ്ങളെപ്പറ്റി അവർക്ക് ബോധവൽക്കരണം നൽകുകയും ചെയ്തിട്ടുണ്ട്. D-safe പുസ്തകത്തിന്റെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി പതിപ്പുകൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും നൽകിയിട്ടുള്ളതും പോലീസുകാർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുള്ളതുമാണ്. അടുത്തതായി 50,000 പേർക്കുകൂടി സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ D-Safe സംബന്ധിച്ച ബോധവൽക്കരണം നൽകാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

'ചിരി' ഹെൽപ് ലൈനിൽ (9497900200) വരുന്ന ഓൺലൈൻ ദുരുപയോഗവുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ ഉടനടി തന്നെ അതാത് ജില്ലകളിലെ കൗൺസലർമാർക്കും സൈക്കോളജിസ്റ്റുകൾക്കും അയച്ചുകൊടുക്കുകയും അനുയോജ്യമായ നടപടികൾ സ്വീകരിച്ച് തുടർനടപടി

ഉറപ്പാക്കുകയും ചെയ്യുന്നു. ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ മുഖാന്തരം Internet Addiction, Game Addiction, ഓൺലൈൻ ദുരുപയോഗം എന്നിവയെപ്പെറ്റിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ചെയ്തുവരുന്നു. കൂടാതെ ജില്ലാ CAP കോ-ഓർഡിനേഷൻ സെന്ററുകൾ മുഖേന ബോധവൽക്കരണ ക്യാമ്പെയിനുകൾ നടത്തിവരുന്നു.

ഒരു വിഭാഗം കുട്ടികളെ ഇന്റർനെറ്റ് ദുരുപയോഗത്തിലേയ്ക്കും അനുബന്ധ കുറ്റകൃത്യങ്ങളിലേയ്ക്കും ഇന്റർനെറ്റ് വഴിനയിക്കുന്നെന്ന കണ്ടെത്തലിനെ തുടർന്ന് ഇന്റർനെറ്റിന്റെ ദുരുപയോഗവും മറ്റ് നിയമ, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും തടയുകയെന്ന ലക്ഷ്യത്തോടെ കേരള പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്ന മൂന്ന് വർഷത്തെ പദ്ധതിയാണ് ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ (D-DAD). ഇതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയതനുസരിച്ച് കേരളത്തിലെ 6 ജില്ലകളിൽ D-DAD സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കേരള പോലീസ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരള പോലീസിന്റെ പ്രോജക്ടായ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ കേഡറ്റുകൾക്ക് കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവ ഉപയോഗിക്കുന്നതുമൂലം സൈബർ ലോകത്തെ വിപത്തുകളെപ്പറ്റിയും നല്ല വശങ്ങളെപ്പറ്റിയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രത്യേകിച്ച്, വീട്ടിൽ നിന്ന് സ്കൂൾ വരെയും തിരിച്ചുള്ള യാത്രയുടെയും കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകിവരുന്നു.

## ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച് സബ് ഇൻസ്പെക്ടറുടെ തസ്തിക

111(2045) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ച് സബ് ഇൻസ്പെക്ടർ തസ്തികകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

കേരള പോലീസിൽ നിലവിൽ ആകെ 2023 സബ് ഇൻസ്പെക്ടർ (KCP) തസ്തികകൾ ഉണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്തുവരുന്നവരുടെ എണ്ണം അറിയിക്കുമോ?

പ്രസ്തുത തസ്തികയിൽ ആകെ 1426 പേർ പ്രവൃത്തിയെടുത്തുവരുന്നു. ഇതിനു പുറമേ 174 പേർ പരിശീലനത്തിലുണ്ട്.

(സി) പ്രസ്തുത തസ്തികയിൽ നേരിട്ടും പ്രൊമോഷൻ വഴിയും നിയമനം ലഭിച്ചവരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

നേരിട്ടും പ്രൊമോഷൻ വഴിയും നിയമനം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

## ആശ്രിത നിയമനം

112 (2046) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽനിന്നും വിവിധ വകുപ്പുകളിലേയ്ക്ക് ആശ്രിത നിയമനത്തിന് അപേക്ഷ നൽകിയവരുടെ അപേക്ഷ പരിഗണിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ;

(സി) മറ്റ് വകുപ്പുകളിൽ ആശ്രിത നിയമനം ഒരു വർഷത്തിനുള്ളിൽ നടക്കുമ്പോൾ ആഭ്യന്തര വകുപ്പിൽ ആശ്രിത നിയമനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ - സി) 24.05.1999-ലെ സ.ഉ.(പി) നം.12/99/ഉ.ഭ.പ.വ പ്രകാരം ആശ്രിത നിയമനം ഒരു തസ്തികയിൽ ഒരു വർഷം ഉണ്ടാകുന്ന ഒഴിവിന്റെ 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഇത് 10% ആയും നിജപ്പെടുത്തിയിട്ടുണ്ട്. ആശ്രിത നിയമനം നിശ്ചിത ശതമാനത്തിനുമുകളിൽ നൽകാൻ പാടില്ലെന്ന് കാലാകാലങ്ങളിൽ കോടതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷകളിൽ യഥാസമയം നിയമനം നൽകിവരുന്നുണ്ട്. എന്നാൽ മറ്റ് തസ്തികകളിൽ ഒഴിവുകളുടെ പരിമിതികാരണവും ബഹു. കോടതിയുടെ പരിഗണനയിലുള്ള കേസുകൾ പരിഗണിക്കുമ്പോഴും അവകാശികൾ തമ്മിൽ തർക്കമുള്ള കേസുകളിലും മറ്റും നിയമനം നൽകാൻ കാലതാമസം നേരിടാറുണ്ട്.

(ഡി) ആഭ്യന്തര വകുപ്പിൽ നിന്നും ആശ്രിത നിയമനത്തിന് അപേക്ഷ നൽകിയവരുടെ ലിസ്റ്റ് നൽകാമോ?

അപേക്ഷ സമർപ്പിച്ചവരുടെയും നിയമനത്തിന് കാത്തിരിക്കുന്നവരുടെയും ലിസ്റ്റ് ക്രോഡീകരിച്ചിട്ടില്ല.

<u>പ്രോസിക്യൂട്ടർമാരുടെ ഒഴിവുനികത്താൻ നടപടി</u>

113 (2047)<u>ശ്രീ. അൻവർ സാദത്ത്</u>:

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:

<u>ശ്രീ. ടി. ജെ. വിനോദ്</u>:

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കോടതികളിലും ട്രൈബ്യൂണലുകളിലും കേസ് നടത്താൻ പ്രോസിക്യൂട്ടർമാർ നിലവിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകൾ നികത്താൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

നാല് പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് ലീഗൽ അഡ്വൈസർമാരായി സ്ഥാനക്കയറ്റം നൽകിയതിനെത്തുടർന്ന് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ നാല് ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി. മുഖാന്തരം സ്ഥിരം നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. സ്ഥിരം നിയമനം നടക്കുന്നതുവരെ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്താനും തീരുമാനിച്ചിട്ടുണ്ട്. കേസ് നടത്തിപ്പിന് ഭംഗം വരാതിരിക്കാൻ നിലവിലുള്ള പ്രോസിക്യൂട്ടർമാർക്ക് അധിക ചുമതല നൽകിയിട്ടുമുണ്ട്.

(ബി) സംസ്ഥാനത്തെ നാല് വിജിലൻസ് കോടതികളിൽ വിചാരണ നടത്താൻ പ്രോസിക്യൂട്ടർമാർ ഇല്ലാത്തതിനെത്തുടർന്ന് കേസുകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേസുകൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലില്ല.

(സി) നാലു കോടതികളിലേയ്ക്കായി നാലുപേരെ നിയമിക്കുന്നതിനായി 20 പേരുടെ പട്ടിക തയ്യാറാക്കിയെങ്കിലും സർക്കാരിന്റെ അംഗീകാരം ലഭിക്കാത്തതിനെത്തുടർന്ന് നിയമനം വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പ്രോസിക്യൂട്ടർമാരുടെ നിലവിലെ നാല് ഒഴിവുകളിലേയ്ക്ക് താത്കാലിക നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി നിർമ്മാണം.</u>

114(2048) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന കൂത്തുപറമ്പിൽ നിർമ്മിക്കുന്ന മജിസ്ട്രേറ്റ് കോടതി സമുച്ചയത്തിനായി സർക്കാർ 25 കോടി രൂപ അനുവദിച്ചിട്ടും നിർമ്മാണപ്രവൃത്തി ആരംഭിക്കാത്തത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ഇല്ല. കൂത്തുപറമ്പിൽ നിർമ്മിക്കുന്ന കോടതി സമുച്ചയത്തിന് കിഫ്ബിയിൽ നിന്നും 24.73 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ പ്രാരംഭ ഘട്ടത്തിൽ നിയമാനുസൃതമായ എല്ലാ അനുമതികളും ലഭ്യമാക്കുകയും അതോടൊപ്പം കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത സ്ഥലം റവന്യൂ വകുപ്പ് ആഭ്യന്തര വകുപ്പിന് കൈമാറിയ രേഖകൾ ഇല്ലാത്തതിനാൽ അപേക്ഷ നിരാകരിക്കുകയും പിന്നീട് സ്ഥലം സർവ്വേ ചെയ്ത് റവന്യൂ ലാന്റ് സ്കെച്ച് ലഭ്യമാക്കി ആവശ്യമായ രേഖകൾ സഹിതം 9.11.2021-ന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നേടി. തുടർന്ന് കിഫ്ബി മേൽ കെട്ടിടം GRIHA Three Star (Green Rating for Integrated Habitat Assessment)-യുടെ റേറ്റിംഗിന് വിധേയമാക്കി നിർമ്മിക്കുന്നതിന് TERI എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുകയും TERI-യുടെ പ്രാരംഭഘട്ട റിപ്പോർട്ട് 28.12.2021-നും അവസാന ഘട്ട റിപ്പോർട്ട് 1.6.2022-നും ലഭ്യമായിട്ടുണ്ട്. ഈ

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വളരെയധികം വ്യതിയാനങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. മേൽ വ്യതിയാനങ്ങൾ എല്ലാംതന്നെ പ്രൈസ് സോഫ്റ്റ്‌വെയറിൽ ഇല്ലാത്തവയും മാർക്കറ്റ് റേറ്റിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടവയുമാണ്. അത്തരത്തിൽ DSR 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കി റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സം വല്ലതും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ഇല്ല.

പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിനുള്ള നടപടി

115 (2049) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് പുതിയ മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിനായി ഹൈക്കോടതിയുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും സർക്കാർ നടപടി സ്വീകരിക്കാത്തതിനാൽ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോടതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ &ബി) സർക്കാർ അംഗീകരിച്ച മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പുതുക്കാട് പുതിയ മുൻസിഫ് മജിസ്ട്രേറ്റ് കോടതി</u>

116(2050) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് പുതിയ മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിനായി ബഹു.ഹൈക്കോടതിയുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും സർക്കാർ നടപടി സ്വീകരിക്കാത്തതിനാൽ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മുൻസിഫ് മജിസ്ട്രേറ്റ് കോടതി അനുവദിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

(എ & ബി) 02.03.2016-ലെ ജി.ഒ.(എം.എസ്) 79/2016/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം സർക്കാർ അംഗീകരിച്ച മുൻഗണനാ പട്ടികയിൽ പുതുക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത്

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കോടതികൾ സ്ഥാപിക്കുന്നതിനാണ് സർക്കാർ നിലവിൽ മുൻഗണന നൽകുന്നത്.

പോക്സോ കോടതികളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി

117 (2051) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ട്; പട്ടിക നൽകാമോ; പുതിയ കോടതികൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്ത് അനുവദിച്ച 28 താൽക്കാലിക അതിവേഗ പ്രത്യേക കോടതികൾ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (1)+ ആയി ചേർക്കുന്നു. രണ്ടാം ഘട്ടമായി 28 അതിവേഗ പ്രത്യേക കോടതികൾകൂടി സർക്കാർ അനുവദിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോർട്ട്, പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ ഓരോ ജില്ലയിലേയും അനുബന്ധം (2)+ ആയി ചേർത്തിരിക്കുന്ന കോടതികളെ പോക്സോ നിയമം സെക്ഷൻ 28(1) പ്രകാരം ചൈൽഡ് റൈറ്റ് ആക്ട്, 2005 സംരക്ഷിക്കുന്നതിനായി പ്രത്യേക പോക്സോ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) പോക്സോ അതിവേഗ കോടതികളിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പോക്സോ കേസുകൾ പോലുള്ള ഗുരുതര സ്വഭാവമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് പോലുള്ള തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് അഭികാമ്യമാണോ; വിശദമാക്കുമോ?

അതിവേഗ പ്രത്യേക കോടതികളിലെ സ്റ്റാഫ് പാറ്റേൺ, നിയമന രീതി എന്നിവ ബഹു. ഹൈക്കോടതി ശിപാർശ ചെയ്ത പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പോക്സോ അതിവേഗ കോടതികളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഗണനയിലില്ല.

<u>റാന്നി ജൂഡീഷ്യൽ കോംപ്ലക്സ് നിർമ്മാണം</u>

118(2052)<u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ റാന്നിയിലെ കോടതികൾക്ക് അനുവദിച്ച ജൂഡീഷ്യൽ കോംപ്ലക്സ് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ റാന്നിയിൽ നിർമ്മിക്കുന്ന കോടതി സമുച്ചയത്തിന് കിഫ്ബിയിൽനിന്നും 18.43 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി തുക 2016 ഷെഡ്യൂൾ പ്രകാരം ആയിരുന്നു. സാമ്പത്തിക അനുമതി ലഭിച്ചശേഷം ഷെഡ്യൂൾ റിവിഷൻ വരികയും ടി കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ഹരിത ചട്ടം പാലിക്കണമെന്ന് കിഫ്ബി നിഷ്കർഷിക്കുകയും ചെയ്തതിനാൽ ടി എസ്റ്റിമേറ്റ് 2018 ഷെഡ്യൂൾ പ്രകാരം പുതുക്കി ചെയ്യുകയും ഹരിത ചട്ടം പാലിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് നൽകുന്നതിന് SPV ആയ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ കെട്ടിട സമുച്ചയം നിർമ്മിക്കുന്നത് ഹരിത ചട്ടം പാലിച്ചാണ്. GRIHA (Green Rating for Integrated Habitat Assessment)-യുടെ 3 സ്റ്റാർ റേറ്റിംഗ് ലഭിക്കുന്നതിനായിട്ടുള്ള പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി ടി കെട്ടിടം ഹരിതചട്ടം പാലിച്ച് നിർമ്മിക്കുന്നതിന് GREEN TREE എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിക്കുകയും GREEN TREE-യുടെ പ്രാരംഭഘട്ട റിപ്പോർട്ട് 29.03.2022-നും അവസാനഘട്ട റിപ്പോർട്ട് 21.06.2022-നും ലഭ്യമായിട്ടുണ്ട്. GRIHA-യുടെ രജിസ്ട്രേഷനെടുത്ത് ചെയ്യുന്ന ആദ്യ പദ്ധതികളിൽ ഒന്നാണ് റാന്നി കോടതി സമുച്ചയം. ഈ പ്രവൃത്തി തുടങ്ങുന്നതിനായി കെട്ടിട നിർമ്മാണ അനുമതി, ഫയർ NOC തുടങ്ങിയവ ലഭിച്ചുകഴിഞ്ഞു.

(ബി) പ്രസ്തുത കെട്ടിടം പി.ഡബ്ല്യൂ.ഡി. (കെട്ടിട വിഭാഗം) വഴി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോടതി പണിയേണ്ട സ്ഥലത്ത് നിലവിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റേണ്ടതായിട്ടുണ്ട്. ആയതിന് പി.ഡബ്ല്യൂ.ഡി.-യിൽ നിന്ന് സർവ്വേ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ പ്രവർത്തിക്കുന്ന മജിസ്ട്രേറ്റ്

കോടതി മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിനായി പി.ഡബ്ല്യൂ.ഡി. കണ്ടെത്തിയ സ്ഥലത്ത് ചില പ്രവൃത്തികൾ ചെയ്യേണ്ടതുണ്ട്. ആയതിന് 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ ചെയ്ത് കോടതി മാറ്റി സ്ഥാപിച്ചാൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കാൻ സാധിക്കുകയുള്ളൂ.

## ഉപ്പള ഫയർ സ്റ്റേഷന് കെട്ടിടം

119 (2053) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള ഫയർ സ്റ്റേഷന് വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച ഭൂമിയുടെ കൈവശാവകാശം വകുപ്പിന് ലഭ്യമായിട്ടുണ്ടോ?

ലഭ്യമായിട്ടില്ല.

(ബി) ഫയർ സ്റ്റേഷന് വേണ്ടി എത്ര സെന്റ് ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്; അനുവദിച്ച വർഷം, സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉൾപ്പെടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭൂമിയിൽ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് എന്ത് തടസ്സമാണ് നിലവിലുള്ളതെന്നും ആയത് എപ്പോൾ പരിഹരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

(ബി & സി)മംഗൾപാടി വില്ലേജിലെ റീ സർവ്വേ നം.50/1-ൽപ്പെട്ട 1.5 ഏക്കർ സ്ഥലം 17.11.1997-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.832/97/ആർ.ഡി. (അനുബന്ധം)+ പ്രകാരം അഗ്നിരക്ഷാ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. തദ്ദേശവാസികൾ ചില തടസ്സം ഉന്നയിച്ചതിനാലാണ് നടപടികളിൽ കാലതാമസം വരുന്നത്.

(ഡി) പ്രസ്തുത ഫയർ സ്റ്റേഷൻ കെട്ടിടത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ഇ) ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി മാത്രമേ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുകയുള്ളൂ.

പയ്യന്നൂർ ഫയർ & റസ്ക്യൂ സ്റ്റേഷനിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്

120 (2054) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ ഫയർ & റസ്ക്യൂ സ്റ്റേഷനിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്, വിശ്രമ മുറി എന്നിവ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വേഗത്തിൽ ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പയന്നൂർ ഫയർ സ്റ്റേഷനിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്, വിശ്രമ മുറി എന്നിവ നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിലെ അപാകതകൾ പരിഹരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻപ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും വകുപ്പ് മേധാവിക്ക് ലഭ്യമായിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള അനുമതിക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും വിധേയമായി മാത്രമേ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

പട്ടാമ്പി മണ്ഡലത്തിലെ ഫയർ സ്റ്റേഷൻ കെട്ടിടം

121 (2055) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്ന പട്ടാമ്പി ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്ന നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

പട്ടാമ്പി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയ പട്ടാമ്പി വില്ലേജിലെ 156/6 എ, 156 ബി എന്നീ സർവ്വേ നമ്പരിലുള്ള പട്ടാമ്പി നഗരസഭ വക 20 സെന്റ് ഭൂമി ഫയർ & റെസ്ക്യൂ സർവ്വീസസ് വകപ്പിന് കൈമാറുന്നതിനായി വകുപ്പ് മേധാവി പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം നൽകിയിട്ടുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ

122 (2056) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ & റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

താഴെ പറയുന്ന ഘടകങ്ങൾ പരിഗണിച്ചാണ് നിലവിൽ മുൻഗണനാ ക്രമത്തിൽ സ്ഥലങ്ങൾ ഉൾപ്പെടുത്തുന്നത്.

1. പ്രദേശത്തെ ജനസാന്ദ്രത.

2.റെസ്പോൺസ് ടൈം (ഗ്രാമ പ്രദേശങ്ങളിൽ 20 മിനിറ്റും പട്ടണ പ്രദേശങ്ങളിൽ 5 മിനിറ്റും)

3. പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ.

4. പ്രദേശത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ/സ്റ്റേഡിയങ്ങൾ /സമ്മേളന നഗരികൾ.

5. പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കുവാൻ സാധ്യതയുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, ജലലഭ്യത മുതലായവ.

ഈ മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം ഫയർ & റെസ്ക്യൂ വകുപ്പ് മേധാവിക്ക് നൽകിയിരിക്കുകയാണ്.

(ബി) KSIDC-യിലെ നിരവധി വ്യവസായ ശാലകൾ, നിരന്തരം അപകടം സംഭവിക്കുന്ന കരിയാത്തുംപാറ വിനോദസഞ്ചാര കേന്ദ്രം, കക്കയം ഡാംസൈറ്റ്, വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പുഴയോര

ജനാധിവാസ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ അത്യാവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള പ്രൊപ്പോസലുകൾ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

123 (2057) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

ജലസേചന വകുപ്പിന്റെ കൈവശം ഉണ്ടായിരുന്നതും രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറി ലഭിച്ചതുമായ ആലത്തൂർ താലൂക്ക്

കുഴൽമന്ദം വില്ലേജിലെ ബ്ലോക്ക് നമ്പർ 17-ലെ റീസർവേ നമ്പർ 672/6-ൽ പ്പെട്ട 20.23 ആർ (50 സെന്റ്) ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ പ്ലാനിൽ ചില അപാകതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് പുതുക്കിയ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് വകുപ്പുമേധാവി പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

(സി) ഫയർ സ്റ്റേഷൻ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് പുതിയ കെട്ടിടം പണിതീരുംവരെ വാടകക്കെട്ടിടത്തിലോ മറ്റ് സർക്കാർ കെട്ടിടത്തിലോ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

അനുയോജ്യമായ മറ്റൊരു കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## എരുമേലി ഫയർ സ്റ്റേഷന് കെട്ടിടം

124 (2058) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച എരുമേലി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം വക ഭൂമി ലഭ്യമാക്കാൻ ശ്രമിച്ചെങ്കിലും ഭൂമി വിട്ടുനൽകാൻ സാധിക്കില്ലെന്ന് ദേവസ്വം ബോർഡ് സെക്രട്ടറി അറിയിച്ചു. തുടർന്ന് എരുമേലി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 184/1, 185/1 എന്നീ സർവ്വേ നമ്പരിൽപ്പെട്ട 16.598 സെന്റ് സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ഥലം ഏറ്റെടുക്കുന്നത് പൂർത്തിയാക്കി ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അനുയോജ്യമായ കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമായാൽ മാത്രമേ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

<u>വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലത്ത് ഫയർ സ്റ്റേഷൻ</u>

125 (2059) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ തേഞ്ഞിപ്പലം കേന്ദ്രീകരിച്ച് ഫയർ സ്റ്റേഷന് അനുമതി നൽകുന്നതിനുള്ള ഫയൽ പുനഃപരിശോധിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) പ്രസ്തുത സ്ഥലം വ്യവസായ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി, വിമാനത്താവളം എന്നിവ ഉൾപ്പെടെ അതീവ സുരക്ഷാ പ്രാധാന്യമുള്ള നിരവധി സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശമെന്ന നിലയ്ക്ക് ഫയർ സ്റ്റേഷന് അനുമതി നൽകേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വകുപ്പുതലത്തിൽ അടക്കമുള്ള ശിപാർശകൾ എല്ലാം ലഭ്യമായ പ്രസ്തുത ഫയർ സ്റ്റേഷന് അനുമതി നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

(ബി & സി) തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള പ്രൊപ്പോസലുകൾ പരിഗണിക്കാൻ കഴിയുകയുള്ളൂ.

## ഹരിപ്പാട് ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണം

126(2060) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20% അനുവദിച്ചിരുന്ന ഹരിപ്പാട് ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റിന് നാളിതുവരെ ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) ഹരിപ്പാട് ഫയർ സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ നിന്നും മാറാൻ നിർബന്ധിതമായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ &ബി) ഹരിപ്പാട് ഫയർ സ്റ്റേഷന് ലഭ്യമായ ചിങ്ങോലി വില്ലേജിലെ ഭൂമിയിലേയ്ക്കുള്ള വഴിയുടെ വീതി കുറവായതിനാൽ വഴി വികസിപ്പിക്കുന്നതിന് 54 ച.മീ. ഭൂമി ഏറ്റെടുക്കുന്നതിനായി 1,11,667 രൂപയ്ക്ക് ധനാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത 54 ച.മീ. സ്ഥലം ഏറ്റെടുക്കുന്നതിനായി അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതിക്കുള്ള പുതുക്കിയ ശിപാർശ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

<u>കാസർഗോഡ് ജില്ലയിലെ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾ</u>

127 (2061) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

5 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ.

1. കാസർഗോഡ് നിലയം-കാസർഗോഡ് മണ്ഡലം.

2. കാഞ്ഞങ്ങാട് നിലയം - കാഞ്ഞങ്ങാട് മണ്ഡലം.

3. തൃക്കരിപ്പൂർ നിലയം-തൃക്കരിപ്പൂർ മണ്ഡലം.

4. കുറ്റിക്കോൽ നിലയം - ഉദുമ മണ്ഡലം.

5. ഉപ്പള നിലയം - മഞ്ചേശ്വരം മണ്ഡലം.

(ബി) പ്രസ്തുത ഫയർ സ്റ്റേഷനുകൾ ഏത് വർഷമാണ് പണി കഴിപ്പിച്ചതെന്നും നിർമ്മാണത്തിനായി ചെലവഴിച്ച തുക എത്രയാണെന്നും സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

| നിലയം | പണി കഴിപ്പിച്ച വർഷം | കെട്ടിടത്തിന് ചിലവഴിച്ച തുക |
|---|---|---|
| കാസർഗോഡ് | 1981 | 40 വർഷത്തിൽ അധികം പഴക്കമുള്ള സ്റ്റേഷനായതിനാൽ നിർമ്മാണച്ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടില്ല. |
| കാഞ്ഞങ്ങാട് | 2015 | 135 ലക്ഷം രൂപ |

| | | |
|---|---|---|
| തൃക്കരിപ്പൂർ | 2002 | 31 ലക്ഷം രൂപ |
| കുറ്റിക്കോൽ | 2011 | 1 കോടി രൂപ |
| ഉപ്പള | സ്വന്തമായി കെട്ടിടമില്ല | |

(സി) പ്രവർത്തനം ആരംഭിച്ചതിനുശേഷം നാളിതുവരെ ഇവയുടെ പുനരുദ്ധാരണ പ്രവർത്തനത്തിന് ചെലവഴിച്ച തുക എത്രയാണെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

സ്വന്തമായി കെട്ടിടമുള്ള നാല് ഫയർ സ്റ്റേഷനുകളുടെയും പുനരുദ്ധാരണം നടത്തിയിട്ടില്ല.

(ഡി) ഇവയിൽ ശോചനീയാവസ്ഥയിലുള്ള കെട്ടിടങ്ങൾ ഏതൊക്കെ; അവയുടെ പുനർനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കാസർഗോഡ് അഗ്നിരക്ഷാ നിലയത്തിനും ക്വാർട്ടേഴ്സിനും കാലപ്പഴക്കമുള്ളതിനാൽ പുതിയ സ്റ്റേഷൻ കെട്ടിടം, ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും 8 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിരുന്നു. ഇത്രയധികം ചെലവിൽ ഫയർ സ്റ്റേഷൻ കെട്ടിടം പുനരുദ്ധാരണം നടത്താൻ സാധിക്കാത്തതിനാൽ അത്യാവശ്യം വേണ്ട സൗകര്യങ്ങൾ ഉൾപ്പെടുത്തി പ്ലാനിൽ മാറ്റങ്ങൾ നിർദ്ദേശിച്ച് ആയത്

പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) കാസർഗോഡ് ജില്ലയിൽ പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾ നിർമ്മിക്കാൻ പ്രൊപ്പോസലുകൾ ഉണ്ടോയെന്നും ഏതൊക്കെ പ്രദേശങ്ങളിലാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

18.02.2021-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 51/21/ആഭ്യന്തരം പ്രകാരം ചീമേനി എന്ന സ്ഥലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള പ്രൊപ്പോസലുകൾ അനുവദിക്കാൻ സാധിക്കുകയുള്ളൂ.

## നെടുങ്കണ്ടം അഗ്നിശമന സേന ഓഫീസ്

128 (2062) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടം അഗ്നിശമനസേനാ വിഭാഗം ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും സ്ഥലം കൈമാറി ലഭിച്ചിട്ടുണ്ടോ?

ഉടുമ്പൻചോല താലൂക്കിൽ കൽക്കുന്തൽ വില്ലേജിൽ സർവ്വേ നം.143/1-ൽ കച്ചേരി സെറ്റിൽമെന്റിൽ ഉൾപ്പെട്ട 0.3336 ഹെക്ടർ (82.43 സെന്റ്) ഭൂമി റവന്യൂ വകപ്പിൽനിന്നും കൈമാറി ലഭിച്ചിട്ടുണ്ട്.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; കെട്ടിടം പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

നെടുങ്കണ്ടം നിലയം ഇപ്പോൾ വാടക കൊടുക്കാതെ പഞ്ചായത്ത് വക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകുപ്പിന് അനുവദിച്ച 4.5 കോടി രൂപയിൽ നെടുങ്കണ്ടം നിലയത്തിന്റെ കെട്ടിട നിർമ്മാണം ഉൾപ്പെട്ടിട്ടില്ല. നെടുങ്കണ്ടം നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും 5 കോടി രൂപയുടെ എസ്റ്റിമേറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

<u>എരുമപ്പെട്ടി പ്രദേശത്ത് തുറന്ന ജയിൽ</u>

129 (2063) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിൽ എരുമപ്പെട്ടി പ്രദേശത്ത് തുറന്ന ജയിൽ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

എരുമപ്പെട്ടിയിൽ ഒരു പുതിയ സ്പെഷ്യൽ സബ് ജയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തുറന്ന ജയിൽ നിർമ്മാണത്തിനായി നടപടികൾ സ്വീകരിച്ചിട്ടില്ല.

ജില്ലാ ജയിലുകളിലെ ആംബുലൻസ് സംവിധാനം

130 (2065) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജില്ലാ ജയിലുകളിൽ അടിയന്തര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ആംബുലൻസ് സൗകര്യം ഉറപ്പാക്കിയിട്ടുണ്ടോ; എല്ലാ ജില്ലാ ജയിലുകളിലും സ്വന്തമായി ആംബുലൻസ് സൗകര്യം ലഭ്യമാണോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ആകെ 13 ജില്ലാ ജയിലുകളാണ് നിലവിലുള്ളത്. ആയതിൽ പത്തനംതിട്ട ജില്ലാ ജയിലിന്റെ പുനർനിർമ്മാണം

നടന്നുകൊണ്ടിരിക്കുന്നതിനാൽ 12 ജില്ലാ ജയിലുകളിലാണ് നിലവിൽ തടവുകാരെ പാർപ്പിച്ചുവരുന്നത്. ആയതിൽ കോട്ടയം ജില്ലാ ജയിൽ ഒഴികെയുള്ള 11 ജില്ലാ ജയിലുകളിലും നിലവിൽ സ്വന്തമായി ആംബുലൻസ് സൗകര്യം ലഭ്യമാക്കിയിട്ടുള്ളതാണ്.

കോട്ടയം ജില്ലാ ജയിൽ ഉൾപ്പെടെ ആംബുലൻസ് ലഭ്യമല്ലാത്തതും അത്യാവശ്യമായി അനുവദിക്കേണ്ടതുമായ ജയിലുകളിലേയ്ക്ക് 2022-23-ലെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആംബുലൻസുകൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിൽ പുതിയ സബ് ജയിൽ

131 (2066) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ പുതിയ സബ് ജയിൽ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## ബൈപ്രൊമോഷൻ വഴിയുള്ള വെൽഫെയർ ഓഫീസർ

132 (2067) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള ജയിൽ വകുപ്പിൽ എം.എസ്.ഡബ്ല്യു. യോഗ്യതയുള്ള യൂണിഫോം ജീവനക്കാർക്ക് ബൈപ്രൊമോഷൻ വഴി വെൽഫെയർ ഓഫീസർ ആകുന്നതിനുള്ള പ്രൊപ്പോസൽ അടങ്ങിയ ഫയൽ പരിഗണനയിലുണ്ടോ; എങ്കിൽ അത് ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിലെ വിശേഷാൽ ചട്ടങ്ങളിൽ എം.എസ്.ഡബ്ല്യു. യോഗ്യതയുള്ള അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ്-1 തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് ബൈട്രാൻസ്ഫർ മുഖേന വെൽഫയർ ഓഫീസർ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എം.എസ്.ഡബ്ല്യു യോഗ്യതയുള്ള യൂണിഫോം ജീവനക്കാർക്ക് ബൈപ്രൊമോഷൻ വഴി വെൽഫയർ ഓഫീസർ ആകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലില്ല.

## പാലോളി കമ്മിറ്റി റിപ്പോർട്ട്

133(2068) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാനായി 2007-ൽ പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിരുന്നുവോ; എങ്കിൽ ഈ കമ്മിറ്റി എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചതെന്നും പ്രസ്തുത നിർദ്ദേശങ്ങൾ അംഗീകരിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ?

ജസ്റ്റിസ് സച്ചാർ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാനായി 2007-ൽ പാലോളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. പാലോളി കമ്മിറ്റി പൊതു വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷിതത്വം വിദ്യാഭ്യാസ-ഉദ്യോഗ സംവരണം, തൊഴിലും സാമ്പത്തിക വളർച്ചയും, കാര്യപ്രാപ്തി ആർജ്ജിക്കൽ, സ്കോളർഷിപ്പ്, പശ്ചാത്തല സൗകര്യങ്ങൾ, വഖഫ്, ഭരണ നടപടികൾ എന്നീ മേഖലകളിലായി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് 06.05.2008-ലെ സ.ഉ.(കൈ) നം.148/2008/പൊ.ഭ.വ. പ്രകാരം അംഗീകരിച്ചിരുന്നു.

(ബി) കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടവ ഉണ്ടായിരുന്നോയെന്നും അവയിൽ ഏതെല്ലാം നിർദ്ദേശങ്ങൾ ഇതിനകം പ്രാവർത്തികമാക്കിയെന്നും വിശദമാക്കുമോ?

ഉണ്ടായിരുന്നു. പ്രാവർത്തികമാക്കിയ നിർദ്ദേശങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

(സി) പാലോളി കമ്മിറ്റി നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

കേരളത്തിൽ പാലോളി കമ്മിറ്റി മുന്നോട്ടുവച്ച വിവിധ മേഖലകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് മുഖേന വിവിധ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ട്. ഇത് വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

## മദ്രസ്സ അദ്ധ്യാപകരുടെ പെൻഷൻ

134 (2069) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മദ്രസ്സ അദ്ധ്യാപകർക്ക് നൽകിവരുന്ന പെൻഷൻ തുക എത്രയാണ്; വിശദമാക്കാമോ?

കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി ബോർഡ് മുഖാന്തരം ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷൻ ആനുകൂല്യം സംബന്ധിച്ച പട്ടിക അനുബന്ധം 1+-ആയി ചേർക്കുന്നു.

(ബി) ക്ഷേമനിധിയിൽ നിന്നല്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ; വിശദമാക്കാമോ?

ക്ഷേമനിധിയിൽ നിന്നല്ലാതെ പെൻഷൻ നൽകുന്നില്ല.

(സി) അവസാനമായി ഇവർക്ക് പെൻഷൻ വർദ്ധിപ്പിച്ചത് എപ്പോഴാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

21.06.2019-ലെ സ.ഉ.(അച്ചടി) നമ്പർ 6/2019/പൊ.ഭ.വ. പ്രകാരമാണ് ഇവർക്ക് പെൻഷൻ അവസാനമായി നിശ്ചയിച്ച് നൽകിയത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2+-ആയി ചേർക്കുന്നു.

## മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ

135 (2070) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ പുതിയ മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ ഈ വർഷം തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

പരിശോധിച്ചുവരികയാണ്.

(ബി) മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലുള്ളതും സർക്കാർ സർവ്വീസുകളിൽ മതിയായ ഉദ്യോഗസ്ഥരില്ലാത്തതും പരിഗണിച്ച് മൈനോറിറ്റി കോച്ചിംഗ് സെന്റർ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

<u>ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം</u>

136(2071) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; കോർപ്പറേഷന്റെ മേഖലാ ഓഫീസുകൾ എവിടെയെല്ലാമെന്നും ഓരോ ഓഫീസിലും എത്ര ജീവനക്കാർ ഉണ്ടെന്നും അവരുടെ തസ്തികയും യോഗ്യതയും ശമ്പളവും സ്ഥിരമാണോ താൽക്കാലികമാണോയെന്നതും വെളിപ്പെടുത്തുമോ?

കമ്പനീസ് ആക്ട് പ്രകാരം രൂപീകരിച്ച ഒരു സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ. കേരളത്തിലെ മതന്യൂനപക്ഷങ്ങളുടെ ക്ഷേമവും സാമ്പത്തിക ഉന്നമനവുമാണ് കോർപ്പറേഷന്റെ ലക്ഷ്യങ്ങൾ. കേന്ദ്ര സർക്കാറിന്റെ കീഴിലുള്ള ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായും കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാരും ദേശീയ ന്യൂനപക്ഷ കമ്മീഷനും ന്യൂനപക്ഷ മതവിഭാഗങ്ങളായി അംഗീകരിച്ച മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, ജൈന, പാഴ്സി എന്നീ മതവിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ ആവശ്യങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ നൽകുകയാണ് കെ.എസ്.എം.ഡി.എഫ്.സി.-യുടെ പ്രധാന പ്രവർത്തനം.

കോർപ്പറേഷന്റെ മേഖലാ ഓഫീസുകൾ, ജീവനക്കാരുടെ വിശദാംശങ്ങൾ എന്നിവ അനുബന്ധം 1+-ആയി ചേർക്കുന്നു.

(ബി) കോർപ്പറേഷന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ബഡ്ജറ്റ് നീക്കിയിരിപ്പ് എത്രയാണ്; ഓരോ ഓഫീസിനും നൽകിയ വിഹിതം എത്രയെന്നും അലോട്ട്മെന്റും ചെലവും എത്രയെന്നും വെളിപ്പെടുത്തുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോർപ്പറേഷന് ഓഹരി മൂലധനമായി കഴിഞ്ഞ 5 വർഷത്തെ ബഡ്ജറ്റ് വിഹിതമായി 11.01 കോടി രൂപയാണ് ലഭിച്ചത്. ഓരോ മേഖലാ ഓഫീസുകളിലേയ്ക്കും പ്രത്യേക വിഹിതം നൽകുന്നില്ല. എല്ലാ അർഹമായ അപേക്ഷകളും പൂർണ്ണമായി പരിഗണിച്ച് വായ്പാത്തുക ഹെഡ് ഓഫീസിൽ നിന്നും ട്രാൻസ്ഫർ ചെയ്തുനൽകാറാണുള്ളത്.

(സി) കോർപ്പറേഷൻ എന്തെല്ലാം ആവശ്യങ്ങൾക്കാണ് വായ്പ നൽകി വരുന്നത്; വിശദാംശം നൽകുമോ?

കോർപ്പറേഷൻ വഴി നൽകിവരുന്ന വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധം 2-+ആയി ചേർക്കുന്നു.

(ഡി) പെരിന്തൽമണ്ണയിലെ മേഖല കേന്ദ്രത്തിൽ കഴിഞ്ഞ അഞ്ച് വർഷം ലഭിച്ച അപേക്ഷകളും അനുവദിച്ച വായ്പയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് വായ്പ അനുവദിച്ചതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ മലപ്പുറം റീജിയണൽ ഓഫീസിലെ (പെരിന്തൽമണ്ണ) കഴിഞ്ഞ 5 വർഷത്തെ വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധം 3+-ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഇതിൽ ആരെങ്കിലും വായ്പ കുടിശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ; കുടിശ്ശിക വരുത്തിയവരെ യഥാസമയം വിവരം അറിയിക്കാറുണ്ടോ; അറിയിക്കുന്നില്ലെന്ന പരാതി കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. വായ്പാ കുടിശ്ശിക വരുത്തിയവരുടെ വിവരങ്ങൾ അനുബന്ധം-4+ ആയി ചേർക്കുന്നു. കുടിശ്ശിക വരുത്തിയവരെ ടെലിഫോൺ മുഖാന്തരവും യഥാസമയം നോട്ടീസ് നൽകിയും അറിയിക്കാറുണ്ട്. ആയത് അറിയിക്കുന്നില്ലെന്ന പരാതി ഇതുവരെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് ലഭിച്ചിട്ടില്ല.

(എഫ്) മലപ്പുറം മേഖലാ കേന്ദ്രത്തിലെ ദൈനംദിന ഓഫീസ് പ്രവർത്തങ്ങൾ കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കോർപ്പറേഷന്റെ മലപ്പുറം റീജിയണൽ ഓഫീസ് അടക്കമുള്ള എല്ലാ റീജിയണൽ ഓഫീസുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം വായ്പാ വിതരണത്തിൽ 2021-22 ധനകാര്യ വർഷത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഏകദേശം മൂന്ന് ഇരട്ടി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## തിരോധാനം സംബന്ധിച്ചുള്ള അന്വേഷണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

137 (2072) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മണലൂർ പഞ്ചായത്തിലെ കുന്നംപള്ളി വീട്ടിൽ ശ്രീ. സുനിൽ കുമാറിന്റെ മകൻ ആദിത്ത് മാലിദ്വീപിലെ എം.റ്റി-അലിമാസ് എന്ന കപ്പലിൽ 2022 ഏപ്രിൽ 9-ന് ജോലിക്ക് കയറുകയും 15.04.2022-ന് ടിയാനെ കപ്പലിൽ നിന്നും കാണാതാവുകയും മകന് എന്ത് സംഭവിച്ചെന്ന് മാലിദ്വീപ് അധികൃതരിൽ നിന്നോ കപ്പൽ അധികൃതരിൽ നിന്നോ യാതൊരു മറുപടിയും കിട്ടാത്തതിനാൽ ടിയാന്റെ തിരോധാനം സംബന്ധിച്ച് ഉചിതമായി അന്വേഷിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ച് ശ്രീ. സുനിൽകുമാർ മുഖ്യമന്ത്രിക്ക് സമർപ്പിച്ച ഹർജി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ശ്രീ. ആദിത്തിനെ കണ്ടെത്തണമെന്നാവശ്യപ്പെട്ട് കേരളീയ പ്രവാസികാര്യ വകുപ്പിൽ ലഭ്യമായ പരാതി 28.04.2022-ലെ എ 3/239/2022/നോർക്ക നമ്പർ കത്ത് പ്രകാരം മാലിദ്വീപിലെ ഇന്ത്യൻ

ഹൈക്കമ്മീഷണർക്ക് സഹായം അഭ്യർത്ഥിച്ചുകൊണ്ട് അയച്ചുകൊടുത്തിട്ടുള്ളതാണ്. കപ്പലിന്റെ ഫ്ലാഗ് ഉടമയായ 'പനാമ' ഈ വിഷയത്തിൽ കൂടുതൽ 'ഓൺബോർഡ്' അന്വേഷണം നടത്താൻ യു.എ.ഇ-യിലെ ദുബായിൽ നിന്ന് ഒരു ഇൻസ്പെക്ടറെ നിയോഗിച്ചിട്ടുണ്ടെന്ന് തീരുമാനിച്ചിട്ടുള്ളതാണെന്ന് ഇന്ത്യൻ ഹൈക്കമ്മീഷണർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിവരം പരാതിക്കാരനായ ശ്രീ. സുനിൽകുമാറിനെയും അറിയിച്ചിട്ടുണ്ട്.

## കേരള പുനർനിർമ്മാണ പദ്ധതി - ഗ്രാമീണ റോഡുകളുടെ വികസനം

138(2073) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ വികസനത്തിനായി കേരള പുനർനിർമ്മാണ പദ്ധതി (ആർ.കെ.ഐ.)-യിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് ജില്ല, നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇവയിൽ നിർമ്മാണം പൂർത്തീകരിച്ച റോഡുകൾ, നിർമ്മാണം നടന്നുവരുന്ന റോഡുകൾ, ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത

റോഡുകൾ എന്നിവയുടെ ജില്ല, നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള ഗ്രാമീണ റോഡുകളുടെ ജില്ല, നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം+ ആയി ചേർക്കുന്നു.

(സി) നിർമ്മാണം തടസ്സപ്പെട്ട പ്രവൃത്തികൾ ഒഴിവാക്കി അവയ്ക്ക് പകരം അതേ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന മറ്റൊരു റോഡിന് പ്രസ്തുത ഫണ്ട് അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല ആർ.കെ.ഐ.-യിൽ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ശിപാർശ ചെയ്യപ്പെടുന്ന പ്രവൃത്തികൾ വിലയിരുത്തി, അവ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ Project Appraisal മാനദണ്ഡങ്ങൾക്ക് അനുസൃതമാണ് എന്നുകണ്ട് ധനലഭ്യത കൂടി കണക്കിലെടുത്തുകൊണ്ടാണ് വിവിധ പദ്ധതികൾ ആർ.കെ.ഐ.-യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള റോഡ് പ്രവൃത്തികളുടെ നിർമ്മാണം എത്രയുംവേഗം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കുവാനാണ് ആർ.കെ.ഐ. ലക്ഷ്യമിടുന്നത്. അതിനാൽ വിവിധ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ട റോഡുകൾക്ക് പകരം റോഡുകൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

ചാലക്കുടി മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

139 (2074) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ-സി) ചാലക്കുടി നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

സിൽവർ ലൈൻ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

140 (2075) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സിൽവർ ലൈൻ പദ്ധതിക്കായി നാളിതുവരെ എത്ര രൂപ സർക്കാർ ചെലവഴിച്ചു; ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ?

വിശദമായ കണക്ക് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## <u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്താൻ നടപടി</u>

141 (2076) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ അംഗങ്ങൾ അല്ലാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം ലഭിക്കാൻ അർഹതയുള്ളവർ ആരെങ്കിലും ഒഴിവായിട്ടുണ്ടെങ്കിൽ അവരെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന് കാർഡ് ഉണ്ടെങ്കിൽ ആ കാർഡ് വഴി അഡ്മിറ്റ് ആകുന്ന രോഗിയെ കൂട്ടിച്ചേർക്കാൻ കഴിയും. 2018-19 കാലയളവിൽ സാധുതയുള്ള RSBY/CHIS കാർഡ് കൈവശമുണ്ടെങ്കിൽ പുതിയ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. പദ്ധതിയിൽ അംഗത്വം പുതുക്കുന്നതിന് ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ (AB-PMJAY/KASP) കീഴിൽ എംപാനൽ ചെയ്ത സർക്കാർ-സ്വകാര്യ ആശുപത്രികളിലെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ കിയോസ്കുകളെ സമീപിക്കാവുന്നതാണ്. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) 2011 പ്രകാരം പിന്നോക്ക വിഭാഗത്തിലെ കുടുംബങ്ങൾക്കും ഈ പദ്ധതിയിൽ അംഗത്വമെടുക്കാൻ കഴിയും.

## കാരുണ്യ ചികിത്സാ പദ്ധതി

142 (2077) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ചികിത്സാപദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിൽ ഏതൊക്കെ രോഗങ്ങൾക്ക് എത്ര രൂപ വരെയുള്ള ചികിത്സയ്ക്കാണ് സഹായം ലഭിക്കുന്നതെന്ന് അറിയിക്കാമോ?

നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ നിന്നും ഓരോ വർഷവും 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. ലഭ്യമാകുന്ന ചികിത്സയുടെ വിവരങ്ങൾ https://sha.kerala.gov.in/wp-content- uploads - 2020- 07 - document 5 - pdfnotifications/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് മറ്റേതൊക്കെ ചികിത്സാ ധനസഹായ പദ്ധതികളാണ് നിലവിലുള്ളതെന്നും രോഗികൾക്ക് അവ ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങളും അറിയിക്കാമോ?

സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ നിലവിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാരുണ്യ ബെനവലന്റ് ഫണ്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗമല്ലാത്ത, വാർഷിക വരുമാനം 3 ലക്ഷം രൂപയ്ക്കുതാഴെയുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയുടെ ആജീവനാന്ത ചികിത്സാ പരിരക്ഷ (കിഡ്നി രോഗങ്ങൾക്ക്- 3 ലക്ഷം രൂപ വരെ) കുടുംബത്തിന് മുഴുവനായി ലഭിക്കുന്നതാണ്. യോഗ്യതയുള്ള ഗുണഭോക്താക്കൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളിലെ കിയോസ്കുകളിൽ ആപ്ലിക്കേഷൻ നേരിട്ട് സമർപ്പിക്കാൻ കഴിയും. അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്ന രേഖ, റേഷൻകാർഡ് എന്നീ പ്രോസസ്സിംഗ് രേഖകളും ഹാജരാക്കേണ്ടതാണ്. അപേക്ഷകൾ കിയോസ്കിലെ PMAM/MEDCO ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർക്ക് (DPC) കൈമാറുകയും DPC-മാർ അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

<u>2.ജനനി-ശിശു സുരക്ഷാ കാര്യക്രം (JSSK)</u>

സർക്കാർ ആശുപത്രികളിലും പൊതു ആരോഗ്യ കേന്ദ്രങ്ങളിലും പ്രസവിക്കുന്ന സ്ത്രീകൾക്കും അവരുടെ നവജാതശിശുക്കൾക്കും സൗജന്യമായി ചികിത്സ, പരിശോധനകൾ, ഭക്ഷണം എന്നിവ നൽകുന്നതിനുള്ള പദ്ധതിയാണ് ജനനി-ശിശു സുരക്ഷാ കാര്യക്രം. ഈ പദ്ധതി കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി നടപ്പാക്കിയിട്ടുണ്ട്. എ.പി.എൽ./ബി.പി.എൽ വ്യത്യാസമില്ലാതെ, സർക്കാർ ആശുപത്രിയിൽ പ്രസവിക്കുന്ന സ്ത്രീകൾ, പ്രസവശേഷം 42 ദിവസം വരെയും നവജാത ശിശുക്കൾ ജനനശേഷം 30 ദിവസം വരെയും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

3.<u>രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK)</u>

18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങളുടെ കണ്ടെത്തലും തുടർന്ന് ശസ്ത്രക്രിയ ഉൾപ്പടെയുള്ള വിവിധ ചികിത്സകളും, മറ്റ് സേവനങ്ങളും രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ വഴിയും പ്രത്യേക ചികിത്സകൾ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ വഴിയും കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സാസേവനങ്ങൾ

ആർ.ബി.എസ്.കെ. പദ്ധതിയുടെ മോഡൽ കോസ്റ്റിംഗ് പ്രകാരം തെരഞ്ഞെടുത്ത് ലിസ്റ്റ് ചെയ്തിട്ടുള്ള 30 രോഗങ്ങൾക്ക് സൗജന്യമായി നൽകി വരുന്നുണ്ട്.

4. ആരോഗ്യ കിരണം

ആർ.ബി.എസ്.കെ.-യിൽ ഉൾപ്പെട്ട 30 അസുഖങ്ങൾക്ക് ഒഴികെയുള്ള ചികിത്സയാണ് ആരോഗ്യ കിരണംവഴി സൗജന്യമാക്കിയിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. ഗുണഭോക്താക്കളുടെ രക്ഷിതാക്കൾ ആദായനികുതി അടയ്ക്കുന്നവരോ സർക്കാർ ഉദ്യോഗസ്ഥരോ ആയിരിക്കരുത്. കാസ്പ്, താലോലം, കെ.ബി.എഫ്. തുടങ്ങിയ സ്കീമുകൾ ഉപയോഗപ്പെടുത്തിയശേഷം മാത്രമേ ആനുകൂല്യം ലഭ്യമാവുകയുള്ളൂ.

5. ഹൃദ്യം

RBSK പദ്ധതി പ്രകാരം 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ ലഭ്യമാക്കുന്നതിനുവേണ്ടി പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിക്കുവേണ്ടി ഒരു സോഫ്റ്റ്‌വെയർ ആവിഷ്കരിക്കുകയും ഹൃദ്രോഗമുള്ള കുട്ടികളെ സോഫ്റ്റ്‌വെയർ മുഖാന്തരം രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ സോഫ്റ്റ്‌വെയറിന് നൽകിയിരിക്കുന്ന പേര് 'ഹൃദ്യം' എന്നാണ്.

## ഇ-ഹെൽത്ത്

143 (2078) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-ഹെൽത്തിന്റെ കീഴിൽ വരുന്ന ഐ.ടി. അധിഷ്ഠിത സേവനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇ-ഹെൽത്ത് മുഖാന്തരം 446 ആശുപത്രികളിൽ പൊതുജനങ്ങൾക്ക് താഴെപ്പറയുന്ന ഐ.ടി. അധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കിവരുന്നു.

പദ്ധതിയുടെ ഭാഗമായ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിവരശേഖരണത്തിലൂടെയും ആശുപത്രികളിൽ ഏർപ്പെടുത്തുന്ന രജിസ്ട്രേഷൻ കൗണ്ടറുകളിലൂടെയും വ്യക്തികളുടെ U.H.I.D. ഇ-ഹെൽത്തിൽ രജിസ്റ്റർ ചെയ്യുന്നു. രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഒ.പി. ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായി തീരുന്നു. ഒ.പി. ക്ലിനിക്കുകൾ, ഫാർമസി, ലാബറട്ടറി, എക്സ്റേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ അടിസ്ഥാനത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വന്നു. ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ്‌വർക്ക് വഴി ഫാർമസികളിലും ലാബോറട്ടറികളിലും എക്സ്റേ കൗണ്ടറിലും അപ്പപ്പോൾ എത്തുന്നതിനാൽ ടെസ്റ്റ് റിസൾട്ടുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽസമയം ലഭ്യമാകുന്നു. വ്യക്തികളുടെ ഈ സമഗ്രമായ ആരോഗ്യ രേഖകൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും കമ്പ്യൂട്ടർ ശൃംഖല വഴി ലഭ്യമാകും എന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർചികിൽസകൾ വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ പൂർണ്ണമായ രോഗചികിൽസാ സംഗ്രഹം ഞൊടിയിടയിൽത്തതന്നെ കേന്ദ്രീകൃത കമ്പ്യൂട്ടറിൽനിന്നും ലഭ്യമാക്കി

കൃത്യമായ തുടർ ചികിൽസ നിർണ്ണയിക്കാൻ സാധിക്കുന്നു. രോഗികൾക്ക് തങ്ങളുടെ ചികിൽസാ സംബന്ധിയായ രേഖകൾ കൊണ്ടുനടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു. കൂടാതെ, ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുള്ള ആശുപത്രിയിൽനിന്നും ആ ആശുപത്രിയിലെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആശുപത്രിയിലെയോ ടോക്കൺ മുൻകൂർ എടുക്കുവാനും മറ്റേത് ആശുപത്രിയിലേയ്ക്കും റഫർ ചെയ്യാനും ഡോക്ടർക്ക് സാധ്യമാണ്. ഇതോടൊപ്പംതന്നെ പൊതുജനങ്ങൾക്ക് വെബ്പോർട്ടൽ മുഖേന മുൻകൂർ ടോക്കണുകൾ എടുക്കുവാനുള്ള സൗകര്യവും ലഭ്യമാണ്. മൊബൈൽ, കമ്പ്യൂട്ടർ വഴി ഓൺലൈൻ അപ്പോയ്മെന്റ് ബുക്കിംഗിനുള്ള സൗകര്യവും നിലവിൽ വന്നിട്ടുണ്ട്. നിശ്ചിത കാലയളവിനുള്ളിൽ ഡോക്ടറെ വീണ്ടും കാണേണ്ടുന്ന രോഗികൾക്ക് അടുത്ത തവണ കാണാനുള്ള Token, ഡോക്ടർ consultation room-ൽ വച്ച് തന്നെ നൽകുവാനുള്ള സംവിധാനവും ലഭ്യമാണ്. കൂടാതെ ഫീൽഡുതലത്തിൽ പ്രവർത്തിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്/ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ ജീവനക്കാർ ടാബ്‌ലറ്റ് കമ്പ്യൂട്ടർ ഉപയോഗിച്ച് ഹൗസ് സർവ്വേ, മെമ്പർ സർവ്വേ എന്നിവ ചെയ്ത് ജനങ്ങളുടെ വിവരശേഖരണം നടത്തുകയും വിവിധ തരത്തിലുള്ള രോഗങ്ങൾ (പകർച്ച രോഗങ്ങൾ/പകർച്ചേതര രോഗങ്ങൾ) മാതൃശിശു സംരക്ഷണം തുടങ്ങിയ

മോഡ്യൂളുകൾ ഉപയോഗിച്ച് ജനങ്ങൾക്ക് സേവനങ്ങൾ നൽകുകയും ചെയ്യുന്നു. വാക്സിനേഷനുകൾക്കും മറ്റ് പരിശോധനകൾക്കും കാലാവധിയാകുമ്പോൾ അതാത് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യാൻ ഇ-ഹെൽത്ത് ടാബ്‌ലറ്റ് ഉപയോഗിച്ച് ഫീൽഡ് ജീവനക്കാർക്ക് കഴിയും. ആശുപത്രിയിലെ പരിശോധന കണ്ടെത്തലുകൾ തിരിച്ച് ജീവനക്കാർക്ക് അലെർട്ട് ആയി കമ്പ്യൂട്ടറിൽ ലഭിക്കുന്നതുവഴി സുഗമമായ തുടർചികിത്സാ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുകയും ചെയ്യുന്നു.

## നിർദ്ധനരായ രോഗികൾക്ക് ധനസഹായം

144 (2079) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ രോഗങ്ങൾ ബാധിച്ച ചികിത്സയിലുള്ള നിർദ്ധനരായ രോഗികൾക്ക് ധനസഹായം ലഭ്യമാക്കി നൽകുന്നതിനായി ആരോഗ്യവകുപ്പിന് കീഴിൽ എന്തൊക്കെ പദ്ധതികളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

1. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗമായിട്ടുള്ള ഗുണഭോക്താക്കൾക്ക് ദ്വിതീയ, ത്രിതീയതല പരിചരണത്തിനും

ചികിത്സയ്ക്കുമായി ആശുപത്രിയിൽ പ്രവേശിക്കേണ്ടിവന്നാൽ പദ്ധതിവഴി പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സാ ആനുകൂല്യം ലഭ്യമാക്കി വരുന്നു. നിലവിൽ 24 മണിക്കൂർ കിടത്തി ചികിത്സ ആവശ്യമായി വരുന്ന അലോപ്പതി ചികിത്സയ്ക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പ് ചുമതല വഹിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ സൗജന്യ ചികിത്സ ആനുകൂല്യം ലഭ്യമാണ്.

2. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വഴി 2 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സ ആനുകൂല്യവും നൽകിവരുന്നു.

3. നിർദ്ധനരായ ക്ഷയരോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ഓരോ വർഷവും നോൺപ്ലാൻ ഫണ്ട് അലോക്കേഷൻ പ്രകാരം അനുവദിച്ചുകിട്ടുന്ന തുക ജില്ലാ ടി.ബി. ഓഫീസർമാർ സമർപ്പിക്കുന്ന

ഏറ്റവും യോഗ്യരായ, സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ക്ഷയരോഗികൾക്ക് തുല്യമായി വീതിച്ച് നൽകുന്നുണ്ട്.

4. വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള ക്ഷയരോഗികൾക്ക് അതാത് ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് പ്രകാരം ചികിത്സാ കാലയളവിൽ സംസ്ഥാന റവന്യൂ വകുപ്പ് വഴി പ്രതിമാസം 1,000 രൂപ ടി.ബി. പെൻഷൻ നൽകി വരുന്നുണ്ട്.

5. നിക്ഷയ് പോഷൺ യോജന പ്രകാരം നിക്ഷയ് സോഫ്റ്റ്‌വെയറിൽ നോട്ടിഫൈ ചെയ്ത ക്ഷയരോഗികൾക്ക് ചികിത്സാ കാലയളവിൽ പ്രതിമാസം 500 രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി നൽകിവരുന്നുണ്ട്.

6. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുഷ്ഠരോഗബാധിതർക്ക് അവരുടെ ചികിത്സാ കാലയളവിൽ സംസ്ഥാന സർക്കാർ പ്രതിമാസം 1,000 രൂപ (Non Plan Fund) വീതം സാമ്പത്തിക സഹായം നൽകിവരുന്നു. പോസ് ബാസിലറി രോഗികൾക്ക് 6 മാസവും മൾട്ടി ബാസിലറി രോഗികൾക്ക് 12 മാസവുമാണ് ഇപ്രകാരം സാമ്പത്തിക സഹായം നൽകുന്നത്.

7. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള കാൻസർ രോഗബാധിതർക്ക് റവന്യൂ വകുപ്പ് വഴി പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്.

8. 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങളുടെ കണ്ടെത്തലും തുടർന്ന് ശസ്ത്രക്രിയ ഉൾപ്പടെയുള്ള വിവിധ ചികിത്സകളും മറ്റ് സേവനങ്ങളും ദേശീയതലത്തിൽ രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം എന്ന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ വഴിയും പ്രത്യേക ചികിത്സകൾ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ വഴിയും കുട്ടികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സാസേവനങ്ങൾ ആർ.ബി.എസ്.കെ. പദ്ധതിയുടെ മോഡൽ കോസ്റ്റിംഗ് പ്രകാരം തെരഞ്ഞെടുത്ത് ലിസ്റ്റ് ചെയ്തിട്ടുള്ള 30 രോഗങ്ങൾക്ക് സൗജന്യമായി നൽകിവരുന്നുണ്ട്.

9. ആർ.ബി.എസ്.കെ.-യിൽ ഉൾപ്പെട്ട 30 അസുഖങ്ങൾക്ക് ഒഴികെയുള്ള ചികിത്സയാണ് ആരോഗ്യ കിരണം വഴി സൗജന്യമാക്കിയിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്.

10. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്ന എ.ആർ.ടി. സെന്ററുകളിൽ രജിസ്റ്റർ ചെയ്ത് ചികിത്സയെടുക്കുന്ന എച്ച്.ഐ.വി. അണുബാധിതർക്ക് സൗജന്യ ആന്റി റിട്രോവയിൽ ചികിത്സ (ART) ലഭ്യമാക്കുന്നു. പ്രസ്തുത കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത് ചികിത്സയെടുക്കുന്ന എച്ച്.ഐ.വി. അണുബാധിതർ മുടക്കം കൂടാതെ എ.ആർ.ടി. കേന്ദ്രത്തിൽ എത്തി ചികിത്സയെടുക്കുന്നതിനായി പ്രതിമാസം 1,000 രൂപ ധനസഹായമായി നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതികളിലേയ്ക്ക് ധനസഹായത്തിനായി അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിയമാവലികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

1. ക്ഷയരോഗികൾക്കുള്ള ധനസഹായ പദ്ധതിയുടെ നിയമാവലി ചുവടെ ചേർക്കുന്നു.

i) ഓരോ വർഷവും ജില്ലാ ടി.ബി. ഓഫീസർമാർ സമർപ്പിക്കുന്ന ഏറ്റവും യോഗ്യരായ, സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ക്ഷയരോഗികളുടെ ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ യോഗ്യരായവരെ തെരഞ്ഞെടുത്ത് നോൺപ്ലാൻ അലോക്കേഷൻ പ്രകാരം അനുവദിച്ചുകിട്ടുന്ന

തുക പരമാവധി അർഹരായ രോഗികൾക്ക് തുല്യമായി വീതിച്ച് നൽകി വരുന്നു. പ്രസ്തുത തുക ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അതാത് ജില്ലാ മെഡിക്കൽ ഓഫീസ് വഴി വിതരണം ചെയ്തു വരുന്നു.

ii) ക്ഷയരോഗ ചികിത്സ നൽകുന്ന മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയാണെന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും സഹിതം തഹസിൽദാർ മുഖേന, ചികിത്സാ കാലയളവിൽ സംസ്ഥാന റവന്യൂ വകുപ്പ് വഴി പ്രതിമാസം 1,000 രൂപ നിരക്കിൽ ധനസഹായം നൽകി ടി.ബി. പെൻഷൻ നൽകിവരുന്നുണ്ട്.

iii) നിക്ഷയ് പോഷൺ യോജന പ്രകാരം നിക്ഷയ് സോഫ്റ്റ്‌വെയർ വഴി നോട്ടിഫൈ ചെയ്ത ക്ഷയരോഗികൾക്ക് ചികിത്സാ കാലയളവിൽ പ്രതിമാസം 500 രൂപ വീതം ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വഴി നൽകിവരുന്നുണ്ട്. ഇതിനായി നിക്ഷയ് വഴി നോട്ടിഫിക്കേഷൻ കഴിഞ്ഞ രോഗികളുടെ ബാങ്ക് അക്കൗണ്ട് സീനിയർ ട്രീറ്റ്മെന്റ് സൂപ്പർവൈസർ/ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശേഖരിക്കുകയും അത് നിക്ഷയ്-ൽ ഉൾപ്പെടുത്തി പി.എഫ്.എം.എസ്. വഴി അംഗീകരിച്ച് അതിനുശേഷം നിക്ഷയ് പ്രതിമാസം സൃഷ്ടിക്കുന്ന ആനുകൂല്യം (500 രൂപ)

ട്യൂബർകുലോസിസ് യൂണിറ്റ് തലത്തിൽ നിന്നും ജില്ലാ ടി.ബി. ഓഫീസർ വഴി പരിശോധിച്ച് ജില്ലാ പ്രോഗ്രാം മാനേജർ പേമെന്റിനായി ബാങ്കിൽ സമർപ്പിക്കുന്നു. അംഗീകരിച്ച് ബാങ്കിൽ നിന്നും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ആയി ഈ തുക കൈമാറുന്നു.

2. കുഷ്ഠരോഗ ബാധിതർക്കുള്ള ധനസഹായ പദ്ധതിയുടെ നിയമാവലി ചുവടെ ചേർക്കുന്നു.

കഴിഞ്ഞ വർഷത്തിലെ തുടർചികിത്സയിലുള്ളതും പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷികവരുമാനം 1 ലക്ഷം രൂപ വരെയുള്ളതുമായ രോഗികൾക്കാണ് ഈ ധനസഹായത്തിനുള്ള അർഹത. നടപ്പു സാമ്പത്തിക വർഷത്തിൽ ചികിത്സയിലുള്ള രോഗികൾക്ക് (അവരെ രജിസ്റ്റർ ചെയ്തത് മുൻ വർഷത്തിൽ ആയാൽപോലും) പ്രതിമാസം 1,000 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. പോസിബാസിലറി രോഗികൾക്ക് 6 മാസവും മൾട്ടിബാസിലറി രോഗികൾക്ക് 12 മാസവും ലെപ്രസി റിയാക്ഷൻ ചികിത്സയിലുള്ളവർക്ക് ചികിത്സാ കാലയളവിലും ഈ തുക നൽകിവരുന്നു.

3) വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള കാൻസർ രോഗബാധിതർക്ക് റവന്യൂ വകുപ്പ് വഴി പ്രതിമാസം 1,000 രൂപാ നിരക്കിൽ

ധനസഹായം നൽകിവരുന്നുണ്ട്. ഇതിനുള്ള അപേക്ഷ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട്, രോഗി ക്യാൻസർ രോഗബാധിതനാണെന്നും നിലവിൽ ചികിത്സാ ആവശ്യമാണെന്നുമുള്ള സർക്കാർ മെഡിക്കൽ ഓഫീസറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട തഹസിൽദാർക്കാണ് അപേക്ഷ നൽകേണ്ടത്.

4) എച്ച്.ഐ.വി. അണുബാധിതർക്കുള്ള ധനസഹായം ലഭിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

i) അപേക്ഷകൻ കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളതും, കേരളത്തിലെ ഏതെങ്കിലും എ.ആർ.ടി. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത് ചികിത്സയെടുക്കുന്നയാളും ആയിരിക്കണം.

ii) നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് അതിൽ ചികിത്സയെടുക്കുന്ന എ.ആർ.ടി. കേന്ദ്രത്തിലെ കൗൺസലറുടെയും മെഡിക്കൽ ഓഫീസറുടെയും ഒപ്പും സീലോടുംകൂടി അതാത് എ.ആർ.ടി. കേന്ദ്രം മുഖേന അപേക്ഷ കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ സമർപ്പിക്കുക.

iii) ഏതെങ്കിലും ഫോട്ടോ ഐഡന്റിറ്റി കാർഡിന്റെ പകർപ്പ്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അപേക്ഷകന്റെ പേരിലുള്ള അക്കൗണ്ട് പാസ്ബുക്കിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, എച്ച്.ഐ.വി. ചികിത്സയുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ നൽകുന്ന ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ്, ഗസറ്റഡ് ഓഫീസർ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റ് എന്നീ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്.

5. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി/കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് എംപാനൽ ചെയ്ത ആശുപത്രികളിലെ കാസ്പ് കിയോസ്കുമായി ബന്ധപ്പെടുക.

(സി) പ്രസ്തുത പദ്ധതികൾക്കായി പ്രത്യേക അപേക്ഷാഫോറം നൽകിയിട്ടുണ്ടോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

1. ക്ഷയരോഗികൾക്കുള്ള ധനസഹായ പദ്ധതിയുടെ അപേക്ഷാ ഫാറം അനുബന്ധം -1+ ആയി ചേർക്കുന്നു.

2. കുഷ്ഠരോഗികൾക്കുള്ള ധനസഹായ പദ്ധതിയുടെ അപേക്ഷാ ഫാറം അനുബന്ധം -2+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന നൽകിവരുന്ന ധനസഹായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-3+ ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

4. കാൻസർ രോഗികൾക്കുള്ള ധനസഹായ പദ്ധതിയുടെ അപേക്ഷാ ഫാറം അനുബന്ധം -4+ ആയി ചേർക്കുന്നു.

കാൻസർ കെയർ പദ്ധതി

145 (2080) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ശരാശരിയേക്കാൾ ഉയർന്ന കാൻസർ രോഗനിരക്കുള്ള സംസ്ഥാനത്ത് കാൻസർ രോഗചികിത്സയ്ക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിൽ കാൻസർ രോഗചികിത്സക്കായി സർക്കാർ തലത്തിൽ മൂന്ന് അപ്പെക്സ് കാൻസർ സെന്ററുകൾ (ആർ.സി.സി., എം.സി.സി, സി.സി.ആർ.സി.) പ്രവർത്തിച്ചുവരുന്നു. കൂടാതെ അഞ്ച് സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിക്കൽ കോളേജുകളിൽ കാൻസർ ചികിത്സ സൗകര്യമുള്ള വിഭാഗങ്ങൾ നിലവിലുണ്ട്. കേരളാ കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-2030 നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കാൻസർ നിർണ്ണയ, ചികിത്സാ സൗകര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ അർബുദ നിയന്ത്രണ പരിപാടികൾ (DCCP) ആരംഭിച്ചിട്ടുണ്ട്.

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അർബുദ രോഗം തുടക്കത്തിൽ കണ്ടെത്തുന്നതിനുള്ള പാപ്സ്മിയർ, മാമോഗ്രാം, ബയോപ്സി, സി.റ്റി. സ്കാൻ, FNAC, അൾട്രാ സൗണ്ട് സ്കാൻ തുടങ്ങിയ ടെസ്റ്റുകൾ നടത്താനുള്ള സൗകര്യം ലഭ്യമാണ്. സർക്കാർ മെഡിക്കൽ കോളേജുകളിലെ കാൻസർ രോഗ ചികിത്സാ വിഭാഗമായ ഡിപ്പാർട്ട്മെൻറ് ഓഫ് റേഡിയോ തെറാപ്പിയിൽ നൂതനമായ കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, ടാർജറ്റഡ് തെറാപ്പി എന്നിവ ക്യാൻസർ രോഗവിദഗ്ധരായ ഡോക്ടർമാർ നൽകി വരുന്നു. ഇതിനു പുറമേ റേഡിയേഷൻ ചികിത്സയും അനുബന്ധ ചികിത്സകളും നിലവിലുള്ള ലോകോത്തര ചികിത്സാ മാനദണ്ഡങ്ങൾ പ്രകാരം സൗജന്യമായി നൽകിവരുന്നു. ആധുനിക ചികിത്സ ഉപകരണമായ ലീനിയർ ആക്സിലറേറ്റർ ഉപയോഗിച്ചുള്ള ചികിത്സയും നടത്തി വരുന്നു.

ആർ.സി.സി.-യിൽ പണിയുന്ന പതിനാല് നില കെട്ടിടം 2022 ഡിസംബറോടുകൂടി പ്രവർത്തനസജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ അത്യാധുനിക ചികിത്സാരീതിയായ ല്യൂട്ടീഷ്യം തെറാപ്പി ആർ.സി.സി.-യിൽ ആരംഭിച്ചുകഴിഞ്ഞു. 10 കിടക്കകളുള്ള ആധുനിക സൗകര്യത്തോടുകൂടിയ അത്യാഹിത വിഭാഗവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് പ്രാരംഭദശയിൽത്തന്നെ രോഗം കണ്ടെത്തി ചികിത്സ തേടുന്നതിനായി ജില്ലാ കാൻസർ കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളാ കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018-2030-ന്റെ അടിസ്ഥാനത്തിൽ ജില്ലാ അർബുദ നിയന്ത്രണ പരിപാടി (DCCP) എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ പദ്ധതിയുണ്ട്. തുടക്കമെന്ന നിലയിൽ കണ്ണൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ അതത് കാൻസർ സെന്ററുകളുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത്, ആരോഗ്യവകുപ്പ്, ജില്ലാ ഭരണകൂടം എന്നിവയുടെ സഹകരണത്തോടെ സംയുക്തമായി പരിപാടികൾ നടപ്പിലാക്കിവരുന്നു. ഈ വർഷാവസാനത്തോടെ DCCP കേരളം മുഴുവൻ നടപ്പിലാക്കാനാണ് പദ്ധതി. ഈ പദ്ധതിയിൽ പ്രാരംഭ കാൻസർ

നിർണ്ണയത്തിന് പുറമെ കാൻസർ ചികിത്സയും പ്രതിരോധവും കൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

കാൻസർ കെയർ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വർഷം കാൻസർ നിയന്ത്രണ പദ്ധതി (District Cancer Control Programme-DCCP) കേരളത്തിന്റെ നവ കേരള കർമ്മ പദ്ധതി 2 (NKKP-2)-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആശ വർക്കേഴ്സ് ജില്ലയിലെ മുഴുവൻ വീടുകളിലേയും 30 വയസ്സിനുമുകളിലുള്ള ആളുകളെ 'ശൈലി' എന്ന ആൻഡ്രോയിഡ് ആപ്പ് വഴി സ്ക്രീനിംഗിനുവിധേയമാക്കുകയും അതിൽ കൂടുതൽ റിസ്കുള്ള ആളുകളെ പ്രാഥമികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രികൾ, കാൻസർ സെന്റർ എന്നിവിടങ്ങളിലേയ്ക്ക് മറ്റു പരിശോധനകൾക്കായി അയയ്ക്കുകയും ചെയ്യുന്നു. ഇതുവഴി കാൻസർ, പ്രാരംഭ ദശയിൽത്തന്നെ കണ്ടെത്തി ചികിൽസിക്കാൻ സാധിക്കും.

(സി) കാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയ കാൻസർ ചികിത്സാ കേന്ദ്രങ്ങളുള്ള സ്ഥാപനങ്ങളിലെ സൗകര്യങ്ങളും മാനവവിഭവശേഷിയും വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി (ലീനിയർ ആക്സിലറേറ്റർ ഉൾപ്പെടെ) 20 കോടി രൂപയുടെ പുതിയ ബിൽഡിംഗ്, ഒ.പി. ബിൽഡിംഗിന് സമീപം പണിതിട്ടുണ്ട്. ഈ ബിൽഡിംഗിൽ പുതിയ ചികിത്സാ സംവിധാനങ്ങളും പുതിയ സി.റ്റി. സിമുലേറ്ററും സ്ഥിതിചെയ്യുന്നു. ഇവിടെ പോസ്റ്റ് ഗ്രാജുവേറ്റ് സ്റ്റുഡന്റ്സിന് ക്ലാസ് റൂമും വിശാലമായ റിസർച്ച് ലാബും സജ്ജീകരിച്ചിരിക്കുന്നു. Early detection-നുവേണ്ടി ആശുപത്രിയിലെ 3 സി.റ്റി. സ്കാൻ മെഷീനുകളുടെയും ഒരു എം.ആർ.ഐ. മെഷീനിന്റെയും സഹകരണം എപ്പോഴും ലഭിക്കുന്നു.

350 ബെഡ്ഡുകളുള്ള കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 2023 ഡിസംബറോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. KIIFB-യുടെ ഫണ്ടുപയോഗിച്ച് INKEL ആണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

ജില്ലാ അർബുദ നിയന്ത്രണ പരിപാടി (DCCP) പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ അപ്പെക്സ് കാൻസർ സെന്ററുകൾ വരെയുള്ള സ്ഥാപനങ്ങളുടെ സൗകര്യങ്ങളും മാനവവിഭവശേഷിയും വർദ്ധിപ്പിക്കാനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. ആരോഗ്യപ്രവർത്തകർക്കും മെഡിക്കൽ

ഓഫീസർമാർക്കും സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽപ്പെടുന്ന ഡോക്ടർമാർക്കും അർബുദ നിർണ്ണയ പരിശോധനാ മാർഗ്ഗങ്ങളിൽ പ്രത്യേക പരിശീലനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

146 (2081) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിൽ ഇതുവരെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം എത്ര പേർക്ക് ചികിത്സാ ധനസഹായം നൽകിയെന്നും ഇതിനായി എത്ര രൂപയാണ് ചെലവായതെന്നും അറിയിക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം യാതൊരു ധനസഹായങ്ങളും നൽകുന്നില്ല, ചികിത്സാസഹായമാണ് നൽകുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴി സൗജന്യ ചികിത്സ ലഭ്യമാക്കുന്നത് പേപ്പർ രഹിതമായാണ്. നാഷണൽ ഹെൽത്ത് അതോറിറ്റി വികസിപ്പിച്ചെടുത്ത Transaction Management System (TMS)-ന്റെ സഹായത്തോടെയാണ് സൗജന്യ ചികിത്സ ആവശ്യമായി വരുന്ന രോഗികളെ അഡ്മിറ്റ് ചെയ്യുന്നതും ഡിസ്ചാർജ് ചെയ്യുന്നതും.

മുകളിൽ സൂചിപ്പിച്ച TMS-ൽ നിയോജകമണ്ഡലം തിരിച്ചുള്ള ചികിത്സാ സഹായം ലഭിച്ചവരുടെ കണക്കു വിവരം ലഭ്യമല്ല.

തൃശ്ശൂർ ജില്ലയിൽ ചികിത്സാ സഹായം ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

AB-PMJAY-KASP (1st July 2020 - 29th June 2022)

No. of claims- 174219.

Claimed amount - Rs.138,31,77,068

Sanctioned amount - Rs.85,07,86,657.

(ബി) മണലൂർ മണ്ഡലത്തിൽനിന്നും പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷിച്ച എല്ലാവർക്കും ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

നിയോജകമണ്ഡലം തിരിച്ചുള്ള ചികിത്സ സഹായം ലഭിച്ചവരുടെ കണക്ക് വിവരം ലഭ്യമല്ല. മണലൂർ മണ്ഡലത്തിൽ എല്ലാ അർഹതപ്പെട്ട അപേക്ഷകർക്കും കാർഡ് ലഭ്യമാക്കിയിട്ടുണ്ട്.

<u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി</u>

147(2082) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അർഹരായ പുതിയ ഗുണഭോക്താക്കളെ ചേർക്കുന്നതിനോ അംഗത്വം എടുക്കുന്നതിനോ നിലവിൽ തടസ്സമുണ്ടോ എന്നറിയിക്കാമോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) തടസ്സം ഉണ്ടെങ്കിൽ പുതിയ ഗുണഭോക്താക്കളെ ചേർക്കുന്നതിന് സർക്കാർ എന്നത്തേയ്ക്ക് അനുമതി നൽകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഒരു എൻടൈറ്റിൽമെന്റ് സ്കീം ആണ്. എൻടൈറ്റിൽ ആയ കുടുംബങ്ങൾക്ക് ഏതു സമയത്തും പദ്ധതിയിൽ അംഗമായിട്ടുള്ള 785 ആശുപത്രികളിലെ കിയോസ്കിൽനിന്നും താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി അംഗത്വം നേടാവുന്നതാണ്.

1. 2018-2019-ലെ സാധുവായ ആർ.എസ്.ബി.വൈ, ചിസ്, ചിസ് പ്ലസ് കാർഡുകൾ

2. ആധാർ കാർഡ്,

3. റേഷൻ കാർഡ്

4. 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം അർഹരായവർക്ക് പദ്ധതിയിൽ അംഗത്വം പൂർണ്ണമായും സൗജന്യമാണ്. അംഗത്വം ലഭിക്കാൻ അർഹതയുള്ളവർ ആരെങ്കിലും ഒഴിവായിട്ടുണ്ടെങ്കിൽ അവരെ ഉൾപ്പെടുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുമായി സംയോജിപ്പിച്ചാണോ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ചെലവ് അനുപാതം എത്രയാണെന്ന് അറിയിക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. 41.8 ലക്ഷം കുടുംബങ്ങളാണ് AB-PMJAY പദ്ധതി പ്രകാരം അംഗത്വം നേടിയിട്ടുള്ളത്. ഇതിൽ 19.64 ലക്ഷം കുടുംബങ്ങളുടെ ചികിത്സാ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 22.12 ലക്ഷം കുടുംബങ്ങളുടെ ചികിത്സാ ചെലവ് 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. 2021-22 സാമ്പത്തിക വർഷം സംസ്ഥാന

സർക്കാർ 1002.5 കോടി രൂപ ചെലവിട്ടപ്പോൾ 138.89 കോടി രൂപ കേന്ദ്ര വിഹിതമായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) കേരളത്തിൽ പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയിൽ പുതിയ ഗുണഭോക്താക്കളെ ചേർക്കുന്നതിനോ അംഗത്വം എടുക്കുന്നതിനോ നിലവിൽ തടസ്സമുണ്ടോ എന്നറിയിക്കാമോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ?

കേരളത്തിൽ പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി അറിയപ്പെടുന്നത് 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി' എന്ന പേരിലാണ്.

പ്രധാൻ മന്ത്രി ജൻ ആരോഗ്യയോജന പദ്ധതിക്കായി പ്രത്യേകമായി ഗുണഭോക്താക്കൾക്ക് അംഗത്വം നൽകുന്നില്ല.

## ആർദ്രം പദ്ധതി പ്രകാരം വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

148 (2083) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം ചെമ്മരുതിയെയും ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം മടവൂർ, തോണിപ്പാറ, വെട്ടൂർ, ഇടവ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ നാവായിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്ത് ഉത്തരവായിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വർക്കല മണ്ഡലത്തിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി വർക്കല മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ചെമ്മരുതി കുടുംബാരോഗ്യകേന്ദ്രം

1. അസിസ്റ്റന്റ് സർജൻ -1

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. സ്റ്റാഫ് നഴ്സ് -2

3. ഫാർമസിസ്റ്റ് -1

4. ലാബ് ടെക്നീഷ്യൻ -1

<u>കുടുംബാരോഗ്യകേന്ദ്രം, വെട്ടൂർ</u>

1. അസിസ്റ്റന്റ് സർജൻ -1

2. സ്റ്റാഫ് നഴ്സ് -2

<u>കുടുംബാരോഗ്യകേന്ദ്രം, തോണിപ്പാറ</u>

1. അസിസ്റ്റന്റ് സർജൻ -1

<u>കുടുംബാരോഗ്യ കേന്ദ്രം, ഇടവ</u>

1. സ്റ്റാഫ് നഴ്സ് - 1

<u>കുടുംബാരോഗ്യ കേന്ദ്രം, മടവൂർ</u>

1. അസിസ്റ്റന്റ് സർജൻ -1

2. ലാബ് ടെക്നീഷ്യൻ -1

<u>വർക്കല താലൂക്ക് ആസ്ഥാന ആശുപത്രി</u>

1. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1

2. കൺസൾട്ടന്റ് (ഗൈനക്കോളജി)-1

3. ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ്II -1

4. ഇ.സി.ജി, ടെക്നീഷ്യൻ ഗ്രേഡ് II-1

5. ദന്തൽ മെക്കാനിക്ക് ഗ്രേഡ് II - 1

6.സ്റ്റാഫ് നഴ്സ് -4

7. ലാബ് ടെക്നീഷ്യൻ -2

<u>ആർദ്രം പദ്ധതി</u>

149(2084) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതി അനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നിയമനം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആർദ്രം പദ്ധതി പ്രകാരം 20.03.2020-ലെ സ.ഉ(സാധാ) നം.619/2020/ആ.കു.വ പ്രകാരം 76 ബ്ലോക്ക് തല സാമൂഹികാരോഗ്യ

കേന്ദ്രങ്ങളെ ഒന്നാം ഘട്ടത്തിലും 01.08.2021-ലെ സ.ഉ.(സാധാ)നം. 1633/2021/ആ.കു.വ പ്രകാരം 76 ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ രണ്ടാം ഘട്ടത്തിലും ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. ആർദ്രം മാനദണ്ഡപ്രകാരം വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

നെല്ലിപ്പാറ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലെ തസ്തികകൾ

150(2085) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ആലക്കോട് പഞ്ചായത്തിൽ നെല്ലിപ്പാറ ഗവൺമെന്റ് ആശുപത്രിയിൽ നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികയും ജീവനക്കാരുടെ എണ്ണവും വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ മണ്ഡലത്തിലെ ആലക്കോട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ആലക്കോട് സർക്കാർ ആയുർവേദ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള തസ്തികകളും ജീവനക്കാരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | ചീഫ് മെഡിക്കൽ ഓഫീസർ | 1 |
| 2 | മെഡിക്കൽ ഓഫീസർ | 1 |
| 3 | നഴ്സ് | 4 |
| 4 | ഫാർമസിസ്റ്റ് | 1 |
| 5 | എൽ.ഡി. ക്ലാർക്ക് | 1 |
| 6 | നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| 7 | ഫാർമസി അറ്റൻഡർ | 1 |
| 8 | അറ്റൻഡർ ഗ്രേഡ്-2 | 1 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 |
| | ആകെ | 12 |

(ബി) പ്രസ്തുത ആശുപത്രിയിൽ ഏതൊക്കെ തസ്തികൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ?

നിലവിൽ അനുവദിച്ച തസ്തികകളിൽ ഒന്നുംതന്നെ ഒഴിഞ്ഞു കിടക്കുന്നില്ല.

(സി) സാനിട്ടേഷൻ വർക്കർ, കുക്ക് എന്നീ തസ്തികകൾ അനുവദിക്കാത്തതിനാൽ രോഗികൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ എച്ച്.എം.സി. വഴി പ്രസ്തുത തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ സേവനം ലഭ്യമാക്കിവരുന്നു.

ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ പി.എച്ച്.സി.യുടേയും, ഹരിപ്പാട് ടി.ബി. സെന്ററിന്റേയും പ്രവർത്തനം

151 (2086) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കരുവാറ്റ പി.എച്ച്.സി.-യുടേയും ഹരിപ്പാട് ടി.ബി. സെന്ററിന്റേയും പ്രവർത്തനങ്ങളിലെ പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഇവയുടെ അടിസ്ഥാന സൗകര്യങ്ങളിലടക്കം നിലനിൽക്കുന്ന പ്രതിസന്ധികളും പോരായ്മകളും പരിഹരിക്കുന്നതിനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

(എ&ബി) നിലവിൽ കരുവാറ്റ പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തിച്ചുവരുന്ന കെട്ടിടം unfit ആയതിനാൽ കരുവാറ്റ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേയ്ക്ക് താൽക്കാലികമായി മാറ്റിയിട്ടുണ്ട്. തീരദേശ/ട്രൈബൽ മേഖലകളിലെ ആരോഗ്യ സ്ഥാപനങ്ങൾ വികസിപ്പിക്കുക എന്ന പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ കരുവാറ്റ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണത്തിന്

2,30,00,347 രൂപയ്ക്ക് (21.03.2022-ലെ G.O (Rt).No.627/2022/H&FWD ഉത്തരവുപ്രകാരം) ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2021-22) e-lamps-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നടപ്പുസാമ്പത്തിക വർഷത്തിൽ (2022-23) അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

കരുവാറ്റ ടി.ബി. യൂണിറ്റിന്റെ പരിധിയിൽ വരുന്ന 25 ആരോഗ്യ സ്ഥാപനങ്ങളിലെ ടി.ബി. അനുബന്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സ്ഥാപനമാണ് കരുവാറ്റ ടി.ബി.ക്ലിനിക്ക്. ക്ഷയരോഗ നിർണ്ണയത്തിനായുള്ള കഫ പരിശോധന, ക്ഷയരോഗ ചികിത്സ, ക്ഷയരോഗ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ കൃത്യമായ രീതിയിൽ നടത്തിവരുന്നുണ്ട്.

ദേശീയപാതവികസനത്തോടനുബന്ധിച്ച് ആശുപത്രിയുടെ മുൻഭാഗം പൊളിച്ചുമാറ്റേണ്ടതായി വരുന്നതിനാൽ എക്സ്റേ ഉൾപ്പെടെയുള്ളവ മാറ്റി സ്ഥാപിക്കേണ്ടതായുണ്ട്. കരുവാറ്റ ടി.ബി. ക്ലിനിക്ക് പ്രവർത്തിക്കുന്ന നിലവിലുള്ള കെട്ടിടം കാലപ്പഴക്കംമൂലം ശോചനീയാവസ്ഥയിലായതിനാൽ എക്സ്റേ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഒ.പി. കെട്ടിടത്തിന്റെ മുൻഭാഗം പൊളിച്ചുമാറ്റപ്പെടുന്നതിനാൽ ഒ.പി. പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ

സ്വീകരിച്ചുവരുന്നു. കൂടാതെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

## ഡയാലിസിസ് രോഗികൾ

152 (2087) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി.-കളിലും ഡയാലിസിസ് കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

ജനറൽ/ജില്ലാ/താലൂക്കാശുപത്രികളിലും ചില സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നിലവിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഡയാലിസിസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കണ്ണൂർ ജില്ലയിൽ എത്ര രോഗികൾ ഡയാലിസിസ് ചെയ്തുവരുന്നുണ്ട്?

ആകെ 515 രോഗികൾ സർക്കാർ മേഖലയിൽ മാത്രം ഡയാലിസിസ് ചെയ്തുവരുന്നു.

(സി) കണ്ണൂർ ജില്ലയിൽ പ്രൈവറ്റ്, സർക്കാർ ആശുപത്രികളിലായി എത്ര രോഗികൾക്ക് ഡയാലിസിസ് ചെയ്യുവാൻ സൗകര്യമുണ്ട്; വിശദമാക്കുമോ?

കണ്ണൂർ ജില്ലയിൽ 11 ആശുപത്രികളിലായി 125 ഡയാലിസിസ് മെഷീനുകൾ പ്രവർത്തിക്കുകയും 6000-ത്തിലധികം ഡയാലിസിസ് സെക്ഷനുകൾ പ്രതിമാസം നടത്തുകയും ചെയ്യുന്നുണ്ട്. പ്രൈവറ്റ് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റുകളുടെ കണക്ക് ലഭ്യമല്ല. കണ്ണൂർ മെഡിക്കൽ കോളേജിൽ 4 സെക്ഷനുകളിലായി 21 വീതം 84 രോഗികൾക്ക് പ്രതിദിനം ഡയാലിസിസ് ചെയ്യുവാനുള്ള സൗകര്യം നിലവിലുണ്ട്.

## ഉഴവൂർ കെ.ആർ. നാരായണൻ ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗം

153 (2088) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ കെ.ആർ. നാരായണൻ ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗം പ്രവർത്തിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഈ സ്ഥാപനത്തിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, പീഡിയാട്രിക്സ്, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റ്

തസ്തിക അനുവദിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ നിന്ന് ജനറൽ മെഡിസിൻ, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗം സേവനങ്ങൾ നിലവിൽ നൽകിവരുന്നുണ്ട്. ഓപ്പറേഷൻ തീയേറ്റർ പ്രവർത്തന സജ്ജമാകുന്നതോടുകൂടി സർജറി വിഭാഗം സേവനം കൂടി രോഗികൾക്ക് ലഭ്യമാകുന്നതാണ്.

(ബി) ഈ ആശുപത്രിയിൽ എത്ര ഓപ്പറേഷൻ തീയേറ്ററുകളും അനുബന്ധ സജ്ജീകരണങ്ങളും സ്പെഷ്യാലിറ്റി വിഭാഗത്തിനായി പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ഓപ്പറേഷൻ തീയേറ്റർ സജ്ജമാക്കുന്നതിന് ബഹു. എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 34,01,624 രൂപ ചെലവഴിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) നിലവിൽ ഈ ആശുപത്രിയിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ; ഒഴിവുള്ള തസ്തികകളിൽ സ്റ്റാഫിനെ ഉടൻ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ടി ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ, ജോലി ചെയ്യുന്ന ആൾക്കാരുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) സ്പെഷ്യാലിറ്റി വിഭാഗം ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസിന്റെ കീഴിലായതിനാൽ സ്പെഷ്യാലിറ്റി ആശുപത്രിയാക്കുന്നതിനുവേണ്ടി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

17.01.2006-ലെ ജി.ഒ.(എം.എസ്)നം.13/2006/ആ.കു.വ, ഉത്തരവുപ്രകാരം ഉഴവൂർ ആശുപത്രിയെ കെ. ആർ. നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

(ഇ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഒരു നിലയിൽ പ്രവർത്തനം തുടങ്ങിയ ആശുപത്രിക്ക് ആറ് നിലകളുള്ള ബിൽഡിംഗ് ഉണ്ടെങ്കിലും ബാക്കിയുള്ള സ്ഥലംകൂടി ഉപയോഗപ്പെടുത്തി സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കുന്നതിന് ഡി.എച്ച്.എസ്. പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മാണത്തിന് പ്രത്യേക രൂപരേഖ</u>

154 (2089) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മാണത്തിന് പ്രത്യേക രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ആരോഗ്യ വകുപ്പിലെ നിലവിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നത്. അതുകൊണ്ട് ഒരു പൊതുവായ രൂപരേഖ ഉപയോഗിച്ച് പ്രവർത്തനക്ഷമമാക്കാൻ സാധിക്കില്ല. എന്നാൽ, ആർദ്രം പദ്ധതിയിൽ ഒരു കുടുംബാരോഗ്യകേന്ദ്രത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ആർദ്രം പദ്ധതിയുടെ മാർഗ്ഗരേഖയനുസരിച്ചും IPHS, ക്വാളിറ്റി സ്റ്റാൻഡേർഡിനനുസരിച്ചും ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ്, കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, പ്രീ-ചെക്കപ്പ് ഏരിയ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തിക്കൊണ്ടുള്ള പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ്

സ്റ്റേഷൻ, ലാബ്, വെയിറ്റിംഗ് ഏരിയ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശുചിമുറികൾ, കൗൺസലിംഗ് റൂം, ഇമ്മ്യൂണൈസേഷൻ റൂം, ഫീഡിംഗ് റൂം, ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ എന്നീ സൗകര്യങ്ങളാണ് നൽകേണ്ടത്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യത കണക്കിലെടുത്ത് ഓരോ കുടുംബാരോഗ്യകേന്ദ്രത്തിന്റെയും രൂപരേഖ പ്രത്യേകമായി തയ്യാറാക്കിയാണ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്.

## പ്രവർത്തനക്ഷമമല്ലാത്ത ചികിത്സ ഉപകരണങ്ങൾ

155 (2090) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയിൽ പ്രവർത്തനക്ഷമമല്ലാത്ത ചികിത്സ ഉപകരണങ്ങൾ ഏതൊക്കെയാണെന്നും ഓരോന്നും വാങ്ങിയ തീയതി എന്നാണെന്നും ഓരോന്നിന്റെയും വില എത്രയാണെന്നും ആശുപത്രി തിരിച്ച് വ്യക്തമാക്കുമോ?

പ്രവർത്തനക്ഷമമല്ലാത്ത ചികിത്സ ഉപകരണങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## എടപ്പാൾ സി.എച്ച്.സി.-യിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

156 (2091) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ എടപ്പാൾ സി.എച്ച്.സി.-യിൽ മാതൃ-ശിശു ബ്ലോക്കിന്റെ ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടും അത് ഉപയോഗിക്കാതിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഉപയോഗിക്കുന്നതിനാവശ്യമായ ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ആർദ്രം മാനദണ്ഡം അനുസരിച്ച് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഗൈനക്കോളജിസ്റ്റിന്റെ തസ്തിക അനുവദിച്ചിട്ടില്ല. എടപ്പാൾ സാമൂഹികാരോഗ്യകേന്ദ്രത്തിൽ നിന്നും ഗൈനക്കോളജി വിഭാഗം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തിക്കുന്ന കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലേയ്ക്ക് 9.4 കി.മി. ദൂരവും പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് 8.3 കി.മി. ദൂരവുമാണ് ഉള്ളത്. ആയതിനാൽ പൊതുജനങ്ങൾക്ക് ഈ ആശുപത്രികളുടെ സേവനം ലഭ്യമാകുന്നുണ്ട്.

ആർദ്രം മാനദണ്ഡപ്രകാരം വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് മെച്ചപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകി വരുന്നു.

**മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്താൻ നടപടി**

157 (2092) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രി എന്നതും ജില്ലയിൽ ഒരു ജനറൽ ആശുപത്രി ഇല്ല എന്നതും പരിഗണിച്ച് മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

(എ-സി) ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളെയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് പ്രാമുഖ്യം നൽകുന്നത്.

ആർദ്രം മാനദണ്ഡമനുസരിച്ച് ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്കുതല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമാക്കി നടത്തിവരുന്നത്. ഇതനുസരിച്ച് മലപ്പുറം ജില്ലയിൽ തിരൂർ ജില്ലാ ആശുപത്രിയാണ് ജില്ലാതല ആശുപത്രിയുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.

മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി താലൂക്കുതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുന്നത്. താലൂക്കുതല

ആശുപത്രിയുടെ നിലവാരത്തിലുള്ള വികസന പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

(ഡി) നിലവിലുള്ള ആശുപത്രിയിൽ ബ്ലഡ് ബാങ്ക്, കാരുണ്യ ഫാർമസി എന്നിവ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് നിലവിലില്ല. ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. കാരുണ്യ ഫാർമസി തുടങ്ങുന്നതിനുവേണ്ട അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

<u>മലയിടംതുരുത്ത് സി.എച്ച്.സി.-യിലെ വികസനം</u>

158 (2093) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ മലയിടംതുരുത്ത് സി.എച്ച്.സി.-യിൽ എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) ആയതിലേയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം പ്രവൃത്തികൾക്കാണ് വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ&ബി) ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ മലയിടംതുരുത്ത് സി.എച്ച്.സി.-യിൽ ആയതിനായി അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തിക്കായി 35 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്.

പ്രസ്തുത തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവൃത്തികളാണ് ഡി.പി.ആർ.-ൽ ഉൾപ്പെടുത്തുന്നത്.

1. ഒ.പി. യിൽ TRIAGE സംവിധാനം.

2. ലാബ് സൗകര്യങ്ങൾ വിപുലീകരിക്കുക.

3. രോഗീ സൗഹൃദ വെയിറ്റിംഗ് ഏരിയ (ഒ.പി ആന്റ് ഫാർമസി).

4. നഴ്സിംഗ് സ്റ്റേഷൻ, ഒ.പി. കൗണ്ടർ പുന:ക്രമീകരണം.

5. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നവീകരണം.

6. ഫാർമസി, സ്റ്റോർ എന്നിവയുടെ നവീകരണം.

7. ഫിസിയോതെറാപ്പി യൂണിറ്റ്, അനുയാത്ര (MICU DMHP Clinic) എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ.

8. പ്രതിരോധ കുത്തിവയ്പ്പ് കേന്ദ്രത്തിന്റെ പരിഷ്കരണം.

(സി) മലയിടംതുരുത്ത് സി.എച്ച്.സി.-യിലെ ഡോക്ടർമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ അനുവദിക്കപ്പെട്ട തസ്തികകളുടേയും പ്രസ്തുത തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടേയും വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ഡി) പ്രസ്തുത സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ടി സ്ഥാപനത്തിൽ മൂന്ന് ഡോക്ടർമാരുടെ സേവനമാണ് ലഭ്യമായി വരുന്നത്. കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്ന മുറയ്ക്ക് കിടത്തി ചികിത്സ തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ മലയിടംതുരുത്ത് സി.എച്ച്.സി-യുടെ പത്ത് കിലോമീറ്റർ ചുറ്റളവിനുള്ളിൽ ഐ.പി. സൗകര്യമുള്ള പെരുമ്പാവൂർ താലൂക്ക് ആശുപത്രി, 15 കി.മി. ചുറ്റളവിനുള്ളിൽ വടവുകോട് സി.എച്ച്.സി. എന്നീ ആശുപത്രികൾ സ്ഥിതി ചെയ്യുന്നു. കിടത്തി ചികിത്സ ആവശ്യമുള്ള രോഗികളെ മേൽപ്പറഞ്ഞ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്തുവരുന്നുണ്ട്.

## പാനൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം ആരംഭിക്കുന്നതിന് നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

159 (2094) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗം ബാധിക്കുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പഠനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ വൃക്കരോഗം ബാധിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഇത് സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങളൊന്നുംതന്നെ ആരോഗ്യ വകുപ്പ് നടത്തിയിട്ടില്ല.

(ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ വൃക്കരോഗികളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ പാനൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(ബി&സി) പാനൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കുന്നതിന് നിലവിൽ സ്ഥലസൗകര്യമില്ല. സ്ഥാപനത്തിന്റെ

അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ മാസ്റ്റർ പ്ലാനിലെ കെട്ടിട നിർമ്മാണത്തിന്റെ DPR-ൽ ഡയാലിസിസ് യൂണിറ്റ് കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സി.എച്ച്.സി.

160 (2095) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടവുകോട് സി.എച്ച്.സി.-യിൽ നിന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ചുവടെ കൊടുക്കുന്നു.

സിവിൽ സർജൻ – 1

സ്റ്റാഫ് നഴ്സ് ഗ്രേഡ് I - 1

സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 1

നഴ്സിംഗ് അസിസ്റ്റന്റ് - 2

(ബി) കോവിഡ് വ്യാപനം കുറഞ്ഞ സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരെ വടവുകോട് സി.എച്ച്.സി.-യിലേയ്ക്ക് തിരികെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) അമ്പതിലേറെ ബെഡുകൾ ലഭ്യമായ പ്രസ്തുത ആശുപത്രിയിൽ കിടത്തിചികിത്സ പുനരാംരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) കോവിഡ് വ്യാപനം കുറയുന്ന മുറയ്ക്ക് പ്രസ്തുത ജീവനക്കാരെ വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് തിരികെ നിയോഗിക്കുന്നതും കിടത്തി ചികിത്സ പുനരാരംഭിക്കുന്നതുമാണ്.

(ഡി) പോസ്റ്റുമോർട്ടം ചെയ്യാനുള്ള പശ്ചാത്തല സൗകര്യമുള്ള പ്രസ്തുത ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോയെന്ന് അറിയിക്കാമോ?

നിലവിൽ താലൂക്ക് ആശുപത്രി മുതൽ മുകളിലോട്ടുള്ള സ്ഥാപനങ്ങളിലാണ് പോസ്റ്റ്മോർട്ടം നടന്നുവരുന്നത്.

## കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് പ്രവർത്തനം

161 (2096) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കാത്ത്ലാബ് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് പറയാമോ?

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കാത്ത്ലാബ് പ്രവർത്തനം തുടങ്ങുന്നതിനുള്ള നിർമ്മാണപ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ജീവനക്കാരുടെ നിയമന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കാത്ത്ലാബിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കും.

(ബി) എന്തൊക്കെ ഉപകരണങ്ങളും സജ്ജീകരണങ്ങളുമാണ് കാത്ത്ലാബ് സ്ഥാപിക്കുന്നതിനായി ഇതുവരെ ഒരുക്കിയതെന്ന് വ്യക്തമാക്കാമോ?

കാത്ത്ലാബ് സ്ഥാപിക്കുന്നതിനായി കെ.എം.എസ്.സി.എൽ. മുഖാന്തരം ലഭ്യമാക്കിയ ഉപകരണങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

- Centralized Medical Gas Supply
- Ventilator ICU

- Over bed table
- Bed Side Locker
- Crash Cart
- Point of care ABG machine
- Cathlab Model B
- Pacemaker (Temporary)- Single Chamber
- Refrigerator Model B (With stabilizer)
- Trop T Analyzer
- ACT Machine (Activated Clotting Time )
- ICU Cot Model B
- Emergency Trolley (Trauma Emergency Cot)
- Multiparameter Monitor (5 Para) with Central Monitoring System
- Pacemaker (Temporary)- Dual Chamber
- Diesel Generator 250 KVA
- Suction Apparatus

(സി) ഏതൊക്കെ തസ്തികകളാണ് കാത്ത് ലാബിന്റെ പ്രവർത്തനത്തിന് വേണ്ടി വരുന്നതെന്ന് വിശദമാക്കാമോ?

കാർഡിയോളജിസ്റ്റ്-2, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 2, അസിസ്റ്റന്റ് സർജൻ - 1, സി.എം.ഒ - 2, കാത്ത് ലാബ് ടെക്നീഷ്യൻ - 2, ഇ.സി.ജി ടെക്നീഷ്യൻ - 2

(ഡി) പ്രസ്തുത തസ്തികകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇത് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് പറയാമോ?

കാർഡിയോളജി അടക്കമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ പി.എച്ച്.സി, എഫ്.എച്ച്.സി, സി.എച്ച്.സി എന്നിവയുടെ പ്രവർത്തനം

162 (2097) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ എത്ര പ്രൈമറി ഹെൽത്ത് സെന്റർ, ഫാമിലി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത്

സെന്റർ എന്നിവയുണ്ടെന്ന് വ്യക്തമാക്കാമോ?

1. തൊടിയൂർ കുടുംബാരോഗ്യകേന്ദ്രം

2. അഴീക്കൽ കുടുംബാരോഗ്യകേന്ദ്രം

3. ആലപ്പാട് കുടുംബാരോഗ്യകേന്ദ്രം

4. വള്ളിക്കാവ് കുടുംബാരോഗ്യകേന്ദ്രം

5. ഓച്ചിറ സാമൂഹികാരോഗ്യകേന്ദ്രം

6. കുലശേഖരപുരം കുടുംബാരോഗ്യകേന്ദ്രം

(ബി) പ്രസ്തുത ഹെൽത്ത് സെന്ററുകളിലെ തസ്തികകളുടെ എണ്ണവും അതിലെ ഒഴിവുകളുടെ എണ്ണവും ഇനം തിരിച്ച് വിശദമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) മതിയായ ജീവനക്കാരില്ലാത്തതുമൂലം മണ്ഡലത്തിലെ ഏതെങ്കിലും പ്രൈമറി ഹെൽത്ത് സെന്റർ, ഫാമിലി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ പ്രവർത്തനം തടസ്സപ്പെടുന്നുണ്ടോ; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മതിയായ ജീവനക്കാരില്ലാത്തതുമൂലം മണ്ഡലത്തിലെ ഏതെങ്കിലും പ്രൈമറി ഹെൽത്ത് സെന്റർ, ഫാമിലി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ പ്രവർത്തനം തടസ്സപ്പെടുന്നില്ല.

<u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച ഓക്സിജൻ പ്ലാന്റിന്റെ പ്രവർത്തനം</u>

163(2098) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച ഓക്സിജൻ പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ട്രാൻസ്ഫോർമർ, ജനറേറ്റർ എന്നീ സംവിധാനങ്ങൾ സ്ഥാപിക്കാത്തതിനാലാണ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത്.

(ബി) ഓക്സിജൻ പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതിനായി ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഓക്സിജൻ പ്ലാന്റിന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് നിലവിലെ ഹൈ-ടെൻഷൻ വൈദ്യുതി കണക്ഷൻ പോരാത്തതിനാൽ

ട്രാൻസ്ഫോർമറിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനായി തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ പ്രോജക്ട് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ കരാർ നൽകിയിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പുരോഗമിക്കുന്നു. ജനറേറ്റർ സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

(സി) ഓക്സിജൻ പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് എത്ര തുകയാണ് വിനിയോഗിച്ചതെന്നും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ഇനി എത്ര തുകയാണ് വേണ്ടതെന്നും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഏത് ഏജൻസിയെയാണ് സർക്കാർ ചുമതലപ്പെടുത്തിയതെന്നും വിശദമാക്കാമോ?

ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണത്തിനായി 28,61,880 രൂപ ചെലവാക്കിയിട്ടുണ്ട്. പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതിനായി 27,82,000 രൂപ കൂടി ആവശ്യമായി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്താണ് ഫണ്ട് വകയിരുത്തി ഈ രണ്ട് പ്രവൃത്തികളും നിലവിൽ നിർവ്വഹിക്കുന്നത്.

<u>നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി ആരംഭിക്കുന്ന കാര്യം</u>

164 (2099) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി ആരംഭിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നെല്ലിക്കുഴി പഞ്ചായത്തിൽ സിദ്ധ ഡിസ്പെൻസറി ആരംഭിക്കുന്നതിനായി ആയുഷ് ഡയറക്ടർ നല്കിയിട്ടുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

(എ& ബി) ഉണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൻപ്രകാരം കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യം

165 (2100) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ കിഫ്ബി വഴി നടപ്പാക്കുന്ന അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഒരു പുതിയ ആശുപത്രി സമുച്ചയം, പൈതൃക കെട്ടിടത്തിന്റെ നവീകരണം, അനുബന്ധ സൗകര്യങ്ങളുടെ വികസനം, പുതിയ ആശുപത്രി ബ്ലോക്കിനുള്ള ഉപകരണങ്ങളുടെയും ഫർണിച്ചറുകളുടെയും സജ്ജമാക്കൽ, ബാഹ്യ അടിസ്ഥാനസൗകര്യങ്ങളുടെ വികസനം എന്നിവയ്ക്കായി ഏഴ് നില കെട്ടിടമാണ് ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ നിർമ്മിക്കുന്നത്. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തീയേറ്റർ, എക്സ്റേ, ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ്, ഓർത്തോ എന്നിങ്ങനെയുള്ള സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ്, സ്വീവേജ് തുടങ്ങിയ വർക്കുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും ഓരോ വർക്കും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും വിശദീകരിക്കാമോ?

മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ്, സ്വീവേജ് തുടങ്ങിയ വർക്കുകൾ മൂന്നാംഘട്ട പാക്കേജായി പരിഗണിക്കുന്നതിനായി സാങ്കേതിക

അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതും സമയബന്ധിതമായി മേൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതുമാണ്.

താമരശ്ശേരി താലൂക്ക് ആശുപത്രി വികസനം

166 (2101) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്ക് ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ തുടർനടപടികൾ സ്വീകരിക്കാൻ കൈമാറിയ നിവേദനത്തിൽ (ഫയൽ നമ്പർ ഇ 5958083/22/എം (എച്ച്ഡബ്ല്യൂ&സിഡി) എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവകുപ്പ് ഡയറക്ടർ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറോട് ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റും ബ്ലഡ് ബാങ്കും സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

താമരശ്ശേരി താലൂക്കാശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബ്ലഡ് ബാങ്ക് നിർമ്മിക്കുന്നതിനായി 35 ലക്ഷം രൂപ NHM ഫണ്ടിൽ നിന്നും അനുവദിക്കുകയും നിർവ്വഹണ ഏജൻസിയായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

## പി.എച്ച്.സി., എഫ്.എച്ച്.സി. ആക്കുന്നതിന് നടപടി

167 (2102) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിക്കത്തോട്, വിഴിക്കത്തോട് എന്നീ പി.എച്ച്.സി.-കളെയും ഇടയിരിക്കപ്പുഴയിലെ സി.എച്ച്.സി.-യെയും എഫ്.എച്ച്.സി.-കളാക്കുന്നതിനുള്ള പ്രവൃത്തി ഏത് ഘട്ടത്തിലായെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പള്ളിക്കത്തോട് പ്രാഥമികാരോഗ്യ കേന്ദ്രം, വിഴിക്കത്തോട് പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായും 20.03.2020-ലെ സ.ഉ. (സാധാ)നം.619/2020/H&FWD പ്രകാരം ഇടയിരിക്കപ്പുഴ

പ്രാഥമികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായും ഉയർത്തിയിട്ടുണ്ട്.

വിഴിക്കത്തോട് പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. പള്ളിക്കത്തോട് പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് എൻ.എച്ച്.എം. ഫണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേനയുള്ള ഫണ്ടും ഉപയോഗിച്ചുള്ള നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു. സി.എച്ച്.സി., ഇടയിരിക്കപ്പുഴയെ ബ്ലോക്കുതല എഫ്.എച്ച്.സി. ആക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ കരിക്കാട്ടൂർ, നെടുങ്കുന്നം, കാളകെട്ടി എന്നിവിടങ്ങളിലെ പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളാക്കുന്നതിനുള്ള കെട്ടിടനിർമ്മാണ പ്രവൃത്തിക്കായി എൻ.എച്ച്.എം. ഫണ്ടിൽ നിന്നും മതിയായ തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ?

കരിക്കാട്ടൂർ, നെടുങ്കുന്നം, കാളകെട്ടി എന്നിവിടങ്ങളിലെ പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളായി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്ക് 15,50,000 രൂപ വീതം എൻ.എച്ച്.എം. ഫണ്ടിൽ നിന്നും

അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ അധിക തുകയ്ക്കായി എൻ.എച്ച്.എം.-ന്റെ 2022-24 സാമ്പത്തിക വർഷത്തിലെ PIP-യിൽ പ്രസ്തുത പ്രൊപ്പോസലുകൾ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലെ ഒ.പി. നവീകരണവുമായി ബന്ധപ്പെട്ട നിർമ്മാണപ്രവൃത്തികൾ ഏത് ഘട്ടത്തിലായെന്നും എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നും അറിയിക്കുമോ?

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ 2020-21 സാമ്പത്തിക വർഷത്തിലെ സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന ഒ.പി. പരിവർത്തന പ്രവൃത്തികൾക്കായി 76.72 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണച്ചുമതല FIT എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചത്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ, കാഞ്ഞിരപ്പള്ളി ആശുപത്രിയിൽ 2021-22 സാമ്പത്തിക വർഷത്തിലെ സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന ഒ.പി. പരിവർത്തന പ്രവൃത്തിക്കായി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി വരികയാണ്.

## എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ആശുപത്രികളിൽ ചെലവഴിച്ച തുക

168 (2103) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് നീക്കിവച്ച തുക വിനിയോഗിച്ച് ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) വികസന പ്രവർത്തനങ്ങൾക്കായി ഏതെല്ലാം ആശുപത്രികളിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ചങ്ങനാശ്ശേരി മണ്ഡലത്തിൽ, ജനറൽ ആശുപത്രി, ചങ്ങനാശ്ശേരിക്ക് ഓക്സിജൻ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് തടസ്സമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി 36.53 ലക്ഷം രൂപ ചെലവഴിച്ച് ജനറേറ്റർ സ്ഥാപിച്ചു. 26.07.2021-ലെ G.O(Rt)No. 1555/2021/H&FWD പ്രകാരം ഒരു നിയോജകമണ്ഡലത്തിലെ ഒരു ആശുപത്രിയിൽ 10 ബെഡുകളുള്ള ഐസോലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾക്കുമായി എം.എൽ.എ. ഫണ്ടിൽ

നിന്നും 50 ശതമാനവും കിഫ്ബി ഫണ്ടിൽ നിന്നും 50 ശതമാനവും ചേർത്ത് ആകെ 1,79,00,000 രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. ചങ്ങനാശ്ശേരി മണ്ഡലത്തിലെ സചിവോത്തമപുരം സാമൂഹ്യ ആരോഗ്യകേന്ദ്രമാണ് ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി പരിഗണിച്ചിട്ടുള്ളത്. നിലവിൽ പ്ലിന്ത് ബീം കോൺക്രീറ്റിനായുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

<u>നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രം</u>

169 (2104) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്നും ഇവിടെ സ്ഥിരമായും കോൺട്രാക്ട് അടിസ്ഥാനത്തിലും <u>ഉള്ള</u> ഡോക്ടർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ടെന്നും വിശദമാക്കാമോ;

(ബി) നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ സർക്കാരിൽ നിന്നും എൻ.എച്ച്.എം.-ൽ നിന്നും രണ്ട് വീതം ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ 4 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്.

- സ്ഥിരം ഡോക്ടർമാർ -2
- എൻ.എച്ച്.എം.ഡോക്ടർ -1
- എൽ.എസ്.ജി.ഡി.മുഖേന നിയമിച്ച ഡോക്ടർ - 1

ഈ കുടുംബാരോഗ്യ കേന്ദ്രത്തിൽ അനുവദിച്ചിട്ടുള്ള 2 തസ്തികകളിലും രണ്ട് സ്ഥിരം ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്.

(സി) നന്നമ്പ്ര പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയപ്പോൾ എന്തെല്ലാം കൂടുതൽ സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത്; എത്ര ജീവനക്കാരെ പുതുതായി നിയമിച്ചു; വിശദമാക്കാമോ?

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നന്നമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രം 16.06.2018-ലെ G.O(MS) No.113/2018/H&FWD പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നതിന് എൻ.എച്ച്.എം. മുഖേന 15.5 ലക്ഷം രൂപ അടിസ്ഥാന വികസനത്തിനായി അനുവദിക്കുകയും പ്രസ്തുത ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കുടുംബാരോഗ്യ കേന്ദ്രമായതിനാൽ ഒ.പി. സമയം രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ ആക്കുകയും ലാബ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനെ തുടർന്ന് താഴെപ്പറയുന്ന അഞ്ച് തസ്തികകളിൽ രണ്ടെണ്ണത്തിൽ തസ്തികകൾ പുതുതായി സൃഷ്ടിച്ചും മറ്റിടങ്ങളിൽ തദ്ദേശഭരണ സ്ഥാപനം വഴി താത്കാലികമായി സ്റ്റാഫിനെ നിയമിച്ചും മെച്ചപ്പെട്ട സേവനം രോഗികൾക്കും പൊതുജനങ്ങൾക്കും നൽകിവരുന്നു.

- ഡോക്ടർ - 1 (എൽ.എസ്.ജി.ഡി.)
- സ്റ്റാഫ് നഴ്സ് - 1 (ആർദ്രം പദ്ധതി പ്രകാരം)
- ഫാർമസിസ്റ്റ് - 1 (എൽ.എസ്.ജി.ഡി.)
- സ്റ്റാഫ് നഴ്സ് - 1 (എൽ.എസ്.ജി.ഡി.)
- ലാബ് ടെക്നീഷ്യൻ - 1 (ആർദ്രം പദ്ധതി പ്രകാരം)

(ഡി) നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലെ ഹെൽത്ത് ഇൻസ്പെക്ടർ, സ്റ്റാഫ് നഴ്സ് എന്നിവരുടെ ഒഴിവ് നികത്താൻ നടപടി സ്വീകരിക്കുമോ?

നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ നിലവിൽ ഒഴിവില്ല. ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാഞ്ഞൂരിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നത്

170 (2105) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ; നിലവിലുണ്ടെങ്കിൽ ടി പ്രൊപ്പോസൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പ്രാഥമികാരോഗ്യകേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിലേയ്ക്കുള്ള അടിസ്ഥാനസൗകര്യ വികസനത്തിനായി എൻ.എച്ച്.എം. മുഖേന 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഡി.പി.ആർ.

തയ്യാറാക്കുന്നതിനുള്ള നടപടി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം വഴി നടന്നുവരുന്നു.

## ആമച്ചൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡ്

171 (2106) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ ആമച്ചൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുമോ?

ഉണ്ട്. കാട്ടാക്കട നിയോജകമണ്ഡലത്തിൽ ആമച്ചൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് ആരംഭിക്കുന്നതിന് 26.07.2021-ലെ സ.ഉ.(സാധാ)നം,.1555/2021/ആകുവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ടി ആശുപത്രിയിൽ അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനുള്ള പ്രാഥമികഘട്ട പട്ടികയിൽ പ്രസ്തുത ആശുപത്രി ഉൾപ്പെട്ടിട്ടില്ല. അനുയോജ്യമായ സ്ഥലസൗകര്യം ഉള്ള സ്ഥാപനം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ചേലേമ്പ്ര ആയുർവേദ ആശുപത്രി അപ്ഗ്രഡേഷൻ

172 (2107) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് സർക്കാർ ആയുർവേദ ആശുപത്രിയെ 30 ബെഡാക്കി ഉയർത്തുന്നതിന് വേണ്ടി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) നിലവിൽ എല്ലാ തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായ ചേലേമ്പ്ര ആയുർവേദ ആശുപത്രിയിൽ 30 കിടക്ക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ആയുഷ് വകുപ്പ് ഡയറക്ടറേറ്റിൽനിന്നും റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലമ്പ്ര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ചേലമ്പ്ര സർക്കാർ ആയുർവേദ ആശുപത്രിയെ മുപ്പത് കിടക്കകളായുള്ള ആശുപത്രിയായി അപ്ഗ്രേഡ്

ചെയ്യുന്നതിനായി സമർപ്പിച്ച നിവേദനം പരിശോധിക്കുകയുണ്ടായി. മുപ്പത് കിടക്കകളോടുകൂടിയ ബ്ലോക്കുതല ആശുപത്രിയാക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് തയ്യാറാക്കിയിട്ടുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ ചേലന്ത്ര സർക്കാർ ആയുർവേദ ആശുപത്രി ഉൾപ്പെട്ടിട്ടുള്ളതാകുന്നു. സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

<u>കരുനാഗപ്പള്ളി മണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ</u>

173 (2108) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ ആരോഗ്യവകുപ്പിനുകീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും ഇവയെല്ലാം പ്രവർത്തനസജ്ജമാണോയെന്നും വിശദമാക്കാമോ?

കരുനാഗപ്പള്ളി മണ്ഡലത്തിലെ ആരോഗ്യ വകുപ്പിനുകീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു. ടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപകേന്ദ്രങ്ങളിൽ ആലപ്പാട്, പണ്ടാരത്തുരുത്ത്, വലിയകുളങ്ങര, ചങ്ങൻകുളങ്ങര, ആദിനാട് സൗത്ത്, കോട്ടയ്ക്കുപുറം, കറുങ്ങാപ്പള്ളി, കറുങ്ങാപ്പള്ളി വെസ്റ്റ്, കടത്തൂർ, ആദിനാട് നോർത്ത് എന്നിവ പ്രവർത്തനസജ്ജമല്ല.

(ബി) പ്രവർത്തനസജ്ജമല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

പഞ്ചായത്തിൽനിന്നും അൺഫിറ്റ് സാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചങ്ങൻകുളങ്ങര സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദിനാട് സൗത്ത്, കോട്ടയ്ക്കുപുറം, കറുങ്ങാപ്പള്ളി, കറുങ്ങാപ്പള്ളി വെസ്റ്റ്, കടത്തൂർ, ആദിനാട് നോർത്ത് എന്നീ സബ് സെന്ററുകളിൽ ജീവനക്കാരുടെയും ഗുണഭോക്താക്കളുടെയും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

ആലപ്പാട് സബ് സെന്ററിന് സ്വന്തമായി കെട്ടിടമില്ല. പണ്ടാരത്തുരുത്ത് സബ് സെന്ററിന്റെ പുതിയ കെട്ടിട നിർമ്മാണം നടന്നു വരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ഏതൊക്കെയാണെന്നും ഇവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതികളുണ്ടോയെന്നും വിശദമാക്കാമോ?

ഉണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു.

ആലപ്പാട്, പണ്ടാരത്തുരുത്ത് (കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു), തോടിനുവടക്ക്, കുളങ്ങരഭാഗം, തോട്ടത്തിൽമുക്ക്, ക്ലാപ്പന, മേമന, വയനകം, കോട്ടയ്ക്കുപുറം, കറുങ്ങാപ്പള്ളി, കടത്തൂർ, കറുങ്ങാവ് വെസ്റ്റ്, ആദിനാട് നോർത്ത്, തൊടിയൂർ, പി.വി.സൗത്ത്, പി.വി. നോർത്ത്, മുഴങ്ങാടി.

ചങ്ങാരത്തുരുത്ത് സബ് സെന്ററിനൊഴികെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതികളൊന്നും നിലവിലില്ല.

## പാനൂർ താലൂക്ക് ആശുപത്രിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുവാൻ നടപടി

174 (2109) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ താലൂക്ക് ആശുപത്രിയിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, ചൈൽഡ്

സ്പെഷ്യലിസ്റ്റ് തുടങ്ങിയ വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഇല്ലാത്തതിനാൽ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യങ്ങളുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പാനൂർ താലൂക്ക് ആശുപത്രിയിൽ അത്യാവശ്യ വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ എന്നത്തേയ്ക്ക് നിയമിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

(എ-സി) പാനൂർ താലൂക്കാശുപത്രിയിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, ചൈൽഡ് സ്പെഷ്യലിസ്റ്റ് തുടങ്ങിയ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ തസ്തിക നിലവിൽ അനുവദിച്ചിട്ടില്ല. സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ വിവിധ ആശുപത്രികളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

<u>മേലാറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി വിഭാഗം</u>

175 (2110) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേലാറ്റൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജിസ്റ്റ് ഇല്ലാത്തതും ഇവിടെ പ്രസവമെടുപ്പും അനുബന്ധ ചികിത്സയും വർഷങ്ങളായി ഇല്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗവും കുട്ടികളുടെ വിഭാഗവും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ആർദ്രം മാനദണ്ഡമനുസരിച്ച് നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി വിഭാഗം അനുവദിക്കപ്പെട്ടിട്ടില്ല.

<u>പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ രാത്രികാല ഒ.പി.</u>

176 (2111) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ രാത്രികാല ഒ.പി. സേവനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സേവനം തടസ്സപ്പെടാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തിക നിലവിൽ ഇല്ലാത്തതിനാൽ കാഷ്വാലിറ്റി സേവനം ലഭ്യമല്ല. ആയതിനാൽ രാത്രി ഒ.പി.സേവനം നിലവിലില്ല.

(ബി) താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണ് നിലവിൽ ഉള്ളതെന്നും അതിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ?

ഡോക്ടർമാരുടെ 8 തസ്തികകൾ നിലവിൽ ഉണ്ട്. ഒഴിവുകൾ ഒന്നും ഇല്ല.

- സിവിൽ സർജൻ (സൂപ്രണ്ട്) - 1
- അസിസ്റ്റന്റ് സർജൻ - 5
- ജൂനിയർ കൺസൾട്ടന്റ് (ഗൈനക്) - 1
- ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്) -1

(സി) ജോലി ക്രമീകരണംമൂലം ഡോക്ടർമാരെ മറ്റ് ആശുപത്രികളിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ അതിന് പകരം വേറെ ഡോക്ടറെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഗൈനക്കോളജി തസ്തികയിൽ ജോലി ചെയ്യുന്ന ഒരു ഡോക്ടർ ജോലി ക്രമീകരണ വ്യവസ്ഥയിൽ പേരാവൂർ താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ട്. പകരമായി എൻ.എച്ച്.എം. മുഖേന ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

## ആലിപ്പറമ്പ് പി.എച്ച്.സി. സബ് സെന്റർ കെട്ടിട നിർമ്മാണം

177 (2112) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലിപ്പറമ്പ് പി.എച്ച്.സി.-ക്ക് കീഴിലുള്ള സബ് സെന്റർ കെട്ടിടം പൊളിച്ചുനീക്കിയത് പുനർനിർമ്മിക്കുന്നതിന് സർക്കാർ തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര രൂപയാണ് അനുവദിച്ചത് എന്നും ഇത് ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

(എ&ബി) പൊളിച്ചുനീക്കിയ സബ്സെന്റർ കെട്ടിടം പുനർനിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടില്ല.

## മുക്കം സി.എച്ച്.സി.-ക്ക് നബാർഡ് ധനസഹായം

178 (2113) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം സി.എച്ച്.സി.-ക്ക് ആധുനിക സൗകര്യങ്ങളുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നബാർഡ് ധനസഹായത്തോടെ ഫണ്ട് അനുവദിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നബാർഡ് ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മുക്കം സി.എച്ച്.സി.-ക്ക് ആധുനിക സൗകര്യങ്ങളുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നബാർഡ് പ്രോപ്പോസൽ മുക്കം സി.എച്ച്.സി. അധികൃതർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോപ്പോസൽ ജില്ലാ മെഡിക്കൽ ഓഫീസറും ആരോഗ്യ വകുപ്പ് ഡയറക്ടറും പരിശോധിച്ച് തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് നബാർഡ് ധനസഹായം അനുവദിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>വെൺപകൽ സി.എച്ച്.സി. യിൽ ഐ.സി.യു. സ്ഥാപിക്കുന്നത് സംബന്ധിച്ച്</u>

179 (2115) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ ആരംഭിക്കാൻ പോകുന്ന ഐ.സി. യൂണിറ്റിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥയെന്തെന്ന് വിശദമാക്കാമോ;

(ബി) എത്രകോടി രൂപയുടെ ഐ.സി.യു. ആണ് വെൺപകൽ സി.എച്ച്.സി.-യിൽ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

(എ-സി) നെയ്യാറ്റിൻകര വെൺപകൽ ആശുപത്രിയിൽ ഐ.സി. യൂണിറ്റ് സ്ഥാപിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## റാന്നി താലൂക്കാശുപത്രിയുടെ സ്ഥലമേറ്റെടുക്കൽ നടപടി

180 (2116) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി

വിശദമാക്കാമോ;

(ബി) സ്ഥലമേറ്റെടുക്കൽ നടപടിക്രമത്തിന്റെയും കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന്റെയും തുടർ പ്രവർത്തനക്രമം വിശദമാക്കാമോ;

(സി) റാന്നി താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി പുതുക്കുന്നതിനാവശ്യമായ നടപടികൾ ഏതു ഘട്ടത്തിലായിയെന്ന് വിശദമാക്കാമോ?

(എ-സി) പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കാശുപത്രിയുടെ വികസനത്തിന് 30.12.2020-ലെ ജി.ഒ (ആർ.ടി) നം. 2431/2020/ആ.ക.വ എന്ന ഉത്തരവ് പ്രകാരം 12.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത നിർമ്മാണപ്രവൃത്തിക്ക് 15.6 കോടി രൂപയുടെ ധനാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 29.04.2022-ലെ ജി.ഒ(ആർ.ടി) നം.960/22/ആ.ക.വ. എന്ന ഉത്തരവുപ്രകാരം റാന്നി താലൂക്കാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് 51.5 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 45,32,887 രൂപ കിഫ്ബി ഫണ്ടിൽനിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതിന്മേൽ റാന്നി താലൂക്കിലെ 65/6, 64/4 എന്നീ സർവ്വേ നമ്പരിൽപ്പെട്ട 51.5 സെന്റ് സ്ഥലം LAAR Act 2013-ലെ വ്യവസ്ഥകൾ അനുസരിച്ച് ഏറ്റെടുക്കുന്നതിന്

28.06.2022-ലെ സ.ഉ.(സാധാ) നം.2824/22/റവന്യൂ പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും.

## പി.എച്ച്.സി.-യുടെ സബ് സെന്റർ

181 (2117) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമുളക്കൽ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി.-യുടെ സബ് സെന്റർ മാക്കുളം പ്രദേശത്ത് അനുവദിക്കുന്നത് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) യാത്രാസൗകര്യം കുറവായ, വിദൂര ഉൾപ്രദേശത്തുള്ള ഇടമുളക്കൽ പഞ്ചായത്ത് പി.എച്ച്.സി.-യിൽ യാത്രാബുദ്ധിമുട്ടുകൾ കാരണം ഇടമുളക്കൽ, മാക്കുളം പ്രദേശത്തുള്ളവർക്ക് എത്തിച്ചേരാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യാത്രാബുദ്ധിമുട്ടുകൾ പരിഗണിച്ച് മാക്കുളം പ്രദേശത്ത് പി.എച്ച്.സി.-യുടെ സബ്സെൻറർ തുറക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) അപേക്ഷ ലഭിച്ചിട്ടുണ്ട്. മാക്കുളം പ്രദേശത്ത് സബ് സെന്ററിന്റെ ആവശ്യകത സംബന്ധിച്ച വിശദമായ റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ഗവൺമെന്റ് ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി

182 (2118) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ ശ്രമിക്കുമോ; വിശദമാക്കാമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ അസിസ്റ്റന്റ് സർജനായി ജോലി ചെയ്യുന്ന നെഫ്രോളജിസ്റ്റിന് സ്പെഷ്യാലിറ്റി ആനുകൂല്യം നൽകി നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം, സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഓപ്ഷൻ നൽകിയ ശേഷം, സീനിയോറിറ്റി അനുസരിച്ച് സ്പെഷ്യാലിറ്റി

കേഡറിലേയ്ക്ക് പ്ലേസ്മെന്റ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്പെഷ്യാലിറ്റി ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളൂ.

## ചേറ്റുകുഴിയിൽ കുടുംബക്ഷേമ കേന്ദ്രം

183 (2119) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാളൂർ പഞ്ചായത്തിലെ മൂന്ന് വാർഡുകൾക്ക് പ്രയോജനമാകുന്ന രീതിയിൽ കരവാളൂർ ചേറ്റുകുഴി കേന്ദ്രമാക്കി കുടുംബക്ഷേമ കേന്ദ്രം അനുവദിക്കുന്നതുസംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ?

കുടുംബക്ഷേമ കേന്ദ്രം അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല. ഉപകേന്ദ്രം (സബ് സെന്റർ) അനുവദിക്കുന്നതിന് അപേക്ഷ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്.

(ബി) ജില്ലാ മെഡിക്കൽ ഓഫീസർ നല്കിയ പ്രൊപ്പോസൽ, പഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നിവകൂടി പരിഗണിച്ച് ഈ മേഖലയിൽ എഫ്.ഡബ്ല്യു.സി. സബ് സെന്റർ അനുവദിക്കുമോ; എങ്കിൽ

പ്രസ്തുത സബ് സെന്റർ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നറിയിക്കാമോ?

സബ് സെന്ററിന്റെ ആവശ്യകത സംബന്ധിച്ച വിശദമായ റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

കുടിവെള്ള ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള മാനദണ്ഡം

184 (2120) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള ഗുണനിലവാര പരിശോധനാഫലം (ജൈവ, രാസഗുണഗണങ്ങൾ) നിയമപ്രാബല്യമുള്ള ലാബിൽ (റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്സ്) പരിശോധിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

കുടിവെള്ള ഗുണനിലവാരം ഭക്ഷ്യ സുരക്ഷാ വകുപ്പിനുകീഴിലുള്ള അനലിറ്റിക്കൽ ലാബുകളിലാണ് പരിശോധിക്കുന്നത്.

Food Safety and Standards Act 2006, Rules and Regulations 2011 പ്രകാരം കേരളത്തിലെ സർക്കാർ തലത്തിലുള്ള ഭക്ഷ്യ പരിശോധനാ

ലാബുകളെ കുടിവെള്ളം ഉൾപ്പെടെയുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ പരിശോധിക്കുന്നതിനായി PFA (1954) Act and Rules (1955) അനുസരിച്ച് ഭക്ഷ്യ പരിശോധനയ്ക്കായി വിജ്ഞാപനം ചെയ്തിട്ടുള്ള ലാബുകളെ തൽസ്ഥിതി തുടരാൻ അനുമതി നൽകി Food Safety and Standards Authority of India (FSSAI) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം സംസ്ഥാന സർക്കാർ 14.10.2015-ലെ G.O (Rt.) No. 3363/2015/H&FWD പ്രകാരം ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പരിശോധനാഫലം ലഭിക്കാൻ കാലതാമസമുണ്ടാകുന്നത് ഒഴിവാക്കാൻ താലൂക്ക് തലത്തിൽ ലാബ് സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ താലൂക്കതലത്തിൽ ലാബ് സജ്ജീകരിക്കുന്നതിനുള്ള നടപടി പരിഗണനയിലില്ല.

(സി) സ്വകാര്യ ലാബുകളിൽ പ്രസ്തുത സേവനം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത പരിശോധനയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സർക്കാർ ലാബിൽ പ്രസ്തുത പരിശോധനയ്ക്കുണ്ടാകുന്ന കാലതാമസത്തിനുകാരണം വ്യക്തമാക്കാമോ; ഈ പരിശോധന ഇത്രയും സാങ്കേതിക സങ്കീർണ്ണതകളുള്ളതാണോയെന്ന് വിശദീകരിക്കാമോ; ഇതിന് പ്രാപ്യമായ എന്തെങ്കിലും പരിഹാരനിർദ്ദേശങ്ങളുണ്ടോ എന്നറിയിക്കാമോ?

കുടിവെള്ള ഗുണനിലവാര പരിശോധനയിൽ ജൈവ, രാസ പരിശോധനകൾ ഉൾപ്പെടുന്നു. രണ്ട് വിഭാഗങ്ങളായിട്ടാണ് പരിശോധിക്കുന്നത്. ഓരോ റീജിയണൽ ലാബിന്റെ പരിധിയിലും നാലോ അഞ്ചോ ജില്ലകൾ ഉൾപ്പെടുന്നു. ലബോറട്ടറികളിൽ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന സാമ്പിളുകൾ കൂടാതെ ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന സ്റ്റാറ്റ്യൂട്ടറി, സർവ്വയലൻസ്, റെയിൽവേ പരിശോധനയ്ക്കായി ലഭ്യമാക്കുന്ന സാമ്പിളുകൾ, ഗവൺമെന്റ് സ്കൂളുകൾ, ആശുപത്രികൾ, കോടതികൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന കുടിവെള്ളം കൂടാതെ Packaged/Mineral Water Samples, Effluent samples, നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വാട്ടർ സാമ്പിളുകളും പരിശോധനയ്ക്കായി ലഭിക്കുന്നു. Drinking Water, Effluent, Construction Water ഇവയ്ക്കെല്ലാം വ്യത്യസ്ത Testing Parameters ആണ് നിലവിലുള്ളത്. ഈ

പരിശോധനകളെല്ലാം ലാബുകളിലെ വാട്ടർ സെക്ഷനുകളിലാണ് പരിശോധനയ്ക്ക് വരുന്നത്. കുടിവെള്ള പരിശോധനയോടൊപ്പം മറ്റ് സാമ്പിളുകളിലെ വ്യത്യസ്ത പരിശോധനകൾക്കുമായി സമയം വിനിയോഗിക്കേണ്ടി വരുന്നതിനാലും ഒരേ ദിവസം തന്നെ ലൈസൻസ് ആവശ്യങ്ങൾ ഉൾപ്പെടെയുള്ള ധാരാളം വ്യത്യസ്തമായ സാമ്പിളുകൾ ലഭിക്കുന്നതിനാലും സമയബന്ധിതമായി പല സന്ദർഭങ്ങളിലും റിപ്പോർട്ട് നൽകാൻ സാധിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ദിവസവും ഇരുപത്തഞ്ചോളം സാമ്പിളുകൾ പരിശോധിച്ച് വരുന്നുണ്ട്. ഓരോന്നിലും 13 പാരാമീറ്ററുകൾ ചെയ്യുന്നുണ്ട്. ജൈവ പരിശോധനയ്ക്ക് 5 ദിവസം വരെ ആവശ്യമുണ്ട്. പരിശോധനയ്ക്കുശേഷം റിപ്പോർട്ട് തയ്യാറാക്കുന്നതിനും സമയം ആവശ്യമായി വരുന്നു.

ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലെ തസ്തികകൾ

185 (2121) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലെ തസ്തികകൾ ഏതൊക്കെയെന്നും അവയുടെ എണ്ണവും വിന്യാസവും വ്യക്തമാക്കാമോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലെ തസ്തികകളും അവയുടെ എണ്ണവും ചുവടെ പട്ടികയിൽ ചേർക്കുന്നു. പ്രസ്തുത തസ്തികകളുടെ വിന്യാസം അനുബന്ധമായി ചേർക്കുന്നു.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ഭക്ഷ്യസുരക്ഷാ കമ്മീഷണർ | 1 |
| 2 | ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ.) | 1 |
| 3 | ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ ആൻഡ് വിജിലൻസ്) | 1 |
| 4 | ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) | 1 |
| 5 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| 6 | ഫിനാൻസ് ഓഫീസർ | 1 |
| 7 | ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ | 3 |
| 8 | ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ/ഡെസിഗ്നേറ്റഡ് ഓഫീസർ | 14 |
| 9 | ഭക്ഷ്യസുരക്ഷാ ഓഫീസർ | 160 |
| 10 | ചീഫ് ഗവൺമെന്റ് അനലിസ്റ്റ് | 1 |
| 11 | ഗവൺമെന്റ് അനലിസ്റ്റ് | 4 |
| 12 | ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ് | 6 |
| 13 | റിസർച്ച് ഓഫീസർ | 25 |
| 14 | റിസർച്ച് ഓഫീസർ (മൈക്രോബയോളജിസ്റ്റ്) | 1 |
| 15 | ജൂനിയർ റിസർച്ച് ഓഫീസർ | 24 |
| 16 | മൈക്രോബയോളജിസ്റ്റ് | 5 |
| 17 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1 (Including Sample collector-3) | 27 |
| 18 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 | 25 |
| 19 | റിസർച്ച് അസിസ്റ്റന്റ് | 1 |
| 20 | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | 1 |
| 21 | സീനിയർ സൂപ്രണ്ട് | 2 |
| 22 | ജൂനിയർ സൂപ്രണ്ട് | 3 |
| 23 | ഹെഡ് ക്ലർക്ക് | 2 |
| 24 | ക്ലർക്ക് /സീനിയർ ക്ലാർക്ക് | 192 |
| 25 | ക്ലാർക്ക് ടൈപ്പിസ്റ്റ് | 3 |
| 26 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| 27 | ടൈപ്പിസ്റ്റ് | 20 |
| 28 | ഡ്രൈവർ | 18 |

| | | |
|---|---|---|
| 29 | ഓഫീസ് അറ്റൻഡന്റ് | 122 |
| 30 | പായ്ക്കർ | 4 |
| 31 | സീനിയർ (3)/ജൂനിയർ ലാബ് അസിസ്റ്റന്റ് (19) | 22 |
| 32 | നൈറ്റ് വാച്ച്മാൻ | 3 |
| 33 | പാർട്ട് ടൈം സ്വീപ്പർ | 28 |
| | ആകെ | 725 |

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പിലെ വിവിധ തസ്തികകളിലുള്ള ജീവനക്കാർക്ക് നിശ്ചയിക്കപ്പെട്ട ചുമതലകൾ വ്യക്തമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിലെ എൻഫോഴ്സ്മെന്റ്, ലബോറട്ടറി വിഭാഗം ജീവനക്കാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു:-

<u>ഭക്ഷ്യ സുരക്ഷാ കമ്മീഷണർ</u>

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, സെക്ഷൻ 30 പ്രകാരം ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഒരു ഭക്ഷ്യ സുരക്ഷാ കമ്മീഷണറെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

<u>ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് വിഭാഗം</u>

<u>ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)</u>

- മേഖലാ തലത്തിൽ ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ, ജില്ലാ തലത്തിൽ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ, ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ എന്നിവരുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുക.

- എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കീഴിൽവരുന്ന ഉദ്യോഗസ്ഥർക്ക് എതിരെയുള്ള പരാതികൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനായി മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് ഓരോ മാസവും സമർപ്പിക്കുക.

- ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റൻറ് കമ്മീഷണർ, എന്നീ ഉദ്യോഗസ്ഥരുടെ Monthly performance report വിലയിരുത്തി ഏകീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുക.

- ഭക്ഷ്യ സുരക്ഷാ കമീഷണറുടെ ഉത്തരവുകൾ അനുസരിച്ച് പ്രവർത്തിക്കുക.

ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ

കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയും ജില്ലാതല എൻഫോഴ്മെന്റ് പ്രവർത്തനങ്ങളും IEC പ്രവർത്തനങ്ങളും മേഖലാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ് നിലവിൽ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ നിർവ്വഹിച്ചുവരുന്നത്.

ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ (ഡെസിഗ്നേറ്റഡ് ഓഫീസർമാർ)

ഭക്ഷ്യ സംരംഭ സ്ഥാപനങ്ങൾക്ക് ഭക്ഷ്യ സുരക്ഷാ ലൈസൻസ് അനുവദിക്കുന്നതും റദ്ദ് ചെയ്യുന്നതും ഡെസിഗ്നേറ്റഡ് ഓഫീസർമാരാണ്.

ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ

നിലവിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ എന്ന രീതിയിലാണ് നിയമിച്ചിട്ടുള്ളത്. ഭക്ഷണപദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിക്കുക, അവ പരിശോധനയ്ക്ക് അയയ്ക്കുക എന്നിവ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ ചുമതലയാണ്. ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തുന്ന ഭക്ഷണപദാർത്ഥങ്ങൾ പിടിച്ചെടുക്കുന്നതിനും ഭക്ഷ്യ പദാർത്ഥങ്ങളുടെ ഉത്പാദന- വിതരണ-

വിപണന സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുന്നതിനും ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് അധികാരമുണ്ട്.

ഭക്ഷ്യ സുരക്ഷാ ലബോറട്ടറി വിഭാഗം

ഡെപ്യൂട്ടി ഡയറക്ടർ (PFA)

ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തികയുടെ സ്ഥാനക്കയറ്റ തസ്തികയായിട്ടാണ് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (PFA)-യുടെ നിയമനം. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഉത്തരവ് പ്രകാരം ചുമതലകൾ നിർവ്വഹിക്കുന്നതിനും അനലറ്റിക്കൽ ലാബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കുവേണ്ടി ഉത്തരവുകൾ നടപ്പിലാക്കുകയും ചെയ്യുക ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ)യുടെ ചുമതലയാണ്.

ചീഫ് ഗവൺമെന്റ് അനലിസ്റ്റ്

ഭക്ഷ്യസുരക്ഷാ ലാബുകളിലെ നിയന്ത്രണ ചുമതല തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിലെ ഗവൺമെന്റ് അനലിസ്റ്റിന്

നൽകിയിരിക്കുന്നു. കൂടാതെ ചീഫ് ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിലെ ഭക്ഷ്യ പരിശോധനാ റിപ്പോർട്ടിന്റെ Authorized Signatory ചീഫ് ഗവൺമെന്റ് അനലിസ്റ്റാണ്. മൊബൈൽ ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുടെ പ്രവർത്തനവും ഏകോപനവും നിർവ്വഹിക്കുന്നതും ചീഫ് ഗവൺമെന്റ് അനലിസ്റ്റാണ്.

ഗവൺമെന്റ് അനലിസ്റ്റ്

ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളിൽ നിയമനം നൽകിയിട്ടുള്ള ഗവൺമെന്റ് അനലിസ്റ്റുമാർ ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തി പരിശോധനാ ഫലം സാക്ഷ്യപ്പെടുത്താൻ അധികാരം നൽകിയിട്ടുള്ള Authorized Signatory ആയി പ്രവർത്തിക്കുന്നു.

ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ്

ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളിൽ നിയമനം നൽകിയിട്ടുള്ള ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റുമാർ ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തി പരിശോധനാ ഫലം സാക്ഷ്യപ്പെടുത്താൻ അധികാരം നൽകിയിട്ടുള്ള Authorized Signatory ആകുന്നു.

റിസർച്ച് ഓഫീസർ

ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നു.

റിസർച്ച് ഓഫീസർ (മൈക്രോ ബയോളജി)

ഭക്ഷ്യ സാമ്പിളുകൾ മൈക്രോബയോളജിക്കൽ പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നു.

ജൂനിയർ റിസർച്ച് ഓഫീസർ

ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നു.

ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I

ഭക്ഷ്യ സാമ്പിളുകൾ സ്വീകരിച്ചുകൊണ്ട് പരിശോധനാ നടപടികൾ കൈക്കൊള്ളുന്നു.

ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II

ഭക്ഷ്യ സാമ്പിളുകൾ സ്വീകരിച്ചുകൊണ്ട് പരിശോധനാ നടപടികൾ കൈക്കൊള്ളുന്നു.

ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ്

സാമ്പിൾ പരിശോധനാ വിഭാഗത്തെ സഹായിക്കുന്നു.

<u>പായ്ക്കർ</u>

ഭക്ഷ്യ സാമ്പിൾ പായ്ക്കറ്റ് പൊട്ടിച്ച് തരംതിരിച്ച് ഓരോ വിഭാഗത്തിലും നൽകുന്നു. സാമ്പിൾ പായ്ക്ക് ചെയ്യുന്നതും ഈ വിഭാഗത്തിന്റെ ചുമതലയിൽപ്പെടുന്നു.

<u>അഡ്മിനിസ്ട്രേറ്റീവ് വിഭാഗം & മിനിസ്റ്റീരിയൽ വിഭാഗം</u>

<u>ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്</u>

ചീഫ് മിനിസ്റ്റീരിയൽ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

<u>ഫിനാൻസ് ഓഫീസർ</u>

അക്കൗണ്ട്സ് വിഭാഗത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ചുമതല വഹിക്കുന്നു.

<u>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ</u>

മിനിസ്റ്റീരിയൽ ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചുനൽകുകയും സൂപ്പർവൈസ് ചെയ്യുകയും ചെയ്യുന്നത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ്.

<u>സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലർക്ക്, സീനിയർ ക്ലർക്ക്, ക്ലർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, ക്ലർക്ക് ടൈപ്പിസ്റ്റ്</u>

ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ അനുമതിയോടുകൂടി ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനായി മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് ഓരോ മാസവും സമർപ്പിക്കുക.

<u>സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്, റിസർച്ച് അസിസ്റ്റന്റ്</u>

ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിൽ ഡാറ്റ ക്രോഡീകരിച്ച് സൂക്ഷിക്കുകയും വിശകലനത്തിനായി ലഭ്യമാക്കുകയും ചെയ്യുന്നു.

<u>ഡ്രൈവർ</u>

വകുപ്പിൽ നിലവിലുള്ള ഔദ്യോഗിക വാഹനങ്ങൾക്കായി നിയോഗിച്ചിരിക്കുന്നു.

<u>ഓഫീസ് അറ്റൻഡന്റ്</u>

ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ ഓഫീസ് പ്രവർത്തനങ്ങളിലും ലാബ്, എൻഫോഴ്സമെന്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നു.

<u>നൈറ്റ് വാച്ച്മാൻ</u>

ലാബുകളിലെ രാത്രികാല കാവൽ ചുമതല നിർവ്വഹിക്കുന്നു.

(സി) ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ ഉദ്യോഗസ്ഥരുടെയും വാഹനങ്ങളുടെയും ലബോറട്ടറികളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിശോധനയിലാണ്. ഭക്ഷ്യ സുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഒരു സർക്കിളിന് കുറഞ്ഞത് ഒരു വാഹനമെങ്കിലും ലഭ്യമാക്കുന്നതിനും എല്ലാ ജില്ലകളിലും ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊത്തം അഞ്ച് ലബോറട്ടറികളെ കൂടാതെ 9 ജില്ലാ ഭക്ഷ്യ സുരക്ഷാ ലബോറട്ടറികൾ കൂടി സംസ്ഥാനത്ത് സ്ഥാപിക്കുന്നത് സംബന്ധിച്ച് പരിശോധനകൾ നടന്നുവരുന്നു.

(ഡി) ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

i) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നവീകരണത്തിനായി താഴെ പറയുന്ന പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിനുകീഴിൽ നിലവിൽ കാലഹരണപ്പെട്ട കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ/മേഖലാ ഓഫീസുകൾ നവീകരിക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.

നിലവിൽ ഭക്ഷ്യ പരിശോധനാ ലാബുകൾ ഇല്ലാത്ത 9 ജില്ലകളിൽക്കൂടി ജില്ലാ ഭക്ഷ്യ പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള കണ്ണൂർ മേഖലാ ലാബിന് കെ.എസ്.ഐ.ഡി.സി.-യിൽ നിന്നും പാട്ടത്തിന് എടുത്തിട്ടുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.

കൂടാതെ നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പത്തനംതിട്ട ജില്ലാ ഭക്ഷ്യ പരിശോധനാ ലാബിന് സർക്കാർ അനുവദിച്ചിട്ടുള്ള ഭൂമിയിൽ കെട്ടിടം നിർമിക്കുന്നതിനുള്ള പദ്ധതി.

ഭക്ഷ്യ സുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഒരു ഭക്ഷ്യസുരക്ഷാ സർക്കിളിന് കുറഞ്ഞത് ഒരു വാഹനമെങ്കിലും ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

ii) ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

iii) ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പരാതി പരിഹാര സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടെ C-Dit-ന്റെ സഹായത്തോടെ പരാതി പരിഹാര പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

iv) കൂടാതെ ഫുഡ് ഹൈജീൻ റേറ്റിംഗുമായി ബന്ധപ്പെട്ട് മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

v) സംസ്ഥാനത്തെ മൂന്ന് NABL അക്രഡിറ്റഡ് ലബോറട്ടറികളിൽ കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ കൂടുതൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പ്രസ്തുത ലാബുകളിൽ കൂടുതൽ പാരാമീറ്ററുകൾക്ക് NABL അക്രഡിറ്റേഷൻ ലഭിക്കുന്നതിനും പരിശോധനാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നത് തടയാൻ നടപടി

186 (2122) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർത്തതിനും ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്തതിനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് 648 അഡ്ജ്യൂഡിക്കേഷൻ കേസുകളും 394 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | അഡ്ജ്യൂഡിക്കേഷൻ കേസുകൾ | പ്രോസിക്യൂഷൻ കേസുകൾ |
|---|---|---|
| തിരുവനന്തപുരം | 39 | 19 |
| കൊല്ലം | 62 | 35 |
| പത്തനംതിട്ട | 32 | 19 |
| ആലപ്പുഴ | 49 | 28 |
| കോട്ടയം | 63 | 23 |
| ഇടുക്കി | 20 | 0 |
| എറണാകുളം | 85 | 49 |
| തൃശ്ശൂർ | 41 | 29 |

| | | |
|---|---|---|
| പാലക്കാട് | 45 | 24 |
| മലപ്പുറം | 48 | 33 |
| കോഴിക്കോട് | 108 | 97 |
| വയനാട് | 18 | 17 |
| കണ്ണൂർ | 20 | 0 |
| കാസർഗോഡ് | 18 | 21 |

(ബി) ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ എന്നിവിടങ്ങളിൽ കർശന പരിശോധന നടത്താനും നിയമലംഘനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതുവഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികളായ നോട്ടീസ് (റെക്ടിഫിക്കേഷൻ/ഇംപ്രൂവ്മെന്റ്), പിഴ അടപ്പിക്കൽ, ക്ലോഷർ, പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/

റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി പ്രവർത്തനം നിർത്തിവയ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പരിശോധനകൾ തുടർന്നുവരികയാണ്.

## ദേശീയ കുടുംബ ആരോഗ്യ സർവ്വെ

187(2123)ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറത്തിറക്കിയ ദേശീയ കുടുംബ ആരോഗ്യ സർവ്വെ 5-ലെ കണക്കുകൾ പ്രകാരം കേരളത്തിന്റെ ആരോഗ്യ രംഗത്തെ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ദേശീയ കുടുംബ ആരോഗ്യ സർവ്വെ-5 (2019-20)-യിൽ കുടുംബാരോഗ്യം സംബന്ധിച്ച വിവരങ്ങളിൽ മുൻ സർവ്വേയുമായി (ദേശീയ കുടുംബ ആരോഗ്യ സർവ്വെ-4 (2015-16) താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ സ്ഥിതി മെച്ചപ്പെട്ടിട്ടുള്ളതിന്റെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സർവ്വെ പ്രകാരം കേരളത്തിന്റെ ആരോഗ്യ മേഖലയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഗർഭിണികളെ ആദ്യമാസങ്ങളിൽത്തന്നെ രജിസ്റ്റർ ചെയ്യുന്നതിനും ഗർഭകാല പരിശോധനകളും ചികിത്സയും നൽകുകയും ചെയ്യുന്നു.

- ഗർഭിണികൾക്ക് വിളർച്ച തടയുന്നതിനായി അയൺ ഫോളിക് ആസിഡ് ഗുളികകൾ നൽകുന്നു.
- സംസ്ഥാനത്തെ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി പ്രവർത്തനങ്ങൾ നടത്തി വരുന്നു.
- ഫീൽഡ് ജീവനക്കാർക്കും ആശുപത്രി ജീവനക്കാർക്കും പരിശീലനം നൽകി.
- കുടുംബാസൂത്രണ മാർഗ്ഗങ്ങളുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

<u>എയിംസ് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം</u>

188 (2124) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ പ്രഖ്യാപനം വൈകുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

(എ&ബി) ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) കേരളത്തിന് അനുവദിക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങളിലൊന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിക്കുകയുണ്ടായി. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിറ്റ്യൂഷനുകൾ ഘട്ടംഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. മുൻവർഷങ്ങളിലെ കേന്ദ്ര ബഡ്ജറ്റുകളിലായി ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, ഉത്തർപ്രദേശ്, തമിഴ്നാട് എന്നിങ്ങനെ 13-ഓളം

സംസ്ഥാനങ്ങൾക്ക് പുതുതായി AIIMS അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ AIIMS സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC (Kerala State Industrial Development Corporation)-യുടെ പക്കലുള്ള 200 ഏക്കർ സ്ഥലത്ത് ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) സ്ഥാപിക്കുവാൻ അനുയോജ്യമാണെന്ന് ജനുവരി 2017-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇക്കാര്യത്തിൽ കേരളത്തിന്റെ ആവശ്യം ഇതേവരെ പരിഗണിക്കപ്പെട്ടിട്ടില്ല. എങ്കിലും ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് സാധ്യമായ രീതിയിലെല്ലാം നിരന്തരം ആവശ്യമുയർത്തിക്കൊണ്ടിരിക്കുകയാണ്. ബഹു. മുഖ്യമന്ത്രി, ബഹു. പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽ വച്ചുള്ള കൂടിക്കാഴ്ചയിലും ആഗസ്റ്റ് മാസത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കുവാനുള്ള അനുമതിയുണ്ടാകണമെന്ന് ആവശ്യപ്പെട്ടിരുന്നു. കൂടാതെ കേന്ദ്ര ആരോഗ്യ മന്ത്രിക്കയച്ച കത്തിൽ AIIMS തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. 22.09.2021-ൽ ബഹു. മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര

ആരോഗ്യ വകുപ്പുമന്ത്രിക്ക് അയച്ച കത്തിൽ AIIMS-നുള്ള അനുമതിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. 2022 മേയ് 6-ന് ഗുജറാത്തിൽവച്ച് നടന്ന ആരോഗ്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിലും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് സംസ്ഥാന ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യം ചർച്ച ചെയ്യുകയും എയിംസ് അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

AIIMS സ്ഥാപിക്കുന്നതിലേയ്ക്കായി KSIDC-യുടെ പക്കലുള്ള സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറാനുള്ള നിർദ്ദേശം റവന്യൂ/വ്യവസായ വകുപ്പുകൾക്ക് നൽകുകയും ഇതിലേയ്ക്കായുള്ള നടപടികൾ ത്വരിതഗതിയിൽ സർക്കാർ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കിനാലൂർ-കാന്തലാട് വില്ലേജിൽ ഉൾപ്പെട്ട 40.6802 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി കോഴിക്കോട് കളക്ടറെ ചുമതലപ്പെടുത്തി 08.02.2022-ൽ സ.ഉ.(സാധാ)നം.565/2022/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കൂടാതെ 18.05.2022-ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്തിലൂടെ കിനാലൂരിലെ നിർദ്ദിഷ്ട ഭൂമിയുടെ സാധ്യതാ പഠനത്തിനായി ഒരു ടീമിനെ നിയോഗിക്കാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്നതിന് ഡി.എം.ഇ.-യുടെ കൈവശമുള്ള ഭൂമി അനിവാര്യമായതിനാൽ നിർദ്ദിഷ്ട ഭൂമി ആരോഗ്യ വകുപ്പിലേയ്ക്ക് അടിയന്തരമായി കൈമാറുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

## മെഡിക്കൽ കോളേജുകളിലെയും ആശുപത്രികളിലെയും ഡയാലിസിസ് യൂണിറ്റുകൾ

189 (2125) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലുമായി എത്ര ഡയാലിസിസ് യൂണിറ്റുകൾ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ 2020-നുശേഷം 57 ഡയാലിസിസ് മെഷീനുകളും ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ഈ സാമ്പത്തിക വർഷത്തിൽ 210 ഡയാലിസിസ് മെഷീനുകളും പുതുതായി സ്ഥാപിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ആശുപത്രികളിലും സി.എച്ച്.സി.-കളിലുമാണ് ഡയാലിസിസ് യൂണിറ്റുകളുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി, കാസർഗോഡ് ജനറൽ ആശുപത്രി, നീലേശ്വരം താലൂക്ക് ആശുപത്രി, മംഗൽപാടി താലൂക്ക് ആശുപത്രി, സാമൂഹികാരോഗ്യ കേന്ദ്രം പെരിയ, സാമൂഹികാരോഗ്യ കേന്ദ്രം മൂളിയാർ, താലൂക്കാശുപത്രി തൃക്കരിപ്പൂർ എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

## മരുന്നുകളുടെ ഗുണനിലവാരം

190(2126) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിപണിയിൽ എത്തുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ വിപണിയിൽ എത്തിക്കാൻ പാടുള്ളൂവെന്ന് ഡ്രഗ്സ് റൂൾസിലെ Good Manufacturing Practice വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദനശാലകൾ നിരന്തരം പരിശോധിച്ച് ഉറപ്പുവരുത്തുന്നു. മരുന്നുനിർമ്മാണ പ്രക്രിയയിലെ അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ നിർമ്മാണവേളയിലെ ഓരോ ഘട്ടങ്ങളിലും അവ Tablet, Capsules, Injection, Liquid Orals എന്നിങ്ങനെയുള്ള അന്തിമ രൂപത്തിൽ (Finished Product) ആകുന്ന പ്രക്രിയയും ഇവ വിപണിയിലേയ്ക്ക് എത്തുന്നതുവരെയുള്ള പ്രക്രിയയും ടി ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. വിപണിയിൽ എത്തിയശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന്

പരിശോധനാ ലാബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ, അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നീ ഭൗതികാവസ്ഥകളുടെ സ്വാധീനംമൂലവും നിശ്ചിത ഗുണനിലവാരത്തിൽനിന്നും വ്യതിയാനം വരുന്നതായി കാണുന്ന മരുന്നുകളുടെ വിൽപ്പന തടഞ്ഞ് മരുന്നുകമ്പനികൾക്കെതിരെ വകുപ്പുതല നിയമ നടപടികൾ സ്വീകരിക്കുന്നു. സംസ്ഥാനത്ത് മൊത്തം പരിശോധനയ്ക്ക് എടുക്കുന്ന മരുന്നുസാമ്പിളുകളുടെ 5 ശതമാനത്തിൽ താഴെ മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്ത് മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, മൊത്ത വ്യാപാര സ്ഥാപനങ്ങൾ എന്നിവ പരിശോധിക്കാൻ നിയോഗിക്കപ്പെട്ട ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധനാ വേളയിൽ നിശ്ചിത മാനദണ്ഡം പുലർത്താതെ സൂക്ഷിക്കുന്ന മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്കായി ശേഖരിക്കുന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പിനുകീഴിലെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ ലാബുകളിലാണ് മരുന്ന് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നത്.

ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുള്ള മരുന്ന് നിർമ്മാതാക്കൾക്കെതിരെ കേന്ദ്ര ഗവൺമെന്റ് ഇതുസംബന്ധിച്ച്

നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. നിയമ നടപടികൾ ആവശ്യമില്ലാത്ത സാഹചര്യത്തിൽ, മറ്റു സംസ്ഥാനങ്ങളിൽ നിർമ്മിച്ച മരുന്നുകളാണെങ്കിൽ ലൈസൻസുകൾ സസ്പെൻഡ് ചെയ്യുക, റദ്ദ് ചെയ്യുക തുടങ്ങിയ നടപടികൾക്കായി പ്രസ്തുത സംസ്ഥാനത്തെ ലൈസൻസിംഗ് അതോറിറ്റികളെയും അറിയിക്കുന്നു. ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കപ്പെടുന്ന മരുന്നുകളുടെ വിശദാംശങ്ങൾ മാസംതോറും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും വിവര പൊതുജനസമ്പർക്ക വകുപ്പിന്റെ വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

## കാൻസർ രോഗികൾക്കുള്ള പെൻഷൻ

191 (2127) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്ക് എത്ര രൂപ വീതമാണ് പെൻഷനായി നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; ഇത് വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ?

കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള കാൻസർ രോഗികൾക്ക് പ്രതിമാസം ആയിരം രൂപ പെൻഷനായി നൽകിവരുന്നുണ്ട്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഓൺലൈനായി അപേക്ഷ സമർപ്പിച്ചവർക്ക് പെൻഷൻ മാസങ്ങളായി കുടിശ്ശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക തീർത്ത് തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ചില ജില്ലകളിൽ കുടിശ്ശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിശ്ശിക തീർത്ത് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചുവരുന്നുണ്ട്.

## സർക്കാർ ആശുപ്രതികളിലെ പ്രവർത്തനക്ഷമമല്ലാത്ത ചികിത്സാ ഉപകരണങ്ങൾ

192 (2128) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ധാരാളം ചികിത്സാ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാതായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോ?

മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ രോഗികളുടെ പരിചരണത്തിനായി ഉപയോഗിക്കുന്ന മെഡിക്കൽ ഉപകരണങ്ങളിൽ ഭൂരിഭാഗവും ഹൈ എൻഡ് അത്യാധുനിക വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. ടി ഉപകരണങ്ങൾക്ക് കേടുപാട് സംഭവിച്ചാൽ ആയത് നന്നാക്കുന്നതിനായി സ്പെയറുകളും അനുബന്ധ ഉപകരണങ്ങളും ഇറക്കുമതി ചെയ്യേണ്ടതായി വരും. അറ്റകുറ്റപ്പണികൾക്കായി മാറ്റിവച്ച ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ലക്ഷക്കണക്കിന് രൂപ മുടക്കി വാങ്ങുന്ന ചികിത്സാ ഉപകരണങ്ങൾ വളരെ വേഗംതന്നെ പ്രവർത്തനക്ഷമമല്ലാതാകുന്നെന്ന ആരോപണം സംബന്ധിച്ച് ആരോഗ്യ വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഇത്തരത്തിലുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സ്ഥാപിച്ചിട്ടുള്ള ഹൈ എൻഡ് അത്യാധുനിക വിഭാഗത്തിൽപ്പെടുന്ന ഉപകരണങ്ങൾ 3-5 വർഷത്തെ വാറന്റിയോടെയാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ഉപകരണങ്ങളുടെ CAMC/AMC നിരക്കുകൾ 5-7 വർഷത്തേയ്ക്കുകൂടി നിശ്ചയിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ നിശ്ചയിച്ച പ്രവർത്തനകാലാവധി തീരുന്നതുവരെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തക്ക രീതിയിൽ ലോഗ് ബുക്കുകളിൽ രേഖപ്പെടുത്തുന്നുണ്ട്.

(സി) ചികിത്സാ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ സാധാരണക്കാരായ രോഗികൾ സ്കാനിംഗ് ഉൾപ്പെടെയുള്ള വിവിധ പരിശോധനകൾക്കായി വലിയ തുക നൽകി സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ദുരവസ്ഥ പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലെല്ലാം സ്കാനിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സർക്കാർ ആശുപത്രികളിലെ ചികിത്സാ ഉപകരണങ്ങൾ യഥാവിധി പരിപാലിക്കാതെ ഉപയോഗയോഗ്യമല്ലാതാക്കി തീർക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഇപ്രകാരം എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ചികിത്സാ ഉപകരണങ്ങൾ ബോധപൂർവ്വം ഉപയോഗശൂന്യമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചകൊണ്ട് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ ചികിത്സാ ഉപകരണങ്ങൾ യഥാവിധി പരിപാലിക്കാതെ ഉപയോഗയോഗ്യമല്ലാതാക്കിയെന്ന റിപ്പോർട്ട് ലഭിക്കുകയാണെങ്കിൽ അത്തരം ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയിൽ ലാരിഞ്ചോസ്കോപ്പ് എന്ന ഉപകരണം നശിപ്പിച്ചതിന് ഡോ. നിശാന്ത്. വി.ജി, ജൂനിയർ കൺസൾട്ടന്റിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ടിയാനിൽ നിന്ന് പ്രസ്തുത ഉപകരണത്തിന്റെ വില ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആശുപത്രിക്കും ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കുമെതിരെയുള്ള അതിക്രമങ്ങൾ

193 (2129) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രിക്കും ഡോക്ടർമാർക്കുമെതിരെയുള്ള ആക്രമണങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇത്തരം സംഭവങ്ങൾ അടുത്തകാലത്തായി കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പരാതിക്കാരുടെയും ഇതിൽ ഉൾപ്പെട്ടവരുടെയും വിശദാംശങ്ങൾ സഹിതം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ സമർപ്പിക്കാറുണ്ട്.

(ബി) രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും സംരക്ഷണം ഉറപ്പുവരുത്താൻ ആശുപത്രികളെ സുരക്ഷാമേഖലയായി പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ആശുപത്രികളെ സുരക്ഷാ മേഖലയായി പ്രഖ്യാപിക്കുന്ന കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മെഡിക്കൽ കോളേജുകളുടെയും മറ്റ് സർക്കാർ ആശുപത്രികളുടെയും സുരക്ഷ വർദ്ധിപ്പിക്കുന്നതിനും രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി 12.08.2021-ലെ സ.ഉ.(സാധാ)

നം.1735/2021/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും 04.07.2022-ലെ ബി4/118/2022/ആ.കു.വ നമ്പർ സർക്കുലർ പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ആശുപത്രികളുടെയും ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെയും നിലവാരം ഉയർത്തുന്നതിന് നിലവിലെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാഷ്വാലിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ കുറയാത്ത ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. നിപ്പ, കോവിഡ് തുടങ്ങിയ പകർച്ചവ്യാധികൾ ബാധിച്ച രോഗികൾക്ക് കിടത്തി ചികിത്സ നടത്തുന്നതിന് പ്രത്യേക വാർഡുകൾ സജ്ജമാക്കിയിട്ടുണ്ട്. ഇവിടെ വിദഗ്ധ ഡോക്ടർമാരുടെയും നഴ്സിംഗ് അടക്കമുള്ള അനുബന്ധ സ്റ്റാഫുകളുടെയും സേവനം 24 മണിക്കൂറും ഉറപ്പുവരുത്തുകയും അതോടൊപ്പം ഇതിനാവശ്യമായ വെന്റിലേറ്റർ, ബെഡ് ഉൾപ്പെടെയുള്ള ചികിത്സാ ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക, കിഫ്ബി പദ്ധതി മുഖേന മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ ബൃഹത്തായ നിർമ്മാണ

പ്രവർത്തനങ്ങൾ നടപ്പിലാക്കുക, ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുക, ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്ത് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്തുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുക, ആർദ്രം മാനദണ്ഡമനുസരിച്ച് ആശുപത്രികളിലെ അടിസ്ഥാന സൗകര്യവും ചികിത്സാ സൗകര്യവും വർദ്ധിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. ഓരോ വിഭാഗം ആശുപത്രികളിലും ആരോഗ്യ സ്ഥാപനങ്ങളിലും ഉണ്ടായിരിക്കേണ്ട മിനിമം സൗകര്യങ്ങളെക്കുറിച്ച് മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഘട്ടംഘട്ടമായി സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

(ഡി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കുന്നതിൽ ചില ന്യൂനതകൾ ഉള്ളതായി പരാതികൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്നും ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കുകയെന്നും വ്യക്തമാക്കാമോ?

ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കണമെന്നും ചികിത്സാ നിരക്കുകൾ ആശുപത്രികളിൽ

പ്രദർശിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 2018-ലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ കോളേജുകളിൽ അധികൃതരുടെ അനാസ്ഥ

194 (2130) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ അധികൃതരുടെ അനാസ്ഥമൂലവും സ്വകാര്യസ്ഥാപനങ്ങളുമായുള്ള അവിശുദ്ധ ബന്ധംമൂലവും രോഗികൾക്ക് ആവശ്യമായ ചികിത്സ നിഷേധിക്കപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നതായ ആരോപണം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി തിരുത്തൽ നടപടികൾ സ്വീകരിക്കുമോ?

ഒട്ടനവധി രോഗികളെ ദിനംപ്രതി ചികിത്സിക്കുന്ന മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയെക്കുറിച്ച് വരുന്ന ഒറ്റപ്പെട്ട പരാതികൾ ലഭിക്കുമ്പോൾത്തന്നെ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) മെഡിക്കൽ കോളേജിലെ എം.ആർ.ഐ. സ്കാനിംഗ് മെഷീൻ രാത്രികാലങ്ങളിൽ മാത്രം കേടാകുന്നതായും മൂത്രാശയക്കല്ല് നീക്കം ചെയ്യുന്നതിനുള്ള ഇ.എസ്.ഡബ്ല്യു.എൽ. മെഷീൻ ഉൾപ്പെടെയുള്ള ചികിത്സാ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലാത്തത് സംബന്ധിച്ചും ഫാർമസിയിൽ ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ലാത്തതിനെ സംബന്ധിച്ചും ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ ഇക്കാര്യത്തിലെ വസ്തുത പരിശോധിച്ച് സാധാരണക്കാരായ രോഗികൾക്ക് രാത്രികാലങ്ങളിലും ആവശ്യമായ ചികിത്സാ സംവിധാനങ്ങളും മരുന്നും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആശുപത്രി ഫാർമസിയിൽ മരുന്നുകൾ പകലും രാത്രി കാലങ്ങളിലും ലഭ്യമാണ്. ഫാർമസിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ അത്യാവശ്യ ഘട്ടങ്ങളിൽ എച്ച്.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് ലഭ്യമാക്കുന്നതിനും ഈ മരുന്നുകളുടെ ലഭ്യത ഭാവിയിൽ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഇൻഡന്റ് നൽകുന്ന അവസരങ്ങളിൽത്തന്നെ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുന്നുമുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എം.ആർ.ഐ. സ്കാനിംഗ് മെഷീൻ കഴിഞ്ഞ ഏപ്രിൽ 26 മുതലാണ് റിപ്പയറിംഗ് കഴിഞ്ഞ് രണ്ട് ഷിഫ്റ്റായി പ്രവർത്തിക്കാൻ തുടങ്ങിയത്. അക്കാലങ്ങളിൽ രാത്രി

കാലങ്ങളിൽ എം.ആർ.ഐ. സ്കാനിംഗ് മെഷീൻ പ്രവർത്തനമില്ലായിരുന്നു. എന്നാൽ ജൂൺ മാസം 14-ാം തീയതി മുതൽ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം രാത്രിയിലും അഡീഷണൽ സ്റ്റാഫിനെ നിയോഗിച്ച് എം.ആർ.ഐ. സ്കാനിംഗ് മെഷീൻ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ESWL മെഷീൻ പ്രവർത്തനക്ഷമമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മോർച്ചറിയിലെ ഉദ്യോഗസ്ഥരുടെ അലംഭാവംമൂലം പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം

195 (2131) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം ചെയ്യേണ്ട ബോഡികളിൽ നിന്ന് കോവിഡ് ടെസ്റ്റിനുള്ള സ്വാബ് എടുത്താൽ എത്ര സമയത്തിനുള്ളിലാണ് റിസൾട്ട് മോർച്ചറിയിലേയ്ക്ക് നൽകുന്നതെന്ന് വിശദമാക്കാമോ?

പോസ്റ്റ്മോർട്ടം ചെയ്യേണ്ട ബോഡികളിൽനിന്ന് കോവിഡ് ടെസ്റ്റിനുള്ള സ്വാബ് എടുത്താൽ മൈക്രോബയോളജി വിഭാഗത്തിൽനിന്നും ഒന്നര

മണിക്കൂറിനുള്ളിൽ റിസൾട്ട് ഫോറൻസിക് വിഭാഗത്തിലേയ്ക്ക് മെയിൽ ചെയ്തുകൊടുക്കുന്നു.

(ബി) ഇ-മെയിൽ ആയാണോ റിസൾട്ട് ലഭ്യമാക്കുന്നത്; ഇ-മെയിൽ ആയി ലഭിക്കുന്ന റിസൾട്ട് ബന്ധപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിൽ മോർച്ചറിയിലെ ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്നതിനാൽ ഇൻക്വസ്റ്റ് നടപടികളും പോസ്റ്റ്മോർട്ടവും വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഇ-മെയിൽ വഴിയാണ് റിസൾട്ട് ലഭ്യമാക്കുന്നത്. പോസ്റ്റ്മോർട്ടം വൈകുന്നത് സംബന്ധിച്ചുള്ള പരാതികൾ ലഭിച്ചിട്ടില്ല.

(സി) ഇ-മെയിലായി കിട്ടുന്ന റിസൾട്ട് കൃത്യസമയത്ത് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നതിനും ആയത് പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഇ-മെയിലായി കിട്ടുന്ന റിസൾട്ട് സംബന്ധിച്ച വിവരങ്ങൾ മോർച്ചറി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. കൂടാതെ, റിസൾട്ട് വരുന്ന മുറയ്ക്ക് പോലീസിനെയും ബന്ധുക്കളെയും നേരിട്ടോ ഫോൺ മുഖാന്തരമോ

ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാർ കൃത്യമായി അറിയിക്കാറുമുണ്ട്.

## തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗി മരിച്ച സംഭവം

196 (2132) ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കലിനിടെ രോഗി മരിച്ച സംഭവത്തിൽ അധികൃതർക്ക് വീഴ്ച പറ്റിയെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെത്തുടർന്ന് ചികിത്സയിലായിരുന്ന രോഗി മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നു. എന്നാൽ മരണകാരണം പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ നിന്നുമാത്രമേ അറിയാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദമായ അന്വേഷണം നടന്നുവരികയാണ്.

(ബി) പ്രസ്തുത സംഭവത്തിൽ ആശുപത്രി അധികൃതർക്ക് ഏകോപനത്തിൽ പിഴവുണ്ടായെന്ന് കണ്ടെത്തിയിട്ടുണ്ടോ?

വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് സ്ഥാപനം നിർവ്വഹിക്കേണ്ട എല്ലാ ഏകോപനവും കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇതിനെക്കുറിച്ചും അന്വേഷണ റിപ്പോർട്ട് വരുന്ന മുറയ്ക്ക് കൂടുതൽ വ്യക്തത വരും.

(സി) കൊച്ചിയിൽ നിന്ന് മൂന്ന് മണിക്കൂർ കൊണ്ട് വൃക്ക എത്തിച്ചിട്ടും ശസ്ത്രക്രിയ നാലുമണിക്കൂർ വൈകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

രോഗിയെ ശസ്ത്രക്രിയയ്ക്ക് ഒരുക്കുന്നതിനുള്ള സമയം മാത്രമേ എടുത്തിട്ടുള്ളൂ.

<u>കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾ</u>

197 (2133) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇത്തരം കുട്ടികളുടെ

സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു.

- തിരുവനന്തപുരം -460
- കൊല്ലം -244
- പത്തനംതിട്ട - 103
- ആലപ്പുഴ-269
- കോട്ടയം -318
- ഇടുക്കി -110
- എറണാകുളം -270
- തൃശ്ശൂർ -756
- പാലക്കാട് - 554
- മലപ്പുറം -442
- വയനാട് -38

- കോഴിക്കോട് -244
- കണ്ണൂർ -336
- കാസർഗോഡ് -100

എന്നിങ്ങനെ ആകെ കുട്ടികളുടെ എണ്ണം 4244 ആകുന്നു.

കോവിഡ് ബാധിച്ച് മാതാപിതാക്കൾ ഇരുവരും മരിച്ച കുട്ടികളുടെയും മാതാപിതാക്കളിൽ ഒരാൾ നേരത്തെ മരിച്ചതും ശേഷിക്കുന്ന ആൾ കോവിഡ് ബാധിച്ച് ഇപ്പോൾ മരിച്ചതുമായ എല്ലാ കുട്ടികൾക്കും 18 വയസ് പൂർത്തീകരിക്കുന്നതുവരെ പ്രതിമാസം 2,000 രൂപ നിരക്കിൽ കുട്ടിയുടെയും കുട്ടിയുടെ ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതിനോടൊപ്പംതന്നെ അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപ സ്ഥിര നിക്ഷേപവും സംസ്ഥാന സർക്കാർ നൽകുന്നുണ്ട്.

ആയതുപ്രകാരം പി.എം. കെയർ പോർട്ടലിൽ ചേർത്തിട്ടുള്ളതും ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് അംഗീകരിച്ചതുമായ 136 കുട്ടികൾക്ക് 3 ലക്ഷം രൂപ വീതം സ്ഥിര നിക്ഷേപതുകയും പ്രതിമാസ സ്പോൺസർഷിപ്പ് തുകയും സംസ്ഥാന സർക്കാരിലൂടെ അനുവദിച്ചിട്ടുണ്ട്.

സർക്കാർ സഹായത്തിന് അർഹരായ കുട്ടികളുടെ ബിരുദതലം വരെയുള്ള വിദ്യാഭ്യാസചെലവ് കുട്ടികളുടെ അപേക്ഷയിന്മേൽ ജില്ലാശിശു സംരക്ഷണ ആഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അതത് സമയങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വനിത-ശിശു വികസന വകുപ്പ് മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് തുക അനുവദിക്കുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ പി.എം. കെയർ പദ്ധതിയിലൂടെ 10 ലക്ഷം രൂപ വീതം കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടുപേരും മരണപ്പെട്ട കുട്ടികൾക്ക് 23 വയസ് പൂർത്തിയാകുമ്പോൾ പോസ്റ്റ് ഓഫീസ് അക്കൗണ്ട് മുഖേന ലഭ്യമാക്കുന്നതാണ്. കൂടാതെ സെൻട്രലി സ്പോൺസേഡ് സ്കീമിലൂടെ (സി.പി.എസ്.) 2000 രൂപ വീതം കുട്ടിക്ക് 18 വയസ് പൂർത്തിയാകുന്നതുവരെ കുട്ടിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു. ആയതുപ്രകാരം കേന്ദ്രസർക്കാർ മുഖേന 10 ലക്ഷം രൂപ അനാഥരായ 112 കുട്ടികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിനോടൊപ്പം സെൻട്രലി സ്പോൺസേഡ് സ്കീം (സി.പി.എസ്.) മുഖേന 18 വയസ് പൂർത്തീകരിക്കുന്നതുവരെ നൽകുന്ന പ്രതിമാസ സെൻട്രൽ

സ്പോൺസർഷിപ്പ് തുക ടി വിഭാഗത്തിൽ വരുന്ന അനാഥരായ 101 കുട്ടികൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## ഇ-ഹെൽത്ത് സംവിധാനം

198 (2134) ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ സേവനങ്ങൾ ജനസൗഹൃദമാക്കുന്നതിനും മികവുറ്റതാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഒരു വ്യക്തിയുടെ ആരോഗ്യവിവരങ്ങളെ വിവര സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി ഉപയോക്താക്കൾക്ക് ആയാസരഹിതവും രോഗീ സൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസുരഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത്

പ്രോജക്ട് മുഖേന നടപ്പാക്കിവരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാനസൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യ രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്ടിനുവേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ചും ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിൽസ തേടേണ്ടി വന്നാലും പ്രസ്തുത വ്യക്തിയുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിൽസ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. സംസ്ഥാനത്തെവിടെയുമുള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യതിഗക്ത ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID CARD) നൽകാനും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്.

UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) തയ്യാറാക്കുകയും ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവർക്ക് EHR

അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി. രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ അഡ്വാൻസ് ബുക്കിംഗ്, ക്യൂ-മാനേജ്മെന്റ്, കൺസൾട്ടേഷൻ, ലാബിലെയും എക്സ്-റെ, ഇ.സി.ജി ഉൾപ്പെടെയുള്ള പരിശോധനാ റിപ്പോർട്ടുകൾക്കൊപ്പം മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടറുടെ കമ്പ്യൂട്ടറിൽ നേരിട്ട് ലഭ്യമാകുമെന്നതിനാലും ഫാർമസിയിലേയ്ക്ക് നേരിട്ട് ഡോക്ടറുടെ കുറിപ്പ് എത്തുമെന്നതിനാലും കൂടുതൽ കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. മൊബൈൽ, കമ്പ്യൂട്ടർ വഴി ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗിനുള്ള സൗകര്യം നിലവിൽ വന്നിട്ടുണ്ട്. ഒ.പി.-കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമായിത്തുടങ്ങിയതോടെ ചികിത്സ തേടുന്നവരും ആശുപത്രി ജീവനക്കാരും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഇ-ഹെൽത്ത് സംവിധാനം സംസ്ഥാനത്ത് വിപുലീകരിച്ചിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് 2016-ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപ്പെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 446 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതിൽ 160 എണ്ണം പൂർണ്ണമായും കടലാസുരഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 250 ആശുപത്രികളിൽ 182 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമ ഘട്ടത്തിലാണ്. ബാക്കി വരുന്ന 68 ആശുപത്രികളിൽ വിവിധ തരത്തിലുള്ള കെട്ടിട നിർമ്മാണം നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു.

(സി) കോവിഡ്കാലത്ത് ആരംഭിച്ച ടെലി മെഡിസിൻ സംവിധാനം തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇ-സഞ്ജീവിനി ടെലിമെഡിസിൻ സേവനങ്ങൾ ഇപ്പോഴും മികച്ച രീതിയിൽ പൊതുജനങ്ങൾക്ക് നൽകിവരുന്നു.

## ആരോഗ്യമേഖലയിലെ അതിക്രമങ്ങൾ

199 (2135) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, സഹകരണ, സ്വകാര്യ മേഖലകളിലെ ആശുപത്രികളെ സുരക്ഷിത മേഖലകളായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആശുപത്രി, ഡോക്ടർമാർ, ജീവനക്കാർ എന്നിവരുടെ സംരക്ഷണത്തിനായി ആശുപത്രികളുടെ കോമ്പൗണ്ട് സംരക്ഷിത മേഖലകളായി പ്രഖ്യാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ മെഡിക്കൽ കോളേജുകളുടെയും മറ്റ് സർക്കാർ ആശുപത്രികളുടെയും സുരക്ഷ വർദ്ധിപ്പിക്കുന്നതിനും രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി 12.08.2021-ലെ സ.ഉ.(സാധാ) നം.1735/2021/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും

04.07.2022-ലെ ബി4/118/2022/ആ.കു.വ നമ്പർ സർക്കുലർ പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 2021 ജൂൺ 1 മുതൽ 2022 ജൂൺ 15 വരെ സംസ്ഥാനത്ത് ആശുപത്രികൾ, ഡോക്ടർമാർ, ജീവനക്കാർ എന്നിവർക്ക് നേരെ അക്രമം നേരിട്ടത് സംബന്ധിച്ച് ലഭിച്ച പരാതികൾ/കേസുകൾ എന്നിവ എത്രയെന്ന് ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ; ഓരോ പരാതികളിലും ഇതുവരെ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കുമോ?

2021 ജൂൺ 1 മുതൽ 2022 ജൂൺ 15 വരെ സംസ്ഥാനത്ത് ആശുപത്രികൾ, ഡോക്ടർമാർ, ജീവനക്കാർ എന്നിവർക്ക് നേരെ ഉണ്ടായ ആക്രമണവുമായി ബന്ധപ്പെട്ട് 140 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 138 പരാതികളിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓരോ കേസിന്റെയും വിശദാംശങ്ങൾ ജില്ല തിരിച്ച് ഇതോടൊപ്പം അനുബന്ധം 1+ ആയി ഉള്ളടക്കം ചെയ്യുന്നു.

## ആരോഗ്യ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ

200(2136) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പുതിയ രോഗങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആരോഗ്യ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

തീരുമാനിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സഹായത്തോടെയാണ് ഗവേഷണം നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

മെഡിക്കൽ കോളേജുകളിൽ സ്റ്റേറ്റ് ബോർഡ് ഓഫ് റിസർച്ച് (SBMR) ഭാഗമായി ഇൻസ്റ്റിറ്റ്യൂഷൻ റിസർച്ച് കമ്മിറ്റി പ്രവർത്തിക്കുന്നു. മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ അദ്ധ്യാപകർക്ക് ഗവേഷണം നടത്തുന്നതിനായി SBMR-ൽനിന്നും ഫണ്ട് അനുവദിക്കുന്നു. Indian Council of Medical Research (ICMR), National Institute of Virology, (NIV), Rajiv Gandhi Centre for Biotechnology (RGCB), Department of Health Research (DHR), Institute of Advanced Virology (IAV), World Health Organisation (WHO) തുടങ്ങിയവരുടെ സഹകരണത്തോടുകൂടി മെഡിക്കൽ കോളേജ് ഡോക്ടർമാർ ഗവേഷണം ഏറ്റെടുത്ത് നടത്തിവരുന്നു.

## ഇ-ഹെൽത്ത് പദ്ധതി

201 (2137)<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാൻ കഴിയും; വിശദാംശങ്ങൾ നൽകാമോ?

ഇ-ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായി ഓരോ വ്യക്തിക്കും ആധാർ നമ്പർ അധിഷ്ഠിതമായി ഒരു UHID നൽകുന്നു. അയാളുടെ ജനനംമുതൽ മരണം വരെയുള്ള ചികിത്സാ രേഖകൾ (Electronic Health Record, EMR) ഈ UHID മുഖാന്തരം ബന്ധിപ്പിച്ചിരിക്കുന്നു.

ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള കേരളത്തിലെ ഏതു സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയാലും UHID ഉപയോഗിച്ച് ഒരു വ്യക്തിയുടെ എല്ലാ ചികിൽസാ വിവരങ്ങളും (clinical details) ഡോക്ടറുടെ മുന്നിലെ കമ്പ്യൂട്ടറിൽ ലഭ്യമാകുന്നു.

പദ്ധതിയുടെ ഭാഗമായ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിവരശേഖരണത്തിലൂടെയും അല്ലെങ്കിൽ ആശുപത്രികളിൽ ഏർപ്പെടുത്തുന്ന

രജിസ്ട്രേഷൻ കൗണ്ടറുകളിലൂടെയും ആണ് വ്യക്തികളുടെ U.H.I.D. ഇ-ഹെൽത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നത്.

രോഗികളെ സംബന്ധിച്ചിടത്തോളം പേരും മറ്റു വിവരങ്ങളും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഒ.പി. ടിക്കറ്റ് എടുക്കുന്ന പ്രക്രിയ സുഗമവും എളുപ്പവുമായിത്തീരുന്നു.

ഒ.പി. ക്ലിനിക്കുകൾ, ഫാർമസി, ലാബോറട്ടറി, എക്സ്റേ എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും ടോക്കൺ അടിസ്ഥാനത്തിലുള്ള ക്യൂ സമ്പ്രദായം നിലവിൽ വന്നു.

ഡോക്ടർമാരുടെ കുറിപ്പടികൾ (prescriptions) നെറ്റ്‌വർക്ക് വഴി ഫാർമസികളിലും ലാബറട്ടറികളിലും എക്സ്റേ കൗണ്ടറിലും അപ്പപ്പോൾ എത്തുന്നു. ടെസ്റ്റ് റിസൾട്ടുകൾ ഡോക്ടർമാരുടെ മുന്നിലെ കമ്പ്യൂട്ടറിൽ തൽസമയം ലഭ്യമാകുന്നു.

വ്യക്തികളുടെ സമഗ്രമായ ആരോഗ്യ രേഖകൾ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ ഏതൊരു ആശുപത്രിയിലും കമ്പ്യൂട്ടർ ശൃംഖലവഴി ലഭ്യമാകും എന്നതിനാൽ വിവിധ ആശുപത്രികളിൽ തുടർചികിൽസകൾ വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർക്ക് തങ്ങളുടെ മുന്നിലിരിക്കുന്ന രോഗിയുടെ

പൂർണ്ണമായ രോഗചികിൽസാ സംഗ്രഹം ഞൊടിയിടയിൽത്തന്നെ കേന്ദ്രീകൃത കമ്പ്യൂട്ടറിൽനിന്നും ലഭ്യമാക്കി കൃത്യമായ തുടർചികിൽസ നിർണ്ണയിക്കാൻ സാധിക്കുന്നു.

രോഗികൾക്ക് തങ്ങളുടെ ചികിൽസാ സംബന്ധിയായ രേഖകൾ കൊണ്ടുനടക്കേണ്ട ആവശ്യം ഇല്ലാതാകുന്നു.

കൂടാതെ, ഇ-ഹെൽത്ത് നടപ്പിലാക്കിയ ഏത് ആശുപത്രിയിൽ നിന്നും ആ ആശുപത്രിയിലെയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആശുപത്രിയിലെയോ ടോക്കൺ മുൻകൂർ എടുക്കാനും മറ്റേത് ആശുപത്രിയിലേയ്ക്കും റെഫർ ചെയ്യാനും ഡോക്ടർക്ക് സാധ്യമാണ്.

ഇതോടൊപ്പംതന്നെ പൊതുജനങ്ങൾക്ക് വെബ് പോർട്ടൽ മുഖേന മുൻകൂർ ടോക്കണുകൾ എടുക്കുവാനുള്ള സൗകര്യവും ലഭ്യമാണ്.

മൊബൈൽ, കമ്പ്യൂട്ടർ എന്നിവവഴി ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗിനുള്ള സൗകര്യം നിലവിൽ വന്നിട്ടുണ്ട്.

നിശ്ചിത കാലയളവിനുള്ളിൽ ഡോക്ടറെ വീണ്ടും കാണേണ്ടുന്ന രോഗികൾക്ക് അടുത്ത തവണ കാണാനുള്ള Token, ഡോക്ടർ consultation room-ൽ വച്ച് തന്നെ നൽകുവാനുള്ള സംവിധാനവും ലഭ്യമാണ്.

(ബി) രോഗചികിത്സയ്ക്കായി ആശുപത്രികളിൽ മുൻകൂട്ടിയുള്ള അപ്പോയിന്റ്മെന്റ് എടുക്കുന്നതിനായി ഓൺലൈനായി ഒ.പി. ടിക്കറ്റ് എടുക്കുവാൻ ഇ-ഹെൽത്ത് വഴി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള 446 ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം സജ്ജമായി. ഇതിൽ 334 ആശുപത്രികളിൽ വീട്ടിലിരുന്ന് ഓൺലൈൻ വഴി ഒ.പി. ടിക്കറ്റും ആശുപത്രി അപ്പോയിന്റ്മെന്റെടുക്കാനും കഴിയുന്ന സംവിധാനം സജ്ജമായിട്ടുണ്ട്. സ്മാർട്ട് ഫോണും കമ്പ്യൂട്ടറും ഉപയോഗിച്ച് ഈ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

ഇ-ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭിക്കുവാൻ ആദ്യമായി തിരിച്ചറിയൽ നമ്പർ അഥവാ യു.എച്ച്.ഐ.ഡി. സൃഷ്ടിക്കണം. അതിനായി https://ehealth.kerala.gov.in എന്ന പോർട്ടലിൽ കയറി രജിസ്റ്റർ ലിങ്ക് ക്ലിക്ക് ചെയ്യണം. അതിൽ ആധാർ നമ്പർ ടൈപ്പ് ചെയ്ത് പ്രൊസീഡ് ചെയ്യാവുന്നതാണ്. തുടർന്ന് ആധാർ രജിസ്റ്റർ ചെയ്തിട്ടുള്ള നമ്പരിൽ ഒ.ടി.പി. വരും. ഈ ഒ.ടി.പി. നൽകി വെരിഫൈ ചെയ്യാവുന്നതാണ്. അപ്പോൾ

ആധാർ നമ്പർ നൽകിയ വ്യക്തിയുടെ പേര്, വയസ്, വീട്ടുപേര്, ജില്ല എന്നിവ സ്ക്രീനിൽ ലഭ്യമാകും. തുടർന്ന് അതിന് താഴെയുള്ള കോളത്തിൽ മൊബൈൽ നമ്പർ നൽകി സബ്മിറ്റ് ചെയ്യാവുന്നതാണ്. അപ്പോൾ യു.എച്ച്.ഐ.ഡി. നമ്പർ മൊബൈലിൽ മെസ്സേജായി ലഭിക്കുന്നതാണ്. ഈ തിരിച്ചറിയൽ നമ്പർ ഉപയോഗിച്ച് ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ അപ്പോയിന്റ്മെന്റ് എടുക്കാൻ സാധിക്കും. ആദ്യ തവണ യു.എച്ച്.ഐ.ഡി. നമ്പർ തന്നെയാണ് പാസ്‌വേഡായി ഉപയോഗിക്കേണ്ടത്. അതിനുശേഷം പുതിയ പാസ്‌വേർഡ് നൽകണം.

മെഡിക്കൽ കോളേജുകളിലുൾപ്പെടെ വിദഗ്ദ്ധ ഒ.പി. ചികിത്സയ്ക്ക് റഫറൽ ആവശ്യമാണ്. അതിനാൽ തൊട്ടടുത്തുള്ള ആശുപത്രിയിൽ ഡോക്ടറെ കാണിച്ച് റഫറൽ വാങ്ങിച്ചിരിക്കണം.

അപ്പോയിന്റ്മെന്റ് ഫോമിൽ ജില്ല, ആശുപത്രിയുടെ തരം, ആശുപത്രിയുടെ പേര്, ഡിപ്പാർട്ട്മെന്റ് എന്നിവ നൽകി പ്രൊസീഡ് നൽകുക. അതിനുശേഷം വരുന്ന പേജിൽ തീയതി സെലക്ട് ചെയ്ത് രോഗികൾക്ക് സൗകര്യപ്രദമായ സമയവും ടോക്കൺ, വരുമാനം എന്നിവ സെലക്ട് ചെയ്യുമ്പോൾ അപ്പോയിന്റ്മെന്റ് വിവരങ്ങൾ ലഭ്യമാകുന്നതാണ്.

അപ്പോയിന്റ്മെന്റ് പി.ഡി.എഫ്. രൂപത്തിൽ പ്രിന്റെടുക്കാൻ സാധിക്കുന്നതാണ്. ടോക്കൺ വിവരങ്ങൾ എസ്.എം.എസ്. ആയും ലഭിക്കുന്നതാണ്

(സി) പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് 2016-ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ശ്രേണിയിലുംപ്പെട്ട 12 സർക്കാർ ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള 696 ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോൾ 446 ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതിൽ 160 എണ്ണം പൂർണ്ണമായും കടലാസുരഹിതമായിട്ടാണ് പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന 250 ആശുപത്രികളിൽ 182 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്കാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമഘട്ടത്തിലാണ്. ബാക്കി വരുന്ന 68 ആശുപത്രികളിൽ വിവിധ തരത്തിലുള്ള കെട്ടിടനിർമ്മാണം നടന്നുവരുന്നതിനാൽ പദ്ധതി പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നുണ്ട്.

## സംസ്ഥാനത്ത് പുതിയ ബ്ലഡ് ബാങ്കുകൾ

202 (2138) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ തലത്തിൽ എത്ര ബ്ലഡ് ബാങ്കുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് സർക്കാർ തലത്തിൽ 42 ബ്ലഡ് ബാങ്കുകൾ നിലവിലുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള ബ്ലഡ് ബാങ്കുകളുടെ വിവരം അനുബന്ധമായി1+ ചേർക്കുന്നു.

(ബി) പുതിയതായി കൂടുതൽ ആശുപത്രികളിൽ ബ്ലഡ് ബാങ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ മാനദണ്ഡപ്രകാരം ഒരു ആശുപത്രിയിൽ രണ്ടായിരത്തിലധികം യൂണിറ്റ് രക്തം പ്രതിവർഷം ആവശ്യം വരുന്നുവെങ്കിൽ അവിടെ ഒരു ബ്ലഡ് ബാങ്ക് ആവശ്യമാണ്. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ പോളിസിയുടെ ഭാഗമായി നിലവിലുള്ള ബ്ലഡ് ബാങ്കുകളെ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റുകൾ (BCSU) ആയി ഉയർത്തുക, അതുവഴി 100% രക്തഘടകങ്ങളുടെ ലഭ്യത ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. നിലവിൽ 33 രക്തബാങ്കുകളിലാണ് BCSU

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉള്ളത്. 3 രക്തബാങ്കുകളെ കൂടി ഈ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി അവസാന ഘട്ടത്തിൽ എത്തിനിൽക്കുന്നു. നിലവിൽ കേരളത്തിൽ ഹബ് ആന്റ് സ്പോക്ക് മോഡൽ പ്രകാരം മദർ ബ്ലഡ് ബാങ്കുകളിൽ നിന്ന് ബ്ലഡ് സ്റ്റോറേജ് സെന്ററുകളിലേയ്ക്ക് രക്തം എത്തിക്കുന്നുണ്ട്. ഇതുകൂടാതെ ഭൂമിശാസ്ത്രപരമായി പരിമിതികളുള്ള പ്രദേശങ്ങളിലും (ഉദാ: വയനാട്, ഇടുക്കി) അടുത്ത് മറ്റ് ബ്ലഡ് ബാങ്കുകൾ ഇല്ലാത്ത സ്ഥലങ്ങളിലും നാഷണൽ ഹൈവേകളിലുള്ള ട്രോമാ കെയർ സെന്ററുകളിലും ബ്ലഡ് ബാങ്ക് തുടങ്ങാൻ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്ക് അതീതമായി നടപടി സ്വീകരിക്കുന്നുണ്ട്.

(സി) എങ്കിൽ അവ എവിടെയൊക്കെയാണെന്നും ആശുപത്രികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും അറിയിക്കാമോ?

പുതിയതായി താലൂക്ക് ആശുപത്രി അടിമാലി, ജില്ലാ ആശുപത്രി നിലമ്പൂർ എന്നിവിടങ്ങളിൽ പുതിയ BCSU ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ജില്ലാ ആശുപത്രി നെടുങ്കണ്ടം, ജനറൽ ആശുപത്രി കൽപ്പറ്റ എന്നിവിടങ്ങളിലും പുതിയ BCSU ആരംഭിക്കുന്നതിനുള്ള പ്രൊപോസൽ പരിശോധിച്ചുവരുന്നു.

## ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി

203 (2139) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി പീപ്പിൾസ് ക്യാമ്പയിൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, ലഹരിയോടുള്ള ആസക്തി, മാനസിക പിരിമുറുക്കം തുടങ്ങിയ കാരണങ്ങളാലാണ് പ്രമേഹവും രക്താതിമർദ്ദവും, ഹൃദ്രോഗങ്ങളും, കാൻസറും ഉൾപ്പെടുന്ന ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്നത്. ആയതിനാൽ ജീവിതശൈലീ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഒരു പീപ്പിൾസ് ക്യാമ്പയിൻ നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇത്തരം ക്യാമ്പയിനുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; ഗ്രാമപഞ്ചായത്തുതോറും പ്രസ്തുത ക്യാമ്പയിൻ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ആശാ പ്രവർത്തകരുടെ സഹായത്തോടുകൂടി ഗൃഹസന്ദർശനം നടത്തി മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടേയും ജീവിതശൈലി രോഗങ്ങളെക്കുറിച്ചും അവയിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചുമുള്ള ഒരു സമഗ്ര സർവ്വെയും അതിനെത്തുടർന്നുള്ള പരിശോധനയും ചികിത്സയുമാണ് ഈ ക്യാമ്പയിനിലൂടെ നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ഇ-ഹെൽത്തിന്റെ സഹായത്തോടുകൂടി 'ശൈലീ' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ സജ്ജമാക്കുകയും അതിലൂടെ വിവരശേഖരണം നടത്തുകയുമാണ് ചെയ്യുന്നത്. തുടക്കത്തിൽ ഒരു നിയോജകമണ്ഡലത്തിലെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനെത്തുടർന്ന് ഘട്ടംഘട്ടമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി എൻ.സി.ഡി. പ്ലാൻ ഫണ്ടുകളും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടുകളും ഉപയോഗപ്പെടുത്തുന്നതാണ്.

(സി) യുവാക്കൾ ജീവിതശൈലീ രോഗങ്ങൾക്ക് അടിമപ്പെടുന്നത് ഒഴിവാക്കുവാൻ ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സ്കൂളുകളിലും കോളേജുകളിലും നാഷണൽ സർവ്വീസ് സ്കീമിന്റെ സഹകരണത്തോടുകൂടി വിവിധ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും ജീവിതശൈലീരോഗനിയന്ത്രണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യകരമായ ഭക്ഷണ രീതി, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള മുക്തി എന്നീ വിഷയങ്ങളിൽ ഊന്നിയാണ് ആരോഗ്യ ബോധവൽക്കരണ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെയും യുവാക്കളെയുംകൂടി പങ്കെടുപ്പിച്ചുകൊണ്ട് അവരിൽ ആരോഗ്യ ബോധവൽക്കരണവും ആരോഗ്യ ഉത്തരവാദിത്വവും വളർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. യുവാക്കളിൽ രോഗനിർണ്ണയ പരിശോധനകൾ ഊർജ്ജിതമാക്കുന്നതുവഴി ജീവിതശൈലീരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ജീവിതശൈലീരോഗങ്ങളിലേയ്ക്ക് നയിക്കുന്ന ഹേതുക്കൾ ഒഴിവാക്കുന്നതിനും സാധിക്കുന്നു.

## തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലെ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

204 (2140) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട അവയവവുമായി ആംബുലൻസ് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെത്തിയിട്ടും വൃക്ക സൂക്ഷിച്ചിരുന്ന പെട്ടി വാങ്ങാൻ ആരും ഉണ്ടായിരുന്നില്ല എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ തന്നെ രണ്ട് സീനിയർ റസിഡന്റ് ഡോക്ടർമാരാണ് വൃക്ക ഏറ്റെടുക്കാനായി ആംബുലൻസിൽ രാജഗിരി ആശുപത്രിയിലേയ്ക്ക് പോയത്. അവയവം എടുക്കാൻ പോകുന്ന മെഡിക്കൽ സംഘം തന്നെയാണ് അവയവുമായി ഓപ്പറേഷൻ തീയേറ്ററിലേയ്ക്ക് പോകാറുള്ളത്. മെഡിക്കൽ കോളേജിൽ വൃക്ക അടങ്ങിയ ഓർഗൻ ബോക്സ് എത്തിച്ചത് രണ്ട് സീനിയർ റസിഡന്റുമാരായിരുന്നു. എന്നാൽ ആംബുലൻസിൽ നിന്നും അവയവം അടങ്ങിയ ബോക്സുമായി

ജീവനക്കാരല്ലാത്ത ചിലർ ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് പോകുന്ന ദൗർഭാഗ്യകരമായ സംഭവം ഉണ്ടായി. ഈ സാഹചര്യങ്ങളെക്കുറിച്ചുള്ള വിശദമായ അന്വേഷണം നടന്നുവരുന്നു.

(ബി) ആലുവയിൽ നിന്നും വൃക്കയുമായി ആംബുലൻസ് വരുന്ന കാര്യം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അറിയിച്ചിരുന്നോ; വ്യക്തമാക്കാമോ?

വൃക്കയുമായി ആംബുലൻസ് എത്തുന്ന വിവരം ആശുപത്രിയിൽ അറിയിച്ചിരുന്നു.

(സി) വൃക്ക ഏറ്റുവാങ്ങാൻ മെഡിക്കൽ കോളേജിൽ ആരുമില്ലാതിരുന്നതിനാൽ പുറത്തുനിന്നെത്തിയവർ വൃക്ക അടങ്ങിയ പെട്ടിയെടുത്ത് ഓടിയെന്ന് പറയപ്പെടുന്നത് ഗൗരവമുള്ള വീഴ്ചയല്ലേ; വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ തന്നെ രണ്ടു സീനിയർ റസിഡന്റ് ഡോക്ടർമാരാണ് വൃക്ക ഏറ്റെടുക്കാനായി ആംബുലൻസിൽ രാജഗിരി ആശുപത്രിയിലേയ്ക്ക് പോയത്. അവയവം എടുക്കാൻ പോകുന്ന മെഡിക്കൽ സംഘം തന്നെയാണ് അവയവവുമായി ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് പോകാറുള്ളത്. എന്നാൽ ആംബുലൻസിൽ നിന്നും അവയവം

അടങ്ങിയ ബോക്സുമായി ജീവനക്കാരല്ലാത്ത ചിലർ ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് പോകുന്ന ദൗർഭാഗ്യകരമായ സംഭവം ഉണ്ടായി. ഈ സാഹചര്യങ്ങളെക്കുറിച്ചുള്ള വിശദമായ അന്വേഷണം നടന്നുവരുന്നു.

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

അന്വേഷണ റിപ്പോർട്ട് പരിശോധിച്ചശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## സർക്കാർ മെഡിക്കൽ കോളേജുകളിലെയും ആശുപത്രികളിലെയും കിഫ്ബി പദ്ധതി

205 (2141) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലുമായി കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ; ഇതിൽ എത്ര പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കാമോ?

സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 71 ആശുപത്രികളെയാണ് കിഫ്ബി പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. അവയുടെ പ്രവർത്തനങ്ങൾക്കായി ആകെ 4,375.986 കോടി രൂപയുടെ (നാലായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 21 സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിലും 50 സ്ഥാപനങ്ങളിൽ പദ്ധതി ആസൂത്രണം ചെയ്യുന്ന ഘട്ടത്തിലുമാണ്.

തലശ്ശേരി മലബാർ കാൻസർ സെന്ററിനെ ഓങ്കോളജി സയൻസ് & റിസർച്ച് പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിനും ഗസ്റ്റ്ഹൗസ് നിർമ്മാണത്തിനുമായി കിഫ്ബി മുഖാന്തരം ആകെ 765.13 കോടി (എഴുനൂറ്റി അറുപത്തിയഞ്ച് കോടി പതിമൂന്ന് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൂടാതെ കിഫ്ബി മുഖാന്തരം കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 355 കോടി (മുന്നൂറ്റി അൻപത്തി അഞ്ച്

കോടി മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിവിധ മെഡിക്കൽ കോളേജുകളിലെ 13 വിഭാഗങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആകെ 3037.73 കോടി (മൂവായിരത്തി മുപ്പത്തി ഏഴ് കോടി എഴുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച വിവിധ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

കൂടാതെ സംസ്ഥാനത്തെ 140 മണ്ഡലങ്ങളിൽ കിഫ്ബി ഫണ്ടും എം.എൽ.എ. ഫണ്ടും തുല്യമായി വിനിയോഗിച്ചുകൊണ്ട് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് ആകെ 636.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ആദ്യഘട്ടത്തിൽ 90 സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് സർക്കാർ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ

206(2142) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2016-നുശേഷം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഏർപ്പെടുത്തിയ പരിഷ്കാരങ്ങളുടെ ഭാഗമായി വിവിധ സർക്കാർ/ഡെന്റൽ/ഫാർമസി/നഴ്സിംഗ് കോളേജുളിൽ ബിരുദ/ബിരുദാനന്തര സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൊല്ലം പാരിപ്പള്ളിയിൽ മെഡിക്കൽ കോളേജ് ആരംഭിച്ച് 2017 മുതൽ മെഡിക്കൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നു. കൂടാതെ പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുത്ത് സർക്കാർ മെഡിക്കൽ കോളേജായി പുനഃനാമകരണം ചെയ്ത് പ്രവർത്തനം നടത്തിവരുന്നു.

(ബി) ഈ കാലയളവിൽ മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന എന്തെല്ലാം ആനുകൂല്യങ്ങൾ നിർത്തലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല.

(സി) മെഡിക്കൽ വിദ്യാർത്ഥികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ കാലയളവിൽ സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

മെഡിക്കൽ വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ദന്തൽ-പാരാമെഡിക്കൽ വിദ്യാർത്ഥിനികൾക്കായി ക്യാമ്പസിൽ പുതുതായി പണികഴിപ്പിച്ച ഹോസ്റ്റൽ പ്രവർത്തനസജ്ജമായിട്ടുണ്ട്. നിലവിലുള്ള ഹൗസ് സർജൻസ് ക്വാർട്ടേഴ്സിലെ നവീകരണ ജോലികൾ പൂർത്തീകരിച്ച് വരുന്നു. കൂടാതെ ഫാർമസി കോളേജിൽ ഒരു കോടി രൂപ ചെലവാക്കി പുതിയ പരീക്ഷാ ഹാൾ നിർമ്മിച്ചിട്ടുണ്ട്.

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ യു.ജി., പി.ജി. വിദ്യാർത്ഥികൾക്ക് 2.5 കോടി രൂപ ചെലവാക്കി പുതിയ ലാബ് പ്രവർത്തന സജ്ജമാക്കി. 3.6 കോടി രൂപ ചെലവാക്കി സ്കിൻ ലാബ് പൂർത്തീകരിച്ചു. 3.5 കോടി രൂപ ചെലവിൽ മെൻസ് ഹോസ്റ്റൽ നിർമ്മിച്ചു. പി.ജി. വിദ്യാർത്ഥികൾക്കായി 5.4 കോടി രൂപ ചെലവിൽ 24 അപ്പാർട്ടുമെന്റുകൾ ഉള്ള പി.ജി. ക്വാർട്ടേഴ്സ് നിർമ്മിച്ചു. പി.ജി. റസിഡൻസ് ക്വാർട്ടേഴ്സ് 9 കോടി,

ലക്ചർ തീയേറ്റർ കോംപ്ലക്സ് (ഫെയ്സ് -II) ഒരു കോടി രൂപ ചെലവിൽ പൂർത്തിയാക്കിയിട്ടുണ്ട്.

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ 3 കോടി രൂപ മുതൽമുടക്കി 180 സീറ്റിംഗ് കപ്പാസിറ്റിയുള്ള 2 ഗ്യാലറി ടൈപ്പ് ലക്ചർ ഹാളുകൾ നിർമ്മാണം പൂർത്തിയാക്കി ഉപയോഗസജ്ജമായിട്ടുണ്ട്. പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കായുള്ള ഫ്ലാറ്റ് ടൈപ്പ് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് 25 കോടി രൂപ മുതൽമുടക്കിൽ നിർമ്മാണം പൂർത്തിയാക്കി താമസത്തിനായി വിട്ടുനൽകിയിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫാർമസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണത്തിനായി 42,24,000 രൂപ അനുവദിച്ചിട്ടുള്ളതും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

ആലപ്പുഴ സർക്കാർ റ്റി.ഡി. മെഡിക്കൽ കോളേജിലെ പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായി ലക്ചർ ഹാൾ, കോമൺ റൂം, ടോയ്ലെറ്റ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിലേയ്ക്ക് 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത കെട്ടിടം പഠന സൗകര്യാർത്ഥം കൈമാറിയിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണത്തിന് 30 ലക്ഷം

രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണത്തിന്റെ അവസാനഘട്ട പ്രവൃത്തികൾ നടന്നു വരുന്നു.

മെൻസ് ഹോസ്റ്റൽ നമ്പർ 1-ന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കും, ലേഡീസ് ഹോസ്റ്റൽ നമ്പർ 2-ന്റെ പുനരുദ്ധാരണത്തിനുമായി തുക അനുവദിച്ചിട്ടുണ്ട്. എക്സാം ഹാൾ നവീകരണത്തിനായി 11,19,000/ രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 34,34,000 രൂപ മുടക്കി മെൻസ് ഹോസ്റ്റലിൽ കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മെൻസ് ഹോസ്റ്റൽ നമ്പർ-2-ലെ എ.സി.പി. സീലിംഗ് വർക്കുകൾക്കായി 71,82,241 രൂപ അനുവദിക്കുകയും പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതുമാണ്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മെഡിക്കൽ വിദ്യാർത്ഥികളുടെ ആവശ്യാനുസരണം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി NMC മാനദണ്ഡം അനുസരിച്ച് പിഡബ്ല്യുഡി ചുമതലയിൽ റസിഡന്റ്സ് ക്വാർട്ടേഴ്സ്, ലേബർറൂം വിപുലീകരണം, ഇന്റർവെൻഷണൽ റേഡിയോളജി ബ്ലോക്ക്, കാഷ്വാലിറ്റി വിപുലീകരണം,

വിവിധ ഐ.സി.യു.-കളുടെ നിർമ്മാണം, കാന്റീൻ ആദ്യനിലയുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

M/s കിറ്റ്കോയുടെ ചുമതലയിൽ 103.86 കോടി രൂപ ചെലവഴിച്ച് ഹോസ്റ്റലുകൾ, അദ്ധ്യാപക/അനദ്ധ്യാപക ക്വാർട്ടേഴ്സ്, ആഡിറ്റോറിയം, ഇന്റേണൽ റോഡ് നിർമ്മാണം എന്നിവയുടെ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

കോളേജ് വികസനത്തിനായി 2.8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 50 ലക്ഷം രൂപ അനുവദിച്ചത് മലപ്പുറം എൽ.എ. സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറിയിട്ടുള്ളതും ഏറ്റെടുക്കേണ്ട ഭൂമിയിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് അളന്നുതിട്ടപ്പെടുത്തിയിട്ടുള്ളതും നിലവിൽ ഈ ഭൂമിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പഠനം നടന്നുവരികയുമാണ്. കൂടാതെ ആശുപത്രിയിൽ എം.ആർ.ഐ. സ്കാൻ മെഷീൻ സ്ഥാപിക്കുന്നതിന് 6.2 കോടി കെ.എം.എസ്.സി.എൽ.-ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. ആയത് വാങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി 2021-22 സാമ്പത്തികവർഷം 2.5 കോടി അനുവദിക്കുകയും ആശുപത്രിയിൽ

ഇന്റേണൽ റോഡ്, മതിൽ, ഡ്രെയിനേജ് സംവിധാനം എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി ടി തുക പി.ഡബ്ല്യു.ഡി-ക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒ.പി. ബ്ലോക്ക് വരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ പഠനത്തിന് കൂടുതൽ സൗകര്യങ്ങൾ ലഭിക്കുന്നതാണ്.

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ പീഡിയാട്രിക്സ് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരീക്ഷ നടത്തിപ്പിനായുള്ള പ്രത്യേക ഹാൾ പുതുതായി നിർമ്മിക്കുകയും പരീക്ഷകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നൈപുണ്യവികസനത്തിനായുള്ള മെഡിക്കൽ സ്കിൽ ലാബ് പദ്ധതി ആവിഷ്കരിച്ചു. അതിനായുള്ള ഉപകരണങ്ങൾ സജ്ജീകരിച്ചുകൊണ്ടിരിക്കുന്നു. മെഡിക്കൽ വിദ്യാർത്ഥിനികൾക്കായി ലേഡീസ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചു.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആൺകുട്ടികൾക്കുള്ള പുതിയ ഹോസ്റ്റൽ തുടങ്ങുന്നതിനുള്ള 14 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണപ്രവൃത്തികൾക്കുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരികയും ചെയ്യുന്നു. സെൻട്രൽ ലൈബ്രറിയോട് ചേർന്ന് 47

ലക്ഷം രൂപയുടെ ഭരണാനുമതിയിൽ റീഡിംഗ് റൂമിന്റെ പ്രവർത്തനം ആരംഭിച്ചു. 71.8 ലക്ഷം രൂപയുടെ ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ V, പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ IV എന്നിവയുടെ നവീകരണപ്രവൃത്തികൾ പൂർത്തീകരിച്ചു. പുതിയ പരീക്ഷാ ഹാളിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 13 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയതിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചുവരികയും ചെയ്യുന്നു. ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ I, II, IV എന്നിവയുടെ നവീകരണത്തിനായി 2 കോടി രൂപയുടെയും പുതിയ പി.ജി. ഹോസ്റ്റലിന്റെയും പഴയ പി.ജി. ഹോസ്റ്റലിന്റെയും നവീകരണത്തിനായി 60 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ആൺകുട്ടികൾക്കുള്ള ഹോസ്റ്റലിന് 8.4 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചുവരികയും ചെയ്യുന്നു. ഹൗസ് സർജൻസിനുള്ള ഹോസ്റ്റൽ നിർമ്മാണത്തിനായി 7.5 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണപ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ ശുചിമുറികൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. അതിനുപുറമേ ഫർണിച്ചറുകൾ, ആധുനിക റഫറൻസ് ബുക്കുകൾ, ഹോസ്റ്റലുകളിൽ വൈഫൈ, ഓൺലൈൻ ക്ലാസ്സുകൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കാവശ്യമായ മാനിക്കിനുകൾ പുതുതായി വാങ്ങി നൽകിയിട്ടുണ്ട്. രോഗീപരിചരണത്തിനാവശ്യമായ Basic life support, Advanced life support എന്നീ മേഖലകളിൽ പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ട് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു.

(ഡി) പ്രസ്തുത കാലയളവിൽ മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്റ്റൈപ്പന്റിൽ കാലോചിതമായ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ?

08.07.2019-ലെ സ.ഉ. (എം.എസ്) 101/2019/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മെഡിക്കൽ കോളേജുകളിലെ ഹൗസ് സർജൻമാരുടെ സ്റ്റൈപ്പന്റ് 20,000 രൂപയിൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

<u>വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വൈകിയതിനെത്തുടർന്ന് രോഗി മരിക്കാനിടയായ സംഭവം</u>

207 (2143) <u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വൈകിയതിനെത്തുടർന്ന് രോഗി മരിക്കാനിടയായ സംഭവത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെത്തുടർന്ന് ആശുപത്രിയിൽ ചികിത്സയിലായിരുന്ന രോഗി മരിച്ച സംഭവവുമായി ബന്ധപ്പെട്ട് യൂറോളജി, നെഫ്രോളജി വിഭാഗം മേധാവികളെ അന്വേഷണ വിധേയമായി സർക്കാർ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടക്കുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 22.06.2022-ന് സ.ഉ. (സാധാ)

നം.1484/2022/ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാര്യങ്ങളുടെ വിശദമായ അന്വേഷണം നടന്നുവരികയാണ്.

(ബി) അവയവമാറ്റ ശസ്ത്രക്രിയ നടപടികൾ ഏകോപിപ്പിക്കുന്ന കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ?

വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട സ്ഥാപനം നിർവ്വഹിക്കേണ്ട എല്ലാ ഏകോപനവും കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നിരുന്നാലും അന്വേഷണ റിപ്പോർട്ട് വരുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുകയുള്ളൂ.

(സി) ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തിയോ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടക്കുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 22.06.2022-ന് സ.ഉ (സാധാ) നം.1484/2022/ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കാര്യങ്ങളുടെ വിശദമായ അന്വേഷണം നടന്നുവരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭ്യമായ ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റുകൾ

208 (2144) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അധീനതയിലുള്ള ഏതൊക്കെ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലുമാണ് സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റുകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; അവയവമാറ്റ ശാസ്ത്രക്രിയ ചെയ്യുന്ന ഏതൊക്കെ സ്ഥാപനങ്ങളാണ് സർക്കാർ അധീനതയിൽ ഉള്ളതെന്നും അറിയിക്കാമോ?

താഴെപ്പറയുന്ന ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ട്രീറ്റ്മെന്റുകൾ നിലവിലുണ്ട്.

- തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി
- കൊല്ലം മെഡിക്കൽ കോളേജ് ആശുപത്രി
- ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി
- കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി
- എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രി

- തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി
- കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി
- മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി
- കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രി
- ജനറൽ ആശുപത്രി, തിരുവനന്തപുരം
- ജില്ലാ ആശുപത്രി, കൊല്ലം
- താലൂക്ക് ആശുപത്രി, പുനലൂർ
- ജനറൽ ആശുപത്രി, പത്തനംതിട്ട
- ജനറൽ ആശുപത്രി, കാഞ്ഞിരപ്പിള്ളി
- ജനറൽ ആശുപത്രി, എറണാകുളം
- ജനറൽ ആശുപത്രി, തൃശ്ശൂർ
- ജില്ലാ ആശുപത്രി, പാലക്കാട്
- ജില്ലാ ആശുപത്രി, കണ്ണൂർ
- ജനറൽ ആശുപത്രി, തലശ്ശേരി
- ജനറൽ ആശുപത്രി, കാസർഗോഡ്
- ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്

അവയവമാറ്റ ശസ്ത്രക്രിയ ചെയ്യുന്ന സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങൾ.

- തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി
- ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി
- കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി
- കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി
- തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി

## കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിന് നടപടി

209 (2145) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള പഴയ ടെലികൊബാൾട്ട് സോഴ്സ് ഡീ-കമ്മീഷൻ ചെയ്യുന്നതിനും പുതിയ സോഴ്സ് വാങ്ങുന്നതിനുമുള്ള ഭരണാനുമതിയും പർച്ചേസ് അനുമതിയും 24.05.2022-ലെ സർക്കാർ ഉത്തരവ് (സാധ) 1178/2012/ആ.കു.വ പ്രകാരം കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്.

## <u>മെഡിക്കൽ കോളേജുകളിൽ മോഡേൺ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റ്</u>

210 (2146) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മോഡേൺ ഇന്റർവെൻഷണൽ റേഡിയോളജി ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കാമോ?

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. ആലപ്പുഴ സർക്കാർ ടി.ഡി. മെഡിക്കൽ കോളേജിൽ ടി വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ നിലവിൽ ആരംഭിച്ചിട്ടില്ല. ആയതിന്റെ ആവശ്യകത സംബന്ധിച്ച പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

<u>മഞ്ചേരി മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്</u>

211 (2147) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മഞ്ചേരി മെഡിക്കൽ കോളേജ് സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മെഡിക്കൽ കോളേജ് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നത് പരിഗണനയിലില്ല.

(സി) മഞ്ചേരിയിൽ ഇപ്പോൾ മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്ന സ്ഥലത്ത് മുൻപുണ്ടായിരുന്ന ജനറൽ ആശുപത്രി പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മെഡിക്കൽ കോളേജിൽ മികച്ച സേവനം നൽകി വരുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിഗണനയിലില്ല.

(ഡി) മഞ്ചേരിയിൽ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിച്ച നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മഞ്ചേരി മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽനിന്നും പരിശോധന നടത്തുകയും പ്രാഥമിക റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നഴ്സിംഗ് കോളേജിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടേയും ഒഴിവുകൾ

212 (2148) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെ ഓരോ ചികിത്സാ വിഭാഗങ്ങളിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടേയും എത്ര വീതം ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധം -1,+ അനുബന്ധം 2 + ആയി ചേർത്തിട്ടുണ്ട്.

(ബി) ഡോക്ടർമാരുടേയും ജീവനക്കാരുടേയും അഭാവംമൂലം രോഗികൾക്ക് യഥാസമയം ചികിത്സ ലഭിക്കാതിരിക്കുന്നത് പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

തസ്തികകളുടെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ തസ്തികകളുടെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിന് എൻട്രി കേഡർ നിയമങ്ങൾ പി.എസ്.സി. വഴി ലഭ്യമാകുന്നതുവരെ എംപ്ലോയ്മെന്റ് വഴിയോ കരാർ വ്യവസ്ഥയിലോ നിയമനങ്ങൾ നടത്തുന്നതിനുള്ള അനുമതി സ്ഥാപന മേധാവികൾക്ക് നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിത്സാവീഴ്ച

213 (2149)ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിരന്തരമായ ചികിത്സാവീഴ്ച സംഭവിക്കുന്നതായ ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയെക്കുറിച്ച് ഒറ്റപ്പെട്ടുവരുന്ന പരാതികളെക്കുറിച്ച് പരിശോധിക്കുകയും അതിന് പരിഹാരനടപടികൾ നടത്തിവരികയും ചെയ്യുന്നു.

(ബി) വാതിലിനിടയിൽ വിരൽ കുടുങ്ങി മെഡിക്കൽ കോളേജിലെത്തിച്ച ആസാം സ്വദേശിയായ മൂന്നുവയസ്സുകാരിയുടെ ശസ്ത്രക്രിയ 36 മണിക്കൂർ വൈകിയതായി പറയപ്പെടുന്ന സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ ഡോക്ടർമാർക്ക് വീഴ്ചവന്നെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഡോക്ടർക്കെതിരെ മെഡിക്കൽ

വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഭാഗത്തുനിന്ന് നടപടിയുണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ & ബി) ന്യൂറോളജി, സർജറി, റേഡിയോതെറാപ്പി എന്നീ വിഭാഗങ്ങളുടെ മേധാവികൾ ഉൾപ്പെട്ട സമിതി 03.06.2022-ൽ അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിൽ വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള ഏകോപനത്തിൽ പിഴവ് വന്നതായി കണ്ടിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക ഡോക്ടറുടെ ഭാഗത്തുനിന്നും വീഴ്ച വന്നതായിട്ടോ നടപടി എടുക്കണമെന്നോ അന്വേഷണത്തിൽ കണ്ടെത്തുകയോ ശിപാർശ നൽകുകയോ ചെയ്തിട്ടില്ല. എന്നാൽ ഈ വിഷയത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സർക്കാർ തലത്തിൽ അന്വേഷണം പുരോഗമിക്കുന്നു.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഭിന്നശേഷിക്കാരനെ പരിശോധിക്കാൻ ഡോക്ടർ തയ്യാറായില്ലെന്നും വീൽചെയറിലിരിക്കുന്ന രോഗിയെ പരിശോധിക്കാൻ ഡോക്ടർമാർ വിസമ്മതിച്ചെന്നുമുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പരാതി ലഭിച്ചിട്ടുണ്ട്. സംഭവത്തെക്കുറിച്ച് ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

<u>തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ വൃക്ക മാറ്റിവയ്ക്കൽ</u>

214 (2150) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ വൈകിയതിന് പിന്നാലെ രോഗി മരിച്ച സംഭവത്തിൽ നടത്തിയ അന്വേഷണവും സ്വീകരിച്ച നടപടിയും വിശദമാക്കുമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ നെഫ്രോളജി, യൂറോളജി വിഭാഗങ്ങളിലെ വകുപ്പുതലവൻമാരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തു. ശസ്ത്രക്രിയയും അനുബന്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 22.06.2022-ലെ സ.ഉ (സാധാ) നം.1484/2022/ആ.കു.വ പ്രകാരം ഉത്തരവായിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ അഡീഷണൽ ചീഫ്

സെക്രട്ടറിയുടെ അന്വേഷണത്തിന്റെ റിപ്പോർട്ടോ, പ്രാഥമിക റിപ്പോർട്ടോ കിട്ടിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് സഹിതമുള്ള വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) വൃക്ക അടങ്ങിയ പെട്ടി മെഡിക്കൽ കോളേജിൽ ആംബുലൻസിൽ എത്തിച്ചപ്പോൾ പുറത്ത് നിന്നുള്ളവർ അത് എടുത്തുകൊണ്ട് ഓടി എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വൃക്ക മാറ്റിവയ്ക്കൽ നടപടിയുടെ പ്രോട്ടോകോൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഭവം സംബന്ധിച്ച അന്വേഷണം നടക്കുന്നുണ്ട്. സംസ്ഥാനത്ത് അവയവദാനവും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടക്കുന്നത് 1994-ൽ നിലവിൽ വന്ന ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആക്റ്റും 2014-ൽ നിലവിൽവന്ന ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആന്റ് ടിഷ്യൂസ് റൂൾസിന്റെയും അന്തഃസത്തയെ ഉൾക്കൊണ്ടുകൊണ്ടാണ്. ടി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസ്ഥാന സർക്കാർ സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ

നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിജ്ഞാപനം വഴി പുറപ്പെടുവിച്ചിട്ടുണ്ട്. (No.14931/S2/2009/H&FWD dated 19.11.2010) മസ്തിഷ്ക മരണാനന്തര അവയവദാതാവിൽ നിന്നുമുള്ള അവയവങ്ങളുടെ വിന്യാസം ഉൾപ്പെടുത്തിക്കൊണ്ട് 2012-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ(കൈ) നം.37/2012/ആ.കു.വ തീയതി 04.02.2012)

കൂടാതെ മസ്തിഷ്കമരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട് രാജ്യത്തുതന്നെ ആദ്യമായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ പുറപ്പെടുവിച്ചത് (സ.ഉ(കൈ) നം.07/2020/ആ.കു.വ തീയതി 19.01.2020) കേരള സർക്കാർ ആണ്. തുടർന്ന് പല സംസ്ഥാനങ്ങളും ഇത് മാതൃകയാക്കുകയും ചെയ്തിട്ടുണ്ട്. മസ്തിഷ്ക മരണാനന്തര അവയവ ദാതാവിൽ നിന്നമുള്ള അവയവങ്ങളുടെ വിന്യാസം ഉൾപ്പെടുത്തിക്കൊണ്ട് 2012-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (02.02.2021 ലെ സ.ഉ (എം.എസ്) നം.37/2022/ആ.കു.വ)

(ഡി) പ്രസ്തുത സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഈ വിഷയവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പടുത്തിക്കൊണ്ട് 22.06.2022-ലെ സ.ഉ (സാധാ) നം.1484/2022/ആ.കു.വ പ്രകാരം ഉത്തരവായിട്ടുണ്ട്. വിശദമായ അന്വേഷണം നടന്നുവരികയാണ്.

വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയതിൽ ഉണ്ടായ വീഴ്ച

215 (2151) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ രോഗി മരണപ്പെടാൻ ഉണ്ടായ സാഹചര്യം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടത്തുകയുണ്ടായോ?

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ തുടർന്ന് ചികിത്സയിലായിരുന്ന രോഗി മരിച്ച സംഭവവുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടക്കുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ

(സാധാ) നം.1484/2022/ആ.കു.വ തീയതി 22.06.2022) വിശദമായ അന്വേഷണം നടന്നുവരികയാണ്.

(ബി) വൃക്കകൾ തിരുവനന്തപുരം മെഡിക്കൽ കോളജിൽ എത്തിച്ച് നാലുമണിക്കൂറുകൾക്ക് ശേഷമാണോ ശസ്ത്രക്രിയ നടത്തിയത്;

വളരെ സങ്കീർണ്ണമായ ശസ്ത്രക്രിയയ്ക്കായി വൃക്ക രോഗിയെ ശാസ്ത്രീയമായി ഒരുക്കുന്നതിനുള്ള സമയം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(സി) അന്വേഷണത്തിൽ ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്; ശസ്ത്രക്രിയ നടത്തുന്നതിൽ കാലതാമസം ഉണ്ടായതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്?

ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടന്നുവരികയാണ്.

(ഡി) അവയവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യം നേടിയിട്ടില്ലാത്ത ആളുകൾ വൃക്ക കൈകാര്യം ചെയ്യേണ്ടിവന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയോ?

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ തന്നെ രണ്ട് സീനിയർ റസിഡന്റ് ഡോക്ടർമാരാണ് വൃക്ക ഏറ്റെടുക്കുന്നതിനായി

ആംബുലൻസിൽ രാജഗിരി ആശുപത്രിയിലേയ്ക്ക് പോയതും വൃക്ക സുരക്ഷിതമായി എത്തിച്ചതും.

(ഇ) ഈ സംഭവത്തിൽ സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ നെഫ്രോളജി, യൂറോളജി വിഭാഗങ്ങളിലെ വകുപ്പ് തലവൻമാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടക്കുന്നതിലേയ്ക്കായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ (സാധാ) നം.1484/2022/ആ.കു.വ തീയതി 22.06.2022). ഈ കാര്യങ്ങളുടെ വിശദമായ അന്വേഷണം നടന്നു വരികയാണ്.

<u>സർക്കാർ ആശുപത്രികളുടെ സ്റ്റാഫ് പാറ്റേൺ പുതുക്കൽ</u>

216 (2152) <u>ശ്രീ. മുരളി പെരുനെല്ലി:</u> താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിൽ ധാരാളം രോഗികൾ എത്തിച്ചേരുന്നതിനാൽ ഉണ്ടാകുന്ന തിരക്കിനനുസൃതമായി നിലവിൽ ഡോക്ടർമാർ ഉൾപ്പടെയുള്ളവരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് ആരോഗ്യവകുപ്പ് ആർദ്രം മിഷൻ നടപ്പിലാക്കാൻ ആരംഭിച്ചതു മുതൽ വിവിധ വിഭാഗം ആരോഗ്യസ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ നിശ്ചിത മാർഗ്ഗരേഖകൾ അനുസരിച്ച് ഘട്ടംഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് പുറമേ ദേശീയ ആരോഗ്യമിഷൻ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവവഴി താൽക്കാലിക അടിസ്ഥാനത്തിൽ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെ നിയമിച്ച് ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കിവരുന്നുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ നിഷ്കർഷിക്കപ്പെടുന്ന മാനദണ്ഡങ്ങൾ പ്രകാരം സ്റ്റാഫ്

പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കാസർകോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

217(2153) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ മഴക്കാല രോഗങ്ങൾ വർദ്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം നേരിടാൻ എന്തൊക്കെ നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ജില്ലയിൽ മഴക്കാല രോഗങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ ഭാഗമായി ആരോഗ്യ കേന്ദ്രങ്ങളിൽ ഫീവർ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ, കൊതുക് സാന്ദ്രതാ പഠനം, കൊതുക് നശീകരണ പ്രവർത്തനങ്ങൾ എന്നിവ ഊർജ്ജിതമായി നടത്തിവരുന്നു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ഫോഗിംഗും സ്പ്രേയിംഗും നടത്തിവരുന്നു. ലബോറട്ടറികളിൽ സംശയാസ്പദമായ കേസുകളുടെ സാമ്പിളുകൾ നൽകി

രോഗ സ്ഥിരീകരണം വേഗത്തിൽ ഉറപ്പാക്കുന്നുണ്ട്. വയറിളക്ക രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ ഉൾപ്പെടെ കിണർ ശുദ്ധീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഫീൽഡുതല ആരോഗ്യ പ്രവർത്തകർക്ക് നൽകിയിട്ടുണ്ട്.

ജില്ലയിലെ സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള പകർച്ചവ്യാധി വിവര ശേഖരണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ആശ, അങ്കണവാടി തുടങ്ങിയ ഫീൽഡുതല ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനം നടത്തിയിട്ടുണ്ട്. ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ലഘുലേഖ വിതരണം, സമൂഹമാധ്യമങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ബോധവൽരണ പ്രവർത്തനങ്ങൾ എന്നിവ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജില്ലാ മെഡിക്കൽ ഓഫീസും (ആരോഗ്യം) ദേശീയാരോഗ്യ ദൗത്യവും, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും സംയുക്തമായി റവന്യൂ, ബ്ലോക്ക് അടിസ്ഥാനത്തിൽ എല്ലാ ബ്ലോക്കുകളിലും പഞ്ചായത്ത് പ്രസിഡന്റ്, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, മറ്റു ജനപ്രതിനിധികൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ചേരുന്നതിന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പനത്തടി, കാറഡുക്ക, മംഗൽപാടി ബ്ലോക്കുകളിൽ

യോഗം ചേരുകയുണ്ടായി. ഇതുപ്രകാരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) ആരോഗ്യവകുപ്പിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും എത്രകാലമായി ഈ ഒഴിവുകൾ നിലവിലുണ്ടെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

ആരോഗ്യ വകുപ്പിന് കീഴിലുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I+ ആയി ചേർത്തിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) അടുത്തകാലത്ത് കാസർഗോഡ് ജില്ലയിൽനിന്ന് സ്ഥലംമാറ്റപ്പെട്ട എത്ര ഉദ്യോഗസ്ഥരുണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ; ഇവർക്കുപകരം നിയമനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പിൽ സ്ഥലംമാറ്റപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അനുബന്ധം II +ആയി ചേർക്കുന്നു.

(ഡി) വർക്കിംഗ് അറേഞ്ച്മെന്റിൽ കാസർകോഡ് ജില്ലയിൽനിന്ന് എത്രപേരെ സ്ഥലം മാറ്റിയിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്കിംഗ് അറേഞ്ച്മെന്റിൽ കാസർകോഡ് ജില്ലയിൽ നിന്ന് ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒരാൾക്ക് ഗവൺമെന്റ് ടാറ്റ ട്രസ്റ്റ് ആശുപത്രി, ചട്ടംടാൽ കാസർഗോഡിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

ഡ്യൂട്ടിക്കിടെ മരണപ്പെട്ട കുന്നോത്ത് പറമ്പ് പി.എച്ച്.സി. ഹെൽത്ത് ഇൻസ്പെക്ടറുടെ അവധി

218 (2154) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കുന്നോത്ത്പറമ്പ് പി.എച്ച്.സി.-യിൽ ഹെൽത്ത് ഇൻസ്പെക്ടറായി ജോലിയിലിരിക്കെ ഡ്യൂട്ടിക്കിടയിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ട അശോകൻ. സി.പി.-യുടെ ലീവ് അനുവദിക്കുന്ന വിഷയത്തിൽ (ഫയൽ സി2/196/2018 ആ.ക.വ.) നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) അപകടത്തിന് ശേഷമുള്ള അവധി അനുവദിച്ച് ഉത്തരവാകാൻ വേണ്ടി എന്നാണ് അപേക്ഷ നൽകിയിരുന്നതെന്ന വിവരം അറിയിക്കാമോ; അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിൽ വൈകുന്നതിന്റെ കാരണവും ആയതിന്റെ നിലവിലെ തടസ്സങ്ങളും വിശദമാക്കാമോ?

(എ & ബി) കണ്ണൂർ കുന്നോത്ത്പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയിരുന്ന ശ്രീ. അശോകൻ സി.പി.

29.11.2016-ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അപകടത്തിൽപ്പെടുകയും അർദ്ധ അബോധാവസ്ഥയിലാവുകയും, 14.04.2018-ന് മരണപ്പെടുകയും ചെയ്തിരുന്നു. ടി വ്യക്തിയുടെ പ്രത്യേക അവശതാവധി അപേക്ഷ പരിഗണിച്ച് 30.11.2016 മുതൽ 119 ദിവസത്തേയ്ക്ക് പ്രത്യേക അവശതാവധിയും തുടർന്ന് 29.3.2017 മുതൽ 31.3.2017 വരെ 3 ദിവസത്തെ അർദ്ധവേതനാവധിയും അനുവദിച്ചിരുന്നു. തുടർന്ന് 1.4.2017 മുതൽ 14.4.2018 വരെയുള്ള (ടിയാൻ മരണപ്പെടുന്നതു വരെ) സേവന കാലയളവ് ക്രമീകരിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെടുകയും കൂടാതെ ടി കാലയളവിലേയ്ക്കുള്ള അവധി അപേക്ഷ ടിയാൻ സമർപ്പിച്ചിരുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടി അപേക്ഷ ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശം നൽകിയതിനെ തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 10.11.2017 വരെയുള്ള അവധി ടിയാന് അനുവദിച്ച് നൽകിയതായി കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ റിപ്പോർട്ട് ചെയ്തതായും 11.11.2017 മുതൽ 14.04.2018 വരെയുള്ള അവധി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തതായും എന്നാൽ ടി കാലയളവിലെ ലീവ് അപേക്ഷകളിൽ ടിയാൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത്

ലഭ്യമാക്കിയിരുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സർക്കാർ ഇക്കാര്യം പരിശോധിക്കുകയും 15.07.2017 മുതൽ 10.11.2017 വരെ കുന്നോത്ത്പറമ്പ് മെഡിക്കൽ ഓഫീസർ അനുവദിച്ച 119 ദിവസത്തെ ശമ്പള രഹിത അവധി റദ്ദ് ചെയ്ത ശേഷം ടി കാലയളവിൽ സമർപ്പിച്ചിരുന്ന അവധി അപേക്ഷ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 11.11.2017 മുതൽ 14.04.2018 വരെയുള്ള അപേക്ഷകൻ ഒപ്പ് രേഖപ്പെടുത്താത്ത അവധി അപേക്ഷ ഉൾപ്പെടുത്തി 22.11.2021-ലെ EG4/21702/2017/ആ.വ.ഡ നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് പരേതനായ അശോകൻ സി.പി-ക്ക് 15.07.2017 മുതൽ ടിയാൻ മരണപ്പെട്ട തീയതിയായ 14.04.2018 വരെ, ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം -1 ചട്ടം 88 (iii) പ്രകാരം സ.ഉ (സാധാ) നം.1567/2022/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ബാലുശ്ശേരി താലൂക്കാശുപത്രിയിലെ ജീവനക്കാരുടെ അഭാവം

219 (2155) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ആകെ സൃഷ്ടിച്ചിട്ടുള്ള 55 തസ്തികകളിൽ 51-ലും നിലവിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെ കുറവ് താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചുകൊണ്ട് പരിഹരിക്കാനുള്ള നടപടിയെടുത്തുവരുന്നുണ്ട്. നിലവിലെ ജീവനക്കാരെ ഉപയോഗിച്ച് കുറ്റമറ്റ രീതിയിലുള്ള സേവനം നൽകിവരുന്നുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി താലൂക്കാശുപത്രിയിൽ താഴെപ്പറയുന്ന തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) -1

ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രീഷ്യൻ) -1

ഫാർമസിസ്റ്റ് ഗ്രേഡ് 2-1

സ്റ്റാഫ് നഴ്സ് ഗ്രേഡ് 2- 3

ദന്തൽ അസിസ്റ്റന്റ് സർജൻ -1

കൂടാതെ 21.01.2020-ലെ ജി.ഒ(ആർ.ടി) നം. 157/2020/ആ.കു.വ എന്ന ഉത്തരവ് പ്രകാരം കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ 4 തസ്തികയും ബാലുശ്ശേരി താലൂക്കാശുപത്രിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) താലൂക്കാശുപത്രിയിലെ ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

(ബി & സി) ആർദ്രം മാനദണ്ഡമനുസരിച്ച് ഓരോ തലത്തിലുള്ള ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട തസ്തികകൾ നിജപ്പെടുത്തി അവ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ആർദ്രം മിഷനിലെ ജീവനക്കാർ

220 (2156) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം മിഷനിൽ ആകെ എത്ര പേർ കരാർ/ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്നുള്ള വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

ആർദ്രം മിഷനിൽ ആരോഗ്യവകുപ്പിൽ നിന്ന് കരാർ/ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ആരും ജോലി ചെയ്യുന്നില്ല.

## ജീവനക്കാരുടെ വേതനത്തിലെ വിവേചനം

221(2157) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിസിയോതെറാപ്പിസ്റ്റ്/ഒക്ക്യുപ്പേഷണൽ തെറാപ്പിസ്റ്റ്/സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ ബിരുദ കോഴ്സുകൾ പഠിച്ചിറങ്ങി സംസ്ഥാനത്ത് സർക്കാർ മേഖലയിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്ക്

ഒരേ നിരക്കിലുള്ള വേതനമാണോ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിൽ എന്തെങ്കിലും അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഒക്ക്യുപ്പേഷണൽ തെറാപ്പിസ്റ്റുകളായി ജോലി ചെയ്യുന്നവരുടെ ദിവസവേതനം ഫിസിയോതെറാപ്പിസ്റ്റുകൾക്ക് നൽകി വരുന്ന തുകയ്ക്ക് സമാനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ & ബി) ഫിസിയോതെറാപ്പിസ്റ്റ്/ഒക്യൂപ്പേഷണൽ തെറാപ്പിസ്റ്റ്/ സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ തസ്തികകൾക്ക് ഒരേ നിരക്കിലുള്ള വേതനമല്ല നൽകിവരുന്നത്. നിലവിൽ ഇത് പരിഹരിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) സംസ്ഥാനത്തെ ആരോഗ്യ/മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത വിഭാഗം ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

## ആരോഗ്യവകുപ്പ് ഡയറക്ടർ

222 (2158) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ ആരാണ് എന്ന് വ്യക്തമാക്കുമോ?

01.06.2022 മുതൽ ഡോ. പ്രീത. പി. പി. സംസ്ഥാന ആരോഗ്യവകുപ്പ് ഡയറക്ടർ (ഇൻ-ചാർജ്) ആയി പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ തസ്തികയിൽ എത്രനാളായി ഡയറക്ടർ-ഇൻ-ചാർജ് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

01-05-2021 മുതൽ

(സി) ആരോഗ്യ വകുപ്പിൽ ഡയറക്ടർ-ഇൻ-ചാർജ് അല്ലാതെ ഒരാളിനെ നിയമിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സമ്പൂർണ്ണ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനം

223 (2159) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-ൽ സമ്പൂർണ്ണ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2023-ൽ സമ്പൂർണ്ണ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1) സംസ്ഥാനത്ത് AMR Working committee രൂപീകരിച്ചു. ഈ കമ്മിറ്റിയിൽ 12 നോഡൽ ഓഫീസർമാരെ AMR Action Plan നടപ്പാക്കുന്നതിനുവേണ്ടി നിയമിച്ചു.

2) ആശുപത്രി തലത്തിലുള്ള അണുബാധാ നിയന്ത്രണത്തിനും ആന്റിബയോട്ടിക്കുകളുടെ യുക്തിസഹമായ ഉപയോഗത്തെപ്പറ്റി പൊതുജനങ്ങളെയും ആരോഗ്യ പ്രവർത്തകരെയും ബോധവത്കരിക്കാനായി ജില്ലാ തലത്തിൽ AMR കമ്മിറ്റികൾ രൂപീകരിക്കാൻ ജില്ലകൾക്ക് നിർദ്ദേശം

നൽകുകയും പതിനൊന്ന് ജില്ലകൾ AMR കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. ഇതുകൂടാതെ എറണാകുളം ജില്ലയിൽ ബ്ലോക്ക് ലെവൽ AMR കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

3) ഹബ് & സ്പോക്ക് (Hub & Spoke Model) മാതൃകയുടെ SOP(Standard Operating Procedure) രൂപകല്പന ചെയ്തു. ഹബ് & സ്പോക്ക് മോഡൽ AMR പ്രോഗ്രാം, രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ചെറിയ ആശുപത്രികളെയും വലിയ ആശുപത്രികളെയും ബന്ധിപ്പിക്കുന്നതിനുള്ള ചെലവ് കുറഞ്ഞ മാർഗ്ഗമാണ്. ഈ സംരംഭം ജില്ലയിലെ നവജാത ശിശുക്കളിലും മുതിർന്നവരിലുമുള്ള അണുബാധ തിരിച്ചറിയുന്നതിനും ആന്റിബയോട്ടിക് റെസിസ്റ്റൻസിനെക്കുറിച്ച് ആരോഗ്യ പ്രവർത്തകരെയും പൊതുജനങ്ങളെയും ബോധവത്ക്കരിക്കാനും സഹായകമായി. എറണാകുളം ജില്ലയിലെ പതിനഞ്ച് ആശുപത്രികൾ ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്നു. അതുപോലെ മറ്റ് ജില്ലകളിലും എറണാകുളം ജില്ലയിലെ ഹബ് & സ്പോക്ക് മോഡൽ മാതൃകയാക്കി സമാനമായ രീതി തുടങ്ങാൻ തീരുമാനിച്ചു.

4) കേരളത്തിലെ ഓരോ പൗരനും ആന്റിബയോട്ടിക്കിനെപ്പറ്റിയും കൃത്യമായ ഉപയോഗത്തെപ്പറ്റിയുമുള്ള വിവരം നൽകുക എന്നതാണ് ആന്റിബയോട്ടിക് സാക്ഷരതയിലൂടെ ലക്ഷ്യംവയ്ക്കുന്നത്. നവംബർ 18 മുതൽ 24 വരെ ലോക

ആന്റിബയോട്ടിക് അവബോധ വാരാചരണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ അണുബാധാ നിയന്ത്രണത്തെക്കുറിച്ചും ആന്റിബയോട്ടിക്കുകളുടെ യുക്തിസഹമായ ഉപയോഗത്തെക്കുറിച്ചും ബോധവത്ക്കരണ ക്ലാസ്സുകൾ പൊതുജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും നൽകുകയും ബോധവത്ക്കരണ ക്ലാസ്സുകൾ ആശുപത്രികളിൽ തുടർന്നുകൊണ്ടുപോകുകയും ചെയ്യുന്നു.

5) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ഡിപ്പാർട്ട്മെന്റ് 2021-ലെ KARSNET ഡാറ്റാ ഏകോപിപ്പിച്ച് ആന്റിബയോഗ്രാം പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ആന്റിബയോട്ടിക് സ്റ്റുവേർഡ്ഷിപ്പ് കമ്മിറ്റികളും ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റിയും രൂപീകരിക്കാൻ തീരുമാനിച്ചു.

6) ആന്റിബയോട്ടിക് സാക്ഷരതാ പ്രവർത്തനങ്ങൾക്കുള്ള IEC (Information, Education and Communication) പ്രവർത്തനങ്ങളുടെ കലണ്ടർ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.

7) ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി എല്ലാ ജില്ലകളിലും ഫാർമസിസ്റ്റ്, മൊത്ത/ചില്ലറ ഔഷധ വ്യാപാരികൾ, ഫാർമസി

വിദ്യാർത്ഥികൾ എന്നിവർക്കായി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നു. ഇത്തരം ബോധവത്ക്കരണ ക്ലാസ്സുകളിൽ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗംമൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെപ്പറ്റിയും ഇവയുടെ അനിയന്ത്രിതവും നിയമവിരുദ്ധവുമായ വിൽപ്പന തടയുന്നതിനെ സംബന്ധിച്ചും അവബോധം നൽകുന്നു. സംസ്ഥാനത്തെ എല്ലാ ഔഷധവ്യാപാര സ്ഥാപനങ്ങളിലും ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗംമൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെ സംബന്ധിച്ച് പോസ്റ്ററുകൾ പൊതുജനതാല്പര്യാർത്ഥം പ്രദർശിപ്പിക്കുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ആരോഗ്യ പരിപാലന വ്യവസായത്തിന് വേണ്ടിയുള്ള എക്സ്പർട്ട് കമ്മിറ്റി</u>

224 (2160) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ ഡോ. ജയൻ തോമസ് അദ്ധ്യക്ഷനായി രൂപീകരിച്ച കേരളത്തിലെ ആരോഗ്യ പരിപാലന വ്യവസായത്തിന് വേണ്ടിയുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു; ശിപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ & ബി) കോവിഡ് കാലഘട്ടത്തിൽ ഡോ. ജയൻ തോമസ് അദ്ധ്യക്ഷനായി രൂപീകരിച്ച വിദഗ്ധ സമിതി കേരളത്തിലെ ആരോഗ്യ സംരക്ഷണ മേഖലയിലെ നൂതന വ്യവസായങ്ങളിലേക്കുള്ള ഭാവി വളർച്ചാ സാധ്യത സംബന്ധിച്ച് മൂന്ന് പ്രധാന മേഖലകൾ കണ്ടെത്തിയിട്ടുണ്ട്.

2. കോവിഡാനന്തര കാലഘട്ടത്തിൽ കേരളത്തിന് ഒരു മികച്ച സ്വാസ്ഥ്യ ആരോഗ്യ സംരക്ഷണ കേന്ദ്രമായി ഉയർന്നുവരാൻ കഴിയുമെന്നതിനാൽ വിനോദസഞ്ചാരികളെയും സംസ്ഥാനത്തുനിന്ന് വിദൂര ജോലികൾ തെരഞ്ഞെടുക്കുന്ന പ്രൊഫഷണലുകളെയും ഇവിടേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3. രോഗനിർണ്ണയം, ബയോടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയ മേഖലകളിൽ ഗവേഷണത്തിന്റെയും ഉന്നത നിലവാരമുള്ള ഉല്പാദനത്തിന്റെയും ഒരു പ്രധാന കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടികൾ ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിക്കണം.

പ്രധാന മേഖലകളെക്കുറിച്ച് പരിശോധിച്ച് കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് 07.08.2020-ലെ സ.ഉ.(സാധാ)നം.593/2020/വ്യവ

നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള നാലംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി, വിശദമായ പ്ലാൻ (strategy) തയ്യാറാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഉൾപ്പെടെയുള്ളവരുമായി വിശദമായ ചർച്ചകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദഗ്ധസമിതി റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് വേണ്ടിയുള്ള രൂപരേഖ തയ്യാറാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മൃഗജന്യരോഗങ്ങൾക്കെതിരെ മുൻകരുതൽ

225 (2161) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗജന്യരോഗങ്ങൾ ചെറിയ തോതിലെങ്കിലും വീണ്ടും പടരുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മുൻകാലങ്ങളിൽ സർക്കാർ ഇതിനായി സ്വീകരിച്ച ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും മുന്നറിയിപ്പുകളും

ജനങ്ങളിലേക്കെത്തിക്കുവാൻ ആവശ്യമായ ക്യാമ്പയിനുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(എ & ബി) മൃഗജന്യരോഗങ്ങളിൽ പ്രാണിജന്യവുമായി ബന്ധപ്പെട്ട് പ്രധാനമായും സ്ക്രബ് ടൈഫസ് (ചെള്ളുപനി), വെസ്റ്റ് നൈൽ ഫീവർ, ക്യാസന്നൂർ ഫോറസ്റ്റ് ഡിസീസ് (കുരങ്ങുപനി), ജപ്പാൻ ജ്വരം എന്നിവയാണ് കാണപ്പെടുന്നത്. രോഗനിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗനിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. രോഗ പരിശോധനയ്ക്കുവേണ്ട സംവിധാനം ജില്ലകളിൽ സജ്ജമാക്കിയിട്ടുണ്ട്. ചെള്ളുപനി റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ പ്രതിരോധ/ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

വീട്ടുപരിസരത്തുള്ള പാഴ്ചെടികളും മറ്റും വെട്ടിനശിപ്പിച്ച് അവയിൽ താവളമടിച്ച് കാണാറുള്ള ചെള്ളുകൾ മനുഷ്യരിലേയ്ക്ക് എത്താനുള്ള സാഹചര്യം ഇല്ലാതാകുന്ന പ്രവർത്തനം നടത്തിവരുന്നു. ചെള്ളുകളെ നശിപ്പിക്കാനായി 1% വീര്യമുള്ള സിന്തെറ്റിക് പൈറിത്രോയ്ഡ് എന്ന കീടനാശിനി കുറ്റിച്ചെടികളിലും വീടിന് ചുറ്റും, എലിയുടെ സഞ്ചാരപഥത്തിലും സ്പ്രേ ചെയുന്ന പ്രവൃത്തിയും ചെയ്തുവരുന്നു. വീട്ടിലും

പരിസരത്തും ആഹാരാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിഞ്ഞ് എലികളെയും മറ്റും വീട്ടിലേയ്ക്ക് എത്താൻ പ്രേരിപ്പിക്കുന്ന സാഹചര്യം ഒഴിവാക്കാൻ പൊതുജനത്തിന് ബോധവൽക്കരണം നടത്തിവരുന്നു. ചെള്ളുകളുടെ സാന്നിദ്ധ്യം ഉണ്ടാകാൻ സാദ്ധ്യതയുള്ള ഇടങ്ങളിൽ പ്രവേശിക്കുന്നവർ വ്യക്തിഗത സുരക്ഷയ്ക്കായി കാലുറകൾ ധരിക്കുന്നതിനും ചെള്ളിനെ അകറ്റുന്നതിനുള്ള ലേപനങ്ങൾ ഉപയോഗിക്കുന്നതിനും ശരീരം സോപ്പ് ഉപയോഗിച്ച് കഴുകി വൃത്തിയാക്കിയശേഷം വീട്ടിലേയ്ക്ക് പ്രവേശിക്കുന്നതിനുമുള്ള ബോധവൽക്കരണം നൽകിവരുന്നു. തുണികൾ കഴുകി വൃത്തിയാക്കിയശേഷം പുല്ലിലും ചെടികളിന്മേലും ഇട്ട് ഉണക്കുന്ന ശീലത്തിനെതിരെയും ബോധവൽക്കരണം നൽകിവരുന്നു.

രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുടെ അദ്ധ്യക്ഷതയിൽ ഇന്റർസെക്ടറൽ മീറ്റിംഗ് കൂടി പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ബോധവൽക്കരണത്തിനായി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും പ്രിന്റഡ് മെറ്റീരിയലും ഉപയോഗിച്ചുവരുന്നു. ഓരോ ആഴ്ചയിലും IDSP മീറ്റിംഗുകൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സംഘടിപ്പിച്ച് നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഏപ്രിൽ 13 മുതൽ

'മൃത്യുഞ്ജയം' എന്ന എലിപ്പനി നിയന്ത്രണ പരിപാടി സംസ്ഥാനത്ത് നടത്തിവരുന്നതിന്റെ ഭാഗമായി എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഡോക്സീസൈക്ലിൻ ഉണ്ട് എന്ന് ഉറപ്പുവരുത്തുകയും രോഗലക്ഷണമുള്ളവർക്ക് യഥാസമയം ഡോക്സിസൈക്ലിൻ നൽകുകയും എലിപ്പനി രോഗം കണ്ടുപിടിക്കുന്നതിനായി ലബോറട്ടറി സംവിധാനം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. എലിപ്പനി നിർണ്ണയത്തിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച മൈക്രോബയോളജിസ്റ്റുകളേയും പാത്തോളജിസ്റ്റുകളേയും RTPCR സംവിധാനമുള്ള ലബോറട്ടറികളിൽ സംശയമുള്ള രോഗികളിൽ RTPCR നടത്തുന്നതിനായി നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ ആരോഗ്യ പദ്ധതിയിലെ പി.ഐ.പി., സംസ്ഥാന പ്ലാൻഫണ്ട് ഇവ ഉപയോഗിച്ച് തീവ്ര IEC പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ രോഗസാധ്യത കൂടുതലുള്ള തീര പ്രദേശങ്ങൾ, ഗിരിവർഗ്ഗ മേഖലകൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ, നഗര-ഗ്രാമീണ ചേരികൾ, നഗരവൽക്കൃത പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക പ്രവർത്തനങ്ങൾ നടത്തിവരുന്നു. വളരെ വേഗം രോഗനിർണ്ണയം നടത്തി ചികിത്സ ഉറപ്പാക്കാൻ ലെപ്റ്റോസ്പൈറോസിസ് RTPCR പരിശോധന നടത്തിവരുന്നു. തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, തൃശ്ശൂർ

മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ഈ സംവിധാനം ലഭ്യമാണ്. കൂടാതെ, നിലവിൽ എല്ലാ മെഡിക്കൽ കോളേജുകളിലും പ്രധാന സർക്കാർ ആശുപത്രികളിലും പബ്ലിക് ഹെൽത്ത് ലാബുകളിലും എലിപ്പനി രോഗനിർണ്ണയത്തിനുള്ള ഐ.ജി.എം. എലൈസ പരിശോധന നടത്തുന്നുണ്ട്. വെസ്റ്റ് നൈൽ ഫീവർ, ജപ്പാൻ ജ്വരം എന്നിവ തടയുന്നതിന് കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. ഈ രോഗങ്ങൾക്ക് കാരണമായ അണുക്കൾ മൃഗങ്ങളിലും കാണപ്പെടുന്ന സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ മൃഗങ്ങളിൽ പഠനം നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ദേശാടനപ്പക്ഷികളിൽ അകാരണമായ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിലും മൃഗങ്ങളിൽ തുടർച്ചയായ ഗർഭഛിദ്രം സംഭവിക്കുന്ന സ്ഥലങ്ങളിലും ഒരു വാണിംഗ് സിഗ്നൽ (രോഗസാധ്യത) ആയി എടുത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ ക്യാസന്നൂർ ഫോറസ്റ്റ് ഡിസീസുമായി (കുരങ്ങുപനി) ബന്ധപ്പെട്ട് വാക്സിനേഷൻ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വനവിഭവങ്ങൾ ശേഖരിക്കാൻ പോകുന്ന വനവാസികൾക്ക് ടിക്

റിപ്പലന്റുകൾ നൽകിവരുന്നുണ്ട്. കൂടാതെ കാടിനോടടുത്ത് താമസിക്കുന്നവരുടെ വളർത്തുമൃഗങ്ങൾക്കും ടിക് റിപ്പലന്റുകൾ തേച്ചുകൊടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ടിക്, മൈറ്റ് തുടങ്ങിയവയുടെ നിയന്ത്രണത്തിനായി കീടനാശിനി പ്രയോഗവും നടത്തിവരുന്നു. മൃഗജന്യ-പ്രാണിജന്യരോഗ നിയന്ത്രണത്തിന് വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

മൃഗജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ഇതുസംബന്ധിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ഇതര വകുപ്പുകളുടെ സഹകരണത്തോടെ വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ വർഷവും പ്രസ്തുത ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യജാഗ്രതയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

## ഫോമ നൽകിയ വെന്റിലേറ്റർ സംബന്ധിച്ച്

226 (2162) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോമ എന്ന പ്രവാസി സംഘടന കേരളത്തിലെ ആശുപത്രികളിൽ നൽകുന്നതിനായി വെന്റിലേറ്റർ കെ.എം.എസ്.സി.എൽ.-നെ ഏൽപ്പിച്ചിരുന്നോ;

(ബി) എങ്കിൽ ഏൽപ്പിച്ച പ്രകാരം ആശുപത്രികൾക്ക് കെ.എം.എസ്.സി.എൽ. വെന്റിലേറ്റർ നൽകിയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സംഘടന നൽകിയ വെന്റിലേറ്ററുകളിൽ മൂന്നെണ്ണം കാണാനില്ല എന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

(എ-സി) ഫോമ എന്ന പ്രവാസി സംഘടന മൂന്ന് തവണകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ 18 വെന്റിലേറ്ററുകൾ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികൾക്ക് വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്.

## പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ

227 (2163) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് നിലവിൽ 9 പബ്ലിക് ഹെൽത്ത് ലബോറട്ടറികളാണ് പ്രവർത്തിച്ചു വരുന്നത് (സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി എറണാകുളം, കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട, ജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറി കൊല്ലം, ആലപ്പുഴ, വയനാട്, മലപ്പുറം). 2010 വരെ 5 ലബോറട്ടറികളാണ് നിലവിലുണ്ടായിരുന്നത്. 2010-ൽ കണ്ണൂർ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി പ്രവർത്തനം ആരംഭിച്ചു. 2018-19 കാലയളവിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി പത്തനംതിട്ട, ഡിസ്ലിക്ട് പബ്ലിക് ഹെൽത്ത് ലബോറട്ടറി മലപ്പുറം, വയനാട് എന്നീ 3 ലാബുകൾകൂടി നിലവിൽ വന്നു. 2023-ഓടുകൂടി

പാലക്കാട്, തൃശ്ശൂർ, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളിലും ലാബുകൾ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി National Vector Borne Disease Control Programme-ന്റെ Apex referral laboratory ആണ്. National Viral Hepatitis Control Programme, National Rabies Control Programme, National Leptospirosis Control Programme, WHO-VPD (Vaccine Preventable Disease Testing) എന്നീ ദേശീയ പ്രോഗ്രാമുകളുടെയും State Referral Laboratory കൂടി ആണ്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബും 3 റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളുമാണ് (എറണാകുളം, കോഴിക്കോട്, കണ്ണൂർ) കേരളത്തിൽ New Born Screening Programme നടപ്പിലാക്കുന്നത്. കൂടാതെ എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളും Hormone Assay, PCR പോലുള്ള Special and Advanced ടെസ്റ്റുകളും നടത്തുന്നുണ്ട്.

(ബി) പ്രസ്തുത ലബോറട്ടറികളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളുടെ പോരായ്മകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽനിന്നും പൊതുജനങ്ങൾക്ക് ഏറ്റവും നല്ല രീതിയിലുള്ള സേവനം ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് എല്ലാവിധ പരിശോധനകളും സൗജന്യമായാണ് ലഭ്യമാക്കുന്നത്. എ.പി.എൽ. വിഭാഗത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള നാമമാത്രമായ ഫീസാണ് ഈടാക്കുന്നത്. Haematology, Clinical Pathology, Biochemistry, Bacteriology, Secology, Hormone Assay, Cytology വിഭാഗങ്ങളിൽപ്പെടുന്ന ലബോറട്ടറി പരിശോധനകൾ പബ്ലിക് ഹെൽത്ത് ലാബുകളിലൂടെ ലഭ്യമാക്കുന്നു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ നിന്നും ഹിസ്റ്റോ പരിശോധനയും ലഭ്യമാക്കുന്നുണ്ട്.

(സി) പരിശോധനാഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും അവ യഥാസമയം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

നിലവിൽ എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും Haematology, Biochemistry, Hormone Assay, Microbiology എന്നീ പരിശോധനകൾക്കായി ഗുണനിലവാരമുള്ള Automated അനലൈസറുകൾ ലഭ്യമാണ്. പരിശോധനകൾക്കാവശ്യമായ Internal Quality Control,

External Quality Assurance (CMC Vellore, BIORAD Programme) എന്നിവ വഴി നടപ്പാക്കുന്നുണ്ട്. എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളും സമയബന്ധിതമായി പരിശോധനഫലം ലഭ്യമാക്കുന്നുണ്ട്. 8.30 am മുതൽ 1.00 pm വരെ സാമ്പിൾ കളക്ഷനും 2.30 pm മുതൽ 4.30 pm വരെ റിസൾട്ടുകളും നൽകിവരുന്നു.

(ഡി) റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ പുതുതായി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പാലക്കാട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബും തൃശ്ശൂർ, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ പബ്ലിക് ഹെൽത്ത് ലാബുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## സാൻ ഫാർമയിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങിയ നടപടി

228 (2164) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാൻ ഫാർമ എന്ന സ്ഥാപനം യൂറോപ്യൻ കമ്മീഷൻ സർട്ടിഫൈ ചെയ്തിട്ടുള്ള സ്ഥാപനമാണോ എന്ന് വ്യക്തമാക്കാമോ?

സാൻ ഫാർമ എന്ന സ്ഥാപനം യൂറോപ്യൻ കമ്മീഷൻ സർട്ടിഫൈഡ് അല്ല. എന്നാൽ യൂറോപ്യൻ കമ്മീഷൻ (സി.ഇ.) സർട്ടിഫൈഡ് ചെയ്തിട്ടുള്ള പി.പി.ഇ. കിറ്റുകളാണ് M/s സാൻ ഫാർമയിൽനിന്ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ചത്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും പി.പി.ഇ. കിറ്റ് അടക്കം വാങ്ങാൻ തീരുമാനിച്ച കെ.എം.എസ്.സി.എൽ.-ന്റെ നോട്ട് ഫയലിൽ 31.03.2020-ൽ തന്നെ 15,000 പി.പി.ഇ. കിറ്റുകൾ മാത്രം വാങ്ങിയാൽ മതി എന്ന തീരുമാനം ഫിനാൻസ് മാനേജർ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കെ.എം.എസ്.സി.എൽ.-ൽ നിന്നും ലഭ്യമായ വിവരം പ്രകാരം സ്ഥാപനത്തിന്റെ നോട്ട് ഫയലിൽ 15,000 എണ്ണം പി.പി.ഇ. കിറ്റുകൾ മാത്രം വാങ്ങിയാൽ മതിയെന്ന് രേഖപ്പെടുത്തിയിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും 50,000 പി.പി.ഇ. കിറ്റുകൾക്ക് പകരം 15,000 പി.പി.ഇ. കിറ്റുകൾ വാങ്ങാൻ 31.03.2020-ൽത്തന്നെ കെ.എം.എസ്.സി.എൽ. തീരുമാനിച്ചിട്ടും പോസ്റ്റ് ഫാക്ടോ അംഗീകാരത്തിന് സർക്കാരിന് സമർപ്പിച്ച ഫയലിൽ 50,000 കിറ്റുകളാണ് വാങ്ങാൻ തീരുമാനിച്ചതെന്നും ഇതിനായി 7.75 കോടി രൂപ

വേണ്ടിവരുമെന്നും തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

പോസ്റ്റ് ഫാക്ടോ അംഗീകാരത്തിനായി കോർപ്പറേഷൻ സർക്കാരിലേയ്ക്ക് കത്ത് അയച്ചത് 2020 ഏപ്രിൽ 10-നാണ്. ആ സമയത്ത് സാൻ ഫാർമയ്ക്ക് നൽകിയ പർച്ചേസ് ഓർഡർ പ്രകാരം കോർപ്പറേഷന് നൽകാനുണ്ടായിരുന്ന ബാക്കി എണ്ണം പി.പി.ഇ. കിറ്റുകൾ റദ്ദാക്കുകയോ സാൻ ഫാർമ കമ്പനിയിൽനിന്നും വാങ്ങേണ്ടതില്ല എന്ന തീരുമാനമോ കോർപ്പറേഷൻ കൈക്കൊണ്ടിട്ടില്ല. സാൻ ഫാർമയ്ക്ക് നൽകിയ പർച്ചേസ് ഓർഡർ പ്രകാരം കോർപ്പറേഷനിലേയ്ക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ടായിരുന്ന 35,000 എണ്ണം പി.പി.ഇ. കിറ്റുകൾ റദ്ദ് ചെയ്തത് 15.04.2020-നാണ്. അക്കാരണത്താലാണ് സർക്കാരിലേയ്ക്ക് നൽകിയ പോസ്റ്റ് ഫാക്ടോ അംഗീകാരത്തിനുള്ള കത്തിൽ പർച്ചേസ് ഓർഡറിൽ നൽകിയിട്ടുള്ള 50,000 പി.പി.ഇ. കിറ്റുകൾ ഉൾപ്പെടുത്തിയത്.

(ഡി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും 50,000 പി.പി.ഇ. കിറ്റുകൾ വാങ്ങുന്നതിന് 7.75 കോടി രൂപയുടെ അംഗീകാരം സർക്കാരിൽനിന്നും ലഭ്യമാക്കിയെങ്കിലും 15,000 പി.പി.ഇ. കിറ്റുകളുടെ തുക മാത്രമാണോ പ്രസ്തുത സ്ഥാപനത്തിന് നൽകിയത്; എങ്കിൽ സർക്കാർ അംഗീകാരം

നൽകിയതിൽ ശേഷിക്കുന്ന തുക കെ.എം.എസ്.സി.എൽ. എങ്ങനെ വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ?

സാൻ ഫാർമ കമ്പനിക്ക് 15,000 പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്തതിനുള്ള തുക മാത്രമേ നൽകിയിട്ടുള്ളൂ. സർക്കാർ അംഗീകാരം നൽകിയ ബാക്കി തുക കോവിഡ് പ്രതിരോധത്തിനുള്ള സാമഗ്രികൾ വാങ്ങുവാനായി ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്.

ആശാധാര മുഖേന സഹായം അനുവദിക്കണമെന്ന ആവശ്യം

229 (2165) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാധാര മുഖേന ഫൈബ്രിനോജൻ ഫാക്ടർ എന്ന മരുന്ന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് രക്തസ്രാവ വൈകല്യം കാരണം ബുദ്ധിമുട്ടുന്ന കോട്ടക്കൽ മണ്ഡലത്തിലെ ശ്രീമതി ബുഷ്റ സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശാധാര സംസ്ഥാന ടെക്നിക്കൽ കമ്മിറ്റിയുടെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക ബാധ്യത പരിഗണിച്ച് ശ്രീമതി ബുഷ്റയുടെ നിവേദനത്തിന്മേൽ തീരുമാനമെടുക്കുന്നതാണ്.

(ബി) ഫൈബ്രിനോജൻ ഡിസോർഡർ എന്ന രക്തസ്രാവ വൈകല്യം ഉള്ള ടിയാൾ നിലവിൽ കഴിച്ചുകൊണ്ടിരിക്കുന്ന ഫ്രഷ് ഫ്രോസൻ പ്ലാസ്മ നിരവധി രക്തജന്യ രോഗങ്ങൾ ഉണ്ടാക്കുന്നതിനാൽ ടിയാളുടെ ജീവൻ നിലനിർത്താനാവശ്യമായ ഫൈബ്രിനോജൻ ഫാക്ടർ എന്ന മരുന്ന് ആശാധാര വഴി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ആശാധാര പദ്ധതി വഴി ഫൈബ്രിനോജൻ ഫാക്ടർ ലഭ്യമല്ല. ആശാധാര പദ്ധതിയുടെ കീഴിൽ ഹീമോഫീലിയ രോഗികളിൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രൊഫൈലാക്സിസ് നൽകുക എന്നതും മുതിർന്നവർക്ക് രക്തസ്രാവം ഉണ്ടാകുന്ന മുറയ്ക്ക് അവരുടെ ആവശ്യകത അനുസരിച്ച് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ചികിത്സാ പ്രോട്ടോകോൾ ആധാരമാക്കിയുള്ള സൗജന്യ ചികിത്സയും സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. നിലവിൽ രക്തസ്രാവം ഉണ്ടാവുകയോ, സംശയിക്കുകയോ ചെയ്യുന്ന രോഗി തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ലാതല ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ എത്തുന്ന മുറയ്ക്ക് അടിയന്തര

ചികിത്സ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഹീമോഫീലിയ ഇതര രക്തസ്രാവ രോഗങ്ങളുടെ (ഫൈബ്രിനോജൻ ഡിസോർഡർ ഉൾപ്പടെ) ചികിത്സ നൽകുന്നതുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ എടുക്കുന്നതിന് ആശാധാര സംസ്ഥാനതല ടെക്നിക്കൽ കമ്മറ്റിയുടെ മുമ്പാകെ ടി വിഷയം സമർപ്പിച്ചിരിക്കുകയാണ്. ടി കമ്മിറ്റിയുടെ ശിപാർശ പ്രകാരം സാമ്പത്തിക ബാധ്യത പരിഗണിച്ച് ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്.

## ഭക്ഷ്യശാലകളിൽ വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികൾ

230 (2166) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ഭക്ഷ്യശാലകളിലും പാചകത്തിന് ഗുണമേന്മയില്ലാത്ത എണ്ണ ഉപയോഗിച്ച് വരുന്നതായും ഇവ തന്നെ ആവർത്തിച്ച് ഉപയോഗിക്കുന്നതായും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭക്ഷ്യശാലകളിൽ പാചകത്തിനായി ഉപയോഗിക്കുന്ന പാചക എണ്ണയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മാത്രം

സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ട്. ഇത്തരം എണ്ണയുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് അസംസ്കൃത വസ്തുക്കൾ മുതൽ ഭക്ഷ്യ എണ്ണ ഉൽപ്പാദനം, സംഭരണം, വിതരണം, വിപണനം തുടങ്ങി എല്ലാ മേഖലകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തര പരിശോധനകൾ നടത്തി വരുന്നുണ്ട്.

പാകം ചെയ്ത ഭക്ഷ്യ എണ്ണ വീണ്ടും ഭക്ഷണ ആവശ്യത്തിനായി ഉപയോഗിക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് RUCO (Repurpose Used Cooking Oil). ഉപയോഗിച്ച എണ്ണ എങ്ങനെ സുരക്ഷിതമായി കൈകാര്യം ചെയ്യാം എന്നതിനെ സംബന്ധിച്ച് 2018-ൽ FSSAI മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് കേരളത്തിൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. അപ്രകാരം FSSAI എംപാനൽ ചെയ്തിട്ടുള്ള അംഗീകൃത ഏജൻസികളാണ് (used oil collection agents) ഇത്തരം എണ്ണ കച്ചവടക്കാരിൽ നിന്നും ശേഖരിച്ച് Bio Diesel ആക്കി മാറ്റുന്നതിനായി Bio diesel manufactures-ന് കൈമാറുന്നത്. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഭക്ഷ്യ സംരംഭകർക്ക് നൽകുകയും ആയത് ഭക്ഷ്യ സുരക്ഷാ പരിശോധനകളിൽ ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

(ബി) മായം ചേർത്ത ഭക്ഷണവും ഗുണമേന്മയില്ലാത്ത ഭക്ഷണവും വിതരണം ചെയ്യതുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തത്; പ്രസ്തുത നടപടികൾ ഇവ തടയാൻ സഹായകരമാണോ; വിശദമാക്കാമോ?

ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യതുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം (2021 മേയ് മുതൽ നാളിതുവരെ) 648 അഡ്ജ്യൂഡിക്കേഷൻ കേസുകളും 394 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | അഡ്ജ്യൂഡിക്കേഷൻ കേസുകൾ | പ്രോസിക്യൂഷൻ കേസുകൾ |
|---|---|---|
| തിരുവനന്തപുരം | 39 | 19 |
| കൊല്ലം | 62 | 35 |
| പത്തനംതിട്ട | 32 | 19 |
| ആലപ്പുഴ | 49 | 28 |
| കോട്ടയം | 63 | 23 |
| ഇടുക്കി | 20 | 0 |
| എറണാകുളം | 85 | 49 |
| തൃശ്ശൂർ | 41 | 29 |
| പാലക്കാട് | 45 | 24 |
| മലപ്പുറം | 48 | 33 |
| കോഴിക്കോട് | 108 | 97 |
| വയനാട് | 18 | 17 |
| കണ്ണൂർ | 20 | 0 |
| കാസർഗോഡ് | 18 | 21 |

പ്രസ്തുത നടപടികൾ മുഖേന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഒരു പരിധി വരെ ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ട്.

## റീജിയണൽ കാൻസർ സെന്ററിലെ അദ്ധ്യാപക നിയമനങ്ങളിലെ സംവരണം

231 (2167) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ അദ്ധ്യാപക നിയമനങ്ങളിൽ ഭരണഘടന ഉറപ്പ് നൽകിയിട്ടുള്ള സംവരണ തത്വങ്ങൾ പാലിക്കാറുണ്ടോ; ഉണ്ടെങ്കിൽ അതിന് സ്വീകരിച്ചിട്ടുള്ള റോസ്റ്റർ എങ്ങനെയാണ് നടപ്പിലാക്കുന്നത്; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കാൻസർ ചികിത്സയിൽ കൂടുതൽ വൈദഗ്ദ്ധ്യമുള്ളവരെ തെരഞ്ഞെടുക്കുന്നതിനായും മതിയായ അപേക്ഷകരെ കിട്ടാത്ത സാഹചര്യത്തിലും സംവരണതത്വം കർശനമായി പാലിക്കുന്നതിനുള്ള സാഹചര്യം ഇല്ലായിരുന്നു. എന്നാൽ ആർ.സി.സി.-യിലെ നിയമനങ്ങൾ (നോൺ അക്കാഡമിക് വിഭാഗം) പി.എസ്.സി. മുഖേന നടത്തുന്നതിന് ഉത്തരവായത് മുതൽ അക്കാഡമിക് വിഭാഗത്തിലേയ്ക്കുള്ള നിയമനത്തിലും

(2021-ൽ നോട്ടിഫൈ ചെയ്തത്) പി.എസ്.സി. ഒഴിവുകൾ അനുവർത്തിച്ച് വരുന്ന സംവരണതത്വം പാലിച്ചാണ് 2022 മാർച്ച് മുതൽ നിയമനങ്ങൾ നടത്തിവരുന്നത്. ഇനിയുള്ള നിയമനങ്ങളിലും പി.എസ്.സി. സംവരണ തത്വം കർശനമായി പാലിക്കുന്നതാണ്.

(ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഓരോ വർഷവും ഓരോ വിഭാഗത്തിലും, പ്രൊഫസർ, അസോസിയേറ്റ്, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഇതിൽ പിന്നാക്ക, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ട എത്ര പേർക്ക് സംവരണതത്വങ്ങൾ പാലിച്ച് നിയമനം നൽകിയെന്നും അറിയിക്കാമോ?

ആർ.സി.സി-യിൽ 2012 മുതൽ എൻട്രി ലെവൽ തസ്തിക അസിസ്റ്റന്റ് പ്രൊഫസറാക്കി നിശ്ചയിച്ചതിനാൽ അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിൽ മാത്രമാണ് നിയമനങ്ങൾ നേരിട്ട് നടത്തുന്നത്. അസിസ്റ്റന്റ് പ്രൊഫസറുടെ പ്രൊമോഷൻ (ഗ്രേഡ് പ്രൊമോഷൻ) തസ്തിക അസ്സോസിയേറ്റ് പ്രൊഫസറും അസ്സോസിയേറ്റ് പ്രൊഫസറുടെ പ്രൊമോഷൻ തസ്തിക അഡീഷണൽ പ്രൊഫസറുമായി നിശ്ചയിച്ചിട്ടുള്ളതിനാൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് ഗ്രേഡ്

പ്രൊമോഷനാണ് ഈ തസ്തികകളിൽ നൽകിവരുന്നത്. ഇതുപ്രകാരം 2012 മുതലുള്ള പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ നടത്തിയിട്ടുള്ള നിയമനത്തിന്റെ വിശദാംശം അനുബന്ധം 1+ ആയി ചേർക്കുന്നു.

2022 മാർച്ച് മുതൽ സംവരണതത്വങ്ങൾ പാലിച്ചാണ് ആർ.സി.സി.-യിൽ നിയമനങ്ങൾ നടത്തി വരുന്നത്. 2021-ൽ നോട്ടിഫൈ ചെയ്ത് 2022 മാർച്ച് മുതൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നടത്തിയ നിയമനങ്ങളിൽ റേഡിയേഷൻ ഓങ്കോളജി ഡിപ്പാർട്ട്മെന്റിൽ പിന്നോക്കവിഭാഗത്തിൽ ഉൾപ്പെട്ട ഈഴവ കാറ്റഗറിയിൽ ഒരു നിയമനം നടത്തിയിട്ടുണ്ട്. മെഡിക്കൽ ഓങ്കോളജി ഡിപ്പാർട്ട്മെന്റിൽ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ട ഈഴവ വിഭാഗത്തിൽ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ ഇല്ലാത്തതിനാൽ ഒരു ഒഴിവ് സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി മാറ്റിവച്ചിട്ടുണ്ട്. അതുപോലെ ഇനി ഒഴിവ് വരുന്നതനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്കും Reservation Turn അനുസരിച്ച് നിയമനങ്ങൾ ലഭിക്കുന്നതാണ്. 2022 മുതലുള്ള നിയമനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 2+ ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഓരോ വിഭാഗത്തിലും സീനിയർ റെസിഡന്റുമാരായി എത്ര പേർക്ക് നിയമനം നൽകിയെന്നും അതിൽ പിന്നാക്ക, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ട എത്ര പേർക്ക് സംവരണതത്വങ്ങൾ പാലിച്ച് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ?

ആർ.സി.സി.-യിൽ സീനിയർ റെസിഡന്റുമാരെ കരാറടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. കൂടാതെ സീനിയർ റെസിഡന്റ് വിഭാഗത്തിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുമ്പോൾ അപേക്ഷകൾ വളരെ കുറച്ച് മാത്രമേ ലഭിക്കാറുള്ളൂ. നോട്ടിഫൈ ചെയ്യുന്ന ഒഴിവുകൾപോലും നികത്തുന്നതിനുള്ള അപേക്ഷകരെ ലഭിക്കുന്നില്ല. കൂടാതെ ജോയിൻ ചെയ്തതിനുശേഷം വിട്ടുപോകുകയോ ജോയിൻ ചെയ്യാതിരിക്കുകയോ ചെയ്യുന്ന സാഹചര്യവുമുണ്ട്. ഈ സാഹചര്യം ആശുപത്രി സേവനത്തിന് ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. ആയതിനാൽ സീനിയർ റെസിഡന്റ് നിയമനത്തിന് സംവരണതത്വം പാലിച്ചുവരുന്നില്ല.

2012 മുതൽ നാളിതുവരെ ആകെ 91 പേർക്ക് വിവിധ വകുപ്പുകളിലായി സീനിയർ റെസിഡന്റുമാരായി താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം 3[+]ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>തൃക്കാക്കര മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ</u>

232 (2168) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

1. കുടുംബാരോഗ്യകേന്ദ്രം ഇടപ്പള്ളി

2. പ്രാഥമികാരോഗ്യകേന്ദ്രം തൃക്കാക്കര

3. കുടുംബാരോഗ്യകേന്ദ്രം കാക്കനാട്

<u>നാഷണൽ ഹെൽത്ത് മിഷന് കീഴിലുള്ള അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ</u>

പൊന്നുരുന്നി

ചളിക്കവട്ടം

കടവന്ത്ര

കുത്താപ്പാടി

ചമ്പക്കര

തമ്മനം

വെണ്ണല

(ബി) മേൽ സ്ഥാപനങ്ങളിൽ ഓരോന്നിലേയും നിലവിലെ സ്റ്റാഫ് പാറ്റേൺ, സ്റ്റാഫ് സ്ട്രെങ്ത് എന്നിവ ലഭ്യമാക്കുമോ?

തൃക്കാക്കര മണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ചേർക്കുന്നു.+

വിവിധ കൗൺസിലുകളുടെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

233 (2169) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ വരുന്ന വിവിധ കൗൺസിലുകളുടെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പിന് കീഴിൽവരുന്ന വിവിധ കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ചുവരുന്നു. അപേക്ഷകർക്ക് ഫീസടയ്ക്കുന്നതിനായി POS സംവിധാനവും എൻക്വയറിക്കായി എൻക്വയറി സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷനുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കാത്ത കൗൺസിലുകളിൽ ആയതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കൗൺസിലുകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൗൺസിലുകളിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) കൗൺസിലുകളിൽ ഫോൺ മുഖേന ബന്ധപ്പെടുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

കൗൺസിലുകളിൽ അതത് സെക്ഷനുകളിൽ ഫോൺ കണക്ട് ചെയ്യുന്നതിനായി എക്സ്റ്റൻഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള ഡെന്റൽ കൗൺസിൽ, കേരള സംസ്ഥാന ഫാർമസി കൗൺസിൽ എന്നിവിടങ്ങളിൽ ലാൻഡ് ലൈൻ കൂടാതെ മൊബൈൽ നമ്പർ കൂടി നൽകിയിട്ടുണ്ട്.

(ഡി) കൗൺസിലുകളുടെ അംഗീകാരം നേടുന്നതിനായി ലഭിക്കുന്ന അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

കൗൺസിലുകളിൽ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാറുണ്ട്.

## വൈറൽ പനി വ്യാപനം

234 (2170) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്കൂളുകൾ തുറന്നതിനെത്തുടർന്ന് കുട്ടികൾക്കിടയിൽ വൈറൽ പനി കൂടിയതും ചില സ്ഥലങ്ങളിൽ ചെള്ളുപനിമൂലമുള്ള മരണങ്ങൾ സ്ഥിരീകരിച്ചതുംമൂലം ജനങ്ങൾക്കിടയിലെ ആശങ്ക കണക്കിലെടുത്ത് ഇതിന്റെ വ്യാപനം ചെറുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോവിഡ് കാലത്തിന് സമാനമായ രീതിയിൽ സാമൂഹിക അകലം പരമാവധി പാലിക്കുവാനും ശരിയാംവണ്ണം മാസ്ക് ധരിക്കുവാനും രോഗലക്ഷണമുള്ള കുട്ടികളെ സ്കൂളുകളിലേയ്ക്ക് വിടാതിരിക്കുവാനും വ്യക്തി ശുചിത്വം, പരിസരശുചിത്വം മുതലായവ കൃത്യമായി പാലിക്കുവാനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൊതുക് വളരുവാൻ സാധ്യതയുള്ള സ്ഥലങ്ങൾ അതത് പ്രദേശത്തെ ആരോഗ്യ ഫീൽഡ് വിഭാഗം പ്രവർത്തകർ സന്ദർശിച്ച് വേണ്ട നടപടികൾ സ്കൂൾ അധികൃതരുടെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. ചെള്ളുപനിയും മരണവും റിപ്പോർട്ട് ചെയ്ത തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത സ്ഥലങ്ങളിൽ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ദ്രുതകർമ്മസേന സന്ദർശിച്ച് കാര്യകാരണ

വിശകലനം നടത്തി ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയുണ്ടായി. രോഗബാധിതരുടെ വീടുകൾക്ക് ചുറ്റുമുള്ള കുറ്റിച്ചെടികൾ വെട്ടി നശിപ്പിക്കുകയും മറ്റിടങ്ങളിൽ ചിഗർമൈറ്റുകൾ (ചെള്ളുകളെ) നശിപ്പിക്കുന്നതിനുള്ള കീടനാശിനി പ്രയോഗവും നടത്തുകയുണ്ടായി.

ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും സംസ്ഥാന എന്റമോളജി യൂണിറ്റും ആവശ്യമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് ജില്ലകൾക്കും സ്ക്രബ്ബ് ടൈഫസ് നിയന്ത്രിക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ജീവനക്കാർക്കുള്ള പരിശീലനവും പൊതുജനങ്ങൾക്കുള്ള അവബോധവും നൽകി വരുന്നുണ്ട്.

ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് പ്രകാരം ജില്ലകളിൽ റിപ്പോർട്ട് ചെയ്യുന്ന വൈറൽ പനികളിൽ സീസണൽ ഇൻഫ്ലുവൻസയാണ് കൂടുതലായി കണ്ടുവരുന്നത്. ഇത് സാധാരണഗതിയിൽ 2 മുതൽ 3 ദിവസത്തിനുള്ളിൽ പ്രത്യേക ചികിത്സയൊന്നും നൽകാതെതന്നെ ശമിക്കുന്നതാണ്. എല്ലാ മേജർ ആശുപത്രികളിലും പ്രത്യേകമായ പനി ക്ലിനിക്കുകളും പനി വാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ

സ്ഥലങ്ങളിൽ മൊബൈൽ ക്ലിനിക്കുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കോവിഡിനോടൊപ്പംതന്നെ ഇതര പകർച്ചവ്യാധികളേയും നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഡെങ്കിപ്പനി, എലിപ്പനി, ചെള്ളുപനി മുതലായ പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി ആരോഗ്യ ജാഗ്രതാ കലണ്ടറിന്റെ അടിസ്ഥാനത്തിൽ വാർഡ് തലത്തിൽ പ്രത്യേക പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

ചെള്ളുപനിയുമായി ബന്ധപ്പെട്ട് സ്കൂൾ പരിസരത്തെ കുറ്റിക്കാടുകൾ വെട്ടിക്കളയുന്നതിനും എലിനശീകരണ പ്രവർത്തനങ്ങൾ കൃഷി വകുപ്പിന്റെ സഹകരണത്തോടെയും നടപ്പിലാക്കിവരുന്നു. ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതെ ശരിയാംവണ്ണം സംസ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുള്ളതാണ്. പനിയോടൊപ്പം ശരീരത്തിൽ ചെറിയ രീതിയിലുള്ള പൊള്ളൽ (സ്കാർ) കാണപ്പെടുന്നുണ്ടെങ്കിൽ കാലതാമസം കൂടാതെ അടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ അറിയിച്ച് ആവശ്യമായ ചികിത്സ തേടേണ്ടതിനുള്ള പ്രാധാന്യം അറിയിച്ചിട്ടുള്ളതാണ്. കൂടാതെ, ആരോഗ്യ-ബോധവൽക്കരണ ക്ലാസ്സുകൾ സ്കൂൾ തലത്തിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിച്ചുവരുന്നു.

## മലബാർ കാൻസർ സെന്ററിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ

235 (2171) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി മണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും ഓരോ പ്രവൃത്തിയും ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു. +

## കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ജീവനക്കാരുടെ നിയമനം, അവധികൾ

236(2172) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ജീവനക്കാർ വിരമിക്കുമ്പോൾ പണമാക്കാൻ കഴിയുന്ന ആർജ്ജിതാവധികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

180 ദിവസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെ.എസ്.ആർ. പ്രകാരം 300 ദിവസം പരമാവധി ആർജ്ജിത അവധി അനുവദിക്കുന്നത് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ജീവനക്കാർക്ക് ബാധകമാണോ; എങ്കിൽ ഇപ്രകാരം ആനുകൂല്യം വിതരണം ചെയ്യുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ബാധകമല്ല.

(സി) ഇതുസംബന്ധിച്ച നിർദ്ദേശം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ നിന്നും സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പാക്കുന്നതിനായി അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ഡി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ സർക്കാർ അംഗീകാരം/ അനുമതി ഇല്ലാതെ പുതിയ നിയമനങ്ങൾ നടത്തരുതെന്ന് വ്യവസ്ഥ ചെയ്ത് 19.05.2007-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നിലനിൽക്കുമ്പോൾ വിവിധ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് 17.6.2022-ൽ മാനേജിംഗ് ഡയറക്ടർ അപേക്ഷ ക്ഷണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ?

കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ പേവാർഡുകൾ, മറ്റ് യൂണിറ്റുകൾ എന്നിവിടങ്ങളിൽ 60 വയസ്സ് കഴിഞ്ഞ് ജോലിയിൽനിന്ന് വിരമിച്ച താൽക്കാലിക ജീവനക്കാർക്ക് പകരമായും മറ്റ് വിവിധ കാരണങ്ങളാൽ ജോലി ഉപേക്ഷിച്ചുപോയ ജീവനക്കാർക്ക് പകരമായും ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ സ്റ്റാഫ് നഴ്സ്, ശുചീകരണ തൊഴിലാളികൾ എന്നീ ജീവനക്കാരെ താൽക്കാലികമായി ദിവസവേതന/കരാർ വ്യവസ്ഥയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. സേവന ചട്ടം 9(b)- ക്ക് വിധേയമായി നിയമിക്കുന്നതിനുള്ള നടപടികൾ ടി സ്ഥാപനം സ്വീകരിച്ചുവരുന്നുണ്ട്.

<u>വാക്സിനേഷൻ സ്വീകരിച്ചതിനെ തുടർന്നുള്ള മരണം</u>

237 (2173) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് -19 ആദ്യ ഡോസ് വാക്സിൻ എടുത്തതിനെ തുടർന്ന് കുറ്റിപ്പുറം തോണിക്കടവത്ത് വീട്ടിൽ പി.വി. അസ്മ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് രൂപീകരിച്ച അന്വേഷണ സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ടോ?

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്നും നാളിതുവരെ മറുപടിയൊന്നും ലഭ്യമായിട്ടില്ല.

(ബി) അന്വേഷണ സമിതിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ടിയാളുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; ടിയാളുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

സംസ്ഥാനത്ത് കോവിഡ് വാക്സിനേഷന്റെ പാർശ്വഫലംമൂലം മരണം സംഭവിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ച ഹർജികൾ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ എടുത്തതിനെത്തുടർന്ന് മരണപ്പെട്ടത് സംബന്ധിച്ച എത്ര പരാതികൾ നാളിതുവരെ സർക്കാരിൽ ലഭിച്ചിട്ടുണ്ട്?

സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ എടുത്തതിനെത്തുടർന്ന് മരണപ്പെട്ടത് സംബന്ധിച്ച് നാളിതുവരെ 12 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) ഇപ്രകാരം മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്ര അപേക്ഷകളിന്മേൽ ധനസഹായം അനുവദിച്ചിട്ടുണ്ട്; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ?

കോവിഡ് വാക്സിനേഷൻ എടുത്തതിനെത്തുടർന്ന് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 11 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## കോവിഡ് വാക്സ്സിനേഷൻ സ്വീകരിക്കാത്തവർ

238 (2174) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ സ്വീകരിക്കാത്തവരുടെ എണ്ണം വാർഡുതലത്തിൽ കണക്കാക്കിയിട്ടുണ്ടോ; ചവറ നിയോജക മണ്ഡലത്തിൽ എത്ര പേർ കോവിഡ് വാക്സിൻ സ്വീകരിക്കാത്തവരായി ഉണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് വാക്സിൻ സ്വീകരിക്കാത്തവരുടെ എണ്ണം വാർഡുതലത്തിലും നിയോജകമണ്ഡലം തലത്തിലും കണക്കാക്കിയിട്ടില്ല.

(ബി) കോവിഡ് വാക്സിൻ സ്വീകരിക്കാത്തവർക്ക് കോവിഡ് സ്ഥിരീകരിച്ചശേഷം രോഗം മൂർച്ഛിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ട ഭൂരിഭാഗം പേരിലും കോവിഡ് വാക്സിൻ സ്വീകരിക്കാത്തതായും അനുബന്ധ രോഗങ്ങൾ ഉള്ളതായും കണ്ടെത്തിയിട്ടുണ്ട്. 2021 ജൂൺ 16-ാം തീയതി മുതലുള്ള ലഭ്യമായ വിവരങ്ങൾ പ്രകാരം ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെട്ട മരണങ്ങളിൽ 73% പേർ വാക്സിനേഷൻ സ്വീകരിക്കാത്തവരും 12% പേർ ഒരു ഡോസ് വാക്സിൻ എടുത്തവരും 15% പേർ രണ്ട് ഡോസ് വാക്സിനും എടുത്തിട്ടുള്ളവരുമാണ്.

(സി) സംസ്ഥാനത്ത് എത്ര പേർ ബൂസ്റ്റർ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 01.07.2022 വരെ 20,76,089 പേർ ബൂസ്റ്റർ ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്.

## കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ആലത്തൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

239(2175) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും മാറ്റിവയ്ക്കപ്പെട്ട തുക വിനിയോഗിച്ച് കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ആലത്തൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

26.07.2021-ലെ സ.ഉ(സാധാ) നം.1555/2021/ആ.കു.വ പ്രകാരം ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് പാലക്കാട് ജില്ലയിലെ ആലത്തൂർ മണ്ഡലത്തിൽനിന്നും കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമല്ല. ഈ മണ്ഡലത്തിൽത്തന്നെ സ്ഥലസൗകര്യം ലഭ്യമായ മറ്റൊരു സ്ഥാപനം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ടാറ്റ കോവിഡ് ആശുപത്രിയുടെ ഭാവി വികസനം

240(2176) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ ടാറ്റ കോവിഡ് ആശുപത്രിയുടെ ഭാവി വികസനവുമായി ബന്ധപ്പെട്ട് വിളിച്ചുചേർത്ത ഉന്നതതല യോഗ തീരുമാനപ്രകാരം എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ടാറ്റ ആശുപത്രിയുടെ ഭാവി വികസനവുമായി ബന്ധപ്പെട്ട് നടന്ന ഉന്നതതലയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ആശുപത്രിയുടെ വികസനസാദ്ധ്യത മുൻനിർത്തി ആരോഗ്യവകുപ്പ് ഡയറക്ടേറ്റിൽ നിന്ന് ലഭിച്ച പ്രൊപ്പോസൽ 08.06.2022-ൽ ചേർന്ന മന്ത്രിതല യോഗം ചർച്ച ചെയ്യുകയും ഈ യോഗത്തിൽ ആശുപത്രിയുടെ സ്ഥലം സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്നും വ്യക്തത വരുത്തുവാൻ എ.ഡി.എം.-നെ ചുമതലപ്പെടുത്തുകയും ഉണ്ടായി. എൻഡോസൾഫാൻ രോഗബാധിതർക്ക് പ്രത്യേക പരിചരണം നൽകാൻ കഴിയുന്ന വിധത്തിൽ ഈ ആശുപത്രിയുടെ നിലവിലുള്ള സൗകര്യം പരമാവധി

ഉപയോഗപ്പെടുത്താൻ കഴിയുമോയെന്ന കാര്യം വിശദമായി പരിശോധിക്കാൻ നിർദ്ദേശം നൽകി. നിലവിലുള്ള ആശുപത്രി കെട്ടിടത്തിന്റെ മെയിന്റനൻസ് കാര്യങ്ങൾ ചർച്ച ചെയ്യാനായി ജില്ലാ തലത്തിൽ ടാറ്റാ ട്രസ്റ്റുമായി ഒരു മീറ്റിംഗ് നടത്തുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. ഈ ആശുപത്രിയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 20.06.2022-ന് കാസർഗോഡ് ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ പ്രാരംഭഘട്ടമെന്ന നിലയിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള, ആശുപത്രി സ്ഥിതി ചെയ്യുന്ന 2.0307 ഹെക്ടർ ഭൂമിയിൽ നിന്നും 25 സെന്റ് സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറാനും ഈ നടപടി പൂർത്തിയായാലുടൻ ഒരു കെട്ടിടം സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## പുതിയ അങ്കണവാടികൾ അനുവദിക്കാനുള്ള മാനദണ്ഡം

241 (2177) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായിടങ്ങളിൽ പുതിയ അങ്കണവാടികൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. 2014-ൽ കേന്ദ്ര സർക്കാർ അങ്കണവാടി ഓൺ ഡിമാൻഡ് പ്രകാരം സംസ്ഥാനത്ത് 203 അങ്കണവാടികൾ പുതുതായി അനുവദിച്ചിട്ടുണ്ട്. അങ്കണവാടി ഓൺ ഡിമാൻഡ് പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അങ്കണവാടികളിൽ എസ്.ടി. മേഖലയിൽ 112 അങ്കണവാടികൾ ഉൾപ്പെടെ 203 അങ്കണവാടികൾ പ്രവർത്തനമാരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്.

(ബി) പുതിയ അങ്കണവാടികൾ അനുവദിക്കാനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ജനസംഖ്യയുടേയും ഗുണഭോക്താക്കളുടേയും എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് അങ്കണവാടികൾ അനുവദിക്കുന്നത്. അഞ്ച് വയസ്സിൽ താഴെ പ്രായമുള്ളതും ICDS സേവനം ലഭ്യമാകാത്തതുമായ സ്ഥലങ്ങളിൽ അങ്കണവാടി ഓൺ ഡിമാൻഡ് പ്രകാരം പുതിയ അങ്കണവാടികൾ അനുവദിക്കുന്നു. അങ്കണവാടികൾ അനുവദിക്കുന്നതിന്

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ജനസംഖ്യാ മാനദണ്ഡം ചുവടെ ചേർക്കുന്നു.

I) റൂറൽ/അർബൻ പ്രദേശങ്ങൾ അങ്കണവാടി

400-800 ജനസംഖ്യ - 1 അങ്കണവാടി

600-1600 ജനസംഖ്യ - 2 അങ്കണവാടി

1600-2400 ജനസംഖ്യ - 3 അങ്കണവാടി

150-400 ജനസംഖ്യ - 1 മിനി അങ്കണവാടി

II) ട്രൈബൽ/റിവൈറൽ/ഡെസോർട്ട്/ഹില്ലി അദർ ഹില്ലി ഏരിയ

300-800 ജനസംഖ്യ - 1 അങ്കണവാടി

150-300 ജനസംഖ്യ - 1 മിനി അങ്കണവാടി

## കായംകുളം നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾ

242 (2178) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും ഇതിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തത് ഏതൊക്കെ എന്നും വിശദമാക്കാമോ?

(എ) കായംകുളം നിയോജക മണ്ഡലത്തിലെ

1) ആകെ അങ്കണവാടികളുടെ എണ്ണം - 223

2) സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അങ്കണവാടികളുടെ എണ്ണം - 71

3) സ്വന്തമായി സ്ഥലം ലഭ്യമായിട്ടും കെട്ടിടമില്ലാത്ത അങ്കണവാടികളുടെ എണ്ണം - 10

വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങൾ

243(2179) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റി/ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് രൂപീകരിച്ച സെലക്ഷൻ ബോർഡിൽ എൻ.ജി.ഒ. വിഭാഗത്തെ പ്രതിനിധീകരിച്ച് നിയമിച്ച അംഗത്തിന്റെ പേര് വ്യക്തമാക്കാമോ?

അഡ്വ. എം. ജെ. മീനാംബിക.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അംഗം പ്രവർത്തിച്ചിരുന്ന എൻ.ജി.ഒ.-യുടെ പേരും മേൽവിലാസവും വ്യക്തമാക്കുമോ;

(സി) പ്രസ്തുത എൻ.ജി.ഒ.-യിൽ പ്രവർത്തിച്ചതിനുള്ള പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് ലഭ്യമാക്കുമോ?

(ബി&സി)പ്രസ്തുത അംഗം തിരുവനന്തപുരത്ത് തൈക്കാട് പ്രവർത്തിക്കുന്ന കേരള സംസ്ഥാന ശിശുക്ഷേമ സമിതിയിലും Devaki Warrier Memorial Women's Studies & Empowerment Centre-ലും പ്രവർത്തിച്ചതിന്റെ certificate-കൾ ഉള്ളടക്കം ചെയ്യുന്നു.+

## വയനാട് മെഡിക്കൽ കോളേജിനായി അനുവദിക്കപ്പെട്ട തസ്തികകൾ

244 (2180) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിനായി അനുവദിച്ച തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

താഴെപ്പറയുന്ന 140 തസ്തികകളാണ് വയനാട് മെഡിക്കൽ കോളേജിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

പ്രിൻസിപ്പാൾ-1

പ്രൊഫസർ -6

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അസോസിയേറ്റ് പ്രൊഫസർ -21

അസിസ്റ്റന്റ് പ്രൊഫസർ -28

സീനിയർ റസിഡന്റ് -27

ജൂനിയർ റസിഡന്റ്/ട്യൂട്ടർ ഡെമോൺസ്ട്രേറ്റർ -32

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ -1

അക്കൗണ്ട്സ് ഓഫീസർ -1

സീനിയർ സൂപ്രണ്ട് -1

ജൂനിയർ സൂപ്രണ്ട് -1

സീനിയർ ക്ലാർക്ക് -2

ക്ലാർക്ക് -2

ടൈപ്പിസ്റ്റ് -1

ഓഫീസ് അറ്റൻഡന്റ് -2

വാച്ച്മാൻ -1

സർജന്റ് -1

ലൈബ്രേറിയൻ -2

ജൂനിയർ ലാബ് അസിസ്റ്റന്റ് -2

മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ -2

ക്ലറിക്കൽ അറ്റൻഡർ -1

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് -1

പാർട്ട് ടൈം സ്വീപ്പർ -2

ഫുൾ ടൈം സ്വീപ്പർ -2

(ബി) അനുവദിക്കപ്പെട്ട എത്ര തസ്തികകളിൽ നിയമനം നടത്തി എന്ന് വ്യക്തമാക്കാമോ?

വയനാട് മെഡിക്കൽ കോളേജിൽ നടത്തിയിട്ടുള്ള നിയമന വിവരങ്ങൾ താഴെപ്പറയുന്നു.

പ്രിൻസിപ്പാൾ-1

പ്രൊഫസർ-6

അസോസിയേറ്റ് പ്രൊഫസർ-4

അസിസ്റ്റന്റ് പ്രൊഫസർ-7

സീനിയർ റസിഡന്റ്-17

ജൂനിയർ റസിഡന്റ്/ട്യൂട്ടർ ഡെമോൺസ്ട്രേറ്റർ-32

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ-1

അക്കൗണ്ട്സ് ഓഫീസർ-1

സീനിയർ സൂപ്രണ്ട്-1

ജൂനിയർ സൂപ്രണ്ട്-1

സീനിയർ ക്ലാർക്ക്-2

ക്ലാർക്ക്-2

ടൈപ്പിസ്റ്റ്-1

ഓഫീസ് അറ്റൻഡന്റ്-2

വാച്ച്മാൻ-1

സർജന്റ്-1

ലൈബ്രേറിയൻ-2

ക്ലറിക്കൽ അറ്റൻഡർ-1

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1

പാർട്ട് ടൈം സ്വീപ്പർ-2

ഫുൾ ടൈം സ്വീപ്പർ-2

(സി) നിയമനം നടന്നുകഴിഞ്ഞതിൽ വയനാട് മെഡിക്കൽ കോളേജിൽ സേവനം അനുഷ്ഠിക്കുന്നവരുടെ എണ്ണവും തസ്തികയും വ്യക്തമാക്കാമോ;

(ഡി) ഇങ്ങനെ നിയമനം നടന്നതിൽ വയനാട് മെഡിക്കൽ കോളേജിന് പുറത്ത് സേവനം ചെയ്യുന്നവരുടെ തസ്തികയും എണ്ണവും വ്യക്തമാക്കാമോ?

(സി&ഡി) വയനാട് മെഡിക്കൽ കോളേജിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്നവരുടെ വിശദ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

പ്രിൻസിപ്പാൾ-1

പ്രൊഫസർ-6

അസോസിയേറ്റ് പ്രൊഫസർ-4

അസിസ്റ്റന്റ് പ്രൊഫസർ-4

സീനിയർ റസിഡന്റ്-5

ജൂനിയർ റസിഡന്റ്/ട്യൂട്ടർ ഡെമോൺസ്ട്രേറ്റർ-32

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ-1

അക്കൗണ്ട്സ് ഓഫീസർ-1

സീനിയർ സൂപ്രണ്ട്-1

ജൂനിയർ സൂപ്രണ്ട്-1

സീനിയർ ക്ലാർക്ക്-2

ക്ലാർക്ക്-2

ടൈപ്പിസ്റ്റ്-1

ഓഫീസ് അറ്റൻഡന്റ്-2

വാച്ച്മാൻ-1

സർജന്റ്-1

ക്ലറിക്കൽ അറ്റൻഡർ-1

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്-1

പാർട്ട് ടൈം സ്വീപ്പർ-2

ഫുൾ ടൈം സ്വീപ്പർ-2

ഇപ്രകാരം നിയമനം നടന്നതിൽ 3 അസിസ്റ്റന്റ് പ്രൊഫസർ, 12 സീനിയർ റസിഡന്റ്, 2 ലൈബ്രേറിയൻ എന്നിവർ വയനാട് മെഡിക്കൽ കോളേജിന് പുറത്ത് സേവനമനുഷ്ഠിച്ചുവരുന്നു.

ജനറൽ നഴ്സിംഗ് വിദ്യാർത്ഥികളുടെ ഒന്നാം വർഷ പരീക്ഷ

245(2181) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഒന്നാം വർഷ ജനറൽ നഴ്സിംഗ് വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷ യഥാസമയം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി പരീക്ഷ സമയബന്ധിതമായി നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2020-ൽ കോവിഡ് മഹാമാരിയുടെ വ്യാപനംമൂലം റഗുലർ പരീക്ഷകൾ ഒന്നുംതന്നെ കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് കൗൺസിൽ നടത്തിയിരുന്നില്ല. ആയതിനാൽ 2019 അഡ്മിഷനിലുള്ള വിദ്യാർത്ഥികളുടെ ഒന്നാം വർഷ ജി.എൻ.എം. റെഗുലർ പരീക്ഷകൾ സെപ്റ്റംബർ 2021-ൽ നടത്തുകയും അവയുടെ പരീക്ഷാഫലം 05.01.2022-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയ ഫലം 14.02.2022-ൽ പ്രസിദ്ധപ്പെടുത്തിയ ശേഷം 19.04.2022 മുതൽ 26.04.2022 വരെയുള്ള തീയതികളിൽ ഒന്നാം വർഷ ജി.എൻ.എം. (2019 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ നടത്തുകയും ഇവയുടെ പരീക്ഷാഫലം

08.06.2022-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. സപ്ലിമെന്ററി പരീക്ഷയിൽ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ 28.06.2022, 29.06.2022 എന്നീ തീയതികളിൽ പുനർമൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. എത്രയും വേഗം പുനർമൂല്യനിർണ്ണയഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഉക്രൈനിൽ നിന്ന് മടങ്ങിയെത്തിയ മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർപഠനം

246 (2182) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉക്രൈനിൽ മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാതെ മടങ്ങി എത്തിയ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കോഴ്സ് പൂർത്തിയാക്കുന്നതിന് അവസരം നൽകണമെന്നാവശ്യപ്പെട്ട് എത്ര വിദ്യാർത്ഥികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) നോർക്ക പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രേഖകൾ പ്രകാരം 2742 മെഡിക്കൽ വിദ്യാർത്ഥികൾ ഉക്രൈനിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാതെ മടങ്ങിയെത്തിയിട്ടുണ്ട്. ആയതിൽ 2439 പേർ കോഴ്സ് പൂർത്തിയാക്കുന്നതിന് അവസരം നൽകണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ട്.

## ആരോഗ്യ സർവ്വകലാശാല

247 (2183) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരോഗ്യ സർവ്വകലാശാല സ്ഥാപിച്ചത് ഏത് വർഷമാണ്; ഈ സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ?

07.12.2009-നാണ് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്ഥാപിതമായത്. അലോപ്പതി, ഹോമിയോപ്പതി, ആയുർവേദം, സിദ്ധ, യോഗ, പ്രകൃതി ചികിത്സ, യുനാനി എന്നിവയുൾപ്പെടെയുള്ള എല്ലാ വൈദ്യശാസ്ത്ര വിഷയങ്ങളിലും ശരിയായതും ചിട്ടയായതുമായ പഠനവും പരിശീലനവും ഗവേഷണവും ഉറപ്പാക്കുന്നതിനായാണ് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രൂപീകൃതമായത്.

(ബി) പ്രസ്തുത സർവ്വകലാശാലയുടെ കീഴിലുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ എത്ര വീതമെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) സർവ്വകലാശാല നടത്തിയ വിവിധ പരീക്ഷകളിൽ കുട്ടികളുടെ വിജയശതമാനം സംബന്ധിച്ച് എന്തെങ്കിലും താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഫലങ്ങളുടെ പൊതു വിജയശതമാനം താരതമ്യം ചെയ്തു പരിശോധിക്കാറുണ്ട്. എന്നാൽ ഒരു താരതമ്യ പഠനം ഇതുവരെ നടത്തിയിട്ടില്ല.

## ചാത്തന്നൂർ മണ്ഡലത്തിൽ പുതിയ ആയുർവേദ ഡിസ്പെൻസറികൾക്കുള്ള അടിസ്ഥാന സൗകര്യം

248(2184) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി, കല്ലുവാതുക്കൽ, ചിറക്കര എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് (ഫയൽ നം: എ 1/16 /2021 ആയുഷ് തീയതി 21.01.2021) അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റികൾ തീരുമാനം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ?

ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റികൾ തീരുമാനം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലും എ 1/16/2021 പ്രകാരം സർക്കാർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ അധിക വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനം നാളിതുവരെ സർക്കാരിൽ ലഭ്യമായിട്ടില്ല.

## സ്ത്രീ സുരക്ഷാ പദ്ധതി

249 (2185) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011, 2011-2016, 2016-2021 സർക്കാരുകളുടെ ഭരണകാലത്ത് വനിതകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നത് സംബന്ധിച്ച് എന്തെല്ലാം നയങ്ങളാണ് രൂപീകരിച്ചിട്ടുള്ളത് എന്ന് ഭരണകാലഘട്ടം തിരിച്ച് വ്യക്തമാക്കുമോ?

2006-2011, 2011-2016, 2016-2021 സർക്കാരുകളുടെ ഭരണകാലത്ത് വനിതകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി വനിത-ശിശു വികസന വകുപ്പ് മുഖേന രൂപീകരിച്ച നയങ്ങളാണ് ലിംഗ പദവി സമത്വം, സ്ത്രീ ശാക്തീകരണ നയം 2015 (2011-16), നിർഭയ പോളിസി 2012 (2011-16). 2006-2011, 2011-2016, 2016-2021 സർക്കാരുകളുടെ ഭരണകാലത്ത് വനിതകൾക്ക് എതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി ആഭ്യന്തര വകുപ്പ് മുഖേന രൂപീകരിച്ച നയങ്ങൾ ചുവടെ ചേർക്കുന്നു.

## 2006 - 2011

സ്ത്രീ സുരക്ഷയ്ക്കും ഉന്നമനത്തിനുമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും വുമൺ ഡെസ്ക്, ഹെൽപ്പ് ലൈൻ എന്നിവ ആരംഭിച്ചിട്ടുണ്ട്. പെൺകുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂളുകളിലും കോളേജുകളിലും പോലീസ് സഹകരണത്തോടെ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

## 2011 - 2016

വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി WOMEN SELF DEFENCE പദ്ധതി ആരംഭിച്ചിട്ടുള്ളതാണ്. കൂടാതെ പഞ്ചായത്ത് തലത്തിൽ വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി ആരംഭിച്ചു.

## 2016 - 2021

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പ് വരുത്തുന്നതിനും മാനസിക ധൈര്യം നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നാല് പദ്ധതികൾ ആരംഭിച്ചു.

1) നിർഭയം ആപ്പ്, 2) പിങ്ക് പോലീസ് പട്രോൾ 3) ക്രൈം പ്രിവൻഷൻ ആന്റ് ഫാമിലി കൗൺസലിംഗ് സെന്റർ, 4) ഡൊമസ്റ്റിക് കോൺഫ്ലിക്ട് റെസൊല്യൂഷൻ സെന്റർ

<u>2021 - 26.06.2022</u>

പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, അപരാജിത ഓൺലൈൻ, വൺസ്റ്റോപ്പ് ക്രൈസിസ് സെന്റർ എന്നിവ ആരംഭിച്ചിട്ടുള്ളതാണ്.

(ബി) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് പ്രസ്തുത കാലഘട്ടങ്ങളിൽ സ്വീകരിച്ചിട്ടുള്ളത്; അതിനായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് വനിത-ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള നടപടികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

സ്ത്രീകളെ ഗാർഹിക പീഡനത്തിൽനിന്ന് സംരക്ഷിക്കുന്ന നിയമം 2005 കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർമാരെ നിയമിച്ചു. കൂടാതെ നിലവിൽ 80 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. സ്ത്രീധന നിരോധന നിയമം 1961 കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കേരള സ്ത്രീധന നിരോധന

(ഭേദഗതി) ചട്ടങ്ങൾ 2021 പ്രകാരം കേരള റൂൾസ് ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിത ശിശു വികസന ഡയറക്ടറെ മുഖ്യ സ്ത്രീധന നിരോധന ഓഫീസർ ആയും 14 ജില്ലാ വനിത-ശിശു സംരക്ഷണ ഓഫീസർമാരെ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാരായും നിയമിച്ചു. ശൈശവ വിവാഹ നിരോധന നിയമം 2006 ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരേയും ശൈശവ വിവാഹ നിരോധന ഓഫീസർമാരായി നിയമിക്കുകയും നിലവിൽ 258 ശൈശവ വിവാഹ നിരോധന ഓഫീസർമാർ സംസ്ഥാനത്ത് പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ശൈശവവിവാഹം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ശിശു വികസന പദ്ധതി ഓഫീസർമാർക്ക് പുറമേ പഞ്ചായത്ത് സെക്രട്ടറിമാർ, സ്കൂൾ പ്രിൻസിപ്പാൾമാർ, പ്രഥമ അദ്ധ്യാപകർ എന്നിവരെക്കൂടി ശൈശവ വിവാഹ നിരോധന ഓഫീസർമാരായി നിയമിക്കുന്നതിന് സർക്കാരിൽ അപേക്ഷ ലഭ്യമായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ശൈശവ വിവാഹത്തെക്കുറിച്ച് വിവരം നല്കുന്നവർക്ക് 2,500 രൂപ പാരിതോഷികം നല്കുന്ന ' പൊൻവാക്ക് എന്ന പദ്ധതി ആരംഭിച്ചു. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം 2013

ശക്തിപ്പെടുത്തുന്നതിന് 258 ശിശു വികസന പദ്ധതി ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചു. സംസ്ഥാനത്തെ 8286 സ്ഥാപനങ്ങളിൽ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റികൾ രൂപീകരിച്ചു. 2017-ൽ വനിതകൾക്ക് എല്ലാ മേഖലയിലെയും വിവരാന്വേഷണവും, അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി ' മിത്ര' 181 എന്ന ടോൾ ഫ്രീ നമ്പർ 24 x 7 എന്ന തരത്തിൽ വനിത വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെയുള്ള ടി പദ്ധതിയുടെ പ്രൊമോഷൻ ആക്ടിവിറ്റികൾ എല്ലാം സംസ്ഥാന സർക്കാർ നടപ്പാക്കുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള പ്രിവൻഷൻ പദ്ധതികൾ, അതിക്രമങ്ങൾ നേരിട്ടവർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുള്ള വൺസ്റ്റോപ്പ് സെന്ററുകൾ, അതിക്രമങ്ങൾ നേരിട്ടവരെ പാർപ്പിക്കുന്നതിനുള്ള സ്ഥാപന സംവിധാനങ്ങൾ, ആശ്വാസനിധി പദ്ധതി എന്നിവ പ്രവർത്തിച്ചുവരുന്നു.

I <u>പ്രിവൻഷൻ പദ്ധതികൾ</u>

ധീര പദ്ധതി

നൈറ്റ് വാക്ക്

എഫ്.എം. റേഡിയോ ക്യാമ്പയിൻ

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പ്രവർത്തിക്കുന്ന പരിശീലകർക്കുള്ള പരിശീലന പരിപാടി

ബസ് ബ്രാന്റിംഗ്

റെയിൽവേ പ്ലാറ്റ് ഫോം ബ്രാന്റിംഗ്

II <u>സ്ഥാപന സംവിധാനം</u>

സ്റ്റേറ്റ് നിർഭയ സെല്ലിന് കീഴിൽ പോക്സോ അതിജീവിതരായ പെൺകുട്ടികളെ താമസിപ്പിക്കുന്നതിലേയ്ക്കായി വിവിധ ജില്ലകളിലായി 22 ഹോമുകൾ പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും ഓരോ എൻട്രി ഹോമുകൾ വീതം പ്രവർത്തിക്കുന്നു. 2013 ഫെബ്രുവരി മാസം മുതൽ കേരളത്തിൽ വിമൻ ആൻഡ് ചിൽഡ്രൻ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ടി ഹോമുകൾ 2021 ഒക്ടോബർ മാസം മുതൽ എൻട്രി ഹോമുകളായി അറിയപ്പെടുന്നു. കൂടാതെ,

മോഡൽ ഹോം ഫോർ ഗേൾസ്, തൃശ്ശൂർ

എസ്.ഒ.എസ്. മോഡൽ ഹോം, തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്

ഐ.ഇ.സി. പദ്ധതി

ഇന്റഗ്രേറ്റഡ് കെയർ സെന്റർ

കാവൽ പ്ലസ്

ഹോം ഫോർ മെന്റൽ ഹെൽത്ത്

തേജോമയ ആഫ്റ്റർ കെയർ പദ്ധതി

ആഫ്റ്റർ കെയർ ഹോം

മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ ഹോം എന്നിവയും പ്രവർത്തിച്ചു വരുന്നു.

III ആശ്വാസനിധി

അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ഗുരുതരമായ ക്ഷതങ്ങളോ രോഗങ്ങളോ ഉണ്ടാകാറുണ്ട്. ആസിഡ് അതിക്രമങ്ങൾ അതിജീവിച്ചവർക്ക് പലപ്പോഴും ജീവിതകാലം മുഴുവൻ ഘട്ടംഘട്ടമായുള്ള ശാരീരിക മാനസിക ചികിത്സകൾ വേണ്ടിവരുന്നു. ഇത്തരത്തിലുള്ളവർക്ക് അടിയന്തര ധനസഹായമെന്ന നിലയിൽ ആരംഭിച്ച പദ്ധതിയാണ് ആശ്വാസനിധി. ആശ്വാസനിധി പദ്ധതി പ്രകാരം 2021-22 സാമ്പത്തിക

വർഷത്തിൽ 466 ഗുണഭോക്താക്കൾക്കായി 3,50,00,000 രൂപ വിതരണം ചെയ്തു.

IV ലീഗൽ സെൽ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിനുവേണ്ടിയുള്ള സ്റ്റേറ്റ് നിർഭയ സെല്ലിൽ നിയമ നടത്തിപ്പ് സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിനും കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിനും കേസ്സന്വേഷണം, സാക്ഷി വിസ്താരം തുടങ്ങിയ കോടതി നടപടികൾ ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരായി ശക്തമായ നിയമനടപടികൾ പൂർത്തീകരിച്ച് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനും വിക്ടിം കോമ്പൻസേഷൻ സ്കീം, ആശ്വാസനിധി പദ്ധതി തുടങ്ങിയവ ഊർജിതമായി നടപ്പിലാക്കുന്നതിനും KeLSA, DLSA, Paralegal Volunteers, Law College-കൾ, സഖി വൺ സ്റ്റോപ്പ് സെന്ററുകൾ തുടങ്ങിയ നിയമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമായി സഹകരിച്ച് കൗൺസിലിംഗും നിയമപരമായ സഹായങ്ങളും സ്റ്റേറ്റ് തലത്തിൽ നടപ്പാക്കുന്നതിനും ജില്ലാതല പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനുമായി ഒരു ലീഗൽ അസിസ്റ്റന്റിന്റെ നേതൃത്വത്തിൽ ഒരു ലീഗൽ സെൽ പ്രവർത്തിച്ചു വരുന്നു.

V <u>വൺസ്റ്റോപ്പ് സെന്ററുകൾ</u>

സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൗൺസലിംഗ്, വൈദ്യസഹായം, ചികിത്സ, നിയമസഹായം പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന വനിത-ശിശുവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായ ടാസ്ക്ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് വൺസ്റ്റോപ്പ് സെന്റർ (ഒ.എസ്.സി.). കേരളത്തിൽ 14 ജില്ലകളിലും ഒ.എസ്.സി. പ്രവർത്തിച്ചുവരുന്നു.

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് ആഭ്യന്തര വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ അനുബന്ധം- 1 +ആയി ചേർത്തിരിക്കുന്നു.

(സി) ഈ നയങ്ങളുടെയും നടപടികളുടെയും അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ത്രീ സുരക്ഷയ്ക്കായി വനിത-ശിശു വികസന വകുപ്പ് മുഖേന രൂപീകരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെയും ആഭ്യന്തര വകുപ്പ് മുഖേന രൂപീകരികരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം-2+ആയി ചേർത്തിരിക്കുന്നു.

സ്ത്രീ സുരക്ഷയ്ക്കായി ആഭ്യന്തര വകുപ്പ് മുഖേന രൂപീകരിച്ച് നടപ്പിലാക്കുന്ന ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധം-1+ആയി ചേർത്തിരിക്കുന്നു.

(ഡി) ഓരോ സ്ത്രീസുരക്ഷാ പദ്ധതിയുടേയും ഇതുവരെയുള്ള പ്രവർത്തന വിശകലന റിപ്പോർട്ട് ലഭ്യമാക്കാമോ?

ഗാർഹിക പീഡന നിരോധന നിയമം 2013 പ്രകാരം 7468 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (വനിതാ സംരക്ഷണ ഓഫീസർമാർ മുഖാന്തരവും എസ്.പി.സി. മുഖാന്തരവും) അവയിൽ 1087 എണ്ണത്തിന് DIR രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പൊൻവാക്ക്:- 14 ശൈശവവിവാഹങ്ങൾ തടയാൻ കഴിഞ്ഞു.

രക്ഷാദൂത് പദ്ധതി പ്രകാരം 80 പരാതികൾ ലഭിച്ചു. 3 ഉജ്ജ്വല ഹോമുകൾ പ്രവർത്തനം ആരംഭിച്ചു.

8286 സ്ഥാപനങ്ങളിൽ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റികൾ രൂപീകരിച്ചു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സ്ത്രീസുരക്ഷാ പദ്ധതികളിൽ ഇപ്പോൾ നിലവിൽ ഇല്ലാത്തവ ഏത് എന്നും ആയതിന്റെ കാരണങ്ങളും വ്യക്തമാക്കാമോ?

സ്ത്രീ സുരക്ഷയ്ക്കായി രൂപീകരിച്ചിട്ടുള്ള പദ്ധതികളിൽ എല്ലാ പദ്ധതികളും കാര്യക്ഷമമായി ഇപ്പോഴും നിലവിലുണ്ട്.

<u>അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ എണ്ണം</u>

250(2186) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരികയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

അങ്കണവാടികളിൽ എല്ലാ വർഷവും ജൂൺ മാസവും നവംബർ മാസവും അങ്കണവാടി പ്രവേശനോത്സവം സംഘടിപ്പിക്കാറുണ്ട്. നവംബർ മാസത്തെ പ്രവേശനോത്സവത്തിന് ശേഷം ആ വർഷത്തെ പ്രീസ്കൂൾ കുട്ടികളുടെ കൃത്യമായ എണ്ണം ലഭിക്കുന്നതിനാൽ 2019, 2020, 2021 എന്നീ വർഷങ്ങളിലെ ഡിസംബർ മാസ MPR (മന്തിലി പ്രോഗ്രസ്സ് റിപ്പോർട്ട്) പരിശോധിച്ചതിൽ സംസ്ഥാനത്തെ അങ്കണവാടികളിൽ എത്തുന്ന

കുട്ടികളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരുന്നതായി കാണുന്നില്ല. വിശദാംശങ്ങൾ അനുബന്ധം 1[+] ആയി ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ അങ്കണവാടികളിൽ നിലവിൽ എത്ര കുട്ടികളുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ലഭ്യമാണ്. സംസ്ഥാനത്തെ അങ്കണവാടികളിൽ 2022 മേയ് 30-ന് നടത്തിയ പ്രവേശനോത്സവത്തിന് ശേഷമുള്ള പ്രീ-സ്കൂൾ കുട്ടികളുടെ ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധം 2[+] ആയി ചേർക്കുന്നു.

(സി) സംസ്ഥാനത്ത് ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന ആകെ വിദ്യാർത്ഥികളുടെ എണ്ണവും ആകെ അങ്കണവാടി കുട്ടികളുടെ എണ്ണവും തമ്മിലുള്ള അനുപാതം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന ആകെ വിദ്യാർത്ഥികളുടെ എണ്ണവും ആകെ അങ്കണവാടി കുട്ടികളുടെ എണ്ണവും തമ്മിലുള്ള അനുപാതം പരിശോധിച്ചിട്ടില്ല.

## പാലക്കാട് ജില്ലയിലുള്ള വനിത-ശിശു വികസന വകുപ്പിന് കീഴിലെ ഓഫീസുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

251(2187) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വനിത-ശിശു വികസന വകുപ്പിന് കീഴിൽ എത്ര ഓഫീസുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ വനിത-ശിശു വികസന വകുപ്പിന് കീഴിൽ 27 ഓഫീസുകളാണ് നിലവിലുള്ളത്.

(ബി) ഇവയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളുണ്ടോ; എങ്കിൽ വാടകക്കെട്ടിടത്തിൽ നിന്ന് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇവയിൽ 6 ഓഫീസുകൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിൽ മണ്ണാർക്കാട് അഡീഷണൽ പ്രോജക്ട് ഓഫീസിന് കെട്ടിടം ലഭ്യമായിട്ടുണ്ട്. ഓഫീസ് ഷിഫ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മറ്റ് 5 ഓഫീസുകൾക്ക്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം എന്നിവരുമായി ബന്ധപ്പെട്ട് കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈപ്പിൻ മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികൾ

252 (2188) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ സ്വന്തമായി സ്ഥലം ഉണ്ടായിട്ടും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ സ്വന്തമായി സ്ഥലം ഉണ്ടായിട്ടും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

(ബി) വൈപ്പിൻ മണ്ഡലത്തിൽ സ്മാർട്ട് ആക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട അങ്കണവാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിലെ 103-ാം നമ്പർ അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അപേക്ഷ ലഭ്യമായിരുന്നെങ്കിലും വകുപ്പ് വിഹിതത്തിന് പുറമെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം വകയിരുത്തി ഭരണസമിതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരുമാനം ലഭ്യമാക്കാത്തതിനാൽ കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടില്ല.

(സി) പ്രസ്തുത അങ്കണവാടികൾ സ്മാർട്ട് ആക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പ്രസ്തുത അങ്കണവാടിക്ക് വകുപ്പ് വിഹിതത്തിന് പുറമെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം വകയിരുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാക്കുന്നതിനായി വാർഡ് മെമ്പർക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്.

(ഡി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക ഇനത്തിലുള്ള സർക്കാർ വിഹിതം എത്രയാണെന്നും ബാക്കി തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്നും വ്യക്തമാക്കാമോ?

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക റൂറൽ ഏരിയകളിൽ 1,000 രൂപ നിരക്കിലും അർബൻ ഏരിയകളിൽ 4,000 രൂപ നിരക്കിലുമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത തുക 60:40 ആനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. പ്രസ്തുത തുകയിൽ അധികമായി ആവശ്യമായിവരുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നൽകിവരുന്നു.

## ഹോട്ടലുകളുടെയും തട്ടുകടകളുടെയും ഗുണനിലവാരം

253 (2189) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷണ പദാർത്ഥം നിർമ്മിച്ച് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ആർക്കാണ് ചുമതല എന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു അസംബ്ലി മണ്ഡലത്തിന്റെ പരിധിയിൽ ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർ എന്ന നിലയിൽ ചുമതല നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്ന അസംബ്ലി മണ്ഡലത്തിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥനാണ് ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത്. ഗ്രാമപഞ്ചായത്തിൽ വരുന്ന സ്ഥാപനങ്ങളുടെ പൊതു ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നത് ഗ്രാമ

പഞ്ചായത്തിലെ ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടറുടെകൂടി ഉത്തരവാദിത്വം ആണ്.

## സ്മാർട്ട് അങ്കണവാടി പദ്ധതി

254(2190) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് അങ്കണവാടി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2019-20-ൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി ആരംഭിക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് (10, 7.5, 5, 3, 3 (slopping terrain), 1.25 cent) അനുസരിച്ച് 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ/ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, പൂന്തോട്ടം തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉറപ്പുവരുത്തിയാണ് സ്മാർട്ട് അങ്കണവാടി

രൂപകല്പന ചെയ്തിട്ടുള്ളത്. കുട്ടികൾക്കായി പ്രീ-സ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി, മ്യൂസിക് സിസ്റ്റം, ന്യൂട്രിഗാർഡൻ, കുട്ടികൾ വീഴുമ്പോൾ പരിക്ക് പറ്റാതിരിക്കാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏര്യയിൽ ഗ്രാസ്സ്മാറ്റ്, ചുമർ ചിത്രങ്ങൾ, അഡോളസെന്റ് കുട്ടികൾക്കായി ലൈബ്രറി, മാനസിക ശാരീരിക വികാസത്തിനായി ആവശ്യമായ സജ്ജീകരണങ്ങൾ ഉൾപ്പെടെ സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(ബി) കോഴിക്കോട് ജില്ലയിൽ ഈ വർഷം സ്മാർട്ട് അങ്കണവാടികളാക്കാൻ തെരഞ്ഞെടുത്ത അങ്കണവാടികളുടെ പട്ടിക ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ വകുപ്പിന്റെ സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഈ വർഷം ഉൾപ്പെടുത്തുവാൻ തെരഞ്ഞെടുത്ത അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്മാർട്ട് അങ്കണവാടി പദ്ധതി

255 (2191) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിന് സ്ഥലലഭ്യതയ്ക്കനുസരിച്ച് വകുപ്പ് അനുവദിക്കുന്ന ഫണ്ടും കെട്ടിടങ്ങളുടെ ഘടനയും സംബന്ധിച്ച വിശദാംശം നൽകാമോ?

സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിന് ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് (10, 7.5, 5, 3, 3 (slopping terrain), 1.25 cent) അനുസരിച്ച് 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം വകുപ്പ് അനുവദിക്കുന്ന ഫണ്ടും കെട്ടിടങ്ങളുടെ ഘടനയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത അങ്കണവാടികളിൽ കുട്ടികൾക്ക് ഒരുക്കുന്ന സൗകര്യങ്ങളും സേവനങ്ങളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ സമഗ്ര വികസനത്തിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തിയാണ് സ്മാർട്ട് അങ്കണവാടിക്ക് രൂപകല്പന നൽകിയിരിക്കുന്നത്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ/ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, പൂന്തോട്ടം തുടങ്ങിയ സൗകര്യങ്ങളും ഒപ്പം കുട്ടികൾക്കായി പ്രീ-സ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി, മ്യൂസിക് സിസ്റ്റം, ന്യൂട്രിഗാർഡൻ, കുട്ടികൾ വീഴുമ്പോൾ പരിക്ക് പറ്റാതിരിക്കാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏര്യയിൽ ഗ്രാസ്മാറ്റ്, ചുമർ ചിത്രങ്ങൾ അഡോളസെന്റ് കുട്ടികൾക്കായി ലൈബ്രറി, മാനസിക ശാരീരിക വികാസത്തിനായി ആവശ്യമായ സജ്ജീകരണങ്ങൾ ഉൾപ്പെടെ സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്. അനുപൂരക പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പ്പ്, ആരോഗ്യ പരിശോധന, പ്രീ-സ്കൂൾ അനൗപചാരിക വിദ്യാഭ്യാസം, റഫറൽ സേവനം, ആരോഗ്യ പോഷക വിദ്യാഭ്യാസം തുടങ്ങിയ സേവനങ്ങൾ നൽകിവരുന്നു.

(സി) സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം മട്ടന്നൂർ നഗരസഭയ്ക്ക് അനുവദിച്ച അങ്കണവാടിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം മട്ടന്നൂർ നഗരസഭയ്ക്ക് അനുവദിച്ച 2 അങ്കണവാടികളുടെ നിർമ്മാണ പുരോഗതി അനുബന്ധം-2 ആയി ചേർക്കുന്നു.+

## അങ്കണവാടി പരിശീലന കേന്ദ്രങ്ങൾ

256(2192) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുക്ഷേമ സമിതിയുടെ കീഴിൽ സംസ്ഥാനത്ത് എത്ര അങ്കണവാടി പരിശീലന കേന്ദ്രങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം നൽകാമോ?

കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ സംസ്ഥാനത്ത് 10 ട്രെയിനിംഗ് സെന്ററുകൾ ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ തൈക്കാട്, നെയ്യാറ്റിൻകര എന്നീ രണ്ട് ട്രെയിനിംഗ് സെന്ററുകളും കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളിൽ ഓരോ ട്രെയിനിംഗ് സെന്ററുകൾ വീതവുമാണുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അങ്കണവാടി ജീവനക്കാർക്ക് ശിശുക്ഷേമസമിതിയുടെ കീഴിൽ പരിശീലനപരിപാടി സംഘടിപ്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ?

അങ്കണവാടി പരിശീലനം ഒരു കേന്ദ്ര പദ്ധതി ആയാണ് നടപ്പിലാക്കി വന്നിരുന്നത്. കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ 10 ട്രെയിനിംഗ് സെന്ററുകൾ വഴിയും ഒരു മിഡിൽ ലെവൽ ട്രെയിനിംഗ് സെന്റർ വഴിയുമാണ് ട്രെയിനിംഗ് നടപ്പിലാക്കിവന്നിരുന്നത്. എന്നാൽ 2019-20 വർഷത്തിന് ശേഷം സർക്കാരിതര ട്രെയിനിംഗ് സെന്ററുകൾ വഴി ട്രെയിനിംഗ് നടത്തുന്നതിന് ഫണ്ട് നല്കുകയില്ലായെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം ഉണ്ടായിരുന്ന സാഹചര്യത്തിലും തുടർന്നുള്ള വർഷങ്ങളിൽ ട്രെയിനിംഗിന് കേന്ദ്ര അനുമതി ലഭ്യമാകാത്ത സാഹചര്യത്തിലുമാണ് മേൽ ട്രെയിനിംഗ് സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നല്കാൻ കഴിയാതിരുന്നത്. കൂടാതെ സർക്കാരിതര ട്രെയിനിംഗ് സെന്ററുകൾക്ക് ട്രെയിനിംഗ് നടത്തുന്നതിന് അനുമതി നല്കുകയില്ലായെന്ന് കേന്ദ്ര നിർദ്ദേശം വന്നതിനാൽ വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖാന്തരം അങ്കണവാടി പരിശീലനം നല്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നല്കുകയുണ്ടായി. ആയതിനാലാണ് ശിശുക്ഷേമ സമിതിയുടെ കീഴിലെ ട്രെയിനിംഗ്

സെന്ററുകൾ വഴി ട്രെയിനിംഗ് നടത്താൻ കഴിയാതെ വന്നിട്ടുള്ളത്. നിലവിൽ അങ്കണവാടി പരിശീലന പദ്ധതി നിർത്തലാക്കിയിട്ടുള്ളതായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖാന്തരം ട്രെയിനിംഗ് നടത്തുന്നതിന് കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള പാലക്കാട്, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം എന്നീ ട്രെയിനിംഗ് സെന്റർ കെട്ടിടങ്ങൾ ട്രെയിനിംഗിന് സജ്ജമാക്കി നല്കുന്നതിന് കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ട്രെയിനിംഗ് സെന്ററുകൾ ട്രെയിനിംഗിനായി സജ്ജമാക്കി നല്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) പാലക്കാട് ജില്ലാ പഞ്ചായത്ത് ഒന്നരക്കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കൊട്ടുവായൂർ ശിശുക്ഷേമ സമിതിയുടെ പരിശീലന കേന്ദ്രം ഉപയോഗശൂന്യമായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖാന്തരം ട്രെയിനിംഗ് നടത്തുന്നതിന് കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള പാലക്കാട് കൊട്ടുവായൂർ ട്രെയിനിംഗ് സെന്റർ ഉൾപ്പെടെയുള്ള 4

ട്രെയിനിംഗ് സെന്റർ കെട്ടിടങ്ങൾ ട്രെയിനിംഗിന് സജ്ജമാക്കി നല്കുന്നതിന് കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ട്രെയിനിംഗ് സെന്ററുകൾ ട്രെയിനിംഗിനായി സജ്ജമാക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

<u>വർക്കല മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ</u>

257(2193) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ എത്രയെന്ന് വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 98 അങ്കണവാടികൾ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുമോ?

വർക്കല മണ്ഡലത്തിലെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലവും LSGD വിഹിതവും ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പിന്റെ വിവിധ കെട്ടിട നിർമ്മാണ

പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്ക് വിധേയമായി കെട്ടിട നിർമ്മാണാനുമതിയും ഫണ്ടും അനുവദിക്കുന്നതാണ്.

## സ്മാർട്ട് അങ്കണവാടികൾ

258(2194)ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ദെലീമ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കരിക്കുലം പരിഷ്കരണത്തിനുമായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി മുൻ സർക്കാരിന്റെ കാലം മുതൽ അങ്കണവാടികൾ "സ്മാർട്ട് അങ്കണവാടികൾ" ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടികളിൽ കുടിവെള്ള സൗകര്യം, ടോയ്ലെറ്റ്, അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുന്നതിന് പഞ്ചായത്ത്, ജലനിധി, ജലജീവൻ മിഷൻ, ശുചിത്വ

മിഷൻ തുടങ്ങിയവരുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം അങ്കണവാടികളുടെ കരിക്കുലം പരിഷ്കരണത്തോടനുബന്ധിച്ച് കുട്ടികളിൽ ചെറുപ്രായത്തിൽത്തന്നെ ലിംഗ സമത്വത്തിന്റെ അവബോധം സൃഷ്ടിക്കുന്നതിനായി അങ്കണവാടികളിൽ ഉപയോഗിക്കുന്ന "അങ്കണപ്പൂമഴ" വർക്ക്ബുക്കിൽ ജെൻഡർ ഓഡിറ്റിംഗ് നടത്തുകയും ഓഡിറ്റിംഗ് നിർദ്ദേശാനുസരണമുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് "അങ്കണപ്പൂമഴ" വർക്ക് ബുക്ക് പ്രിന്റ് ചെയ്ത് അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഞ്ചാമത് ഗവേണിംഗ്ബോഡി യോഗ തീരുമാന പ്രകാരം നാഷണൽ എജ്യൂക്കേഷൻ പോളിസി 2020 നിഷ്കർഷിക്കും പ്രകാരം അങ്കണവാടികളെ ശാക്തീകരിക്കുന്നത് സംബന്ധിച്ച വിഷയങ്ങളിൽ ശിപാർശ സമർപ്പിക്കുന്നതിലേയ്ക്കായി നിയോഗിച്ച കമ്മിറ്റി തയ്യാറാക്കിയ ഫൈനൽ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി) സ്മാർട്ട് അങ്കണവാടികൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്; ഇവയുടെ രൂപകല്പനയും പ്രവർത്തനവും വിശദമാക്കാമോ?

സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം നാളിതുവരെ 204 അങ്കണവാടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 2 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് [10, 7.5, 5, 3, 3 (Slopping terrain), 1.25 cent] അനുസരിച്ച് 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുടെ സമഗ്ര വികസനത്തിന് വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തി പഠനമുറി, വിശ്രമ മുറി, ഭക്ഷണ മുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ/ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, പൂന്തോട്ടം, തുടങ്ങിയവ ഉൾപ്പെടുത്തിയാണ് സ്മാർട്ട് അങ്കണവാടി രൂപ കല്പന ചെയ്തിട്ടുള്ളത്. കുട്ടികൾക്കായി പ്രീ-സ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി, മ്യൂസിക് സിസ്റ്റം, ന്യൂട്രിഗാർഡൻ, കുട്ടികൾ വീഴുമ്പോൾ പരിക്ക് പറ്റാതിരിക്കാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏര്യയിൽ ഗ്രാസ്സ്മാറ്റ്, ചുമർ ചിത്രങ്ങൾ, അഡോളസെന്റ്സ് കുട്ടികൾക്കായി ലൈബ്രറി, മാനസിക ശാരീരിക വികാസത്തിനായി ആവശ്യമായ സജ്ജീകരണങ്ങൾ ഉൾപ്പെടെ സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്.

ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്കാനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(സി) കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വികസനത്തിന് സ്മാർട്ട് അങ്കണവാടികൾ എങ്ങനെയെല്ലാം സഹായകരമാവുന്നു; വിശദാംശങ്ങൾ നൽകാമോ?

കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വികാസം സാധ്യമാകുന്ന തരത്തിൽ സ്മാർട്ട് അങ്കണവാടിയിൽ പഠനമുറി, ഇൻഡോർ/ഔട്ട്ഡോർ പ്ലേ ഏരിയ, പൂന്തോട്ടം, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതിന് പുറമെ പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി, മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ, കുട്ടികൾക്ക് പരിക്ക് പറ്റാതിരിക്കുവാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏരിയയിൽ ഗ്രാസ് മാറ്റ്, റീഡിംഗ് കോർണർ, ചുമർ ചിത്രങ്ങൾ, പാരന്റ്സ് വെയിറ്റിംഗ് റൂം, അഡോളസെന്റ് കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ

വികാസത്തിനായി സ്കിപ്പിംഗ് റോപ്, ചെസ് ബോർഡ്, കാരം ബോർഡ്, ഫിംഗർ പപ്പറ്റ് എന്നീ സൗകര്യങ്ങൾ സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്.

## സ്മാർട്ട് അങ്കണവാടി

259 (2195) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അങ്കണവാടികളെ, കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുംവിധം സ്മാർട്ട് അങ്കണവാടികളാക്കുന്നതിനെ അടിസ്ഥാനമാക്കി പ്രത്യേക പഠനങ്ങൾ സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് അങ്കണവാടികളെ കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുംവിധം സ്മാർട്ട് അങ്കണവാടികളാക്കുന്നതിനെ അടിസ്ഥാനമാക്കി വകുപ്പ് തലത്തിൽ പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ സ്മാർട്ട് അങ്കണവാടിയുടെ

പ്ലാൻ തയ്യാറാക്കുന്ന വേളയിൽ ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററിന്റെയും കോളേജ് ഓഫ് ആർക്കിടെക്ചറിന്റെയും സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) എങ്കിൽ സ്മാർട്ട് അങ്കണവാടി പ്രവർത്തനം സംസ്ഥാനത്ത് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്തെല്ലാം ആധുനിക സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്; ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സ്മാർട്ട് അങ്കണവാടികളിൽ പ്രത്യേക സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം നാളിതുവരെ 204 അങ്കണവാടികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ 2 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പഠനമുറി, വിശ്രമമുറി, ഭക്ഷണമുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ/ഔട്ട്ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, പൂന്തോട്ടം, ശിശു സൗഹൃദ ടോയ്ലെറ്റ് തുടങ്ങിയവയും കുട്ടികൾക്കായി പ്രീ-സ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി, മ്യൂസിക് സിസ്റ്റം, ന്യൂട്രിഗാർഡൻ, കുട്ടികൾ വീഴുമ്പോൾ പരിക്ക്

പറ്റാതിരിക്കാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏര്യയിൽ ഗ്രാസ്മാറ്റ്, ചുമർ ചിത്രങ്ങൾ, അഡോളസെന്റ് കുട്ടികൾക്കായി ലൈബ്രറി കായിക മാനസിക വികാസത്തിനായി സ്കിപ്പിംഗ് റോപ്പ്, ചെസ്/ക്യാരംസ് ബോർഡുകൾ, ഫിംഗർ പപ്പറ്റ് എന്നീ സൗകര്യങ്ങൾ കൂടെ ഉറപ്പുവരുത്തിയാണ് സ്മാർട്ട് അങ്കണവാടി രൂപകല്പന ചെയ്തിട്ടുള്ളത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സ്മാർട്ട് അങ്കണവാടികളിൽ പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല.

## ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ

260(2196) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് പുതുതായി സ്വീകരിച്ച നടപടികളും ഒരുക്കിയ സംവിധാനങ്ങളും വിശദമാക്കാമോ?

ഓരോ മാസവും വിതരണത്തിനുമുൻപ് എഫ്.സി.ഐ.-യിൽനിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ. അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജീയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ്

വിതരണത്തിന് ലോട്ട് മാർക്ക് ചെയ്യുന്നത്. എഫ്.സി.ഐ.-യിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17.12.2021-ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും എഫ്.സി.ഐ. ജനറൽ മാനേജരും ചേർന്ന് ഒപ്പുവച്ച സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രോസീഡ്യുവറിൽ ഗുണനിലവാരവും അളവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുവിതരണ സംവിധാനംവഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

സി.എം.ആർ. അരിയുടെ ഗുണനിലവാരം വിവിധ ഘട്ടങ്ങളിലായി 3 തവണ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. സി.എം.ആർ.-ന്റെ ഗുണനിലവാരം സംബന്ധിച്ച് തർക്കമുണ്ടാകുന്ന അവസരങ്ങളിൽ സാമ്പിൾ ശേഖരിച്ച് ലാബുകളിൽ പരിശോധിക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാറ്റി നൽകേണ്ട സന്ദർഭങ്ങളിൽ അപ്രകാരം ചെയ്യുന്നുമുണ്ട്.

സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങളെല്ലാം ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി

അഷ്വറൻസ് കമ്മിറ്റി പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള നിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ Barring from Supply, Penalty എന്നിവ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. ഡിപ്പോകളിൽ കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിതരണം മെച്ചപ്പെടുത്താൻ നടപടി

261 (2197) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പുതുതായി റേഷൻ കടകളോ മാവേലി സ്റ്റോറുകളോ മറ്റ് സംവിധാനമോ അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനമെന്തെങ്കിലും പരിഗണനയിലുണ്ടോ?

ഉണ്ട്. അനന്തരാവകാശികളില്ലാത്തതും ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തി സ്ഥിരമായി റദ്ദ് ചെയ്തതുമായ 599 റേഷൻ ഡിപ്പോകളുടെ ലൈസൻസ് നിയമനം സംവരണതത്വം പാലിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ ഉത്തരവാകുകയും ആയതിന്റെ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഏതെങ്കിലും പ്രദേശത്ത് റേഷൻ കടകളില്ലാത്തതിനാലും തൊട്ടടുത്ത റേഷൻകടകളുടെ നിലനിൽപ്പിനെ ബാധിക്കാത്ത വിധം ഒരു റേഷൻ കടയുടെ സുഗമമായ നടത്തിപ്പിനാവശ്യമായവിധം മിനിമം റേഷൻകാർഡുകൾ കണ്ടെത്തി പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ഓഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ, സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ സിവിൽ സപ്ലൈസ് കമ്മീഷണർ മുഖാന്തരം ലഭ്യമാക്കി, പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിലെ സർക്കാർ ചുമതലയേറ്റെടുത്തശേഷം 15 റേഷൻകടകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

മാവേലി സ്റ്റോറുകൾ ഇല്ലാതിരുന്ന എല്ലാ പഞ്ചായത്തുകളിലും 17.02.2021-ഓടെ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. എന്നിരുന്നാലും മാവേലി സ്റ്റോറുകൾ പ്രവർത്തിപ്പിക്കാൻ കെട്ടിട സൗകര്യം ലഭ്യമല്ലാത്ത പരിസ്ഥിതിലോല പ്രദേശങ്ങളായ ഇടമലക്കുടി, വട്ടവട പഞ്ചായത്തുകൾ ഉൾപ്പെടുന്ന വനമേഖലയിൽ മൊബൈൽ മാവേലി സ്റ്റോറുകൾ അനുവദിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്തുവരുന്നു. കാര്യക്ഷമമായ വിപണിയിടപെടൽ നടത്തുന്നതിന്റെ ഭാഗമായി സപ്ലൈകോ വിൽപ്പനശാലകൾ ഉപഭോക്തൃ സൗഹൃദമാക്കുന്ന നടപടികൾ നിലവിൽ നടത്തിവരുന്നുണ്ട്. അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമാക്കി (കുറഞ്ഞത് 700 ച.അടി) സപ്ലൈകോ മാവേലി സ്റ്റോറുകൾ ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യംകൂടി ഏർപ്പെടുത്തി മാവേലി സൂപ്പർ സ്റ്റോറുകൾ ആയി ഉയർത്തുന്നതിനും 1500 ച.അടി വിസ്തീർണ്ണം ലഭ്യമാക്കുന്ന മുറയ്ക്ക് പ്രതിമാസ വിൽപ്പന വിലയിരുത്തി വിപണന സാധ്യതകൂടി മുൻനിർത്തി അനുയോജ്യമായ ഫർണിഷിംഗ് ജോലികൾ ചെയ്ത് നവീകരിച്ച് സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ആജീവനാന്ത വാടകരഹിതമായി അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക്

ആവശ്യമായ സാധ്യതാ പഠനം നടത്തി ലാഭനഷ്ട സാധ്യതകളും ജീവനക്കാരുടെ ലഭ്യതയും വിലയിരുത്തി പുതിയ വിൽപ്പനശാലകളും അനുവദിച്ചുവരുന്നു.

പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളുടെ അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻ കടയിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾക്ക് പുറമേ സ്മാർട്ട് റേഷൻകാർഡുകളുടെ സഹായത്തോടെ 5,000 രൂപ വരെയുള്ള ബാങ്കിംഗ് ഇടപാടുകൾ, സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവ റേഷൻകടകളിലൂടെ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. റേഷൻകടകളിലൂടെ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ എത്തിക്കുവാൻ കഴിയും എന്നതിന് പുറമേ റേഷൻ വ്യാപാരികൾക്ക് അധിക

വരുമാനം കണ്ടെത്തുവാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുന്നു. RFP മുഖേന തെരഞ്ഞെടുക്കുന്ന ദേശസാത്കൃത ബാങ്കിന്റെയും ബാങ്കിന് റേഷൻ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തിന്റേയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച ചർച്ചകൾ അന്തിമഘട്ടത്തിലാണ്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കെ-സ്റ്റോർ പദ്ധതിയിലേയ്ക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്:

1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട ആയിരിക്കണം.

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ മുന്നോട്ടുവരുന്ന റേഷൻ വ്യാപാരികളെയാണ് പരിഗണിക്കുന്നത്.

3. റേഷൻകടകളുടെ 02 കി.മീ. ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത റേഷൻകടകൾക്ക് മുൻഗണന നൽകും.

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിന് വേണ്ടി സ്വമേധയാ തയ്യാറായി 837 ലൈസൻസികൾ വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽനിന്നും കുറഞ്ഞത് 5 റേഷൻകടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വില്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു.

(ബി) മുൻഗണനേതര വിഭാഗങ്ങളിലുള്ളവരെ കൂടുതലായി മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം 15,480,040 ആണ്. ആയതിനാൽ

അർഹരായ മുഴുവൻ പേരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. മാരകരോഗം ബാധിച്ചവർ, ഭിന്നശേഷിക്കാർ, ഓട്ടിസം ബാധിതർ തുടങ്ങിയവർക്ക് മുൻഗണനാ റേഷൻകാർഡുകൾ ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നതിനായി 27.10.2020-ലെ സ.ഉ. (സാധാ)നം.319/2020/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 17,505 എ.എ.വൈ. കാർഡുകളും 2,33,386 പി.എച്ച്.എച്ച്. കാർഡുകളും അനുവദിച്ചിട്ടുണ്ട്.

ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്താൻ പദ്ധതി

262 (2198) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രത ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിന് രാജ്യത്തിന് മാതൃകയാകുന്ന തരത്തിലുള്ള താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് കേരളത്തിലെ പൊതുവിതരണ വകുപ്പ് നടത്തിവരുന്നത്.

എൻഡ്- ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണം, 97.99% വരെയുള്ള ആധാർ സീഡിംഗ്, One Nation One Ration Card പദ്ധതി, പോക്കറ്റിൽ സൂക്ഷിക്കാവുന്ന പി.വി.സി. റേഷൻകാർഡ്, കുറ്റമറ്റതും കർശനവുമായ പരിശോധനാ സംവിധാനം, കൃത്യമായ ഗുണനിലവാര പരിശോധന, പരിശോധനയിലൂടെ അനർഹരെ കണ്ടെത്തി അർഹരായവർക്ക് മുൻഗണന കാർഡും ചികിത്സാ ആനുകൂല്യങ്ങളും ലഭ്യമാക്കിയത്, സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും മാറ്റപ്പെട്ട Transgenders, തെരുവിൽ കഴിയുന്നവർ, കൂടാതെ വാടക വീട്ടിൽ കഴിയുന്നവർ എന്നിവർക്ക് റേഷൻകാർഡ് ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക തടസ്സം മാറ്റിയത്.

ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ ഭക്ഷ്യഭദ്രത സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ മികവുറ്റ പ്രവർത്തനമാണ് നടന്നുവരുന്നത്.

പൊതുവിതരണ മേഖലയിലെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി സോഷ്യൽ ഓഡിറ്റ്, റേഷൻ വിതരണവുമായി ബന്ധപ്പെട്ട പരാതികളും അപേക്ഷകളും മന്ത്രിതലത്തിൽ അടിയന്തരമായി പരിഹരിക്കുന്നതിന്

സംഘടിപ്പിച്ചിട്ടുള്ള ഫോൺ-ഇൻ പരിപാടി, കേരളത്തിലെ ജനങ്ങൾക്ക് പ്രിയങ്കരമായ ജയ, സുരേഖ ഇനത്തിൽപ്പെട്ട അരി റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നത്, പച്ചരിയുടെ വിഹിതം കൂട്ടിയത് എന്നിവയെല്ലാംതന്നെ സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തി കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ്.

അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി വൈവിദ്ധ്യവൽക്കരണത്തിലൂടെ റേഷൻകടകളെ കെ-സ്റ്റോറുകളാക്കുന്ന പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ പൊതുവിതരണരംഗം വിപ്ലവകരമായ മാറ്റത്തിന് സാക്ഷിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനങ്ങൾ

263 (2199) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-പൊതു വിതരണ മേഖലയിലെ പ്രശ്നങ്ങളിന്മേൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യ കമ്മീഷൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഭക്ഷ്യ പൊതുവിതരണ മേഖലയിലെ പ്രശ്നങ്ങളിൻമേൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള ഗോത്രവർഗ്ഗ മേഖലകൾ, തീരദേശ മേഖലകൾ എന്നിവിടങ്ങൾ ഉൾപ്പെടെ ദുർബ്ബല ജനവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങൾ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ സന്ദർശിക്കുകയും അവർക്ക് അർഹമായ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ടി സന്ദർശനങ്ങളിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കമ്മീഷന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ വിവിധ എഫ്.സി.ഐ. ഗോഡൗണുകൾ, എൻ.എഫ്.എസ്.എ. ഗോഡൗണുകൾ, റേഷൻ ഡിപ്പോകൾ, അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ, അങ്കണവാടികൾ, പൊതുവിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഗുരുതരമായ വീഴ്ചകൾ കാണുന്നപക്ഷം സ്വമേധയാ കേസെടുത്ത് തുടർനടപടികൾ സ്വീകരിക്കുന്നു. കൂടാതെ പരാതി പരിഹാര അദാലത്തുകളും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു.

ഗോത്രവർഗ്ഗ മേഖലയിലെ തനത് ഭക്ഷണ രീതി വീണ്ടെടുക്കുന്നതും അവരുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതും ലക്ഷ്യമിട്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് 'തനിമ' എന്ന പേരിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. രാജ്യത്തെ വിവിധ ഭക്ഷ്യ കമ്മീഷനുകളെ പങ്കെടുപ്പിച്ചുകൊണ്ട് കുട്ടികളുടെ ഭക്ഷ്യപോഷകാഹാര ഭദ്രത ഉറപ്പുവരുത്തുന്നതിനും കൂടുതൽ ഫലപ്രദമായ സമീപനം രൂപപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യ കമ്മീഷനുകളുടെ പ്രതിനിധികളെയും ഈ രംഗത്തെ വിദഗ്ധരെയും യൂണിസെഫ് ഉൾപ്പെടെയുള്ള സംഘടനകളുടെ സാരഥികളെയും ഉൾപ്പെടുത്തി ഒരു ദേശീയ സെമിനാർ സംഘടിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

(ബി) ഭക്ഷണം ഔദാര്യമല്ല അവകാശമാണ് എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഭക്ഷ്യ കമ്മീഷൻ പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള അവകാശങ്ങൾ ഗോത്രവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമാകാൻ പ്രസ്തുത പദ്ധതി എങ്ങനെയെല്ലാം പ്രയോജനപ്രദമാണ്; വിശദാംശം നൽകാമോ?

(ബി&സി) ഉണ്ട്. ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനും ഗോത്രവർഗ്ഗ വനിതകൾക്ക് ബോധവൽക്കരണം നൽകി അവരെ ശാക്തീകരിക്കുന്നതിനുമായി കമ്മീഷൻ രൂപീകരിച്ച പദ്ധതിയാണ് ഗോത്രവർഗ്ഗ വനിതാ ഭക്ഷ്യ ഭദ്രതാ കൂട്ടായ്മയായ 'ഭാസുര'.

ഗോത്രവർഗ്ഗ ജനതയെ തങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക, ഭക്ഷ്യ ഭദ്രതാ ആനുകൂല്യങ്ങൾ കൃത്യമായ ഗുണമേന്മയിലും അളവിലും തൂക്കത്തിലും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവരെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി രൂപീകരിച്ച 'ഭാസുര' യൂണിറ്റുകളിൽ അവർക്കിടയിൽനിന്നുതന്നെ കൺവീനർമാരെ തെരഞ്ഞെടുക്കുകയും അവർക്ക് ബോധവൽക്കരണം നൽകുകയും, അവർ മുഖേന ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുവാൻ ആവശ്യമായ മേൽനോട്ടവും തുടർപ്രവർത്തനങ്ങളും കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

## സംസ്ഥാന വില നിയന്ത്രണ അതോറിറ്റി

264 (2200) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകളിൽ ഭക്ഷണത്തിന് അമിത വില ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോട്ടലുകളിലെ ഭക്ഷണ പാനീയങ്ങളുടെ വില നിശ്ചയിക്കുന്നതിന് സംസ്ഥാന വിലനിയന്ത്രണ അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നിയമനിർമ്മാണം നടത്താൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഹോട്ടലുകളുടെ നിലവാരമനുസരിച്ച് ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഹോട്ടലുടമകൾക്ക് ആയതിനാലും വില നിശ്ചയിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാലും ഹോട്ടൽ ഭക്ഷണത്തിന്റെ വില നിശ്ചയിക്കാൻ സർക്കാരിന് അധികാരമില്ല. എന്നാൽ ഹോട്ടലുകൾ ഭക്ഷണവില പ്രദർശിപ്പിക്കുന്നുണ്ടെന്നും അതിൽ കൂടുതൽ ഈടാക്കുന്നില്ലെന്നും ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്. 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന സർക്കാർ നിയന്ത്രണത്തിലുള്ള ' സുഭിക്ഷ ഹോട്ടലുകൾ' വ്യാപകമാക്കാനുള്ള നടപടി കൈക്കൊള്ളുന്നുണ്ട്. കൂടാതെ ഹോട്ടൽ ഭക്ഷണവില ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മിതമായ

വിലയ്ക്ക് പ്രഭാതഭക്ഷണം, രാത്രിഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങൾ കേന്ദ്രമാക്കി സഞ്ചരിക്കുന്ന സുഭിക്ഷ ഹോട്ടലുകൾ നടപ്പിൽ വരുത്തുന്നതിനും ആലോചനയുണ്ട്. ഹോട്ടൽ ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഇതിനുള്ള സാധ്യത അതിന്റെ പ്രായോഗികവും നിയമപരവുമായ വശങ്ങൾകൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്.

ഹോട്ടലുകളുടെ ഗ്രേഡിംഗ്

265 (2201)ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ഭക്ഷ്യവസ്തുക്കൾക്ക് വില ഈടാക്കുന്നത് യാതൊരു മാനദണ്ഡവുമില്ലാതെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഹോട്ടലുകളെ അവയുടെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് സ്റ്റാർ റേറ്റിംഗ് നൽകുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ

ഭക്ഷ്യവസ്തുക്കൾക്ക് വില നിശ്ചയിക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നത് പരിഗണിക്കുമോ?

ഹോട്ടലുകളെ അവയുടെ സൗകര്യങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം, അളവ് തുടങ്ങിയവയുടെ അടിസ്ഥാനത്തിലും റേറ്റിംഗ് നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഹോട്ടലിലൂടെ വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കൾക്ക് സർക്കാർ തലത്തിൽ വില നിശ്ചയിക്കുന്നതിന് നിലവിൽ നിയമമില്ല. അത്തരം ഒരു നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ

266(2202) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര സുഭിക്ഷ ഹോട്ടലുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഒരു നിയോജകമണ്ഡലത്തിൽ കുറഞ്ഞത് ഒരു സുഭിക്ഷ ഹോട്ടൽ എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച്

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുറിച്ചി പഞ്ചായത്ത് 17-ാം വാർഡിൽ വിശപ്പുരഹിത കേരളം (സുഭിക്ഷ) പദ്ധതി പ്രകാരം ഹോട്ടൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ ടി ഹോട്ടൽ പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിന്റെ അടിസ്ഥാനസൗകര്യ വികസനം നടത്താമെന്ന് കുറിച്ചി പഞ്ചായത്ത് സമ്മതിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ നടത്തിയിട്ടില്ല. ടി കെട്ടിടത്തിൽ പാചകം ചെയ്യുന്നതിനുള്ള സൗകര്യമോ കുടിവെള്ള കണക്ഷനോ നിലവിലില്ല. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതാണ്.

(ബി) സുഭിക്ഷ ഹോട്ടലുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും ഇവ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി പരമാവധി 10 ലക്ഷം രൂപ വരെ ഓരോ ഹോട്ടലിനും അനുവദിക്കുന്നതാണ്. 20 രൂപ നിരക്കിൽ വിൽപ്പന നടത്തുന്ന ഉച്ചഭക്ഷണത്തിൽ ഒരു ഊണിന് 5 രൂപ നിരക്കിൽ നടത്തുന്ന ഏജൻസിക്ക് പരിശോധനയ്ക്ക് വിധേയമായി സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ പൊതുവിതരണത്തിന് ലഭ്യമാകുന്ന ടൈഡ് ഓവർ വിഹിതത്തിൽനിന്നും പരമാവധി 600 കിലോ അരി

കിലോഗ്രാമിന് 10.90 രൂപ നിരക്കിൽ നൽകുന്നുണ്ട്. ഹോട്ടലിന്റെ തുടർ നടത്തിപ്പിനായി ഇലക്ട്രിസിറ്റി ചാർജ്, വെള്ളക്കരം, ആവശ്യമെങ്കിൽ കെട്ടിട വാടക, സബ്സിഡി തുക എന്നിവയ്ക്കായി ആവർത്തന ചെലവിനത്തിൽ തുക അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്.

നിലമ്പൂർ താലൂക്കിൽ ആദിവാസി കുടുംബങ്ങൾക്ക് റേഷൻ കാർഡ്

267 (2203) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ എത്ര ആദിവാസി കുടുംബങ്ങൾക്കാണ് റേഷൻ കാർഡ് അനുവദിച്ചിട്ടുള്ളതെന്ന വിവരം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

3526.

വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| വില്ലേജ് | എണ്ണം |
|---|---|
| കരുളായി | 772 |
| വഴിക്കടവ് | 698 |
| കേരളാക്കുണ്ട് | 728 |
| കരുവാരക്കുണ്ട് | 688 |
| കാളികാവ് | 640 |
| ആകെ | 3526 |

(ബി) നിലമ്പൂർ താലൂക്കിൽ റേഷൻ കാർഡുകളില്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്ന കണക്ക് വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; ഇവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഇതിനായി വനാന്തർഭാഗത്തെ ആദിവാസി കോളനികളിൽ വകുപ്പ് ഉദ്യോഗസ്ഥർ ഫീൽഡ് വിസിറ്റ് നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ആദിവാസി കുടുംബത്തിന് റേഷൻ കാർഡ് അനുവദിക്കുന്നതിനായി Integrated Tribal Development Programme മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. വനാന്തർഭാഗത്തെ ആദിവാസി ഊരുകളിൽ നേരിട്ടുചെന്ന് അന്വേഷണം നടത്തുന്നതിന് പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് അനുമതിയില്ല. എന്നിരുന്നാലും ഉന്നത ഉദ്യോഗസ്ഥർ ഈ ഊരുകളിൽ സന്ദർശനം നടത്തുമ്പോൾ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ ഇവരെ അനുഗമിക്കുകയും ആധാർ കാർഡ് ഇല്ലാത്തവരെ കണ്ടെത്തി ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് റേഷൻകാർഡ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ആദിവാസി കുടുംബങ്ങൾക്ക് നൽകുന്ന റേഷൻ സാധനങ്ങളുടെ അളവുവിവരം അറിയിക്കാമോ; ഇതിനായി റേഷൻ കാർഡിലെ കുടുംബാംഗങ്ങളുടെ എണ്ണം പരിഗണിക്കാറുണ്ടോ; വ്യക്തമാക്കാമോ?

എ.എ.വൈ. കാർഡുകളാണ് ആദിവാസി കുടുംബങ്ങൾക്ക് അനുവദിക്കുന്നത്. ഒരു എ.എ.വൈ. കാർഡിന് 30 കി.ഗ്രാം അരി, 4 കി.ഗ്രാം ഗോതമ്പ്, 1 കി.ഗ്രാം ആട്ട പാക്കറ്റ്, 1 കി.ഗ്രാം പഞ്ചസാര എന്നിങ്ങനെയാണ് റേഷൻ വിഹിതം അനുവദിക്കുന്നത്.

(ഡി) ആദിവാസി ഊരുകളിൽ ഒരേ റേഷൻ കാർഡിൽ ഒന്നിലധികം കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇവർക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013, സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018 എന്നിവ പ്രകാരം ഒരു റേഷൻ കാർഡിൽ ഒന്നിലധികം കുടുംബങ്ങളെ ഉൾപ്പെടുത്താൻ സാധിക്കില്ല. ആദിവാസി ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി മുഖേന അർഹമായ ഭക്ഷ്യധാന്യങ്ങൾ എത്തിച്ച് വിതരണം ചെയ്യുന്നുണ്ട്.

എ.ടി.എം. കാർഡ് മാതൃകയിലുള്ള റേഷൻ കാർഡ്

268(2204) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.ടി.എം. കാർഡ് മാതൃകയിലുള്ള റേഷൻകാർഡ് എല്ലാ വിഭാഗങ്ങൾക്കും നല്കാൻ നടപടിയുണ്ടോ; ഉണ്ടെങ്കിൽ അതിന് കാലതാമസം ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിലുള്ള പുസ്തകരൂപത്തിലുള്ള കാർഡിന്റെ സാധുത നിലനിൽക്കുന്നതിനാൽ ആവശ്യമുള്ള ഉപഭോക്താക്കൾക്ക് എ.ടി.എം. കാർഡ് വലിപ്പത്തിലുള്ള പി.വി.സി./പ്ലാസ്റ്റിക് റേഷൻ കാർഡുകൾ അക്ഷയ വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് ഉപയോഗിക്കാവുന്നതാണ്.

റേഷൻ കാർഡിലെ വിവരങ്ങൾ മാറ്റം വരുത്തുവാനുള്ള നടപടിക്രമങ്ങൾ

269(2205) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കാർഡിലെ പേര് നീക്കം ചെയ്യുന്നതുൾപ്പെടെ കാർഡിലെ വിവരങ്ങൾ മാറ്റം വരുത്തുവാനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലളിതമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. റേഷൻ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിനായി താലൂക്ക് സപ്ലൈ ഓഫീസുകളിൽ നേരിട്ട് അപേക്ഷ സമർപ്പിച്ചിരുന്നതിന് പകരമായി തിരുത്തലിനുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ സിറ്റിസൺ ലോഗിൻ വഴിയോ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപ്രൂവ് ചെയ്യുന്ന മുറയ്ക്ക് അക്ഷയ കേന്ദ്രങ്ങൾ/സിറ്റിസൺ ലോഗിൻ മുഖേന, തിരുത്തൽ വരുത്തിയ കാർഡ്, ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് ഉപയോഗിക്കാവുന്ന വിധത്തിലും നടപടികൾ ലഘൂകരിച്ചിട്ടുണ്ട്. കൂടാതെ, റേഷൻ കാർഡിലെ പിശകുകൾ തിരുത്തുന്നതിനുള്ള 'തെളിമ' പദ്ധതി 2021 നവംബർ 15 മുതൽ ഡിസംബർ 15 വരെ നടത്തുകയുണ്ടായി. എല്ലാ വർഷവും നവംബർ 15 മുതൽ ഡിസംബർ 15 വരെ ഈ പദ്ധതി നടത്തുന്നതാണ്.

മുൻഗണനാ റേഷൻ കാർഡുകൾ

270(2206)ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. രാജ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ യുക്തിരഹിതമായി മുൻഗണനാ റേഷൻ കാർഡുകളുടെ എണ്ണം നിജപ്പെടുത്തിയത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് അത് പുന:പരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നോ?

സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി പുന:പരിശോധിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിന്റെ അടിസ്ഥാന വിവരങ്ങൾ പരിശോധിച്ചതിനുശേഷമേ നിലവിലെ പട്ടിക പരിഷ്കരിക്കുന്നതിന് സാധിക്കുകയുള്ളൂ എന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിനെത്തുടർന്ന് അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരുന്നവർ അത് തിരിച്ചേൽപ്പിക്കാൻ തയ്യാറായിട്ടുണ്ടോ; സ്വമേധയാ കാർഡ് തിരിച്ചേൽപ്പിക്കാൻ തയ്യാറാകാത്ത അനർഹർക്കെതിരെ കർശന നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പരിശോധന എർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; മുൻഗണനാ കാർഡിനായുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളത് എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. 15.07.2021 വരെ അനർഹമായി കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് അവസരം

നൽകിയതിന്റെ അടിസ്ഥാനത്തിലും പരിശോധനകളിലൂടെയും പരാതികളിന്മേലുള്ള നടപടികളിലൂടെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30.04.2022 വരെ 1,72,312 (എ.എ.വൈ.-14701+പി.എച്ച്.എച്ച്-90798, എൻ.പി.എസ്.-66813) കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

അനർഹമായ മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കാൻ തയ്യാറാകാത്തവർക്കെതിരെ പിഴയായി മുൻഗണനാ കാർഡ് കൈവശം വച്ച് റേഷൻ സാധനങ്ങൾ കൈപ്പറ്റിയ കാലം കണക്കാക്കി റേഷൻ സാധനങ്ങളുടെ കമ്പോള വില ഈടാക്കുന്നുണ്ട്.

സ്വമേധയാ കാർഡ് തിരിച്ചേൽപ്പിക്കാൻ തയ്യാറാകാത്ത അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ പറയുന്നവയാണ്.

1. തദ്ദേശസ്വയംഭരണം, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തുന്നു.

2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന.

3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന.

4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന.

5. തുടർച്ചയായി മൂന്നുമാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.

6. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി Operation Yellow എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ടി പരിപാടി നടപ്പിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കാവുന്നതാണ്.

മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര പുതിയ റേഷൻ കാർഡുകൾ നൽകിയെന്നതിന്റെ കണക്ക് ലഭ്യമാണോ?

229680 റേഷൻ കാർഡുകൾ പുതുതായി നൽകി.

കോതമംഗലം താലൂക്കിലെ മുൻഗണനാ റേഷൻ കാർഡുകൾ

271(2207) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം താലൂക്കിൽ എത്ര മുൻഗണനാ റേഷൻ കാർഡുകൾ പുതുതായി അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

1936 മുൻഗണനാ കാർഡുകൾ അനുവദിച്ചു.

(ബി) പ്രസ്തുത താലൂക്കിൽനിന്നും മുൻഗണനാ കാർഡിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2927 മുൻഗണന അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത താലൂക്കിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളിൽ നിലവിൽ എത്ര പേർക്ക് മുൻഗണനാ കാർഡുകൾ നല്കിയെന്നും ഇനി എത്ര പേർക്കുകൂടി നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

1936 പേർക്ക് മുൻഗണനാ കാർഡുകൾ നൽകി. 991 അപേക്ഷകൾ ബാക്കിയുണ്ട്.

(ഡി) പ്രസ്തുത താലൂക്കിൽ അനർഹരായ എത്ര പേരെ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കിയെന്ന് വ്യക്തമാക്കാമോ?

705 എണ്ണം മുൻഗണനാ വിഭാഗത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഇ) താലൂക്കിൽ മുൻഗണനാ കാർഡിനായുള്ള അപേക്ഷകളിൽ അർഹരായ മുഴുവൻ പേർക്കും ആയത് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ നിജപ്പെടുത്തിയ മുൻഗണനാ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അർഹരായ മുഴുവൻ പേർക്കും മുൻഗണന കാർഡ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. 2022 മേയ് മാസത്തിനുശേഷം മുൻഗണനാ കാർഡിലേയ്ക്കുള്ള കൺവെർഷൻ ഓൺലൈൻ മുഖാന്തരമാക്കിയിട്ടുണ്ട്.

<u>മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറുന്നതിനായുള്ള അപേക്ഷകൾ</u>

272(2208) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വർക്കല മണ്ഡലത്തിൽ എത്ര എ.പി.എൽ. റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2297.

(ബി) മുൻഗണനന വിഭാഗത്തിലേയ്ക്ക് മാറുന്നതിനായി പ്രസ്തുത മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

3281.

(സി) മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ എത്ര ദിവസത്തിനുള്ളിൽ അന്തിമ തീരുമാനം സ്വീകരിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അനർഹരെ കണ്ടെത്തി മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതും അർഹരായവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതും ഒരു തുടർപ്രക്രിയയാണ്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുകയും ആർ.സി.എം.എസ്. മൊഡ്യൂളിൽ തുറന്ന് കിട്ടുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡ് അനുവദിച്ചുവരികയും ചെയ്യുന്നു.

## മാരകരോഗങ്ങൾ ബാധിച്ച് ചികിത്സയിലുള്ളവർക്ക് മുൻഗണനാ റേഷൻകാർഡുകൾ

273 (2209) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗങ്ങൾ ബാധിച്ച് ചികിത്സയിലുള്ളവർ ഉൾപ്പെടുന്ന റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം റേഷൻകാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിലേയ്ക്കുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരാത്ത കുടുംബങ്ങളിലെ ഏതെങ്കിലും ഒരംഗത്തിനോ/അംഗങ്ങൾക്കോ ഗുരുതര ശാരീരിക അസുഖങ്ങളോ/അടിയന്തര ശസ്ത്രക്രിയയോ ആവശ്യമുള്ളതാണെങ്കിൽ ടി കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിൽനിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് വിധേയമായി അർഹതയുള്ളപക്ഷം മുൻഗണനാ വിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങളിലെ ഏതെങ്കിലും

ഒരംഗത്തിനോ/അംഗങ്ങൾക്കോ ഗുരുതര ശാരീരിക അസുഖങ്ങളോ/അടിയന്തര ശസ്ത്രക്രിയയോ ആവശ്യമെങ്കിൽ മെരിറ്റ് പരിശോധിച്ച് അർഹതയുള്ളപക്ഷം ടി കുടുംബങ്ങളുടെ റേഷൻ കാർഡുകൾ മുൻഗണനയിലേയ്ക്ക് പരിവർത്തനം ചെയ്യാൻ 27.10.2020-ലെ സ.ഉ.(സാധാ)നം.319/2020/ഭ.പൊ.വി.വ. പ്രകാരം സിവിൽ സപ്ലൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രോഗം ബാധിച്ചതുമൂലം സാമ്പത്തികമായി തകർന്ന മുൻഗണനേതര വിഭാഗങ്ങൾക്ക് ചികിത്സാ രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ അനുമതി പ്രകാരം ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി മാത്രം ടി കുടുംബങ്ങളുടെ റേഷൻ കാർഡുകളിൽ "സ്റ്റേറ്റ് പ്രയോറിറ്റി" സീൽ പതിച്ച് നൽകിവരുന്നുണ്ട്.

## മുൻഗണനാ വിഭാഗത്തിൽ നിന്ന് അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ

274(2210) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽനിന്ന് അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ പറയുന്നവയാണ്:

1. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തുന്നു.

2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന.

3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന.

4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന.

5. തുടർച്ചയായി മൂന്നുമാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ.

6. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നതുവഴി ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ദൃശ്യ/ശ്രവ്യ മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ.

7. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി Operation Yellow എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ടി പരിപാടി നടപ്പിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ

കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കാവുന്നതാണ്.

(ബി) കഴിഞ്ഞ മൂന്ന് വർഷം ഏറ്റവും കൂടുതൽ കാർഡുകൾ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയ മൂന്ന് താലൂക്ക് സപ്ലൈ ഓഫീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

കൊല്ലം (22754)

നെയ്യാറ്റിൻകര (22054)

വടകര (15763)

(സി) വടകര താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയ റേഷൻ കാർഡുകൾക്ക് പകരമായി എത്ര കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

15763.

## കാഞ്ഞിരപ്പള്ളി താലൂക്കിൽ പ്രളയത്തിൽ നശിച്ചുപോയ റേഷൻ സാധനങ്ങൾ

275 (2211) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി താലൂക്കിൽ 2021 ഒക്ടോബറിലുണ്ടായ പ്രളയത്തിൽ 13 റേഷൻ കടകളിൽ വെള്ളം കയറി റേഷൻ സാധനങ്ങൾ നശിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നശിച്ചുപോയ സാധനങ്ങൾക്കുള്ള തുക ലഭിക്കുന്നതിനും സ്റ്റോക്ക് ഇ-പോസിൽ നിന്ന് കുറവ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ?

നശിച്ചുപോയ റേഷൻ ധാന്യങ്ങളുടെ സ്റ്റോക്ക് ഇ-പോസിൽ നിന്ന് കുറവ് ചെയ്യുന്നതിനും തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. പ്രകൃതിദുരന്തമോ, മറ്റ് അപ്രതീക്ഷിത സംഭവങ്ങൾ കാരണമോ റേഷൻ കട, എൻ.എഫ്.എസ്.എ. ഗോഡൗൺ എന്നിവിടങ്ങളിൽ ഉപയോഗയോഗ്യമല്ലാതായിത്തീരുന്ന റേഷൻ സാധനങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 06.06.2022-ലെ സ.ഉ.(അച്ചടി)നം.3/2022/ഭ.പൊ.വി.വ.-ന്റെ അടിസ്ഥാനത്തിൽ തുടർനടപടി

സ്വീകരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർക്കും ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്റ്റോക്ക് നശിച്ചതിനെത്തുടർന്ന് ആരുടെയെങ്കിലും ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ലൈസൻസ് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇല്ല.

<u>തൃശ്ശൂർ ജില്ലയിലെ കെ-സ്റ്റോറുകൾ</u>

276(2212) <u>ശ്രീ. സനീഷ്‌കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും എത്ര വീതം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ മാനദണ്ഡം വിശദീകരിക്കുമോ?

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽനിന്നും ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 5 റേഷൻകടകൾ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കെ-സ്റ്റോർ പദ്ധതിയിലേയ്ക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്:

1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കടയായിരിക്കണം.

2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്ന റേഷൻ വ്യാപാരികൾക്ക് മുൻഗണന.

3. 02 കി.മീ. ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത റേഷൻകടകൾക്ക് മുൻഗണന.

(ബി) തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

| ക്രമ നം. | താലൂക്ക് | റേഷൻ കട നം. |
|---|---|---|
| 1 | തൃശ്ശൂർ | 1841311 - 1 |
| 2 | തലപ്പിള്ളി | 1842162 -3<br>1842214<br>1842289 |
| 3 | മുകുന്ദപുരം | 1843090 -1 |

<u>പാറശ്ശാല മണ്ഡലത്തിൽ കെ-സ്റ്റോറുകൾ</u>

277 (2213) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) പ്രസ്തുത മണ്ഡലത്തിലെ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശ്ശേഖരമംഗലം എന്നീ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിൽനിന്നും കെ-സ്റ്റോറിനായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റേഷൻ കടകളിൽ പാറശ്ശാല മണ്ഡലത്തിലെ കടകൾ ഉൾപ്പെട്ടിട്ടില്ല. അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശ്ശേഖരമംഗലം എന്നീ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനുള്ള പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്.

**കുണ്ടൂർ വടക്കേ അങ്ങാടിയിൽ പുതിയ റേഷൻ ഷോപ്പ്**

278(2214) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ ഷോപ്പുകൾ ഇപ്പോൾ അനുവദിക്കുന്നുണ്ടോ; പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉണ്ട്. ഏതെങ്കിലും പ്രദേശത്ത് റേഷൻ കടകളില്ലാത്തതിനാലും തൊട്ടടുത്ത റേഷൻ കടകളുടെ നിലനിൽപ്പിനെ ബാധിക്കാത്ത വിധം ഒരു റേഷൻ കടയുടെ സുഗമമായ നടത്തിപ്പിനാവശ്യമായവിധം മിനിമം റേഷൻ കാർഡുകൾ കണ്ടെത്തി പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ആഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ, സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുഖാന്തരം ലഭ്യമാക്കി, പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021-ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി സ്വീകരിക്കുന്നു.

(ബി) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട കുണ്ടൂർ വടക്കേ അങ്ങാടിയിൽ പുതിയ റേഷൻ ഷോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. മുഖേന നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രദേശത്ത് പുതിയ റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ നടത്തിയ അന്വേഷണത്തിൻമേൽ ടി പ്രദേശത്ത് പുതിയ റേഷൻ കട അനുവദിക്കേണ്ട സാഹചര്യം നിലവിൽ ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്.

<u>സഞ്ചരിക്കുന്ന റേഷൻകട</u>

279 (2215) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന റേഷൻകട എന്ന പദ്ധതി ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നതായി കരുതാമോ; സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത പദ്ധതിയിലൂടെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. ഒറ്റപ്പെട്ട മലയോര മേഖലകളിൽ താമസിക്കുന്ന ആദിവാസി ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ 2017-ൽ ആരംഭിച്ച പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻകട'. വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് ഏറ്റവും അടുത്ത റേഷൻ കടയിൽനിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുക എന്നതാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ടി പദ്ധതിക്ക് അർഹമായ പ്രാധാന്യം നൽകി സംസ്ഥാനമൊട്ടാകെയുള്ള ആദിവാസി മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമതയോടെ റേഷൻ വിതരണം നടത്തിവരുന്നു. ഓരോ ജില്ലയിലേയും ആവശ്യകത പരിഗണിച്ച് ജില്ലാ സപ്ലൈ ഓഫീസർമാർ ലഭ്യമാക്കുന്ന ശിപാർശകൾ പരിശോധിച്ച് ടി പദ്ധതിക്കുള്ള അനുമതി നൽകിവരുന്നു.

നിലവിൽ സംസ്ഥാനത്ത് 10 ജില്ലകളിലെ 40 റേഷൻ കടകളിൽനിന്നായി 115 ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി പ്രകാരം റേഷൻ വിതരണം നടത്തിവരുന്നു.

കൊല്ലം താലൂക്കിലെ റേഷൻ ഡിപ്പോ ലൈസൻസികളുടെ നിയമനം

280(2216) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാത്ത റേഷൻ ഡിപ്പോകൾക്ക് ലൈസൻസികളെ നിയമിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പുതിയ ലൈസൻസികളെ കണ്ടെത്തുന്നതിനായി 2022 മേയ് 16-ന് വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അംഗീകൃത ലൈസൻസികളില്ലാതെ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾക്ക് ലൈസൻസികളെ നിയമിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലെ ഏതെല്ലാം റേഷൻ ഡിപ്പോകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ആയതിൽ

പൊതുവിഭാഗത്തിൽ ഉൾപ്പെട്ട ഡിപ്പോകൾ ഏതെല്ലാമെന്നും അറിയിക്കാമോ;

(സി) പ്രസ്തുത വിജ്ഞാപന പ്രകാരം കൊല്ലം താലൂക്കിൽ സംവരണ വിഭാഗങ്ങൾക്കായി വിജ്ഞാപനം ചെയ്തിട്ടുള്ള റേഷൻ ഡിപ്പോകൾ ഏതെല്ലാമെന്നും അവയുടെ സംവരണ വിഭാഗം ഏതാണെന്നുമുള്ള വിവരം വ്യക്തമാക്കാമോ?

(ബി&സി) കൊല്ലം താലൂക്കിൽ താഴെപ്പറയുന്ന 15 റേഷൻ കടകൾക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

എ.ആർ.ഡി. 7, 12, 16, 23, 28, 35, 66, 143, 157, 246, 281, 287, 373, 377, 418.

ഇവയെല്ലാം ഉൾപ്പെട്ടിരിക്കുന്നത് സംവരണ വിഭാഗത്തിലാണ്.

| സംവരണ വിഭാഗം | എ.ആർ.ഡി നം. | എണ്ണം |
|---|---|---|
| പട്ടികജാതി | 7, 12, 16, 28, 35, 66, 69, 143, 157, 246, 287, 373, 377 | 13 |
| ഭിന്നശേഷി | 281, 418 | 2 |

പൊതുവിഭാഗത്തിൽ ഒന്നുംതന്നെയില്ല.

(ഡി) പുതിയ ലൈസൻസികളുടെ നിയമന നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

നടപടികൾ തുടർന്നുവരുന്നു. പൂർത്തിയായിട്ടില്ല.

<u>പന്തീരങ്കാവിൽ പുതിയ റേഷൻ ഷോപ്പ്</u>

281 (2217) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പന്തീരങ്കാവിൽ ഒരു പുതിയ റേഷൻ ഷോപ്പ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുമോ?

(എ&ബി) ഉണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

<u>ഭക്ഷ്യ-പൊതുവിതരണ മേഖലയിലെ പുതിയ പദ്ധതികൾ</u>

282(2218) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ-പൊതുവിതരണ മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യ ഭദ്രതാ നിയമം 2013, 01.11.2016 മുതൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻവഴിയുള്ള റേഷൻ വിതരണം എന്നിവ മുഖമുദ്രയായുള്ള ടി നിയമം നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ രംഗം കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി തീർന്നിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ വകുപ്പിന്റെ വെബ് പോർട്ടലിൽ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പൊതുവിതരണം അർഹരുടെ മാത്രം കയ്യിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ആധാർ സീഡിംഗ് നിലവിൽ 97.99% ആയത് 100% ആക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഗുണഭോക്താക്കളുടെ ബയോമെട്രിക് പരിശോധിച്ച് ആതന്റിക്കേറ്റ് ചെയ്താണ് റേഷൻ വിതരണം നടത്തുന്നത്. ബയോമെട്രിക് അതന്റിക്കേഷൻ

പരാജയപ്പെടുകയാണെങ്കിൽ OTP (One Time Password) വഴി ആതന്റിക്കേറ്റ് ചെയ്യും. OTP-യും പരാജയപ്പെടുകയാണെങ്കിൽ ആതന്റിക്കേറ്റ് ചെയ്യാതെതന്നെ റേഷൻവിതരണം നടത്തുന്നതാണ്.

അനർഹർ കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ പിഴയോ ശിക്ഷയോ കൂടാതെ തിരികെ ഏൽപ്പിക്കുന്ന പദ്ധതി നടപ്പിലാക്കി. ഇതിലൂടെ 1.75 ലക്ഷത്തോളം മുൻഗണന കാർഡുകൾ സറണ്ടർ ചെയ്യിപ്പിക്കാൻ കഴിഞ്ഞു. ഇത്തരം കാർഡുകൾ ഉൾപ്പെടെ 2.50 ലക്ഷത്തോളം മുൻഗണന കാർഡുകൾ അർഹരുടെ കരങ്ങളിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞു.

എല്ലാവർക്കും റേഷൻ കാർഡ് എന്ന പദ്ധതി നടപ്പിലാക്കി. കാർഡ് കിട്ടുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മാറ്റി 2,29,680 പുതയ റേഷൻ കാർഡുകൾ നൽകുകയുണ്ടായി. ജനങ്ങൾക്ക് എറ്റവും പ്രിയപ്പെട്ട അരി നൽകി കൂടുതൽ ജനങ്ങളെ റേഷൻ കടകളിലേയ്ക്ക് ആകർഷിക്കുന്നതിനായി പച്ചരി, പുഴുക്കലരി അനുപാതം 50:50 ശതമാനം ആക്കുന്നതിനെടുത്ത തീരുമാനവും, പ്രസ്തുത പുഴുക്കലരി കേരളത്തിൽനിന്നും ലഭിക്കുന്നത് കഴിച്ചുള്ള വിഹിതം ജയ, സുരേഖ, ബൊണ്ടാലു (Common) ഇനങ്ങൾ തന്നെ നൽകണമെന്ന നിർദ്ദേശം എഫ്.സി.ഐ. ഭാഗികമായെങ്കിലും പ്രാവർത്തികമാക്കിയത് വിതരണത്തിലും വിട്ടെടുപ്പിലും വലിയ മാറ്റം ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ

റേഷൻ സാധനങ്ങളുടെ തിരിമറി ഒഴിവാക്കുന്നതിനും ഈ നടപടി സഹായിച്ചിട്ടുണ്ട്. കൂടാതെ രാജ്യത്തെ സംസ്ഥാനങ്ങളിൽനിന്നും റേഷൻ വാങ്ങുന്നതിന് വേണ്ടിയുള്ള കേന്ദ്ര സർക്കാരിന്റെ IMPDS Scheme മികച്ച രീതിയിൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്.

പൊതുവിതരണ രംഗം കൂടുതൽ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ താലൂക്കുകളിലും വകുപ്പിന്റെ ഉടമസ്ഥതയിൽ ശാസ്ത്രീയ മാതൃകയിലുള്ള എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുവാനും തെരഞ്ഞെടുത്ത റേഷൻ കടകളിൽ കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിക്കുവാനും ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലസൗകര്യം കുറഞ്ഞ റേഷൻകടകളുടെ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ലക്ഷ്യമിടുന്നു. കൂടാതെ എ.ടി.എം. കാർഡ് വലിപ്പത്തിലുള്ള പി.വി.സി./പ്ലാസ്റ്റിക് റേഷൻ കാർഡ്, കാർഡ് കൺവർഷൻ ഓൺലൈൻ അപേക്ഷാ സംവിധാനം, എഫ്.പി.എസ്., മൊബൈൽ ആപ്പ്, വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പ് തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണ മേഖലയെ അഴിമതി മുക്തമാക്കുന്നതിന് റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ആഫീസർമാർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമേ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന പക്ഷം KTPDS (Control) Order, 2021 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

ഉത്സവ സീസണുകളിൽ പൊതുവിപണിയിലുണ്ടാകുന്ന വിലവർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലാ തലത്തിൽ പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സംയുക്തമായി ചേർന്ന് പരിശോധനകൾ നടത്താറുണ്ട്.

## ഗുണനിലവാര പരിശോധന

283(2219) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളും മാവേലി സ്റ്റോറുകളുംവഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടത്താറുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഓരോ മാസവും വിതരണത്തിനുമുൻപ് എഫ്.സി.ഐ.-യിൽനിന്ന് അലോട്ട് ചെയ്യുന്ന സ്റ്റോക്ക് എഫ്.സി.ഐ. അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, റീജീയണൽ മാനേജർ, സപ്ലൈകോ ചുമതലപ്പെടുത്തുന്ന ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ എന്നിവർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണത്തിന് ലോട്ട് മാർക്ക് ചെയ്യുന്നത്. എഫ്.സി.ഐ.-യിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 17.12.2021-ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും എഫ്.സി.ഐ. ജനറൽ മാനേജരും ചേർന്ന് ഒപ്പുവച്ച സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രോസീഡ്യുവറിൽ ഗുണനിലവാരവും അളവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരമുൾപ്പെടെയുള്ള കാര്യങ്ങൾ

പരിശോധിക്കുന്നതിന് എല്ലാ താലൂക്കുകളിലും പ്രത്യേകം സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

സി.എം.ആർ. അരിയുടെ ഗുണനിലവാരം വിവിധ ഘട്ടങ്ങളിലായി 3 തവണ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. സി.എം.ആർ.-ന്റെ ഗുണനിലവാരം സംബന്ധിച്ച് തർക്കമുണ്ടാകുന്ന അവസരങ്ങളിൽ സാമ്പിൾ ശേഖരിച്ച് ലാബുകളിൽ പരിശോധിക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മാറ്റി നൽകേണ്ട സന്ദർഭങ്ങളിൽ അപ്രകാരം ചെയ്യുന്നുമുണ്ട്.

സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങളെല്ലാം ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള നിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ Barring from Supply, Penalty അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. ഡിപ്പോകളിൽ കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട്

പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സിവിൽ സപ്ലൈസ് വഴി വിദ്യാലയങ്ങളിൽ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ?

സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരി എഫ്.സി.ഐ.-യിൽനിന്നും വിട്ടെടുക്കുമ്പോൾ സപ്ലൈകോയുടെ അസിസ്റ്റന്റ് മാനേജർ/ജൂനിയർ മാനേജർ(QA)യും എഫ്.സി.ഐ.-യുടെ ക്വാളിറ്റി കൺട്രോൾ ഓഫീസറും കൂട്ടായി പരിശോധിക്കുകയും ഗുണനിലവാരമുള്ള ലോട്ടുകൾ മാർക്ക് ചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം വിട്ടെടുക്കുന്ന അരി സപ്ലൈകോ അസിസ്റ്റന്റ് മാനേജർ/ജൂനിയർ മാനേജർ (QA) പരിശോധന നടത്തി സപ്ലൈകോ ഗോഡൗണുകളിൽ ശാസ്ത്രീയമായി സംഭരിച്ച് സ്കൂളുകൾക്ക് വിതരണം ചെയ്തുവരുന്നു. ഗോഡൗണുകളിൽ കീട നിയന്ത്രണത്തിനുവേണ്ട സ്പ്രേയിംഗ്, ഫ്യൂമിഗേഷൻ മുതലായവ യഥാസമയം നടത്തുകയും ചെയ്യുന്നുണ്ട്. സപ്ലൈകോ വഴി വിതരണം ചെയ്യുന്ന എല്ലാ ഭക്ഷ്യ ഉല്പന്നങ്ങളും കർശന ഗുണനിലവാര പരിശോധന നടത്തി ഭക്ഷ്യയോഗ്യമെന്ന് ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുന്നത്.

സപ്ലൈകോ താലൂക്ക് ഡിപ്പോകൾ അനുവദിക്കാൻ നടപടി

284(2220) ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം അന്ത്യോദയ അന്നയോജന കാർഡുകൾ എത്രപേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

17271.

(ബി) പ്രസ്തുത കാലയളവിൽ എത്ര സഞ്ചരിക്കുന്ന റേഷൻകടകൾ തുടങ്ങിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്നശേഷം 60 ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഊരുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 4 |
| പത്തനംതിട്ട | 5 |
| എറണാകുളം | 1(ഉദ്ഘാടനം കഴിഞ്ഞിട്ടില്ല) |
| ഇടുക്കി | 16 |
| വയനാട് | 1 |
| കോഴിക്കോട് | 1(ഉദ്ഘാടനം കഴിഞ്ഞിട്ടില്ല) |

| | |
|---|---|
| മലപ്പുറം | 1 |
| കണ്ണൂർ | 11 |
| പാലക്കാട് | 22 |

(സി) സംസ്ഥാനത്ത് സപ്ലൈകോ താലൂക്ക് ഡിപ്പോകളില്ലാത്ത താലൂക്കുകൾ എത്രയാണ്; ഇവിടങ്ങളിൽ താലൂക്ക് ഡിപ്പോ അനുവദിക്കുവാൻ നടപടി സ്വീകരിക്കാമോ?

സംസ്ഥാനത്ത് ആകെയുള്ള 78 താലൂക്കുകളിലായി 34 സപ്ലൈകോ ഡിപ്പോകൾ ഓരോ താലൂക്കടിസ്ഥാനത്തിലും ബാക്കി 22 ഡിപ്പോകൾ രണ്ട് താലൂക്കുകൾക്ക് ഒന്ന് എന്ന രീതിയിലും അങ്ങനെ 56 സപ്ലൈകോ ഡിപ്പോകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ചിറ്റൂർ, ഇരിട്ടി, പീരുമേട് എന്നീ 3 താലൂക്കുകളിൽ സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ താലൂക്ക് ഡിപ്പോകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

എൻ.എഫ്.എസ്.എ./എഫ്.സി.ഐ. ഗോഡൗണുകൾ

285(2221) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എതെല്ലാം നിയോജകമണ്ഡലത്തിലാണ് എൻ.എഫ്.എസ്.എ./എഫ്.സി.ഐ. ഗോഡൗണുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഒറ്റപ്പാലം, മണ്ണാർക്കാട്, ചിറ്റൂർ, നെന്മാറ, മലമ്പുഴ, ആലത്തൂർ, തരൂർ, പട്ടാമ്പി, തൃത്താല എന്നീ നിയോജകമണ്ഡലങ്ങളിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകളും മലമ്പുഴ നിയോജകമണ്ഡലത്തിൽ എഫ്.സി.ഐ. ഗോഡൗണും നിലവിലുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ എൻ.എഫ്.എസ്.എ./എഫ്.സി.ഐ. ഗോഡൗണുകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പട്ടാമ്പി മണ്ഡലത്തിൽ രണ്ട് എൻ.എഫ്.എസ്.എ. ഗോഡൗണുകൾ സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. എല്ലാ താലൂക്കിലും വകുപ്പിന് സ്വന്തമായി എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കുന്നതിന്റെ ഭാഗമായി കുറഞ്ഞത് 50 സെന്റ് സർക്കാർ ഭൂമി/സ്വകാര്യ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

## ഭക്ഷ്യ കിറ്റുകളുടെ എണ്ണം

286(2222) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ആകെ വിതരണം ചെയ്ത ഭക്ഷ്യ കിറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ആകെ വിതരണം ചെയ്ത ഭക്ഷ്യ കിറ്റുകളുടെ എണ്ണം 109877132 ആണ്. കൂടാതെ 224602 എണ്ണം മത്സ്യത്തൊഴിലാളി കിറ്റും വിതരണം ചെയ്തിട്ടുണ്ട്. കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി പൊതുവിതരണ വകുപ്പ് മുഖാന്തരം സപ്ലൈകോയ്ക്ക് 5538.48 കോടി രൂപ നൽകിയിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ വിതരണം ചെയ്ത ഭക്ഷ്യ കിറ്റുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.+

<u>കാസർഗോഡ് ജില്ലയിലെ അരി വിതരണം</u>

287(2223) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കാസർഗോഡ് ജില്ലയിൽ 2022 ജൂൺ മാസം കുത്തരി എന്ന പേരിൽ വിതരണം ചെയ്തത് രണ്ടാംതരം കുറുവയരിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വെള്ള CMR(Custom Milled Rice) അരി വിതരണം നടത്തിയിട്ടുണ്ട്.

(ബി) കുത്തരി വിതരണം തുടങ്ങിയത് മുതൽ അടിക്കടി വിതരണം മുടങ്ങുന്നത് കൂടാതെ മറ്റ് അരികൾ കുത്തരിയെന്ന പേരിൽ നൽകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഓരോ മാസവും നെല്ലുസംഭരണത്തിലൂടെ സപ്ലൈകോ ലഭ്യമാക്കുന്ന അളവിനനുസരിച്ചും ജില്ലകളിലെ ആവശ്യകതയ്ക്കനുസരിച്ചുമാണ് CMR അരി അലോട്ട്മെന്റിലുൾപ്പെടുത്തി അനുവദിച്ചുവരുന്നത്. കുത്തരി എന്ന പേരിൽ മറ്റ് അരികൾ നൽകിയിട്ടില്ല.

(സി) കുത്തരി വെള്ള കാർഡിന് എത്ര കിലോഗ്രാമാണ് വിതരണം ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ; മറ്റു കാർഡുകൾക്ക് അംഗത്തിന് എത്ര കിലോഗ്രാം എന്ന തോതിലാണ് വിതരണം ചെയ്യേണ്ടതെന്ന് വ്യക്തമാക്കാമോ?

ടൈഡ് ഓവർ നീക്കി ബാക്കിയുടെ അളവനുസരിച്ചാണ് മുൻഗണനേതര നോൺ സബ്സിഡി കാർഡുടമകൾക്ക് (വെള്ള കാർഡ്) ഓരോ മാസവും അരി വിതരണം ചെയ്തുവരുന്നത്. എന്നാൽ ഓരോ ഇനം അരി എത്ര വീതം നൽകണമെന്നത് ഇനം തിരിച്ചുള്ള അരിയുടെ പ്രസ്തുത മാസത്തെ ലഭ്യതയെ അടിസ്ഥാനമാക്കി ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാരാണ് നിശ്ചയിച്ചുനൽകുന്നത്. ജൂൺ, ജൂലൈ മാസങ്ങളിൽ 10 കി.ഗ്രാം അരി വീതം വെള്ള കാർഡിന് നൽകിവരുന്നു.

(ഡി) മറ്റുജില്ലകളിൽ കൂടിയ അളവിൽ അരി നൽകുമ്പോൾ കാസർഗോഡ് ജില്ലയിൽ വെള്ളക്കാർഡിന് അരകിലോഗ്രാം, മറ്റു കാർഡുകാർക്ക് അംഗത്തിന് അരകിലോഗ്രാം എന്ന രീതിയിൽ തുച്ഛമായാണ് അരി നൽകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) മറ്റുജില്ലകളിൽ പാലക്കാടൻ മട്ട കുത്തരിയായി വിതരണം ചെയ്യുമ്പോൾ കാസർകോഡ് ജില്ലയിൽ ഇത് ലഭ്യമല്ലാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കാസർകോഡ് ജില്ലയിൽ എഫ്.സി.ഐ. വെള്ളയരിയും CMR അരിയും കുത്തരിയും വിതരണം നടത്തുന്നുണ്ട്.

## വിലക്കയറ്റം തടയാൻ നടപടി

288(2224) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. നിരന്തരം ഉയരുന്ന ഇന്ധന വില, അതോടൊപ്പം ചരക്ക് കൂലിയിലുണ്ടാകുന്ന വർദ്ധനവ് തുടങ്ങിയവയ്ക്ക് പുറമെ, കാലാവസ്ഥാ വ്യതിയാനംമൂലം ഉല്പാദനകേന്ദ്രങ്ങളിൽ ഉണ്ടായിട്ടുള്ള വിളവിന്റെ കുറവ് എന്നിവയാണ് സംസ്ഥാനത്ത് വിലക്കയറ്റത്തിന് ഇടയാക്കുന്നത്. സർക്കാർ ഈ വിഷയം ഗൗരവമായി കാണുകയും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുമുണ്ട്.

കേന്ദ്ര സർക്കാരിന്റെ മേയ് മാസത്തിലെ റിപ്പോർട്ട് അനുസരിച്ച് രാജ്യത്ത് വിലക്കയറ്റം ഏറ്റവും ഫലപ്രദമായി പിടിച്ചുനിർത്തിയ സംസ്ഥാനമാണ് കേരളം. കേരളത്തിലെ ഉപഭോക്തൃ വിലസൂചിക

ഏപ്രിലിലെ 5.1-ൽനിന്നും മേയ് മാസത്തിലെത്തുമ്പോൾ 4.82 ആയി കുറഞ്ഞിരിക്കുകയാണ്. ദേശീയ ശരാശരി 7.04 -ൽ നിൽക്കുമ്പോഴാണിത്. സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ വിപണിയിടപെടൽ കേരളത്തിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്.

(ബി) അവശ്യ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ പൊതുവിപണിയിൽ എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതുവിപണി വിലയിൽ നിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. പ്രസ്തുത സബ്സിഡി വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ കഴിഞ്ഞ ആറുവർഷങ്ങളിലായി ഏകദേശം 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യസാധനങ്ങളും പൊതുവിപണിയേക്കാൾ 10 മുതൽ 20

ശതമാനം വരെ വിലകുറച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതിനുപുറമെ തേയില, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ‘ ശബരി’  എന്ന പേരിൽ പൊതു വിപണിവിലയിൽ നിന്നും ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി കോവിഡ് പശ്ചാത്തലത്തിൽ എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 5,600 കോടി രൂപ ചെലവഴിച്ച് 13 തവണകളിലായി 11.5 കോടി കിറ്റുകളാണ് ഇപ്രകാരം നല്കിയത്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ഒരു 'Price Monitoring Cell' സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു.

കൂടാതെ വിലക്കയറ്റം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്തവ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും ന്യായവില ഉറപ്പാക്കാനും എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തിവരുന്നു.

(സി) പൊതുവിപണിയിൽ ഇടപെടൽ നടത്താതെ സപ്ലൈകോ അടക്കമുള്ള സർക്കാർ സംവിധാനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന പ്രവർത്തനമാണ് സർക്കാർ നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇല്ല. സപ്ലൈകോ അടക്കമുള്ള സർക്കാർ സംവിധാനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ സർക്കാർ വിപണിയിടപെടൽ പ്രവർത്തങ്ങൾ നടത്താറുണ്ട്. ഇത്തരത്തിൽ വിലക്കയറ്റം പ്രതിരോധിക്കുന്നതിന്റെ

ഭാഗമായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. അങ്ങനെ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും ന്യായവില ഉറപ്പാക്കാനും എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തിവരുന്നു. വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. ഇവിടെ കേവലം 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭിക്കും. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ഒരു 'Price Monitoring Cell' സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു.

കൂടാതെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായൊരു പരിശോധനാ സംവിധാനം വകുപ്പുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവശ്യസാധന നിയമം-

1955-നെ അടിസ്ഥാനപ്പെടുത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും സംബന്ധിച്ചുള്ള പരാതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് ഒരു വെബ്സൈറ്റ് അധിഷ്ഠിത പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട് (https:fcainfoweb.nic.in/ECRE/). കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനാവശ്യമായ കർശന പരിശോധനകൾ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരും നടത്തുകയും ലഭ്യമാകുന്ന വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

## എൻ.എഫ് .എസ്.എ. ഗോഡൗണിൽ നിന്നും അനധികൃതമായി ധാന്യങ്ങൾ കടത്തി എന്ന പരാതി

289(2225) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും കുത്തരി, പുഴുക്കലരി, പച്ചരി, ഗോതമ്പ് തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾ അനധികൃതമായി കടത്തുന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നഷ്ടമാണ് സർക്കാരിന് ഉണ്ടായിട്ടുള്ളതെന്ന വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

സുൽത്താൻ ബത്തേരി എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്നും 20.03.2019-ൽ അരി കടത്തിയെന്ന പരാതി പൊതുവിതരണ വകുപ്പ്

വിജിലൻസ് ഓഫീസർ മുഖാന്തരം അന്വേഷണം നടത്തിയതിൽ പരാതി അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തിയിരുന്നു.

(ബി) സപ്ലൈകോ വിജിലൻസ് വിഭാഗം പ്രസ്തുത പരാതിയെ സംബന്ധിച്ച റിപ്പോർട്ട് സപ്ലൈകോ ചെയർമാന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇത്തരം പരാതികളുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വിഭാഗത്തിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി &സി) ഇല്ല.

(ഡി) തിരുവനന്തപുരം വലിയതുറ എൻ.എഫ്.എസ്.എ. ഗോഡൗണിൽ നിന്നും അനധികൃതമായി ഭക്ഷ്യധാന്യങ്ങൾ കടത്തിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>ഭക്ഷ്യധാന്യ സംഭരണം</u>

290(2226)<u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീമതി സി. കെ. ആശ</u>:
<u>ശ്രീ. വി. ആർ. സുനിൽകുമാർ</u>:

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയ രീതിയിലുള്ള ഗോഡൗണുകളുടെ കുറവുമൂലം ഭക്ഷ്യധാന്യങ്ങൾ കേടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് സൂക്ഷിക്കാനുള്ള ശാസ്ത്രീയമായ ഗോഡൗണുകളുടെ അഭാവംമൂലം FIFO (First in First out) പാലിക്കാൻ കഴിയാത്തതിനാൽ ഭക്ഷ്യധാന്യങ്ങൾ കേടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ ലഭ്യമായ എല്ലാ താലൂക്കുകളിലും SWC, CWC ശാസ്ത്രീയ ഗോഡൗണുകൾ ഏറ്റെടുത്തും ഇപ്രകാരം ഗോഡൗണുകൾ ലഭ്യമല്ലാത്ത താലൂക്കുകളിൽ ശാസ്ത്രീയ ഗോഡൗണുകളുടെ നിർമ്മാണത്തിന് താൽപ്പര്യപത്രം ക്ഷണിച്ച് നിർമ്മാണത്തിന് അനുമതി നൽകിയും സർക്കാർ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ചെലവിൽ ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചും ഭക്ഷ്യധാന്യങ്ങൾ കേടാകുന്നത് ഒഴിവാകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2022-2027 കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

2022-2027 കാലയളവിൽ എല്ലാ താലൂക്കിലും വകുപ്പിന് സ്വന്തമായി എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി സർക്കാർ/സ്വകാര്യ ഭൂമി (കുറഞ്ഞത് 50 സെന്റ്) കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ/താലൂക്ക് സപ്ലൈ ആഫീസ് തലത്തിൽ സ്വീകരിച്ചുവരുന്നു. നിലവിൽ 26 താലൂക്കുകളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആയത് വകുപ്പിന് കൈമാറി കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ എഫ്.സി.ഐ.-യിൽ നിന്ന് പൊതുവിതരണത്തിന് ലഭ്യമാകുന്ന അരി ഇനത്തിന് പകരം സംസ്ഥാനത്ത് കൂടുതലായി ഉപയോഗിക്കുന്ന ആന്ധ്ര ജയ, സുരേഖ തുടങ്ങിയ ഇനം അരിയുടെ സ്റ്റോക്ക് ലഭ്യമാക്കാൻ എഫ്.സി.ഐ.-യുമായി ധാരണയായിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള അരിയുടെ നീളം, വീതി അനുപാതമനുസരിച്ച് Common, Grade A എന്നീ രണ്ടിനം

അരികളാണ് എഫ്.സി.ഐ. സംഭരിച്ച് ലഭ്യമാക്കുന്നത്. ആയതനുസരിച്ച്, ആന്ധ്രപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങളിൽ നിന്നുള്ള BRC (Boiled Rice Common) ലഭ്യമാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം ആന്ധ്രപ്രദേശ്, തെലുങ്കാന സംസ്ഥാനങ്ങളിൽ നിന്ന് പുഴുക്കലരി ലഭ്യമാക്കുന്നതിന് എഫ്.സി.ഐ. നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(ഡി) എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം വിട്ടുകിട്ടുന്നതിന് മുൻപ് കൂടുതൽ പരിശോധനയും കൃത്യതയും ഉറപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇതുസംബന്ധിച്ച ധാരണാപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പൊതുവിതരണ വകുപ്പും എഫ്.സി.ഐ.-യുമായി ഭക്ഷ്യധാനങ്ങളുടെ വിട്ടെടുപ്പിൽ മാനദണ്ഡമാക്കേണ്ട മാതൃകാ നടപടിക്രമമനുസരിച്ച്, ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ ആയതിന്റെ ഗുണനിലവാരവും തൂക്കത്തിന്റെ കൃത്യതയും ഉറപ്പുവരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## അവശ്യ സാധനങ്ങളുടെ ഗുണനിലവാരം

291 (2227) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന അവശ്യ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നിലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്താനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന എല്ലാ ഭക്ഷ്യവസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലൈയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും

ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ കോന്നിയിലുള്ള CFRD FQM ലാബ്, Regional Analytical Lab, മറ്റ് NABL Accredited Lab-കൾ എന്നിവിടങ്ങളിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD-യിൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തരനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ Barring from Supply, Penalty അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു.

ഡിപ്പോകളിൽ കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള കർശന നടപടികൾ എടുത്തുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല

292(2228) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ എരുമേലി ഗ്രാമപഞ്ചായത്തിലെ ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല ആരംഭിക്കണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ചേനപ്പാടിയിൽ സപ്ലൈകോ വില്പനശാല ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പഞ്ചായത്തിനോട് വിൽപ്പനശാലയ്ക്ക് അനുയോജ്യമായ വാടകരഹിത കെട്ടിടവും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപയും ലഭ്യമാക്കുന്നതിനും അംഗീകാരം നൽകിക്കൊണ്ടുള്ള

ഭരണസമിതി തീരുമാനം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ചേനപ്പാടിയിൽ സപ്ലൈകോ വിൽപ്പനശാല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## അതിയന്നൂർ പഞ്ചായത്തിലെ പോങ്ങിൽ ആരംഭിക്കുന്ന സപ്ലൈകോ മാർക്കറ്റ്

293(2229) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അതിയന്നൂർ പഞ്ചായത്തിലെ പോങ്ങിൽ ആരംഭിക്കുന്ന സപ്ലൈകോ മാർക്കറ്റിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

പോങ്ങിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സപ്ലൈകോ മാവേലി ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്.

(ബി) സപ്ലൈകോ മാർക്കറ്റ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതെന്നും മാർക്കറ്റിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

പുതിയതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 22.02.2019-ലെ സർക്കാർ ഉത്തരവ് നമ്പർ 386/2019/തസ്വഭവ നിബന്ധനകൾ പ്രകാരം

പ്രസ്തുത പഞ്ചായത്ത് ചുരുങ്ങിയത് 700 ച.അടി കെട്ടിട സൗകര്യം 5 വർഷം വാടകരഹിതമായി കണ്ടെത്തി ലഭ്യമാക്കേണ്ടതും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപ അനുവദിക്കേണ്ടതുമുണ്ട്.

നെയ്യാറ്റിൻകര മണ്ഡലത്തിൽ അതിയന്നൂർ പഞ്ചായത്തിലെ പോങ്ങിൽ ആരംഭിക്കുന്ന മാവേലി സ്റ്റോറിന്റെ പ്രവർത്തനം 2022 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## മാനന്തവാടി പെട്രോൾ പമ്പ് നിർമ്മാണം

294(2230) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിൽ നിർമ്മാണോദ്ഘാടനം കഴിഞ്ഞ സിവിൽ സപ്ലൈസ് വകുപ്പിന് കീഴിലുള്ള പെട്രോൾ പമ്പിന്റെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

24.03.2022-ൽ നിർമ്മാണോദ്ഘാടനം കഴിഞ്ഞ സപ്ലൈകോയുടെ കീഴിലുള്ള മാനന്തവാടി പെട്രോൾ പമ്പിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി കളക്ടറേറ്റിൽനിന്ന് NOC ലഭിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നു. NOC ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

NOC ലഭ്യമായാൽ മൂന്ന് മാസത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് Bharat Petroleum Corporation അധികൃതർ അറിയിച്ചിട്ടുണ്ട്.

<u>പുല്ലമ്പാറ മാവേലി സ്റ്റോർ അപ്ഗ്രേഡ് ചെയ്യൽ</u>

295(2231) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ മാവേലി സ്റ്റോർ അപ്ഗ്രേഡ് ചെയ്ത് സൂപ്പർ മാർക്കറ്റ് നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

പുല്ലമ്പാറ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി അപ്ഗ്രേഡ് ചെയ്ത് മാറ്റി സ്ഥാപിക്കുന്നതിനനുയോജ്യമായ കെട്ടിടം കണ്ടെത്തി നൽകുന്നതിന് പുല്ലമ്പാറ പഞ്ചായത്തിന് കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. കെട്ടിടം കണ്ടെത്തുന്നതിന് പ്രാദേശിക തലത്തിൽ

അന്വേഷണം നടത്തിയതിൽ പുല്ലമ്പാറ പഞ്ചായത്തിൽ മരുതുംമൂട് ജംഗ്ഷനിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം സപ്ലൈകോയ്ക്ക് വാടകയ്ക്ക് നൽകുന്നതിന് സമ്മതമാണെന്ന് കെട്ടിട ഉടമ അറിയിച്ചിട്ടുണ്ട്. പണി പൂർത്തിയാക്കി മറ്റ് അനുബന്ധ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നെടുമങ്ങാട് സപ്ലൈകോ ഡിപ്പോയുടെ പരിധിയിൽ ഏറ്റവും കൂടുതൽ വിറ്റുവരവുള്ള പ്രസ്തുത മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റ് ആക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

സാങ്കേതിക തടസ്സങ്ങളുള്ളതായി കണ്ടെത്തിയിട്ടില്ല.

<u>വൈപ്പിൻ മണ്ഡലത്തിൽ എൻ.എഫ്.എസ്.എ. ഗോഡൗൺ</u>

296(2232) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ എൻ.എഫ്.എസ്.എ. ഗോഡൗണിനും ഓഫീസിനുമായി സ്ഥലം ഏറ്റെടുക്കാൻ ഭക്ഷ്യ-

പൊതുവിതരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന, പുതുവൈപ്പ് ബസ് സ്റ്റോപ്പിൽ നിന്നും 1.5 കിലോമീറ്റർ അകലെ ലൈറ്റ് ഹൗസിന് വടക്ക് വശത്ത് (Block No.10, Puthuvyepe Village, Re Survey No.1/1) 50 Cent സർക്കാർ ഭൂമി NFSA ഗോഡൗൺ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ടി സ്ഥലം പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് ലഭിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അർത്ഥനാപത്രം (Requisition for Transfer of Government Land) സമർപ്പിച്ചു. തുടർനടപടി സ്വീകരിച്ചുവരുന്നു.

## <u>ഉപഭോക്തൃ നിയമഭേദഗതി പ്രകാരമുള്ള മീഡിയേഷൻ സെൽ</u>

297(2233) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃ നിയമഭേദഗതി പ്രകാരമുള്ള മീഡിയേഷൻ സെൽ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മീഡിയേഷൻ സെല്ലിന്റെ ഉദ്ഘടാനം ഏതെല്ലാം ജില്ലകളിൽ നടത്തിയിട്ടുണ്ട്; എത്ര ജില്ലകളിൽ ഇനിയും സെൽ സ്ഥാപിക്കാനുണ്ട്; വിശദമാക്കാമോ?

(എ&ബി) സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിലും തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലും മീഡിയേഷൻ സെല്ലുകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ മീഡിയേറ്റേഴ്സിന്റെ പാനൽ ക്ഷണിച്ചുകൊണ്ട് പത്രമാധ്യമങ്ങൾ വഴി പരസ്യം നൽകുകയും, അത് പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് പാനൽ തയ്യാറാക്കിവരികയും ചെയ്യുന്നു.

(സി) പ്രസ്തുത സെല്ലിന് ജില്ലകൾ തോറും ആസ്ഥാന മന്ദിരങ്ങൾ നിർമ്മിക്കുന്നതിനായി എത്ര തുകയാണ് കേന്ദ്ര സർക്കാർ നൽകാമെന്ന് അറിയിച്ചിരുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത തുക നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

(സി&ഡി) ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകളിൽ മീഡിയേഷൻ സെൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനും 25 ലക്ഷം രൂപ വീതം അനുവദിക്കുമെന്നാണ് കേന്ദ്രസർക്കാരിൽനിന്ന് അറിയിച്ചിരുന്നത്. എല്ലാ ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകളിൽ നിന്നും ലഭ്യമായ 5.56 കോടി രൂപയുടെ ശിപാർശ കേന്ദ്രസർക്കാരിൽ സമർപ്പിച്ച് തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇ-റേഷൻ കാർഡ്

298(2234) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-റേഷൻ കാർഡ് പദ്ധതി നിലവിൽ വരുന്നതോടെ എന്തെല്ലാം സൗകര്യങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭ്യമാവുകയെന്ന് വിശദമാക്കാമോ?

ഇ-റേഷൻ കാർഡ് പദ്ധതി നിലവിൽ വരുന്നതോടെ നിലവിൽ റേഷൻ കടയിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾക്ക് പുറമേ 5,000 രൂപ വരെയുള്ള ബാങ്കിംഗ് ഇടപാടുകൾ, യൂട്ടിലിറ്റി പേമെന്റ് സംവിധാനം, മിൽമ ഉൽപ്പന്നങ്ങൾ, ശബരി ഉൽപ്പന്നങ്ങൾ, ചെറിയ ഗ്യാസ് സിലിണ്ടർ എന്നിവ

കൂടി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. റേഷൻകടകളിലൂടെ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ എത്തിക്കാൻ കഴിയുമെന്നതിന് പുറമേ റേഷൻ വ്യാപാരികൾക്ക് അധിക വരുമാനം കണ്ടെത്താനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുന്നു.

## അളവ്-തൂക്ക ക്രമക്കേടുകൾ തടയാൻ നടപടി

299(2235)ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. മുരളി പെരുനെല്ലി:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ-ഡീസൽ ബങ്കുകളിൽ അളവുപരമായ ക്രമക്കേടുകളുണ്ടോയെന്നറിയാൻ പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി പ്രത്യേക 'ക്ഷമത' പദ്ധതി നടപ്പാക്കുകയും, പരിശോധനകൾ നടത്തി ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

ലോക ഉപഭോക്തൃദിനത്തിൽ ഫ്ലാഗ് ഓഫ് ചെയ്ത 'ക്ഷമത' പദ്ധതിയുടെ ഭാഗമായി 15.03.2022 മുതൽ 20.05.2022 വരെ 1144 പമ്പുകളിൽ പരിശോധന നടത്തുകയും 124 പമ്പുകളിൽ ക്രമക്കേട് കണ്ടെത്തി നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളിൽ അളവ്-തൂക്ക ഉപകരണങ്ങൾ മുദ്ര ചെയ്യാതിരിക്കൽ, അളവ്-തൂക്ക കൃത്രിമം, ബില്ല് നൽകാതിരിക്കൽ തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി ഓപ്പറേഷൻ ജാഗ്രത എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ക്രമക്കേടുകൾ തടയുന്നതിന് പ്രസ്തുത പദ്ധതി സഹായകരമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി ഉപഭോക്തൃദിനത്തിൽ ഫ്ലാഗ്ഓഫ് ചെയ്ത ജാഗ്രത പദ്ധതിയുടെ ഭാഗമായി 15.03.2022 മുതൽ 20.05.2022 വരെ 50352 വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി 3864 സ്ഥാപനങ്ങളിൽ ക്രമക്കേട് കണ്ടെത്തി നോട്ടീസ് നൽകിയിട്ടുണ്ട്.

ജാഗ്രത പദ്ധതി ബോധവല്‍ക്കരണ പരിപാടി ആയതിനാല്‍, ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമക്കേടുകള്‍ തടയുന്നതിനും സഹായകരമാണ്.

<u>അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധന</u>

300(2236) <u>ശ്രീ. സേവ്യര്‍ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

വടക്കാഞ്ചേരി മണ്ഡലത്തില്‍ അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 2016 മുതല്‍ 2022 വരെ ചാര്‍ജ്ജ് ചെയ്ത കേസുകളുടെ എണ്ണവും ഈടാക്കിയ പിഴത്തുകയും സംബന്ധിച്ച വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തില്‍ അളവ്-തൂക്ക ഉപകരണങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 2016 മുതല്‍ 2022 വരെ 110 കേസുകള്‍ ചാര്‍ജ്ജ് ചെയ്യുകയും 2,68,000 (രണ്ടു ലക്ഷത്തി അറുപത്തി എണ്ണായിരം) രൂപ പിഴത്തുക ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## ഒരു തദ്ദേശസ്വയംഭരണം ഒരു ഉല്പന്നം പദ്ധതി

301 (2237) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു തദ്ദേശസ്വയംഭരണം ഒരു ഉല്പന്നം എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ളൊരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെയും സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പ് ഇന്റേണുകളെ നിയോഗിക്കുകയും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായക സംവിധാനമായി പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്. എല്ലാ തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്ഡെസ്ക് സംവിധാനവും

ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സംരംഭ സാധ്യതയുള്ള ഉല്പന്നങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇപ്രകാരം കണ്ടെത്തിയ ഉൽപ്പന്നങ്ങളുടെ കരട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭ സാധ്യതയുള്ള ഉല്പന്നങ്ങൾ കണ്ടെത്തി, പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കൂടിയാലോചിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി

302 (2238) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ (സി.എം.എൽ.ആർ.ആർ.പി.) ഉൾപ്പെടുത്തി

എത്ര റോഡുകൾക്ക് എത്ര തുക വീതമാണ് അനുവദിച്ചതെന്ന് ജില്ല, നിയോജകമണ്ഡലം എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

പട്ടിക ഉള്ളടക്കം ചെയ്യുന്നു+.

(ബി) ഇവയിൽ നിർമ്മാണം പൂർത്തിയാക്കിയവ, നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നവ, നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലാത്തവ എന്നിവയുടെ എണ്ണം ഇനം തിരിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; നിർമ്മാണം വൈകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെ; ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കാമോ?

നിർമ്മാണം പൂർത്തിയായവ -3734

നിർമ്മാണം നടക്കുന്നത് -1131

ഇനിയും ആരംഭിക്കാത്തവ -83

ടെണ്ടറിൽ കരാറുകാർ പങ്കെടുക്കുന്നതിലെ വിമുഖത പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം സൃഷ്ടിച്ചിട്ടുണ്ട്. 2022 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഒഴിവാക്കി അതേ തുക അതേ നിയോജകമണ്ഡലം എം.എൽ.എ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദ്ദേശിക്കുന്ന മറ്റൊരു പ്രവൃത്തിക്കായി മാറ്റിവെയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ ഡിജിറ്റൈസേഷൻ

303 (2239) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളും അവയുടെ അധികാര പരിധിയിൽവരുന്ന മറ്റ് സ്വകാര്യ ആസ്തികളും ഡിജിറ്റൈസ് ചെയ്യുന്നതുസംബന്ധിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഐ.കെ.എം. തയ്യാറാക്കിയ സചിത്ര ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ മുഖേന പഞ്ചായത്തുകളുടെ തനത് ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സോഫ്റ്റ്‌വെയറിലൂടെ പുതിയ അസറ്റ് എൻട്രി, നിലവിലുള്ള അസറ്റുകളുടെ എഡിറ്റിംഗ്, അപ്ഡേഷൻ, അസറ്റുകൾ നീക്കം ചെയ്യൽ എന്നിവ സാധ്യമാണ്.

ഇതുകൂടാതെ പഞ്ചായത്തുകളിൽ റോഡ്, കലുങ്കുകൾ, പാലങ്ങൾ, എന്നിവയുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള റോഡ് കണക്ടിവിറ്റി മാപ്പിംഗ് (R-tack)-ഉം പുരോഗമിച്ചുവരുന്നു.

ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ പുതുക്കുന്നതിന് നഗരസഭകളിലും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ULCCS, ഗ്രാമീണ പഠന കേന്ദ്രം പോലുള്ള സ്ഥാപനങ്ങളുമായി നഗരസഭകൾ കരാറിൽ ഏർപ്പെട്ട് പ്രവർത്തികൾ നടത്തിവരുന്നു.

(ബി) ഡിജിറ്റൈസേഷനിലൂടെ കെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണവും വിശദവിവരങ്ങളും ലഭ്യമാകുന്നതിനാൽ നികുതി സംബന്ധിച്ച നടപടിക്രമങ്ങൾ എളുപ്പമാക്കാൻ സാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനനഷ്ടം ഏറെക്കുറെ ഇല്ലാതാക്കാൻ സാധിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. പഞ്ചായത്തുകളിൽ കെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണ്ണവും വിശദവിവരങ്ങളും നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയർ വഴിയാണ് ചെയ്തുവരുന്നത്.

ഡിജിറ്റൈസേഷനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങൾ കണ്ടെത്തുന്നതിനും നികുതി

പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും കൃത്യമായി ചുമത്തുന്നതിനും അതുവഴി വരുമാനചോർച്ച ഒഴിവാക്കുന്നതിനും സാധിക്കുന്നതാണ്.

(സി) ആസ്തികളുടെ ഡിജിറ്റൈസേഷൻ വഴി റോഡുകളുടെ യഥാർത്ഥ വിവരങ്ങൾ ലഭ്യമാകുമെന്നതിനാൽ അതുമൂലം പദ്ധതി ആസൂത്രണത്തിലുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആസ്തികളുടെ ഡിജിറ്റൈസേഷനിലൂടെ റോഡുകളുടെ യഥാർഥ വിവരങ്ങൾ ലഭ്യമാക്കുകവഴി പദ്ധതി ആസൂത്രണത്തിൽ ചുവടെ പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നതാണ്.

•റോഡുകളുടെ നീളം, വീതി, നിലവിലെ അവസ്ഥ എന്നിവ കൃത്യമായി അറിയാൻ കഴിയുന്നതിനാൽ റോഡ് നിർമ്മാണപ്രവൃത്തികളുടെ കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് കുറ്റമറ്റതാക്കി എടുക്കുന്നതിനും നിർവ്വഹണം കാര്യക്ഷമമായും സമയബന്ധിതവുമായും നടപ്പിലാക്കുന്നതിനും സാധിക്കും.

•എല്ലാ വിവരങ്ങളും ഉൾപ്പെട്ടുവരുമ്പോൾ പുനരുദ്ധാരണ പ്രവർത്തനം വ്യക്തമായി മനസ്സിലാക്കുന്നതിനും തുക വകയിരുത്തുന്നതിനും സാധിക്കും.

•റോഡുകളുടെ യഥാർത്ഥ വിവരം ലഭ്യമായിരിക്കുന്നതിനാൽ നിർദ്ദിഷ്ട മാതൃകയിൽത്തന്നെ പദ്ധതികൾ പൂർത്തിയാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കും.

•വിവിധ പദ്ധികൾക്കായി റോഡ് വിപുലീകരണം ആവശ്യമായ അവസരങ്ങളിൽ ഡിജിറ്റൈസേഷൻ വഴി വളരെയധികം സമയം ലാഭിക്കുന്നു.

(ഡി) ആസ്തികളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആറ്റിങ്ങൽ, വർക്കല, കൊട്ടാരക്കര, ചെങ്ങന്നൂർ, മൂവാറ്റുപുഴ, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, പാലക്കാട്, പരപ്പനങ്ങാടി, മുക്കം, വടകര, സുൽത്താൻബത്തേരി, അന്തൂർ, കൂത്തുപറമ്പ്, പയ്യന്നൂർ, തലശ്ശേരി, കരുനാഗപള്ളി, കൊച്ചി, നിലമ്പൂർ, തിരൂരങ്ങാടി തുടങ്ങിയ 20 നഗരസഭകളിൽ ആസ്തികളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആയതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് വഴി ആസ്തികളുടെ വിശദാംശങ്ങൾ കാണാനും ആയത് ഡൗൺലോഡ് ചെയ്യാനും സാധ്യമാണ്. അതുവഴി വിശദമായി പരിശോധിച്ച് പുതിയ ആസ്തികൾ രേഖപ്പെടുത്താനും നിലവിലുള്ള ആസ്തികൾ എഡിറ്റ് ചെയ്ത് അപ്ഡേറ്റ് ചെയ്യാനും കഴിയുന്നതാണ്.

## മണലൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

304(2240) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് ആർദ്രം പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി അവാർഡ് ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത അവാർഡ് നേടിയതിന്റെ ഭാഗമായി മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിനും മുല്ലശ്ശേരി സി.എച്ച്.സി-ക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

അവാർഡ് തുകയായി മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വാതിൽപ്പടി സേവന പദ്ധതി

305(2241) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആദ്യ ഘട്ടത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കിയ 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതി എപ്പോഴാണ് സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാൻ കഴിയുന്നതെന്ന് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി

306 (2242) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അതിദരിദ്രരുടെ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

വടക്കാഞ്ചേരി നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട അടാട്ട്, അവണൂർ, കോലഴി, കൈപ്പറമ്പ്, തോളൂർ, മുളംകുന്നത്തുകാവ്, തെക്കുംകര എന്നീ ഗ്രാമപഞ്ചായത്തുകളിലും വടക്കാഞ്ചേരി നഗരസഭയിലും അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയുടെ ഭാഗമായുള്ള ജനകീയ സമിതികളുടെ രൂപീകരണം, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, വിവരശേഖരണം, സൂപ്പർചെക്ക് സാദ്ധ്യതാ പട്ടികയുടെ പ്രസിദ്ധീകരണം, സാദ്ധ്യതാ പട്ടികയുടെ ഗ്രാമസഭ അംഗീകാരത്തിനുശേഷമുള്ള അന്തിമ പട്ടികയുടെ പ്രസിദ്ധീകരണം എന്നീ പ്രവർത്തനങ്ങൾ 2022 ഫെബ്രുവരി മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 154 വാർഡ്/ഡിവിഷനുകളിലായി ആകെ 219 കുടുംബങ്ങളെയാണ് അതിദരിദ്രരായി കണ്ടെത്തിയിട്ടുള്ളത്.

<u>കെട്ടിട നിർമ്മാണത്തിലെ നിബന്ധനകൾ</u>

307 (2243) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് അക്വിസിഷൻ നിയമപ്രകാരം ഭൂമി വിട്ടുകൊടുത്തവരുടെ കെട്ടിടങ്ങളിൽ അധിക നിലകൾ നിർമ്മിക്കുമ്പോൾ എന്തൊക്കെ നിബന്ധനകളാണ് പാലിക്കേണ്ടതെന്നറിയിക്കാമോ?

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം റോഡ് വികസനത്തിനായി ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്ന പ്ലോട്ടുകളിലെ ബാക്കി സ്ഥലത്ത് നടത്തുന്ന പുതിയ നിർമ്മാണങ്ങൾ/ആ പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളിൽ നടത്തുന്ന addition/alteration എന്നിവയ്ക്ക് ലഘൂകരിച്ച വ്യവസ്ഥകൾ അദ്ധ്യായം X-ൽ പ്രതിപാദിക്കുന്നു. FSI, കവറേജ്, കെട്ടിടത്തിനുചുറ്റും നൽകേണ്ട തുറസ്സായ സ്ഥലം, കെട്ടിടത്തിന്റെ പരമാവധി ഉയരം, പാർക്കിംഗ് എന്നീ വ്യവസ്ഥകൾക്കാണ് ടി അദ്ധ്യായത്തിന് കീഴിൽ ഇളവുനൽകിയിട്ടുള്ളത്. ഇത്തരം പ്ലോട്ടുകളിൽ/കെട്ടിടങ്ങളിൽ നടത്തുന്ന

നിർമ്മാണങ്ങൾക്കുള്ള അപേക്ഷ, ഈ ആവശ്യത്തിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ കമ്മിറ്റിയാണ് പരിശോധിച്ച് അർഹമായ ഇളവുകൾ നൽകുന്നത്.

(ബി) ഭൂമി വിട്ടുകൊടുത്തതുമൂലം കെട്ടിടത്തിന്റെ മുൻഭാഗത്ത് നിയമ പ്രകാരമുള്ള ദൂരം നഷ്ടമാകുന്ന അവസ്ഥയിൽ മുകൾനില നിർമ്മിക്കുന്നതിന് സാധിക്കുമോ; പ്രസ്തുത അധികനിർമ്മാണത്തിന് ആനുപാതികമായ പാർക്കിംഗ് ലഭ്യമല്ലാത്തപക്ഷം ക്രമവൽക്കരണത്തിന് സാധിക്കുമോ; അറിയിക്കാമോ?

ഭൂമി വിട്ട് കൊടുത്തതുമൂലം കെട്ടിടത്തിന്റെ മുൻഭാഗത്ത് നിയമപ്രകാരമുള്ള ദൂരം നഷ്ടമാകുന്ന അവസ്ഥയിൽ, അദ്ധ്യായം X പ്രകാരം, റോഡ് അതിർത്തിയിൽ നിന്നും കുറഞ്ഞത് 3 മീറ്റർ അകലം പാലിച്ചുകൊണ്ട് മാത്രമേ ടി കെട്ടിടത്തിനുമുകളിൽ പുതിയ നില നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ടി കെട്ടിടം 30.3.2000-ന് നിലവിലുള്ള ഒന്നാണെങ്കിൽ ചട്ടം 72(4) പ്രകാരം, നിലവിലെ കെട്ടിടത്തിന് (ഒന്നാം നിലയ്ക്ക്) റോഡ് അതിർത്തിയിൽ നിന്നും ലഭ്യമാകുന്ന ദൂരംതന്നെ പാലിച്ചുകൊണ്ട് രണ്ടാം നിലയും മൂന്നാം നിലയും കൂടി നിർമ്മിക്കാവുന്നതാണ്.

അദ്ധ്യായം X ചട്ടം 64(3) പ്രകാരം, റോഡ് വികസനത്തിനായി സൗജന്യമായി വിട്ടുകൊടുത്ത ഭൂമിക്ക് ആനുപാതികമായി, എന്നാൽ ചട്ട പ്രകാരം നൽകേണ്ട പാർക്കിംഗിന്റെ 25% -ന് വിധേയമായി, പാർക്കിംഗിൽ ഇളവുനൽകാവുന്നതാണ്. പക്ഷേ ആയത് ലഭ്യമല്ലാത്തപക്ഷം കെട്ടിട നിർമ്മാണ ചട്ടപ്രകാരം സെക്രട്ടറിക്കോ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങൾ നിലവിൽ ഇല്ലാത്തതിനാൽ സർക്കാരിനോ ടി നിർമ്മാണം ക്രമവൽക്കരിക്കാൻ സാധിക്കില്ല.

എന്നാൽ കെട്ടിട നിർമ്മാണചട്ടം 3(5) പ്രകാരം exemption ഫീസ് ഈടാക്കിക്കൊണ്ട് ചട്ട പ്രകാരം നൽകേണ്ട പാർക്കിംഗിന്റെ 10% വരെ ഇളവ് നൽകാൻ സർക്കാരിന് അധികാരമുണ്ട്.

(സി) റോഡ് നിർമ്മാണത്തിനായി ഫ്രീ സറണ്ടർ വഴി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് കെട്ടിട നിർമ്മാണത്തിന് ലഭിക്കുന്ന ഇളവുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം റോഡ് വികസനത്തിനായി ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്ന പ്ലോട്ടുകളിലെ ബാക്കി സ്ഥലത്ത് നടത്തുന്ന പുതിയ നിർമ്മാണങ്ങൾ/ആ പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളിൽ നടത്തുന്ന addition/alteration എന്നിവയ്ക്ക് ലഘൂകരിച്ച വ്യവസ്ഥകൾ

അദ്ധ്യായം X-ൽ പ്രതിപാദിക്കുന്നു. FSI, കവറേജ്, കെട്ടിടത്തിന് ചുറ്റും നൽകേണ്ട തുറസ്സായ സ്ഥലം, കെട്ടിടത്തിന്റെ പരമാവധി ഉയരം, പാർക്കിംഗ് എന്നീ വ്യവസ്ഥകൾക്കാണ് ടി അദ്ധ്യായത്തിന് കീഴിൽ ഇളവ് നൽകിയിട്ടുള്ളത്. ഇത്തരം പ്ലോട്ടുകളിൽ/കെട്ടിടങ്ങളിൽ നടത്തുന്ന നിർമ്മാണങ്ങൾക്കുള്ള അപേക്ഷ ഈ ആവശ്യത്തിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ കമ്മിറ്റിയാണ് പരിശോധിച്ച് അർഹമായ ഇളവുകൾ നൽകുന്നത്.

## അതിദരിദ്ര കുടുംബങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

308(2244) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയ സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

അതിദരിദ്രരെ കണ്ടെത്തുന്നതിനായി നടത്തിയ പ്രക്രിയ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ ഭക്ഷണം, ആരോഗ്യം, പാർപ്പിടം, ജീവനോപാധി ആവശ്യങ്ങൾ എന്നിവ നേടുന്നതിനായി തദ്ദേശ

സ്ഥാപനതലത്തിൽ മൈക്രോ പ്ലാനുകൾ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിന് 14-ാം പഞ്ചവത്സര പദ്ധതി-വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള 19.04.2022-ലെ സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖയിൽ ഖണ്ഡിക 6.6-ൽ പരാമർശിക്കുന്നുണ്ട്. കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രത്യേകമായി തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

309(2245) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടികയും ഉത്തരവുകളുടെ പകർപ്പും അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

310(2246) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) ഫേസ് 1 പദ്ധതികളുടെ ഭരണാനുമതി തുക വർദ്ധിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 18.02.2022-ലെ ഡി4/ആർ.കെ.ഐ/21-22 നമ്പർ കത്ത് മുഖേന സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സത്വര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) 18.02.2022-ലെ ഡി.ബി4/411/18/സി.ഇ/എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ. നം. കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ 05.05.2022-ലെ സ.ഉ. (സാധാ) നം.181/2022/ആസവ നം. സർക്കാർ

ഉത്തരവ് പ്രകാരം റിബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രവൃത്തികളുടെ ഭരണാനുമതി തുക 22,29,562/- രൂപ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

## പൊതു സർവ്വീസ് രൂപീകരണം

311(2247) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണം പൂർത്തിയാക്കിയ സാഹചര്യത്തിൽ പൊതുസർവ്വീസിന്റെ ഭാഗമായുള്ള ജില്ലാ ഓഫീസുകൾ പൂർണ്ണമായും എന്നുമുതൽ പ്രവർത്തനക്ഷമമാകുമെന്ന് വിശദമാക്കാമോ;

(ബി) പൊതുസർവ്വീസിൽ ഉൾപ്പെട്ട വിവിധ വകുപ്പുകളുടെ റീജിയണൽ ഓഫീസ്, ജില്ലാ ഓഫീസുകൾ എന്നിവ എന്നുമുതൽ പ്രവർത്തനം അവസാനിപ്പിക്കുമെന്ന് വിശദമാക്കാമോ;

(സി) 2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രക്രിയ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാതല ഓഫീസുകൾ 2022 ഫെബ്രുവരി 19 മുതൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. വകുപ്പിന്റെ ജില്ലാ മേധാവിയായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് താല്ക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തിട്ടുണ്ട്. പൊതു സർവ്വീസുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## തൊഴിലുറപ്പ് പദ്ധതിക്കായി നിർമ്മാണ സാമഗ്രി വിതരണം ചെയ്തവർക്കുള്ള കുടിശ്ശിക

312(2248) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി റോഡ്, കലുങ്ക്, കിണർ മുതലായ ആസ്തികളുടെ നിർമ്മാണത്തിന് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്തവർക്ക് ലക്ഷങ്ങൾ കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) അതുമൂലം മേൽപരാമർശിച്ച ആസ്തികളുടെ നിർമ്മാണം പ്രതിസന്ധിയിലായത് ഗൗരവത്തിലെടുക്കുമോ?

കേന്ദ്രസർക്കാരിൽ നിന്നും മെറ്റീരിയൽ ഫണ്ട് യഥാസമയത്ത് ലഭ്യമാകാത്തത് ഗൗരവത്തോടെ കാണുകയും ടി തുക ലഭിക്കുന്നതിനാവശ്യമായ കത്തിടപാടുകളും നിരന്തരം അന്വേഷണം നടത്തുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന് 27.06.2022-ന് 583.42 കോടി രൂപ അനുവദിച്ചുകിട്ടിയിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണ സാമഗ്രികളുടെ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും വിതരണം ചെയ്ത് പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

02.11.2020-ലെ 2056/2020/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മുൻകൂർ ആയി ദുർബ്ബല വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മെറ്റീരിയൽ തുക വിതരണം നടത്താൻ കഴിയും. പിന്നീട് കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ടി തുക റീ-ക്ലൂപ്പ് ചെയ്താൽ മതിയാകും.

## ലൈഫ് മിഷൻ പദ്ധതി

313(2249) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം നൽകിയിട്ടുള്ള വീടുകളിൽ ഭൂമിയുണ്ടായിരുന്ന ഭവനരഹിതർ എത്ര; ഭൂമിയില്ലാത്ത ഭവനരഹിതർ എത്ര?

ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിച്ച 2,96,487 വീടുകളിൽ 2,82,222 വീടുകൾ ഭൂമിയുള്ള ഭവനരഹിതരുടേയും 14,265 വീടുകൾ ഭൂരഹിത ഭവനരഹിതരുടേതുമാണ്. ഇതിനുപുറമെ 22,593 ഭൂമിയുള്ള ഭവനരഹിരുടെയും ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമി ആർജ്ജിച്ച 7,318 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണവും വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(ബി) ലൈഫ് മിഷൻ പദ്ധതി പ്രകാരം 2022-23 കാലയളവിൽ എത്ര പേർക്ക് വീട് അനുവദിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഒരു വർഷം ഒരു ലക്ഷം വീടുകൾ എന്ന കണക്കിൽ 5 വർഷം 5 ലക്ഷം വീടുകളുടെ പൂർത്തീകരണമാണ്

ലക്ഷ്യമിടുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ പരമാവധി വീടുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>നവകേരളം സൃഷ്ടിക്കുന്നതിൽ കുടുംബശ്രീയുടെ പങ്ക്</u>

314(2250) <u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിംഗസമത്വ നീതി നേടിയെടുക്കുന്നതിലും പ്രദേശിക വികസനം സാധ്യമാക്കുന്നതിലും കുടുംബശ്രീക്ക് മികച്ച നേട്ടം സൃഷ്ടിക്കാനായ പശ്ചാത്തലത്തിൽ, നവകേരളം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുന്ന രീതിയിൽ കുടുംബശ്രീയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ പദ്ധതിയുണ്ടോ?

ഉണ്ട്. പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ലിംഗസമത്വവും നീതിയും ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്കായി സ്ത്രീകളുടേയും

യുവജനങ്ങളുടേയും നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും വിവിധ പ്രവർത്തനങ്ങളിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതുവഴി വരുമാനവർദ്ധനവ് ഉറപ്പാക്കുന്നതിനും അഗതിരഹിത കേരളം സൃഷ്ടിക്കുന്നതിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പൊതുലക്ഷ്യത്തിനായി പ്രാദേശിക തലത്തിൽ ഒന്നിച്ചുപ്രവർത്തിക്കുന്നതിനും പ്രാധാന്യം നൽകിവരുന്നു. ഹരിത കർമ്മസേന പ്രവർത്തനങ്ങൾ, തെളിനീരൊഴുകും നവകേരളം തുടങ്ങിയവയിലെ പങ്കാളിത്തം മുതലായവ ഇതിന് ഉദാഹരണങ്ങളാണ്. സ്ത്രീപക്ഷ നവകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും ആരംഭിച്ച ജെൻഡർ ക്ലബ്ബുകൾവഴി വിദ്യാർത്ഥികളുടെ ലിംഗനീതിയിലധിഷ്ഠിതമായ വ്യക്തിത്വ വികാസവും നേതൃത്വവും ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ലിംഗസമത്വ ആശയം പൊതുജനങ്ങൾക്കിടയിൽ വ്യാപിപ്പിക്കുന്നതിനായി അയൽക്കൂട്ട അംഗങ്ങൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, യൂത്ത് ക്ലബ്ബ് അംഗങ്ങൾ എന്നിവർ വഴി അവബോധ ക്യാമ്പയിനുകൾ

നടപ്പിലാക്കുന്നതാണ്. സി.ഡി.എസ്; അംഗങ്ങളുടേയും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളുടേയും വ്യക്തിത്വവികാസം, നേതൃത്വപാടവവികസനം എന്നിവ ലക്ഷ്യമാക്കി വിവിധ തലങ്ങളിൽ പ്രാപ്തിവർദ്ധനവിനുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ചുകൊണ്ട് ജെൻഡർ റിസോഴ്സ് സെന്ററുകൾ വഴി പ്രാദേശിക പ്രത്യേകതകൾ മനസ്സിലാക്കിക്കൊണ്ട് ലിംഗനീതി സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനും അവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും പ്രാധാന്യം നൽകിവരുന്നു.

(ബി) കോവിഡ് സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മപദ്ധതിയിലൂടെ ലക്ഷ്യമിട്ട നേട്ടം കുടുംബശ്രീക്ക് കൈവരിക്കാനായിട്ടുണ്ടോ?

ഉണ്ട്.

- <u>കുടുംബശ്രീ എ.ഡി.എസ്സുകൾക്ക് ഒരു ലക്ഷം രൂപവീതം റിവോൾവിംഗ് ഫണ്ട്.</u>

കോവിഡിന്റെ രണ്ടാം തരംഗം മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 100 ദിന

കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി എ.ഡി.എസ്.-കൾ മുഖാന്തരം അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ടായിരുന്നു. ഇപ്രകാരം അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകുന്നതിനായി 50 കോടി രൂപ സർക്കാർ ആദ്യഘട്ടമായി അനുവദിച്ചിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളുടെ കോവിഡ് മൂലമുണ്ടായ ആരോഗ്യപരമായ ആവശ്യങ്ങൾക്കും, ജീവനോപാധികൾ വീണ്ടെടുക്കുന്നതിനും മറ്റ് അടിയന്തിര സാഹചര്യങ്ങൾക്കും ഈ തുക ഉപയോഗിച്ചുവരുന്നു.

- <u>വയോമൈത്രി</u>

വയോജനക്ഷേമം ഉറപ്പാക്കുക എന്നത് ഓരോ പൗരന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്വവും കടമയും ആണെന്നുള്ള ബോധം പൊതുസമൂഹത്തിൽ സൃഷ്ടിച്ചുകൊണ്ട് കേരളത്തിലെ പത്ത് സി.ഡി.എസ്-കളെ പൈലറ്റ് അടിസ്ഥാനത്തിൽ വയോമൈത്രി സി.ഡി.എസ്. ആക്കുകയെന്നതാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി സി.ഡി.എസ്.-കൾ വിവിധ സൂചികകൾ നേടേണ്ടതുണ്ട്. വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സൂചികകൾ നേടിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സി.ഡി.എസ്.-നെ വയോമൈത്രി സി.ഡി.എസ്.

ആയി പ്രഖ്യാപിക്കും. ഈ പ്രവർത്തനങ്ങളുടെ ഉദ്ഘാടന കർമ്മം 2022 മേയ് 15-ന് നിർവ്വഹിച്ചു. കോട്ടുകാൽ (തിരുവനന്തപുരം), എറിയാട് (തൃശ്ശൂർ), അഗളി പഞ്ചായത്ത് സമിതി (പാലക്കാട്), പുൽപ്പള്ളി, മൂപ്പൈനാട്, ഇടവക, നെന്മേനി (വയനാട്), ചേമഞ്ചേരി (കോഴിക്കോട്), ചെറുകുന്ന് (കണ്ണൂർ), അജ്ജനൂർ (കാസർഗോഡ്) എന്നീ സി.ഡി.എസ്.-കളെയാണ് പൈലറ്റ് പരിപാടിക്ക് വേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്. നിലവിൽ പരിശീലനങ്ങളും വയോജനങ്ങളുടെ പുതിയ ഉൾപ്പെടുത്തലുകളുമായി പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയത്തിന്റെ പ്രോജക്ടായ AGRASR (Action Group Aimed At Social Reconstruction) പ്രകാരമായുള്ള വെബ് പോർട്ടൽ ഡാറ്റ എൻട്രി പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

- <u>സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണം</u>

സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് ആ ലക്ഷ്യങ്ങളെ പ്രാദേശിക തലത്തിൽ സൂക്ഷ്മമായി കൊണ്ടുവന്ന് കൈവരിക്കുന്ന പ്രവർത്തന രീതിയാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി ഓരോ ലക്ഷ്യങ്ങളെയും ഏറ്റവും സൂക്ഷ്മമായ സൂചകങ്ങളായി വിഭജിച്ച് അവ നേടിയെടുക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും കിലയും ഒരുമിച്ച് ചേർന്ന് നടപ്പിലാക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്. 17 സുസ്ഥിര വികസന ലക്ഷ്യങ്ങളെ, 10 വിഷയാധിഷ്ഠിത ലക്ഷ്യങ്ങളെന്ന രീതിയിൽ കേന്ദ്രീകരിച്ച് സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ കുടുംബശ്രീ സി.ഡി.എസ്. അംഗങ്ങൾക്ക് സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്ന വിഷയാടിസ്ഥാനത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. അടുത്ത ഘട്ടമായി പരിശീലനവും ക്യാമ്പയിനുമായി ഓഗസ്റ്റ് 1-ന് ടി പ്രവർത്തനങ്ങൾ കുടുംബശ്രീ സംഘടന തലത്തിൽ നടപ്പിലാക്കും. ഇതിനായിട്ടുള്ള പരിശീലന മൊഡ്യൂൾ വികസന പ്രവർത്തങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

- <u>മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി</u>

കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിനായി 2020-21-ൽ കുടുംബശ്രീ നടപ്പിലാക്കിയ മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (Chief Minister's Helping Hand Loan Scheme) വഴി 2.30 ലക്ഷം അയൽക്കൂട്ടങ്ങളിലെ 25.17 ലക്ഷം അംഗങ്ങൾക്ക് 1917.55 കോടി രൂപ പലിശരഹിത വായ്പയായി ലഭ്യമാക്കി.

- <u>കെ.എസ്.എഫ്.ഇ വിദ്യാശ്രീ ചിട്ടി</u>

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സർക്കാർ ഡിജിറ്റൽ മീഡിയ വഴി കുട്ടികൾക്ക് പഠനസൗകര്യം ഒരുക്കിയപ്പോൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപാധി ഒരുക്കുന്നതിനായി ത്വരിത സാമ്പത്തിക സഹായം ലഭ്യമാക്കാനായി കെ.എസ്.എഫ്.ഇ.-യുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് കെ.എസ്.എഫ്.ഇ. വിദ്യാശ്രീ ചിട്ടി. ഇതുവഴി ലാപ്ടോപ്പ് ആവശ്യമായ 8574 അയൽക്കൂട്ട അംഗങ്ങൾക്ക് അവ ലഭ്യമാക്കി.

സംസ്ഥാന സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി എൻ.യു.എൽ.എം. പദ്ധതിയുടെ കീഴിൽ 3 കോടി രൂപ അടങ്കൽ തുക വരുന്ന പിറവം നഗരസഭയിലെ അശരണർക്കുള്ള ആശ്രയഭവൻ എന്ന ഷെൽട്ടർ ഹോമിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനത്തിനായി സജ്ജമാക്കിയിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് ചട്ടം നിലനിന്നിരുന്നതിനാൽ ഉദ്ഘാടനം നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല.

കോവിഡ് പ്രതിസന്ധിമൂലമുള്ള സാമ്പത്തികമാന്ദ്യം അതിജീവിക്കുന്നതിനായി പ്രഖ്യാപിച്ച ബഹു. മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി കുടുംബശ്രീയുടെ വിവിധ പദ്ധതികൾ മുഖേന സൃഷ്ടിച്ച തൊഴിലുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | 100 ദിന പരിപാടി | തൊഴിൽ നേടിയവരുടെ എണ്ണം |
|---|---|---|
| 1 | 2020-21 വർഷത്തെ 100 ദിന പരിപാടി - ആദ്യഘട്ടം (സെപ്റ്റംബർ 2020-ഡിസംബർ 9, 2020) | 36192 |
| 2 | 2020-21 വർഷത്തെ 100 ദിന പരിപാടി - രണ്ടാംഘട്ടം (17 ഡിസംബർ, 2020 - 27 മാർച്ച്, 2021) | 7729 |
| 3 | 2021-22 വർഷത്തെ 100 ദിന പരിപാടി | 10385 |
| | ആകെ | 54306 |

- <u>സ്കിൽ സ്കോളർഷിപ്പ്</u>

ആശ്രയ പദ്ധതിയിലുൾപ്പെട്ട അഗതി കുടുംബാംഗങ്ങൾ, അംഗപരിമിതരായവർ, പ്രാക്തന ഗോത്രവർഗ്ഗക്കാർ, പട്ടികവർഗ്ഗ കുടുംബാംഗങ്ങൾ തുടങ്ങി വളരെയധികം ഉദ്യോഗാർത്ഥികൾ സാമ്പത്തികബുദ്ധിമുട്ടുകൾ കാരണം അവർക്കിഷ്ടമുള്ള നൈപുണ്യ പരിശീലനത്തിലേർപ്പെട്ട് നൈപുണ്യം ആർജ്ജിക്കാനോ അതുവഴി ജീവിതനിലവാരം ഉയർത്താനോ നിലവിൽ സാധിക്കുന്നില്ലെന്നത് ശ്രദ്ധയിൽവന്ന സാഹചര്യത്തിലാണ് കുടുംബശ്രീ സംസ്ഥാന മിഷൻ ഇത്തരമൊരു പദ്ധതി ആസൂത്രണം ചെയ്തത്. കുടുംബശ്രീ വഴി നടപ്പാക്കുന്ന ഡി.ഡി.യു.ജി.കെ.വൈ./യുവകേരളം പദ്ധതികളിൽ കേരളത്തിലുള്ള 14

ജില്ലകളിലായി പ്രവർത്തിക്കുന്ന വിവിധ PIA-കളുടെ പരിശീലന കേന്ദ്രങ്ങൾ വഴി പഠനം ആരംഭിച്ചിട്ടുള്ള അല്ലെങ്കിൽ പഠനം ആരംഭിക്കുന്ന ഗുണഭോക്താക്കൾക്കാണ് ഈ സ്കീം വഴി ഗുണം ലഭിക്കുക. പ്രസ്തുത പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കൂടാതെ സ്കോളർഷിപ് വിതരണം ആരംഭിച്ചിട്ടുള്ളതുമാണ്.

- തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികളായ ഡി.ഡി.യു.ജി.കെ.വൈ., യുവകേരളം എന്നീ പദ്ധതികളിലൂടെ 2500 പേർക്ക് തൊഴിൽ.

പ്രസ്തുത കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് യുവകേരളം, ഡി.ഡി.യു.ജി.കെ.വൈ. എന്നീ പദ്ധതികളിലൂടെ നൈപുണ്യ പരിശീലനം പൂർത്തീകരിച്ച 2678 യുവതീ-യുവാക്കൾക്കാണ് വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞത്.

- ആദിവാസി മേഖലയിൽ സ്പെഷ്യൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം

അട്ടപ്പാടി, തിരുനെല്ലി, ദേവികുളം ബ്ലോക്ക്, ആറളം, നൂൽപ്പുഴ, നിലമ്പൂർ, വട്ടവട പ്രദേശങ്ങളിൽ താമസിക്കുന്ന യുവാക്കൾക്കായി കസ്റ്റമൈസ്ഡ് നൈപുണ്യ പരിശീലന പരിപാടി ആരംഭിക്കാനാണ് പദ്ധതി

ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ അട്ടപ്പാടി, തിരുനെല്ലി, ദേവികുളം ബ്ലോക്കുകളിൽ പദ്ധതി ആരംഭിക്കും. തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലനത്തിലൂടെയും സ്വയം തൊഴിലിലൂടെയും കുറഞ്ഞത് 500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കുറഞ്ഞത് 5000 ഗുണഭോക്താക്കളിലേയ്ക്ക് എത്തിച്ചേരുകയും വേതനാധിഷ്ഠിത തൊഴിൽ, സ്വയംതൊഴിൽ എന്നിവയിലൂടെ കുറഞ്ഞത് 500 തൊഴിലവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് സബ് മിഷന്റെ ലക്ഷ്യം. പ്രസ്തുത പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കൂടാതെ പ്രാരംഭ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്.

- <u>കേരളചിക്കൻ</u>

കേരളചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 158 ബ്രോയിലർ ഫാമുകളും 38 കേരളചിക്കൻ ഔട്ട്ലെറ്റുകളും ആരംഭിച്ചിട്ടുണ്ട്.

- <u>സ്ത്രീപക്ഷ നവകേരളം</u>

സ്ത്രീധനത്തിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കുമെതിരെ നടപ്പിലാക്കിയ സ്ത്രീപക്ഷ നവകേരളം - സംസ്ഥാനതല ഉദ്ഘാടനം 2021

ഡിസംബർ 18-ന് തിരുവനന്തപുരത്ത് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. ജില്ലാതലത്തിലും എല്ലാ സി.ഡി.എസ്.-കളിലും സ്ത്രീപക്ഷ നവകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി കർമ്മപദ്ധതി തയ്യാറാക്കൽ, സിഗ്നേച്ചർ ക്യാമ്പയിൻ, ചുവർചിത്ര ക്യാമ്പയിൻ, വീഡിയോ പോസ്റ്റർ പ്രദർശനം, ടൂ വീലർ റാലി തുടങ്ങിയവ നടപ്പിലാക്കി. ഓക്സിലറി ഗ്രൂപ്പുകളിലും, അയൽക്കൂട്ടങ്ങളിലും സ്ത്രീധനത്തെക്കുറിച്ചുള്ള ചർച്ചകളും സംവാദങ്ങളും സംഘടിപ്പിച്ചു. 14 ജില്ലകളിലായി 12 വിഷയങ്ങളിൽ സ്ത്രീപക്ഷ ചിന്തകൾ ചർച്ച ചെയ്യപ്പെടുന്ന വെബിനാറുകൾ സംഘടിപ്പിക്കുകയുണ്ടായി. സ്ത്രീധനവും അതിക്രമവും എന്ന വിഷയത്തിൽ ബാലസഭാ കുട്ടികൾക്കായി പോസ്റ്റർ രചന സംഘടിപ്പിച്ചു. സ്ത്രീധത്തിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കുമെതിരെ സംസ്ഥാനവ്യാപകമായി 600 കേന്ദ്രങ്ങളിൽ സ്ത്രീശക്തി കലാജാഥ സംഘടിപ്പിച്ചു. വിദ്യാർത്ഥികളിലും യുവതീ-യുവാക്കളിലും ലിംഗപദവിതുല്യതയും തുല്യനീതിയിലധിഷ്ഠിതമായ കാഴ്ചപ്പാടും വ്യക്തിത്വ വികസനവും കൊണ്ടുവരാനും ഉറപ്പുവരുത്തുന്നതിനുമായി സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ജെൻഡർ ക്ലബ്ബുകൾ രൂപീകരിച്ചു. നിലവിൽ 304 ജെൻഡർ ക്ലബ്ബുകൾ സ്കൂളിലും 70 ജെൻഡർ ക്ലബ്ബുകൾ കോളേജിലും പ്രവർത്തിച്ചുവരുന്നു.

(സി) ദേശീയ നഗര ഉപജീവന ദൗത്യത്തിൽ മികച്ച പദ്ധതി നിർവ്വഹണത്തിലൂടെ സംസ്ഥാനത്തിന് ദേശീയതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന തരത്തിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ദേശീയ നഗര ഉപജീവനമിഷൻ പദ്ധതി (എൻ.യു.എൽ.എം.) നടത്തിപ്പിൽ മികച്ച പ്രവർത്തനം വിലയിരുത്തുന്നതിന് SPARK (Systematic Progressive Analytical) റാങ്കിംഗ് ദേശീയ പാർപ്പിട നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റേറ്റിംഗിൽ 2020-21 സാമ്പത്തിക വർഷം കേരളത്തിന് ഒന്നാം റാങ്ക് ലഭ്യമായിട്ടുണ്ട്.

എൻ.യു.എൽ.എം പദ്ധതിയിൽ പ്രധാനമായും 6 ഘടകങ്ങളാണുള്ളത്.

1. <u>സാമൂഹ്യസംഘാടനവും സ്ഥാപനവികസനവും</u>

നഗരദരിദ്രരായ വ്യക്തികളെ ഉൾപ്പെടുത്തി സ്വയംസഹായ സംഘങ്ങളെ രൂപീകരിക്കുകയും ഇവർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനാവശ്യമായ സഹായം ലഭ്യമാക്കി ലഘുസമ്പാദ്യം പ്രോത്സാഹിപ്പിക്കുകയുമാണ് ഘടകത്തിന്റെ ഉദ്ദേശ്യലക്ഷ്യം. സ്വയംസഹായ സംഘടനകളെ വാർഡ് തലത്തിൽ സംഘടിപ്പിച്ച് ഏരിയ ലെവൽ ഫെഡറേഷനുകളും

നഗരസഭാതലത്തിൽ ഏരിയ ലെവൽ ഫെഡറേഷനുകളെ ഏകോപിപ്പിച്ച് കമ്മ്യൂണിറ്റി ലെവൽ ഫെഡറേഷനുകളും രൂപീകരിക്കേണ്ടതുണ്ട്. കേരളത്തിലിത് കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തി അയൽക്കൂട്ട-എ.ഡി.എസ്.-സി.ഡി.എസ്. ത്രിതല സംഘടനാ സംവിധാനമാണ്. അയൽക്കൂട്ട-എ.ഡി.എസ്.-സി.ഡി.എസ്. രൂപീകരണം, അയൽക്കൂട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, നിർജ്ജീവമായതോ/പ്രവർത്തനം മന്ദീഭവിച്ചതോ ആയ അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കൽ എന്നിവ പ്രസ്തുത ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസം പ്രവർത്തനക്ഷമമായ അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപയും എ.ഡി.എസുകൾക്ക് 50,000 രൂപയും റിവോൾവിംഗ് ഫണ്ട് (ഒറ്റത്തവണ) ലഭ്യമാക്കും. 2020-21 കാലയളവിൽ 1992 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും 3123 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുകയും 172 എ.ഡി.എസ്സുകൾക്ക് ആർ.എഫ്. നൽകുകയും ചെയ്തു.

2. <u>നൈപുണ്യ പരിശീലനത്തിലൂടെ തൊഴിൽ</u>

നഗരപ്രദേശങ്ങളിലെ ദരിദ്രകുടുംബങ്ങളിൽ നിന്നുള്ള യുവതീ-യുവാക്കൾക്ക് (18-35 വയസ് പ്രായപരിധി) നൈപുണ്യ പരിശീലനം ലഭ്യമാക്കി വേതനാധിഷ്ഠിത തൊഴിലോ (കുറഞ്ഞത് 8,000 രൂപ മാസ

വരുമാനം) സ്വയംതൊഴിലോ ലഭ്യമാക്കുന്നതിന് സഹായം നൽകുന്ന ഘടകമാണിത്. നാഷണൽ സെക്ടർ സ്കിൽ കൗൺസിൽ അംഗീകാരമുള്ള സെക്ടർ സ്കിൽ കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്. 2020-21 കാലയളവിൽ 2363 പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകുകയും 1583 പേർ പൂർത്തിയാക്കുകയും 774 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

3. <u>സ്വയംതൊഴിൽ പദ്ധതി</u>

നഗരദരിദ്രർക്ക് തങ്ങളുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് ഒറ്റയ്ക്കായോ കൂട്ടായോ (3 മുതൽ 10 അംഗങ്ങൾ) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതാണ് ടി ഘടകം. വ്യക്തിഗത സംരംഭങ്ങൾക്ക് 2 ലക്ഷം രൂപ വരെയും ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. ഇതിന് 7 ശതമാനത്തിൽ അധികരിക്കുന്ന പലിശയ്ക്ക് പലിശ സബ്സിഡി നൽകുന്നതാണ്. കൂടാതെ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാകുന്ന ലിങ്കേജ് വായ്പകൾക്കും 7 ശതമാനത്തിൽ അധികരിക്കുന്ന പലിശക്ക് പലിശ സബ്സിഡി ലഭ്യമാക്കും. 2020-21 കാലയളവിൽ 995 സംരംഭങ്ങൾ ആരംഭിച്ചത് വഴി 1341 പേർക്ക് തൊഴിലവസരം നൽകി.

4. <u>നഗര ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി</u>

തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവർക്ക് താൽക്കാലിക താമസത്തിനുള്ള അവസരമൊരുക്കുകയാണ് ഇതിന്റെ ലക്ഷ്യം. പുതിയ ഷെൽട്ടറുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ നവീകരണം (Refurbishment) നടത്തി താമസ സൗകര്യം ഒരുക്കുകയാണ് ചെയ്യുന്നത്. നഗരപ്രദേശങ്ങളിൽ ഇപ്രകാരം തെരുവിൽ കഴിയുന്ന വ്യക്തികളെ സർവ്വേയിലൂടെ കണ്ടെത്തി അവശ്യാനുസരണം ഷെൽട്ടർ സൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്. 2020-21 കാലയളവിൽ രണ്ട് പുതിയ അഭയകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, രണ്ട് അഭയകേന്ദ്രങ്ങൾ നവീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

5. <u>നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ</u>

നഗര പ്രദേശങ്ങളിൽ തെരുവോരങ്ങളിൽ കച്ചവടം നടത്തുന്ന വ്യക്തികളെ സാമൂഹ്യസുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായം ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. 24643 തെരുവ് കച്ചവടക്കാരെ സർവ്വേയിലൂടെ കണ്ടെത്തുകയും 2020-21 കാലയളവിൽ 7235 പേർക്ക് പി.എം. സ്വാനിധി പ്രകാരം ലോൺ ലഭ്യമാക്കുകയും ചെയ്തു.

6. <u>കാര്യശേഷി വികസനവും പരിശീലനവും</u>

എൻ.യു.എൽ.എം. പദ്ധതിയുടെ ഭാഗമായ സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റ്, വിവിധ സ്റ്റേറ്റ് ഹോൾഡർമാർ, ത്രിതല സംഘടനാ സംവിധാനത്തിൽ വരുന്നവർ ഉൾപ്പെടെയുള്ളവർക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കുകയാണ് ഈ ഘടകത്തിലൂടെ ചെയ്യുന്നത്. ഓരോ സാമ്പത്തികവർഷവും മേൽപ്പറഞ്ഞ ഘടകങ്ങൾക്കുള്ള ടാർജറ്റ് ദേശീയ പാർപ്പിട നഗരകാര്യ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാറുണ്ട്. ആയത് സംബന്ധിച്ചിട്ടുള്ള പുരോഗതി വിലയിരുത്തിയാണ് റാങ്കിംഗിന് പരിഗണിക്കുന്നത്.

## നഗര ദരിദ്രരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

315 (2251) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. വിജിൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒന്നാം സ്ഥാനം ലഭിക്കുന്നതിനുതകുന്ന തരത്തിൽ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ദാരിദ്ര്യനിർമ്മാർജനം, പാർപ്പിടം, നൈപുണ്യ

വികസനം, സ്വയം തൊഴിൽ സംരംഭം തുടങ്ങിയ മേഖലകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി (എൻ.യു.എൽ.എം) നടത്തിപ്പിൽ മികച്ച പ്രവർത്തനം വിലയിരുത്തുന്നതിന് SPARK (Systematic Progressive Analytical) റാങ്കിംഗ് ദേശീയ പാർപ്പിട നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റേറ്റിംഗിൽ 2020-21 സാമ്പത്തിക വർഷം കേരളത്തിന് ഒന്നാം റാങ്ക് ലഭ്യമായിട്ടുണ്ട്.

എൻ.യു.എൽ.എം പദ്ധതിയിൽ പ്രധാനമായും 6 ഘടകങ്ങളാണുള്ളത്.

<u>സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും</u>

നഗരദരിദ്രരായ വ്യക്തികളെ ഉൾപ്പെടുത്തി സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുകയും ഇവർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കി ലഘുസമ്പാദ്യം പ്രോത്സാഹിപ്പിക്കുകയുമാണ് ഘടകത്തിന്റെ ഉദ്ദേശ്യലക്ഷ്യം. സ്വയംസഹായ സംഘടനകളെ വാർഡ് തലത്തിൽ സംഘടിപ്പിച്ച് ഏരിയ ലെവൽ ഫെഡറേഷനുകളും നഗരസഭാതലത്തിൽ ഏരിയ ലെവൽ ഫെഡറേഷനുകളെ ഏകോപിപ്പിച്ച് കമ്മ്യൂണിറ്റി ലെവൽ ഫെഡറേഷനുകളും രൂപീകരിക്കേണ്ടതുണ്ട്. കേരളത്തിൽ ഇത് കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തി അയൽക്കൂട്ട-

എ.ഡി.എസ്.-സി.ഡി.എസ്. ത്രിതല സംഘടനാ സംവിധാനമാണ്. അയൽക്കൂട്ട-എ.ഡി.സ്.-സി.ഡി.എസ്. രൂപീകരണം, അയൽക്കൂട്ട പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, നിർജ്ജീവമായതോ/പ്രവർത്തനം മന്ദീഭവിച്ചതോ ആയ അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കൽ എന്നിവ പ്രസ്തുത ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസം പ്രവർത്തനക്ഷമമായ അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപയും എ.ഡി.എ.സ്.-കൾക്ക് 50,000 രൂപയും റിവോൾവിംഗ് ഫണ്ട് (ഒറ്റത്തവണ) ലഭ്യമാക്കും. 2020-21 കാലയളവിൽ 1992 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും 3123 അയൽക്കൂട്ടങ്ങൾക്കും 172 എ.ഡി.എ.സ്.-കൾക്കും റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുകയും ചെയ്തു.

<u>നൈപുണ്യ പരിശീലനത്തിലൂടെ തൊഴിൽ</u>

നഗരപ്രദേശങ്ങളിലെ ദരിദ്രകുടുംബങ്ങളിൽ നിന്നുള്ള യുവതീ-യുവാക്കൾക്ക് (18-35 വയസ് പ്രായപരിധി) നൈപുണ്യ പരിശീലനം ലഭ്യമാക്കി വേതനാധിഷ്ഠിത തൊഴിലോ (കുറഞ്ഞത് 8,000 രൂപ മാസ വരുമാനം) സ്വയംതൊഴിലോ ലഭ്യമാക്കുന്നതിന് സഹായം നൽകുന്ന ഘടകമാണിത്. നാഷണൽ സെക്ടർ സ്കിൽ കൗൺസിൽ അംഗീകാരമുള്ള സെക്ടർ സ്കിൽ കോഴ്സുകളിലാണ് പരിശീലനം നൽകുന്നത്.

2020-21 കാലയളവിൽ 2363 പരിശീലനാർത്ഥികൾക്ക് പരിശീലനം നൽകുകയും 1583 പേർ പൂർത്തിയാക്കുകയും 774 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

<u>സ്വയംതൊഴിൽ പദ്ധതി</u>

നഗരദരിദ്രർക്ക് തങ്ങളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് ഒറ്റയ്ക്കായോ കൂട്ടായോ (3 മുതൽ 10 അംഗങ്ങൾ) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതാണ് ടി ഘടകം. വ്യക്തിഗത സംരംഭങ്ങൾക്ക് 2 ലക്ഷം രൂപ വരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. ഈ വായ്പയുടെ പലിശ 7 ശതമാനത്തിൽ അധികരിക്കുന്നതാണെങ്കിൽ അധികരിക്കുന്ന പലിശയ്ക്ക് പലിശ സബ്സിഡി നൽകുന്നതാണ്. കൂടാതെ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാകുന്ന ലിങ്കേജ് വായ്പകൾക്കും 7 ശതമാനത്തിൽ അധികരിക്കുന്ന പലിശയ്ക്ക് പലിശ സബ്സിഡി ലഭ്യമാക്കും. 2020-21 കാലയളവിൽ 995 സംരംഭങ്ങൾ ആരംഭിച്ചത് വഴി 1341 പേർക്ക് തൊഴിലവസരം നൽകി.

<u>നഗര ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി</u>

തെരുവോരങ്ങളിൽ അന്തിയുറങ്ങുന്നവർക്ക് താൽക്കാലിക താമസത്തിനുള്ള അവസരമൊരുക്കുകയാണ് ഇതിന്റെ ലക്ഷ്യം. പുതിയ ഷെൽട്ടറുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ നവീകരണം (Refurbishment) നടത്തി താമസസൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്. നഗരപ്രദേശങ്ങളിൽ ഇപ്രകാരം തെരുവിൽ കഴിയുന്ന വ്യക്തികളെ സർവ്വേയിലൂടെ കണ്ടെത്തി ആവശ്യാനുസരണം ഷെൽട്ടർ സൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്. 2020-21 കാലയളവിൽ രണ്ട് പുതിയ അഭയകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും രണ്ട് അഭയകേന്ദ്രങ്ങൾ നവീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

<u>നഗരങ്ങളിലെ തെരുവുകച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ</u>

നഗര പ്രദേശങ്ങളിൽ തെരുവോരങ്ങളിൽ കച്ചവടം നടത്തുന്ന വ്യക്തികളെ സാമൂഹ്യക്ഷേമ സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. 24643 തെരുവുകച്ചവടക്കാരെ സർവ്വേയിലൂടെ കണ്ടെത്തുകയും 2020-21 കാലയളവിൽ 7235 പേർക്ക് പി.എം. സ്വാനിധി പ്രകാരം ലോൺ ലഭ്യമാക്കുകയും ചെയ്തു. കൂടാതെ ഇവർക്ക് ഐഡന്റിറ്റി കാർഡും ലൈസൻസും ലഭ്യമാക്കിയിട്ടുണ്ട്.

<u>കാര്യശേഷി വികസനവും പരിശീലനവും</u>

എൻ.യു.എൽ.എം. പദ്ധതിയുടെ ഭാഗമായ സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റ്, വിവിധ സ്റ്റേറ്റ് ഹോൾഡർമാർ, ത്രിതല സംഘടനാ സംവിധാനത്തിൽ വരുന്നവർ ഉൾപ്പെടെയുള്ളവർക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിശീലനം ലഭ്യമാക്കുകയാണ് ഈ ഘടകത്തിലൂടെ ചെയ്യുന്നത്. ഓരോ സാമ്പത്തികവർഷവും മേൽപ്പറഞ്ഞ ഘടകങ്ങൾക്കുള്ള ടാർജറ്റ് ദേശീയ പാർപ്പിട നഗരകാര്യ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാറുണ്ട്. ആയത് സംബന്ധിച്ചിട്ടുള്ള പുരോഗതി വിലയിരുത്തിയാണ് റാങ്കിംഗിന് പരിഗണിക്കുന്നത്.

<u>ട്രഷറി വകുപ്പിന് ഭൂമി കൈമാറൽ</u>

316(2252) <u>ഡോ. എൻ. ജയരാജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ആനിക്കാട് വില്ലേജ് ബ്ലോക്ക് 46 സർവ്വേ 135/6-ൽപ്പെട്ട 15 സെന്റ് സ്ഥലത്തിന്റെ പൂർണ്ണ ഉടമസ്ഥാവകാശം ട്രഷറി വകുപ്പിന് കൈമാറുവാൻ പാമ്പാടി ബ്ലോക്ക്

പഞ്ചായത്തിന് 19.06.2012-ലെ സ.ഉ.(സാധാ) നം.1662/2012/ത.സ്വ.ഭ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ആനിക്കാട് വില്ലേജ്, ബ്ലോക്ക് 46, സർവ്വെ നം. 135/6-ൽപ്പെട്ട 15 സെന്റ് സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം ട്രഷറി വകുപ്പിന് കൈമാറുന്നതിന് 19.06.2012-ലെ സ.ഉ.(സാധാ)നം.1662/2012/ത.സ്വ.ഭ.വ. പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിരുന്നു.

(ബി) എങ്കിൽ, പ്രസ്തുത അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് എത്ര സെന്റ് സ്ഥലം ഏത് തീയതിയിൽ ട്രഷറി വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് അറിയിക്കുമോ?

സ്ഥലം കൈമാറിയിട്ടില്ല.

(സി) അപ്രകാരം ഭൂമി കൈമാറുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

25.01.2017-ൽ കൂടിയ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 8(1)-ാം നമ്പർ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 8 പഞ്ചായത്തുകളിലെയും ഹരിതകർമ്മസേന ശേഖരിച്ച പ്ലാസ്റ്റിക്

ഉൽപ്പന്നങ്ങൾക്കായുള്ള RRF, ബ്ലോക്ക് പഞ്ചായത്ത് വിട്ടുകിട്ടിയ ഓഫീസുകളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിക്കുക എന്നീ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കേണ്ടതിനാൽ ട്രഷറിക്ക് സ്ഥലം അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയുണ്ടായി.

നിലവിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിന്റെ സ്ഥലപരിമിതി കണക്കിലെടുത്തും പഞ്ചായത്തിന് വിട്ടുകിട്ടിയതും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ പല ഘടക സ്ഥാപനങ്ങൾക്കും പ്രസ്തുത കോമ്പൗണ്ടിൽ സ്ഥലം അനുവദിക്കേണ്ടതിനാലും അതോടൊപ്പം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് പൊതുപരിപാടികൾ നടത്തുന്നതിനായി ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം, പാർക്കിംഗ് ഏരിയ എന്നിവ ആവശ്യമാണെന്ന് നിരീക്ഷിച്ചതിനാലും 19.06.2012-ലെ സ.ഉ.(സാധാ)നം.1662/2012/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്നതിന് 13.04.2022-ൽ കൂടിയ 5(4)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുള്ളതാകുന്നു.

## തവനൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

317(2253) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തവനൂർ മണ്ഡലത്തിൽ എടപ്പാൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1 ഏക്കർ 3 സെന്റ് ഭൂമി, ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി വിട്ടുകൊടുക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുത്ത് എടപ്പാൾ പഞ്ചായത്തിലെ ഭൂരഹിതരായ ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

പ്രസ്തുത ഭൂമിയിൽ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനായിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ ലൈഫ് പദ്ധതി

318(2254) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഭൂരഹിതരായ ഭവനരഹിതർക്ക് മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് നിർമ്മാണത്തിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിലെ ഭൂരഹിതരായ ഭവനരഹിതർക്ക് മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ലൈഫ് പദ്ധതി പ്രകാരം ഫ്ളാറ്റ് നിർമ്മാണത്തിനുള്ള ഭൂമി കണ്ടെത്തിയിട്ടില്ല.

(ബി) ലൈഫ് പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിനായി പ്രസ്തുത നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭൂരഹിതരായ ഭവനരഹിതരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും നാളിതുവരെ എത്ര പേർക്ക് പാർപ്പിടം ഉറപ്പാക്കിയെന്നും വിശദമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ അർഹരായി കണ്ടെത്തിയ 1,424 ഭൂരഹിത ഭവനരഹിതരിൽ 502 കുടുംബങ്ങൾ ഭൂമി ആർജ്ജിക്കുകയും ഇതിൽ 385 കുടുംബങ്ങൾ ഭവന നിർമ്മാണാനുകൂല്യത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുമുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ എല്ലാവർക്കും പാർപ്പിടം എന്ന പ്രഖ്യാപനം എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

അർഹരായി കണ്ടെത്തുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പാലിയേറ്റീവ് നഴ്സുമാരെ സ്ഥിരപ്പെടുത്താൻ നടപടി

319(2255) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പരിരക്ഷ പാലിയേറ്റീവ് രംഗത്ത് പത്ത് വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന നഴ്സുമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതുസംബന്ധിച്ച 5650069/21/എം (എൽ.എസ്.ജി&ആർ.ഡി.&ഇ) നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ബി & സി) 565069/21/എം (എൽ.എസ്.ജി & ആർ.ഡി.&ഇ) നമ്പരായി ശ്രീ. പി. ഉബൈദുള്ള എം.എൽ.എ. സമർപ്പിച്ച കത്തിലേയും അതിനോടൊപ്പമുള്ള നിവേദനത്തിലേയും ലഭിച്ച മറ്റു നിവേദനങ്ങളിലേയും ആവശ്യങ്ങൾ EPA2/179/2021/LSGD എന്ന ഫയലിൽ പരിശോധിക്കുകയും ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ ഓണറേറിയം 18,390 രൂപയായി 01.02.2021 തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് 03.06.2022-ലെ സ.ഉ(സാധാ)നം. 1373/2022/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം കാലാകാലം വർദ്ധിപ്പിച്ച് ധനകാര്യ വകുപ്പിൽനിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പരിധിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെയും ഉൾപ്പെടുത്തുന്നതിലേയ്ക്കായി ടി വിഭാഗം ജീവനക്കാരെ ഉത്തരവിന്റെ അനുബന്ധത്തിലെ ഏത് കാറ്റഗറിയിൽ ഉൾപ്പെടുത്തണമെന്നുള്ളത് സംബന്ധിച്ച് പരിശോധിച്ച് പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. പാലിയേറ്റീവ് സംവിധാനത്തിന്റെ പ്രവർത്തനത്തിനായി 2019-ൽ പുറപ്പെടുവിച്ച മാർഗ്ഗരേഖ കാലികമാക്കുന്നതിനായി ഇക്കാര്യത്തിലുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കരാർ അടിസ്ഥാനത്തിൽ തുടരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പൊതുശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടി

320(2256) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുശ്മശാനം ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നതിനായി 2019-20 വർഷം വരെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിരുത്തിയിട്ടില്ല. നിലവിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ അവയ്ക്ക് ലഭ്യമാകുന്ന വിവിധ ഫണ്ടുകൾ വിനിയോഗിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുശ്മശാനം നിർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കി വരുന്നു. ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് ഇംപാക്ട് കേരള മുഖേന

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ബി) ഇതുവരേയും പൊതുശ്മശാനങ്ങൾ സ്ഥാപിച്ചിട്ടില്ലാത്ത എത്ര പഞ്ചായത്തുകളുണ്ട്; വിശദമായ വിവരം ലഭ്യമാക്കാമോ?

539 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിലവിലില്ല.

| ജില്ല | പൊതുശ്മശാനം നിലവില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 64 |
| കൊല്ലം | 62 |
| പത്തനംതിട്ട | 33 |
| ആലപ്പുഴ | 68 |
| കോട്ടയം | 47 |
| ഇടുക്കി | 34 |
| എറണാകുളം | 50 |
| തൃശ്ശൂർ | 35 |
| പാലക്കാട് | 24 |
| മലപ്പുറം | 39 |
| കോഴിക്കോട് | 38 |
| വയനാട് | 12 |
| കണ്ണൂർ | 23 |
| കാസർഗോഡ് | 10 |

(സി) പഞ്ചായത്തുകളിൽ ഇവ സ്ഥാപിക്കുന്നതിന് എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും സ്ഥലമെടുപ്പിനും അനുബന്ധ പ്രവൃത്തികൾക്കുമായി

എത്ര തുകയുടെ ധനസഹായമാണ് അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ; പ്രസ്തുത തുക പര്യാപ്തമാണോ; വിശദമാക്കാമോ?

സംസ്ഥാനത്തെ 150 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ KIIFB-യുടെ സഹായത്തോടെ പൊതുശ്മശാനം സ്ഥാപിക്കുന്നതിനായി 24.10.2017-ലെ സ.ഉ(സാധാ) 3382/2017/LSGD പ്രകാരം 123 കോടി രൂപയുടെ ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

(ഡി) പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് മുഖ്യതടസ്സമായി നിലനിൽക്കുന്ന വിഷയങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ആയത് ഫലപ്രദമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതും ലഭ്യമാകുന്ന സ്ഥലത്ത് പ്രദേശവാസികളുടെ എതിർപ്പ് ഉണ്ടാകുന്നതും പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമാകുന്നുണ്ട്. ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിവരുന്ന തുക പൂർണ്ണമായും കണ്ടെത്താൻ സാമ്പത്തികശേഷി കുറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയാത്തതും ഒരു പ്രധാന കാരണമാണ്. സ്ഥലം ലഭ്യമാകുന്നതിനുള്ള തടസ്സം പരിഹരിക്കുന്നതിന് ആവശ്യമായ ബോധവത്കരണം

നടത്തുന്നതിനും വിവിധ രാഷ്ട്രീയ പാർട്ടികളുടെ സഹകരണത്തോടെ ചർച്ചകൾ നടത്തുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് കെട്ടിടം

321(2257) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് രജിസ്ട്രേഷൻ വകുപ്പ് സമർപ്പിച്ച കത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് ഭൂമിയിൽ എടച്ചേരി സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകപ്പിന് കൈമാറുന്നതിനുള്ള ഭരണസമിതി തീരുമാനം ഉൾപ്പെടുത്തിയ കത്ത് സർക്കാരിൽ ലഭ്യമായിരുന്നു. എടച്ചേരിയിൽ പുതിയ സബ്‌രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന്

രജിസ്ട്രേഷൻ വകുപ്പിന്റെ അനുമതി നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ച് നൽകുന്നതിനായി ഫയൽ നികുതി വകുപ്പിലേയ്ക്ക് 01.10.2019-ൽ അയച്ചിരുന്നു. എന്നാൽ ഭൂമി ലഭ്യമായാൽ മാത്രമേ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് 25.06.2022-ൽ നികുതി വകുപ്പ് മറുപടി നൽകി. തുടർന്ന് ഭൂമി രജിസ്ട്രേഷൻ വകുപ്പിന് വിട്ടുനൽകാമോ എന്നതിൽ അഭിപ്രായം അറിയുന്നതിനായി ഫയൽ റവന്യൂ വകുപ്പിന് കൈമാറിയിരിക്കുകയാണ്.

(ബി) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കാൻ പഞ്ചായത്ത് വകുപ്പ് എവിടെയൊക്കെ ഭൂമി നൽകിട്ടുണ്ട് എന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം, കുന്നത്തുകാൽ, പെരുങ്കടവിള, വെള്ളറട എന്നീ ഗ്രാമപഞ്ചായത്തുകളിലും കൊല്ലം ജില്ലയിലെ പൂയപ്പള്ളി, ആലപ്പുഴ ജില്ലയിലെ ചെറിയനാട്, എറണാകുളം ജില്ലയിലെ രായമംഗലം, കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളിലും രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കാൻ ഭൂമി വിട്ടുനൽകിയിട്ടുണ്ട്.

<u>കോട്ടാങ്ങൽ പഞ്ചായത്ത് ഭൂമി വൈദ്യുതി ബോർഡിന് കൈമാറുന്ന നടപടി</u>

322(2258) <u>ശ്രീ. പ്രമോദ് നാരായൺ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി വിട്ടുനൽകുവാനുള്ള പ്രമേയം പാസ്സാക്കി തദ്ദേശസ്വയംഭരണ വകുപ്പിന് കോട്ടാങ്ങൽ പഞ്ചായത്ത് നൽകിയിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വായ്പൂരിൽ ഉള്ള 338/10 സർവ്വെ നമ്പരിൽപ്പെട്ട വസ്തുവിൽ നിന്ന് 10 സെന്റ് സ്ഥലം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നിരുപാധികം വിട്ടുകൊടുക്കുന്നതിന് 05.05.2018-ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ 8/1 നമ്പരായി തീരുമാനിച്ചിരുന്നുവെന്ന് കാണുന്നു. എന്നാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 27.12.2018-ലെ ഡയറക്ടർ ബോർഡ് തീരുമാനം പ്രകാരം ടി ഭൂമിക്ക് സെന്റ് ഒന്നിന് 100 രൂപ നിരക്കിൽ കേവല വില നിശ്ചയിച്ചതുപ്രകാരം ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വൈദ്യുതി ബോർഡ് കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്

കത്ത് നൽകിയതായും അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് യോഗം ചേരുകയും സ്ഥലം വിട്ടുനൽകുന്നതുമൂലം ഗ്രാമപഞ്ചായത്തിന് ഭൂമി സംബന്ധമായ ആവശ്യങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാവുകയില്ലായെന്നും വികസന പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാത്ത തരത്തിൽ പൊതുജനങ്ങളുടെ സൗകര്യാർത്ഥം ടി ഓഫീസ് ഗ്രാമപഞ്ചായത്തിൽത്തന്നെ നിലനിർത്തേണ്ടതിന്റെ അനിവാര്യത ഗ്രാമപഞ്ചായത്തിന് ബോധ്യമുള്ളതിനാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ആവശ്യപ്രകാരം ടി ഭൂമി 1 സെന്റിന് 100 രൂപ നിരക്കിൽ കേവലവില ഈടാക്കി വിട്ടുനൽകുന്നതിനുവേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും കാണുന്നു. എന്നാൽ പ്രസ്തുത ശിപാർശ നാളിതുവരെ സമർപ്പിച്ചിട്ടില്ല.

(ബി) സ്ഥലം വിട്ടുനൽകുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ ഭരണ വകുപ്പിന് കൈമാറേണ്ട പ്രൊഫോർമയുടെ പകർപ്പ് ലഭ്യമാക്കാമോ?

സ്ഥലം വിട്ടുനൽകുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ കൈമാറേണ്ട പ്രൊഫോർമ സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ 2005-ൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) പ്രസ്തുത സ്ഥലം വൈദ്യുതി വകുപ്പിന് കൈമാറുന്നതിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ബാധകമല്ല.

എടച്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം

323(2259) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കെട്ടിടനിർമ്മാണത്തിനായി സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

(എ & ബി) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കെട്ടിടനിർമ്മാണത്തിനായി ഏതെങ്കിലും വിധത്തിൽ ഫണ്ട്

വകയിരുത്താൻ കഴിയുമോ എന്നുള്ള വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

## പി.എം.എ.വൈ. - അമ്പതകുടീരം ഭവനപദ്ധതി

324(2260) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ അമ്പതകുടീരം കോളനി നിവാസികൾക്കായി പി.എം.എ.വൈ. (അർബൻ) സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന 117 വീടുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിലെ അമ്പതകുടീരം കോളനിയിലെ 117 ഗുണഭോക്താക്കളെ പി.എം.എ.വൈ. (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തി 07.08.2020-ൽ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും പ്ലോട്ട് ഡെവലപ്മെന്റ് 40% പൂർത്തിയാക്കുകയും ചെയ്തു. 40 വീടുകളുടെ നിർമ്മാണം ആരംഭിച്ചു. അതിൽ 2 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പദ്ധതിയിൽ പൊതുമരാമത്ത് റോഡിനോട് അഭിമുഖമായി വരുന്ന 21 വീടുകളുടെ നിർമ്മാണത്തിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കണമെന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നിവേദനത്തിന്മേൽ സ്ഥലപരിശോധനയും വികസന സാധ്യതയുള്ള പ്രദേശത്ത് ഭൂമിയുടെ ദൗർലഭ്യവും കണക്കിലെടുത്ത് ഭവനരഹിതർക്ക് പാർപ്പിട സൗകര്യം സാധ്യമാക്കുന്നതിന് വേറെ ഭൂമി കിട്ടാത്ത സാഹചര്യമുണ്ടോ എന്നതടക്കമുള്ള വിവരങ്ങൾ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പയ്യന്നൂർ നഗരസഭയിലെ ഫ്ലാറ്റ് നിർമ്മാണം

325(2261) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ കോറോം-ൽ ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ നടന്നുവരുന്ന ഫ്ലാറ്റിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

പയ്യന്നൂർ നഗരസഭയിലെ കോറോം-ൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഫ്ളാറ്റിന്റെ ഫൗണ്ടേഷന്റെ നിർമ്മാണം പുരോഗതിയിലാണ്. നിലവിൽ കരാർ കമ്പനി നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഉടൻതന്നെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കും.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കരാർ കമ്പനിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് ഫ്ലാറ്റുകൾ എന്നത്തേയ്ക്ക് ഗുണഭോക്താക്കൾക്ക് കൈമാറുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് ഫ്ളാറ്റുകൾ 2022 ഡിസംബർ 31-ന് ഗുണഭോക്താക്കൾക്ക് കൈമാറുവാനാണ് ലക്ഷ്യമിടുന്നത്.

## പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി

326(2262) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്കായി 2011-12-ൽ ചെലവഴിച്ച തുക വ്യക്തമാക്കുമോ?

പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്കായി 2011-12-ൽ തുക ചെലവഴിച്ചിട്ടില്ല. പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്കായി പ്രൊജക്ട് നമ്പർ 127/12 പടിഞ്ഞാറ്റമുറി കുടിവെള്ളം കിണർ നിർമ്മാണം എന്ന പദ്ധതി 2011-12-ൽ രൂപീകരിക്കുകയും ആയത് സ്പിൽ ഓവർ ആയി 2012-13 വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ളതുമാണ്. തുക 1,47,053/- രൂപയാണ്.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമായിരുന്നുവെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ?

പടിഞ്ഞാറ്റുമുറി കുടിവെള്ളപദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച് നടത്തേണ്ടതായിരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) പടിഞ്ഞാറ്റുമുറി കുടിവെള്ള കിണർ നിർമ്മാണം.

2) പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം.

3) പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി.

4) പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ.

മേൽപ്പറഞ്ഞ നാല് പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. അവ പൂർത്തീകരിച്ചിട്ടുമുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി പഞ്ചായത്തിന് വിട്ടുനൽകിയിരുന്നോയെന്നും ഉണ്ടെങ്കിൽ ആരാണ് വിട്ടുനൽകിയതെന്നും എന്നാണ് വിട്ടുനൽകിയതെന്നും വ്യക്തമാക്കുമോ?

പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്കായി അമ്പലവൻ പാത്തുമ്മക്കുട്ടി w/o തൈരനിൽ മുഹമ്മദ് (Late) തൈരനിൽപ്പടി, പാങ്ങ് വെസ്റ്റ് എന്നവർ 446/6 എന്ന സർവ്വേ നമ്പറിൽ 1.5 സെന്റ് സ്ഥലം ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫാറം എ.റൂൾ 3 ഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷ പ്രകാരം വില്ലേജ് ഓഫീസർ ഒപ്പിട്ടുനൽകിയിട്ടുണ്ട്. ആയതിൽ ഭൂമി വിട്ടുകൊടുക്കുന്നതിന്റെ

ആവശ്യം കിണർ നിർമ്മാണം എന്നാണ് കാണുന്നത്. 13.02.2012-ലാണ് റിലിങ്ക്വിഷ് ഫോറം നൽകിയിട്ടുള്ളത്.

(ഡി) പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആസ്തി നമ്പർ വ്യക്തമാക്കുമോ?

പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

(ഇ) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം എത്രപേർക്കാണ് ലഭിച്ചിട്ടുള്ളതെന്നും അത് ആർക്കൊക്കെയാണെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതി 100 കുടുംബങ്ങൾക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഡിസ്ട്രിബ്യൂഷൻ ലൈനിന്റെ ഭാഗമായി ആർക്കും കണക്ഷൻ നൽകിയിട്ടില്ല. നിലവിൽ പദ്ധതി പ്രവർത്തനക്ഷമമല്ല.

<u>പാറശ്ശാല മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>

327(2263) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതി, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിൽ

അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുവദിച്ചിട്ടുള്ള തുകയും പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 26 പ്രവൃത്തികളും സി.എം.എൽ.ആർ.ആർ.പി.-യിൽ ഉൾപ്പെടുത്തി ആകെ 20 പ്രവൃത്തികളും അനുവദിച്ചിരുന്നു. നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ; പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, അതിന്മേൽ കാലതാമസം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം സഹിതം വിശദമാക്കുമോ?

45 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടാമ്പു ചിമിനിക്കാട് റോഡ്-അമ്പൂരി ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയുടെ കരാറിലേർപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത സ്ഥലത്ത് കോടതി വ്യവഹാരം ഉള്ളതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല.

(സി) പ്രസ്തുത മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ, ഫണ്ടിന്റെ പേര്, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ സഹിതം ലഭ്യമാക്കുമോ?

2021 ഏപ്രിൽ മാസത്തിനുശേഷം സി.എം.എൽ.ആർ.ആർ.പി.-യിൽ ഉൾപ്പെടുത്തി 13 പ്രവൃത്തികളും റീ-ബിൽഡ് കേരള പദ്ധതി മുഖേന 19 പ്രവൃത്തികളും എം.എൽ.എ.- എസ്.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 12 പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ഹരിപ്പാട് മണ്ഡലത്തിലെ ഇ.എം.എസ്. ഭവന പദ്ധതി

328(2264) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താവായിരുന്ന അഷ്റഫ് പുത്തൻകണ്ടത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് അറിയിക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് അറിയിക്കാമോ?

(എ & ബി) ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ ശ്രീ. അഷ്റഫ് പുത്തൻകണ്ടത്തിൽ എന്നയാൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുകയും ടിയാൻ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2020-ലെ 2.3(4.16) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. അഷ്റഫ് പുത്തൻകണ്ടത്തിൽ എന്നയാൾക്ക് ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുകയും ടിയാൻ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ പദ്ധതികൾ

329(2265) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം 2020-21 മുതൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദവിവരം മുൻസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം 2020-21 മുതൽ നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ്

330(2266) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകളുടെ വിവരങ്ങളും ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പും അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇത്തരത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഇത്തരത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

331(2267) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പൂഞ്ഞാർ മണ്ഡലത്തിലെ റോഡുകളുടെ എണ്ണം വ്യക്തമാക്കുമോ?

34 റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇവയിൽ എത്ര റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ?

21 എണ്ണം.

(സി) പൂർത്തീകരിക്കുവാനുള്ള റോഡുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കാട് മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി

332(2268) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വിവിധ പഞ്ചായത്തുകളിൽ ബഹു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള റോഡുകൾ ഏതെല്ലാമാണെന്നും പ്രസ്തുത റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

## പെരിന്തൽമണ്ണ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

333(2269) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോന്നും 2016-17 മുതൽ 2021-22 വരെയുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലയളവിലെ ഓരോ സാമ്പത്തിക വർഷവും എത്ര ശതമാനം പദ്ധതി നിർവ്വഹണം നടത്തിയെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോന്നും 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിലെ ഓരോ സാമ്പത്തിക വർഷവും എത്ര ശതമാനം പദ്ധതി നിർവ്വഹണം നടത്തിയെന്നത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ മേൽ സൂചിപ്പിച്ച വർഷങ്ങളിൽ കേന്ദ്ര വിഹിതത്തോടെ എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സ്ഥാപനങ്ങൾ മേൽ സൂചിപ്പിച്ച വർഷങ്ങളിൽ കേന്ദ്ര വിഹിതത്തോടെ എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയെന്നത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## കെ.എസ്.ആർ.ടി.സി. യൂണിയൻ ഓഫീസിന്റെ നികുതി നിർണ്ണയം

334(2270) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തിരുവനന്തപുരം നഗരസഭയിൽ TC14/533(1) നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. യൂണിയൻ ഓഫീസിന് അമിതമായി നികുതി നിശ്ചയിക്കപ്പെട്ടതിനെത്തുടർന്ന് 21.4.2014-ലെ ഫയൽ നമ്പർ 55649 പ്രകാരം നൽകിയ റിവിഷൻ പെറ്റീഷനമേൽ നടപടി ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

റ്റി.സി. 14/533 (1) നമ്പർ കെട്ടിടത്തിന്റെ റിവിഷൻ പെറ്റീഷൻ അപേക്ഷയിൽ നികുതി സ്ഥിരപ്പെടുത്തി നിശ്ചയിച്ചിട്ടുള്ളതാണ്.

(ബി) റിവിഷൻ പെറ്റീഷൻ നൽകിയ കക്ഷിയെ ഹിയറിംഗിന് വിളിച്ചിരുന്നോ; ഇല്ലെങ്കിൽ അത് ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും പ്രസ്തുത ഫയലിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരസഭയിൽ പാളയം വാർഡിൽ ശ്രീ. സൂരജ് പി. ആർ. & ശ്രീ. പി. എസ്. ജോൺ എന്നിവരുടെ ഉടമസ്ഥതയിലുള്ള റ്റി.സി.14/533(1), (2) നമ്പർ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചുനൽകിയ ഉത്തരവ് 16.04.2014-ൽ കക്ഷി കൈപ്പറ്റിയിട്ടുള്ളതും ഇതിന്മേൽ കക്ഷി 27.04.2014-ൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയും 30.04.2014-ന് 3.00 മണിക്ക് ഹിയറിംഗിന് ഹാജരാകുന്നതിന് തീയതി

നൽകിയിരുന്നുവെങ്കിലും ഹിയറിംഗിന് ഹാജരായിരുന്നില്ല. തുടർനടപടിയെന്ന നിലയിൽ നികുതി സ്ഥിരപ്പെടുത്തി ഉത്തരവാകുകയാണ് ഉണ്ടായത്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് 20.8.2019-ൽ നൽകിയ ടാക്സ് അപ്പീൽ അപേക്ഷയിന്മേൽ ഫയൽ നമ്പർ 66800 പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത അപ്പീൽ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

അപേക്ഷ സമയപരിധിക്കുള്ളിൽ നൽകിയതായി കാണുന്നില്ല.

(ഡി) മറ്റു രാഷ്ട്രീയ/തൊഴിലാളി സംഘടനകളുടെ ഓഫീസുകൾക്ക് സമാനമായ നിരക്കിൽ പ്രസ്തുത ഓഫീസിനും നികുതി നിർണ്ണയിച്ച് പ്രവർത്തനാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഓഫീസുകൾക്ക് നിലവിൽ നികുതി നിർണ്ണയിക്കുന്നത് ഫോം 6-ൽ ഉള്ള നിബന്ധനകൾ പ്രകാരമാണ്. ആയതിന്റെ നിരക്ക് 1 m2-ന് 80 രൂപയാണ്. ടി നിരക്കിനെ കെട്ടിടത്തിന്റെ ഏരിയയുമായി ഗുണിച്ച് ഏറ്റക്കുറച്ചിൽ നൽകിയാണ് നികുതി നിശ്ചയിക്കുന്നത്. കൗൺസിൽ അനുമതിക്ക് വിധേയമായാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടി മാനദണ്ഡങ്ങൾ എല്ലാ ഓഫീസുകൾക്കും ബാധകമാണ്.

## കുന്നത്തുനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

335(2271) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2020 മുതൽ നാളിതുവരെ അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

(എ & ബി ) അനുബന്ധമായി ചേർക്കുന്നു.+

(സി) 2022-23 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലേയ്ക്ക് പ്രസ്തുത മണ്ഡലത്തിൽനിന്ന് പുതിയ പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

കുന്നത്തുനാട് മണ്ഡലത്തിൽനിന്നും 2022-23 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മൂന്ന് റോഡുകളുടെ (ആകെ ദൈർഘ്യം 22.62 കി.മീ.) പദ്ധതി നിർദ്ദേശങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലഭ്യമായിട്ടുണ്ട്. കേന്ദ്രാനുമതിക്ക് സമർപ്പിക്കുന്നതിനായി അവയുടെ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്.

## എം.എൽ.എ. എ.ഡി.എഫ്. പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് തുക നൽകുന്ന നടപടി

336(2272) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന എം.എൽ.എ. എ.ഡി.എഫ്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുന്നതിൽ എൽ.എസ്.ജി. എഞ്ചിനീയറിംഗ് വിംഗ് വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഇപ്രകാരമുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഏത് വർഷം വരെയുള്ള തുകയാണ് എൽ.എസ്.ജി.ഡി. നൽകാനുള്ളത്; വ്യക്തമാക്കാമോ?

ന്യൂനതകൾ പരിഹരിച്ച് ലഭ്യമായ 30.04.2022 വരെയുള്ള പ്രവൃത്തികൾക്ക് തുക അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടി

337(2273) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കാമോ;

(ബി) ഇന്റഗ്രേഷൻ നടപടി പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടാകുമോ; വിവരം ലഭ്യമാക്കാമോ?

(എ & ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് 2022 ഫെബ്രുവരി 19 മുതൽ നിലവിൽ വന്നിട്ടുണ്ട്. തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവനിൽ ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നിലവിൽ വരികയും പ്രിൻസിപ്പൽ ഡയറക്ടറെ നിയമിക്കുകയുമുണ്ടായി. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ ഉൾപ്പെടെ സ്വരാജ് ഭവനിലേക്ക് മാറ്റി 5 വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. ഏകീകൃത വകുപ്പിന്റെ ജില്ലാമേധാവിയായി തദ്ദേശസ്വയംഭരണ വകുപ്പിലെ ഒരു ജോയിന്റ് ഡയറക്ടറെ നിയോഗിക്കുകയും ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥരെ

ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക ചുമതല നൽകി നിയമിക്കുകയും ചെയ്തു.

വകുപ്പ് ഏകീകരണം യാഥാർത്ഥ്യമായതോടെ നിലവിലുള്ള പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട്, ടൗൺ പ്ലാനിംഗ് ആക്ട് എന്നിവയുമായുള്ള വൈരുദ്ധ്യം ഒഴിവാക്കുന്നതിനും നിയമപ്രാബല്യത്തിനും വേണ്ടി 2022-ലെ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസ് (2022-ലെ 5-ാം നമ്പർ തീയതി 31.03.2022) പുറപ്പെടുവിച്ചു.

പൊതുസർവ്വീസിന്റെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിച്ചും നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തും 25.06.2022-ലെ സ.ഉ(കൈ)നം.134/2022/എൽഎസ്ജിഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയത് SRO നോട്ടിഫിക്കേഷനായി ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

338(2274) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാനായത്?

കഴിഞ്ഞ സാമ്പത്തിക വർഷം 10.59 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു.

(ബി) ഉല്പാദനമേഖലയിൽ എത്ര രൂപ ചെലവഴിക്കാനായിട്ടുണ്ട്; പദ്ധതിയുടെ ഭാഗമായി നവീകരിക്കാൻ സാധിച്ച റോഡുകളുടെ ജില്ല തിരിച്ചുള്ള വിവരവും നിർമ്മിക്കാൻ സാധിച്ച മന്ദിരങ്ങളുടെ ജില്ല തിരിച്ചുള്ള വിവരവും ലഭ്യമാക്കാമോ?

ഉല്പാദന മേഖലയിലെ പ്രവൃത്തികൾക്കായി, 2021-22 സാമ്പത്തിക വർഷം 2,750.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത റോഡ് നിർമ്മാണം/നവീകരണം,

കെട്ടിട നിർമ്മാണം എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ബ്രഹ്മപുരത്ത് ബയോ മൈനിംഗ്

339(2275) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് എത്ര ടൺ മാലിന്യമാണ് അടിഞ്ഞുകിടക്കുന്നതെന്നും ഇത് ബയോ മൈനിംഗ് നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; എങ്കിൽ അതിന് സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കാമോ?

എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് 40.24 ഏക്കർ ഭൂമിയിൽ 5,51,903 ടൺ ലഗസി മാലിന്യമാണ് അടിഞ്ഞുകിടക്കുന്നത്. ബയോ മൈനിംഗ് പ്രകാരം ഇത്രയും ടൺ മാലിന്യം നീക്കം ചെയ്യാൻവേണ്ടി സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡിന് കരാർ നൽകിയിട്ടുള്ളതാണ്.

(ബി) ബയോ മൈനിംഗ് നടക്കുന്നുണ്ടെങ്കിൽ അതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിരുന്നോ; പ്രസ്തുത ബോർഡിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിബന്ധനകൾ അനുസരിച്ചാണോ ബയോ മൈനിംഗ് നടക്കുന്നത്; വ്യക്തമാക്കുമോ?

ബയോ മൈനിംഗ് പ്രക്രിയ ചെയ്യുന്നതിന് കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭ്യമാക്കിയിട്ടുള്ളതാണ്. അനുമതിയുടെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ബയോ മൈനിംഗ് പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നത്.

(സി) ബയോ മൈനിംഗിന് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഇനി എത്ര ടൺ മാലിന്യമാണ് അവശേഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ബയോ മൈനിംഗിന് മൊബിലൈസേഷൻ അഡ്വാൻസ് ആയി 7,15,74,684 രൂപ നൽകിയിട്ടുള്ളതാണ്. ഇനി 4,19,000 ടൺ മാലിന്യമാണ് അവശേഷിക്കുന്നത്.

## തൊഴിലുറപ്പ് പദ്ധതി

340(2276) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിൽ ദിനങ്ങൾ ഗണ്യമായി കുറയാനിടയാക്കുന്ന കേന്ദ്ര സർക്കാർ തീരുമാനം കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയെ എങ്ങനെ ബാധിക്കുമെന്നാണ് കരുതുന്നത്; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്തെ തൊഴിൽ ആവശ്യകത കണക്കാക്കി, 2022-23 വർഷം 10.47 കോടി തൊഴിൽ ദിനങ്ങൾക്ക് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും 6 കോടി തൊഴിൽദിനങ്ങൾക്ക് മാത്രമേ കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുള്ളൂ. ഈ സാമ്പത്തിക വർഷം നാളിതുവരെയായി 133.90 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. തൊഴിൽദിനങ്ങൾ അനുവദിക്കുന്നതിൽ ഉണ്ടാകുന്ന കുറവ്, അനുവദിച്ചതിൽ അധികമായി സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങൾക്കുള്ള വേതനം കൃത്യസമയത്ത് ലഭിക്കുന്നതിന് തടസ്സമായേക്കും. സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നതിനും മാസങ്ങളുടെ കാലതാമസമുണ്ടാകുന്നത് സംസ്ഥാനത്തെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

(ബി) എസ്.സി., ജനറൽ വിഭാഗങ്ങൾക്ക് വ്യത്യസ്ത സമയങ്ങളിലാണ് തൊഴിലുറപ്പ് വേതനം ലഭിക്കുന്നത് എന്നത് പരാതികൾക്കിടയാക്കുന്ന

കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും ഈ സാമ്പത്തിക വർഷം മുതൽ വ്യത്യസ്ത രീതിയിലുള്ള വേതന വിതരണം കേന്ദ്ര സർക്കാർ അവസാനിപ്പിച്ചിട്ടുള്ളതുമാണ്.

(സി) പ്രസ്തുത പദ്ധതിയിൽ ഒരു ഗ്രാമപഞ്ചായത്തിന് മെറ്റീരിയൽ ഫണ്ട് വിനിയോഗിച്ച് നടത്താൻ കഴിയുന്ന പ്രവൃത്തികൾക്ക് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുതുതായി നിയന്ത്രണങ്ങളൊന്നും കൊണ്ടുവന്നിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ വേതന-സാധന അനുപാതം 60:40 ആയിരിക്കണം എന്ന വ്യവസ്ഥയുണ്ട്. ഇത് പുതിയ നിബന്ധനയല്ല.

## കൊച്ചിയിൽ വേസ്റ്റ് ടു എനർജി പ്ലാന്റ്

341(2277) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കോർപ്പറേഷനിൽ മാലിന്യസംസ്കരണ യൂണിറ്റ് കാര്യക്ഷമമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കാര്യക്ഷമമാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഇല്ല. കൊച്ചി നഗരസഭയുടെ അധീനതയിൽ ബ്രഹ്മപുരത്ത് 250 ടൺ പ്രതിദിന ശേഷിയുള്ള ഒരു വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ടി പ്ലാന്റിൽ നഗരസഭയിലേയും സമീപത്തുള്ള ഏഴ് തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ജൈവ മാലിന്യങ്ങൾ എത്തിച്ച് സംസ്കരിച്ച് വളമാക്കിമാറ്റുന്നു. ഖരമാലിന്യ സംസ്കരണത്തിനായി ബ്രഹ്മപുരത്ത് 300 ടൺ പ്രതിദിന ശേഷിയുള്ള പുതിയ വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റിന്റെ ഡി.പി.ആർ. തയ്യാറാക്കി നഗരസഭ കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് വേസ്റ്റ് ടു എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിന് KSIDC ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ടെണ്ടർ നടപടികൾ പാലിച്ച് ഒരു കമ്പനിയെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ പങ്കാളി

മാനദണ്ഡ പ്രകാരം പദ്ധതി നടത്തിപ്പിനായി കൊച്ചി വേസ്റ്റ് മാനേജമെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

കൊച്ചി കോർപ്പറേഷനും എറണാകുളം ജില്ലയിലെ മറ്റ് മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് എറണാകുളം ജില്ലയിലെ ക്ലസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബ്രഹ്മപുരത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പ്ലാന്റ് പ്രതിദിനം ഉദ്ദേശം 500 ടൺ വരെ ശേഷിയുള്ളതായിരിക്കും. ജൈവവും അജൈവവുമായ മാലിന്യങ്ങൾ തരം തിരിച്ച്, ശേഖരിച്ച്, സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലായിരിക്കും പ്ലാന്റിന്റെ പ്രവർത്തന രീതി.

കൊച്ചി കോർപ്പറേഷൻ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിക്കായുള്ള കൺസഷൻ എഗ്രിമെന്റ് കമ്പനിയുമായി ഒപ്പുവച്ചുകഴിഞ്ഞു. കൗൺസിൽ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതാണെന്ന് കൊച്ചി കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. പദ്ധതിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികളും കമ്പനിയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

## കെ.എം.ബി.ആർ. അംഗീകാരം ലഭിക്കുന്നതിന് നടപടി

342(2278) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടും കെ.എം.ബി.ആർ. ലംഘനങ്ങൾ ഉള്ളത് കാരണം അംഗീകാരം ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെറിയ തോതിലുള്ള കെ.എം.ബി.ആർ. ലംഘനങ്ങൾ കാരണം പ്രവൃത്തികൾക്ക് അംഗീകാരം നൽകാത്തതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നില്ല എന്ന പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) കെട്ടിട നിർമ്മാണ ചട്ടം 3(4) പ്രകാരം സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങൾ/സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ട ലംഘനമുണ്ടെങ്കിൽ അവയ്ക്ക് ഇളവ് നൽകാൻ സർക്കാരിന് അധികാരമുണ്ട്. മറ്റുള്ള പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ചെറിയ തോതിലുള്ള ലംഘനങ്ങൾ ചട്ടം 3(5) അനുശാസിക്കുന്നത് പ്രകാരം ഫീസ് നൽകി ഇളവിനുവേണ്ടി സർക്കാരിൽ അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിലുള്ള അപേക്ഷകളിൽ മുഖ്യ നഗരാസൂത്രകന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

## <u>ഗുരുവായൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ട ലിസ്റ്റ്</u>

343(2279) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതിയുടെ രണ്ടാംഘട്ട ഗുണഭോക്തൃ ലിസ്റ്റിന്റെ പ്രാഥമിക പരിശോധന പൂർത്തിയാക്കി കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ ഗുരുവായൂർ

നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട് എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് വിശദാംശം നൽകുമോ?

ലൈഫ് 2020 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള കരട് ഗുണഭോക്തൃ പട്ടികയിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2152 ഭൂമിയുള്ള ഭവനരഹിതരും 3084 ഭൂരഹിത ഭവനരഹിതരും ഉൾപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | ഭൂമിയുള്ള ഭവന രഹിതർ | ഭൂരഹിത ഭവന രഹിതർ |
|---|---|---|
| ചാവക്കാട് | 84 | 494 |
| ഗുരുവായൂർ | 153 | 595 |
| എങ്ങണ്ടിയൂർ | 287 | 272 |
| കടപ്പുറം | 353 | 484 |
| ഒരുമനയൂർ | 123 | 206 |
| പുന്നയൂർ | 469 | 711 |
| പുന്നയൂർകുളം | 469 | 191 |
| വടക്കേക്കാട് | 214 | 131 |
| ആകെ | 2,152 | 3,084 |

## സി.ആർ.ഇസെഡ്. പരിധിയിലുള്ള വീടുകൾക്ക് പെർമിറ്റ്

344(2280) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.ആർ.ഇസെഡ്. വ്യവസ്ഥകളിൽ മാറ്റം വന്നിട്ടുണ്ടോ; വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സി.ആർ.ഇസെഡ്. പരിധിയുടെ അളവുകൾ തരംതിരിച്ച് വിശദമാക്കാമോ?

മാറ്റം വന്നിട്ടില്ല. 2011-ലെ സി.ആർ.ഇസെഡ്. വിജ്ഞാപനത്തിലെ വ്യവസ്ഥകളാണ് ഇപ്പോഴും നിലവിലുള്ളത്.

1) സി.ആർ.ഇസെഡ് II-ൽ ഉൾപ്പെട്ട കടലിനോട് ചേർന്നുള്ള തീര പ്രദേശങ്ങളിൽ വേലിയേറ്റ രേഖയിൽ നിന്ന് 100 മീറ്റർ വരെയുള്ള വികസന നിരോധിത മേഖലയിൽ പരമ്പരാഗത തീരദേശവാസികളുടെ നിലവിലുള്ള അംഗീകൃത നിർമ്മാണങ്ങളുടെ അറ്റകുറ്റപ്പണിയോ പുനർനിർമ്മാണമോ 100 മീറ്ററിനും 200 മീറ്ററിനും ഇടയിൽ വരുന്ന മേഖലയിൽ പരമ്പരാഗത തീരദേശവാസികളുടെ 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള നിർമ്മാണങ്ങളും 200 മീറ്റർ കഴിഞ്ഞുള്ള മേഖലകളിൽ കെട്ടിടത്തിന്റെ ഉയരം 9 മീറ്ററിൽ കവിയാതെയുള്ള രണ്ട് നിലകളായി 250 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹ നിർമ്മാണങ്ങൾക്കും അനുമതി നൽകാവുന്നതാണ്.

2) സി.ആർ.ഇസെഡ്. II-ൽ ഉൾപ്പെട്ട തീരപ്രദേശങ്ങളിൽ അംഗീകൃത റോഡുകളുടെയോ കെട്ടിടങ്ങളുടെയോ കരഭാഗത്തേയ്ക്ക് 250 ച.മീറ്റർ വിസ്തീർണ്ണമുള്ള വാസഗൃഹ നിർമ്മാണങ്ങൾ അനുവദനീയമാണ്.

3) ജലാശയത്താൽ ചുറ്റപ്പെട്ട ദ്വീപുകളിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ വരെ വികസന നിരോധിത മേഖലയിൽ ഉൾപ്പെടുന്നു. അത്തരം പ്രദേശങ്ങളിൽ നിലവിലുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിൽ കവിയാതെയുള്ള അറ്റകുറ്റപ്പണികളോ പുനർനിർമ്മാണമോ മാത്രമാണ് അനുവദനീയം.

4) സി.ആർ.ഇസെഡ്. II-ലെ വികസന നിരോധിത മേഖലയിൽ (വേലിയേറ്റ രേഖയിൽ നിന്ന് 100 മീറ്ററോ ജലാശയത്തിന്റെ വീതിയോ ഇവയിൽ ഏതാണോ കുറവ് അതുവരെ) ഉൾപ്പെട്ട കായൽ, നദി, തോട് മുതലായവയോട് ചേർന്നുള്ള തീരപ്രദേശങ്ങളിൽ നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ കവിയാതെയുള്ള അറ്റകുറ്റപ്പണികളോ പുനർനിർമ്മാണമോ മാത്രമാണ് അനുവദനീയം.

(ബി) സി.ആർ.ഇസെഡ്. പരിധിയിലുള്ള വീടുകളുടെ പെർമിറ്റ് അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസമുണ്ടാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സി.ആർ.ഇസഡ്. പരിധിയിലുള്ള വീടുകളുടെ പെർമിറ്റ് അപേക്ഷ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA)-യുടെ അംഗീകാരത്തിനായി അയച്ചുനൽകുകയും അനുമതി നൽകുന്ന മുറയ്ക്ക്

പെർമിറ്റ് അനുവദിച്ചുനൽകുകയും ചെയ്യുന്നു. ആയതിനാൽ സാധാരണ അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ സമയം ഈ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ ഉണ്ടാകാം. എന്നാൽ സി.ആർ.ഇസെഡ്. ലംഘനമുള്ള കേസുകളിൽ പെർമിറ്റ് അനുവദിച്ചുനൽകുകയില്ല.

ഇ-ഗവേണൻസ് സമ്പ്രദായം ശാക്തീകരിക്കുന്നതിന് പദ്ധതി

345(2281) ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി മൂന്നാം തവണയും രാജ്യത്തെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തായി മാറാൻ തിരുവനന്തപുരം ജില്ലയ്ക്കായിട്ടുണ്ടോ; സംസ്ഥാനത്തെ നഗരസഭകളെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് 2017-2018, 2019-2020, 2020-2021 സാമ്പത്തിക വർഷങ്ങളിൽ ദേശീയ പഞ്ചായത്ത്

പുരസ്കാരങ്ങളിൽ ദീൻദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് സശാക്തീകരൺ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

കേരളത്തിലെ നഗരസഭകളെ ശുചിത്വ പരിപാലനത്തിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ഇ-ഗവേണൻസ് സമ്പ്രദായം ശാക്തീകരിക്കുന്നതിന് പദ്ധതിയുണ്ടോ?

- ഓഫീസ് പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിനായി ഗ്രാമവികസന വകുപ്പിൽ e-office സംവിധാനം മുഖേന ഫയലുകൾ കൈകാര്യം ചെയ്യുന്നു. ഗുണഭോക്താക്കൾക്ക് നേരിട്ട് പേയ്മെന്റ് നടത്തുന്നതിനായി Direct Benefit Transfer (DBT) സംവിധാനം ഉപയോഗപ്പെടുത്തുന്നു.
- സ്കീമുകളുടെ പുരോഗതി, വിലയിരുത്തൽ എന്നിവ MIS-ൽ രേഖപ്പെടുത്തുന്നു.

- പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവ IKM തയ്യാറാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കി നടത്തപ്പെടുന്നു.

- വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങളും റിപ്പോർട്ടുകളും പൊതുജനങ്ങൾക്ക് ലഭ്യമാകുംവിധം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച അതിനൂതന സോഫ്റ്റ്‌വെയറായ ILGMS (Integrated Local Government Management System) സോഫ്റ്റ്‌വെയർ സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.

ഓഫീസ് പ്രവർത്തനങ്ങൾ കാലഘട്ടത്തിനനുസൃതമായി വിവരസാങ്കേതികവിദ്യയുടെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റുന്നതിനാണ് ILGMS ലക്ഷ്യമിടുന്നത്. വിഭിന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി വിവരസാങ്കേതികവിദ്യ പ്രയോഗത്തിൽ വരുത്തുന്നതിനും അതുവഴി ഓഫീസ്

പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനും കഴിയുന്ന രീതിയിൽ കടലാസ് രഹിത ഫയൽ നീക്കമാണ് സോഫ്റ്റ്‌വെയറിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഓഫീസുകളിലെ മനുഷ്യവിഭവശേഷിയുടെ പരിമിതിയെ മറികടക്കുന്നതിന് സഹായകമാകുന്ന രീതിയിൽ ഇന്റലിജന്റ് ഗവേണൻസിന്റെ സാദ്ധ്യതകൾ സോഫ്റ്റ്‌വെയറിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഉപയോഗിച്ചുവരുന്ന വിവിധ സോഫ്റ്റ്‌വെയറുകൾ ഒറ്റ ലോഗിനിലൂടെ ലഭ്യമാക്കുകയും സർക്കാർ സംവിധാനത്തിൽ നിലവിൽ ഉപയോഗിച്ചുവരുന്ന മറ്റ് വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിച്ച് ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന സേവനങ്ങളുടെ ഗുണനിലവാരം പരമാവധി കുറ്റമറ്റതാക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. നിയമാനുസൃതമായും സമയബന്ധിതമായും കാര്യക്ഷമതയോടെയും സുതാര്യത ഉറപ്പുവരുത്തിക്കൊണ്ടും ലോകത്തിന്റെ ഏതുകോണിലിരുന്നും ഏതുസമയത്തും സേവനം പ്രാപ്യമാക്കി ഗ്രാമപഞ്ചായത്തുകളെ ജനസ്വീകാര്യ സേവന കേന്ദ്രങ്ങളായി മാറ്റാനും മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്താനും സജ്ജമായ രീതിയിലാണ് ILGMS തയ്യാറാക്കിയിരിക്കുന്നത്.

സംസ്ഥാനത്തെ നഗരസഭകളിൽ നിന്നും സേവനങ്ങൾ ജനകീയമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി നിരവധി ഓൺലൈൻ സേവനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. കെട്ടിടനിർമ്മാണ അനുമതി കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനായി I.B.P.M.S സോഫ്റ്റ്‌വെയർ, തൊഴിൽ നികുതി പിരിവ് സുതാര്യമാക്കുന്നതിനായി IIITMK-യുമായി സഹകരിച്ച് ഓൺലൈൻ പോർട്ടൽ എന്നിവ പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. പൊതുജനങ്ങൾക്ക് നഗരസഭാ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് സിറ്റിസൺ സർവീസ് പോർട്ടൽ ഐ.കെ.എം-ന്റെ സഹായത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്. നഗരസഭ നൽകുന്ന സേവനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി URBAN-ERP എന്ന ഓൺലൈൻ പോർട്ടൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർക്കാർ സേവനം വാതിൽപ്പടിയിലെത്തിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. വാതിൽപ്പടി സേവനം പദ്ധതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ടേക്ക് എ ബ്രേക്ക് പദ്ധതി

346(2282) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ എത്ര കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ എത്ര എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു; വിശദവിവരം ലഭ്യമാക്കുമോ?

ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 120 കേന്ദ്രങ്ങളാണ് സ്ഥാപിക്കുന്നത്. ഇതിൽ 40 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. 16 പദ്ധതികളുടെ നിർമ്മാണം പുരോഗതിയിലാണ്.

(ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര എണ്ണം പൂർത്തീകരിച്ചുവെന്നും വിശദമാക്കുമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റി, ആര്യാട് ഗ്രാമപഞ്ചായത്ത്, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, മാരാരിക്കുളം തെക്ക്, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലായി 10 വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. 4 എണ്ണം പൂർത്തീകരിക്കുകയും 2 എണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. പൂർത്തീകരിച്ചവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആലപ്പുഴ മുനിസിപ്പാലിറ്റി (1), മാരാരിക്കുളം തെക്ക് (1), മാരാരിക്കുളം വടക്ക് (1), മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് (1).

## ലൈഫ് പദ്ധതിയുടെ അന്തിമ കരട് പട്ടിക

347(2283) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിക്കായി തയ്യാറാക്കിയ അന്തിമ കരട് പട്ടികയിൽ അർഹരായ പലരും ഉൾപ്പെട്ടിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപെട്ടിട്ടില്ല. ലൈഫ് 2020-യുടെ കരട് ഗുണഭോക്തൃ പട്ടികയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിന്മേലുള്ള ഒന്നാംഘട്ട ആക്ഷേപങ്ങളും അപ്പീലുകളും സ്വീകരിക്കാൻ ജൂൺ 17 വരെ അവസരം നൽകിയിരുന്നു. ഈ അപ്പീലുകളിലും ആക്ഷേപങ്ങളിലും നടപടി സ്വീകരിച്ചുകൊണ്ട് ജൂലൈ 1-ന് രണ്ടാം അപ്പീലിനുവേണ്ടിയുള്ള കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേൽ ജില്ലാ കളക്ടർക്ക് ലഭിക്കുന്ന അപ്പീലുകളിലും ആക്ഷേപങ്ങളിലും നടപടി സ്വീകരിച്ചുകൊണ്ടും ഗ്രാമസഭ/വാർഡ് സഭകളുടെ പരിശോധനയ്ക്കുവിധേയമാക്കി അംഗീകാരത്തോടെ ആഗസ്റ്റ് 16-നാണ് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ ലക്ഷ്യമിടുന്നത്. ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ മുൻഗണനയ്ക്ക് അർഹതയുണ്ടായിട്ടും ഗുണഭോക്തൃ പട്ടികയിൽ വളരെ പിറകിലായവർക്കും അർഹതയുണ്ടായിട്ടും പട്ടികയിൽ ഉൾപ്പെടാതെ പോയവർക്കും അപ്പീൽ നൽകുന്നതിനും അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെതിരെ ആക്ഷേപം നൽകുന്നതിനുമാണ് ഈ അവസരം നൽകിയിട്ടുള്ളത്.

(ബി) അപാകതകൾ പരിഹരിച്ച് വീടില്ലാത്ത അർഹതപ്പെട്ട മുഴുവൻ പേരെയും അന്തിമ പട്ടികയിൽ ഉൾപ്പെടുത്തി വീട് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ മുഴുവൻ ഭൂമിയുള്ള ഭവനരഹിതരേയും ഭൂരഹിത ഭവനരഹിതരേയും കണ്ടെത്തുന്നതിനാണ് ലൈഫ് 2020 പ്രകാരം പുതിയ അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ചത്. ഇപ്രകാരം ലഭിച്ച 9,20,260 അപേക്ഷകൾ ആദ്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഫീൽഡ് തല പരിശോധന നടത്തുകയും തുടർന്ന് അർഹരായ മുഴുവൻപേരും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹരാരും തന്നെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഗ്രാമപഞ്ചായത്തുകളിൽ ലഭിച്ച ഭൂമിയുള്ള ഭവനരഹിതരുടേയും ഭൂരഹിത/ഭവനരഹിതരുടേയും അപേക്ഷകളും നഗരസഭകളിലെ ഭൂരഹിത/ ഭവനരഹിതരുടെ അപേക്ഷകളും ഫീൽഡ്തല പരിശോധന നടത്തിയ അപേക്ഷകളുടെ പുന:പരിശോധന ജില്ലാ കളക്ടർമാർ മുഖാന്തരവും നഗരസഭകളിലെ ഭൂമിയുള്ള ഭവനരഹിതരുടെ അപേക്ഷകളുടെ പുന:പരിശോധന കുടുംബശ്രീ മുഖാന്തരവും നടത്തുകയുണ്ടായി. അർഹരായ

മുഴവൻ പേരും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും അപ്പീലുകളിലും ആക്ഷേപങ്ങളിലും നടപടി സ്വീകരിച്ചുകൊണ്ടും ഗ്രാമസഭ/ വാർഡ്സഭകളുടെ അംഗീകാരത്തോടെ ആഗസ്റ്റ് 16-നാണ് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ ലക്ഷ്യമിടുന്നത്.

ലൈഫ് പദ്ധതി 2020 രണ്ടാംഘട്ട ഗുണഭോക്തൃ പട്ടിക

348(2284) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് മുൻഗണന നിശ്ചയിക്കുന്നതിന്റെ അർഹതാ മാനദണ്ഡങ്ങളും പ്രത്യേകം പരിഗണിക്കുന്ന ക്ലേശഘടകങ്ങളും വിശദമാക്കാമോ; ഇവയിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സർക്കാരിന്റെ 27.07.2020-ലെ സ.ഉ. (എം.എസ്.) നം. 112/ 2020/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും ക്ലേശ ഘടകങ്ങൾക്കും വിധേയമായാണ് ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുന്നതും പ്രത്യേക പരിഗണന

നൽകുന്നതും. ടി ഉത്തരവിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങളും ക്ലേശഘടകങ്ങളും ചുവടെ ചേർക്കുന്നു.

<u>അർഹതാ മാനദണ്ഡങ്ങൾ</u>

1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. 2020 ജൂലൈ 1-ന് മുമ്പ് റേഷൻ കാർഡുള്ള കുടുംബം (13.02.2021-ലെ സ.ഉ(ആർ.ടി) നം.419/2021/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 20.02.2021 വരെ റേഷൻ കാർഡ് ലഭ്യമായവർക്ക് അപേക്ഷിക്കാമെന്ന ഭേദഗതി വരുത്തിയിരുന്നു.) ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കു പോലും ഭവനം ഇല്ലാത്തവരും ആകണം.

(പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

2. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ

ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

7. ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കാം). നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

<u>ഭൂരഹിത ഭവനരഹിതർ</u>

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെപ്പറയുന്ന മാനദണ്ഡം കൂടി പരിഗണിക്കാം.

സ്വന്തമായി ഭൂമിയില്ലാത്തവർ/റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലുംകൂടി 3 സെൻറിൽ കുറവ് ഭൂമി ഉള്ളവർ.

ക്ലേശ ഘടകങ്ങൾ

1. മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/അന്ധരോ ശാരീരികത്തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബങ്ങൾ

2. അഗതി /ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ

3. 40% ലേറെ അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങൾ

4) ഭിന്നലിംഗക്കാർ

5) ഗുരുതര/മാരക രോഗമുള്ള (കാൻസർ/ഹൃദ്രോഗം/കിഡ്നി തകരാറുമൂലം ഡയാലിസിസിനു വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ.

6) അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ

7) രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ

8) വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ

9) എച്ച്.ഐ.വി. ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ.

(ബി) കുടിലുകളിലും താല്കാലിക ഷെഡ്ഡുകളിലും ഷീറ്റ് വലിച്ചുകെട്ടിയും താമസിക്കുന്നവർ, ലൈഫ് 2020 ഭവന പദ്ധതിയുടെ രണ്ടാംഘട്ട കരട് ഗുണഭോക്തൃപട്ടികയിൽ വളരെ പിറകിലായാണ് ഉൾപ്പെട്ടിരിക്കുന്നത് എന്ന കാര്യം സർക്കാർ ഗൗരവത്തിൽ കാണുമോ; വിശദമാക്കാമോ?

ലൈഫ് 2020-ന്റെ കരട് ഗുണഭോക്തൃ പട്ടികയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിന്മേലുള്ള ഒന്നാംഘട്ട ആക്ഷേപങ്ങളും അപ്പീലുകളും സ്വീകരിക്കാൻ ജൂൺ 17 വരെ അവസരം നൽകിയിരുന്നു. ഈ അപ്പീലുകളിലും ആക്ഷേപങ്ങളിലും നടപടി സ്വീകരിച്ചുകൊണ്ട് ജൂലൈ 1-ന് രണ്ടാം അപ്പീലിനു വേണ്ടിയുള്ള കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിലും ലഭിക്കുന്ന അപ്പീലുകളിലും ആക്ഷേപങ്ങളിലും നടപടി സ്വീകരിച്ചുകൊണ്ട് ആഗസ്റ്റ് 16-നാണ് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ലൈഫ് 2020-ന്റെ കരട് ഗുണഭോക്തൃ പട്ടിക കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിനാവശ്യമായ അർഹതാ മാനദണ്ഡങ്ങളും അർഹതാ പട്ടികയിൽ ഉൾപ്പെടുന്നവരുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള ക്ലേശഘടകങ്ങളുമാണ് നിശ്ചയിച്ചിട്ടുള്ളത്.

അതിൻപ്രകാരം അർഹമായ മുൻഗണനാക്രമം കരട് പട്ടികയിൽ ലഭ്യമായിട്ടില്ലാത്തവർക്ക് ഒന്നും രണ്ടുംഘട്ട അപ്പീലുകളിലൂടെയും ഗ്രാമസഭ/ വാർഡ്സഭകളിലൂടെയും ആയത് ഉറപ്പുവരുത്താവുന്നതാണ്. മാത്രവുമല്ല അർഹരായ ഒരു ഗുണഭോക്താവും ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും അനർഹരാരും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പുവരുത്തി പര്യാപ്തമായ സുതാര്യ നടപടിക്രമങ്ങളും ലൈഫ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ട്.

(സി) മേൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ അവസ്ഥ പരിഗണിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ മുൻഗണനയിൽ മാറ്റം വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതികൾക്ക് അധികാരം നൽകുമോ; ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കുമോ?

27.07.2020-ലെ സ.ഉ (എം.എസ്) നം. 112/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗരേഖയ്ക്ക് വിധേയമായി ലൈഫ് 2020 ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

ലൈഫ് 2020 പ്രകാരം ലഭിച്ച അപേക്ഷകളുടെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ 09.06.2022-ലെ

സ.ഉ. (സാധാ) നം. 1423/ 2022/ ത.സ്വ.ഭ.വ, 15.06.2022-ലെ സ.ഉ. (എം. എസ് 123/2022/ത.സ്വ.ഭ.വ, എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിൻപ്രകാരമുള്ള നടപടികളിലൂടെ സർക്കാരിന്റെ 27.07.2020-ലെ സ.ഉ. (കൈ) നം. 112/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും ക്ലേശ ഘടകങ്ങളുടേയും അടിസ്ഥാനത്തിലാണ് അന്തിമ ഗുണഭോക്തൃ പട്ടികയിൽ മുൻഗണനാക്രമം നിശ്ചയിക്കപ്പെടുന്നത്.

## ലൈഫ് പദ്ധതി

349(2285) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഭവനരഹിതർ/ഭൂരഹിത ഭവന രഹിതർ എന്നിവർക്ക് കിടപ്പാടം നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയതിനുശേഷം ഓരോ സാമ്പത്തിക വർഷവും ആകെ എത്ര രൂപ വീതം ചെലവ് വന്നിട്ടുണ്ട് എന്ന് അറിയിക്കാമോ?

ലൈഫ് പദ്ധതിയിൽ ഭവന രഹിതർ/ഭൂരഹിത ഭവനരഹിതർ എന്നിവർക്ക് കിടപ്പാടം നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയതിനുശേഷം

ഓരോ സാമ്പത്തിക വർഷവും വന്ന ചെലവ് (കോടിയിൽ) വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ചെലവ് (രൂപ കോടിയിൽ) |
|---|---|
| 2016-2017 | -- |
| 2017-2018 | 230.78 |
| 2018-2019 | 2,345.12 |
| 2019-2020 | 3,424.55 |
| 2020-2021 | 2,299.20 |
| 2021-2022 | 906.35 |
| 2022-2023 | 98.26 |

(ബി) ലൈഫ് പദ്ധതിയിൽ നിലവിൽ പ്രൊവിഷണലായി 6,47,578 എണ്ണം ഭൂമിയുള്ള ഭവനരഹിത കുടുംബങ്ങളും 2,72,678 എണ്ണം ഭൂരഹിത ഭവനരഹിത കുടുംബങ്ങളും അപേക്ഷകരായി ഉണ്ടെന്ന പ്രാഥമിക കണക്ക് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ശരിയാണോ എന്ന് വ്യക്തമാക്കാമോ?

2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻപ്രകാരം 9,20,260

അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരുടെ 6,47,092 അപേക്ഷകളും ഭൂരഹിത ഭവനരഹിതരുടെ 2,73,168 അപേക്ഷകളും ഉൾപ്പെടുന്നു. ടി അപേക്ഷകൾ ഫീൽഡുതല പരിശോധന നടത്തിയതിൽ 3,79,069 ഭൂമിയുള്ള ഭവനരഹിതരും 2,02,620 ഭൂരഹിത ഭവനരഹിതരും അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങളും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹർ ആരും തന്നെ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫീൽഡുതല പരിശോധന നടത്തിയ അപേക്ഷകൾ പുന:പരിശോധന നടത്തുകയുണ്ടായി. അതിൻ പ്രകാരം 3,28,041 ഭൂമിയുള്ള ഭവനരഹിതരും 1,86,340 ഭൂരഹിത ഭവന രഹിതരും ഉൾപ്പെടെ 5,14,381 കുടുംബങ്ങൾ ഇതിനോടകം അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്ക് ശേഷം വാർഡ്സഭ/ഗ്രാമസഭ അംഗീകാര നടപടികൾ പൂർത്തിയാക്കി ലൈഫ് 2020 പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പ്രസ്തുത വിഭാഗങ്ങൾക്ക് യഥാക്രമം നാല് ലക്ഷം രൂപ, ആറ് ലക്ഷം രൂപ എന്ന കണക്കിൽ ധനസഹായം നൽകുന്നത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതല്ലേയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഭാഗങ്ങൾക്ക് 4 ലക്ഷം രൂപ, 6 ലക്ഷം രൂപ എന്ന കണക്കിൽ ധനസഹായം നൽകുന്നത് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാവർക്കും കിടപ്പാടം എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ്. നിർദ്ധനരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനവിഭാഗങ്ങളുടെ അടച്ചുറപ്പുള്ള ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടിയുള്ള ഈ പദ്ധതി ഒരു ബാദ്ധ്യതയായിട്ടല്ല, സർക്കാർ ഏറ്റെടുക്കേണ്ട വികസന-ക്ഷേമ പ്രവർത്തനമായിട്ടാണ് കാണുന്നത്.

(ഡി) നിലവിലുള്ള അപേക്ഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ ഈ പദ്ധതി നടപ്പിലാക്കാൻ 42,000 കോടി രൂപ വേണ്ടിവരുമെന്നിരിക്കെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഈ തുക എപ്രകാരം കണ്ടെത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ; വിശദവിവരങ്ങൾ നൽകാമോ?

ലൈഫ് 2020 പ്രകാരം ഓൺലൈനായി ലഭിച്ച 9,20,260 അപേക്ഷകരുടെ ഒന്നാംഘട്ട പരിശോധന പൂർത്തിയായപ്പോൾ 5,14,381 ഗുണഭോക്താക്കൾ അർഹരായി കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ ഭൂമിയുള്ള ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിനായി 20,600 കോടി രൂപയും

ഭൂരഹിതരായവർക്ക് ഭൂമി കണ്ടെത്തി വീട് വയ്ക്കുന്നതിന് 21,195 കോടി രൂപയും കണ്ടെത്തേണ്ടതുണ്ട്. ഈ തുക ബഡ്ജറ്റ് ഇതര മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുന്നതിനായി കിലയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, പ്ലാനിംഗ് ബോർഡ് എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ അടങ്ങുന്ന ഒരു ഉപസമിതിയെ 06.09.2021-ന് കൂടിയ ലൈഫ് മിഷൻ കർമ്മ സമിതി യോഗം ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത ഉപസമിതി സമർപ്പിച്ച കരട് രൂപരേഖ പരിഗണനയിലാണ്.

## ലൈഫ് പദ്ധതി

350(2286) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതി ആരംഭിച്ചത് എന്നുമുതലാണെന്നും പദ്ധതിയുടെ ആദ്യ പട്ടിക പ്രസിദ്ധീകരിച്ച തീയതി എന്നാണെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് 2016-ലാണ് ലൈഫ് പദ്ധതി ആരംഭിച്ചത്. 2017 ഡിസംബർ 31-നാണ് ഭൂമിയുള്ള ഭവന രഹിതരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചത്.

(ബി) ആദ്യ ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് അംഗീകാരം നൽകിയിരുന്നതെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വിവിധ വകുപ്പുകൾ മുഖേന നിർമ്മാണം ആരംഭിച്ച വീടുകളിൽ നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന വീടുകളുടെ പൂർത്തീകരണമാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിലൂടെ ഏറ്റെടുത്തത്. കൂടാതെ 2017-ൽ തയ്യാറാക്കിയ ലൈഫ് രണ്ടാം ഘട്ടമായ ഭൂമിയുള്ള ഭവനരഹിതർ, മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ച ഗുണഭോക്താക്കൾ, പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനാണ് അംഗീകാരം നൽകിയിരുന്നത്. ടി ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1,2,3,4,5 ആയി ചേർക്കുന്നു.+

(സി) ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നതിനായി അംഗീകാരം നൽകിയിരുന്ന മുഴുവൻ വീടുകളുടെയും നിർമ്മാണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര എണ്ണമാണ് ഇനിയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കാൻ ബാക്കിയുള്ളതെന്ന് നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആവശ്യമായ രേഖകൾ സഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുന്നതിനും ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനുമാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത്. അതിൻപ്രകാരം രേഖകൾ ഹാജരാക്കിയ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കുകയും ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി സമയത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാൻ സാധിക്കാതിരുന്ന ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കുകയും ഭവന നിർമ്മാണാനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെപോയ പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് വിഭാഗത്തിൽപ്പെട്ട ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടിക ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും വീട് നൽകുന്നതിനുള്ള

നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഒരു നിശ്ചിത എണ്ണം ഗുണഭോക്താക്കൾക്ക് ഭവനം ലഭ്യമാക്കുന്നതിനുപരി അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അടച്ചുറപ്പുള്ള ഒരു ഭവനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടത്.

(ഡി) രണ്ടാംഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നുമാണ് സർക്കാർ കരുതുന്നത്; ഇതിലേയ്ക്കായുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായോ; എങ്കിൽ പ്രസിദ്ധീകരിച്ച തീയതി അറിയിക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ 5 വർഷം കൊണ്ട് 5 ലക്ഷം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. ലൈഫ് 2020 പ്രകാരം ലഭ്യമായ അപേക്ഷകളിന്മേലുള്ള ഫീൽഡുതല പരിശോധനയും പുന:പരിശോധനയും പൂർത്തിയാക്കി കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു. ഒന്നും രണ്ടും അപ്പീലുകൾക്ക് ശേഷം ഗ്രാമസഭ/ വാർഡ്സഭ, ഭരണസമിതി അംഗീകാരത്തോടുകൂടി അന്തിമ ഗുണഭോക്തൃ

പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## കെട്ടിടനിർമ്മാണ അനുമതിയിൽ കാലതാമസം

351(2287) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കും പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും അനാവശ്യ കാലതാമസം വരുത്തുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിൽ കാലതാമസം ഒഴിവാക്കുവാനും സുതാര്യമാക്കുന്നതിനുമായി ഓൺലൈൻ മുഖേന "സങ്കേതം" എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പെർമിറ്റുകൾ നൽകി വന്നിരുന്നത്. അപ്രകാരം സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും നിലവിൽ "സങ്കേതം" എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നു.

സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിടനിർമ്മാണ അനുമതി അപേക്ഷകളിന്മേലുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും വേഗത്തിലും സമയബന്ധിതവുമായി തീർപ്പുകൽപ്പിക്കുന്നതിനുമായി വികസിപ്പിച്ചെടുത്ത ഇന്റലിജന്റ് ബിൽഡിംഗ് പ്ളാൻ മാനേജ്മെന്റ് സിസ്റ്റം (IBPMS) സോഫ്റ്റ്‌വെയർ മുഖേനയാണ് ഇപ്പോൾ പെർമിറ്റുകൾ നൽകുന്നത്. ടി IBPMS ആണ് സംസ്ഥാനത്തെ 92 നഗരസഭകളിലും (87 മുനിസിപ്പാലിറ്റി+5 കോർപ്പറേഷൻ) പെർമിറ്റ് നൽകുവാൻ ഉപയോഗിക്കുന്നത്. കോഴിക്കോട് കോർപ്പറേഷനിൽ മാത്രം "സുവേഗ" എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പെർമിറ്റുകൾ നൽകി വരുന്നത്. ലോ റിസ്ക് വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് മാത്രമാണ് നഗരസഭകളിൽ IBPMS മുഖേന പെർമിറ്റ് നൽകി വരുന്നത്. ഹൈ റിസ്ക് വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് നിലവിൽ മാന്വലായാണ് പെർമിറ്റ് നൽകുന്നത്. ടി ഹൈ റിസ്ക് വിഭാഗത്തിലെ കെട്ടിടങ്ങൾക്കും പെർമിറ്റ് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ അനുമതിക്കും പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും കാലതാമസം നേരിടുന്നതായി ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ

കെട്ടിടനിർമ്മാണ അനുമതി, പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതുൾപ്പെടെയുള്ള നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാകുന്നത് മുഖേന സുതാര്യവും സമയബന്ധിതവുമായി പൊതുജനങ്ങൾക്ക് ഇത്തരം സേവനങ്ങൾ ലഭ്യമാക്കുവാനും അതുവഴി ഇത്തരം ആക്ഷേപങ്ങൾ ഒഴിവാക്കുവാനും പ്രയോജനപ്പെടുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സർക്കാർ നയത്തിന് വിരുദ്ധമായി കാലതാമസത്തിന് ഇടയാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

സർക്കാർ നയത്തിന് വിപരീതമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

<u>കെ.എസ്.ഇ.ബി. ഇന്ത്യനൂർ സെക്ഷൻ രൂപീകരണം</u>

352(2288) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യനൂർ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ഓഫീസ് കെട്ടിടത്തിന്റെ വാടക നൽകുന്നതിനുള്ള അനുവാദത്തിനായി കോട്ടക്കൽ

നഗരസഭ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോട്ടക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യനൂർ സെക്ഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ഓഫീസ് കെട്ടിടത്തിന്റെ വാടക നൽകുന്നതിനുള്ള അനുവാദത്തിനായി കോട്ടക്കൽ നഗരസഭ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ LSGD-FM2/83/2021-LSGD എന്ന ഫയലിൽ പരിശോധന നടത്തുകയും നഗരകാര്യ ഡയറക്ടറോട് 28.07.2021-ലെ LSGD-FM2/83/2021-LSGD നമ്പർ കത്ത് പ്രകാരം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ വാടക നൽകുന്നതിന് കോട്ടക്കൽ നഗരസഭയെ അനുവദിച്ചുകൊണ്ടുള്ള അടിയന്തര ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദമാക്കുമോ?

കെ.എസ്.ഇ.ബി. ഓഫീസ് കെട്ടിടത്തിന്റെ വാടക നൽകുന്നതിന് കോട്ടക്കൽ നഗരസഭയെ അനുവദിക്കുന്നത് സംബന്ധിച്ച് നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനകൾ ആവശ്യമാണ്.

## സാമൂഹ്യസുരക്ഷാ പെൻഷനുള്ള മസ്റ്ററിംഗ്

353(2289) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മസ്റ്ററിംഗ് നടത്താൻ കഴിയാതെ വന്നതിനാൽ എത്ര ഗുണഭോക്താക്കൾക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ മുടങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ?

2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 1,67,620 പേരുടെ പെൻഷൻ തടയപ്പെട്ടിട്ടുണ്ട്. ഇതിൽ വിവിധ കാരണങ്ങളാൽ പെൻഷന് അർഹതയില്ലാത്തവരും മരണപ്പെട്ടവരും ഉൾപ്പെട്ടിട്ടുള്ളതിനാൽ, അർഹതപ്പെട്ടവർ മസ്റ്റർ ചെയ്യുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ബി) ശാരീരികമായ അവശതമൂലം മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെ വന്നവർക്ക് മസ്റ്ററിംഗ് നടത്തുന്നതിന് എന്തൊക്കെ സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബയോമെടിക് മസ്റ്ററിംഗിന് അവസരം നൽകിയിട്ടുള്ള വേളകളിൽ വിവിധ കാരണങ്ങളാൽ അക്ഷയകേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത

കിടപ്പ് രോഗികൾ, 80 വയസ്സിനുമേൽ പ്രായമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായ പെൻഷൻ ഗുണഭോക്താക്കൾ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ രേഖാമൂലം അറിയിക്കുന്ന പക്ഷം അക്ഷയകേന്ദ്രം പ്രതിനിധികൾ വീട്ടിലെത്തി മസ്റ്റർ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആധാർ ഉണ്ടെങ്കിലും വിവിധ കാരണങ്ങളാൽ മസ്റ്റർ ചെയ്യാൻ കഴിയാത്തവരുടേയും നെറ്റ്‌വർക്ക് കിട്ടാത്ത പ്രദേശങ്ങളിൽ താമസിക്കുന്ന കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവരുടേയും വിഷയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ഉത്തമബോധ്യമുള്ള പക്ഷം ആധാർ ഫെയിൽ ആകാതെ തന്നെ യഥാർത്ഥ കാരണം രേഖപ്പെടുത്തി ഇത്തരക്കാരുടെ മസ്റ്ററിംഗ് നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാസർഗോഡ് നഗരസഭാ മിനി കോൺഫറൻസ് ഹാൾ നിർമ്മാണം

354(2290) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06-ലെ എം.ജി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് നഗരസഭാ ഓഫീസിൽ മിനി കോൺഫറൻസ് ഹാൾ

നിർമ്മിച്ച വകയിൽ കരാറുകാരന് തുക നൽകാനുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. പ്രവൃത്തി ചെയ്ത വകയിൽ കരാറുകാരന് 1,53,612 രൂപ കൂടി അനുവദിക്കാനുണ്ട്.

(ബി) കോടതി ഉത്തരവ് പാലിക്കുന്നതിനായി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും പ്രസ്തുത തുക നൽകുന്നതിന് അനുവാദം നൽകണമെന്ന നഗരസഭയുടെ പ്രൊപ്പോസലിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ് പുറപ്പെടുവിച്ച 24.04.2022-ലെ സ.ഉ.(സാധാ) നം. 1009/2022/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവിലൂടെ അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി.+ ചേർക്കുന്നു.

(സി) പ്രസ്തുത വിഷയത്തിൽ കാസർഗോഡ് നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടറേറ്റ് ലോ ഓഫീസർക്ക് നൽകിയ പി.ഡബ്ല്യൂ.-1-15171/05/ തീയതി 23.11.21-ലെ കത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത വിഷയത്തിൽ കാസർഗോഡ് നഗരസഭാ സെക്രട്ടറി ലോ ഓഫീസർക്ക് നൽകിയ കത്തിൽ, നഗരസഭാ മിനി കോൺഫറൻസ് ഹാൾ (എം.ജി.പി.)ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വകയിൽ കരാറുകാരന് നൽകാൻ അവശേഷിക്കുന്ന 1,53,612 രൂപയും കാസർഗോഡ് പ്രിൻസിപ്പൽ കോടതിയുടെ ഉത്തരവിൽ പരാമർശിക്കുന്ന 01.09.2008 മുതലുള്ള 6% പലിശയും സഹിതം നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ് പുറപ്പെടുവിച്ച 24.04.2022-ലെ സ.ഉ.(സാധാ) നം. 1009/2022/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം മേൽ തുക നഗരസഭാ ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

## നെയ്യാറ്റിൻകര നഗരസഭയിലെ മാർക്കറ്റ് നവീകരണം

355(2291) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേക ഫണ്ട് അനുവദിച്ച് നവീകരിക്കാൻ ഉത്തരവായിട്ടുള്ള നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങര

മാർക്കറ്റ്, നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ് എന്നിവയുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

റിവൈസ്ഡ് ഡി.പി.ആർ. തയ്യാറാക്കി വരുന്നു. പ്രവൃത്തി 2022 സെപ്റ്റംബർ മാസം ആരംഭിക്കുവാൻ കഴിയും.

(ബി) പ്രസ്തുത മാർക്കറ്റുകൾ നവീകരിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പർ, തീയതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ?

സ.ഉ (കൈ) നം. 170/2020/തസ്വഭവ. തീയതി 04/11/2020.

ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണം (ചെങ്കൽ ഗ്രാമപഞ്ചായത്ത്, നെയ്യാറ്റിൻകര) - രണ്ട് കോടി രൂപ.

ആറാലുംമൂട് പച്ചക്കറി മാർക്കറ്റ് നവീകരണം (നെയ്യാറ്റിനകര നഗരസഭ) - ഒരു കോടി രൂപ.

## കെട്ടിട നിർമ്മാണങ്ങളിൽ പ്രീ-എഞ്ചിനീയേർഡ് സ്റ്റീൽ സാങ്കേതിക വിദ്യ

356(2292) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിൽ പരമ്പരാഗത നിർമ്മാണരീതിക്ക് പകരം നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) കെട്ടിട നിർമ്മാണത്തിൽ പുനരുപയോഗിക്കാൻ സാധിക്കുന്ന പ്രീ-എഞ്ചിനീയേർഡ് സ്റ്റീൽ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത്തരം സാങ്കേതിക വിദ്യകൾ തദ്ദേശസ്ഥാപനങ്ങളുടെ നിർമ്മാണപ്രവൃത്തികളിൽ ഉപയോഗിക്കുന്നതിലേയ്ക്കായി പ്രൈസ് സോഫ്റ്റ്വെയറിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ;

(സി) ഇത്തരം നൂതന കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യകളിൽ പ്രാവീണ്യമുള്ള ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

(എ-സി) നിർമ്മാണപ്രവൃത്തികളിൽ ഇത്തരം നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇത്തരം സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിക്കുന്നതാണ്.

## തദ്ദേശസ്വയംഭരണ വകുപ്പിലെ തസ്തിക ഏകോപനം

357(2293) **ശ്രീ. എ. സി. മൊയ്തീൻ**: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ ഏകോപനവുമായി ബന്ധപ്പെട്ട് എത്ര അധിക തസ്തികകളാണ് വേണ്ടത് എന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഏകോപനവുമായി ബന്ധപ്പെട്ട് 1 അഡീഷണൽ ഡയറക്ടർ, 7 ജോയിന്റ് ഡയറക്ടർ തസ്തികകൾ (ആകെ 8 തസ്തികകൾ) 25.06.2022-ലെ സ.ഉ(കൈ)നം.134/2022/ എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) എങ്കിൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി ഏതെല്ലാം തസ്തികകളാണ് സമാന സ്കെയിലുകളിലേയ്ക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം

358(2294) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഇല്ലാത്തതുകാരണം പല പ്രവർത്തനങ്ങൾക്കും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ & ബി) ഇല്ല. എന്നാൽ ആരോഗ്യ വകുപ്പിൽനിന്നും ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയ ജീവനക്കാർ ആരോഗ്യ വകുപ്പ് മുഖേനയുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങളിലാണ് മുഖ്യമായും വിനിയോഗിക്കപ്പെടുന്നതെന്നതിനാൽ ശുചിത്വം, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയ ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന ചുമതലകൾ നിർവ്വഹിക്കുന്നതിന് ടി ജീവനക്കാരെ പൂർണ്ണസമയം പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടെന്നും ആയതിനാൽ നഗരസ്വഭാവമുള്ള

ഗ്രാമപഞ്ചായത്തുകളിൽ മുനിസിപ്പാലിറ്റികളിലേതിന് സമാനമായി ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

ഓഫീസ് അറ്റൻഡന്റുമാർക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി

359(2295) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ ഓഫീസ് അറ്റൻഡന്റുമാർക്ക് അർഹമായ പ്രൊമോഷൻ സമയബന്ധിതമായി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണവകുപ്പിന് കീഴിലുള്ള ഗ്രാമവികസനം, പഞ്ചായത്ത്, നഗരകാര്യം, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം എന്നിവിടങ്ങളിൽ ഓഫീസ് അറ്റൻഡന്റുമാർക്ക് അർഹമായ പ്രൊമോഷൻ സമയബന്ധിതമായി നൽകുന്നുണ്ട്. എഞ്ചിനീയറിംഗ്

വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്ന് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതുസംബന്ധിച്ച്, ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടതനുസരിച്ച് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. അതിൻപ്രകാരം ടി തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണ്. ഓഫീസ് അറ്റൻഡർമാരുടെ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ ക്വാട്ട ഈ വിഭാഗത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഓരോ ഓഫീസിലും പ്രസ്തുത തസ്തികയിൽ ഏറ്റവും അവസാനം നൽകിയ പ്രൊമോഷൻ ഏതു വർഷങ്ങളിലാണെന്ന് വിശദമാക്കുമോ?

ഗ്രാമവികസന വകുപ്പ് - 2022, പഞ്ചായത്ത് വകുപ്പ് - 2021 (കാസർഗോഡ്, പാലക്കാട്, കോട്ടയം ജില്ലകളിൽ), 2022 (മറ്റു ജില്ലകളിൽ ) നഗരകാര്യ വകുപ്പ് - 2021- എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലേക്ക്, 2019- എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക്, ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം - 2021 (എൽ. ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക്)

എഞ്ചിനീയറിംഗ് വിഭാഗം - 2020 (ക്ലാർക്ക് തസ്തികയിലേയ്ക്ക്)

<u>ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക</u>

360(2296) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകളിലാണ് അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്തത്?

സംസ്ഥാനത്തെ 76 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ല.

(ബി) പ്രസ്തുത തസ്തിക ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ ഭരണ നിർവ്വഹണ പ്രവർത്തനങ്ങളിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തദ്ദേശ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ?

പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ലാത്ത 76 ഗ്രാമപഞ്ചായത്തുകളിൽ ടി തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ

പരിശോധിച്ചുവരുന്നു.

## എഞ്ചിനീയറിംഗ് വിഭാഗത്തിലെ നിയമനങ്ങൾ

361(2297) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഒന്നാം തരം, രണ്ടാം തരം, മൂന്നാം തരം എന്നിവരുടെ ആകെ ഒഴിവുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ - 128

ഒന്നാം തരം ഓവർസിയർ - 98

രണ്ടാം തരം ഓവർസിയർ - 175

മൂന്നാം തരം ഓവർസിയർ - 72

(ബി) തദ്ദേശ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ സ്ഥിര നിയമനം ലഭിച്ച ഒരു വിഭാഗം ഉദ്യോഗസ്ഥർ മറ്റ് വകുപ്പുകളിലേയ്ക്ക് പി.എസ്.സി. നിയമനം ലഭിച്ച് മാറിയതുമൂലം ചില തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി

ചെലവ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തടസ്സം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. അത്തരം സന്ദർഭങ്ങളിൽ മറ്റ് ജീവനക്കാർക്ക് അഡീഷണൽ ചാർജ്ജ് അനുവദിച്ചും, താത്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയും ക്രമീകരിക്കാറുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരാകുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സേവനകാലാവധി ആറ് മാസമായതുകാരണം കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നേരിട്ട പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഒന്നാംതരം, രണ്ടാംതരം, മൂന്നാംതരം എന്നീ തസ്തികകളിലേയ്ക്ക് സ്ഥിരനിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

അത്തരം സന്ദർഭങ്ങളിൽ മറ്റ് ജീവനക്കാർക്ക് അഡീഷണൽ ചാർജ്ജ് അനുവദിച്ച് മരാമത്ത് പ്രവൃത്തികൾ തടസ്സമില്ലാതെ നടപ്പിലാക്കിയിട്ടുണ്ട്. ഒഴിവുകളെല്ലാം യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് സ്ഥിരനിയമനം നല്കുന്നതാണ്.

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

362(2298) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം ജോലി ചെയ്ത തൊഴിലാളികൾക്ക് യഥാസമയം കൂലി ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് കൊടുത്ത് തീർക്കുവാനുള്ളത്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം നല്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രസർക്കാരിന്റെ ചില നടപടികൾമൂലം യഥാസമയം കൂലി ലഭിക്കുന്നില്ല എന്ന പ്രശ്നം ഉണ്ടായിരുന്നു. ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുകയുണ്ടായി. ഇതേത്തുടർന്ന് കൂലി വിതരണം ത്വരിതപ്പെടുത്തുകയുണ്ടായി. അതിന്റെ ഫലമായി നിലവിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് വേതനനക്കുടിശ്ശികയില്ല.

(ബി) പതിനഞ്ച് ദിവസത്തിലധികം കുടിശ്ശിക വന്നാൽ പലിശ കണക്കാക്കണമെന്ന നിയമത്തിലെ വ്യവസ്ഥ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തൊഴിലുറപ്പ് തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നപക്ഷം അവർക്ക് Delay Compensation ലഭിക്കാൻ അർഹതയുണ്ട്. ഇപ്രകാരം Delay Compensation ഇനത്തിൽ, 2021-22 സാമ്പത്തിക വർഷം 3,112 രൂപ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ട്.

<u>ഗ്രാമവികസന വകുപ്പിലെ ക്ലാർക്കുമാരുടെ പുനർവിന്യാസം</u>

363(2299) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ ക്ലാർക്കുമാരേയും സീനിയർ ക്ലാർക്കുമാരേയും അതത് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തിൽ ഒഴിവുള്ള പുനർവിന്യാസ തസ്തികയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗ്രാമവികസന വകുപ്പ് ഉൾപ്പെടെയുള്ള 19 വകുപ്പുകളിൽ നിന്നുള്ള ക്ലാർക്ക് തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ട് 04.07.2000-ലെ സ.ഉ. (അ)നം.187/2000/എൽഎസ്ജിഡി പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പുനർവിന്യാസം പുനഃക്രമീകരിച്ചുകൊണ്ട് 26.09.2019-ലെ സ.ഉ.

(സാധാ)നം.2082/2019/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാരമാണ് ഗ്രാമവികസന വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ നിന്നും ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നത്.

(ബി) പല പഞ്ചായത്തിലും പുനർവിന്യാസം വഴി നിയമിക്കപ്പെടേണ്ട ക്ലാർക്കുമാരുടെ സേവനം മറ്റ് വകുപ്പുകൾ വിട്ടുനൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

26.09.2019-ലെ സ.ഉ.(സാധാ)നം.2082/2019/തസ്വഭവ. പ്രകാരം വിവിധ വകുപ്പുകളിൽ നിന്നുള്ള പുനർവിന്യാസം പുനഃക്രമീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തസ്തികകൾ പൂർണ്ണമായും ചില വകുപ്പുകൾ പുനർവിന്യസിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത വകുപ്പുകളിലെ ക്ലാർക്കുമാരേയും സീനിയർ ക്ലാർക്കുമാരേയും മറ്റ് വകുപ്പുകളിലേയ്ക്ക് പുനർവിന്യാസം ചെയ്യുന്നുണ്ടോ?

ഇല്ല. പ്രസ്തുത വകുപ്പുകളിലെ ക്ലാർക്കുമാരെയും സീനിയർ ക്ലാർക്കുമാരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കാണ് പുനർവിന്യസിച്ചു വരുന്നത്.

(ഡി) ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് പുനർവിന്യാസം വഴി നിയമിക്കുന്ന ഒരു ക്ലാർക്ക് തസ്തിക ഗ്രാമവികസന വകുപ്പിന്റെ കേഡർ തസ്തികയാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാമെന്നിരിക്കെ ആയതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള 5 വകുപ്പുകൾ ഏകീകരിച്ചുകൊണ്ട് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയം പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ട്.

## വളാഞ്ചേരി സബ് ട്രഷറി കെട്ടിട നിർമ്മാണം

364(2300) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കണമെന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ ഗ്രാമ വികസന കമ്മിഷണർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

(എ & ബി) മലപ്പുറം ജില്ലയിലെ വളാഞ്ചേരി സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ 10 സെന്റ് സ്ഥലം അനുവദിക്കണമെന്ന വിഷയത്തിൽ ഗ്രാമ വികസന കമ്മീഷണറിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ RC4/53/2021/LSGD നമ്പർ ഫയലിൽ ഈ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഭൂമി കൈമാറുന്നത് സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; കെട്ടിട നിർമ്മാണത്തിനായി കാലതാമസം കൂടാതെ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വളാഞ്ചേരി സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി പതിച്ച് കൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് റവന്യൂ, നിയമ വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിലെ വീട് നിർമ്മാണം

365(2301) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമപ്രകാരം ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വീട് നിർമ്മിക്കുന്നതിന് അനുമതി നൽകാറുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ വകുപ്പിന്റെ ബി.ടി. ആർ.-ൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയിൽ (വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി) നഗരസഭ പരിധിയിൽ പരമാവധി 4.04 ആർ വിസ്ത്ൃതിയിലുള്ള ഭൂമിയിൽ 120 Square Metre വിസ്തൃതിയിലുള്ള വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 40 Square Metre വിസ്തീർണ്ണമുള്ള ഒരു വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിക്ക് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതിയില്ലാതെ തന്നെ കെട്ടിടനിർമ്മാണാനുമതി നൽകുവാൻ കഴിയും. എന്നാൽ ടി അളവിന്

മുകളിലുള്ള നിർമ്മാണങ്ങൾക്ക് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതിയോടെ മാത്രമേ പെർമിറ്റ് നൽകുവാൻ കഴിയുകയുള്ളൂ.

(ബി) കരഭൂമിയായി പരിവർത്തനപ്പെട്ട് ദശാബ്ദങ്ങളായതും ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി, റവന്യൂ വകുപ്പിന്റെ ബി.ടി.ആർ.-ൽ നിലം എന്ന് രേഖപ്പെടുത്തിയ കാരണത്താൽ പ്രസ്തുത ഭൂമിയിൽ 120 മീറ്റർ സ്ക്വയർ വീടിന് മാത്രമേ നിർമ്മാണ അനുമതി നൽകൂ എന്നിരിക്കെ ഉടമസ്ഥൻ 120 മീറ്റർ സ്ക്വയർ വിസ്തൃതിക്ക് മുകളിൽ വീട് നിർമ്മിക്കുന്നപക്ഷം അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നും പ്രസ്തുത വീടിന് നമ്പർ നൽകുമോയെന്നും അറിയിക്കുമോ?

കരഭൂമിയായി പരിവർത്തനപ്പെട്ട് ദശാബ്ദങ്ങളായതും ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി, റവന്യൂ വകുപ്പിന്റെ ബി.ടി.ആർ-ൽ നിലം എന്ന് രേഖപ്പെടുത്തിയ കാരണത്താൽ പ്രസ്തുത ഭൂമിയിൽ 120 സ്ക്വയർ മീറ്ററിൽ അധികരിച്ച് വീട് നിർമ്മിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി ആവശ്യമാണ്.

(സി) നെൽവയൽ തണ്ണീർത്തട ഭൂമിയിൽ അനുവദനീയ പരിധിക്കുള്ള നിർമ്മാണാനുമതി വാങ്ങിയശേഷം പ്രസ്തുത പരിധിയിൽ കവിഞ്ഞ അളവിലുള്ള കെട്ടിടം വച്ചതിന്റെ പേരിൽ വീട്ട് നമ്പർ നൽകാതെ യു.എ.

നമ്പർ മാത്രം നല്കിയ എത്ര കേസുകൾ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

യു.എ. നമ്പർ മാത്രം നൽകിയ 57 കേസുകൾ നഗരസഭകളുടെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ പഞ്ചായത്ത് തലത്തിൽ യു.എ. നമ്പർ മാത്രം നൽകിയ കേസുകളുടെ വിശദാംശം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## കിലയിലെ ഉദ്യോഗസ്ഥ തസ്തികകളുടെ അടിസ്ഥാന യോഗ്യതകൾ

366(2302) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിലയിലെ ഡയറക്ടർ ജനറൽ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളുടെ അടിസ്ഥാന യോഗ്യതകൾ വ്യക്തമാക്കുമോ?

ഡയറക്ടർ ജനറൽ തസ്തിക

അനിവാര്യ യോഗ്യതകൾ:

1) ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2) വികേന്ദ്രീകൃതാസൂത്രണ, പ്രാദേശിക ഭരണ നിർവ്വഹണ രംഗത്ത് കുറഞ്ഞത് 10 വർഷക്കാലത്തെ അനുഭവ പരിചയം

3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസന രംഗത്ത് കുറഞ്ഞത് 5 വർഷക്കാലത്തെ പ്രവൃത്തിപരിചയം

അഭികാമ്യ യോഗ്യതകൾ:

1) അംഗീകൃത സർവ്വകലാശാലയിൽ നിന്നും തദ്ദേശഭരണത്തിലുള്ള പി.എച്ച്.ഡി. ബിരുദം

2) ദേശീയ, അന്തർദേശീയ തലത്തിൽ പ്രവർത്തിച്ചുള്ള പ്രവൃത്തി പരിചയം

അസിസ്റ്റന്റ് പ്രൊഫസർ

1) അസിസ്റ്റന്റ് പ്രൊഫസർ മാനേജ്മെന്റ്

അനിവാര്യ യോഗ്യതകൾ:

ഗ്രാമവികസനം/ബിഹേവിയറൽ സയൻസ്/പേഴ്സണൽ മാനേജ്മെന്റ്/ മാർക്കറ്റിംഗ് എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ സ്പെഷ്യലൈസേഷനോടുകൂടിയുള്ള എം.ബി.എ. ബിരുദം. 5 വർഷത്തെ പ്രവൃത്തിപരിചയം. ബന്ധപ്പെട്ട വിഷയത്തിലുള്ള പി.എച്ച്.ഡി. ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം.

<u>അഭികാമ്യ യോഗ്യതകൾ</u>:

വികേന്ദ്രീകൃതാസൂത്രണ/പ്രാദേശിക ഭരണ വിഷയങ്ങളിൽ കേരളത്തിലോ ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിലോ ഉള്ള റിസർച്ച്/ആക്ഷൻ റിസർച്ച് പ്രവൃത്തി പരിചയം

2)<u>അസിസ്റ്റന്റ് പ്രൊഫസർ (പബ്ലിക് ആന്റ് ലോക്കൽ ഫിനാൻസ്/പബ്ലിക് അഡ്മിനിസ്ട്രേഷൻ)</u>

<u>അനിവാര്യ യോഗ്യതകൾ</u>:

1) അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള പബ്ലിക് അഡ്മിനിസ്ട്രേഷൻ/പബ്ലിക് ഫിനാൻസ് അല്ലെങ്കിൽ എം.ബി.എ. ഇൻ ഫിനാൻസ്/ഓർഗനൈസേഷണൽ ഡെവലപ്മെന്റ് എന്നീ വിഷയങ്ങളിലുള്ള ബിരുദാനന്തര ബിരുദം

2) ബന്ധപ്പെട്ട വിഷയത്തിലുള്ള പി.എച്ച്.ഡി. ബിരുദം

3) കമ്പ്യൂട്ടർ പരിജ്ഞാനം.

<u>അഭികാമ്യ യോഗ്യതകൾ</u>:

വികേന്ദ്രീകൃതാസൂത്രണ/പ്രാദേശിക ഭരണ വിഷയങ്ങളിൽ കേരളത്തിലോ ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിലോ ഉള്ള റിസർച്ച്/ആക്ഷൻ റിസർച്ച് പ്രവൃത്തി പരിചയം

3) <u>അസിസ്റ്റന്റ് പ്രൊഫസർ ലീഗൽ സ്റ്റഡീസ്</u>

<u>അനിവാര്യ യോഗ്യതകൾ</u>:

1) അംഗീകൃത സർവ്വകലാശാലയിൽ നിന്ന് നിയമത്തിലുള്ള ബിരുദാനന്തര ബിരുദം

2) 3 വർഷക്കാലത്തെ ബാറിലുള്ള പ്രവൃത്തിപരിചയം

3) ബന്ധപ്പെട്ട വിഷയത്തിലുള്ള പി.എച്ച്.ഡി. ബിരുദം

4) മലയാളത്തിലുള്ള പരിജ്ഞാനം.

4)<u>അസിസ്റ്റന്റ് പ്രൊഫസർ - സോഷ്യോളജി / സോഷ്യൽ ജസ്റ്റിസ്</u>

<u>അനിവാര്യ യോഗ്യതകൾ</u>:

1) തദ്ദേശസ്വയംഭരണ വകുപ്പിലോ മറ്റ് വികസന വകുപ്പുകളിലോ, പരിശീലന സ്ഥാപനങ്ങളിലോ ഗസറ്റഡ് തസ്തികയിലുള്ള 5 വർഷക്കാലത്തെ സേവനം

2) അംഗീകൃത സർവ്വകലാശാലയിൽ നിന്ന് സോഷ്യോളജിയിലുള്ള ബിരുദാനന്തര ബിരുദം/MSW/M.phil

3) ബന്ധപ്പെട്ട വിഷയത്തിലുള്ള പിഎച്ച്ഡി ബിരുദം

4) കമ്പ്യൂട്ടർ പരിജ്ഞാനം.

അഭികാമ്യ യോഗ്യതകൾ :

വികേന്ദ്രീകൃതാസൂത്രണ/പ്രാദേശികഭരണ വിഷയങ്ങളിൽ കേരളത്തിലോ ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിലോ ഉള്ള റിസർച്ച്/ആക്ഷൻ റിസർച്ച് പ്രവൃത്തി പരിചയം.

## കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പിന് യു.ജി.സി. അംഗീകാരം

367(2303) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ തളിപ്പറമ്പിൽ ആരംഭിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പ് എന്ന സ്ഥാപനത്തിനും അത് നടത്താൻ ഉദ്ദേശിക്കുന്ന കോഴ്സുകൾക്കും യു.ജി.സി.യുടെ അംഗീകാരം ഉണ്ടോയെന്ന്

വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത കോഴ്സുകൾ യു.ജി.സി. അംഗീകാരമുള്ള കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് നടത്തുന്നത്.

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് കിലയുടെ അധീനതയിലാണോ അതോ സ്വതന്ത്ര സ്ഥാപനമായിട്ടാണോ പ്രവർത്തിക്കുന്നത്?

പ്രസ്തുത സ്ഥാപനം കിലയുടെ അധീനതയിലാണ് പ്രവർത്തിക്കുന്നത്

(സി) കിലയുടെ അധീനതയിലാണെങ്കിൽ യു.ജി.സി. നിഷ്കർഷിക്കുന്ന, സ്ഥാപന മേധാവിക്ക് ഉണ്ടാകേണ്ട യോഗ്യതകൾ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ജനറലിന് ഉണ്ടോ; വ്യക്തമാക്കുമോ;

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പിന്റെ ഡയറക്ടറുടെ നിയമനം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ഡി) പ്രസ്തുത കേന്ദ്രത്തിൽ ബിരുദാനന്തരബിരുദ കോഴ്സ് ആരംഭിക്കുമ്പോൾ യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കുവാനും അതനുസരിച്ച് സ്ഥാപന മേധാവിയെ നിയമിക്കുവാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആന്റ് ലീഡർഷിപ്പിന്റെ ഡയറക്ടറുടെ നിയമനം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

## കർണ്ണാടക അതിർത്തികളിലൂടെയുള്ള ലഹരിക്കടത്ത് തടയുന്നതിനുള്ള നടപടികൾ

368(2304)ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക അതിർത്തികളിലൂടെ കാസർഗോഡ് ജില്ലയിലേയ്ക്ക് വ്യാപകമായ തോതിൽ മദ്യവും മയക്കുമരുന്നും കടത്തുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കർണ്ണാടക അതിർത്തികളിലൂടെ കാസർഗോഡ് ജില്ലയിലേയ്ക്ക് മദ്യവും മയക്കുമരുന്നും കടത്തുന്നത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തുവാൻ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേജർ ചെക്ക്പോസ്റ്റായ മഞ്ചേശ്വരം എക്സൈസ് ചെക്ക്പോസ്റ്റിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ മുഴുവൻ സമയവും വാഹനപരിശോധന നടത്തി വരുന്നതോടൊപ്പം ജില്ലയിലെ ഹൈവേ പട്രോൾ ടീം ചെക്ക്പോസ്റ്റ് ടീമിനൊപ്പം ചേർന്ന് മറ്റ് റോഡുകളിലും

പരിശോധന നടത്തിവരുന്നു. മഞ്ചേശ്വരം എക്സൈസ് ചെക്ക്പോസ്റ്റിൽ CCTV സ്ഥാപിച്ച് ആയതിന്റെ പ്രവർത്തനം കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ഓഫീസുകളിൽ നിരീക്ഷിച്ചുവരുന്നുണ്ട്. അദൂർ, പെർല എന്നീ ചെക്ക്പോസ്റ്റുകളിൽ, ചെക്ക്പോസ്റ്റ് ഡ്യൂട്ടിക്ക് നിയോഗിച്ചവരെ കൂടാതെ ബദിയഡുക്ക റെയ്ഞ്ച് ടീമും ചെക്ക്പോസ്റ്റ് ടീമിനൊപ്പം ചേർന്ന് വിവിധ സമയങ്ങളിൽ കർശന വാഹന പരിശോധന നടത്തിവരുന്നുണ്ട്.

(ബി) ചെക്ക്പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ശക്തമായ പരിശോധന ഏർപ്പെടുത്തുമോയെന്ന് അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടില്ലാത്ത റോഡുകളിലും ഊടുവഴികളിലും ജില്ലയിലെ വിവിധ എക്സൈസ് ഓഫീസുകളിൽ നിന്ന് വിവിധ സമയങ്ങളിൽ പട്രോളിംഗ് നടത്തുന്നുണ്ട്. കാസർഗോഡ്, ഹോസ്ദുർഗ് എക്സൈസ് സർക്കിൾ ഓഫീസുകളിൽ പ്രവർത്തിക്കുന്ന രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സുകൾ ചെക്ക്പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ശക്തമായ നിരീക്ഷണവും പരിശോധനയും നടത്തിവരുന്നു.

## ലഹരിവിരുദ്ധ ക്യാമ്പയിനുകൾ

369(2305) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവതലമുറയെ ഗുരുതരമായി ബാധിക്കുന്ന പുത്തൻ ലഹരിപദാർത്ഥങ്ങൾ അതിർത്തി കടന്നുവരുന്നത് തടയുവാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

അതിർത്തി ചെക്ക് പോസ്റ്റുകളിൽ CCTV ക്യാമറകൾ സ്ഥാപിച്ചും വയർലെസ് സംവിധാനം ഏർപ്പെടുത്തിയും ശക്തമായ വാഹനപരിശോധന നടത്തിവരുന്നു. കൂടാതെ സ്പെഷ്യൽ സ്ക്വാഡുകളും സ്ട്രൈക്കിംഗ് ഫോഴ്സ് പാർട്ടിയും അതിർത്തി പ്രദേശങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. ശക്തമായ പരിശോധനമൂലം മയക്കുമരുന്നുകൾ വലിയതോതിൽ പിടികൂടിയിട്ടുണ്ട്. ട്രെയിൻമാർഗ്ഗമുള്ള കടത്ത് തടയുന്നതിന് റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സുമായി ചേർന്നും കടൽ മാർഗ്ഗമുള്ള കടത്ത് തടയുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവരുമായി ചേർന്നും സംയുക്ത പരിശോധന നടത്തിവരുന്നു.

(ബി) എം.ഡി.എം.എ. പോലുള്ള മയക്കുമരുന്നുകളുടെ ഉപയോഗംമൂലമുള്ള ഗുരുതരമായ പ്രത്യാഘാതങ്ങൾ യുവതലമുറയിലേയ്ക്ക് എത്തിക്കുവാൻ ക്യാമ്പയിനുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

എം.ഡി.എം.എ. പോലുള്ള സിന്തറ്റിക് ഡ്രഗ്ഗുകൾ വിദ്യാർത്ഥികളിലേയ്ക്ക് എത്തിപ്പെടാതിരിക്കുന്നതിനും അത്തരം മയക്കുമരുന്നുകളുടെ ഉപയോഗംമൂലം സംഭവിക്കുന്ന ഗുരുതര പ്രത്യാഘാതങ്ങളെക്കുറിച്ചും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് പകരുന്നതിനും ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ അവരിൽ വളർത്തിയെടുക്കുന്നതിനുമാണ് വിമുക്തി മിഷന്റെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി തുടങ്ങിയവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഈ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസുകൾ,

വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജ് ക്യാമ്പസുകളിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ " നേർക്കൂട്ടം" എന്ന പേരിൽ ഒരു കമ്മിറ്റിയും കോളേജ് ഹോസ്റ്റലുകളിൽ " ശ്രദ്ധ" എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ വിദ്യാർത്ഥികളെ ലഹരി ഉയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും സ്കൂളുകളിൽ " ഉണർവ്" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ലഹരി വസ്തുക്കളുടെ ദുരുപയോഗം ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ എങ്ങനെ നേരിടണമെന്നും സഹപാഠികൾ, സുഹൃത്തുകൾ എന്നിവർ ലഹരിയിലേയ്ക്ക് പോകാതെ സംരക്ഷിക്കുന്നതിനെക്കുറിച്ചും വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും യുവതലമുറയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും " കവചം" എന്ന പേരിൽ വിമുക്തി മിഷൻ ഒരു കൈപ്പുസ്തകം തയ്യാറാക്കി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തുവരുന്നു. വിദ്യാലയങ്ങൾ

ലഹരിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ " ലഹരിമുക്തം വിദ്യാലയം" എന്ന പേരിലുള്ള ഒരു ക്യാമ്പയിൻ വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ടി ക്യാമ്പയിനിന്റെ ഭാഗമായി എക്സൈസ് ഉദ്യോഗസ്ഥർ എം.ഡി.എം.എ. ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് സ്കൂളുകളിൽ ബോധവൽക്കരണം നടത്തിവരുന്നു.

## മാവേലിക്കര,നൂറനാട് എക്സൈസ് ഓഫീസുകളുടെ നിർമ്മാണം

370(2306) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എക്സൈസ് ഓഫീസ് നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത കെട്ടിടത്തിന് ആവശ്യമായി വരുന്ന അധിക തുക അനുവദിക്കുമോ; വ്യക്തമാക്കുമോ?

മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 247.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നൂറനാട് എക്സൈസ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ തുക അനുവദിക്കുമോ; വ്യക്തമാക്കുമോ?

എക്സൈസ് വകുപ്പിന് സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റ്

371(2308) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റ് മതിയായ സൗകര്യങ്ങളില്ലാത്ത താൽക്കാലിക സംവിധാനത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റ് നിലവിൽ കണ്ടെയ്നർ മൊഡ്യൂളിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ഇവിടെ സ്കാനർ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളുടെ അഭാവംമൂലം കമ്പി ഉപയോഗിച്ച് കുത്തിയുള്ള പരമ്പരാഗത രീതിയാണ് പരിശോധനയ്ക്ക് സ്വീകരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ചെക്ക് പോസ്റ്റിലൂടെ കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ കടത്തുന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ചെക്ക്പോസ്റ്റിൽ കൂടി പാൻമസാല കടത്താൻ ശ്രമിച്ചതിന് 271 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3.768 കിലോ പാൻമസാല കണ്ടെടുക്കുകയും 4 കഞ്ചാവ് കേസുകളിലായി 2.225 കിലോ കഞ്ചാവ് കണ്ടെടുക്കുകയും ടി ഇനത്തിൽ തൊണ്ടി മണി ഇനത്തിൽ 400 രൂപ ലഭിച്ചിട്ടുള്ളതുമാണ്.

(ഡി) പ്രസ്തുത ചെക്ക് പോസ്റ്റിൽ മതിയായ അടിസ്ഥാനസൗകര്യങ്ങളും ആധുനിക പരിശോധനാസംവിധാനങ്ങളും ഏർപ്പെടുത്തി പരിശോധനകൾ കർശനമാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുമോ?

പ്രസ്തുത ചെക്ക്പോസ്റ്റിൽ ജീവനക്കാർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനിക രീതിയിലുള്ള പരിശോധന നടത്തുന്നതിനും വേണ്ടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ രജിസ്റ്റർ ചെയ്ത കേസുകൾ

372(2309) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും ഓരോ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് എത്ര കേസ് വീതം രജിസ്റ്റർ ചെയ്തുവെന്നും വിശദമാക്കുമോ?

2021-ൽ പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ 25 മയക്കുമരുന്ന് കേസുകളും 238 അബ്കാരി കേസുകളും 1632 കോട്പ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷത്തിനിടെ പ്രസ്തുത ഓഫീസിന് കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 287 വിമുക്തി വാർഡുതല സമിതികൾ രൂപീകരിക്കുകയും 82 ബോധവൽക്കരണ ക്ളാസ്സുകൾ, 17 റസിഡൻസ് അസോസിയേഷൻ യോഗങ്ങൾ, 17 ക്വിസ് മൽസരങ്ങൾ, 5 സൈക്കിൾ റാലി, 2 വിമുക്തി ജ്വാല തെളിയിക്കൽ, 1 മെഡിക്കൽ ക്യാമ്പ്, 920 ഗൃഹസന്ദർശനങ്ങൾ, 1 വെബിനാർ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

## ട്രാക്ക് ആന്റ് ട്രെയ്സ് സംവിധാനം

373(2310) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിന്റെ ഉല്പാദനവും വിതരണവും നിരീക്ഷിക്കുന്നതിനായും കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായും ട്രാക്ക് ആന്റ് ട്രെയ്സ് സംവിധാനം നടപ്പിലാക്കിയോ; പ്രസ്തുത സംവിധാനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

കള്ളിന്റെ ഉല്പാദനവും വിതരണവും നിരീക്ഷിക്കുന്നതിനായും കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായും ട്രാക്ക് ആന്റ് ട്രെയ്സ് സംവിധാനം നടപ്പിലാക്കുന്നതിനായി പ്രാരംഭ നടപടികൾ നടന്നുവരുന്നു. സർക്കാർ മേഖലയിലെ IIITMK, CMD Kerala എന്നിവരുമായി സഹകരിച്ചും ടി പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ ചർച്ചകൾ പുരോഗമിക്കുന്നു. കള്ളുല്പാദനം നടത്തുന്ന തോട്ടത്തിൽ നിന്നും അത് വിൽക്കുന്ന കള്ളുഷാപ്പ് വരെയുള്ള കള്ളിന്റെ നീക്കം നിരീക്ഷിക്കുവാനും കള്ളിൽ മായം

ചേർക്കുന്നത് തടയുവാനുമുള്ള രീതിയിലാണ് ട്രാക്ക് ആന്റ് ട്രെയ്സ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ഗോത്രമേഖലയിൽ പുതിയ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പാലോട് (തിരുവനന്തപുരം), ആറളം (കണ്ണൂർ), ചിറ്റൂർ (പാലക്കാട്), വൈത്തിരി (വയനാട്), സുൽത്താൻബത്തേരി (വയനാട്) എന്നീ സ്ഥലങ്ങളിൽ 5 ജനമൈത്രി എക്സൈസ് സ്ക്വാഡുകളും അതിനാവശ്യമായ പുതിയ തസ്തികകളും സൃഷ്ടിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ ശിപാർശയും എറണാകുളം ജില്ലയിലെ കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ കേന്ദ്രീകരിച്ച് 23 തസ്തികകൾ ഉൾപ്പെടുത്തി ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശയും സർക്കാർ വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ടി ശിപാർശകൾ പരിഗണിക്കുവാൻ കഴിയുകയില്ല എന്ന് എക്സൈസ് കമ്മീഷണറെ അറിയിച്ച് തീർപ്പാക്കിയിട്ടുമുണ്ട്.

## ലഹരി വിരുദ്ധ ബോധവൽക്കരണം

374(2311) ശ്രീ. റോജി എം. ജോൺ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ വേട്ടയ്ക്കായി രൂപം നൽകിയ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ഇതിനായി ഫീൽഡുതലത്തിൽ റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂർ പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾറൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, സംസ്ഥാനം മുഴുവൻ അധികാരപരിധിയുള്ള ഒരു സ്ക്വാഡും, മൂന്ന് മേഖലാ സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു.

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ശരിയായ അറിവുനൽകി ലഹരിയിൽനിന്നും സ്വയംസംരക്ഷണം തീർക്കുന്ന അവസ്ഥ കുട്ടികളിൽ വളർത്തിയെടുക്കുന്നതിനാണ് വിമുക്തി മിഷൻ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു.

അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലേ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നുണ്ട്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നതിനും സ്കൂളുകളിൽ 'ഉണർവ്' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് ക്യാമ്പസ്സുകളിൽ " നേർക്കൂട്ടം" എന്ന പേരിലും ഹോസ്റ്റലുകളിൽ " ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

## വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ്

375(2312) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ നിലവിലെ ഹോസ്ദുർഗ്ഗ്, നീലേശ്വരം എന്നീ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതുതായി വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നത്

ഉൾപ്പെടെ അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ മൂന്ന് ഘട്ടങ്ങളിലായി രൂപീകരിക്കുന്നതിനായി ലഭ്യമാക്കിയിരുന്ന എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ ആയത് പരിഗണിക്കുവാൻ കഴിയുകയില്ല എന്നും ശിപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി അടുത്ത സാമ്പത്തിക വർഷത്തിൽ വിശദമായ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഏതൊക്കെ എക്സൈസ് സർക്കിൾ ഓഫീസുകൾക്ക് കീഴിൽ എക്സൈസ് റേഞ്ച് ഓഫീസുകൾ ഇല്ലായെന്നത് വിശദമാക്കാമോ?

വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസിന് കീഴിൽ മാത്രമാണ് എക്സൈസ് റേഞ്ച് ഓഫീസുകൾ നിലവിലില്ലാത്തത്.

(സി) പ്രസ്തുത സ്ഥലങ്ങളിൽ റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് തീരുമാനം ആയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ നിലവിലെ ഹോസ്ദുർഗ്ഗ്, നീലേശ്വരം എന്നീ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതുതായി വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നതുൾപ്പെടെ അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ആയത് പരിഗണിക്കുവാൻ കഴിയുകയില്ലെന്നും 2023-24 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി അടുത്ത സാമ്പത്തിക വർഷത്തിൽ വിശദമായ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ

376(2313) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിമരുന്ന് മാഫിയയുടെ പ്രവർത്തനം ശക്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിലും പിടിച്ചെടുക്കുന്ന മയക്കുമരുന്നുകളുടെ അളവിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) ലഹരിമരുന്ന് മാഫിയയെ അമർച്ച ചെയ്യുന്നതിനും ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ലഹരിമരുന്ന് മാഫിയയെ അമർച്ച ചെയ്യുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഇതിനായി റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. പ്രതികളാകുന്നവരുടെ മൊബൈൽ ഫോൺ പരിശോധിച്ചും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഹരിയുടെ ഉറവിടം കണ്ടെത്തി, ആയതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രതികളെയും

നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കേരളീയ സമൂഹത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷൻ മുഖേന വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

സ്കൂൾ/കോളേജ് തലത്തിലെ പ്രവർത്തനങ്ങൾക്കായി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ ഉണർവ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കേരളത്തിലെ ആദിവാസി മേഖലകളിൽ വിമുക്തിയുടെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടി മേഖലകളിൽ കരിയർ ഗൈഡൻസ് ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, കലാകായിക പരിപാടികൾ എന്നീ പ്രവർത്തനങ്ങളിലൂടെ ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന ക്യാമ്പസുകളിൽ ' നേർക്കൂട്ടം' , ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ച് ലഹരിക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്.

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; എന്തെല്ലാം പ്രവർത്തനങ്ങൾക്കായാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2021-22 സാമ്പത്തിക വർഷത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 818

ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുകയിൽ നിന്നും 300 ലക്ഷം രൂപ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിനോക്കുന്ന വിമുക്തി മാനേജർമാരുടെ ശമ്പള ഇനത്തിൽ വകയിരുത്തിയിട്ടുള്ളതാണ്. ബാക്കിയുള്ള 518 ലക്ഷത്തിൽ 517.95 ലക്ഷം രൂപ ചെലവായതിന്റെ വിശദാംശം ചുവടെ (അനുബന്ധമായി) ചേർത്തിരിക്കുന്നു.+

2022-23 സാമ്പത്തിക വർഷത്തിൽ വിമുക്തി ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 818 ലക്ഷം രൂപ അനുവദിച്ചതിൽ നിന്നും 14 വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളിലെ ജീവനക്കാരുടെയും കൗൺസിലർമാരുടെയും വേതനയിനത്തിൽ ആകെ 104.98 ലക്ഷം രൂപ ചെലവായിട്ടുള്ളതുമാണ്.

## എക്സൈസ് വകുപ്പിലെ അഴിമതി തടയാൻ നടപടി

377(2314)ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പാലക്കാട് എക്സൈസ് ഡിവിഷനിലെ ജീവനക്കാർക്ക് കൈക്കൂലി നൽകാൻ എത്തിച്ച 10.03 ലക്ഷം രൂപ വിജിലൻസ് പിടിച്ചെടുത്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകുപ്പുതല അന്വേഷണം നടത്തിയോ?

പാലക്കാട് ഡിവിഷനിലെ ജീവനക്കാർക്ക് കൈക്കൂലി നൽകാൻ എത്തിച്ചതായി പറയുന്ന 10,23,600 രൂപ വിജിലൻസ് പിടിച്ചെടുത്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പുതലത്തിൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ?

എക്സൈസ് വകുപ്പ് നടത്തിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ആയിരുന്ന ശ്രീ. എം. എം. നാസർ ഉൾപ്പെടെയുള്ള 14 എക്സൈസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് 24.05.2022-ലെ സ.ഉ(സാധാ)നം. 412/2022/നി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) എക്സൈസ് വകുപ്പിലെ കൈക്കൂലിയും അഴിമതിയും അവസാനിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

എക്സൈസ് വകുപ്പിലെ കൈക്കൂലിയും അഴിമതിയും അവസാനിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിൽ നിന്നും പൊതുജനങ്ങൾക്കും ലൈസൻസികൾക്കും നൽകുന്ന സേവനത്തിന് ഓൺലൈൻ സംവിധാനവും ലൈസൻസ് ഫീസ് അടയ്ക്കുന്നതിന് ഇ-ട്രഷറി സംവിധാനവും ഏർപ്പെടുത്തിയിട്ടുള്ളതാണ്. എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ച് ഉദ്യോഗസ്ഥരുടെ പ്രവർത്തനവും നിരീക്ഷിച്ചുവരുന്നു. അതോടൊപ്പം കൈക്കൂലിയും അഴിമതിയും നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ കർശനമായ അച്ചടക്കനടപടികളും സ്വീകരിച്ചുവരുന്നു.

<u>എക്സൈസ് വകുപ്പിലെ സീനിയോറിറ്റി</u>

378(2315) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വിഭാഗത്തിനെ സേനാവിഭാഗം ആയി അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സേനകൾക്ക് നൽകുന്ന എല്ലാ അലവൻസുകളും ആനുകൂല്യങ്ങളും എക്സൈസ് വകുപ്പിലെ ജീവനക്കാർക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അബ്കാരി/എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗം എന്ന നിലയ്ക്ക് എക്സൈസ് വകുപ്പ് അച്ചടക്കമുള്ള ഒരു സേനാവിഭാഗമായി പ്രവർത്തിച്ചുവരുന്നു. എന്നാൽ എക്സൈസ് വകുപ്പിനെ സേനാവിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) എക്സൈസ് വകുപ്പിൽ പതിനേഴ് വർഷത്തിലധികമായി സർവ്വീസ് ഉണ്ടായിട്ടും പ്രൊമോഷൻ ലഭിക്കാത്ത സിവിൽ എക്സൈസ് ഓഫീസർമാരുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണിച്ചുകൊണ്ട് കൂടുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എക്സൈസ് വകുപ്പിലെ യോഗ്യരായ സിവിൽ എക്സൈസ് ഓഫീസർമാർക്ക് 8, 15, 22, 27 വർഷങ്ങളിലെ സേവനകാലം കണക്കാക്കി സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നതോടൊപ്പം, 15

വർഷം സേവനം പൂർത്തിയാക്കുന്ന യോഗ്യരായ സിവിൽ എക്സൈസ് ഓഫീസർമാർക്ക് പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) സ്ഥാനക്കയറ്റവും 22 വർഷം പൂർത്തീകരിച്ച യോഗ്യരായ പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) സ്ഥാനക്കയറ്റവും നൽകിവരുന്നുണ്ട്. 17 വർഷത്തിലധികമായി സർവ്വീസ് ഉണ്ടായിട്ടും പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഓരോ ജില്ലകളിലും ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നത്. ഇക്കാര്യം പരിഗണിച്ച് കൂടുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണനയിലില്ല.

(സി) എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെയും പ്രിവന്റീവ് ഓഫീസർമാരുടെയും സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് തീർപ്പാകാത്ത എത്ര പരാതികൾ നിലവിലുണ്ടെന്നും ഓരോ പരാതിയും എത്ര കാലമായി തീർപ്പാകാതെ അവശേഷിക്കുകയാണെന്നും വ്യക്തമാക്കുമോ?

എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെയും പ്രിവന്റീവ് ഓഫീസർമാരുടെയും സീനിയോരിറ്റിയുമായി ബന്ധപ്പെട്ട്

കെ.എസ്&എസ്.എസ്.ആർ. ചട്ടം 27(B) പ്രകാരം ലഭിച്ചിട്ടുള്ള പരാതികൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ കോട്ടയം ഡിവിഷനിൽ അന്തർജില്ലാസ്ഥലംമാറ്റം വഴി സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ അധികമായി വന്ന ജീവനക്കാരെ താഴേയ്ക്ക് ക്രമീകരിച്ച് സിവിൽ എക്സൈസ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് ജില്ലാതലത്തിൽ പുന:ക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർ ടിയാന്മാരുടെ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ പ്രൊമോഷൻ തീയതി പുന:ക്രമീകരിക്കണം എന്ന് കാണിച്ച് പരാതി സമർപ്പിച്ചിട്ടുള്ളത് എക്സൈസ് കമ്മീഷണറുടെ പരിഗണനയിലാണ്. മേൽ പരാതികൾ ലഭിച്ചിട്ട് രണ്ട് മാസത്തോളമായിട്ടുണ്ട്.

(ഡി) സീനിയോറിറ്റി സംബന്ധിച്ച പരാതികളിൽ തീർപ്പുകൽപ്പിക്കാതെ ഒരു കൂട്ടം പ്രിവന്റീവ് ഓഫീസർമാർക്ക് താൽക്കാലികമായി പ്രൊമോഷൻ നൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പരാതികളിൽ തീർപ്പ് കൽപ്പിക്കുമ്പോൾ അനുവദിച്ച പ്രൊമോഷനുകൾ അനധികൃതമാണെന്ന് ബോധ്യപ്പെട്ടാൽ അവർക്ക് നൽകിയ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കുമോ; വിശദാംശം നൽകുമോ?

പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റുകളുമായി ബന്ധപ്പെട്ട് നിരവധി കോടതി കേസുകൾ നിലനിൽക്കുന്നത് കാരണം സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ കഴിയാത്ത സാഹചര്യം വരികയും അത്തരത്തിൽ വകുപ്പിൽ ഉണ്ടായിരുന്ന ഒഴിവുകൾ നികത്താൻ കഴിയാതിരുന്നത് വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കും എന്നത് പരിഗണിച്ച് സർക്കാർ നിർദ്ദേശിച്ച പ്രകാരം കെ.എസ്&എസ്.എസ്.ആർ ചട്ടം 31(a)(i) പ്രകാരം പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്. താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിലാണ് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്.

## വയനാട് ജില്ലയിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

379(2316) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനിടയിൽ വയനാട് ജില്ലയിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കേസുകളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കുമോ?

അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.+

(സി) ലഹരി വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദമാക്കുമോ?

സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പഞ്ചായത്ത്/താലൂക്ക്/ജില്ലാതലങ്ങളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങൾക്കായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ വിമുക്തി മിഷന്റെ കീഴിലായി ഒരു ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിച്ച്, ടി സ്ഥാപനത്തിൽ ലഹരിമുക്ത ചികിത്സ, കൗൺസിലിംഗ് എന്നിവ നടത്തി വരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായുള്ള നടപടികൾ

380(2317) ശ്രീമതി. ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി നടപ്പിലാക്കിവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ, ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ശരിയായ അറിവ് നൽകി ലഹരിയിൽനിന്നും സ്വയംസംരക്ഷണം തീർക്കുന്ന അവസ്ഥ കുട്ടികളിൽ വളർത്തിയെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും

ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലേ തിരിച്ചറിഞ്ഞ് കൗൺസലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ " നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ " ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി കമ്മിറ്റികൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും ആർട്സ് & സയൻസ് കോളേജുകളിലും രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിദ്യാലയ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം, വിതരണം എന്നിവ തടയുന്നതിനായി സ്കൂൾ പരിസരങ്ങളിലും മറ്റിടങ്ങളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു.

<u>കാർഷിക ഉല്പന്നങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യോല്പാദനം</u>

381(2318) <u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീമതി സി. കെ. ആശ</u>:
<u>ശ്രീ. വി. ആർ. സുനിൽകുമാർ</u>:
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പുതിയ മദ്യനയം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമാകുമോ; വിശദമാക്കാമോ?

സർക്കാരിന്റെ മദ്യനയം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമാകും എന്നാണ് കാണുന്നത്. സംസ്ഥാനത്ത് പുതിയ മദ്യ നിർമ്മാണ യൂണിറ്റുകൾക്ക് അനുമതി നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ 2022-23 വർഷത്തെ മദ്യനയം വിഭാവനം ചെയ്യുന്നുണ്ട്. വിനോദസഞ്ചാര മേഖലയുടെ വികസനത്തിനും സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് ഉതകുന്നതുമായ മദ്യനയമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതുവഴി ഈ മേഖലകളിലെല്ലാം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്. കാർഷിക മേഖലയിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കർഷകർക്ക് പ്രയോജനം ലഭിക്കുന്നവിധം കശുമാങ്ങ, കൈതച്ചക്ക, വാഴപ്പഴം തുടങ്ങിയ കാർഷിക ഉല്പന്നങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന കാർഷിക സർവ്വകലാശാല കശുമാങ്ങ, കൈതച്ചക്ക, വാഴപ്പഴം തുടങ്ങിയ കാർഷിക ഉല്പന്നങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യമായ വൈൻ ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. അതിനെ ആസ്പദമാക്കി മദ്യം ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പുതിയ മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) മേൽ പരാമർശിച്ച രീതിയിലുള്ള മദ്യ ഉല്പാദനത്തിന് അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ധാന്യങ്ങൾ ഒഴികെയുള്ള മറ്റ് കാർഷിക ഉല്പന്നങ്ങളിൽ നിന്ന് വീര്യം കുറഞ്ഞ മദ്യം ഉണ്ടാക്കുന്നതിന് ചെറുകിട യൂണിറ്റുകൾക്ക് അനുമതി നല്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മദ്യ ഉല്പാദനവുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങൾ ബിവറേജസ് കോർപ്പറേഷൻ മുഖേന ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മദ്യ ഉല്പാദനവുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങളായ കാർട്ടൻ, ക്യാരിബാഗ് മുതലായവയുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്ന കാര്യം പരിഗണിച്ചുവരുന്നു.

ബിവറേജ് ഔട്ട്‌ലെറ്റുകൾ പരിഷ്കരിക്കുന്നതിന് നടപടി

382(2319) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബിവറേജ് ഔട്ട്‌ലെറ്റുകളിൽ മദ്യം വാങ്ങാൻ വെയിലത്തും മഴയത്തും ഒരു സുരക്ഷിതത്വവും ഇല്ലാതെ ഉപഭോക്താവ് ക്യൂ നിൽക്കുന്ന അവസ്ഥ പരിഷ്കൃത സമൂഹത്തിന് യോജിക്കുന്ന തരത്തിലാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ അഭിപ്രായം വ്യക്തമാക്കാമോ?

ബിവറേജസ് ഔട്ട്‌ലെറ്റുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ കോർപ്പറേഷന് കീഴിൽ പ്രവർത്തിച്ചുവരുന്ന 270 എഫ്.എൽ-1 ഷോപ്പുകളിൽ 7 ഷോപ്പുകളിൽ പൂർണ്ണമായും 99 ഷോപ്പുകളിൽ ഭാഗികമായും വാക്ക്-ഇൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്. ബാക്കിയുള്ള ഷോപ്പുകൾ വാക്ക്-ഇൻ സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്. ബിവറേജസ് ഔട്ട്‌ലെറ്റുകളിലെ ക്യൂ സമ്പ്രദായം പൂർണ്ണമായും അവസാനിപ്പിക്കുകയാണ് ലക്ഷ്യം.

(ബി) അപകടമുണ്ടാകുന്ന തരത്തിൽ ഒരാൾക്ക് നിന്നുതിരിയാൻ പോലും സൗകര്യമില്ലാത്ത വിധത്തിൽ കമ്പി അഴിയിട്ട ടിൻ ഷീറ്റ് കൊണ്ട് മറച്ച ഇടനാഴികൾ ബീവറേജ് ഷോപ്പിന്റെ മുമ്പിലുള്ളത് മനുഷ്യരുടെ സുരക്ഷയ്ക്ക് യോജിച്ച വിധത്തിലാണോ; ഇത് പണിതിരിക്കുന്നത് നഗര കെട്ടിടനിർമ്മാണ ചട്ടപ്രകാരമാണോ; വ്യക്തമാക്കാമോ?

നിലവിൽ കമ്പി അഴിയിട്ട ടിൻ ഷീറ്റുകൊണ്ടു മറച്ച ഇടനാഴികളുള്ള ഔട്ട്‌ലെറ്റുകൾ വാക്ക്-ഇൻ സൗകര്യത്തിലേയ്ക്ക് മാറുമ്പോൾ പൂർണ്ണമായും ഒഴിവാകുന്നതാണ്. നിലവിൽ വാക്ക്-ഇൻ സൗകര്യം ഇല്ലാത്ത ഔട്ട്‌ലെറ്റുകൾ പൂർണ്ണമായും വാക്ക്-ഇൻ സൗകര്യത്തിലേയ്ക്ക് മാറ്റുന്നതിനു

വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്. കെട്ടിടനിർമ്മാണ ചട്ടം പാലിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതാണ്.

(സി) ഇത്തരം നിർമ്മാണങ്ങൾ നടത്തിയിരിക്കുന്നത് സംസ്ഥാനത്തെ ഏത് നിർമ്മാണ ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ഉപഭോക്താക്കളുടെ തിക്കും തിരക്കും ഒഴിവാക്കുന്നതിനായി ഒരു താൽക്കാലിക സംവിധാനം എന്ന നിലയിൽ മാത്രമാണ് ഇത്തരം നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത്.

(ഡി) ദേശീയ, അന്തർദ്ദേശീയ ടൂറിസ്റ്റുകൾക്കും സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന മുഴുവൻ പേർക്കും നാണക്കേടുണ്ടാക്കുന്ന തരത്തിലുള്ള അപരിഷ്കൃത സമ്പ്രദായം അവസാനിപ്പിച്ച് സംസ്ഥാനത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന തരത്തിൽ ബിവറേജ് ഔട്ട്ലെറ്റുകളുടെ മുഖം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കോർപ്പറേഷന് നിലവിലുള്ള 270 ഔട്ട്ലെറ്റുകളിൽ 106 എണ്ണം (7 എണ്ണം പൂർണ്ണമായും 99 എണ്ണം ഭാഗികമായും) വാക്ക്-ഇൻ സൗകര്യം നിലവിലുള്ളതും ശേഷിക്കുന്ന ഷോപ്പുകളിൽ വാക്ക്-ഇൻ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയുമാണ്. ഇപ്രകാരം മുഴുവൻ ഔട്ട്ലെറ്റുകളിലും വാക്ക്-ഇൻ സൗകര്യം

ഏർപ്പെടുത്തുന്നതോടെ നിലവിലുള്ള അവസ്ഥയ്ക്ക് മാറ്റം വരുന്നതാണ്.

(ഇ) സംസ്ഥാന സർക്കാർ നിയമപ്രകാരം വിതരണം ചെയ്യുന്ന ഉല്പന്നം വാങ്ങാൻ പരിഷ്കൃത സമൂഹത്തിന് ഒട്ടുംതന്നെ യോജിക്കാത്തതും അപകടകരമായി നിർമ്മിച്ചിരിക്കുന്നതുമായ രീതികൾ മാറ്റി ആധുനിക സൗകര്യത്തോടെ മദ്യം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ബിവറേജസ് ഔട്ട്‌ലെറ്റുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. വാക്ക്-ഇൻ സൗകര്യം നിലവിലില്ലാത്ത ഷോപ്പുകൾകൂടി വാക്ക്-ഇൻ സൗകര്യത്തിലേയ്ക്ക് മാറുന്നതോടുകൂടി ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

## ഐ.ടി. പാർക്കുകൾക്ക് സമീപം ബിവറേജ് ഔട്‌ലെറ്റുകൾ

383(2320) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്ന ബാറുകൾ, ബിവറേജ് ഔട്ട്‌ലെറ്റുകൾ എന്നിവയുടെ എണ്ണം വ്യക്തമാക്കുമോ?

2016-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 29 ബാറുകളും 306 ബിവറേജസ് ഔട്ട്ലെറ്റുകളും (FL-1) ഉണ്ടായിരുന്നു.

(ബി) 2016 മേയ് മുതൽ നാളിതുവരെ എത്ര ബാറുകൾ, ബിവറേജ് ഔട്ട്ലെറ്റുകൾ എന്നിവ പുതുതായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

2016 മേയ് മുതൽ നാളിതുവരെ 229 ബാറുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 2015 മാർച്ച് 31-നുമുമ്പ് സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 440 ഹോട്ടലുകളുടെ FL3 ലൈസെൻസ് പുതുക്കി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് 2016 മേയ് മുതൽ നാളിതുവരെ പുതുതായി ബിവറേജ് ഔട്ട്ലെറ്റുകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള ഷോപ്പുകളിലെ തിരക്ക് കുറയ്ക്കുന്നതിനും ഷോപ്പുകളിലെ നീണ്ട നിര ഇല്ലാതാക്കുന്നതിനും അതിലൂടെ സമീപ റോഡുകളിൽ ഉണ്ടാകുന്ന ഗതാഗത തടസ്സവും ഔട്ട്ലെറ്റുകളുടെ സമീപവാസികൾക്കുണ്ടാകുന്ന അസൗകര്യവും ഒഴിവാക്കുന്നതിനായി പുതിയ ബിവറേജ് ഔട്ട്ലെറ്റുകൾ (FL-1) പുതുതായി തുറക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മുൻകാലങ്ങളിൽ അടച്ചുപൂട്ടിയ 78 ബിവറേജ് ഔട്ട്ലെറ്റുകൾ (FL-1) തുറക്കാനും അനുവാദം നല്കിയിട്ടുണ്ട്.

(സി) ഐ.ടി. പാർക്കുകൾക്ക് സമീപം ബാറുകൾ, പബ്ബുകൾ തുടങ്ങിയവ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഐ.ടി. പാർക്കുകൾക്ക് സമീപം നിയമാനുസരണം യോഗ്യതയുള്ളവർക്ക് ഇപ്പോൾത്തന്നെ ബാറുകൾ ലഭ്യമാണ്. പബ്ബുകൾ അനുവദിക്കുന്നതിന് വിദേശമദ്യ ചട്ടത്തിൽ വ്യവസ്ഥയുണ്ടായിട്ടും ആരും തന്നെ ഇതുവരെ ടി ലൈസൻസ് എടുത്തിട്ടില്ല. സംസ്ഥാനത്ത് ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഇത്തരം പാർക്കുകളിൽ മൂലധന നിക്ഷേപത്തിന് തയ്യാറാവുന്നവർക്കും ഐ.ടി.പാർക്കുകളിൽ അവരുടെ ജീവനക്കാർക്കും അതിഥികൾക്കും പ്രവൃത്തിസമയത്തിന് ശേഷമുള്ള വേളകളിൽ വിനോദത്തിന് അവസരം നൽകുന്നതിന്റെ ഭാഗമായി ഐ.ടി. പാർക്കുകളിലെ ഇതിനായി നീക്കിവയ്ക്കുന്ന പ്രത്യേക സ്ഥലങ്ങളിൽ കർശനമായ വ്യവസ്ഥകളോടെ മദ്യം നൽകുന്നതിനായി ഐ.ടി. പാർക്ക് ലോഞ്ച് ലൈസൻസ് എന്ന പേരിൽ വിദേശമദ്യ ചട്ടത്തിൽ ഉൾപ്പെടുത്തി ലൈസൻസ് അനുവദിക്കുമെന്ന് 2022-23 മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ചട്ടം രൂപീകരിച്ചുവരുന്നു.

(ഡി) മദ്യത്തിന്റെ സുലഭമായ ലഭ്യത സമൂഹത്തെ മദ്യാസക്തിയിലേയ്ക്കും തൊഴിലിടങ്ങളെ അരാജകത്വത്തിലേയ്ക്കും നയിക്കുമെന്ന കാരണത്താൽ മദ്യനയങ്ങളിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

മദ്യനിരോധനം പ്രയോഗികമായി വിജയകരമായി നടപ്പിലാക്കാൻ കഴിയില്ലെന്ന് അനുഭവങ്ങളിലൂടെ ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരിക എന്ന ലക്ഷ്യത്തിലൂന്നി സർക്കാർ മദ്യനയം പ്രഖ്യാപിച്ചിരിക്കുന്നത്. മദ്യഷോപ്പുകൾ ഇല്ലാതിരിക്കുന്നത് വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിക്കുന്നതിന് കാരണമാകും. മദ്യശാലകൾ അടച്ചിടുന്നതുകൊണ്ട് മദ്യത്തിന്റെ ഉപയോഗം കുറയുന്നില്ല എന്നാണ് 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലേയും 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലേയും കെ.എസ്.ബി.സി. വഴിയുള്ള മദ്യവില്പനയുടെ കണക്ക് പരിശോധിച്ചതിൽനിന്ന് ബോദ്ധ്യമാകുന്നത്.

## ലഹരിവസ്തുക്കളുടെ ഉപയോഗവും വില്പനയും

384(2321) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

ലഹരിവസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വിവിധ ബോധവൽക്കരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി വിവരശേഖരണത്തിനായി ജില്ലാതലത്തിൽ കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നു. ഓരോ ജില്ലയിലും 24 മണിക്കൂറും സ്ട്രൈക്കിംഗ് ഫോഴ്സ് ടീമുകൾ പ്രവർത്തിക്കുന്നു. എല്ലാ പ്രധാന റോഡുകളിലും ശക്തമായ വാഹന പരിശോധന നടത്തുകയും പരാതികളിലും രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിലും അടിയന്തരമായി ഇടപെട്ട് വ്യാജമദ്യ നിർമ്മാണപ്രവൃത്തികൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരിവസ്തുക്കളുടെ വില്പനയ്ക്കെതിരെ എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും സ്റ്റേറ്റ്

എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ രഹസ്യവിവരങ്ങൾ ലഭ്യമാക്കുന്നതിന് എക്സൈസ് ഇന്റലിജൻസ് വിഭാഗവും എക്സൈസ് ഷാഡോ സംവിധാനവും പ്രവർത്തിക്കുന്നുണ്ട്.

ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചും വയർലെസ് സംവിധാനം ഏർപ്പെടുത്തിയും വാഹനപരിശോധന കർശനമാക്കിയും അന്യസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗ് നടത്തിയും, ലഹരിവസ്തുക്കളുടെ വില്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ്, ഫോറസ്റ്റ്, റവന്യൂ, റെയിൽവേ തുടങ്ങിയ മറ്റ് വകുപ്പുകളുമായി ചേർന്നും ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിനുള്ള സംയുക്ത റെയിഡുകൾ നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാൻ ഇടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യനിരീക്ഷണങ്ങൾ നടത്തി ലഹരിവസ്തുക്കളുടെ

ഉപയോഗവും വ്യാപനവും തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് സ്കൂൾ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും പകർന്നുനൽകി അവർക്കിടയിലെ ലഹരി ഉപയോഗം ഗൗരവമായി കണ്ട് ലഹരി ഉപയോഗത്തിനെതിരെ സാമൂഹിക കൂട്ടായ്മ വളർത്തിയെടുക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ നടത്തിവരുന്നു.

(ബി) മാവേലിക്കരയിൽ ലഹരിവസ്തുക്കളുടെ ഉപയോഗവും കച്ചവടവും നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി സ്വീകരിച്ച നടപടികളും രജിസ്റ്റർ ചെയ്ത് നടപടി എടുത്ത കേസുകളുടെ വിവരങ്ങളും ലഭ്യമാക്കുമോ?

മാവേലിക്കരയിൽ ലഹരിവസ്തുക്കളുടെ ഉപയോഗവും കച്ചവടവും നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വിമുക്തി പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് 316 വിമുക്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും മാവേലിക്കര ലഹരി

ഡി-അഡിക്ഷൻ സെന്ററിൽ 130 പേർക്ക് ലഹരി ഉപയോഗത്തിനെതിരെ കൗൺസലിംഗ് നല്കിയിട്ടുമുണ്ട്.

മാവേലിക്കരയിൽ കഴിഞ്ഞ ഒരു വർഷം 2139 റെയ്ഡുകൾ നടത്തുകയും 284 അബ്കാരി കേസുകളും 25 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്യുകയും ടി കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 370 പ്രതികളിൽ 281 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ആയതിൽ തൊണ്ടി വകയായി 1452 ലിറ്റർ സ്പിരിറ്റ്, 188.9 ലിറ്റർ ചാരായം, 11920 ലിറ്റർ കോട, 512.70 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, 48.6 ലിറ്റർ ബിയർ, 5.946 കി.ഗ്രാം. കഞ്ചാവ്, 1.062 ഗ്രാം എം.ഡി.എം.എ., 1 ഗ്രാം ഹാഷിഷ് ഓയിൽ, 7 കഞ്ചാവ് ചെടികൾ എന്നിവ കണ്ടെടുക്കുകയും 751 കോട്പാ കേസുകൾ രജിസ്റ്റർ ചെയ്ത് 1,50,200 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## ലഹരി വിമുക്ത കേരളം

385(2322) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മരുന്നുകളുടെ കടത്തും ഉപഭോഗവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കണ്ടെടുക്കുന്ന കേസുകളുടെ എണ്ണവും പിടിച്ചെടുക്കുന്ന മയക്കുമരുന്നിന്റെ അളവും പരിശോധിച്ചതിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരിക്കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് എടുത്തിട്ടുള്ളത്; എത്രപേർ അറസ്റ്റിലായി; ഏതൊക്കെ ലഹരി മരുന്ന് സാധനങ്ങൾ ആണ് പിടിച്ചെടുത്തത്?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 01.06.2021 മുതൽ 27.06.2022 വരെ ലഹരി കടത്തുമായി ബന്ധപ്പെട്ട് 4486 NDPS കേസുകൾ രജിസ്റ്റർ ചെയ്യുകയും 4431 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. 5376 കിലോഗ്രാം ഗഞ്ചാവ്, 537 ഗഞ്ചാവ് ചെടികൾ, 27871 ഗ്രാം ഹാഷിഷ്, 36.8 ഗ്രാം ബ്രൗൺഷുഗർ, 34.9 ഗ്രാം ഹെറോയിൻ, 9606 ഗ്രാം എം.ഡി.എം.എ., 20.3 ഗ്രാം എൽ.എസ്.ഡി. സ്റ്റാമ്പ്, 306 ഗ്രാം മെത്താഫെറ്റാമിൻ, 1325 ഗ്രാം നാർക്കോട്ടിക് ഗുളികകൾ, 10 ഇൻജക്ഷൻ ആംപ്യൂൾസ് എന്നിവ പിടിച്ചെടുത്തിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട മുഴുവൻപേരെയും നിയമത്തിന് മുമ്പിൽ കൊണ്ടുവരാനും അർഹിച്ച ശിക്ഷ വാങ്ങി നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ലഹരി മരുന്നുകളുടെ കടത്തുമായി ബന്ധപ്പെട്ട മുഴുവൻ പേരെയും നിയമത്തിന് മുൻപിൽ കൊണ്ടുവരാനും അർഹിച്ച ശിക്ഷ വാങ്ങി നൽകുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ടുപിടിച്ച കേസുകൾ എൻഫോഴ്സ്മെന്റ് വിഭാഗവും പ്രാധാന്യമുള്ള കേസുകൾ എക്സൈസ് ക്രൈം ബ്രാഞ്ച് വിഭാഗവും വിശദമായ അന്വേഷണം നടത്തി ഡിജിറ്റൽ തെളിവുകളും മറ്റുള്ള തെളിവുകളും പരമാവധി ശേഖരിച്ച് കാര്യക്ഷമമായി അന്വേഷണം നടത്തി സമയബന്ധിതമായി കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു.

(ഡി) ലഹരിവിമുക്ത കേരളത്തിനായി സർക്കാർ ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

കേരളീയ സമൂഹത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് ലഹരിമുക്ത കേരളം സാക്ഷാൽക്കരിക്കുന്നതിനായി

രൂപീകരിച്ച വിമുക്തി മിഷൻ മുഖേന വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുകയെന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

സ്കൂൾ/കോളേജ് തലത്തിലെ പ്രവർത്തനങ്ങൾക്കായി ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നതിനും സ്കൂളുകളിൽ ഉണർവ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കേരളത്തിലെ ആദിവാസി മേഖലകളിൽ വിമുക്തിയുടെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടി മേഖലകളിൽ കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, കലാകായിക പരിപാടികൾ എന്നീ

പ്രവർത്തനങ്ങളിലൂടെ ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന ക്യാമ്പസുകളിൽ ‘ നേർക്കൂട്ടം’ , ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ച് ലഹരിക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്. മയക്കമരുന്ന് കേസുകളിൽ ഉൾപ്പെട്ട ചെറുപ്പക്കാർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേയ്ക്ക് പോകാതിരിക്കുവാൻ അവർക്ക് കൗൺസലിംഗും ചികിത്സയും നൽകിവരുന്നു. ജില്ലകളിൽ സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിംഗ് ലഭ്യമാക്കുന്നതിന് സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം നൽകി കൗൺസലിംഗ് സേവനം ലഭ്യമാക്കി വരുന്നുണ്ട്. ബോധവൽക്കരണത്തോടൊപ്പംതന്നെ ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം,

എറണാകുളം, കോഴിക്കോട് ജില്ലകളിൽ മേഖല കൗൺസിലിംഗ് സെന്ററുകളും പ്രവർത്തിക്കുന്നു.

<u>അബ്കാരികളിൽ നിന്നുള്ള കുടിശ്ശിക</u>

386(2323) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് 2021-22 കാലയളവിൽ അബ്കാരികളിൽ നിന്നും കുടിശ്ശിക ലഭിക്കാനുണ്ടോ; ഇവ എത്രയാണ്; ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശിക ഇനത്തിൽ 31.03.2022 വരെ മുതലിനത്തിൽ 57,87,35,464 രൂപയും പലിശയിനത്തിൽ 223,38,14,726 രൂപയും ആയി ആകെ 281,25,50,190 രൂപ പിരിച്ചെടുക്കുവാനുണ്ട്. എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കുവാനുള്ള തുക കുടിശ്ശിക കക്ഷികളിൽ നിന്നോ അനന്തരാവകാശികളിൽ നിന്നോ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്താൻ എല്ലാ ഡെപ്യൂട്ടി എക്സൈസ്

കമ്മീഷണർമാർക്കും നിർദ്ദേശം നല്കിയിട്ടുള്ളതാണ്. റവന്യൂ അധികാരികളുമായി ചേർന്ന് കുടിശ്ശിക ഈടാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. കുടിശ്ശികക്കാർ വിവിധ കോടതികളിൽ ഫയൽ ചെയ്തിട്ടുള്ള കേസുകൾ തീർപ്പാക്കുന്നതിലെ കാലതാമസം കുടിശ്ശിക പിരിവിന് തടസ്സമായി നിലനില്ക്കുന്നു.

(ബി) ഓരോ ജില്ലയിലേയും കുടിശ്ശിക എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

കുടിശ്ശിക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത കുടിശ്ശികയ്ക്ക് പലിശയും പിഴപ്പലിശയും ഈടാക്കുന്നുണ്ടോ; ഇവ ഒഴിവാക്കി കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

അബ്കാരി കുടിശ്ശികയുടെ മുതൽ തുകയ്ക്ക് 18% നിരക്കിൽ വാർഷിക പലിശയാണ് ഈടാക്കുന്നത്. ഒറ്റതവണ തീർപ്പാക്കൽ പദ്ധതി (ആംനെസ്റ്റി) സർക്കാരിന്റെ പരിഗണനയിലുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അരൂക്കുറ്റി പഞ്ചായത്തിലെ എക്സൈസ് ഭൂമി

387(2324) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ അരൂക്കുറ്റി പഞ്ചായത്തിൽ എക്സൈസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും നിലവിൽ കാടുപിടിച്ച് കിടക്കുന്നതുമായ ഭൂമി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രദേശത്തെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമി ടൂറിസം വകുപ്പിന് വിട്ടുനൽകുന്നതിനായി ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ഥലത്തിന്റെ വടക്ക് വശത്ത് നിർമ്മിച്ച ബോട്ട് ടെർമിനലിന്റെ പദ്ധതി പ്രദേശത്ത് പ്രവേശിക്കുന്നതിനുള്ള നടപ്പാതയുടെയും പാർക്കിംഗ് സ്ഥലത്തിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രസ്തുത സ്ഥലം ആവശ്യമുണ്ടെന്നും ടി സ്ഥലം കൈമാറുന്നതിന് നടപടി

സ്വീകരിക്കണമെന്ന് ആലപ്പുഴ ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും കാണിച്ച് ചേർത്തല ചെറുകിട ജലസേചന വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് കത്ത് നൽകിയിട്ടുണ്ട്.

## ഡീ-അഡിക്ഷൻ സെന്റർ വഴി ചികിത്സ

388(2325) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വർജ്ജനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ രൂപം നൽകിയ വിമുക്തി മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്?

മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷന്റെ കീഴിൽ വിവിധ വകുപ്പുകളെയും

സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

സ്കൂൾ/കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ ' ഉണർവ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന ക്യാമ്പസുകളിൽ ' നേർക്കൂട്ടം' , എന്ന പേരിലും ഹോസ്റ്റലുകളിൽ ' ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും ആർട്സ് & സയൻസ് കോളേജുകളിലും മേൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലകളിൽ ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ച് ലഹരിക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്.

സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം ലഭ്യമാക്കി സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസലിംഗ് നൽകിവരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകളും തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡി-അഡിക്ഷൻ സെന്ററും പ്രവർത്തിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖല കൗൺസിലിംഗ് സെന്ററുകൾ മുഖേന കൗൺസിലിംഗ് നൽകി വരുന്നു.

(ബി) മയക്കുമരുന്ന് ഉപയോഗത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനം വാർഡ് തലങ്ങളിൽ പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; സമിതികളിലെ അംഗങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ വിശദമാക്കാമോ?

ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ (ജില്ലാ/ബ്ലോക്ക്/കോർപ്പറേഷൻ/മുൻസിപ്പൽ/പഞ്ചായത്ത്) തദ്ദേശസ്വയം ഭരണ സ്ഥാപന പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും

വാർഡ് മെമ്പർമാർ, പഞ്ചായത്തുതല മിഷൻ കോ-ഓർഡിനേറ്റർമാർ, സ്കൂൾ കോളേജ് തലവൻമാർ, കുടുംബശ്രീ കോ-ഓർഡിനേറ്റർമാർ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടെ ഭാരവാഹികൾ, വായനശാല ഭാരവാഹികൾ, വോളണ്ടിയർമാർ, എക്സൈസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ മെമ്പർമാരായും; വാർഡുതലത്തിൽ (കോർപ്പറേഷൻ/മുൻസിപ്പൽ/പഞ്ചായത്ത്) തദ്ദേശത്തെ പൗരമുഖ്യൻ ചെയർമാനായും വാർഡ് മെമ്പർ കൺവീനറായും കുടുംബശ്രീ, അങ്കണവാടി, ആശാ പ്രവർത്തകർ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, എക്സൈസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ മെമ്പർമാരായും വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിമുക്തി വാർഡുതല കമ്മിറ്റികൾ വഴി ബോധവൽക്കരണ പ്രവർത്തനങ്ങളും ലഹരിക്കടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സ/കൗൺസിലിംഗും നൽകിവരുന്നു. വിമുക്തി വാർഡുതല കമ്മിറ്റികളിൽ ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ലഹരിക്കടിമപ്പെട്ട 132 പേർക്ക് ചികിത്സയും 180 പേർക്ക് കൗൺസിലിംഗും നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 941 പഞ്ചായത്തുകളിലും 76 മുനിസിപ്പാലിറ്റികളിലും 3 കോർപ്പറേഷനുകളിലും 11 ജില്ലാ പഞ്ചായത്തുകളിലും വിമുക്തി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ട് ചികിത്സ ആവശ്യമായിട്ടുള്ളവർക്ക് ജില്ലാ ഡീ-അഡിക്ഷൻ സെന്റർ വഴി ചികിത്സ ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. വിമുക്തി മിഷൻ ആരോഗ്യവകുപ്പുമായി സഹകരിച്ച് 14 ജില്ലകളിലും സ്ഥാപിച്ചിട്ടുള്ള ജില്ലാ ഡി-അഡിക്ഷൻ സെന്ററുകൾ വഴി ഒ.പി/ഐ.പി. ചികിത്സ നൽകി വരുന്നു. 2022 ഏപ്രിൽ 30 വരെ 69078 പേർക്ക് ഒ.പി.യിലും 5872 പേർക്ക് ഐ.പി.യിലും ചികിത്സ നല്കിയിട്ടുണ്ട്. വിമുക്തിയുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ മേഖലാ കൗൺസിലിംഗ് സെന്ററുകളിലൂടെ 14405 എന്ന ടോൾ ഫ്രീ നമ്പർ മുഖേന, നേരിട്ടും ടെലിഫോണിലൂടെയും സൗജന്യ കൗൺസിലിംഗ് ലഭ്യമാക്കി വരുന്നുണ്ട്. മേഖലാ കൗൺസിലിംഗ് സെന്ററുകൾ മുഖേന 8895 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്.

(2017, 2064, 2114, 2307 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)